ഉണ്ണുനീലിസന്ദേശം

അർത്ഥപ്രകാശിക
(എന്ന വ്യാഖ്യാനസഹിതം)

വ്യാഖ്യാതാ:

ടി. എസ്സ്. ഭട്ടതിരിപ്പാട്.

ഉണ്ണുനീലിസന്ദേശം

(Malayalam)

Unnuneeli Sandesam

(Sandesa Kavya)

Annotation

T. S Bhattathiripad,
Thekkedath Mana, Kadangode,
Trichur District, Kerala.

First Published - February 1967.

Copies - 1000.

Printed at
PANCHANGAM PRESS, KUNNAMKULAM,
Trichur District, Kerala State.

Published by:
T. Sankunny Menon M. A.,
Viyyur - Trichur - 10.

Price: **Rs. 3 - 50.**

Copy Right:
T. S. BHATTATHIRIPAD,
Kadangode - Trichur District.

Distributors:

PANCHANGAM BOOK-DEPOT, KUNNAMKULAM.

ഉണ്ണുനീലിസന്ദേശം

അർത്ഥപ്രകാശിക

(എന്ന വ്യാഖ്യാനസഹിതം)

DHARMARAM COLLEGE LIBRARY BANGALORE 29553

വ്യാഖ്യാതാ:

ടി. എസ്സ്. ഭട്ടതിരിപ്പാട്.

T61
B47

പഞ്ചാംഗം ബുക്ക് ഡിപ്പോ,
കുന്നംകുളം.

NATIONAL BOOK STALL KOTTAYAM

വില ക. 3.50

ഗ്രന്ഥകർത്താവിന്റെ കൃതികൾ:

1. ജാതകാദേശം ഭാഷ.
2. ആശൌചദശകം.
3. മുഹൂർത്തപദവി ഭാഷ.
4. ബ്ലീച്ച് (ചെറുകഥ)
5. ഉണ്ണുനീലിസന്ദേശം വ്യാഖ്യാനം.

ആമുഖം.

ഉണ്ണുനീലീസന്ദേശത്തിന്നു് അനേകം വ്യാഖ്യാനങ്ങൾ നിലവിലുണ്ടെന്നിരിക്കെ, ശാകുന്തളവിവൎത്തനംപോലെ ഈ വിദ്വാന്റെ വകയായി ഒന്നുകൂടി പുറത്തിറക്കേണ്ട ആവശ്യമെന്തു്? വെൺമണി ചോദിച്ചപോലെ

“മുന്നം ഗൎഭിണിയായനാൾ മുദിതയായ്
മാതാവു് നേൎന്നിട്ടതു—
ണ്ടെന്നോ,താൻകവിയായ്ജനങ്ങളെ ഞെരു
ക്കീടേണമെന്നിങ്ങിനെ?”

ശരിയാണു് ചോദ്യം. അതിന്നു് എന്തെങ്കിലും ഒരു തൊടുന്യായം പറയേണ്ടതുണ്ടു്. അതാണു് ഭാവിക്കുന്നതു്! ജനങ്ങൾ തൃപ്തിപ്പെടുമോ എന്നതു വേറെ കാൎയ്യം.

ഉണ്ണുനീലീസന്ദേശം ഒരു വിനോദകൃതിയാണെന്നു് എനിക്കാദ്യം മുതലേ തോന്നിയിരുന്നു. അങ്ങിനെയിരിക്കെയാണു് കുറച്ചുകാലംമുമ്പു് ശ്രീ കുട്ടികൃഷ്ണമാരാരുടെ ലേഖനം കാണാനിടയായതു്. അദ്ദേഹം എന്റെ അഭിപ്രായംതന്നെ യുക്തിയുക്തം തന്റെ, മികച്ച ശൈലിയിൽ, പ്രതിപാദിച്ചതു് എന്നെ സന്തുഷ്ടനാക്കി. അന്നുമുതൽ ഈ വീക്ഷണകോണിലൂടെ അതൊന്നു വ്യാഖ്യാനിക്കണമെന്ന മോഹം എന്നിൽ അങ്കുരിച്ചുതുടങ്ങിയിരുന്നു. ഫലിതം പറഞ്ഞാൽ ദഹിക്കാത്തവരോടു് പറയുന്നതു് സ്വയം അബദ്ധമാവാനേ പ്രയോജനമുള്ളു. എന്റെ ഒരു അനുഭവം പറയാം. ഒരു ഡോക്ടരായ സ്നേഹിതനോടു ഞാൻ സംസാരിച്ചിരിക്കേ, സന്ദൎഭവശാൽ, അദ്ദേഹം എന്റെ ഇല്ലത്തു വന്നിട്ടില്ലെന്നു പറയാൻ ഇടയായി. “അതിനിടവരാതിരിക്കട്ടെ” എന്നു പെട്ടെന്നു ഞാൻ പറഞ്ഞുപോയി! അദ്ദേഹം തെററിദ്ധരിച്ചു. അതു് മുഖഭാവം കണ്ടു് ഞാൻ മനസ്സിലാക്കി. പിന്നീടു ഞാൻ അതിന്റെ തമാശ വിവരിച്ചശേഷമേ അങ്ങേൎക്കു് സമാധാന

മായുള്ളു! ഈ വാചകംതന്നെ അച്ചടിവൈദ്യുരതനമായ ഒരു സ്നേഹി തനോടും പറഞ്ഞിട്ടുണ്ട്. അദ്ദേഹം മന്ദഹസിച്ചതേയുള്ളു. ചിലക്തിന്റെ തമാശ അറിഞ്ഞില്ലെന്നും വരാം. (ഡോക്ടർ വീട്ടിലേയ്ക്കു വരുന്നതു് വല്ല രോഗിയേയും പരിശോധിക്കാനാണല്ലോ.)

ഉണ്ണുനീലീസന്ദേശത്തെ ഗൌരവപൂർവ്വം അല്ലാതെ, ഫലിതരൂപത്തിൽ എടുത്തില്ലെങ്കിൽ അതിൽ പല അനൌചിത്യങ്ങളും മുഴച്ചുകാണും. അങ്ങാടിവർണ്ണന, കച്ചവടക്കാരുടെ സംഭാഷണം, നായികാഗൃഹത്തിലെ വളപ്പിന്റെ വർണ്ണന ഇതൊക്കെ വിരസോന്മുഖമാണ്. പക്ഷെ ഇതു മററുചില ദുഷ്ടവിതകളെ അന്നു ചൂണ്ടിയതാണെങ്കിലോ, തൽക്കാലികരായ സഹൃദയർ അതിനെ എത്ര കൊണ്ടാടിയിരിയ്ക്കും? ‘കൊച്ചുസീത’ കാലക്രമത്തിൽ നശിച്ചുപോയെന്നിരിക്കട്ടെ; അന്നു മാധവജിയുടെ ‘കുഞ്ഞുമാത’ ചിലടത്തു അനൌചിത്യമാണെന്നു വിധി എഴുതാതിരിയ്ക്കുമോ? ‘പറങ്ങോടിപരിണയ’ത്തിൽ നായികയുടെ വീട്ടുകാർ മുഴുവൻ ദിവാൻജിമാരായിരുന്നു എന്ന പ്രസ്താവന കുറെ കടന്നുപോയി. അതിശയോക്തിയെങ്കിലും “ഇതു് അതിരുകടന്നെന്നതു് നിസ്തർക്കമാണ്” എന്നും മററും പറയുന്ന അരസികന്മാരുണ്ടാവില്ലേ? പക്ഷെ “ഇന്ദുലേഖ”യിലെ പഞ്ചുമേനവന്റെ രണ്ടു അമ്മാമന്മാരും തിരുവിതാംകൂർ ദിവാൻജിമാരായിരുന്നു എന്നു വായിച്ചുവെങ്കിലോ? പറങ്ങോടിയുടെ അമ്മാമനോടു ഈ ജോലി വേണോ വേണ്ടേ എന്നു പലതവണ ചോദിച്ചിട്ടും, തനിയ്ക്കു കുടുംബകാര്യങ്ങൾ വളരെയുള്ളതിനാൽ വേണ്ടാ എന്നു, നിസ്സംശയം പറഞ്ഞു എന്നു് വായിച്ചാൽ, പൊട്ടിച്ചിരിക്കാതിരിക്കാൻ പററുമോ!

ഉണ്ണുനീലീസന്ദേശത്തിന്നും ഈ ദുർദ്ദശ വന്നിരിയ്ക്കുന്നു. അനുകരിക്കപ്പെട്ട കൃതികൾ, അവയർഹിയ്ക്കുംവണ്ണംതന്നെ, കാലചക്രത്തിന്റെ തിരിച്ചിലിൽപെട്ടുപോയി. പക്ഷെ ഈ കാവ്യതല്ലജം മാത്രം അതു് അതിജീവിച്ചു. അതാണ് കുഴപ്പം. കവിയുടെ പല പ്രയോഗങ്ങളും ഉചിതമല്ലെന്നു് നിരൂപകന്മാരെക്കൊണ്ടു് വിധി

പറയിപ്പാൻ അതു കാരണമല്ലയിപ്പോയി. ഇതാണെൻറ നിഗമനം; ശരിയാവണമെന്നില്ലതാനും. "മദ്യച്ചാറിൻമദമൊടൊരുനാൾ" എന്ന ശിവോള്ളിശ്ലോകം, ആഭാസമെന്നു് പറയാത്തതു്, അതൊരു ഹാസ്യാനുകരണമാണെന്നതുകൊണ്ടു് മാത്രമാണല്ലോ. ഉണ്ണുനീലീസന്ദേശത്തിലെ ചില പദ്യങ്ങളും ആ നിലയ്ക്കല്ലെങ്കിൽ, ആഭാസമെന്നു വിധിയെഴുതേണ്ടതായി വരും. "ബിന്ദുസ്ഥാനം" (ഉത്തരഭാഗം 63) "കററക്കാർമൽക്കുഴലി!" (86) "ആടിക്കാലേനിശി" (97) മുതലായവ നോക്കുക! ഇവയൊക്കെ അനുകരണമെന്ന നിലയ്ക്കേ, സാധൂകരിക്കപ്പെടുകയുള്ളു. അശ്ലീലം എന്നു പറയണമെങ്കിൽ വെറും പച്ചത്തെറിയാവണം. ഹാസ്യശൃംഗാരാദി രസങ്ങളിൽ പൊതിഞ്ഞു് പുറത്തിറങ്ങുന്ന അശ്ലീലം ആരുടേയും ദൃഷ്ടിയിൽ പെടുകയില്ല. ഒരു ഉദാഹരണം പറയാം. കുഞ്ചൻനമ്പ്യാരുടെ അഹല്യാമോക്ഷം തുള്ളലിൽ, ഗൌതമശാപം ഏററ ഇന്ദ്രൻെറ കഥ കേൾക്കണോ?

"ആലിൻമുകളിലണഞ്ഞു കിടക്കും
വാവലതെന്നതുപോലെ നിരക്കെ
ശക്രൻ തന്നുടെ ദേഹത്തിങ്കൽ
ഒക്കെ നിരന്നഥ കാണായ്‌വന്നു"

ഇതു വായിച്ചാൽ പൊട്ടിച്ചിരിക്കാനല്ലാതെ, ജനനനിയന്ത്രണത്തെക്കുറിച്ചോ ഇന്ദ്രനു് വന്ധ്യംകരണശസ്ത്രക്രിയ നടത്തേണ്ടതിൻെറ വൈപുല്യത്തെക്കുറിച്ചോ ഓർമ്മ വരുമോ?

അതിനാൽ സ്വന്തം വീക്ഷണമനുസരിച്ചു് ഒരു വ്യാഖ്യാനം എഴുതാൻ ഞാൻ തീർച്ചയാക്കുകയാണുണ്ടായതു്. മററു വ്യാഖ്യാതാക്കൾ കാവ്യഗുണദോഷനിരൂപണത്തെക്കാൾ കൂടുതലായി, ഇതിലെ ചരിത്രചിന്തയ്ക്കും ഭൂമിശാസ്ത്രപഠനത്തിനും പരിഗണന നല്കിയതും എനിക്കു തൃപ്തികരമായി തോന്നിയില്ല. മറേറതു കൃതിയിലുമെന്നപോലെ, തദ്ദേശകാലവസ്തുതകൾ ഇതിലും നിഴലിച്ചിരി

ക്കാമെന്നതു വാസ്തവംതന്നെ. പക്ഷെ ഇതൊരു ചരിത്രപുസ്തകമെന്നോ ഭൂമിശാസ്ത്രപാഠമെന്നോ സങ്കൽപ്പിച്ചു് നോക്കുന്നതു തെററായിരിയ്ക്കും. കവി അങ്ങിനേ ഉദ്ദേശിച്ചിരിക്കില്ലെന്നു തീച്ച്യതന്നെ. ചിലേടത്തു മാർഗ്ഗവർണ്ണനയിലും സമയവിവരണങ്ങളിലും കാണുന്ന വൈരുദ്ധ്യം അതിനു തെളിവാണു്. പനങ്കാവിൽ കൊട്ടാരം സ്ഥാനനിർണ്ണയത്തിൽ ഇന്നും വാദവിഷയമാണു്! ചെറുകരവീടു് കൽപ്പിതമാവാനാണു് വഴി. ശിവവിലാസത്തിൽ പറയുന്ന ക്ഷേത്രത്തിൻെറ പടിഞ്ഞാറുഭാഗത്തെ 'വത്സതീരം' എന്നതിനു് മററുവല്ലതുമാവരുതായ്കയില്ല. വത്സശബ്ദത്തിന്നു പലേ അർത്ഥവുമുണ്ടല്ലൊ. തീരശബ്ദവും അങ്ങിനെതന്നെ. ഇങ്ങിനെ പലതും അസ്പഷ്ടമാണു്. അവ അതാതിടത്തു ചൂണ്ടിയിട്ടുള്ളതിനാൽ ഇവിടെ സ്പർശിയ്ക്കുന്നില്ല. പിന്നെ ഇതൊരു കാവ്യമെന്നതിലും കവിഞ്ഞു്, ഇതിഹാസത്തിൻെറ വൈശിഷ്ട്യം ആരോപിച്ചു്, ഇതിലെ പ്രമാദങ്ങളേപ്പോലും, ആർഷമെന്ന നിലക്കംഗീകരിക്കാനുള്ള ഒരു പ്രവണത, പണ്ഡിതലോകത്തിൽ കാണുന്നു. ചില ദിക്കിൽ, അങ്ങിനെ തോന്നിയവ, ഒരഭിപ്രായമെന്ന നിലയിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അല്ലാതെ ഖണ്ഡിച്ചിട്ടില്ല.

ഈ സന്ദേശത്തിൻെറ പഴക്കത്തേപ്പററി പരക്കെ പണ്ഡിതന്മാർ പറയുന്നതു്, സുമാർ 600 കൊല്ലംമുമ്പു് എന്നാണു്. ആയിരിക്കാം. എന്നാൽ പദങ്ങളേയും പ്രയോഗങ്ങളേയും അവലംബിച്ചുള്ള കാലഗണനയിൽ, പലപ്പോഴും പ്രമാദം പററിക്കൂടായ്കയില്ല. ഒരു പ്രാചീനകൃതിയെ, അനുകരിച്ചെഴുതുന്ന മറെറാരു പില്ക്കാലകവിത, തെററിദ്ധരിക്കപ്പെടാനിടയുണ്ടല്ലൊ. ഒരുദാഹരണം. "കൊട്ടത്തേങ്ങാഭിരപ്പൈഃ" എന്ന ശിവോള്ളിയുടെ ശ്ലോകം, അതൊരനുകരണമാണെന്നറിയാത്ത പക്ഷം, പത്തോ നൂറോ കൊല്ലങ്ങൾക്കുശേഷം, പരിശോധിയ്ക്കുന്ന പണ്ഡിതൻെറ നിഗമനം എന്തായിരിയ്ക്കും? 'മണ്ടന്തി പാന്ഥനിവഹാഃ' എന്നെഴുതിയ തോലൻെറ കാലത്തോളം, ശിവോള്ളിയെ പിന്നോക്കം തള്ളിനീ

ക്കാനിടവരാം. ഇപ്പറഞ്ഞതിൽനിന്നു്, ഉണ്ണുനീലിസന്ദേശത്തി ന്റെ പഴക്കത്തെക്കുറിച്ചുള്ള പണ്ഡിതാഭിപ്രായത്തിൽ പററിപ്പോ കാവുന്ന പാകപ്പിഴ ചൂണ്ടുക മാത്രമാണു് ഞാൻ ചെയ്യുന്നതു്. ഈ കൃതിയിൽ "ഭട്ടം പയ്യൂർകവിത" എന്നൊരു പ്രയോഗമുള്ളതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നു തോന്നുന്നു. പയ്യൂർപട്ടേരി മാരുടെ വല്ല കൃതികളേയുമാണു് ഇതു പരാമർശിക്കുന്നതെങ്കിൽ, ഈ കാവ്യത്തിന്റെ പഴക്കത്തിൽ ഒരു നല്ല ശതമാനം കഴിവനുവദി ക്കേണ്ടിവരും. "മഹർഷി" എന്നു് ഉദ്ദണ്ഡൻ പറയുന്ന പട്ടേരി യുടെ മക്കളാണു്, പ്രസിദ്ധരായ പണ്ഡിതന്മാർ. അതിനുമു മ്പു്, പയ്യൂർപട്ടേരിമാരേക്കുറിച്ചുള്ള പ്രസ്താവം കേൾക്കുന്നില്ല ല്ലൊ. അപ്പോൾ പയ്യൂർപട്ടേരിമാരിലാരുടേയെങ്കിലും ഒരു കൃതിയെ സൂചിപ്പിക്കുകയാണു്, ആ പദ്യമെങ്കിൽ, അതു്, ആ പണ്ഡിതാഗ്രണിയുടെ, ഗഹനമായ വല്ല ശാസ്ത്രഗ്രന്ഥങ്ങളുമായി രിക്കുമെന്നും പറയാൻ വയ്യ. നാട്ടിലെ പെണ്ണുങ്ങൾക്കുകൂടി സു വിദിതമായ, വല്ല ജനകീയസാഹിത്യവുമായിരിക്കാനേ വഴിയു ള്ളു. വക്താവും ശ്രോതാവും, അവിടെ അത്തരക്കാരാണല്ലൊ. ഒരുപക്ഷെ ചന്ദ്രോത്സവം പയ്യൂർപട്ടേരിയുടെ കൃതിയാണെ ങ്കിൽ, അതുതന്നേയാവരുതേ, പ്രസ്തുത പദ്യത്തിലെ പരാമർശം? ആ യിക്കൂടെന്നില്ല. ചന്ദ്രോത്സവത്തിന്റെ കർത്തൃത്വം പയ്യൂർപ ട്ടേരിയിൽ, ചില പണ്ഡിതന്മാർ, ആരോപിക്കുന്നുണ്ടല്ലൊ. ഒരു വിടൻ, പെണ്ണുങ്ങളോടു പറയുന്ന ആ "ഭട്ടം പയ്യൂർ" അന്നെ ല്ലാവരാലും ആദരിക്കപ്പെട്ട, ഒരു മികച്ച, ജനകീയസാഹിത്യമാ ണെന്നു സ്പഷ്ടം. വല്ല അപ്രസിദ്ധകൃതികളോടും, അപ്രകാരം, മ ത്സരബുദ്ധി ഒരു കവിക്കുണ്ടാവാനിടയില്ലല്ലൊ. അതിനാൽ ച ന്ദ്രോത്സവത്തിന്നുള്ള ചേരുന്ന സ്ഥിതിക്കു്, ഇതു ചിന്താർഹമായ ഒര ഭിപ്രായമാണെന്നാണു് എന്റെ പക്ഷം.

അപ്പോൾ ചന്ദ്രോത്സവത്തിനു് പിന്നീടാണു് ഉണ്ണുനീലി സന്ദേശം എന്ന ഒരു നൂതനാഭിപ്രായം ഉയർന്നുവരുവാൻ ഇടവരും.

അതു പണ്ഡിതലോകം തീൎച്ചപ്പെടുത്തേണ്ട കാൎയ്യമാണ്. അതുപോലെത്തന്നെ, ചന്തയിൽ നിരത്തിവെച്ച സാധനങ്ങളുടെ ലിസ്റ്റിലും മററു ചില ദിക്കിൽ കാണുന്ന പദങ്ങളുടെ കാൎയ്യത്തിലും അവയുടെ പ്രാചീനത ചിന്താൎഹമാണ്. ചുരുക്കം, ഭൂതികാമാഖ്യയോഗവും കൎക്കടവ്യാഴവും ഒന്നും ഈ ഘട്ടത്തിൽ സഹായിക്കുമെന്നു വിശ്വസിക്കുക വയ്യ. കുഞ്ചൻെറ, ധനുമാസത്തിലെ വിവാഹകാൎയ്യം അന്യത്ര പ്രസ്താവിച്ചിട്ടുള്ളതും സ്മരിക്കുമല്ലൊ. കവികൾ അത്രയൊന്നും ചിന്തിച്ചിട്ടാവില്ല കവനം ചെയ്യുന്നതു്. മറെറാരു കാൎയ്യവും ശ്രദ്ധിക്കാനുണ്ടു്. ഇതിലെ നായകനായ ആദിത്യവൎമ്മയെ പുകഴ്ത്തുകയാണ് കവി ചെയ്യുന്നതെന്നു വാദിക്കുന്നതു് ശരിയല്ല. ഒരു വിടസന്ദേശം വഹിക്കാനാണ് പറയുന്നതു്. അപ്പോൾ പുകഴ്ത്തുന്നതു നിന്ദാസ്തുതിയാവാനേ തരമുള്ളുവെന്നു ഏതു മന്ദബുദ്ധിക്കും മനസ്സിലാവും. സ്തുതിയിലെ, വിശേഷണങ്ങൾ പരിശോധിച്ചാലും അതു ബോദ്ധ്യമാവും. ഒരു രാജാവിനോടു ഇത്തരം സേവ പറയാൻ ആരും ധൈൎയ്യപ്പെടുമെന്നു തോന്നുന്നില്ല. അതു വിചാരിച്ചാലും ഈ കൃതി, ആ രാജാവിൻെറ കാലശേഷം, ആരെങ്കിലും അദ്ദേഹത്തെ നായകനായി കല്പിച്ചു് നിൎമ്മിച്ചുവെന്നേ തോന്നു.

വ്യാഖ്യാനം കൂടുതൽ ലളിതമാക്കുവാനും ഞാൻ ശ്രമിച്ചിട്ടുണ്ടു്. വിദ്യാൎത്ഥികൾക്കു ഉപകരിക്കണമെന്നുദ്ദേശിച്ചു് ഋജുവായ ഒരു സാരവും കൊടുത്തിരിക്കുന്നു. ഇനി ഇതിലെ ചരിത്രപരമായും മററും ഉള്ള പണ്ഡിതാഭിപ്രായങ്ങൾ ക്രോഡീകരിച്ചു് ഇതിലൊരു അവതാരിക എഴുതീട്ടുണ്ടു്. ഇതു ചരിത്രവിദ്യാൎത്ഥികൾക്കുപകരിക്കുമെന്നു വിശ്വസിക്കുന്നു. ഇതെഴുതിത്തന്ന തേറമ്പിൽ ശങ്കുണ്ണിമേനവനോടു ഞാൻ കൃതജ്ഞത പറയുന്നില്ല. കാരണം ഞങ്ങൾ തമ്മിലുള്ള ചിരകാലമൈത്രി, അങ്ങിനേയൊന്നെഴുതാൻ അദ്ദേഹത്തെ കടപ്പെടുത്തുന്നുണ്ടു്. അതുപോലെ, മ

ററ പലരും എനിക്കിതിൽ സഹായിച്ചിട്ടുണ്ട്. ഇന്നത്തെ ശ്രോത്രികളിൽ അഗ്രഗണ്യനായ ശ്രീ: ഏക്കര രാമൻനമ്പൂതിരിയുടെ പേർ പ്രത്യേകം പ്രസ്താവ്യമാണ്.

ഇനിയൊന്നു പറയാനുള്ളതു് പ്രത്യേകം പറയേണ്ടതുണ്ട്. ശ്രീ: എളങ്കുളം കുഞ്ഞൻപിള്ളസ്സാറിൻെറ വ്യാഖ്യാനം വായിച്ചപ്പോൾ അൽപ്പം ചില മറുവടി പറയേണ്ടിവന്നു. ശ്രീ: കുഞ്ഞൻപിള്ളയുടെ സ്വഭാവത്തെക്കുറിച്ച് കാണിപ്പയ്യൂർ നമ്പൂതിരിയുടെ ഒരു മറുവടിഗ്രന്ഥത്തിലെ ഒരു പദ്യശകലം ഓർത്തുപോയി. അതു ഇതാണ്. "അകാരണാവിഷ്കൃതവൈരഭീഷണാ

ഗർവ്വോൽക്കടാ സജ്ജനഭർത്സനപ്രിയാ

സതാന്തതേ ƒ വിപരീതദർശിനീ

...."

ഇതു ശ്രീ: പിള്ളസ്സാറിന്നു എത്ര ചേരുമെന്നു് അദ്ദേഹത്തിൻെറ സാഹിത്യസംരംഭങ്ങൾ ഒരാവൃത്തി വായിച്ച നിഷ്പക്ഷമതികളോടു പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ല. അദ്ദേഹം എഴുത്തുപണിയിൽ പ്രവേശിക്കുന്നതുതന്നെ പ്രതിദ്വന്ദികളെ തേജോവധം ചെയ്യാനല്ലേ, എന്നു് ന്യായമായി ആരും സംശയിച്ചുപോകും. സ്ഥാനത്തും അസ്ഥാനത്തും ആരേയും, മരിച്ചവരേയും ഇരിക്കുന്നവരേയും, എന്തും ഏതു രീതിയിലും അപലപിക്കാൻ അദ്ദേഹത്തിന്നു തരിമ്പും ക്ലേശമില്ല. ഭാഷയിൽപ്പോലും മര്യാദ പാലിക്കാനദ്ദേഹത്തിന്നു അൽപ്പംപോലും ഔദാര്യമില്ല. ഇതിനൊക്കെ ഉദാഹരണം എത്ര വേണമെങ്കിലും അദ്ദേഹത്തിൻെറ ഏതു കൃതിയിലുമുണ്ട്. അതിനാൽ എനിക്കവയിൽ പലതിനേയും എതിർക്കേണ്ടിവന്നു. ഈ പുസ്തകത്തിൽ ഞാനവ അതാതിടത്തു ചെയ്തിട്ടുമുണ്ട്. ചില ദിക്കിൽ ഭാഷ അൽപ്പം പരുഷമായിട്ടുണ്ടായിരിക്കാം. അദ്ദേഹത്തിൻെറ പ്രതിപാദനരീതിയാണതിന്നു ഹേതു. എനിക്കതിൽ തീരെ തൃപ്തിയില്ല. എന്തു ചെയ്യാം! "സ്വചിഹ്നവിഷാദവശേന വേണ്ടിവന്നു" എന്നു മാത്രം.

ശ്രീ: എളങ്കുളം മഹാകവി ഉള്ളൂരിൻെറ ചില തെററുകൾ, അദ്ദേഹം നേരിട്ടു ചോദിച്ചപ്പോൾ പറയാതെ മഹാകവിയുടെ മരണാനന്തരം മനഃപൂൎവ്വം പുറത്തിട്ടതു്, മൎയ്യാദയുടെ സീമയെ ലംഘിയ്ക്കുന്നതായി എനിയ്ക്കു തോന്നി. (ഉണ്ണുനീലിസന്ദേശം ചരിത്രദൃഷ്ടിയിൽ രണ്ടാം പതിപ്പു്—പേജ്: 38. അടിക്കുറിപ്പു്). ഇതദ്ദേഹം തന്നെ തുറന്നുപറയുന്നുണ്ടു്. പിന്നെ ചരിത്രവസ്തുതകൾ വളച്ചൊടിയ്ക്കുന്നതിലും കുഞ്ഞൻപിള്ളയ്ക്കു ക്ലേശമില്ല. "കൊല്ലവൎഷാരംഭം മുതൽ 600-ാമാണ്ടു് വരെയുള്ള കേരളചരിത്രം ഞാൻ തന്നെ നിൎമ്മിച്ചു് ക്ലാസിൽ നോട്ടു കൊടുക്കുകയായിരുന്നു പതിവു്" എന്നദ്ദേഹം തുറന്നുപറയുന്നു.

ഇനി അദ്ദേഹം വ്യാഖ്യാനിച്ച ഉണ്ണുനീലിസന്ദേശത്തിൻെറ അവതാരികയിൽ (പേജ് 30) മൂലഗ്രന്ഥകാരനെക്കുറിച്ചു പറഞ്ഞിട്ടുള്ളതു നോക്കുക!! "അങ്ങാടിയിൽ വില്ക്കുവാൻ വെച്ചിരിയ്ക്കുന്ന സാമാനങ്ങളുടെ ലിസ്ററും കച്ചവടക്കാരുടെ 'ഭാഷാബന്ധ'ങ്ങളും ചേടിമാരുടെ കാൎയ്യം പറച്ചിലും നായികാഗൃഹത്തിൻെറ ക്ലുരക്കണക്കുകളും കുഴിക്കൂർചമയങ്ങളും വിപ്രലംഭശൃംഗാരപ്രധാനമായ ഒരു സന്ദേശകാവ്യത്തിൽ കുത്തിത്തിരുകാൻ ഒരുമ്പെട്ടതു് കവിയുടെ ഔചിത്യബോധത്തിൻെറ കുറവായിത്തന്നെ ഗണിക്കാം........ സംഭോഗശൃംഗാരവൎണ്ണനം അതിൻെറ പരിധിയ്ക്കുള്ളിൽ നിറുത്താൻ കവി ശ്രദ്ധിച്ചിട്ടില്ല." സാധാരണ വ്യാഖ്യാതാക്കൾ മൂലഗ്രന്ഥത്തിൽ വല്ല പോരായ്മയുമുണ്ടെങ്കിൽ അതിനെ നികത്തി സാധൂകരിയ്ക്കുകയേ ചെയ്യാറുള്ളു. എന്നാൽ പിള്ളസ്സാറു് ചെയ്തതു് മറിച്ചാണു്; ഇല്ലാത്ത ദോഷങ്ങളേയും കുത്തിപ്പൊക്കി മൂലഗ്രന്ഥകാരനെ വിമൎശിയ്ക്കുകയാകുന്നു. ഇതിനു നേരംപോക്കായി ഒരു ഉദാഹരണം കാണിയ്ക്കാം.

കാളിദാസൻ രഘുവംശമുണ്ടാക്കി ഭോജസദസ്സിൽവെച്ചു വായിച്ചു. അതിൽ 5-ാം സൎഗ്ഗത്തിലെ 43-ം ശ്ലോകം ഇതാണു്.

അധ്വോപരിഷ്ടാൽ ഭ്രമരൈർഭ്രമദ്ഭിഃ
പ്രാക്സൂചിതാന്തസ്സലിലപ്രവേശഃ
നിർദ്ധൌതദാനാമലഗണ്ഡഭിത്തി-
ർവ്വന്യഃ സരിത്തോ ഗജ ഉന്മമജ്ജ.

ഇതു കേട്ടപ്പോൾ സദസ്സിലെ ഒരു കവിയായ ഭവഭൂതി ''സരിത്തഃ'' എന്ന പദത്തിന്നു ഭംഗിയില്ല; 'വന്യഃ' എന്ന പ്രയോഗമുള്ളതുകൊണ്ട 'തടിന്യാഃ' എന്നാണ നല്ലത് എന്നു പറഞ്ഞുവത്രെ. അപ്പോൾ മറെറാരു കവി ഇങ്ങിനെ അഭിപ്രായപ്പെട്ടു. ''ആനയുടെ വിശേഷണം 'വന്യഃ' എന്നല്ല വേണ്ടതു; 'മത്തഃ' എന്നാകുന്നു. വെറും കാട്ടാനയായാൽ മാത്രം പോര, മദമുള്ളവനെന്നും കൂടി വരണമല്ലൊ. അതിനാൽ അപ്പോൾ 'സരിത്തഃ' എന്ന പ്രയോഗത്തിന്നു അഭംഗിയില്ലെന്നു മാത്രമല്ല കൂടുതൽ ഭംഗിയുണ്ടാവുകയും ചെയ്യും.'' ഇതുയെല്ലാമായപ്പോൾ കാളിദാസൻ പറഞ്ഞതു ''നിങ്ങൾക്കെല്ലാം വേണമെങ്കിൽ പ്രത്യേകം ഓരോ രഘുവംശമുണ്ടാക്കാമല്ലൊ. എൻെറ രഘുവംശം ഞാനുണ്ടാക്കിയപോലെ തന്നെ ഇരുന്നാൽ മതി'' എന്നാണ്.

അതുപോലെ വ്യാഖ്യാതാവായ എളങ്കുളത്തിന്നു ഉണ്ണുനീലിസന്ദേശത്തിൽ പല പ്രയോഗങ്ങളും ഇഷ്ടപ്പെടാതെ വന്നിട്ടുണ്ടെങ്കിൽ (അനൌചിത്യമായി തോന്നിയിട്ടുണ്ടെങ്കിൽ) സ്വന്തമായി ഒരുണ്ണിനീലിസന്ദേശമുണ്ടാക്കുകയല്ലെ നന്നായിരുന്നതു്? അതിന്നാരുടേയും ലൈസൻസാവശ്യമില്ലല്ലൊ. അങ്ങിനേയല്ലാതെ എങ്ങിനേയൊക്കെയാണ പ്രയോഗിക്കേണ്ടിയിരുന്നതെന്നു ഒരു വ്യാഖ്യാതാവും കവിയെ ഉപദേശിച്ചതായി കേട്ടിട്ടില്ല. ഇതൊക്കെ എന്നെ വേദനിപ്പിച്ചു. അതിനാൽ അല്പം പരുഷമായി എൻെറ മറുപടി എന്നു് എനിക്കു സമ്മതമാണ്. ശ്രീ: പിള്ള പൊറുക്കട്ടെ. അദ്ദേഹത്തിൻെറ അഭിപ്രായം സ്വീകാര്യമല്ല എന്നു പലേ ദിക്കിലും ഞാൻ പറഞ്ഞിട്ടുള്ളതു എനിക്കു സ്വീകാര്യമല്ല എന്നേ അർത്ഥമുള്ളു.

൩ *

അവസാനമായി ഒരു വാക്കുകൂടി. വ്യാഖ്യാനത്തിൽ അഭിപ്രായപ്രകടനത്തിലും അൎത്ഥവിവരണത്തിലും അങ്ങിങ്ങ് ആവൎത്തനം പററിപ്പോയിട്ടുണ്ട്. അതിനല്പം കാരണമുണ്ടായി. അതത്ര പ്രസക്തമല്ലാത്തതിനാൽ പകൎത്തുന്നില്ല. ഈ കവിക്കുതന്നേയും ആശയങ്ങളിലും പദപ്രയോഗങ്ങളിലും ഈ ദോഷം പററിയിട്ടുണ്ടെന്നു എല്ലവൎക്കും കാണാം. അത്ര മാത്രം ഇതിലൊരു ദോഷം പറയാവുന്നതുണ്ട്. പക്ഷേ "ഏകോഹി ദോഷോ ഗുണസന്നിപാതെ നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ" എന്ന മഹാകവിമതം ഇതിനേസംബന്ധിച്ചേടത്തോളം തികച്ചും സാധുവാണെന്നു പറയാതെ തരമില്ല. ഇങ്ങിനേയൊരു ശബ്ദധോരണി! ആശയമാധുൎയ്യം! അൎത്ഥപുഷ്ടി! ഇതൊക്കെ മറെറാരിടത്തു കാണാൻ കഴിയില്ല. സവ്വോപരി നൎമ്മബോധം! അഹോ! കൈരളിയുടെ കണ്ഠാഭരണം തന്നേയാണി കൃതി എന്നു പറയാൻ സംശയിക്കേണ്ടതില്ല. എന്നെന്നും അതങ്ങിനേ നിലനില്ക്കുകയും ചെയ്യും. കേരളകാവ്യങ്ങളിൽ കനിഷ്ഠികാധിഷ്ഠിതമായതേത് എന്ന ചോദ്യത്തിന്ന് എന്നും ഉത്തരം ഒന്നേ ഉണ്ടാവൂ! ഉണ്ണുനീലീസന്ദേശം! അതേ അതുമാത്രം!

തെക്കേടത്തുമന,
7—6—1142.

ടി. എസ്. ഭട്ടതിരിപ്പാട്.

മണിപ്രവാളങ്ങളിലെ സദാചാരം!

(നടുവിൽപ്പാട്)

മണിപ്രവാളകവിതകളിലെ സദാചാരത്തേപ്പററി നാരായണപ്പണിയ്ക്കർ "പത്തലെടുത്തടിയ്ക്കേണ്ടതു്" എന്ന അത്ഥത്തിൽ പറഞ്ഞിട്ടുണ്ടത്രെ! മററു പണ്ഡിതന്മാരിലും ഈ അഭിപ്രായക്കാർ ധാരാളം ഉണ്ട്. എന്നാൽ രസികശിരോമണിയായ ശ്രീ: കുട്ടികൃഷ്ണമാരാർ ഉണ്ണുനീലീസന്ദേശം ഒരു ഹാസ്യകവനമാണെന്നു്, ഏതു മണ്ടശ്ശിരോമണിയ്ക്കും തലയിൽ കേറാൻ പാകത്തിൽ വിവരിച്ചു പറഞ്ഞതു് ഇന്നും ഓമ്മയിൽ തങ്ങിനില്ക്കുന്നു! വാദത്തിനു് പഴുതില്ലാത്ത ആ ലേഖനം വായിച്ചുകഴിഞ്ഞതോടെ ആ വിഷയം അവസാനിച്ചതായി ഞാൻ കരുതി. പക്ഷേ ഇളംകുളം ഉണ്ണുനീലീസന്ദേശവ്യാഖ്യാനത്തിൽ അതൊരു ഹാസ്യകവനമല്ലെന്നും, വള്ളത്തോളും മാരാരും മററും തെററിദ്ധരിച്ചതാണെന്നും ഉറപ്പിച്ചുപറയുന്നതു കണ്ടപ്പോഠം എന്റെ മനസ്സു മാറി. നേരേമറിച്ച്വൈശികതന്ത്രം ചന്ദ്രോത്സവം തുടങ്ങിയ ഇതരകൃതികളേപ്പോലെ ഇതും മുഖവിലയ്ക്കുതന്നെ എടുക്കണമെന്നു ശാസിച്ചതിനാൽ ഞാനന്നുമുതൽ ആ പക്ഷമായി! ക്രമേണ ഞാൻ ആ കൃതികഠം മുഴുവനും വായിച്ചു. ശിവ! ശിവ! ഇളംകുളം നമ്പൂതിരിമാരെക്കുറിച്ചധിക്ഷേപിച്ചുവെന്നു് ആരോ പറഞ്ഞ്കേട്ട എന്റെ തെററിദ്ധാരണകഠം അതോടെ ആവിയായിപ്പോയി! ശകുന്തളയെ കാണ്മാൻ ആഗ്രഹമില്ലേ എന്നു് ദുഷ്യന്തൻ പണ്ടു് മാഢവ്യനോടു ചോദിച്ചപ്പോഠം പറഞ്ഞ ഉത്തരമാണെനിയ്ക്കു ഓമ്മവരുന്നതു്. "ആദ്യം പുഴപോലെ ഒഴുകുകയായിരുന്നു. ഇപ്പോഠം ഒരു തുള്ളി ശേഷിപ്പില്ല." വാസ്തവത്തിൽ ഇളംകുളം ഇത്രയേ പറഞ്ഞുള്ളുവല്ലൊ എന്നാണെന്റെ ആക്ഷേപം. ഞാനാണെങ്കിൽ ടൺകണക്കിൽ പുസ്തകം എഴുതിത്തള്ളുമായിരുന്നു! ഞാൻ വെറുതെ പറയുകയാണെന്നു സംശയമുണ്ടെങ്കിൽ ഇതൊന്നു കേഠക്കിൻ! എന്നിട്ടു്

ഞാനും ശ്രീ: ഇളംകുളത്തിനേപ്പോലെ നമ്പൂതിരിവിദ്വേഷം തലയ്ക്കു കയറി, പിച്ചും പേയും പുലമ്പുകയാണെന്നു ധൈര്യമുണ്ടെങ്കിൽ പറയിൻ! ഉണ്ണുനീലീസന്ദേശം വ്യാഖ്യാനത്തിൻെറ ഒന്നാം പതിപ്പിനുള്ള മുഖവുരയിൽ ശ്രീ: കുഞ്ഞൻപിള്ള പറഞ്ഞ ഈ ഭാഗം ഒന്നു ശ്രദ്ധിയ്ക്കുവിൻ! (4-ാം പതിപ്പ്—പേജ്: 21.) "ശ്രീകണ്ഠോർ വിപ്രതി ബ്രഹ്മമതയായിരുന്നു." ഉദയനകൃതമായ മയൂരദൂതത്തിലെ നായികയായ 'മാരചേമന്തിക' എന്നു പറഞ്ഞിട്ടുള്ളതു്, തലപ്പിള്ളിരാജാവിനു് അടുപ്പമുള്ള ദേവദാസി എന്ന അർത്ഥത്തിലാണു്. അവൾ വേശ്യയായിരുന്നെന്നു് ചന്ദ്രോത്സവക്കാരൻ പറയുന്നു. തച്ചപ്പിള്ളി ഇട്ടിഉമ എന്നാണു് വാസ്തവത്തിലുള്ള പേരു്. 'മാരചേമന്തിക' എന്നതു് കവികൾ കൊടുത്ത "ആസ്ഥ്യപേരാണു്". ഇങ്ങിനെ ആസ്ഥ്യപേരും കൂട്ടി കവികൾ 'വളെച്ചു്' കൊടുത്തു, ദേവദാസികളെ പ്രീണിപ്പിയ്ക്കുവാൻ നമ്പൂതിരിക്കവികൾ അവരുടെ കോയിലുകളിൽ കേറിയിറങ്ങുക പതിവായിരുന്നുവെന്നു് 'ഉണ്ണിച്ചിരുതേവിയിൽ' പറയുന്നതുകൊണ്ടു് 13-ാംശതകത്തിലേതന്നെ ആ പതിവു് ആരംഭിച്ചുവെന്നു് ഗ്രഹിയ്ക്കാം. അങ്ങിനേയുള്ള യുവകവികളെ, കുനിച്ചുനിർത്തി അവരുടെ മുതുകിലേറി, ദേവദാസികൾ സഞ്ചരിയ്ക്കുന്നു എന്നാണു് ചന്ദ്രോത്സവക്കാരൻ 'യുവജനമുതുകെന്നും പൊന്മണിത്തണ്ടിലേറി' എന്നു് പരിഹസിച്ചു പറയുന്നതു്!!—കേട്ടുവോ? എന്തുപറയുന്നു? പുനം തുടങ്ങിയ വൃദ്ധകവികളുംകൂടി പെണ്ണുങ്ങളെ മുതുകത്തേററി കുന്നുകുന്നു പുതുവർഷത്തിലെ മണ്ഡൂകമിഥുനംപോലെ വരുന്ന ആ കാഴ്ച ഒന്നു സങ്കൽപ്പിച്ചു നോക്കുവിൻ! ഇന്നത്തെ നമ്മുടെ ആരാധ്യരായ കവികൾക്കു് ആ ദുർദ്ദശ വന്നുചേരാത്തതിൽ നമുക്കെത്ര ആശ്വാസമുണ്ടു്! ഷഷ്ടിപൂർത്തി ആഘോഷങ്ങളിൽ നമ്മുടെ കവികൾ ഈ വിധം രംഗപ്രവേശം ചെയ്യേണ്ടിവന്നാലത്തെ കഥ ഒന്നാലോചിച്ചുനോക്കൂ! ഈ നിലയിൽ ആരെങ്കിലും കവിയാവാൻ മോഹിയ്ക്കുമോ? ആ മഹനീയാചാരം ഇന്നും അച

രിത്യാജ്യമായിരുന്നെങ്കിൽ, കേരളസാഹിത്യചരിത്രത്തിന്റെ ഏടുകളുടെ എണ്ണം എത്ര കുറയുമായിരുന്നു! "ചന്ദ്രോത്സവക്കാരൻ പരിഹസിച്ചുപറയുന്നതു്" എന്നു പറയേണ്ടിയിരുന്നില്ല എന്നാണു് എനിയ്ക്കു കുഞ്ഞൻപിള്ളയോടു പറയാനുള്ളതു്. എന്റെ പക്ഷം, അതു പരിഹാസമല്ല, തനി റിയലിസമാണു്, എന്നാണു്. കൂട്ടു കൂട്ടാത്ത 'റിയലിസ'മാണു്!

എന്നാൽ അവിടംകൊണ്ടു അവസാനിച്ചില്ല എന്റെ ഗവേഷണകമ്പം. സാഹിത്യത്തിൽനിന്നും സദാചാരം അളക്കാൻ തുടങ്ങിയ ഞാൻ, അവസാനം, വെണ്മണിയുടെ 'അംബോപദേശം' തൊട്ടപ്പോഴേക്കും ഞെട്ടിപ്പോയി! ഇനിയങ്ങോട്ടു് നോക്കാൻപോലും ധൈര്യമില്ലാതെ ആ പണി കെട്ടിവെച്ചു. (പക്ഷെ അങ്ങിനെ കെട്ടിവെച്ചാൽ പററുമോ?) കൂട്ടത്തിൽ ഒന്നു പറയട്ടെ; അംബോപദേശം ഒരു ഹാസ്യകൃതിയാണെന്നു് അതിന്റെ കർത്താവുതന്നെ പറയുന്നതു് സ്വീകാര്യമല്ല. എനിക്കതു് ഒരിക്കലും സ്വീകാര്യമല്ല! ആ ശ്ലോകം അനന്തരകാലത്തു് ആരോ എഴുതിച്ചേർത്തതാവാനേ തരമുള്ളു; വാത്മീകിരാമായണത്തിൽ സീതയുടെ വിവാഹം ആറാമത്തെ വയസ്സിലാണു് എന്നു് പില്ക്കാലത്തു് ചാതുർവ്വർണ്ണ്യക്കർ എഴുതിച്ചേർത്തതായി ശ്രീ ഇളംകുളം പറയുന്നപോലെത്തന്നെ. (വാസ്തവത്തിൽ രാമായണകഥതന്നെ വിശ്വസനീയമല്ല. പുറനാനൂറിലോ സംഘകാലകൃതികളിലൊ അതിനു തെളിവില്ല. ഇനി വല്ല തെളിവുമുണ്ടെങ്കിൽ അവ പ്രക്ഷിപ്തമാവാനേ തരമുള്ളു. യൂറോപ്യന്മാരുടെ സഞ്ചാരക്കുറിപ്പുകളിലും അതിനെക്കുറിച്ചു് യാതൊരു സൂചനയുമില്ലെന്നതു് ശ്രദ്ധേയമാണു്. പക്ഷെ അതല്ലല്ലൊ കുരുത്തക്കേടു്. ശ്രീ ഇളങ്കുളം ഉണ്ടെന്നതിന്നും അവയിലൊന്നും ഒരു സൂചനയും ലഭിയ്ക്കുന്നില്ല!)

അനന്തരം ഗവേഷണത്തിൽ എന്നെ തീവ്രവിരക്തനാക്കിയ കഥ പറയട്ടെ. വെണ്മണിയുടെ അംബോപദേശം തന്നേയാണു് കാരണം. അതിൽ വൃദ്ധയായ വേശ്യ തന്റെ ദൌഹിത്രിയ്ക്കു—ന

കളുടെ മകാൾക്ക്—വേശ്യാതന്ത്രം മന്ത്രപുരസ്സരം ഉപദേശിക്കുന്നതാണ് പ്രകൃതം. പ്രസ്തുത മന്ത്രജപംകൊണ്ട് തനിക്കു സിദ്ധിച്ച ഉല്ക്കർഷം സ്വാനുഭവത്തെ മുൻനിർത്തി പറയുന്നതു് കേൾക്കുവിൻ.

പോഴത്തമോതുകയതല്ലതിവമ്പരായോ-
രൂഴിക്കു നാഥരെയുമിങ്ങു വരുത്തി മുന്നം.
ഉഴത്തിലെൻെറ മകളേ പരമെത്ര നാട്ട-
നൂഴിച്ചു ഞാനഹഹ!! പട്ടികളേകണക്കേ!
ഭോഷ്കല്ല ഭൂപരുടെ മന്ത്രികളാം ദിവാനും
പേഷ്കാരമജസ്റ്റിയും റസിഡൻണ്ടുതാനും
കേൾക്കെൻെറ ചെൽപ്പടിയതാണിതിലേറെ മാനം
കോൾക്കെണ്ടെതെന്തു മകളേ! മദമതിയാനെ!

കേട്ടില്ലെ കഥ? തള്ളയുടെ കാലത്തെ സദാചാരനിലവാരം വഴിപോലെ ബോധിച്ചില്ലേ? ആ ശ്രീമതിയുടെ ചെറുപ്രായം എന്നു പറഞ്ഞാൽ കൂടിയതു കൊല്ലവർഷം പത്താം നൂററാണ്ടിൻെറ അവസാനം എന്നുതന്നെ കൂട്ടിക്കൊള്ളുക. അതിലും പിന്നോക്കം പോവില്ല നൂനം. പോരെങ്കിൽ ദിവാൻ, പേഷ്കാർ, റസിഡൻണ്ട് മുതലായ പദങ്ങളൊന്നും കൊല്ലവർഷാരംഭം വരെ പഴക്കമുള്ളതാണെന്നു്, പുറനാനൂറോ അകനാനൂറോ, സംഘകാലകൃതികളോ കൊണ്ടൊന്നും ആരും ഇതേവരെ തെളിയിച്ചിട്ടില്ലല്ലോ. പിന്നെ തള്ള, താൻ പറയുന്നതു് ഭോഷ്കല്ല എന്നു് എടുത്തുപറയുന്നുമുണ്ടല്ലോ. അപ്പോൾ വെണ്മണിയുടെ കാലത്തുപോലും രാജാക്കന്മാർ, വേശ്യകളുടെ നാട്ട നൂഴാൻ ഊഴം കാത്തു്, 'ക്യൂ' നിന്നിരുന്നുവെന്നല്ലേ വരുന്നതു്! എന്നാൽ കാലഭേദം കൊണ്ടായിരിക്കാം, കവികളുടെ പ്രസ്തുത അവകാശാധികാരങ്ങൾ, ദേവദാപംപോലെത്തന്നെ, ഭരണാധികാരം കയ്യടക്കിയെന്നു മാത്രം! അങ്ങിനെ കവികൾക്കു പകരം രാജാക്കന്മാർ ആ അവകാശം അനുഭവിച്ചുവരുന്ന കാലഘട്ടമാണു് നാം അംബോപദേശത്തിൽ ദർശിക്കുന്നതു്. അംബോപദേശത്തിൽ പേഷ്കാർ, റസി

ഡൻണ്ട് എന്നൊക്കെ പറയപ്പെട്ടതു് തീൎച്ചയായും നമ്പൂതിരി കവികൾ ആയിരിയ്ക്കുകയില്ല. എന്തെന്നാൽ അന്നു നമ്പൂതിരിമാർ അത്ര വലിയ ഉദ്യോഗത്തിലൊന്നും ഇരുന്നിട്ടില്ലെന്നു സ്പഷ്ടമാണല്ലോ. കാരണം സംഘകൃതികളിലൊന്നും അതിനു സൂചനകളില്ല. വിദേശികളുടെ സഞ്ചാരക്കുറിപ്പുകളിലുമില്ല!

ഞാൻ ഗവേഷണം നിൎത്താനും ഇതാണു കാരണം. കൂടുതൽ മുന്നോട്ടു പോയാൽ, കാലവിചിന്തനം കൂലംകഷമായാൽ, തള്ളു പറയുന്ന രാജാക്കന്മാരും ദിവാൻജിമാരും ഒക്കെ ഇന്നഇന്ന ആളുകളായിരുന്നു എന്നു് ആവശ്യത്തിൽ കൂടുതൽ തെളിയാൻ ഇടയായേയ്ക്കും! ഒരുപക്ഷെ ഇന്നും ജീവിച്ചിരിയ്ക്കാൻ ഇടയുള്ള, അവരിൽ ചിലരുടെ ബന്ധുക്കൾ, ഗവേഷകൻെറ മേൽ കേസ്സോ മററു നടപടികളോ, ഒരുപക്ഷെ 'കയ്യാലെ നിവൃത്തി' തന്നേയോ, നേടാനൊരുങ്ങിയെന്നു വരാം. അതാകപ്പാടെ അത്ര വെടുപ്പുള്ള കാൎയ്യമല്ലല്ലൊ. അതിനാൽ ആ ചുമതല മററു ഗവേഷകന്മാൎക്കു വിട്ടുകൊടുത്തുകൊണ്ടു് തല്ക്കാലം ഞാൻ വിരമിയ്ക്കട്ടെ!

എന്നാൽ ഒരു കാൎയ്യം പ്രത്യേകം പറയേണ്ടതുണ്ടു്. അതായതു ശ്രീ ഇളങ്കുളവും ഞാനും ഏതു കാൎയ്യവും സംഘകൃതികളോ വിദേശസഞ്ചാരക്കുറിപ്പോ അനുസരിച്ചല്ലാതെ വിശ്വസിയ്ക്കുകയില്ല. കൺമുമ്പിൽ എന്തുകണ്ടാലും ശരി. ഞങ്ങൾക്കു അതാണു് പ്രമാണം! ബ്രാഹ്മണസ്ത്രീകൾ വൈധവ്യം അകററാൻ ദേവദാസികളായി വേശ്യാവൃത്തി സ്വീകരിയ്ക്കുകയാണു് പണ്ടു് പതിവു് എന്നു് ഞാൻ പൂൎണ്ണമായി വിശ്വസിയ്ക്കുന്നു. കാരണം ചില വിദേശസഞ്ചാരികൾ ആ വിധം രേഖപ്പെടുത്തീട്ടുണ്ടെന്നു ഇളംകുളം പറയുന്നു. എനിയ്ക്കതിലും മേലെ ഒരു പ്രമാണവുമില്ല. അവ അനശ്വരസത്യങ്ങളാണു്. ബാലവിധവകൾ കണ്ണീരും കയ്യുമായി ചുററുപാടും അനവരതം കാണപ്പെടുന്നില്ലെ എന്നു നിങ്ങൾ ചോദിയ്ക്കുമായിരിയ്ക്കും. നിങ്ങളുടെ അജ്ഞത! അല്ലാതെന്തുപറയട്ടെ. അതാണു് 'മായ' എന്നു പറയുന്ന ചരക്കു്! മായം ചേൎക്കാത്ത മായ!

ഉണ്ണുനീലിസന്ദേശത്തിനു ഒരു പ്രാചീനവ്യാഖ്യാനത്തിൽ കണ്ട ഒരു ശ്ലോകം ഇവിടെ പകത്തട്ടെ. വ്യാഖ്യാതാവു് ഉണ്ണുനീലിയെ സംബോധനചെയ്തുകൊണ്ടു് എഴുതിയ രീതിയിലാണു് ആ പദ്യം.

രവികന്ന്യാ സമാഭാംഗി! ഉണ്ണുനീലി! ഭവൽക്കഥ
വ്യാഖ്യാനിപ്പാൻ തുടങ്ങീ ഞാൻ, തീൎത്തുധന്ന്യേ! നവാംബരേ!

'രവികന്ന്യ' എന്നാൽ കാളിന്ദി എന്നത്ഥം. "കാളിന്ദിയുടെ കാന്തി കവരുന്ന ശോഭയോടു ചേൎന്ന ദേഹമുള്ളവളേ," എന്നു് കവി സംബോധന ചെയ്യുന്നു. നവാംബരേ എന്നാൽ പുതിയ വസ്ത്രം ധരിച്ചവളേ എന്നു സാരം.

ഇവിടെ 'സമാ' എന്നതിനു വഷം എന്നത്ഥമുണ്ടെന്നും 'രവികന്ന്യാ' എന്നതുകൊണ്ടു് 1142 എന്നു് ധരിയ്ക്കണമെന്നും, ഒക്കെ പണ്ഡിതന്മാൎക്കിടയിൽ അഭിപ്രായമുണ്ടു്. 'കന്ന്യാ' ശബ്ദം കൊണ്ടു് കന്നിമാസം എന്നു ധരിയ്ക്കണമെന്നും ചിലർ ചൂണ്ടിക്കാട്ടുന്നു. അപ്പോൾ 1142 കന്നിയിലാണു് വ്യാഖ്യാനം എന്നു വരും. എന്നാൽ മററു ചില ഗവേഷകന്മാർ 'തീൎത്തുധന്ന്യേ' എന്നാണു് കാലമായി ഗണിയ്ക്കുന്നതു്. അപ്പോൾ 1966 എന്നാണു് വന്നുകൂടുക. 'നവാംബരേ' എന്നതു്, നവമ്പറിൽ എന്നാണെന്നും പ്രസ്തുത വിദ്വാന്മാർ ശഠിയ്ക്കുന്നുണ്ടു്. ഈ രണ്ടു പക്ഷവും സ്വീകരിച്ചാൽ കന്നിമാസവും നവമ്പറും തമ്മിൽ കുറച്ചന്തരം വരുമെന്നും പറയേണ്ടല്ലൊ. പക്ഷെ 'തുടങ്ങി' എന്നും 'തീൎത്തു' എന്നുമുള്ള പ്രയോഗമാണതിനു് സമാധാനമായി അവർ ചൂണ്ടിക്കാണിയ്ക്കുന്നതു്.

(ഒരായിരം കൊല്ലം കഴിഞ്ഞു് നോക്കേണ്ടതാണു് ഈ പദ്യമെന്നാണു് മററു ചിലർ വാദിയ്ക്കുന്നതെന്നുകൂടി പറഞ്ഞുകൊള്ളട്ടെ!)

അവതാരിക

'കാളിദാസന്റെ കാലദോഷം' — സുപ്രസിദ്ധ ഹാസ്യസാ
ഹിത്യകാരനായിരുന്ന സഞ്ജയന്റെ ഒരു ലേഖനത്തിന്റെ തല
ക്കെട്ടാണിതു്. അതിൽ ഇങ്ങനെ പറയുന്നു — ''അതു പോട്ടെ,
ഈ വിഷയത്തെക്കുറിച്ചുള്ള എന്റെ 'ഗവേഷണത്തിന്റെ' ഒടുക്ക
ത്തെ ഫലം എന്താണെന്നു നിങ്ങൾക്കറിയേണ്ടേ? ഒമ്പതാം വകു
പ്പുകൊണ്ടു ഞാൻ സിദ്ധിക്കാൻ പോകുന്നതു കാളിദാസൻ ഉണ്ണു
നീലീസന്ദേശത്തിന്റെ കാലത്തിനിപ്പുറം ജീവിച്ചിരുന്ന ഒരു ക
വിയാണെന്നാണു്. ഉണ്ണുനീലീസന്ദേശത്തിലെ ഭാഷ സംസ്കൃത
വും തമിഴും കലന്ന ഒരു സാമാനമാണല്ലോ. കാളിദാസന്റെ മേ
ഘദൂതിലെ ഭാഷയാകട്ടെ, തമിഴിന്റെ പിടിയിൽനിന്നു തീരെ
വിട്ട ശുദ്ധ സംസ്കൃതമാണു്. ഈ സ്ഥിതിക്കു കൂടുതൽ പ്രാചീന
നായ കവി ഏതാണെന്നു കണ്ടുപിടിക്കുവാൻ നമുക്കു് യാതൊരു
പി. എച്ച്. ഡി. യുടേയും സഹായം വേണ്ടാ. മേഘസന്ദേശ
ത്തിൽത്തന്നെ ഒടുക്കത്തെ പതിമൂന്നു ശ്ലോകങ്ങൾ മാത്രമേ കാളി
ദാസന്റേതായുള്ളു; ബാക്കി ഭാഗം മുഴുവൻ പ്രക്ഷിപ്തവുമാണു്.
ഈ പ്രക്ഷേപണത്തിന്റെ കർത്താവു്, നിങ്ങളെല്ലാംകൂടെ എന്നെ
വല്ലതും പറഞ്ഞു ശുണ്ഠിപിടിപ്പിക്കുകയാണെങ്കിൽ, മയൂരസന്ദേ
ശത്തിന്റെ കർത്താവായ കേരളവർമ്മ വലിയകോയിത്തമ്പുരാനാ
ണെന്നു തെളിയിക്കുവാൻ ഞാൻ ഒരുക്കമുണ്ടു്.'' നേരമ്പോക്കാ
യിട്ടാണു സഞ്ജയൻ ഇതെഴുതീട്ടുള്ളതെങ്കിലും, ഇതിൽ പലതും ന
മ്മുടെ ഗവേഷകന്മാരുടെ ഭാവനാലോകത്തിലേയ്ക്കു റിയുന്ന ആറാം
ബോമ്പുകളാണു്.

ഗവേഷകന്മാരുടെ നിഗമനങ്ങളുടെ വെളിച്ചത്തിൽ സ
ഞ്ജയൻപോലും 'ഹലാക്കി'ലായിട്ടുണ്ടെങ്കിൽ നമ്മളൊക്കെ
'ഹാ — മാറി മാറി ഗ്രഹിച്ചല്ലോ പൂമകളീവിധം കമലയായ്, എ
ന്തപ്പിലെന്തത്ഭുതം' എന്നു പറഞ്ഞൊഴിഞ്ഞു കൈകഴുകുകയേ ഗ

തിയുള്ളു. പ്രശസ്തപണ്ഡിതന്മാരും പ്രഗത്ഭഗവേഷകന്മാരും ആയ പലരും ഉണ്ണുനീലിയുടെ പൂർവ്വലംഗത്തെ 'പോസ്റ്റ്മോർട്ടം' നടത്തി സംതൃപ്തി കൈവരിച്ചവരാണ്. ഓരോ ഗവേഷകൻെറയും നിഗമനഫലംവരെ നാം ചെന്നെത്തിയാൽ, ആ ആളുടെ അഭ്യൂഹങ്ങൾ ശരിയാണെന്നു നമുക്കു തോന്നിപ്പോകും. പാണ്ഡിത്യവും വൈദഗ്ദ്ധ്യവും കൂട്ടകയും 'കോഴി കൊത്തുന്നതുപോലെ കൊത്താൻ' മിടുക്കുണ്ടാകുകയും ചെയ്താൽ വായനക്കാരൻ അവതാളത്തിലാകും. ഈ ഒരഭിപ്രായമാണ് ഉണ്ണുനീലീസന്ദേശത്തെ സംബന്ധിച്ചുള്ള അഞ്ചാറു പ്രൌഢഗവേഷണലേഖനങ്ങൾ വായിച്ചപ്പോൾ എനിക്കു തോന്നിയതു്. 'വക്ഷോദേശേ സുരതകലഹവ്യാകുല'നായ നായകനെ ഉറങ്ങിക്കിടക്കുന്ന സമയത്തു യക്ഷി എടുത്തുകൊണ്ടുപോയി തിരുവനന്തപുരത്തു പത്മനാഭസ്വാമിക്ഷേത്രത്തിനു സമീപം ഇട്ടേച്ചുപോകുന്ന കല്പിതസംഭവമാകുന്ന അസ്ഥിവാരത്തിന്മേൽ, ചരിത്രവും ഭൂമിശാസ്ത്രവും ജ്യോതിശ്ശാസ്ത്രവും കൂട്ടിച്ചേർത്തു് ഒരു കോൺക്രീറ്റ് സൌധം നിർമ്മിക്കുന്നതായാൽ അതെത്രത്തോളം ഉറച്ചുനില്ക്കും. എന്നാലതു ഭാവനാപരമായ ഒരു കണ്ണാടിമാളികയാണെങ്കിലോ — എത്ര കൌതുകമായിരിക്കും! കാവ്യത്തിൻെറ പൂവനികയിലേക്കു ശാസ്ത്രം കാവുതീണ്ടാൻ തുടങ്ങിയപ്പോൾ തുടങ്ങി കുഴപ്പം!

ഇപ്പറഞ്ഞതുകൊണ്ടു ഉണ്ണുനീലീസന്ദേശത്തിൽ ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ വസ്തുതകൾ ഉൾക്കൊള്ളിച്ചിട്ടില്ലെന്നു് അർത്ഥമാക്കേണ്ടാ. എന്നാൽ അവയ്ക്കു്, അവയർഹിക്കാത്ത പ്രാമുഖ്യവും പ്രാവീണ്യവും കൊടുക്കേണ്ട ആവശ്യമുണ്ടോ എന്ന കാര്യത്തിലാണു ശങ്ക. ഉണ്ണുനീലീസന്ദേശകർത്താവു കാവ്യം എഴുതുമ്പോൾ അത്രയ്ക്കൊന്നും ഉദ്ദേശിച്ചിരിക്കുവാൻ വഴിയില്ല. മേഘം പോയ വഴിയുടെ ദൂരവും, യക്ഷനെ ശിക്ഷിച്ച നിയമത്തിൻെറ സാധുതയും, രാമഗിരിയിൽ താമസിച്ച കാലഘട്ടവും നാമിന്നു 'ഗവേഷിക്കുവാൻ' തുടങ്ങിയാൽ വല്ലവരും നമ്മളെ 'ഉലകൻപാറ

ഷ്ഠ' പിടിച്ചുകൊണ്ടുപോകും. ഒരു ചരിത്രാഖ്യായികയായ മാർത്താണ്ഡവർമ്മയിലെ കാർത്ത്യായനിയമ്മയും അനന്തപത്മനാഭനും ആരായിരുന്നുവെന്നു നാമിന്നു് ആരായുവാൻ തുടങ്ങിയാൽ എത്ര വിഡ്ഢിത്തമായിരിക്കും. മനോഹരവും സ്വാനുഭവപരവുമായ മയൂരസന്ദേശം കേരളവർമ്മകോയിത്തമ്പുരാൻ തടങ്ങലിലായിരുന്ന കാലത്തു് എഴുതിയതായിരുന്നു എന്നാണു് അടുത്ത കാലംവരെ പലരും വിചാരിച്ചിരുന്നതു്. എന്നാൽ അദ്ദേഹം അതെഴുതിയതു്; ബന്ധനവിമുക്തനായി, വിരഹതാപമനുഭവിക്കാതെ കൊട്ടാരത്തിൽ സുഖമായി കഴിഞ്ഞുകൂടുമ്പോഴാം — ഒരു റിക്കളക്ഷൻ എന്ന നിലയിലോ, ഒരു ഫ്ളാഷ്ബാക്ക് എന്ന മട്ടിലോ ആണു്. കുറേകാലം കഴിഞ്ഞു് ഉണ്ണുനീലീസന്ദേശത്തേപ്പോലെ മയൂരസന്ദേശത്തേയും ഇടിച്ചുപിഴിയുവാൻ തുടങ്ങിയാൽ ആയില്യം തിരുനാളിന്റേയും വിശാഖം തിരുനാളിന്റേയും കാലം ചരിത്രത്തിൽ തിരുത്തി എഴുതേണ്ടിവരും.

ഉണ്ണുനീലീസന്ദേശത്തെ സംബന്ധിച്ചു് ഈ അഭിപ്രായങ്ങളും ചിന്താക്കുഴപ്പങ്ങളും വെച്ചുപുലർത്തിയിരുന്ന കാലത്താണു് എന്റെ അഭിവന്ദ്യസുഹൃത്തായ ശ്രീ ടി. എസ്സ്. ഭട്ടതിരിപ്പാടു്, എന്റെ ആശയഗതിയോടു ഒട്ടുമുക്കാലും യോജിക്കുന്ന തരത്തിലുള്ള ഒരു വ്യാഖ്യാനം പ്രസിദ്ധപ്പെടുത്തുന്നുണ്ടെന്നു പറഞ്ഞതു്. പ്രസ്തുതകാവ്യത്തെ സംബന്ധിച്ചു് എന്റെ അഭിപ്രായം ഞാൻ അദ്ദേഹത്തെ അറിയിച്ചു. അപ്പോഴാം അദ്ദേഹം, എന്നാൽ ഞാൻ തന്നെ ഒരു അവതാരിക എഴുതണം എന്നു സ്നേഹപൂർവ്വം നിർബ്ബന്ധിച്ചു. 'കല്ലിച്ചെങ്കിലെറാനെന്നല്ലാതിപ്പുരിഷയ്ക്കെന്തുരിയാടീടാം' എന്നു് അദ്ദേഹത്തോടു പറയുകയും ചെയ്തു. ഗവേഷകബുദ്ധിയുടെ ഒരു കണികപോലുമില്ലാത്ത ഞാൻ ഈ സാഹസത്തിനൊരുമ്പെട്ടതു് അല്പം ഒരു രണ്ടാംതരമാവില്ലേ എന്നൊരു തോന്നൽ — — —! സൌഹൃദത്തിന്റെ മുമ്പിൽ ഞാൻ തലകുനിച്ചു.

II

‘സമാഹിതാവസ്ഥയിൽ ചെയ്യുന്ന പൂർവ്വാനുഭൂതികളുടെ അനുസ്മരണമാണു കവിത’ എന്നു് ഒരു ആംഗ്ലേയകവി പറഞ്ഞതു് ഞാൻ പലപ്പോഴും അനുസ്മരിക്കാറുണ്ടു്. ഉണ്ണുനീലീസന്ദേശം വായിക്കുമ്പോഴും ഈ ചിന്താഗതിയിൽനിന്നു വളരെ ദൂരെ എനിക്കു പോകാൻ കഴിഞ്ഞില്ല. നാലാപ്പാട്ടു നാരായണമേനോൻ, തന്റെ പ്രിയതമ മരിച്ചുകിടക്കുമ്പോൾ ഒരേ ഒരു ഇരിപ്പിലിരുന്നു ‘കണ്ണുനീർത്തുള്ളി’ എഴുതി എന്നു നാം സ്വപ്നത്തിൽപോലും ശങ്കിക്കുകയില്ല. യക്ഷി ഉപേക്ഷിച്ച ഭൂമിയിൽ നിപതിച്ച (ഉണ്ണുനീലീസന്ദേശത്തിലെ) നായകൻ, ആ പ്രഭാതത്തിൽ തന്നെ ‘കാക്കയും വന്നു പനമ്പഴവും വീണു’ എന്ന തരത്തിൽ കണ്ടെത്തുന്ന സന്ദേശഹരനോടു്—ആ ശുഭമുഹൂർത്തത്തിൽ—ഭൂതികാമാഖ്യയോഗത്തിൽ—സന്ദേശം പറഞ്ഞയക്കലാണല്ലോ ഈ കാവ്യത്തിലെ പ്രതിപാദ്യം. യക്ഷിയുടെ കഥ ഭാവനാപരമാണെന്നു എല്ലാവരും സമ്മതിക്കുന്നുണ്ടു്. അല്ലാതെ തരമില്ലല്ലോ. അവിടുന്നങ്ങോട്ടുള്ള കഥയെല്ലാം സംഭവിച്ചവയാണെന്നാണു പലരുടേയും സങ്കല്പം. അങ്ങനെയല്ലാത്തവരും ഉണ്ടു്. മേഘദൂതം, ശുകസന്ദേശം, കോകസന്ദേശം മുതലായ സന്ദേശകാവ്യങ്ങളിൽ പരിപാലിച്ചിട്ടുള്ള ഔചിത്യദീക്ഷക്കു് ഉണ്ണുനീലീസന്ദേശത്തിൽ കുറവുള്ളതുകൊണ്ടു് ഇതൊരു ഹാസ്യകവനമാണെന്നു വള്ളത്തോളും, ആർ. നാരായണപ്പണിക്കരും, ശ്രീ കുട്ടികൃഷ്ണമാരാരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. ‘‘ഉണ്ണുനീലീസന്ദേശം ഒററപ്പെടുത്തിയാൽ തോന്നാവുന്ന ഈ അഭിപ്രായം 14-ം 15-ം ശതകങ്ങളിലെ കൃതികൾ സമഗ്രമായി വീക്ഷിക്കുമ്പോൾ സ്വീകാര്യമല്ലെന്നു കാണാവുന്നതാണു്’’ എന്നു ശ്രീ ഇളംകുളം കുഞ്ഞൻപിള്ള സമാധാനിക്കുന്നുമുണ്ടു്. ഏതായാലും സാമാന്യബുദ്ധിക്കു യുക്തമെന്നു തോന്നുന്ന ചില അഭിപ്രായങ്ങൾ വായനക്കാരുടെ മുമ്പിൽ സമർപ്പിക്കാം. എത്രത്തോളം സ്വീകാര്യമാണെന്നു് അവർ തീരുമാനിക്കട്ടെ!

III

സന്ദേശകാവ്യത്തിലെ വിഷയം—ഈ സന്ദേശകാവ്യത്തിലെ നായകൻ ഒരു ദിവസം തന്റെ പ്രിയതമയുമായി കടന്തേരിയിലുള്ള (കടുത്തുരുത്തിയിലുള്ള) നായികയുടെ ഭവനത്തിൽ കിടന്നുറങ്ങുമ്പോൾ ഒരു യക്ഷി, ശൂർപ്പണഖ ലക്ഷ്മണനെ എന്നപോലെ എടുത്തുംകൊണ്ടുപോയി. കുറച്ചു ദൂരം ചെന്നപ്പോൾ നായകൻ നരസിംഹാഖ്യമന്ത്രം ചൊല്ലി. യക്ഷി അദ്ദേഹത്തെ ഉപേക്ഷിച്ചു. നായകൻ മന്ദം മന്ദം നിലം പതിച്ചു. തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ പള്ളിയുണർത്തുന്ന ഗാനങ്ങൾ കേട്ട്, താൻ നിപതിച്ച സ്ഥലം ഏതെന്നു ആ വിരഹി മനസ്സിലാക്കി. നായികയെ പിരിഞ്ഞു കുറച്ചു സമയമേ ആയിട്ടുള്ളു എങ്കിലും, നായകൻ പതിവുപോലെ സാമാന്യത്തിലധികം വിരഹപരവശനായി. എന്നാൽ ഭാഗ്യം എന്നു പറയട്ടെ—ആ സമയത്തു തന്റെ ഉററ സുഹൃത്തും വേണാട്ടിലെ ഇളയരാജാവും തൃപ്പാപ്പൂർ മൂപ്പുമായ ആദിത്യവർമ്മ അവിടെ ആഗതനായി. തന്റെ ഉൽക്കടമായ വിരഹാവസ്ഥ നായകൻ തമ്പുരാനെ അറിയിക്കുന്നു. വീണതിലുള്ള അസ്വാസ്ഥ്യം കൊണ്ടോ എന്തോ, അദ്ദേഹത്തിന്നു് ഒരു പക്ഷം കഴിഞ്ഞിട്ടേ അവിടെനിന്നു പോകാൻ പററുകയുള്ളു എന്നും, അതുകൊണ്ടു തന്റെ സങ്കടാവസ്ഥ നായികയെ അറിയിച്ചു് അവളെ സമാശ്വസിപ്പിക്കണമെന്നും നായകൻ സന്ദേശഹരനാകേണ്ടുന്ന ആദിത്യവർമ്മയോടു അപേക്ഷിക്കുന്നു. കാര്യം തിടുക്കമുള്ളതുകൊണ്ടു കാലം കളയാതെ അപ്പോൾതന്നെ യാത്ര പുറപ്പെടണമെന്നു അഭ്യർത്ഥിക്കുകയും ചെയ്യുന്നു. പോരെങ്കിൽ ഭൂതികാമാഖ്യയോഗമെന്ന ശുഭമുഹൂർത്തവും സമാഗതമായിട്ടുണ്ടു്. ഇനി പുറപ്പെടാം. തമ്പുരാന്റെ സമ്മതം മൂളലിനൊന്നും കാത്തുനില്ക്കാതെ നായകൻ ഒരു തികഞ്ഞ കവിയുടെ പാടവത്തോടെ, ഒരു വിദഗ്ദ്ധഭൂമിശാസ്ത്രജ്ഞന്റെ ചാതുര്യത്തോടെ വഴി പറഞ്ഞുകൊടുക്കുന്നു. തിടുക്കത്തോടുകൂടിയ യാ

ന്ന *

ത്രയാണെങ്കിലും വഴിയിൽ വന്നു നില്ക്കുന്ന സുന്ദരിമാരെ ഭംഗിയായും സരസമായും വർണ്ണിക്കുന്നതിൽ നായകൻ ലോഭം കാണിക്കുന്നില്ല. പിന്നീടു നായികയുടെ നാടിനേയും വീടിനേയും നായികയേയും വർണ്ണിച്ചു സന്ദേശവാക്യങ്ങൾ സന്ദേശഹരനെ അറിയിക്കുന്നു. ആദിത്യവർമ്മയുടെ രാജോചിതമായ യാത്രയിൽ, തിരുവനന്തപുരം മുതൽ കടുത്തുരുത്തിവരേയുള്ള പല സ്ഥലങ്ങളേയും ക്ഷേത്രങ്ങളേയും രാജാക്കന്മാരേയും സുന്ദരിമാരേയും വർണ്ണിക്കുവാൻ സന്ദർഭമുണ്ടാക്കുകയും, കിട്ടിയ സന്ദർഭം ഏററവും വിജയപ്രദമായ വിധത്തിൽ വിനിയോഗിക്കുകയും ചെയ്യുന്നു. യാത്രയ്ക്കു വേണ്ടിവരുന്നതു മൂന്നു ദിവസമാണു്. ഒന്നാംദിവസം കൊല്ലം വരേയും രണ്ടാംദിവസം കരിപ്പുകുളം വരെയും യാത്രചെയ്തു മൂന്നാംദിവസം വൈകുന്നേരത്തോടു കടുത്തുരുത്തിയിൽ എത്തിച്ചേരാനാണു പ്രോഗ്രാം ഇട്ടുകൊടുക്കുന്നതു്. അന്നു രാത്രിതന്നെ നായികയെ കണ്ടു ദൗത്യം നിർവ്വഹിക്കുവാൻ പറയുന്നു. സന്ദേശഹരനെ വിശ്വസിച്ചു്, നായികയെ വിശ്വസിപ്പിക്കുവാൻ മൂന്നു സന്ദേശവാക്യവും നായകൻ തമ്പുരാനെ ഏല്പിക്കുന്നുണ്ടു്.

ഉണ്ണുനീലിസന്ദേശത്തിൽ സന്ദേശഹരൻ പോകേണ്ടുന്ന മാർഗ്ഗം ഈ ക്രമത്തിലാണു്. തിരുവനന്തപുരം, തൃപ്പാപ്പൂർ, മുതലപ്പൊഴി, പുത്തിടം, വർക്കല, കൊല്ലം, പുതിയപൊഴി, പന്മന, മറം, കണ്ടിയൂർ, തട്ടാരമ്പലം, ചെന്നിത്തല, കുരട്ടി, പനയന്നാർകാവു്, ആലന്തുരുത്തി, തിരുവല്ല, കരിനാട്ടുകാവു്, മുള്ളൂറ്, നാലുകോടി, തൃക്കൊടിത്താനം, തെക്കുംകൂറ്, മണികണ്ഠപുരം, തിരുവഞ്ചിപ്പുഴ, ഏററുമാനൂർ, കടന്തേരി തുടങ്ങിയവയാണു്. സന്ദേശഹരൻ പോകുന്ന മാർഗ്ഗത്തിന്റെ ഒരു ചിത്രം അന്യത്ര കൊടുത്തിട്ടുണ്ടു്. പുത്തിടം, കൊല്ലം, കരിയനാട്ടുകാവു എന്നീ അങ്ങാടികളെപ്പററി വിശദമായ വർണ്ണനകളും കാവ്യത്തിലുണ്ടു്.

ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിലെ ശ്രീപത്മനാഭൻ, നരസിംഹമൂർത്തി, വേദവ്യാസൻ, ശ്രീരാമൻ, ലക്ഷ്മണൻ, ഹനു

മാൻ, ഉണ്ണിക്കൃഷ്ണൻ, ശാസ്താവു്, തിരുവമ്പാടികൃഷ്ണൻ, ക്ഷേത്രപാലൻ എന്നീ ദേവന്മാരേയും, വഴിക്കു പാൽക്കുളങ്ങര ദുൎഗ്ഗ, വക്കലെ ജനാൎദ്ദനൻ, കൊല്ലത്തു മൂരിത്തട്ട ഗണപതി, പനങ്ങാവിൽ ഭദ്രകാളി, ആദിച്ചപുരത്തപ്പൻ, പന്മന സുബ്രഹ്മണ്യൻ, കണ്ടിയൂർ ശിവൻ, തൃക്കുരട്ടി ശിവൻ, പനയന്നാർകാവു ഭദ്രകാളി, തിരുവല്ല വിഷ്ണു, തൃക്കൊടിത്താനത്തു വിഷ്ണു, മണികണ്ഠപുരത്തു കൃഷ്ണൻ, തളിയിൽ ശിവൻ എന്നീ ദേവന്മാരെ മനോഹരങ്ങളായ പദ്യരത്നങ്ങളാൽ സ്തുതിക്കുന്നുണ്ടു്. ഈ അമ്പലങ്ങളിൽ ചെന്നു വന്ദിച്ചുപോകാൻ നായകൻ തമ്പുരാനെ അറിയിക്കുന്നു. കൊല്ലത്തെ രവിവൎമ്മൻ, വടക്കുംകൂർ മണികണ്ഠൻ, ചിറവായിലെ രായിരൻ, തെക്കുംകൂർ രാമവൎമ്മൻ എന്നീ രാജാക്കന്മാരേയും കാവ്യത്തിൽ യഥോചിതം അനുസ്മരിക്കുകയോ വൎണ്ണിക്കുകയോ ചെയ്യുന്നുണ്ടു്.

കവിയുടെ ഭാവനാശക്തിയും കവിതയുടെ മനോഹാരിതയും തുള്ളിത്തുളുമ്പിനില്ക്കുന്ന ഭാഗങ്ങളാണു് വഴിക്കു വന്നുനില്ക്കുന്ന സുന്ദരിമാരെ വൎണ്ണിക്കുന്നതിൽ നാം കാണുന്നതു്. ഈ സന്ദൎഭങ്ങളിൽ, കവി തന്റെ ആവനാഴിയിലെ പൂവമ്പുകളെല്ലാം ലോഭം കൂടാതെ എയ്തുവിടുന്നു. ഉണ്ണിയാടി, വെള്ളൂർ നാണി, ചെറുകരെ കുട്ടത്തി, ചെറുകരെ ഉണ്ണിയാടി, മുത്തുററിളയച്ചി, കുറങ്ങാട്ടുണ്ണുനീലി, കുറങ്ങാട്ടുണ്ണിച്ചക്കി, കുറങ്ങാട്ടു ചിരുതേവി എന്നീ കമനീയാംഗിമാൎക്കു ഈ മനോഹരകാവ്യത്തിൽ സ്ഥാനം പിടിക്കുവാൻ ഭാഗ്യം സിദ്ധിച്ചു.

IV

സാധാരണ സന്ദേശകാവ്യങ്ങളിലെപ്പോലെതന്നെ, ദൈവയോഗാൽ നായകനു നായികയെ പിരിയേണ്ടിവരികയും, കിട്ടുന്ന തഞ്ചംനോക്കി ഒരു സന്ദേശഹരനെ കണ്ടുപിടിക്കുകയും, ആ സന്ദേശഹരൻ വഴി നായികയ്ക്കു സന്ദേശമയക്കുകയും ചെയ്യുകയാണു ഉണ്ണുനീലീസന്ദേശത്തിലും ചെയ്യുന്നതു്. മേഘസന്ദേശം തുടങ്ങി ഇങ്ങോട്ടുള്ള സന്ദേശങ്ങളിൽ വല്ല അചേതനവസ്തുക്കളോ,

പക്ഷിമൃഗാദികളോ ആണു സന്ദേശഹരൻ. മേഘം, ശുകം കപോതം തുടങ്ങിയവയാണല്ലോ സന്ദേശഹരന്മാർ. 'കാമാൎത്താഹി പ്രകൃതികൃപണാശ്ചേതനാ ചേതനേഷു' എന്ന സമാധാനവുമായിരുന്നു തൽകൎത്താക്കൾ ഇതിന്നു കണ്ടുപിടിച്ചിരുന്നതു്. എന്നാൽ ഉണ്ണുനീലീസന്ദേശത്തിലെ നായകൻ അത്രയ്ക്കു കാമാൎത്തനാകാത്തതുകൊണ്ടായിരിക്കണം ഒരു മനുഷ്യനെത്തന്നെ സന്ദേശഹരനായി തിരഞ്ഞെടുത്തിരിക്കുന്നതു്! ആ ആളോ സൽഗുണസമ്പന്നനും — വീരപരാക്രമിയും — ഇളയതമ്പുരാനും — തൃപ്പാപ്പൂർ മൂപ്പും — ആയ ആദിത്യവൎമ്മരാജാവാണു്. കാൎയ്യം നന്നായി. ഒരു വലിയ രാജ്യംതന്നെ ഭംഗിയായി ഭരിക്കുവാൻ പ്രാവീണ്യമുള്ള ഒരു മഹാനും ആയി. എന്നാൽ അദ്ദേഹം നിൎവ്വഹിക്കുവാനുള്ള ജോലി എന്താണെന്നോ — ഒരു സന്ദേശം കൊണ്ടുപോകൽ. അതും ഒരു പെണ്ണിന്റെ അടുക്കലേയ്ക്കു്. എന്തോ ഒരു പന്തികേടു തോന്നും ഇവിടെ. എത്ര വലിയ സ്നേഹിതനായാലും ഇത്രയും കിഴിഞ്ഞ ഒരേൎപ്പാടിന്നു കച്ചകെട്ടിച്ചതു ഔചിത്യക്കുറവാണെന്നു സാധാരണക്കാർ വിചാരിച്ചേക്കും; സന്ദേശഹരനോടു പറഞ്ഞയക്കുന്നതോ, സാമാന്യജനങ്ങൾപോലും രഹസ്യമായി വെക്കുന്നതും വെക്കേണ്ടതുമായ ചില കാൎയ്യങ്ങൾ. പിന്നെ നായികയോടു സന്ദേശം അറിയിക്കുമ്പോൾ എന്താണു വേണ്ടതെന്നോ—

"ശയ്യോപാന്തേ സലളിതമിരുന്നുണ്ണുനീലീമിരുത്തി
ക്കൈകാരേ നിജകരതലേ കാന്തതൻ കയ്യുമേന്തി
അത്യാമോദാൽ പുളകമിളമൽക്കൊങ്കമേൽപ്പൊങ്ങുമാറ-
ങ്ങാരബ്ധപാൎത്താമവളൊടറിയിപ്പിക്ക നീ പിന്നെ മുന്നിൽ"

ഇതു കാണുമ്പോൾ ഹനുമാൻ ഭീമസേനനോടു പറഞ്ഞ വാക്കുകളാണു ഓൎമ്മവരിക—'നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവി വാലുള്ള വാനരന്മാൎക്കും ചിതം വരാ' എന്നു്. ആദിത്യവൎമ്മരാജാവു് ആ ദിക്കൊക്കെ നല്ല പരിചയമുള്ള ആളാണു്. പിന്നെ എന്തിനാണാവോ ഇങ്ങനെ മാൎഗ്ഗനിൎദ്ദേശം? പോരെങ്കിൽ പോകുന്നതു

പല്ലക്കിലാണു്. അപ്പോൾ പല്ലക്കു ചുമക്കുന്നവരോടല്ലേ പോകേണ്ടുന്ന വഴി പറഞ്ഞുകൊടുക്കേണ്ടുന്ന ആവശ്യമുള്ളു.

സന്ദേശഹരൻ ഒരു മനുഷ്യനായതുകൊണ്ടു്, സാധാരണ സന്ദേശങ്ങളെപ്പോലെ കാവ്യത്തിൻെറ പേർ ദൂതൻെറ പേർ ഘടിപ്പിച്ചുകൊണ്ടു കൊടുക്കുവാൻ കവിക്കു വിഷമം തോന്നിയിരിക്കാം. അല്ലെങ്കിൽ 'ആദിത്യവൎമ്മസന്ദേശം' എന്നായിരുന്നുവല്ലോ കാവ്യത്തിന്നു കൊടുക്കേണ്ടിയിരുന്ന പേർ. കവിക്കു നായികയെ പുകഴ്ത്തുക എന്ന ഉദ്ദേശം മുന്നിട്ടു നിന്നിരുന്നതുകൊണ്ടായിരിക്കുമോ, കാവ്യത്തിന്നു് ഉണ്ണുനീലിസന്ദേശം എന്നു പേരിട്ടതു്, അറിഞ്ഞുകൂടാ.

സാധാരണ സന്ദേശങ്ങളിലേതുപോലെതന്നെ ഉണ്ണുനീലിസന്ദേശത്തിലും രണ്ടു ഭാഗമുണ്ടു്; പൂൎവ്വസന്ദേശമെന്നും ഉത്തരസന്ദേശമെന്നും. അതിന്നും പുറമെ പ്രത്യേകമായി ഉണ്ണുനീലിസന്ദേശത്തിൽ പ്രസ്താവന എന്ന നിലയ്ക്കു അഞ്ചു ശ്ലോകങ്ങൾ കൂടിയുണ്ടു്. ഇവ പ്രക്ഷിപ്തമായിരിക്കാം എന്നു ചിലൎക്കു അഭിപ്രായമുണ്ടു്. എന്തായാലും ഈ വ്യതിയാനം കുറെ കുഴപ്പങ്ങൾ ഉണ്ടാക്കീട്ടുണ്ടു് എന്നു പറയാതെ തരമില്ല. നായകൻ തന്നെയായിരിക്കാം കവി എന്ന അഭ്യൂഹത്തിന്നു് ഇതു് ഉപോൽബലകമാണു്. അങ്ങനെയാണെങ്കിൽ നായകൻ വിരഹദുഃഖം അനുഭവിച്ചു കഴിഞ്ഞതിന്നുശേഷം, ഒരു പൂൎവ്വസ്മരണയെന്ന നിലയ്ക്കു ഉണ്ടാക്കിയതാണെന്നു പറയുകയാണെങ്കിൽ, പല വാദപ്രതിവാദങ്ങളും ഒഴിവാക്കാം. നായകനായ കവി തൻെറ പ്രിയതമയെ സംബോധനചെയ്തു, അവരെ കേൾപ്പിക്കുന്ന നിലക്കാണു കവിതയെങ്കിൽ, ഔചിത്യം കുറെ കൂടും. അപ്പോൾ കവിതയുടെ അധികഭാഗവും ഭാവനാപരമാണെന്നു സമ്മതിക്കേണ്ടിവരും. എങ്ങനെ നോക്കിയാലും ഉണ്ണുനീലിസന്ദേശം ഒരു രസികൻ കവിയുടെ ഭാവനയിൽനിന്നു ഉടലെടുത്ത കല്പിതകഥയാണെന്നു പറഞ്ഞാൽ വലിയ തെററില്ല. ചില ഭാഗങ്ങൾ—ചന്തയുടെ വൎണ്ണന, ഉണ്ണുനീ

ലിയുടെ വീട്ടിലെ വളപ്പിൽ നില്ക്കുന്ന വൃക്ഷങ്ങളുടെ കണക്കു്, വീടിന്റെ ശില്പശാസ്ത്രം മുതലായവ—കവി കല്പിച്ചുകൂട്ടി ഉണ്ടാക്കിയതാണെന്നും തോന്നാം.

V

ഉണ്ണുനീലിസന്ദേശത്തിന്റെ കാലം — സാഹിത്യലോകത്തിൽ ഇത്രയധികം കോളിളക്കം സൃഷ്ടിച്ച ഒരു സംഭവം വേറെയുണ്ടോ എന്നു തോന്നുന്നില്ല. ഗവേഷകന്മാരും ചരിത്രകാരന്മാരും, അവരവരുടെ യുക്തിക്കും പാണ്ഡിത്യത്തിനും അനുസൃതമായി നിരവധി അഭിപ്രായങ്ങൾ സകാരണം സ്ഥാപിച്ചിട്ടുണ്ടു്. സാധാരണക്കാരനു ഓരോന്നും വായിക്കുമ്പോൾ, ആ നിരൂപകന്റെ അഭിപ്രായം ശരിയാണെന്നു തോന്നും. എന്നാൽ ആരുടേയും അഭിപ്രായം തമ്മിൽ വിയോജിക്കുന്നതിൽ മാത്രമേ യോജിപ്പുണ്ടായിട്ടുള്ളു.

അഞ്ചാം പക്കം വരമിത്രു തുലോം വാരവും വീരമൌലേ!
നാളും നന്റോ നളിനവനിതക്കിമ്പമോ മുമ്പിലേതു്
മേടം വേണാടരിൽ മകുടമേ രാശിയും വാഗധീശൻ
നാലാമേടത്തയമുപഗതോ ഭൂതികാമാഖ്യയോഗഃ.

ഈ ശ്ലോകത്തിലെ ജ്യോതിഷസംബന്ധമായ യോഗമാണു്, സാഹിത്യലോകത്തിൽ ഈ കോളിളക്കം സൃഷ്ടിച്ചതു്. നായകൻ സന്ദേശഹരന്റെ യാത്രയ്ക്കു് ഒരു ശുഭസമയം സൂചിപ്പിച്ചു എന്നേയുള്ളു. ഉണ്ണുനീലിസന്ദേശത്തിലെ കഥ വാസ്തവമായി സംഭവിച്ചതാണെന്നു് ആദ്യംതന്നെ മനസ്സിൽ ഉറപ്പിച്ചു്, കവിത വായിക്കുവാൻ തുടങ്ങിയാൽ ഈ കുഴപ്പങ്ങളൊക്കെ ഉണ്ടാകും. അഥവാ ഇതു വാസ്തവമാണെങ്കിൽതന്നെ, വീരഹരിയായി, ഒരു പക്ഷം കഴിഞ്ഞ യാത്രയ്ക്കു പറ്റുകയുള്ളു എന്നു പറയുന്ന നായകൻ, എത്ര കേമനായ ജ്യോത്സ്യനായാലും തൽസമയത്തെ ഗ്രഹസ്ഥിതി നോക്കി ഭൂതികാമാഖ്യയോഗം കണ്ടുപിടിക്കാൻ പ്രയാസമെന്നു തോന്നു

ന്നില്ല. പോരെങ്കിൽ ആദിത്യവൎമ്മരാജാവു യാത്ര പുറപ്പെട്ടു പടിഞ്ഞാറെ നട ഇറങ്ങുമ്പോൾ,

'അപ്പോൾ മുൽപ്പാടണയ വഴിമേൽ കാണലാം തേവലത്ത-
ങ്ങുപ്പൂപ്പെന്നും നിജസഹചരീമുപ്പുനഭ്യേതി വാമാൽ;
ത്തുപ്പാപ്പൂർവാണ്ണുഴക്കുപൊഴിയും വീരമംഗല്യശംസീ
മുൽപ്പാടപ്പാൽക്കിമപി ച വലംപാട്ടു പാട്ടും വയാനും!

ഈ ശ്ലോകപ്രകാരം ചകോരമിഥുനത്തേയും വിജയഗാനം പൊഴിക്കുന്ന കുയിലിനേയും കാണേണ്ടിവരും. ശുഭസൂചനത്തിനു വേണ്ടി ഈ പക്ഷികൾ ഹാജരാകുന്നതും, ആദിത്യവൎമ്മനെ കണ്ടെത്തുന്നതുപോലെയായിരിക്കണം. അല്ലെങ്കിൽ സിനിമയിൽ ചില രംഗങ്ങളിലേയ്ക്കു് ആവശ്യമായ പക്ഷികളെ യഥാസമയം രംഗപ്രവേശം ചെയ്യിപ്പിക്കുന്നതുപോലെ വല്ല വിദ്യയും ഉണ്ടായിരിക്കണം. പഞ്ചമിദിവസം യാത്ര പുറപ്പെടുന്ന സന്ദേശഹരൻ അന്നു വൈകുന്നേരം കരിപ്പുക്കുളം കൊട്ടാരത്തിലെത്തുമ്പോഴും വെളുത്ത വാവാകുന്നു.

'അപ്പോഴുദ്യൽക്കുളർമതിമുഖീ, മേഘരാഗാധരോഷ്ഠീ,
പൃഴത്താഴും തിമിര ചികുരാ ചാരു താരാശ്രുമാംബുഃ
കിഞ്ചിൽക്കാണാം കുമുദഹസിതാ, ന്നമെന്നുണ്ണുനീലീം
കാമക്രീഡാരസവിലുളിതാം തന്നെയന്വേതി സന്ധ്യാ'

ഈ വിദ്യ എന്താണെന്നു മനസ്സിലാകുന്നില്ല.

വേണാട്ടു രാജാക്കന്മാരായ രവിവൎമ്മമഹാരാജാവിന്റേയും ആദിത്യവൎമ്മരാജാവിന്റേയും ജീവിതകാലവും, തുലിക്കൻ പടയുടെ കാലവും, ഭൂതികാമാഖ്യയോഗവുമാണല്ലൊ ഉണ്ണുനീലീസന്ദേശത്തിലെ കാലനിൎണ്ണയത്തിനുള്ള നിൎണ്ണായകങ്ങളായ അടിസ്ഥാനക്കല്ലുകൾ. ഇവയിൽ ആദ്യത്തെ രണ്ടും ചരിത്രപരവും ഭൂതികാമാഖ്യയോഗം ഭാവനാപരവുമായി കണക്കാക്കുകയാണെങ്കിൽ വലിയ തൎക്കവും തകരാറും കൂടാതെ കഴിക്കാം. ഇതേവരെയുള്ള ഗവേഷണങ്ങളുടെ ഫലമായി, ഉണ്ണുനീലീസന്ദേശത്തി

ന്റെ കാലം കൊല്ലവർഷം 450–നും 550–നും ഇടയ്ക്കാണെന്നു തെളിഞ്ഞിട്ടുണ്ട്. ഉള്ളൂർ ഉണ്ണുനീലിസന്ദേശത്തിന്റെ കാലം കൊല്ലവർഷം 549 കുംഭം 23–ാംനു- എന്നാണ് സ്ഥാപിക്കുന്നതെങ്കിൽ ആറന്മുർ അതു കൊല്ലം 490 മേടം 30–ാംനു- എന്നു സമർത്ഥിക്കുന്നു. ശ്രീ. എൻ. ഗോപാലപിള്ള സന്ദേശത്തിന്റെ കാലം 446 മേടം 11–ാംനു- എന്നാണു കണക്കാക്കുന്നതെങ്കിൽ ശ്രീ. ഇളങ്കുളം കുഞ്ഞൻപിള്ള അതു 531 മേടം 6–ാംനു- ആണെന്നാണ്. ശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ള ഇതിന്റെ കാലം 466–നും 488–നും ഇടയ്ക്കാണെന്നു സ്ഥാപിച്ചു സമാധാനിക്കുന്നു. എന്തായാലും നായകൻ പത്മനാഭസ്വാമിക്ഷേത്രത്തിൽ ചെന്നു വീണ ദിവസംതന്നെ ഈ കവിത മുഴുവൻ ഉണ്ടാക്കി കൊടുത്തയച്ചു എന്നു വിചാരിക്കുന്നതു തെററായിരിക്കും. അല്ലെങ്കിൽ ഈ കവിത മുഴുവൻ ചൊല്ലിക്കഴിയുന്നതുവരെ സന്ദേശഹരൻ പതിഞ്ഞാട്ടത്തിലെ സ്ത്രീവേഷംപോലെ മിഴിച്ചു നോക്കി നില്ക്കേണ്ടിവരും.

VI

കവിയും നായകനും ഒരാളാണെന്നും, കവിയും സന്ദേശഹരനും ഒരാളാണെന്നും, അല്ലെന്നും മററും മററും പല പല അഭിപ്രായങ്ങൾ ഇതിനകം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ഒരു ചാക്യാരായിരിക്കാം കവി എന്ന അഭിപ്രായവും പൊന്തിവന്നിട്ടുണ്ട്. എന്നാൽ ഇതൊക്കെ ഓരോ അഭ്യൂഹങ്ങൾ മാത്രമാണ്. ഏതായാലും ഉണ്ണുനീലിസന്ദേശത്തിന്റെ കർത്താവു ഒരു തികഞ്ഞ രസികനും, നിറഞ്ഞ പാണ്ഡിത്യമുള്ളവനും, ശാസ്ത്രങ്ങളിൽ നല്ല അവഗാഹം ഉള്ള ആളും ആയിരുന്നു എന്നു വേണം വിചാരിക്കുവാൻ. ഭാവനാസമ്പന്നനും വശ്യവചസ്സുമായ ഒരാൾക്കല്ലാതെ ഇതിലെ പല ശ്ലോകങ്ങളും എഴുതാൻ സാധിക്കുകയില്ല. അമ്പലങ്ങളിലെ ചില ചടങ്ങുകളേയും പിതൃപൂജയേയും മററും പററി വർണ്ണിക്കുന്നതു കണക്കിലെടുത്താൽ കവി ഒരു നമ്പൂതിരി ആയിരിക്കാൻ വഴിയുണ്ടെന്നു പറയാം. നമ്പൂതിരി ഫലിതങ്ങളും രസികത്തങ്ങളും

ഇതിൽ പല ദിക്കിലും തട്ടിമൂളിപ്പിച്ചിട്ടുമുണ്ട്. കവിതയെഴുതുന്ന മൂച്ചിൽ പല അസ്വാഭാവികതകളും കടന്നു കൂടീട്ടുണ്ടാകാം. തള്ളിത്തള്ളിവരുന്ന കവിതയുടെ ഒഴുക്കിൽ ചില്ലറ അസ്വാഭാവികതകളൊന്നും വകവെയ്ക്കാനുമില്ല.

ആദിത്യവൎമ്മരാജാവു യാത്ര പുറപ്പെട്ടുവരുമ്പോഴെല്ലാം വഴിയരികിൽ സുന്ദരിമാരായ നായികമാർ അദ്ദേഹത്തെ കാത്തുനില്ക്കും, അല്ലെങ്കിൽ അദ്ദേഹത്തിന്നു അവരെ കാണാൻ പററും എന്നു പറയുന്നുണ്ട്. ആ നായികമാരെ വൎണ്ണിക്കാൻ കവി ഒരവസരമുണ്ടാക്കി എന്നല്ലാതെ, അതിൻെറ ഔചിത്യത്തെപ്പററി പരാമൎശിക്കേണ്ടുന്ന ആവശ്യമില്ല. വൎത്തമാനക്കടലാസുകൾ ഇല്ലാതിരുന്ന കാലത്തു തമ്പുരാൻെറ എഴുന്നള്ളത്തിൻെറ വൎത്തമാനം ഇത്ര വേഗത്തിൽ കൊല്ലത്തും മററും അറിഞ്ഞു് ഉണ്ണിയാടിയും, വെള്ളൂർ നാണിയും, ചെറുകര കുട്ടത്തിയും, മററു മനോഹരിമാരും വഴിവക്കിൽ വന്നു നില്ക്കുന്നതിൻെറ രഹസ്യം എന്താണെന്നറിയില്ല. അവരിങ്ങനെ സ്ഥിരം വഴിയിൽ കാത്തുകിടക്കുന്നവരാണോ? അല്ലെങ്കിൽ അവരുടെ വീട്ടിൽ ആണുങ്ങൾ ഇല്ലായിരിക്കാം. എന്തായാലും പ്രസ്തുത നായികമാരെ വൎണ്ണിക്കുന്ന മനോഹരപദ്യങ്ങളിൽ, 'മുടികെട്ടി മുഖം മിനുക്കി മാരപ്പടവെട്ടാൻ പടമിട്ടു കാത്തിരിക്കുന്ന' നായികമാരെ ചെറുതായൊന്നു കളിയാക്കുന്നുണ്ടോ എന്നുംകൂടി തോന്നും.

ഉണ്ണുനീലിയുടെ വീടിൻെറ വിസ്താരവും, മുറിയുടെ വിസ്തീൎണ്ണവും, ആകെക്കൂടിയുള്ള ശില്പശാസ്ത്രവും, വളപ്പിൽ നില്ക്കുന്ന വൃക്ഷങ്ങളുടെ കണക്കുകളും മററും കാണുമ്പോൾ അവയിൽ കാവ്യകാരൻെറ ഭാവനാസൃഷ്ടിയേക്കാൾ അധികം അദ്ദേഹത്തിന്നു ആ പരിസരങ്ങളോടുള്ള മമതാബന്ധമാണു പ്രത്യക്ഷപ്പെടുന്നതു് എന്നും ചിലൎക്കഭിപ്രായമുണ്ട്. എത്ര കേമനായ ശില്പശാസ്ത്രജ്ഞൻ പോലും തൻെറ വീടിൻെറ കൈകണക്കും മുറിയുടെ അളവുകളും

കണിശമായി എപ്പോഴും ഓൎമ്മവെക്കുമോ എന്ന കാൎയ്യം സംശയമാണു്. ഈ കണക്കുകളുടെ കസൎത്തു കാണുന്നതുകൊണ്ടു്, വീരമാണിക്യത്തെ വീടും പരിസരവുമെല്ലാം യാഥാൎത്ഥ്യമാണെന്നു കരുതുന്നതു വളരെ ശരിയായിരിക്കുമോ? ഉണ്ണുനീലിയുടെ വീടിന്റെ സോപാനമാൎഗ്ഗത്തിൽ നീലരത്നങ്ങൾ പതിച്ചിരുന്നു എന്നു കാണുമ്പോൾ, നാം മേഘസന്ദേശത്തിലെ അളകാപുരിയെയാണു് ഓൎക്കുക. ഉണ്ണുനീലിസന്ദേശം ഭാവനാപരമായ ഒരു കാവ്യമാണെന്നു വിചാരിക്കുകയാണെങ്കിൽ, അനൌചിത്യങ്ങൾ അത്ര കാൎയ്യമായി ഗണിക്കേണ്ടതില്ല.

VII

പറഞ്ഞുപറഞ്ഞങ്ങനെ അവതാരിക കുറച്ചു നീണ്ടുപോയി. ഇത്തരം ഒരു വ്യാഖ്യാനം എഴുതിയതിന്റെ കാരണവും എഴുതിയ രീതിയും വ്യാഖ്യാതാവു് ആമുഖത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. നമ്പൂതിരിഫലിതം തികച്ചും ആസ്വദിക്കുവാൻ കഴിവുള്ള രസികനും പണ്ഡിതനുമായ ഒരു നമ്പൂതിരിതന്നെ ഇതിനു വ്യാഖ്യാനമെഴുതിയതിൽ പല പ്രത്യേകതകളും വായനക്കാൎക്കു കാണ്മാൻ കഴിയും. ഇതരവ്യാഖ്യാനങ്ങളിൽ നിന്നു ഇതിനുള്ള മെച്ചവും കവിതയിലെ രസികത്വം ശരിക്കും ആസ്വദിപ്പിക്കുന്നതിലാണു്. അഭിപ്രായപ്രകടനത്തിൽ ചില ഭാഗം പരുഷമായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം ആമുഖത്തിൽ വ്യക്തമാക്കീട്ടുണ്ടു്.

ഈ പുസ്തകത്തിൽ ഉച്ചാരണകാൎയ്യത്തിൽ വ്യാഖ്യാതാവു ഒരു ചെറിയ വ്യതിയാനം വരുത്തീട്ടുണ്ടു്. ‘ന്റ’ എന്നതു് ‘ന്ന’ എന്നായിട്ടാണു (കളിക്കുന്റ നാൾ—കളിക്കുന്ന നാൾ) സ്വീകരിച്ചിട്ടുള്ളതു്. ശകാരം കേൾക്കാതെ കഴിക്കാൻ വേണ്ടിയാണു ഇങ്ങനെ ചെയ്തതെന്നു വ്യാഖ്യാതാവു പറയുന്നു. എന്നാൽ തമിഴിനോടുള്ള അടുപ്പത്തെ വെളിപ്പെടുത്തുന്നവയാണു ‘ന്റ’ എന്ന അക്ഷരം—കുന്റ്, നന്റ മുതലായവ. ആദ്യകാലങ്ങളിൽ കു‘ന്നു’ എ

നും മൂ‘ന്നം’ എന്നും ഉള്ള വാക്കുകളിലുള്ള ‘ന്ന’ എന്ന അക്ഷരത്തെ വ്യത്യസ്തമാക്കി ഉച്ചരിക്കുന്നതിനുവേണ്ടിയായിരിക്കുമോ കു‘ന്നു’ എന്നതിലെ ‘ന്ന’ക്കു ‘ൻറ’ എന്ന ലിപി ഉപയോഗിച്ചതു്. ഗ്രന്ഥാക്ഷരങ്ങളിൽ ‘ഈ’ എന്ന അക്ഷരത്തിന്നു ഉപയോഗിച്ചിരുന്ന ലിപി ‘ംരം’ ആയിരുന്നുവല്ലോ. അതുപോലെ വ്യത്യസ്തമായ ഉച്ചാരണമുള്ള അക്ഷരങ്ങളെ വേർതിരിച്ചറിയുന്നതിനു വേണ്ടിയായിരിക്കുമോ അന്നു ‘ൻറ’ എന്നും ‘ന്ന’ എന്നും ഉപയോഗിച്ചതു്. ഇന്നു ഉപയോഗപ്പഴക്കം കൊണ്ടു വ്യത്യസ്തമായ ലിപി ആവശ്യമില്ലാതെ വന്നിട്ടുണ്ടു്. എന്തായാലും മലയാളികൾക്കു ‘കൻറു’ എന്ന ഉച്ചാരണത്തെക്കാളും സുഖമായിരിക്കുക ‘കുന്നു’ എന്നുതന്നെയാണു്.

ഉണ്ണുനീലിസന്ദേശം വായിച്ചാസ്വദിക്കുന്നവൎക്കു് ഈ ‘അൎത്ഥപ്രകാശിക’ എന്ന വ്യാഖ്യാനം ഒരു പുതിയ ചിന്താഗതിയെ തട്ടിയുണൎത്തുമെന്നുള്ളതിൽ സംശയമില്ല. വ്യാഖ്യാതാവു ഇതിന്നു വേണ്ടി ചിലവഴിച്ച സമയം ‘നിഷ്ഫലമല്ല കേവലം’ എന്നു തികച്ചും സമാധാനിക്കാം.

നിഷ്പക്ഷമതികളും സഹൃദയരുമായ കേരളീയർ ഈ വ്യാഖ്യാനത്തെ സസന്തോഷം സ്വാഗതം ചെയ്യും. തീൎച്ച.

വിയ്യൂർ,
1—2—67.

സഹൃദയവിധേയൻ,
തേറമ്പിൽ ശങ്കുണ്ണിമേനോൻ.


വടക്ക്
വടക്കുംകൂർ
മീനച്ചിലാറ്
കോട്ടയം
മണിമലയാറ്
തെക്കുംകൂർ
പമ്പാനദി
കല്ലാറ്
അച്ചൻകോവിലാറ്
കല്ലടയാറ്
കൊട്ടാരക്കര
കൊല്ലം
ഇത്തിക്കരയാറ്
വാമനപുരമാറ്
തിരുവനന്തപുരം
അറബിക്കടൽ
സന്ദേശമാർഗ്ഗം
ഇപ്പോഴത്തെ റോഡുകൾ
പുഴകൾ

മേപ്പിൽ കുറിച്ചിരിക്കുന്ന നമ്പ്രുകൾ സന്ദേശവാഹകൻെറ യാത്രയെപ്പററി സന്ദേശത്തിൽ പറയുന്ന സ്ഥലങ്ങളെ കാണിക്കുന്നവയാകുന്നു. അവകെതിർവശത്തു് കാണുന്നതു് ആ സ്ഥലങ്ങളെപ്പററി സന്ദേശത്തിൽ വർണ്ണിക്കുന്ന ശ്ലോകങ്ങളുടെ നമ്പ്രുകളുമാകുന്നു.

മേപ്പിലെ നമ്പ്ര്	പ്രദേശങ്ങളുടെ പേരു്	ശ്ലോകംനമ്പ്ര്
1.	തിരുവനന്തപുരം	5, 37–49
2.	പാൽക്കുളങ്ങര	53
3.	മുതലപ്പൊഴി	61
4.	പുത്തറം	62–65
5.	വക്കല	66, 67
6.	ഇടവാപൊഴി	68
7.	പനങ്കാവിൽ കൊട്ടാരം	74
8.	മുച്ചന്തി	79
9.	കരിപ്പൂക്കുളം	87
10.	നീണ്ടകര	91
11.	പൂക്കൈത	91
12.	പന്മന	91
13.	പടയറ	91
14.	കുന്നേററി	91
15.	കായംകുളം	95
16.	മററം }	98–112
17.	തട്ടാരമ്പലം }	
18.	കണ്ടിയൂർ ക്ഷേത്രം	97, 113
19.	മററംകൊട്ടാരം	98, 99
20.	ചെന്നിത്തല	112
21.	കുരട്ടി	114
22.	പനയനാർകാവു്	115
23.	ചിറവ	117–119
24.	നാലുകോടി	126
25.	തൃക്കൊടിത്താനം	127
26.	മണികണ്ഠപുരം	128
27.	തിരുവഞ്ചിപ്പുഴ	130
28.	ഏററമാനൂർ	133
29.	കോതനല്ലൂർ	134
30.	കടന്തേരി (കടുത്തുരുത്തി)	135–137

ശുദ്ധപത്രം

പേജ്	വരി	അബദ്ധം	സുബദ്ധം
26	16	ഉങ്ങ്	ഉണ്ട്.
30	9	മരാനെ	മാരനെ
52	20	സൂചിപ്പിക്കുന്ന	സൂചിപ്പിക്കുന്നു.
53	5	ഉഭാരം	ഉദാരം
61	7	വിടവിനൊട്	വടിവിനൊട്
65	17	വനിതമ്പനേ	വനിതയ്ക്കമ്പനേ
72	29	വേദയന്തീ	ഖേദയന്തീ
83	13	കുജർമതി	കുളിർമതി
83	16	നന്ദേതി	യന്ദേതി
87	16	വിത്തു	മുത്ത്
98	16	വ്യാഖ്യാനകൃത്തും	വിഖ്യാതകീർത്തിയും
105	9	പൂച്ചകളുടെ	പൂവ്വുകളുടെ
112	9	ചോരാൻ	പോരാൻ
125	14	പാശ്ചം=വാക്ക്	പാശ്ചം=വാക്ക്
141	16	മണികണ്ഠാഖ്യാന	മണീകണ്ഠാഖ്യാ
144	5	മങ്ങട്ടാ	മണ്ടട്ടാ
161	13	മഴ	മാഴ
178	9	തരുണ്ട	നരുണ്ട
207	8	ചണ്ട്	ചുണ്ട്
211	1	പ്രകൃതിയിൽ	പ്രകൃതത്തിൽ

—:o:—

ഉണ്ണുനീലീസന്ദേശം

"അർത്ഥപ്രകാശിക"

എന്ന വ്യാഖ്യാനത്തോടുകൂടിയതു്.

പ്രസ്താവന.

1

അമൃതകരകരോടീസ്വർദ്ധുനീബദ്ധചൂഡം
തിരളൊളിതിരുനീറാ മംഗരാഗാഭിരാമം
കരകലിതകപാലം മംഗളം പിംഗളാക്ഷം
മലമകൾമുലപൂണും ദൈവതം വെൽവുതാക.

വ്യാഖ്യാതൃശ്ലോകങ്ങൾ

ഗജാനനം ജഗൽപുണ്യ മഗജാനന്ദനം ഭജേ
കല്പപാദപകല്യാണകല്പപാദപയോരുഹം
വാണീം വീണാധരാം ചാരുവേണീം ശോണാധരദ്യുതിം
വന്ദേ ഗുരുവരവ്യാസവാത്മീകികവിപുംഗവാൻ.

വ്യാഖ്യാനം

അർത്ഥം:—അമൃതകരൻ=ചന്ദ്രൻ. (അമൃതിനെ അതായതു് ആനന്ദത്തെ ഉണ്ടാക്കുന്നവൻ എന്നർത്ഥം) കരോടി=മുടിമാല സ്വർദ്ധുനി=ഗംഗ. ധുനി=നദി (സന്തോഷിപ്പിയ്ക്കുന്നതു്) ബദ്ധം=കെട്ടപ്പെട്ടതു്. ചൂഡം=കുടുമ. തിരള്=വർദ്ധിയ്ക്കുന്ന. ഒളി=ശോഭ. തിരുനീറ്=ഭസ്മം (തിരു ആചാരവാക്കു്) അംഗരാഗം=കുറിക്കൂട്ടു് (കളഭം) അഭിരാമം=മനോഹരം. കരം=കയ്യു്. കലിതം=ചേർന്നതു്. കപാലം=തലയോടു്. പിംഗള=മഞ്ഞ (അഗ്നി) അക്ഷം=കണ്ണു്. പൂണും=പുല്കുന്നവനും. വെൽവുതാക=ജയിയ്ക്കട്ടെ

സാരം:—അമ്പിളി വിൺഗംഗ മുടിമാല ഇവ ശിരസ്സിൽ ധരിച്ചവനും കയ്യിൽ കപാലമേന്തിയവനും മംഗളസ്വരൂപനും പിംഗളാക്ഷനും വർദ്ധി

യ്ക്കുന്ന പ്രകാശമാന്ന വിഭൂതിയാകുന്ന കുറിക്കൂട്ടണിഞ്ഞവനും അഭിരാമനായി ഇരിയ്ക്കുന്നവനും മലമകളുടെ മുല പുല്കുന്നവനുമായ ദൈവം ജയിയ്ക്കട്ടെ.

അഭിപ്രായം:—ഉണ്ണുനീലിസന്ദേശം ഒരു വിനോദകൃതിയാണെന്ന അഭിപ്രായത്തിന്നു് ഉറപ്പു വരുത്തുന്നതായിട്ടാണു് ഇതിലെ പ്രതിപാദനരീതി ഉടനീളം കാണുന്നതു്. വിരോധോക്തി വിനോദരസത്തെ പുഷ്ടിപ്പെടുത്തുകയാണല്ലോ. ശൃംഗാരപ്രധാനമായ കാവ്യത്തിൽ കാമാരിയെ വന്ദിക്കുന്ന കവി അല്പം കുസൃതി കാണിയ്ക്കുന്നുവെന്നനുമാനിയ്ക്കുന്നതിലെന്താണു് തരക്കേട്? തീക്കണ്ണും തലയോട്ടും വെണ്ണീറും കുന്നിൻകുമാരിയുടെ കുളുർമുല പുണരലും ഒക്കെയായി ഒരു നേരിയ പുഞ്ചിരി കവിയിൽ കളിയാടുന്നില്ലെ.

"ശൃംഗാരയോനിയെ ച്ചുട്ടോ രംഗാരക്കണ്ണു നോക്കിലോ
ശൃംഗാരം കണി കാണ്മാനില്ലങ്ങോരങ്ങിനെ യല്ലയോ?"

എന്ന വെണ്മണിയുടെ ശ്ലോകം ഇവിടെ അനുസ്മർത്തവ്യമാണു്. എന്നാൽ എന്തൊരു സൌകുമാര്യമാണു് പദ്യത്തിൽ തിരതല്ലുന്നതെന്നോർത്തു ആരും പുളകം കൊള്ളും. ശബ്ദാർത്ഥങ്ങളുടെ രസസമ്മേളനം ഈ കാവ്യത്തിലുടനീളം ഓളം തള്ളുന്നതിൻെറ തുടക്കം ഇതിൽ കാണാം.

ഈ പദ്യത്തിൻെറ വ്യാഖ്യാനത്തിൽ പൂർവ്വവ്യാഖ്യാതാക്കൾ എല്ലാം 'കരോടി' എന്നതിന്നു 'തലയോടു' എന്നു വ്യാഖ്യാനിച്ചു കാണുന്നു. അതു തെററാണു്. കപാലശബ്ദം വീണ്ടും ഉള്ളതുകൊണ്ടു പുനരുക്തിദോഷം വരുമെന്നതു പോട്ടെ, ശിവൻെറ ശിരസ്സിൽ തലയോടു് ധരിച്ചതായി ഒരു ധ്യാനത്തിലും കണ്ടിട്ടില്ല. കയ്യിൽ കപാലം പ്രസിദ്ധ

മാണു്. കരോടി എന്നതിന്നു് മുടിമാല എന്നാണു് തമിഴിൽ അൎത്ഥം. കരോടം എന്നാൽ തലയോട്ടു് എന്നൎത്ഥമുണ്ടു്. എന്നാൽ 'കരോടി' 'കരോടികൈ' എന്ന രണ്ടു രൂപങ്ങൾക്കും മുടിമാല എന്നാണൎത്ഥം ഇതു് എ. വിശ്വനാഥപ്പിള്ളയുടെ തമിഴ്–ഇംഗ്ലീഷ്നിഘണ്ടുവിൽ (1908–ൽ അച്ചടിച്ചതു്) 214–ാംപേജിൽ അൎത്ഥം കൊടുത്തിട്ടുള്ളതാകുന്നു. ബഹുഭാഷാപണ്ഡിതനായ എളങ്കുളം ഇതു കാണാത്തതു് ആശ്ചൎയ്യമായിരിയ്ക്കുന്നു!

2

ശ്രീകണ്ഠസ്സ്വയമാനയായ് കരിണിയായ് കാന്ത്യാ മലകന്നിതാ–
നാബദ്ധപ്രണയേന ചേൎന്നിരുവരും കാട്ടിൽ കളിക്കുന്ന നാൾ
ഉണ്ടാനോരു കരീന്ദ്രചാരുവദനം വന്ദിച്ചു ഞാൻ കോലിനേൻ
മുണ്ടെക്കൽ തകു മുണ്ണുനീലിവിഷയേ സന്ദേശകൎണ്ണാമൃതം.

അൎത്ഥം:—സ്വയം=തന്നത്താൻ. കരിണി=പിടിയാന. കാന്ത്യാ=ഭംഗിയിൽ. കന്നി=കന്യക. ആബദ്ധം=കെട്ടപ്പെട്ടതു്. പ്രണയം=സ്നേഹം. ഉണ്ടാനോരു=ഉണ്ടായ. കരി=ആന. ഇന്ദ്രൻ=ശ്രേഷ്ഠൻ. ചാരു=മനോഹരം. വദനം=മുഖം. കോലിനേൻ=തുടങ്ങുന്നു. തകും=ചേരും. കൎണ്ണാമൃതം=കാതിന്നു് അമൃതമായതു്.

സാരം:—ശിവൻ ആനയായും പാൎവ്വതി പിടിയാനയായും അന്യോന്യപ്രേമത്തോടെ രണ്ടാളും ചേൎന്നു് കാട്ടിൽ കളിക്കുന്ന സമയത്തു് ഉണ്ടായവനും, ഗജമുഖനുമായ ദേവനെ വന്ദിച്ചു് മുണ്ടെക്കൽ വീട്ടിൽ വസിയ്ക്കുന്ന ഉണ്ണുനീലിയെന്ന സുന്ദരിയെ വിഷയമാക്കി കൎണ്ണാമൃതമായിരിയ്ക്കുന്ന സന്ദേശകാവ്യം ചമയ്ക്കുന്നു. ഗണപതിയെ 'കരീന്ദ്രചാരുവദനം' എന്നു് വിശേഷിപ്പിച്ചതിന്റെ ഔചിത്യം പ്രശംസാൎഹമാണു്. ആനയായി കളിയ്ക്കുമ്പോൾ ജനിച്ച കുട്ടി എന്നതിനെ, ആ പദം, സ്വയം സ്ഫുടമാക്കിച്ചെയ്യുന്നു. 'കരിണി' എന്ന പദവും അൎത്ഥഗൎഭമാണു്. കാമശാസ്ത്രപ്രകാരം ഹസ്തിനീവൎഗ്ഗസ്ത്രീ, കാമാധികൃതത്തെ കുറിയ്ക്കുന്നു. നായികയുടെ നിറം തരം ഒക്കെ ഇവിടെ ഓൎത്തുപോവും.

അഭിപ്രായം:—അത്ര ഗൗരവമല്ലാത്ത ഒരഭിപ്രായം പറയുകയാണ്. ഗണപതിയുടെ വിഘ്നേശത്വത്തെ സ്പർശിയ്ക്കാതെ ലോകപിതാക്കളുടെ കാടൻ പ്രേമത്തെ പറഞ്ഞതു് വല്ല സൂചനയും നൽകുന്നുണ്ടോ? വേണമെന്നില്ല. എന്നാൽ, 'മാരലേഖ' തുടങ്ങിയ പരിഷ്കാരപ്പേരുകൾ വിട്ട് 'ഉണ്ണുനീലി' എന്ന നാടൻനാമം ഉപയോഗിച്ചതിൽ കുറച്ചൊരുദ്ദേശമുണ്ടെന്നു തോന്നും. 'ചക്കീചങ്കരം' 'പറങ്ങോടീപരിണയം' മുതലായവപോലെ. കൂടിയാട്ടത്തിലും പുരുഷാർത്ഥം പറയുമ്പോൾ 'ഇട്ടുണ്ണുലി' എന്ന വികൃതപ്പേരാണ് വിനോദപരമായി പ്രയോഗിയ്ക്കുന്നതു്. മററു സന്ദേശങ്ങൾ പ്രായേണ സന്ദേശഹരന്റെ നാമത്തിലാണ് കണ്ടുവരുന്നതു്. (മേഘം കോകിലം ശുകം മുതലായവ) ഇവിടെ ഉണ്ണുനീലി ഒരു സങ്കല്പസൃഷ്ടിയാണെന്ന അഭിപ്രായത്തിന്നു് ഇതും സഹായകമാണ്. ഇനി മുണ്ടക്കൽസന്ദേശം എന്നായിരുന്നു നാമമെന്ന മതവും ഇതിനെ കാര്യമായി ബാധിയ്ക്കുന്നില്ല. ഉണ്ണു, ഉണ്ണി ഈ മാററവും ഗണനീയമല്ല.

ഇനി ഒരു കാര്യം പറയാനുണ്ട്. ഈ പദ്യത്തിൽ ഉച്ചാരണകാര്യത്തിൽ ഒരു ചെറിയ ഭേദം സ്വീകരിച്ചിട്ടുണ്ട്. അതായതു് 'കാട്ടിൽ കളിക്കുന്റ നാൾ' എന്നതു് 'കളിക്കുന്ന നാൾ' എന്നാക്കിയിരിയ്ക്കുന്നു. പ്രാചീന സാഹിത്യത്തിൽ 'ന്റ' എന്ന ഉച്ചാരണം കാണുന്നിടത്തൊക്കെ 'ന്ന' എന്നേ അർത്ഥമുള്ളു. 'ന്ന' എന്ന ഉച്ചാരണത്തോട് എതിർപ്പുള്ള നമ്പൂതിരിമാരാണ് ഈ വികൃതോച്ചാ

രണം നിർമ്മിച്ചതെന്നാണ് ശ്രീ എളങ്കുളം പറയുന്നതു്. (കേരളഭാഷയുടെ വികാസപരിണാമങ്ങൾ. പേജ്_31) അങ്ങനെയാണെങ്കിൽ പൂർവ്വികന്മാർ ചെയ്ത ആ തെററ് ഞാനെന്തിനാണ് തുടരുന്നതു്? അതിനാൽ ഈ പുസ്തകത്തിൽ ഉടനീളം അതു നീക്കംചെയ്തിരിയ്ക്കുന്നു. മേലിലെങ്കിലും എളങ്കുളത്തിൻെറ ഇത്തരം ശകാരങ്ങൾ കേൾക്കാതെ കഴിയണമെന്നുള്ള ആഗ്രഹം കൂടിയാണതിന്നു കാരണം അദ്ദേഹത്തിൻെറ സർട്ടിഫിക്കററു കിട്ടിയില്ലെങ്കിലും ബ്ലാക്കമാക്ക് കൂടാതെ കഴിയ്ക്കുന്നതാവശ്യമാണു്. നിർബ്ബന്ധമുള്ളവക്ക് അതാതു സ്ഥലത്ത് പഴയപടി ഉച്ചരിക്കാൻ സ്വാതന്ത്ര്യവുമുണ്ടല്ലോ; ആരും അതെതിർക്കുകയുമില്ല.

3

ഇന്ദുക്ഷീരാഭിരാമാ മടിതൊഴുതു ഗിരാന്നായികാ മായവണ്ണം
മന്ദപ്രജ്ഞോപി മാരജ്വരപരവശനായ് ക്കോലിനേൻ ഞാ നിദാനീം
കണ്ടിക്കാർക്കൂന്തൽ കാലിൽത്തടവിന മടവാർനായികാം വാഴ്ത്തുവാനായ്
മുണ്ടെക്കൽക്കെന്നുമാക്കം കരുതിന മറിമാൻകണ്ണിയാമുണ്ണുനീലീം

അർത്ഥം:—ഇന്ദു=ചന്ദ്രൻ. ക്ഷീരം=പാൽ. അഭിരാമം=മനോഹരമായ. ഗിര്=വാക്ക്. നായിക=അധീശ്വരി. മന്ദം=ചെറിയ. പ്രജ്ഞ=ബുദ്ധി. മാരൻ=കാമൻ. ജ്വരം=പനി. പരവശൻ=ക്ഷീണിച്ചവൻ. കോലിനേൻ=ഇടങ്ങുന്നു. ഇദാനീം=ഇവിടെ. കണ്ടിക്കാർ=ഇടതിങ്ങിയ മേഘം. കൂന്തൽ=തലമുടി. മടവാർ=സ്ത്രീ. ആക്കം=പുഷ്ടി. മറിമാൻ=ചെറിയ മാൻ.

സാരം:—ചന്ദ്രൻ പാൽ ഇവ പോലെ മനോഹരമായ (വെളുത്ത) സരസ്വതിയെ വന്ദിച്ചിട്ട് മന്ദബുദ്ധിയാണെങ്കിലും കാമാർത്തനായി ഞാൻ കണ്ടിക്കാർക്കൂന്തൽ കാലിൽ തടവുന്ന സ്ത്രീരത്നവും, മുണ്ടെക്കൽ തറവാടിന്നു പുഷ്ടിയേകുന്നവളുമായ മറിമാൻകണ്ണാളായ ഉണ്ണുനീലിയെ വർണ്ണിയ്ക്കുവാൻ തുടങ്ങുന്നു.

(ശരദിന്ദു സഹസ്രകോടികല്പാം പരമാനന്ദമയീം പ്രണോമി വാചാം
എന്നു് മഹാസാരസ്വതത്തിലെ ധ്യാനം.)

അഭിപ്രായം:—കണ്ടിക്കാർ എന്നതിന്ന് കരിഞ്ചെണ്ടി എന്നല്ല നല്ലതു്; ഇടതിങ്ങിയ മേഘം എന്നാണ് (ശബ്ദതാരാവലി). കാമഭ്രാന്തൻ എന്ന് കവി തന്നെക്കുറിച്ച് തുറന്നുപറയുന്നതു്, ആവശ്യത്തിൽ കവിഞ്ഞു് തന്റെ അഭിപ്രായങ്ങൾക്ക് ഗൌരവം നല്കരുതെന്ന് വായനക്കാരെ അറിയിയ്ക്കാനല്ലേ? കാവ്യം ആസ്വദിയ്ക്കുകയല്ലാതെ അതിന്റെ കാലനിർണ്ണയം ചരിത്രചിന്ത തുടങ്ങിയ, അസ്ഥാനസ്ഥഗവേഷണങ്ങൾക്ക് ഒരു താക്കീതു് അല്ലേ ഇതു്? ആ വശ്യവചസ്സിനോട്ട് കാട്ടുന്ന ഒരപരാധമല്ലേ ഇത്തരം അരസികത? ജാരശബ്ദത്താൽ പിഴച്ചു പറയുന്നു എന്ന് ധരിപ്പിയ്ക്കുകയാവാം.

4

പൂമാതിൻ നയനാന്തഭൃംഗനളിനീ ഭൂമേസ്സുധാദീപികാ,
പൂണാരം മണികണ്ഠവെൺപലമഹീപാലൈകചൂഡാമണേഃ
പൂവമ്പൻകുലദേവതാ, പുകൾമികും മുണ്ടെക്കലമ്പുറ്റെഴും
പൂമാലക്കുഴലുണ്ണുനീലി തിരുനാൾ നീണാൾ വിളങ്ങീടുക.

അത്ഥം:—പൂമാതു്=ശ്രീഭഗവതി. നയനാന്തം=കണ്ണിന്റെ അററം. ഭൃംഗം=വണ്ടു്. നളിനീ=താമരപ്പൊയ്ക. ഭൂമേ=ഭൂമിയുടെ. സുധാ=അമൃതു്. ദീപിക=വിളക്കു്. പൂണാരം=ആഭരണം. വെൺപലമഹീപാലൻ=വെൺപലനാട്ടിലെ രാജാവു്. മഹീ=ഭൂമി. പാലൻ=രക്ഷിക്കുന്നവൻ. ചൂഡം=ശിരസ്സു്. മണി=രത്നം. പുകൾ=കീർത്തി. മികും=മികച്ച. അമ്പു്=ദയ. ഉററ=ഉള്ള. എഴുക=വർദ്ധിയ്ക്കുക. കുഴൽ=തലമുടി. നീണാൾ=വളരെക്കാലം.

സാരം:—ലക്ഷ്മീകടാക്ഷമാകുന്ന വണ്ടിൻനിരകൾക്കു് താമരപ്പൊയ്കയായും ഭൂമിയ്ക്കു അമൃതും കെടാവിളക്കും ആയും മണികണ്ഠൻ എന്ന വെൺപലരാജാവിന്നു ആഭരണവും പൂവമ്പൻ കുലദേവതയായവളും പുകൾ മികച്ച മുണ്ടെക്കൽവീട്ടിൽ അൻപുറെറഴുന്നവളും തലയിൽ പൂമാലയേന്തുന്നവളും ആയ ഉണ്ണുനീലി തിരുനാൾ നീണാൾ വിളങ്ങട്ടെ.

അഭിപ്രായം:—വെൺപലനാട്ടു് തെക്കുംകൂറാണു്. 'തിരു' ശബ്ദം ശ്രീ ശബ്ദത്തിന്റെ അൎത്ഥത്തിൽ പ്രയോഗിച്ചു കാണാറുണ്ടെന്നു തോന്നും ചില ദിക്കിൽ. ശ്രീപതി—തിരുപ്പതി; ശ്രീനീലകണ്ഠൻ—തിരുനീലകണ്ഠൻ മുതലായവ ഉദാഹരണം. അങ്ങനെയായാൽ ശ്രീ എന്നതിന്നു മംഗളം ശോഭ എന്നൊക്കെ പറയാവുന്നതിനാൽ നായികയുടെ മംഗളദിനങ്ങൾ നിലനിൽക്കട്ടെ എന്നാകാം അൎത്ഥം. തിരു എന്നതിനു് ശുദ്ധമായ, പുണ്യമുള്ള, മാനമുള്ള എന്നാണു നിഘണ്ടുവിൽ അൎത്ഥം. അപ്പോൾ, നാൾ എന്നതിനു് ദിവസങ്ങൾ, കാലം എന്നു കല്പിച്ചാൽ മതി. അതായതു് നായികയുടെ മാനനീയമായ അവസ്ഥ വളരെ കാലം വാഴട്ടെ എന്നൎത്ഥം. ഇതല്ലാതെ പ്രഭുത്വമുണ്ടായാലും ഭൎത്താവു് ആചാരവാക്കു് ഉപയോഗിക്കാൻ ഇടയില്ലായ്കയാൽ തിരുനാളിന്നു പ്രഭുത്വസൂചനയൊന്നുമില്ല; ഉണ്ടെങ്കിൽ ഹാസ്യമാണു് തീൎച്ച. തിരുമാടമ്പൻ എന്ന പോലെ; അല്ലെങ്കിൽ ചിച്ചർ തിരുമേനി എന്നു പറയുംപോലെ.

സുധാദീപിക എന്നതിനു് അമൃതദീപിക എന്നൎത്ഥം കൊടുത്തതു് ശരിയാണെന്നു് തോന്നുന്നില്ല; സുധയും ദീപികയും എന്നാണു ഭംഗി. കാമൻ കുലദേവതയാകയാലും പൂമാല ചൂടുന്നതിനാലും നായിക ദേവദാസിയാണെന്നു എളുംകുളം പറയുന്ന പൂൎവ്വപക്ഷം കുലദേവത എന്നാണു് ശരിയ്ക്കു വേണ്ടതു്. അവൾ ദേവദാസിയുമല്ല കേവലം സങ്കല്പസൃഷ്ടിയാകാനിടയുള്ള നായികക്കു മണികണ്ഠന്റെ

'പൂണാരം' എന്നു പറയുന്നതിൽനിന്നും അദ്ദേഹമായുള്ള ബന്ധം കുറച്ചുകൂടപ്പുമുള്ളതാണെന്നൂഹിയ്ക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. പൂണാരം എന്നാൽ അലങ്കാരം എന്നേ അൎത്ഥമുള്ളു. 'പൂണുക' എന്നതിന്നു 'പുല്കുക' എന്നു് അൎത്ഥം കല്പിച്ചിട്ടാണു്, രാജാവിൻെറ ഭാൎയ്യ എന്നൊക്കെ ധരിയ്ക്കുന്നതു്! പൎയ്യായങ്ങൾക്ക അവയവാൎത്ഥം സ്വീകരിയ്ക്കേണ്ട കാൎയ്യമില്ല. കാമദഹനത്തിന്നു തൊട്ടുമുമ്പു്, ശിവൻ കാമനെ നോക്കിയപ്പോൾ "വളഞ്ഞ വില്ലോടൊരു കോണിലപ്പോൾ അനംഗ നോക്കുന്നതു മങ്ക കണ്ടാൻ" എന്നു എ. ആർ. പ്രയോഗിച്ചിട്ടുണ്ടു്. അവിടെ കാമൻ അനംഗനായിക്കഴിഞ്ഞിട്ടില്ലല്ലോ. അതിനാൽ അതു വെറും പൎയ്യായമായേ എടുക്കാവൂ എന്നു സ്പഷ്ടം. അതുപോലെ 'ഗംഗാധരപ്രിയേ' എന്നു് പാൎവ്വതിയെ സംബോധന ചെയ്യുമ്പോൾ, ഗംഗാധരശബ്ദത്തിന്നു 'ശിവൻ എന്നേ അൎത്ഥമുള്ളു. അല്ലെങ്കിൽ ഗംഗയെ തലയിലേററിയവൻ എന്ന അൎത്ഥം പാൎവ്വതിക്കിഷ്ടപ്പെടാനിടയില്ലല്ലോ. ഇതുപോലെ പൂണാരം എന്നതിന്നും വെറും ആഭരണം എന്നു് ധരിച്ചാൽ മതി. രാജാവിൻെറ എന്നതിന്നു രാജ്യത്തിൻെറ എന്നാണു് പ്രകൃതാൎത്ഥം. ഏതെങ്കിലും ഒരു കലാകാരൻ ഒരു രാജ്യത്തിന്നു അലങ്കാരമാണെന്നു ഇന്നും പറയാറുണ്ടല്ലൊ; അത്രമാത്രം.

കവിയുടെ ബന്ധം, ദയിതേ തുടങ്ങിയ സംബോധനകളിൽ നിന്നും മററു പലേ കാൎയ്യങ്ങളിൽനിന്നും ഒരു സ

ഫോദരബന്ധമല്ലെന്നും വ്യക്തമാണു്. സന്ദേശഹേരന്നോട്ട അവളെ അടുത്തു ചേത്തിരുത്തി കൈ പിടിച്ചു് താലോലിയ്ക്കാൻ പറയുന്നതും ഒരു ഗുരു-ശിഷ്യബന്ധമല്ല സൂചിപ്പിയ്ക്കുന്നതു്. ഈ നിലയിൽ ഒരു കുലസ്ത്രീ എന്നവകാശപ്പെടാൻ വയ്യാത്ത അവളുടെ 'തിരുനാം' എന്ന പ്രയോഗം അല്പം പരിഹാസമെന്നു—നമ്പൂതിരിഭാഷയിൽ കലശൽക്കൂട്ടൽ എന്നു—പറയാനെന്താണു് വിരോധം? ഉണ്ണുനീലിസന്ദേശത്തിൻെറ അവതാരികയിൽ എളങ്കുളം ദേവദാസികാം വൈധവ്യം ഇഷ്ടപ്പെടാത്ത ബ്രാഹ്മണസ്ത്രീകളായിരുന്നു എന്നു് ഒരു പുതിയ സിദ്ധാന്തം ആവിഷ്കരിച്ചിരിയ്ക്കുന്നു! അതിന്നു് ചില വെള്ളക്കാരായ സഞ്ചാരികളെ സാക്ഷികളാക്കി കൃതാർത്ഥത നടിയ്ക്കുന്നു! അഹോ "സത്യാനൃതതേ വിപരീതദർശിനി" എന്ന വിശേഷണം ആ മസ്തിഷ്കചിന്തയ്ക്കെത്ര അനുയോജ്യമായിരിയ്ക്കുന്നു! ഭ്രഷ്ട്" എന്നൊന്നില്ലെന്നു തോന്നും കേട്ടാൽ! വിധവയായശേഷം തിരണ്ടുകല്യാണം നടത്താൻ നിർഭാഗ്യം കൈവന്ന ബ്രാഹ്മണവിധവകളും, എൺപതും തൊണ്ണൂറും വരെ ജീവിച്ചിരിയ്ക്കുന്നതു് കാണാൻ കണ്ണില്ലാതെ, വിദേശസഞ്ചാരികളുടെ യാത്രാകുറിപ്പിൽ തപ്പുന്നതിൻെറ കാരണം ആക്കും ഊഹിക്കാവുന്നതേയുള്ളൂ. 'സജ്ജനഭർത്സനപ്രിയത്വം' ഒന്നുതന്നെ. താൻ ബ്ലോംഫീൽഡ് ഹെഡ്സ്റ്റാണെന്നാമഹാൻ സമ്മതിച്ചതോർത്തു സമാധാനിയ്ക്കുകതന്നെ. (സർവ്വകലാശാലയിൽ മലയാളം വിഭാഗത്തിൻെറ തലവൻ താനാണെന്ന അർത്ഥ

ത്തിൽ, താനാണ 'ബ്ലാക്കഹെഡ്സ്', എന്നു് ശ്രീ എളങ്കുളം പറഞ്ഞ കഥ പ്രസിദ്ധമാണല്ലൊ) ഇതിലും എത്രയധികം യുക്തിയുണ്ടു്", 'ഇല്ലം' എന്ന പദം കൊണ്ടു് ഉണ്ണുനീലി തുടങ്ങിയ പെണ്ണുങ്ങൾ നമ്പൂതിരിസ്ത്രീകളായിരുന്നു എന്നു് പറഞ്ഞിരുന്നുവെങ്കിൽ!!

ഇനി ദേവദാസി എന്നതിൻെറ കഥ ഒന്നു പറയട്ടെ. കേരളത്തിൽ തിരുവഞ്ചിക്കളത്തൊഴിച്ചു് ദാസിയാട്ടം ഉണ്ടായിരുന്നില്ല. തെക്കൻ തിരുവിതാംകൂറിൽ ഉണ്ടായിരുന്നു എന്നതു ശരിതന്നെ. അതു തമിഴ്നാടാണല്ലൊ. തിരുവഞ്ചിക്കളത്തും പെരുമാൾഭരണം തന്നെയാവണം അതുണ്ടാവാൻ ഹേതു. ഏതായാലും അതൊരു മലയാളാചാരമല്ല. ദേവദാസികൾ എന്നാൽ തേവരടിച്ചികൾ അല്ല. കൂത്തച്ചികൾ എന്നതു് കൂത്തു് നടത്തുന്ന സ്ത്രീകൾ, അതായതു് നങ്ങ്യാന്മാർ ആണു്. ഇവരൊന്നും എളങ്കുളം പറയുമ്പോലെ വേശ്യകളല്ല. 'കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ' എന്ന തൻെറ കൃതിയിൽ എളങ്കുളം ഈ ധാരണയോടെ പല അസംബന്ധങ്ങളും പറയുന്നുണ്ടു്. നമ്പൂതിരിമാരെ ശകാരിയ്ക്കുകയാണു് ആ മനുഷ്യൻെറ ഉദ്ദേശമെന്നതിനാൽ, അതൊന്നും മറുപടി അർഹിയ്ക്കുന്നില്ല. (ഇതിനെക്കുറിച്ചു് കൂടുതൽ അറിയാൻ ശ്രീ കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിയുടെ 'ആര്യന്മാരുടെ കുടിയേററം' മൂന്നാംഭാഗം നോക്കുക) ഏതായാലും ഉണ്ണുനീലി ദേവദാസിയോ കൂത്തച്ചിയോ അല്ല. ഒരു നായർസ്ത്രീ മാത്രമാണു്.

5

വെല്ലീക്കം നിന്നഭീഷ്ടം വെളവെളെവിളയിപ്പീക്ക മക്കീർത്തിപാർമേ-
ലല്ലിത്താർമാതിനേക്കൊണ്ടയി! വിളിപണിചെയ്യിക്ക മാസ്താം പ്രലാപഃ
ഇല്ലത്തിന്നുന്നതിം തേ വിതരതി നിതരാമാകയാ ലുണ്ണുനീലി
ചൊല്ലിന്നേനെങ്കിൽ നീ കേട്ടരുളുക ദയിതേ സൂക്തിരത്നം മദീയം.

അർത്ഥം:—വെല്ലീക്കം=വിജയിക്കും. പാർമേൽ=ഭൂമിയിൽ. അല്ലിത്താർമാതു്=ശ്രീഭഗവതി. അയി!=സംബോധന (വിളി). പണിയിക്കുക=ദാസ്യപ്രവൃത്തി ചെയ്യിക്കുക. ആസ്താം=നിൽക്കട്ടെ. പ്രലാപഃ=വെറുംവാക്കുകൾ. ഉന്നതി=ഉയൎച്ച. തേ=നിനക്കു്. വിതരതി=തരുന്നു. നിതരാം=ഏററവും. ദയിതേ=ഭാൎയ്യ. സൂക്തി=വാക്കു്. മദീയം=എന്റേതു്.

സാരം:—ഹേ ദയിതേ, ഉണ്ണുനീലി, നിന്റെ അഭീഷ്ടം (ആഗ്രഹം) വിജയിക്കും. യശസ്സു് ഭൂമിയിൽ വെളുവെളെ വിളയിപ്പിക്കും. കീൎത്തി കൊണ്ടു് പാരിടം വെളുക്കുമെന്നു് ചുരുക്കം. ലക്ഷ്മീദേവിയെക്കൊണ്ടു് ദാസ്യവൃത്തി ചെയ്യിക്കും. എന്തിനു് വെറുതെ അതുമിതും പറയുന്നു? നിന്റെ ഗൃഹത്തിന്നു് ഏററവും ഉയൎച്ച നൽകും. അതുകൊണ്ടു് ഉണ്ണുനീലി എന്നാൽ ഞാൻ പറയാം. പ്രിയേ! നീ എന്റെ സൂക്തിരത്നം കേൾക്കുക.

അഭിപ്രായം:— ഈ പദ്യം 'വെള്ളിക്കുന്നിൻറഭീഷ്ടം എന്ന അബദ്ധപാഠമാണ് എളങ്കുളം സ്വീകരിച്ചുകാണുന്നതു്. എന്നാൽ, ശുദ്ധപാഠം അറിയാഞ്ഞല്ല, പിഴച്ച പാഠമേ കൈക്കൊള്ളുകയുള്ളുവെന്നു് നിർബ്ബന്ധമുള്ള പോലെയാണ് അദ്ദേഹത്തിന്നു്. 'വിപരീതദർശന' ശക്തി തന്നെ. ഇതിലെ 'ദയിതേ' എന്ന സംബുദ്ധി നായികയോടല്ലെന്നും മററും വലിയ കോലാഹലമൊക്കെയുണ്ടു്. അതൊന്നും ഇവിടെ സ്പർശിക്കുന്നില്ല. പൂമാലയുടെ സൌരഭ്യംകൊണ്ടു് വണ്ടുകൾ മുടിയുടെ ചുററും സഞ്ചരിക്കുന്നതായി കവിസങ്കേതം ഉണ്ടു്.

"അമരീ കബരീഭാരഭ്രമരീ മുഖരീകൃതം
ദൂരീകരോതു ദുരിതം ഗൌരീചരണപങ്കജം."

എന്നു് അമരുകശതകം കാണുക.

ഈ ശ്ലോകത്തിൽ കവിയുടെ ഉദ്ദേശത്തെക്കുറിച്ചു് ഒരഭിപ്രായം പറയാൻ തോന്നുന്നു. നായികയുടെ കീൎത്തി വൎദ്ധിപ്പിയ്ക്കുകയാണെന്നും മററും പൂൎവ്വവ്യാഖ്യാതാക്കൾ പലേ അഭിപ്രായവും ഉന്നയിയ്ക്കുന്നുണ്ടു്. എനിയ്ക്കതിലൊന്നും പറയാനില്ല; എന്നാൽ, നൂതനമായ ഒരു സിദ്ധാന്തം ആവിഷ്കരിയ്ക്കാനുണ്ടു്.

കവി ഒരു വീരവാദം പുറപ്പെടുവിയ്ക്കുന്നുണ്ടു്. തന്റെ സൂക്തികൊണ്ടു് നായികയ്ക്കു ശ്രേയസ്സു് അത്യന്തം വൎദ്ധിപ്പിക്കാമെന്നു്! അപ്പോൾ വാസ്തവത്തിൽ അതില്ലാത്തിടത്താണല്ലൊ അതിന്നു ശ്രമിയ്ക്കേണ്ടതു്. തന്റെ കാവ്യംകൊണ്ടു് വേണം അവൾക്കു പേരെടുക്കുവാനെന്നു വന്നാൽ, സ്വതവേ യാതൊരു പ്രത്യേകതയുമില്ലാത്ത ഒരു നാടൻപെണ്ണാണവൾ എന്നു് വ്യക്തമാണല്ലൊ. നമ്മുടെ ഗവേഷകന്മാർ കോലാഹലം കൂട്ടുംപോലെ, ഒരു പ്രഭ്വിയൊന്നുമല്ല അവൾ. കവിയുടെ ശുപാൎശകൊണ്ടേ അവൾക്കു സാഹിത്യത്തിൽ പ്രവേശമുള്ളൂ. ഇങ്ങിനെ ഒരു ശ്രമത്തിന്നു് കവിയെ പ്രേരിപ്പിച്ചതെന്താവാം? ഇന്നുള്ളവൎക്കു ഊഹിയ്ക്കുവാനേ തരമുള്ളൂ. എന്റെ ഊഹം ഇതാണു്.

ശുകസന്ദേശത്തെ അനുകരിച്ചായിരിയ്ക്കാം, അനേകം നിസ്സാരകവികൾ തങ്ങളുടെ പ്രേമാദരങ്ങൾക്കു് പാ

ത്രീഭൂതകളായ ഓരോ യുവതികളെക്കുറിച്ച് ഇതുതുരെ അക്കാലത്തു് സന്ദേശങ്ങൾ നിർമ്മിച്ചു തുടങ്ങിയിരിയ്ക്കണം. അങ്ങിനേയുള്ള നാലാംതരം കവികളുടെ, ദുഷ്കവിതകളെകൊണ്ടു് നാട്ടുകാർ പൊറുതിമുട്ടിയപ്പോൾ, അവരെ ഒന്നു നിലയ്ക്കു നിറുത്താൻ നമ്മുടെ കവി ഒരു ക്രൂരമ്പു്തൊടുത്തു വിട്ടതാവാം ഈ കവനതല്ലജം. അടുത്തകാലത്തു് നാടകങ്ങളുടെ ഒരു ഘോഷയാത്ര ഉണ്ടായപ്പോൾ ചക്കീചങ്കരം എന്ന രാമബാണം പുറപ്പെട്ടതു് ഏവരും ഓർമ്മയല്ലൊ. അതുപോലെ, നോവലുകളുടെ വെള്ളപ്പൊക്കം തടുക്കാൻ 'പറങ്ങോടീപരിണയം' എന്ന ചിറ ആവിർഭവിച്ചതും ആരും മറന്നിരിയ്ക്കാനിടയില്ലല്ലൊ. ഇതുപോലെ, സന്ദേശകാവ്യങ്ങളുടെ ഒരു പേമാരി തടുക്കാനുണ്ടായ ഉദ്യമമായിരുന്നു ഇതെന്നാണു് യുക്തിപൂർവ്വം ചിന്തിച്ചാൽ അക്ഷം തോന്നുക. എന്നാൽ കാലപ്രവാഹത്തിൽ, അനുകരിക്കപ്പെട്ട ദുഷ്കവിതകളൊക്കെ വിലയിയ്ക്കുകയും അനുകരണം അവശേഷിയ്ക്കുകയും ചെയ്തു. അതിനു കാരണം വശ്യവചസ്സായ കവിയുടെ കവനപാടവം മാത്രമാണു്.

ശുകസന്ദേശത്തിനോടു് ഇതിനുള്ള അകന്ന ബന്ധവും ഈ അഭിപ്രായത്തെ സാധൂകരിയ്ക്കുന്നുണ്ടു്. ഇതതിന്റെ നേരിട്ടുള്ള ഒരു ഹാസ്യാനുകരണമല്ല. എന്നാൽ മുൻപറഞ്ഞപോലെ ഇവയെ ബന്ധിപ്പിയ്ക്കുന്ന ചില കണ്ണികൾ കാലക്രമത്തിൽ നശിച്ചുപോയതായി ഊഹിയ്ക്കുവാൻ ധാരാളം വക നല്കുന്നുമുണ്ടു്. ഈ പ്രകൃതം ഇത്രമതി.

പൂർവ്വഭാഗം.

1

തണ്ടാർമാതാണ്ടഴകുപൊഴിയും മിക്ക മുണ്ടക്കൽ മേവും
വണ്ടാർകോലക്കഴലികൾശിഖാ മുണ്ണുനീലീ മുദാരാം
കൊണ്ടാടിപ്പൂണ്ടരുണമണിവാകൊണ്ടുകൊണ്ടാത്തരാഗം
പണ്ടേപോലെ പരമനുഭവം കോപി കാമീ ജഗാമ.

വ്യാഖ്യാതൃശ്ലോകം.

കടാക്ഷദഗ്ധാംഗജമേവ കാന്തം കടാക്ഷമാത്രാംഗജദഗ്ധ മേവം
കരോതി യാസാശ്രിതകല്പവല്ലീ കരോതു ഗൌരീകരുണാകടാക്ഷം

അർത്ഥം:—തണ്ടാർമാതു്=ലക്ഷ്മീ. മിക്ക=മികച്ച. വണ്ടാർ=വണ്ടാന്ന. കോലക്കഴലി=മനോഹരമായ തലമുടി. ശിഖാ=സീമന്തരത്നം. ഉദാരാ=ശ്രേഷ്ഠാ. കൊണ്ടാടി=ലാളിച്ചു്. പൂണ്ടു്=ആലിംഗനം ചെയ്തു്. അരുണമണിവാ = ചുകന്ന ചുണ്ടു്. കൊണ്ടുകൊണ്ടു് = ആസ്വാദിച്ചാസ്വാദിച്ചു്. ആത്തം=പ്രാപിച്ചതു്. പരം=ശ്രേഷ്ഠം. കോപി=ഒരു. ജഗാമ=പ്രാപിച്ചു.

സാരം:—ലക്ഷ്മീദേവിയെപ്പോലെ സൌന്ദര്യവതിയും പേരുകേട്ട മുണ്ടക്കൽ വസിയ്ക്കുന്നവളും കാർവേണീമണിയും ശ്രേഷ്ഠയുമായ ഉണ്ണുനീലിയെ ലാളിച്ചാലിംഗനം ചെയ്തുകൊണ്ടും, തൊണ്ടിപ്പഴം തോററ ചെഞ്ചുണ്ടു് സാനുരാഗം വീണ്ടും വീണ്ടും ആസ്വാദിച്ചുകൊണ്ടും ഒരു കാമി പതിവുപോലെ പരമമായ ആനന്ദം പ്രാപിച്ചു.

അഭിപ്രായം:—തണ്ടാർമാതു് ശ്രീയാണല്ലോ. കാവ്യാരംഭം ശ്രീശബ്ദംകൊണ്ടു് തുടങ്ങുന്നതു മംഗളമാണു്. അവസാനം ലക്ഷ്മീശബ്ദവും ഉണ്ടു്. ഒരു കാമി എന്ന പ്രയോഗം ശ്രദ്ധേയമാണു്. വലിയ ഗൌരവം പാത്രങ്ങൾക്ക കല്പിയ്ക്കുണ്ടെന്നു സാരം. ഏതു കൃതിയിലും ഗ്രന്ഥകാരൻെറ കാലദേശാവസ്ഥകൾ നിഴലിയ്ക്കുന്നതു് സ്വാഭാവികമാണു്. മാത്താണ്ഡവമ്മയിൽ രാജാവും തമ്പിയുമൊക്കെ ചരിത്ര

സത്യമാണ്. പക്ഷെ പാറുകുട്ടിയും പടത്തലവനും സങ്കല്പസൃഷ്ടിയാണ്. അവരെച്ചൊല്ലി ഒരു വിവാദത്തിലേപ്പെടേണ്ടതില്ല. അനന്തപത്മനാഭൻ വെട്ടേററു് വീണ സ്ഥലവും രാശിയും ഒക്കെ അന്വേഷിച്ച് ആരും പഞ്ചവൻകാട്ടിൽ പോവാനോ പ്രശ്നം വെയ്ക്കാനോ ഒരുങ്ങിക്കെട്ടിട്ടില്ല. എളങ്കുളം ആ രീതിയിൽ ശ്രമിയ്ക്കുന്നതിന്ന് ഉദാഹരണം മേൽക്കാണാം. ഗവേഷകർ കടുത്തുരുത്തിയ്ക്കുള്ള വഴികൂടി വരച്ചു് കാട്ടുന്നു! ഇതു അരസികതയുടെ മൂർദ്ധന്യാവസ്ഥയാണ്. നീവീസ്രംസനവേളയിൽ വാസസ്സിന്റെ മൂല്യം ചോദിയ്ക്കലാണതു്. ഉണ്ണുനീലി, നായകന്നു പരിചയമുള്ള ഏതോ പെണ്ണാവാം. പരമാവധി അത്രയേ ഉള്ളൂ.

തണ്ടാർമാതു് എന്നതിന്നു 516 എന്ന പരൽപ്പേർ എളങ്കുളം എടുത്തുകാട്ടി കാലം ഗണിയ്ക്കുന്നു. 'തു്' എന്ന അക്ഷരം കളഞ്ഞാലെ അതു പാറു. അപ്പോൾ 'തണ്ടാർമാ' എന്നു, കബന്ധവാക്കാണു ശേഷിയ്ക്കുക. ഇതിന്റെ യുക്തി എന്തോ! ഏതായാലും തന്റെ ചില വിദഗ്ദ്ധസൂക്തികൾ ശരിയ്ക്കു ഗ്രഹിയ്ക്കാതെ അരസികശിരോമണികളായ ഭാവിഗവേഷകർ ഭൂമിശാസ്ത്രപഠനത്തിന്നും ചരിത്രചിന്തയ്ക്കും വിഷയമാക്കുമെന്നു ആ വശ്യവചസ്സ് സ്വപ്നേപി ഓർത്തിരിയ്ക്കില്ല.

2

വക്ഷോപാന്തേ സുരതകലഹവ്യാകുലാന്താം വഹന്തം
യക്ഷീ കാചിൽ പുനരമു മുറങ്ങുന്നനേരം നിനായ
ദക്ഷാ ചാലച്ചതിയിൽ മദനോന്മാദിനീ ദക്ഷിണാശാം
രക്ഷോരാജന്നിലയ സഹജാ ലക്ഷ്മണം രാക്ഷസീവ.

അത്ഥം:— പക്ഷോപാന്തം=മാത്തട്ട്. സുരതകലഹം = മാ് പ്പോര്. വ്യാകുലാ=പരവശ. വഹന്തം=എടുക്കുന്നവനെ. കാചിൽ=ഒരു. പുനഃ=പി ന്നെ അമും=ഇവനെ നിനായ=നയിച്ചു. ദക്ഷാ=സമർത്ഥാ. ചാലച്ചതീ= കൊട്ടംചതി. മദനോന്മാദിനീ=കാമഭ്രാന്തു് മൂത്തവാം. ദക്ഷിണാശാ=തെ ക്കൻദിക്ക്. രക്ഷോരാജൻ=രാക്ഷസരാജൻ (രാവണൻ) സഹജാ=അനുജ ത്തി. (സഹ=ഒപ്പം. ജാ=ജനിച്ചവാം) ഇവ=പോലെ.

സാരം:—ആ സമയത്തു്, മാരപ്പോരിൽ മയങ്ങിക്കിടക്കുന്ന നായിക യെ മാററു കിടത്തി ഉറക്കുന്ന അവനെ, കാമഭ്രാന്തു മൂഴുത്ത ഒരു സമർത്ഥ യായ യക്ഷി, കൊട്ടംചതികൊണ്ടു്, രാവണൻെറ കൊച്ചുപെങ്ങളായ രാ ക്ഷസി ലക്ഷ്മണനെ എന്നപോലെ തെക്കോട്ടു് എടുത്തുകൊണ്ടു് ഓടി.

അഭിപ്രായം: എന്തൊരു വാഗ്ധോരണി! ശബ്ദ ജാലം അഹമഹമികയാ തള്ളി വരുന്ന കവി, കേരളകാളി ദാസബഹുമതിക്കു്, കനിഷ്ഠികാധിഷ്ഠിതനെന്നു് ആരാണു സമ്മതിക്കാത്തതു്! അതികാമിയായ രാവണൻെറ 'സ ഹജ' എന്ന വിശേഷണം മദനോന്മാദിനി എന്ന ബിരുദ ത്തിന്നു എത്ര യോജിച്ചിരിക്കുന്നു! സഹജാശബ്ദം അത്ഥ ഗർഭമായിരിക്കുന്നു.

ഇനി ഈ കിടപ്പൊന്നു സങ്കല്പിക്കുക. താഴത്തു കിട ക്കുന്ന ചങ്ങാതിയെ വലിച്ചെട്ടത്തോട്ടമ്പോഴും നായികയു ടെ ഗാഢനിദ്രയും ഒക്കെ നമ്മുടെ ഗവേഷകരെ ഒഴിച്ചു മ റെറതൊരു സഹൃദയനേയും ചിരിപ്പിയ്ക്കാതിരിക്കുമോ? ഇ തു ഉള്ളിൽ ഒത്തു് വിഷമിച്ചിട്ടോ എന്തൊ, ശ്രീ. വേലു പ്പിള്ളശാസ്ത്രി, ഇവിടെ നായികാനായകന്മാക്കു വാഹ്യവാ ഹകഭാവം ഇല്ലെന്നു സമത്ഥിയ്ക്കാൻ ശ്രമിക്കുന്നു! പക്ഷെ ഈ അപഹരണകഥകൊണ്ടു നായികാനായികന്മാരും വി രഹകഥയുമൊക്കെ സങ്കല്പമാവാമെന്നു കവി സൂചിപ്പിക്കു

ന്നതായി അദ്ദേഹം സമ്മതിക്കുന്നുമുണ്ട്. രാവണന്റെ കൊച്ചുപെങ്ങൾ എന്ന എഴുത്തുമ്പോൾ കവിയുടെ മുഖം ഏതായാലും പണ്ഡിതന്മാരുടേതുപോലെ ഗൌരവം പൂണ്ടിരിക്കില്ല തീർച്ച. യക്ഷിയെ ഏതായാലും, ഗവേഷണത്തിൽ നിന്നു എല്ലാവരും ഒഴിവാക്കിട്ടുണ്ട്. ആ ശ്രീമതിയുടെ ഭാഗ്യം! ശുകസന്ദേശത്തിലെ ആദ്യപദ്യം ഇവിടെ ഓക്കാൻ രസമുണ്ട്. ആ കാവ്യത്തോടുള്ള അകന്ന ചാർച്ച ഇതിലുടനീളം കാണാം. ശൂർപ്പണഖ ലക്ഷ്മണനെ എടുത്തോടുന്ന പുരാണകഥ പോലെ ഇതും കവിസങ്കല്പമാണെന്നു വ്യക്തം.

വ്യാഖ്യാതാക്കന്മാരെ മൊത്തത്തിൽ ചിത്രീകരിക്കുന്ന ഒരു ശ്ലോകം ഭോജദേവകൃതമായ 'പാതംജലയോഗസൂത്രവൃത്തി' എന്ന ഗ്രന്ഥത്തിലുണ്ട്. ഇത്രയും സ്വഭാവോക്തി തികഞ്ഞ ഒരു പദ്യം അധികം കാണില്ല. അതു എല്ലാവരും അറിഞ്ഞിരിക്കേണ്ടതാകയാൽ ഇവിടെ പകർത്തുന്നു.

> ദുർബോധം യദതീവ തദ്വിജഹതി
> "സ്പഷ്ടാർത്ഥ" മിത്യുക്തിഭിഃ
> സ്പഷ്ടാർത്ഥേഷ്വപി വിസ്തൃതിം വിദധതി
> വ്യർത്ഥൈഃ സമാസാദികൈഃ
> അസ്ഥാനേ ऽനുപയോഗിഭിശ്ച ബഹുഭി
> ർജ്ജല്പൈർഭ്രമം തന്വതേ
> ശ്രോതൄണാമിതി വസ്തുവിപ്ലവകൃതഃ
> സർവ്വേ ऽപി ടീകാകൃതഃ.

അർത്ഥം ഗ്രഹിക്കാൻ വളരെ പ്രയാസമുള്ള ഘട്ടത്തിൽ വേണ്ടതൊന്നും പറയാതെ 'സ്പഷ്ടാർത്ഥമാണ്' എന്നു പ

റഞ്ഞു ആ ഭാഗം വിട്ടുകളയുന്നു. നേരെമറിച്ച് വ്യാഖ്യാനത്തിൻെറ സഹായമൊന്നും കൂടാതെതന്നെ കാര്യം മനസ്സിലാക്കാവുന്ന ഘട്ടത്തിൽ, പ്രകൃതത്തിൽ യാതൊരാവശ്യവുമില്ലാത്ത സന്ധി, സമാസം, രസം, അലങ്കാരം, വൃത്തം, തുടങ്ങി അനേകം കാര്യങ്ങൾ, അവയുടെ പ്രമാണങ്ങൾ, ഇതെല്ലാം എടുത്തുപറഞ്ഞു് വളരെ വിസ്തരിച്ച് വ്യാഖ്യാനം എഴുതുന്നു. ഒരാവശ്യവുമില്ലാതെ, താൻ പറഞ്ഞതായ ചില കാര്യങ്ങളിൽ (സമാസാലങ്കാരാദികളിൽ) അനേകം പൂർവ്വപക്ഷങ്ങൾ എടുത്തു കാണിയ്ക്കുകയും അവയ്ക്കൊക്കെ സമാധാനം പറയുകയും. ഇങ്ങിനെ വളരെയേറെ അസംബന്ധപ്രലപനംകൊണ്ടു് കേൾക്കുന്നവർക്കു് അല്ലെങ്കിൽ വായനക്കാർക്കു് ഭ്രമം ഉണ്ടാക്കിത്തീർക്കുന്നു. ചുരുക്കത്തിൽ മൂലഗ്രന്ഥത്തിൻെറ അർത്ഥഗ്രഹണത്തിന്നു സഹായമാവുമെന്നാശിച്ച് വ്യാഖ്യാനത്തെ ആശ്രയിയ്ക്കുന്ന സാധുക്കൾക്കു സർവ്വത്ര കുഴപ്പം ഉണ്ടാക്കുന്നവരാണു് എല്ലാ വ്യാഖ്യാതാക്കളും.

നോക്കുക! ഇത്ര നല്ല ഒരു ചിത്രീകരണം കാണുമോ? ഏതു വ്യാഖ്യാതാവാണു് (ഇതെഴുതുന്നാൾ ഉൾപ്പടെ) ഇതിൽനിന്നു് ഒഴിവാവാനുള്ളതു്? ശ്രീ എളങ്കുളത്തിൻെറ വ്യാഖ്യാനം, ഇതിനെ അക്ഷരംപ്രതി സാധൂകരിയ്ക്കുന്നതായി കാണാം ഒന്നു കണ്ണോടിച്ചാൽ!

'ശബ്ദജാലം മഹാരണ്യം ചിത്തഭ്രമണകാരണം'

എന്നു് ആചാര്യസ്വാമികൾ വിവേകചൂഡാമണിയിൽ പറഞ്ഞതു് എത്ര ശരിയായിരിയ്ക്കുന്നു! എല്ലാ വ്യാഖ്യാതാ

ക്കൾക്കും ഭോജദേവൻ എന്നെന്നും പ്രാതഃസ്മരണീയനാണെന്നു സമ്മതിച്ചേ തീരൂ.

3

സ്യാനന്ദൂരേ ബത! പുരവരേ ചെന്നനേരത്തുണൎന്നാ-
നാനന്ദത്തോടിഹ വിരഹിതോ വേറിരുന്നുണ്ണുനീലീം.
ശോകോന്മാദം മനസി കനമുണ്ടാകിലും മന്ത്രശക്ത്യാ
മുക്തോ ദൈവാൽ പുനരവളുടേ കയ്യിൽനിന്നേഷ കാമീ.

അൎത്ഥം:—സ്യാനന്ദൂരം=തിരുവനന്തപുരം. ഇഹ=ഇവിടെ. വിരഹിതഃ=വേർപെട്ടവൻ. ശോകോന്മാദം=വ്യസനംകൊണ്ടു പേയ് പിടിച്ചവൻ. മനസി=മനസ്സിൽ. മുക്തൻ=മോചിപ്പിയ്ക്കപ്പെട്ടവൻ. ദൈവാൽ=ദൈവാധീനത്താൽ. ഏഷ=ഇവൻ. ബത!=അഹോ!

സാരം:— ആ കാമി തിരുവനന്തപുരത്തെത്തിയപ്പോൾ ഉണൎന്നു. ദുഃഖിതനും നായികയെ വേർപെട്ടതിനാൽ മനസ്സിൽ ശോകാവേശംകൊണ്ടു കനം പിടിച്ചവനും ആയിരുന്നു. എന്നാലും ദൈവാധീനത്താൽ അവളിൽനിന്നും ഒരുവിധം മന്ത്രശക്തികൊണ്ടു രക്ഷപ്പെട്ടു. ആശ്ചൎയ്യം!

അഭിപ്രായം:—കടുത്തുരുത്തി നിന്നു് പാതിരാക്കു് തിരുവനന്തപുരംവരെ ഉറങ്ങി ചെട്ടെന്നുണൎന്ന കഥ ഫലിതമെന്നും ചിരിക്ക വക നല്കുന്നുവെന്നും വേലുപ്പിള്ള പറയുന്നു. മററുള്ളവരുടെ ഗൌരവം അദ്ദേഹത്തിന്നില്ല. ഭാഗ്യം! എത്ര പൊക്കത്തിൽനിന്നായിരിയ്ക്കാം വീണതു് എന്നു ഗവേഷണം നടത്താവുന്നതാണു്. വലിയ പരിക്ക ഒന്നും പററാത്ത സ്ഥിതിക്ക പണ്ടത്തെ ചോളദേശത്തെ ആനകളോളം പൊക്കത്തിൽനിന്നാവില്ല. വള്ളത്തോൾ പറഞ്ഞ ഒരു കഥയാണു് സൂചിതം. അരസികതയെക്കുറിച്ചോൎത്തതിനാൽ ഈ പ്രകൃതത്തിലതു പകൎത്തുകയാണു്. ക്ഷമിക്കുക. മഹാകവി ഒരിക്കൽ ഒരരസികസമിതിയിൽ ഒരു പദ്യം ചൊല്ലിയത്രെ.

ചോളദേശ ഗജേന്ദ്രാണാം ഔന്നത്യം കേന വർണ്ണ്യതേ?
പുരീഷം തു ഗുദാൽ ഭ്രഷ്ടം ഷൺമാസേന പതത്യധഃ.

പാനേങ്കളിയിൽ ചൊല്ലാറുള്ളതാണു്. ചുരുക്കം ഇതാകുന്നു. "ചോളനാട്ടിലെ ആനകളുടെ പൊക്കം ആർക്കു പറയാൻ കഴിയും? പിണ്ടമിട്ടാൽ ആറു മാസംകൊണ്ടേ അതു നിലത്തു വീഴൂ!" പക്ഷെ ഇതു കേട്ട സദസ്സ് ചിരിച്ചില്ല. അവർ അതിന്റെ സാധുതയെ ചോദ്യംചെയ്തുവത്രെ! ഒരു പിണ്ടം ആറു മാസം സഞ്ചരിയ്ക്കാൻ വേണ്ടി വരുന്ന ദൂരം ചിലർ കൃത്യമായി ഗണിച്ചു കണക്കാക്കി! ഒരു ജീവിയും കഴിഞ്ഞ യുഗങ്ങളിൽപോലും അത്രയും ഉയരം ഉണ്ടാവാൻതരമില്ലെന്നു് ജന്തുശാസ്ത്രംകൊണ്ടു സമർത്ഥിച്ചു! ഇരുപതാംനൂററാണ്ടിൽ ഇതാരും വിശ്വസിക്കയില്ലെന്നു തീർത്തുപറഞ്ഞു! എളങ്കുളത്തിന്റെ ചില ഗവേഷണം (ഈഘട്ടത്തിലുള്ളവ) എന്നെ ആ പഴയ കഥ അനുസ്മരിപ്പിച്ചുവെന്നുമാത്രം.

4

അല്ലിത്താർമാതണയ മരുവും പത്മനാഭ നുപാന്തേ
മെല്ലെത്താണേ അവനിയിൽ പ്പശ്ചവേ ചെന്നിരുന്നാൻ
അല്ലൽപ്പെട്ടാൻ നിജ സഹചരീം വേറിരുന്നേററ മേററാൻ
മുല്ലപ്പൂവിൻപരിമളമെഴും തെന്നൽ തീയെന്നപോലെ.

അർത്ഥം:—അല്ലിത്താർമാതു്=ലക്ഷ്മീദേവി. അണയ=അരികിൽ. മരുവുക=വസിക്കുക. പത്മനാഭൻ=നാഭിയിൽ പത്മമുള്ളവൻ. നാഭി=പൊക്കിൾ. പത്മം=താമര. ഉപാന്തം=സമീപം. അവനി=ഭൂമി. പശ്ചവേ=പതുക്കെ. അല്ലൽ=ദുഃഖം. സഹചരി=ഒപ്പം ചരിയ്ക്കുന്നവൾ (ഭാര്യ) പരിമളം=സുഗന്ധം. തെന്നൽ=കാററു്. നിജ=സ്വന്തം.

സാരം:— ആ കാമി ശ്രീപത്മനാഭസ്വാമിയുടെ ക്ഷേത്രപരിസരത്തിൽ, ലക്ഷ്മീദേവി നിവസിക്കുന്നിടത്തു മെല്ലെത്താണു് ഭൂമിയിൽ ചെന്നിരുന്നു. തന്റെ പ്രേയസിയെ വേർപിരിഞ്ഞു് വളരെ ദുഃഖിച്ചു. മുല്ലപ്പൂവിന്റെ സുഗന്ധം പരത്തുന്ന കാററു് തീ പോലെ ഏററു.

“മാലതീമലരാൽ തീർത്ത മാല തീജ്വാല പോലെയായു്
മാ ലതീവ വളർത്തുന്നു മാലതീ യെങ്ങു പോയി നീ”—എന്ന പ്രയോഗം വിരഹാവസ്ഥയിലെ നില കാട്ടുന്നു.

അഭിപ്രായം:—കവി നായകനെ പാരിച്ച്യൂട്ടിലെന്നപോലെ പതുക്കെ നിലത്തിറക്കിയിരുത്തുന്നു. അയാൾക്കു സുഗന്ധവാഹിയായ മന്ദാനിലൻ തീജ്വാല പോലെ തോന്നി. പത്മനാഭൻ എന്ന പദവും അല്ലിത്താർമാതു് എന്നതും ഇണക്കിയതിന്റെ ഔചിത്യം നോക്കുക! നാഭിയിൽ പുഷ്പം. പുഷ്പത്തിൽ ലക്ഷ്മി! അപ്പോൾ അണയ എന്ന പദത്തിന്റെ രസം പൂർത്തിയായി.

5

“അമ്മേ! ദേശം പുനരിവിടമേതേതു നാടെന്നു”മെല്ലാം
ദിങ്ങ്മോഹാർത്തം പുനരവനുടെ ചിത്ത മുന്മീലയന്ത്യഃ
“നന്മസ്ഥായു് നീ നിഖിലജഗതാം പത്മനാഭാ! മുരാരേ!
ചിമ്മീടാതെ തിരുനയന”മെന്നുദ്ഗതാ വന്ദിവാചഃ.

അർത്ഥം:—അമ്മേ=ആക്രോശം. പുനഃ=പിന്നീടു്. ദിങ്ങ്മോഹം=ദിക്ഭ്രമം. ആർത്തൻ=ദുഃഖിതൻ. ചിത്തം=മനസ്സു്. ഉന്മീലയന്ത്യഃ=വിടർത്തുന്നവ. നിഖിലം=മുഴുവൻ. ജഗതാം=ലോകങ്ങളുടെ. മുരാരി=വിഷ്ണു (മുരന്റെ ശത്രു) ഉദ്ഗതാ=മേല്പോട്ടു പൊന്തിയതു്. വന്ദികൾ=കാലത്തു് ഉറക്കമുണന്നവർ.

സാരം:—പെട്ടെന്നുണർന്നു് നായകൻ ഈശ്വരാ ഇതേതാണു നാടു്? എന്നു ദിക്കറിയാതെ പരിഭ്രമിച്ചിരിക്കുമ്പോൾ ക്ഷേത്രത്തിൽ പള്ളിയുണർത്തലുകൾ കേട്ടു. ആ സ്തുതി അയാളുടെ ക്ലേശത്തെ അകററാൻ കാരണമായി. സ്ഥലം അറിഞ്ഞു പരിഭ്രമം തീർന്നു എന്നർത്ഥം.

അഭിപ്രായം:—പ്രസ്താവനയിലെ ദയിതെ! എന്ന സംബോധന, കവി ഭർത്താവാണെന്നു തെളിയിയ്ക്കുന്നില്ലെന്നു എളംകുളം പറയുന്നു. ചിലർക്കു ആ പക്ഷമല്ല. ഇവിടെ അമ്മേ എന്ന പ്രയോഗംകൊണ്ടു് കവി മകനാണെന്നാർക്കും അഭിപ്രായമില്ലാത്തതു് ഭാഗ്യം!

6

കാളംപോലേ കുസുമധനുഷോ ഹന്ത! പൂങ്കോഴി കൂകീ
ചോളംപോലേ ചിതറിവിളറീ താരകാണാം നികായം
താളംപോലേ പുലരിവനിതയ്ക്കാഗതെ സൂര്യ്യചന്ദ്രൌ
നാളംപോലേ നളിനകുഹരാ ദുദ്ഗതാ ഭൃംഗരാജീ

അർത്ഥം:—കാളം=മരണം (നാശം) കുസുമധനുസ്സ്=കാമദേവൻ. ഹന്ത=കഷ്ടം. താരകാണാം=നക്ഷത്രങ്ങളുടെ. നികായം=സമൂഹം. താളം=കഴിതാളം. പുലരിവനിത=പ്രഭാതാംഗന. നാളം=ജ്വാല. ഭൃംഗരാജി=വണ്ടിൻനിര. ഉദ്ഗമിയ്ക്കുക=പുറപ്പെടുക.

സാരം:—പ്രഭാതം അനുക്രമം വർണ്ണിയ്ക്കുന്നു. പുലരിയുടെ ആഗമനത്തോടെ കാമൻ സ്ഥലം വിടുകയായി. കാമന്റെ വിനാശസൂചകമായി പൂങ്കോഴി കൂവി. കഷ്ടം! നക്ഷത്രനിചയം വിളർത്തു്, മലർ വിതറിയപോലെ കാണപ്പെട്ടു. പുലരിവനിതയ്ക്കു താളം പിടിയ്ക്കാനെന്നപോലെ സൂര്യ്യചന്ദ്രന്മാർ ഇരുഭാഗത്തും കാണപ്പെട്ടു. തീനാളത്തിൽനിന്നു പുക പൊങ്ങുംപോലെ വിടരുന്ന ചെന്താമരയിൽനിന്നു വണ്ടിൻനിര ഉയൎന്നു പൊങ്ങിക്കൊണ്ടിരുന്നു.

അഭിപ്രായം:—എന്തു മനോഹരമായ ചിത്രം! പുളകോദ്ഗമകാരിയായ ഒരു പ്രകൃതിവർണ്ണനതന്നെ. 'വനിതാ' ശബ്ദം നായികയുടെ അനുരാഗവൈവശ്യത്തെയും സൂചിപ്പിയ്ക്കുന്നുണ്ടു്. ഇവിടെ പൂർവ്വവ്യാഖ്യാതാക്കൾ "കാളംപോലെ കുസുമധനുഷഃ" എന്നതിനു കാമദേവന്റെ കാഹ

ളംപോലെ എന്നത്ഥം പറഞ്ഞിരിക്കുന്നു. ഇതു ശരിയല്ലെന്നു അല്പം ആലോചിച്ചാൽ അറിയാം. കാമകാഹളം വികാരോദ്ദീപകമാവണ്ടേ? കോഴിയുടെ ശബ്ദം ഒരിയ്ക്കലും കാമോദ്ദീപകമായി കവികഠം കല്പിക്കാറില്ല. നേരേ മറിച്ചു് അതു വേർപാടിനെ സൂചിപ്പിക്കുകയാൽ, കദനപ്രദമാണു്.

'പുത്തൻ പൂമെത്തയിൽ ചേൎന്നചർശരസമര-
 ത്തിൻെറ പൂൎവ്വാംഗമൊട്ടൊ-
ട്ടെത്തിക്കുമ്പോഠം കരഞ്ഞാൻ കഠിനത പെരുകും
 കോഴിതാൻ കോഴവിട്ട്''

എന്ന വെണ്മണിശ്ലോകം ഇവിടെ സ്മരിയ്ക്കത്തക്കതാണു്. വീണ്ടും കൃഷ്ണഗാഥയിൽ, രാസക്രീഡാവേളയിൽ പ്രഭാതമണയുമ്പോഠം വിരഹവിധുരകളായ വ്രജവനിതകളുടെ വിലാപം വായിച്ചുനോക്കുക:

കോഴികളെന്തയ്യോ കാലംവരുംമുമ്പു്
ക്രൂകിത്തുടങ്ങീതു തോഴിമാരെ!
കാട്ടിലെ കോഴിക്കോ ഞായമില്ലേതുമേ
വീട്ടിലെ കോഴിക്കേ ഞായമുള്ളൂ.
എന്തൊരു ഞായമീ പ്പാതിരാ നേരത്തു
സന്തതമിങ്ങിനെ ക്രൂവിനില്പാൻ?

ഇങ്ങിനെ പോകുന്നു ഗോപികളുടെ വിലാപം. ഇതിൽനിന്നും കോഴിയുടെ ശബ്ദം കാമൻെറ കുഴലൂത്തായി

കല്പിക്കുന്നതിലുള്ള അനൌചിത്യം സ്പഷ്ടമാണല്ലോ. നേരെമറിച്ച് കാമന്റെ നാശമാണ് ഇവിടെ സൂചിപ്പിക്കുന്നതു്. കാലം, കാളം എന്നൊക്കെപ്പറഞ്ഞാൽ മരണം, വേർപാട് എന്നൊക്കെയാണ് പ്രകൃതാൎത്ഥം. കാളരാത്രി ആ അൎത്ഥത്തിലാണല്ലോ. നായകന്റെ അവസ്ഥയും അതിനനുയോജ്യമായി ഇരിക്കുന്നു. പുലരിയുടെ ആഗമനത്തോടെ കാമൻ കെട്ടുകെട്ടുക എന്നതു സ്വാഭാവികം മാത്രമാണ്. ദുഷിച്ച കാമാദികളുടെ തിരോധാനവും മംഗളകരമായ പുലർകാലാവിർഭാവവും ഹൃദയാവൎജ്ജകമായി വൎണ്ണിച്ചിരിക്കുന്നു! വന്ദികളുടെ സ്തുതിയായി അടുത്തതു്. "മദനവിജയകീൎത്തിം" എന്ന പദ്യരത്നശ്ലോകവും ഇവിടെ സ്മരിക്കത്തക്കതാണ്. ഇനി കാമന്റെ കുഴലൂത്താണ് കവിയുടെ മതമെന്നു ശഠിക്കുകയാണെങ്കിൽ അതല്പം പരിഹാസസ്വരത്തിലാണ് എന്നെങ്കിലും പറയാൻ അനുവദിക്കേണ്ടതാണ്. (ഇവിടെ കാമന്റെ കാഹളം വരവിനെയല്ല, പോക്കിനെയാണ് സൂചിപ്പിക്കുന്നതെന്നു് വേലുപ്പിള്ള പറയുന്നുണ്ടു്. അത്രയും നല്ലതു്! പോവുമ്പോഴും വരുമ്പോഴും കൊമ്പു് വിളിയ്ക്കുമായിരിയ്ക്കാം!)

7

"നീലക്കുന്നിൻമണിമകുടവൽ ദൃശ്യതേ ഭാനുബിംബം
ചാലത്താണ്ടു കടലി ലണിവെണ്ടിങ്കൾ നാലൊന്നുപോരെ"
കാലത്തെ നീ തുയിലെഴ കുയിൽപ്പേട പാടിന്നതും കേൾ
വേലപ്പെണ്ണിൻ മുലയി ലിതമൂററമ്പുമെൻ തമ്പിരാനേ"

അൎത്ഥം:— മണിമകുടം=രത്നകിരീടം. ദൃശ്യതേ=കാണുന്നു. അണിവെണ്ടിങ്കൾ=മനോഹരമായ ചന്ദ്രൻ. നാലൊന്നുപോരെ=നാലിലൊന്നൊഴി

ച്ച്. തുയിലെഴ=ഉറക്കമുണരൻ് എന്നീയ്ക്കുക. പാടിന്നതു്=പാടുന്നതു്. വേലപ്പെണ്ണ്=ലക്ഷ്മീദേവി. ഇതമുററ്=ഹിതമാകുംവണ്ണം. അമ്പുക=അധിവസിക്കുക.

സാരം:— മുൻശ്ലോകത്തിലെ വന്ദികളുടെ സ്തുതി തുടരുകയാണ്. കിഴക്കൻമലകളുടെ മീതെ സൂര്യബിംബം കാണുന്നു! മലക്ക് മണികിരീടം ചാർത്തിയ മട്ടിൽ. ചന്ദ്രൻ മുക്കാലും കടലിൽ താണു. പ്രഭാതത്തിൽ കുയിൽപേടയുടെ പാട്ടു കേൾക്കുക. ലക്ഷ്മീകുളർമുല പുണരുന്ന തമ്പിരാനേ, ഉറക്കമുണരുന്നെഴുന്നേല്ക്കുക.

അഭിപ്രായം:—നീലമലമേൽ ഭാനുബിംബം വിളങ്ങുന്ന ചിത്രം ഹൃദയാവർജ്ജകമാണു്. ശ്രീപത്മനാഭസ്വാമിയേയും വക്ഷസ്സിൽ കൌസ്തുഭത്തേയും കവി ചിന്തിച്ചപോലെ തോന്നും. ഇവിടംമുതൽ ഗവേഷണത്തിൽ ജ്യോതിഷം കടന്നുവരികയായി. 'യാത്യേകതോസ്തശിഖരം' എന്ന ശാകുന്തളശ്ലോകം ഓർത്താൽ മതി. വാവോ പഞ്ചമിയോ എന്നു് തർക്കിക്കേണ്ട കാര്യമില്ല. 'കാലത്തെസ്സും' എന്ന അബദ്ധപാഠമാണു് എളംകുളം ഇവിടെയും സ്വീകരിച്ചിരിക്കുന്നതു്.

8

എന്നെല്ലാംകേട്ടവനൊരു നരങ്ങാശപസിക്കുന്നനേരം
കുന്നിച്ചെങ്ങും കുയിൽനിനദവും കൂവുമക്കാവുതോറും
ഒന്നിച്ചുച്ചൈ രയുഗശരനോടാത്തു വണ്ടിൻ നിനാദൈ—
എന്നല്ലല്പ്പോ ളൊരു പടകൊലക്കാരി വന്നാൻ വസന്തഃ

അർത്ഥം:—നരങ്ങ്=അല്പം. കുന്നിച്ച്=ഉയന്ന. അയുഗശരൻ=കാമൻ. കുയിൽനിനദം=കുയിലിൻെറ ഒച്ച. ഉച്ചൈഃ=ഉറക്കെ. പടകൊലക്കാരി=കൊലയാളി (അയുഗം=ഇരട്ടയല്ലാത്തതു്. ഒററയെന്നർത്ഥം. കണ്ണിനോടു ചേർന്നാൽ ശിവൻ എന്നും, അമ്പിനോടു ചേർന്നാൽ കാമൻ എന്നും അർത്ഥമാകും)

സാരം:—വന്ദിസ്തുതി കേട്ട് അയാറം അല്പം ആശ്വസിക്കുമ്പോഴേക്കും അടുത്തു നികുഞ്ജങ്ങളിൽനിന്നും കൂകുന്ന കുയിലുകളുടെ ഒച്ച എങ്ങും ഉയൻ്റു. അപ്പോറം കാമനോടൊന്നിച്ച് വണ്ടിന്നിരയുടെ 'ഢം'കാരനിനദങ്ങളോടു കൂടിയ വസന്തവും ഒരു കൊലയാളിയെപ്പോലെ ആവിർഭവിച്ചു. നായകൻ്റെ വിരഹാവസ്ഥ ദുസ്സഹമാംവണ്ണം ചുററുപാടും മാറിയെന്നർത്ഥം.

അഭിപ്രായം:—കൊലകാരിയെന്ന് പുല്ലിംഗമായി പ്രയോഗിച്ചിരിക്കുന്നു. 'കൊലക്കായി' എന്നായിരിക്കാം പാഠമെന്ന് ശൂരനാട്ടു കുഞ്ഞൻപിള്ള ഊഹിക്കുന്നു. അതു് സ്വീകാര്യമായി തോന്നുന്നുമുണ്ട്.

9

തേന്മാവിന്മേൽ പ്പരഭൃതകുലം, ഭൃംഗമാലാ പലാശേ
മാരൻ കൂരമ്പുള ചുഴലവും ചെമ്പകക്കൊമ്പുതോറും,
തെന്നൽ കന്നുണ്ടിനിയബകുളേ കിംശുകേ കിംശുകാളീ,
നാളീകത്താർനളിനിയിലിവണ്ണെങ്ങു് നോക്കാവൂതന്നു?

പരഭൃതം=കുയിൽ (പരൻ=അന്യൻ. ഭൃതം=ഭരിയ്ക്കപ്പെട്ടതു്. കുയിലിനെ കാക്കയാണല്ലൊ ഭരിക്കുന്നതു്) പലാശം=പ്ലാശ്. ഉള=ഉണ്ടു്. ചുഴലവും=ചുററും. തെന്നൽകന്നു്=കാററിൻ്റെ ശിശു. ഇനിയ=നല്ല. ബകുളം=ഇലഞ്ഞിമരം. കിംശുകം=മുരുക്കു്. ആളി=സമൂഹം. അന്നു്=അന്നു്.

സാരം:—വിരഹാത്തനായ നായകൻ രക്ഷയ്ക്കായി നാലുപാടും നോക്കുന്നു. എന്നാൽ കാണുന്നതൊക്കെ അസഹ്യമായതാണു്. തേന്മാവിൽ കുയിലിരുന്നു പാടുന്നു. പ്ലാശിൽ വണ്ടിൻനിര പറക്കുന്നു. ചെമ്പകവൃക്ഷത്തിൻ്റെ ശാഖകളിലൊക്കെ കാമശരമായി പൂങ്കുല നിറഞ്ഞു നില്ക്കുന്നു. ഇലഞ്ഞിയിൽ ഇളംകാററു്. മുരുക്കിൻപൂസമൂഹം. താമരപ്പൊയ്കയിൽ പങ്കജനിര! അവൻ എവിടെയ്ക്കു നോക്കേണ്ടു? എല്ലാടവും വിരഹവേദന വർദ്ധിപ്പിക്കുന്ന കാഴ്ചയാണെന്നു സാരം.

അഭിപ്രായം:—'കിംശുകേ, കിംശുകാളീ' എന്നതിനു് തത്തക്കൂട്ടമോ എന്ന ആശയവും തരക്കേടില്ല. മുരുക്കിൻപൂവിനു മാദകനിറമായി രൂപസാദൃശ്യവുമുണ്ടല്ലോ.

("കിംശുകൈശ്ശുകമുഖച്ഛവിഭിന്ന ദശധാ" എന്നു ഋതുസംഹാരപ്രയോഗം ശൂരനാടൻ കാണിയ്ക്കുന്നു) മുരുക്കിൻപൂവിനു തത്തച്ചുണ്ടിനോടു സാദൃശ്യമുള്ളതുകൊണ്ടാണു മരത്തിന്നും ആ പേർ വന്നതു്. ഇവിടെ മാത്രമിരും അഞ്ചുപുഷ്പങ്ങളേയും പ്രസ്താവിയ്ക്കുന്നതിൽ കവിയ്ക്കു പ്രത്യേക ഉദ്ദേശം വല്ലതുമുണ്ടോ? മേഘസന്ദേശത്തിലെ "ഹസ്തേലീലാകമലം" എന്ന ശ്ലോകം വ്യാഖ്യാനിയ്ക്കുമ്പോൾ മല്ലിനാഥൻ ആറു പുഷ്പങ്ങൾക്കും പ്രയോജനം പറയുന്നതു് ഇവിടെ സ്മരിക്കത്തക്കതാണു്.

എളങ്കുളം ഈ ശ്ലോകം വ്യാഖ്യാനിയ്ക്കുമ്പോൾ പതിവിൻപടി പലേ അസംബന്ധങ്ങളും പറയുന്ന കൂട്ടത്തിൽ "വന്താൻ എന്നും മററും നമ്പൂതിരിമാർ തെററി ഉപയോഗിച്ചിരുന്നതിൻെറ അവശിഷ്ടമായി കരുതാം" എന്നെഴുതിക്കാണുന്നു! ആ വാചകം പ്രകൃതത്തിൽ പ്രയോഗിച്ചതിൻെറ പ്രസക്തി എന്താണെന്നറിയാൻ വയ്യ. എന്നാൽ 'സജ്ജനഭർത്സനപ്രിയാ' എന്ന അദ്ദേഹത്തിൻെറ പ്രകൃതിയുടെ വിശേഷണംതന്നെ ഉചിതമായ ഉത്തരമാണല്ലൊ.

10

കോകശ്രേണീവിരഹനിഹിതം തീക്ഷ്ണരങ്ങെന്നപോലെ
ത്തുകീത്തുകി ത്തുഹിനകണികാം ത്തൂന്ന പൂങ്കാവിലൂടെ
സ്തോകോന്മീലന്നളിനതെളിതൻ കാളക്കൂടാംബു കോരി
ത്തേകീത്തേകി പ്പവന നവനെ ചെന്നു കൊന്നാൻ തദാനീം.

അത്ഥം:—കോകശ്രേണീ=ചക്രവാകസമൂഹം. നിഹിതം=വെക്കപ്പെട്ട. തീക്ഷ്ണരങ്ങ്=തീക്ഷ്ണങ്ങൾ. തുഹിനകണികാ=മഞ്ഞിൻതുള്ളികൾ.

തുന്ന്=ഇടതിങ്ങിയ. സ്തോകം=അല്പം. പവനൻ=വായു. ഉന്മീലം=വിടന്നതു്. കാളകൂടം=വിഷം. തദാനീം=അപ്പോഠം. അംബു=ജലം.

സാരം:—നിസ്സഹായനായ അവനെ അപ്പോഠം ചെന്നു കൊന്നുകള ഞ്ഞു. എങ്ങിനെ? ചക്രവാകങ്ങളുടെ വിരഹാഗ്നിയുടെ ശകലങ്ങഠം പോലുള്ള ഹിമകണങ്ങഠം തൂകിത്തൂകി. നിബിഡമായ നികുഞ്ജങ്ങളിലൂടെ ഒട്ടൊട്ടു വിടന്ന താമരദളം തെളിഞ്ഞ തേൻകണങ്ങഠം കാളകൂടംപോലെ കോരിയൊഴിച്ചു—ഇങ്ങിനെ.

അഭിപ്രായം:—വിരഹികഠംക്കു ദുസ്സഹമായതാണിതൊക്കെ. ഇതൊക്കെ അവരെ കൊല്ലുന്നതിനു തുല്യമാണെന്നത്ഥം.

"തസ്മിന്നുംജ്ജംഭിതോഷ്മസ്തനതടദയിതാ
ഹീനസംഹാരകാലേ
കാലേ പ്രാലേയധാരാകവചിതഗഗനാ
ഭോഗദിക്ചക്രവാളേ"

എന്നു് ഭോജചമ്പുവിൽ, മഞ്ഞുകാലം വിരഹികളെ സംഹരിക്കുന്ന കാലമെന്നു പറയുന്നതു നോക്കുക.

'തുന്ന്' എന്നതിനു മൂടിയ എന്നു എളങ്കുളം വളഞ്ഞ അത്ഥമാണു്, പതിവിൻപടി പറയുന്നതു്. കാളകൂടത്തിനു ഒരു മരത്തിന്റെ പശ എന്നാണു എഴുതിയിരിക്കുന്നതു്. വിഷം എന്നു പ്രസിദ്ധമാണു്. തൂകിത്തൂകി എന്ന, ഹൃദയാവജ്ജകമായ വരിയും വളച്ചൊടിച്ചിരിക്കുന്നു. സ്പഷ്ടാത്ഥങ്ങഠം, ഭോജൻ പറഞ്ഞപോലെ അതിദീർഘമായി വിവരിക്കുന്നുണ്ടു്. അലങ്കാരവും ധാതുവും എല്ലാം വാരിവലിച്ചിഴയ്ക്കുന്നു. തൂകിത്തൂകപ്പവനൻ എന്നു്, ഭംഗിയും കളയുകയാണു്.

11

സ്വാസ്ഥ്യാദേശാദിഷു ചലദൃശാം മാരണേ വൈരിപുംസാം
ചിത്തോന്മേഷാദിഷു ച വിടഷാം പാക്കിൽ നല്ലോരു മന്ത്രം.
തൃപ്പാപ്പൂർമൂപ്പുഴകപൊഴിയും വീര നാതിച്ചവമ്മൻ
മുല്ലാട്ടണ്ടാം വിരുതു സഹസാ തസ്യ മൃത്യുഞ്ജയോ ʃഭൂതു്.

അർത്ഥം:—സ്വാസ്ഥ്യാദേശാദികം=ഭോഗനിദ്രശാദികം. ചലദ്ദൃക്കുകൾ=ഇളകുന്ന ദൃഷ്ടിയുള്ളവർ. മാരണം=മൃത്യു. വൈരിപുംസാം=ശത്രുജനങ്ങൾ. വിടഷാം=വിടന്മാർക്കു്. മുൽപാട്ടു്=മുമ്പിൽ. വിരുതു്=മട്ടക്കു്. സഹസാ=വേഗം. തസ്യ=അവനു്. മൃത്യുഞ്ജയം=മരണത്തിൽനിന്നു രക്ഷിക്കുന്ന മന്ത്രം.

സാരം:- പവനൻ കൊന്ന ആളെ ജീവിപ്പിയ്ക്കാൻ വേഗം ഒരു മൃത്യുഞ്ജയമന്ത്രം ഉണ്ടാക്കി എന്നത്ഥം. അതെന്താണു്? തൃപ്പാപ്പൂർമൂപ്പൻ (അതായതു് വേണാട്ടു് യുവരാജാവു്) പെട്ടെന്നു് മുമ്പിൽ വന്നുചേൻ. [തൃപ്പാപ്പൂർ മൂപ്പിൽ എന്നതു സ്ഥാനപ്പേരാണു്; തെനയഞ്ചേരി എളയതു് എന്ന പോലെ. ആററിങ്ങൽ മൂത്ത തമ്പുരാൻ എന്ന സ്ഥാനം തിരുവനന്തപുരത്തു മൂത്ത റാണിയ്ക്കു ഇന്നുമുണ്ടല്ലോ.] അദ്ദേഹം എങ്ങിനെയുള്ളവനാണു്? വീരനാതിച്ചവമ്മനാണു്. സുന്ദരിമാക്കു കാമാവേശാദികൾക്കും വൈരികൾക്കു മാരണത്തിനും, വിടന്മാക്കു മനസ്സന്തോഷത്തിനും പററിയ മന്ത്രമാണദ്ദേഹം. സുഭഗനും വീരനും വിടനുമെന്നു സാരം. ആവേശം മാരണം മൃത്യുഞ്ജയം ഒക്കെ മന്ത്രവാദസംബന്ധമായ കാൎയ്യങ്ങളാണു്.

അഭിപ്രായം:—ഇതാ കവിയുടെ ഒരു കുസൃതിക്കുറുമ്പു കതിച്ചു വരാൻ തുടങ്ങുന്നു. സന്ദേശധരന്റെ പുറപ്പാടാണു്! എല്ലാം തികഞ്ഞ ഒരു യുവരാജാവു്! എന്നിട്ടോ? ഒരു ഗണികയ്ക്കു ഒരു വിടന്റെ—'കാമി' എന്നു അയാൾ പലതവണ വിശേഷിപ്പിയ്ക്കപ്പെട്ടതാണല്ലോ—ശൃംഗാരസന്ദേശം വഹിയ്ക്കാൻ ക്ഷണിയ്ക്കപ്പെട്ടുക!! ശ്രീ. കുട്ടികൃഷ്ണമാരാർ ഒരിക്കൽ പറഞ്ഞപോലെ അമ്പാരി എഴുന്നള്ളിക്കേണ്ട ആനപ്പുറത്തു കഴുത ഏററണ്ട വിഴുപ്പു്

കയററിക്കൊടുക്കുക! താൻ കുറച്ചധികം കടന്നുപോയോ എന്നു് നമ്മുടെ കവി ഈ ഘട്ടത്തിൽ ശങ്കിച്ചിട്ടുണ്ടാവണം! ഇല്ല; നമ്മുടെ പണ്ഡിതന്മാർ തികഞ്ഞ ഗൌരവത്തോടെത്തന്നെയാണിവിടേയും വാദകോലാഹലത്തിലേപ്പെട്ടിട്ടുള്ളതു്. ഒരു ചക്രവത്തിയുടെ പ്രധാനസന്ദേശം മററൊരു ചക്രവത്തിയ്ക്കു വഹിച്ചുകൊണ്ടുപോകുന്ന കാര്യ്യഗൌരവംതന്നെയാണിവിടേയും അവർ കാണിയ്ക്കുന്നതു്!

12

കണ്ടാൻ കണ്ടിപ്പുരികുഴലിമാർ മരാനെപ്പിന്നെ മുന്നം,
കൊണ്ടാടാവോ ചില ഗുണഗണംചേന്ന പുണ്യാംബുരാശിം
തണ്ടാർമാതും കവിവനിതയും തണ്ടിയന്നന്നു പുൽകും
ചണ്ടാർവെന്നിക്കൊടിയെ വെടിയുന്നോൎക്കു് കല്പാന്തവഹ്നിം.

അർത്ഥം:—കണ്ടി=ഇടതിങ്ങിയ. പുരികുഴൽ=ചുരുണ്ട മുടി. കൊണ്ടാടാവോ=കൊണ്ടാടത്തക്ക. പുണ്യാംബുരാശി=സുകൃതവാരിധി. തണ്ടുക=ആശിക്കുക. ചണ്ടർ=ശത്രുക്കൾ. വെന്നിക്കൊടി=വിജയപതാക. വെടിയുന്നവൎക്കു്=ക്രൂരമാറിപ്പോയവൎക്കു്. കല്പാന്തവഹ്നി=കല്പാവസാനത്തിലെ തീയ്യു്.

സാരം:—ആ വിരഹാത്തൻ ആദിത്യവമ്മയെ മുന്നിൽ കണ്ടു. അദ്ദേഹത്തിൻെറ അവസ്ഥ ഇപ്രകാരമാണു്. സുന്ദരിമാൎക്കു് മാരനും, അനേകം ഗുണങ്ങളോടുകൂടിയവനും ലക്ഷ്മിയും സരസ്വതിയും ആശിച്ചുവന്നു പുല്കുന്നവനും—ശ്രീയും വിദ്യയും ഇണങ്ങിട്ടു് ആശ്രയിക്കുന്നു—ശത്രുക്കൾക്കു് വിജയചിഹ്നവും എതിരാളികൾക്കു് കല്പാന്താനലനുമാണു് അദ്ദേഹം.

അഭിപ്രായം: — ഇതൊക്കെയാണു് സന്ദേശം കൊണ്ടുപോവാനുള്ള യോഗ്യത! വിശേഷണവിശേഷ്യങ്ങൾക്കു വിഭക്തിപ്പൊരുത്തം പഴയസമ്പ്രദായമാണു്. "പാതിവ്രത്ത്യോജ്ജ്വലാംഗിക്കഖിലഗുണനിധിക്കു്...സീതക്കു" എന്നു് രാമായണം ചമ്പുവിൽ കാണുക.

13

നീത്താ നീന്ദുപലമിവ തെളിഞ്ഞാമ്പൽപോലേ ചിരിച്ചാൻ
ആത്താൻ വണ്ടിൻകുലമിവ, വളന്നാൻ പയോരാശിപോലേ
പീത്വാ രൂപാമൃതമിളകിനാൻ നേത്ര ചെമ്പോത്തുപോലേ
കൂഴ്ത്താൻ കാമീ മദനനിവ പോന്നാഗതേ വീരചന്ദ്രേ

അർത്ഥം:—നീക്കുക=അലിയുക. ഇന്ദൂപലം=ചന്ദ്രകാന്തിക്കല്ല്. പയോരാശി=സമുദ്രം. പീത്വാ=പാനംചെയ്തിട്ട്. ഇളകുക=ആനന്ദിക്കുക. കൂഴ്ത്തുക=കൂത്താടുക.

സാരം:—ആ കവി ആനന്ദവിവശനായി എന്നാണ് പറയുന്നത്. ചന്ദ്രകാന്തംപോലെ അലിഞ്ഞു. അതായത് മനസ്സ് ആർദ്രമായി. ആമ്പൽപോലേ വെളുക്കെ ചിരിച്ചു. വണ്ടിൻകൂട്ടംപോലെ 'ഹു'ങ്കാരത്തോടെ ആർത്തു സമുദ്രംപോലെ പൊന്തി; അതായത് ജൃംഭിച്ചു. രാജാവിൻെറ രൂപം നേത്രം കൊണ്ട് പാനം ചെയ്ത്, ചെമ്പോത്തുപോലെ ഇളകി കൂത്താടി. രാജാവാകുന്ന വീരചന്ദ്രൻ കാമസമാനനായി മുമ്പിൽ വന്നപ്പോൾ എന്നർത്ഥം.

അഭിപ്രായം:—ക്രുഴ്ത്താൻ എന്നതിനു് സംശയിക്കുക എന്നൊരർത്ഥം ശ്രീ എളംകുളം പറയുന്നു. അതിന്നിവിടെ പ്രസക്തിയില്ല. രാജാവിനെ ചന്ദ്രനായി ഉപമിച്ചിരിക്കുന്നു. അപ്പോൾ ചന്ദ്രകാന്തം, ചകോരം, ആമ്പൽ, സമുദ്രം ഇവക്ക് ചന്ദ്രാലോകനത്തിൽ ഉണ്ടാകുന്ന വികാരങ്ങളെ ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. കാമനെപ്പോലെ ഇളകിമറിഞ്ഞു എന്ന എളംകുളം വ്യാഖ്യാനം തെററ്. ഈ ക്രുത്താട്ടവും ഇളകിമറിച്ചിലും പൊട്ടിച്ചിരിയും 'ഹും'കാരവും ഒക്കെ വായിക്കുമ്പോൾ കവി വളരെയധികം ഗൌരവത്തോടേയാണിരിക്കുന്നതെന്ന് തോന്നുന്നുണ്ടോ?

14

താന്താനേ വന്നയമുപഗതോ ദൈവയോഗാ ദിദാനീം
കാന്താചാന്താർമുലയിണ പിരിഞ്ഞുള്ള താപം വിഹന്തും
ആന്താ നെന്നങ്ങവനുട നണഞ്ഞെത്തിനാർ നാത്തരാഗം
ചെന്താർമാതിൻകുലനിലയമാം വീരവേണാടർക്കോനെ!"

അർത്ഥം:—താന്താനേ=തന്നത്താനേ. അയം=ഇവൻ. ഉപഗതൻ=വന്നുചേൎന്നവൻ. ദൈവയോഗം=ഭാഗ്യം. ഇദാനീം=ഇവിടെ. ചാന്താർമുല=ചാന്തേന്തുന്ന സ്തനം. വിഹന്തും=നശിപ്പിക്കുവാൻ. ആന്താൻ=നാഥൻ. ഏന്തുക=പുകഴ്ത്തുക. ആത്തരാഗം=സ്നേഹത്തോടുകൂടി (ആത്തം=പ്രാപ്തം)

സാരം:—ആ കാമി, വീരനായ വേണാട്ടരചനെ കണ്ടു. ഇദ്ദേഹം ഇപ്പോൾ സ്വയം വന്നണഞ്ഞതു് ദൈവാധീനംതന്നെ. കാന്താവിരഹം തീൎക്കാനുള്ള വഴിയായി. തന്റെ നാഥനാണു്. എന്നിങ്ങനെ അടുത്തെത്തി, ശ്രീനിലയമായ വീരഭൂപനെ സ്തുതിച്ചു.

അഭിപ്രായം:— മൂന്നാംപാദത്തിലെ ഏത്തീനാൻ എന്നതിന്നു് ഏത്തിനാൻ എന്നാണു് എല്ലംകുളം സ്വീകരിച്ചിരിക്കുന്ന പാഠം. അണഞ്ഞു എന്ന പദം ഇരിക്കെ, ഏത്തിയെന്നതു് പുനരുക്തിയാണു്.

15

ആകല്പം വാണരുളു പകയൎക്കന്തകാ! ഹന്ത ഭൂമീ-
സ്ത്രീകല്പം നീ പവഴമണിയെ, വാണിയും പൂവിൽമാതും
വീകിച്ചേ വന്നഴകൊടു പുണൎന്നീടു മാതിച്ചവൻ!
മേകത്തോടും കൊടയി ലിടയുന്നോരു കാരുണ്യസിന്ധോ.

അൎത്ഥം:—പകയർ=പകപൂണ്ടവർ. പവഴമണി=പവിഴമണി. വീകിച്ചു്=വേഗത്തിൽ (വേഗശബ്ദത്തിന്റെ തത്ഭവമാണു വീകം) മേകം=മേഘം. കൊടയിൽ=ദാനത്തിൽ. ഇടയുന്ന=എതിൎക്കുന്ന. കാരുണ്യസിന്ധു=ദയാസമുദ്രം. ആകല്പം=കല്പാവസാനം, ആഭരണം. ആകല്പം എന്നാൽ അലങ്കാരം ശോഭ എന്നെല്ലാം അൎത്ഥമുണ്ടു് (ശബ്ദതാരാവലി) വീകിച്ചു എന്നതിനു മുറപ്രകാരം അല്ലെങ്കിൽ ഉഴമിട്ടു് എന്നാണിവിടെ കൂടുതൽ യോജിയ്ക്കുന്നതു്.

സാരം:—അല്ലേ ആദിത്യവർമ്മാ! അങ്ങു കല്പാന്തംവരെ വാഴുക. ശത്രുക്കൾക്കു കാലനും, ഭൂമിയ്ക്കു രത്നാഭരണവും, വാണി'യും ലക്ഷ്മിയും വേഗം വന്നു പുണരുന്നവനും, ദാനത്തിൽ മേഘത്തോടുപോലും മത്സരിയ്ക്കുന്ന കാരുണ്യസിന്ധുവുമാണു് അങ്ങു്.

അഭിപ്രായം:— പവഴമണിയെ' എന്നതിന്നു എളങ്കുളം സ്വീകരിച്ചിരിയ്ക്കുന്ന 'മഴവർമണിയെ' എന്ന പാഠം സ്വീകാര്യമല്ല.

16

എണ്ണിക്കൊള്ളാം പടയിലെഴുന്നള്ളത്തു കൊല്ലത്തുനിന്നോ
കണ്ണിൽ കൂടാതടയരുടൽ കൂറാളി! തോവാളനിന്നോ
വണ്ണിച്ചേററം ഭുജഗശയനം കണ്ടു കൈകൂപ്പുവാനെൻ
പുണ്യത്തിൻെറ പെരുമനവരം നിൻ വരത്തെന്നുമന്യേ.

അർത്ഥം:— എണ്ണിക്കൊള്ളാം=ഗണിച്ചുകൊള്ളാം. പടയിലെഴുന്നള്ളത്തു്=പരിവാരത്തോടുകൂടിയുള്ള വരവു്. കണ്ണിൽകൂടാത=നോക്കെത്താത്ത. അടയരുടൽ=ശത്രുക്കളുടെ ശരീരം. കൂറാളി=വെട്ടി മുറിയ്ക്കുന്നവനേ (കൂറാളി എന്നു സംബോധനയാണു്) നവരം=തീർച്ചയായും. വരത്തു്=വരവു്.

സാരം:—ഹേ രാജൻ! അങ്ങു പരിവാരസമേതം എഴുന്നള്ളുന്നതു് കൊല്ലത്തുനിന്നോ തോവാളനിന്നോ ആകാമെന്നു ഞാൻ വിചാരിക്കുന്നു. എണ്ണമില്ലാത്ത ശത്രുശരീരം വെട്ടിനുറുക്കുന്ന ഹേ വീരാ! ഭുജഗശയനനായ ശ്രീപത്മനാഭനെ സ്തുതിച്ചു തൊഴുവാൻ വന്നതു് എൻെറ പുണ്യാതിരേകമാണെന്നു തീർച്ചയായും ഞാൻ വിശ്വസിയ്ക്കുന്നു.

അഭിപ്രായം:—'എണ്ണിക്കൊള്ളാം പടയിൽ' എന്നതിന്നു ഏതാനും യോദ്ധാക്കളോടുകൂടി എന്ന എളംകുളം മതം സ്വീകാര്യമല്ല.

17

ആരല്ലോ ചൊല്ലമരസരണൌ സംസ്കൃത പ്രാകൃതാഭ്യാം
മാറില്ലല്ലോ പുനരതിൽ നിനക്കിന്നു മംഗല്യകീർത്തേ!
ആരല്ലോ മൂന്നവനിവിഷയേ ചേന്ന ഭാഷാവിശേഷം
വേറല്ല നീ പറകിലവയിററിങ്കലും വീരമൌലേ!

അർത്ഥം:—അമരസരണി=ഗൈർവ്വാണീഭാഷാവർഗ്ഗം. മാറ്=തുല്യം. അവനീവിഷയം=ഭൂമിയിൽ നടപ്പുള്ളവ. വേറല്ലേ=പ്രത്യേകമല്ലേ.

സാരം:—അല്ലേ രാജൻ! സംസ്കൃതപ്രാകൃതങ്ങളാകുന്ന ആര്യഭാഷാവർഗ്ഗം ആറാണല്ലോ. (സംസ്കൃതം, മാഗധി, അർദ്ധമാഗധി, ശൌരസേനി, പൈശാചി, മാഹാരാഷ്ട്രി ഇവയാണ് ആറു ഭാഷകൾ) അതിൽ അങ്ങേയ്ക്കു തുല്യൻ ആരുമില്ല. അറുമൂന്നു പതിനെട്ടു ഭാഷാവിശേഷങ്ങൾ ഭൂമിയിലുള്ളതിൽ അങ്ങേക്കു പ്രത്യേകതയുണ്ട്.

അഭിപ്രായം—ഇതൊന്നു ശ്രദ്ധിയ്ക്കുക. സന്ദേശം അയക്കാനുള്ള ഒരാളുടെ യോഗ്യത ഏതൊക്കെയാണെന്ന് സാവധാനത്തിൽ ഒന്നാലോചിയ്ക്കുക. തീർച്ചയായും ബഹുഭാഷാജ്ഞാനം ഇതിലൊന്നായി ആരും കണക്കാക്കുമെന്നു തോന്നുന്നില്ല. 'മംഗല്യകീർത്തേ" "വീരമൌലേ" എന്ന സംബോധനകളും ചേർത്താലോചിച്ചാൽ എന്തു തോന്നുന്നു? അനുചിതവർണ്ണനയെ ഇതിൽ കവിഞ്ഞു അപഹസിക്കാനുണ്ടോ? ഇതിൽ പറയുന്ന ഭാഷകൾ ഏതൊക്കെയാണെന്നാണു വ്യാഖ്യാതാക്കന്മാരുടെ ചിന്ത!!

18

രാജ്യാനാമങ്ങിനിയ പതിനെട്ടിന്നുമിന്നായുധാനാം
വിദ്യാനാഞ്ച തപമസി പെരുമാറ്റം വീരസംഗ്രാമധീര!
നാലിന്നു മററുപതിനു മിന്നക്കലാകൌശലാനാം
ഗ്രാമാണാഞ്ച ശ്രിയ മനുദിനം വാഴ്ത്തുവോരാപ്പുബന്ധോ!

അർത്ഥം:—ഇനിയ=നല്ല. തപമസി=അങ്ങാകുന്നു. നാലിനും മററുപതിനും=അറുപത്തിനാലിനും ശ്രിയം=ശ്രീയെ. വാഴ്ത്തുക=വർദ്ധിപ്പിക്കുക.

സാരം:—ഹേ വീരസംഗ്രാമധീരാ! അങ്ങ് നല്ലതായ പതിനെട്ടു നാടിനും ആയുധങ്ങൾക്കും വിദ്യയ്ക്കും മഹാരാജാവാണ്. 64 കലകൾക്കും ഗ്രാമങ്ങൾക്കും നിത്യവും ശ്രീ വളർത്തുന്നവനുമാണ്.

അഭിപ്രായം:— പതിനെട്ടു നാട്ടു് എന്നു പറയുന്നതു് അന്നത്തെ കേരളത്തിന്റെ വിഭാഗമാണു്. ആയുധങ്ങൾക്കും വിദ്യയ്ക്കും അതനുയായിട്ടുണ്ണമെന്നില്ല. സംഗ്രാമധീരൻ എന്നതിന്നു യുദ്ധവീരൻ എന്നു ധരിച്ചാൽ പോരായ്കയില്ല. ഗ്രാമങ്ങളും കലകളും അറുപത്തിനാലുതന്നെ ആകട്ടെ. എന്നാൽ സന്ദേശം വഹിയ്ക്കാൻ ഇവയുടെയൊക്കെ അനുപേക്ഷണീയത ആലോചനാർഹമാണു്. ശ്രുയം എന്നു് എളങ്കുളം സ്വീകരിച്ച പാഠത്തിൽ ആശ്രയം എന്നർത്ഥം.

19

ഗൌരണ്ഡീ. വേണു, സ്സ്തനി, ശബരികാ, പങ്കിതം, രാവണാങ്കെ,
സാരംഗം, നന്തുണി, നിറമെഴുന്തണ്ണി, വീണാ, പിനാകം
മററും വാദ്യൌഘമനുതരിക്കിന്റെ ഗീതാമൃതം തേ
കേൾപ്പൂണ്ടോ വന്നൊളിയിലമരാധീശ ഗന്ധർവ്വസംഘാഃ

അർത്ഥം:—ഗൌരണ്ഡീ തുടങ്ങിയവ=സംഗീതയന്ത്രങ്ങൾ. അനുതരിക്കുക=അനുസരിക്കുക. ഗീതാമൃതം=അമൃതു പോലെയുള്ള ഗീതം. ഒളിയിൽ=ഒളിവിൽ.

സാരം:—ഗൗരണ്ഡീ തുടങ്ങിയ യന്ത്രങ്ങളെ അനുസരിച്ച അങ്ങയുടെ സംഗീതം ഒളിവിൽ വന്നു് ഇന്ദ്രനും ഗന്ധർവ്വാദികളും കേൾക്കാറില്ലെ?

അഭിപ്രായം:—സംഗീതകാര്യത്തിൽ കവിയുടെ അറിവിൽപ്പെട്ട പേരെല്ലാം രാജാവിന്റെ വൈദഗ്ദ്ധ്യത്തിന്നു് പാത്രമാക്കി ചെയ്യുന്നു. സന്ദേശം കൊണ്ടുപോവേണ്ട ആളാണെന്നും ഓർക്കുക. വിദ്യാമൃതം എന്നും ഇളയിൽ (വിശ്രമം എന്നർത്ഥത്തിൽ) എന്നും കാണിച്ചിട്ടുള്ള എളങ്കുളം വ്യാഖ്യാനം സ്വീകാര്യമല്ല.

20

വട്ടത്തിൽച്ചെന്നടയരുടലിൽ ച്ചേരുമച്ചോരിവെള്ളം
മുട്ട ക്കോരി ക്കഴുകുമെഴപാറും കുടിക്കും പ്രകാരം
വെട്ടിക്കീറി പ്പടയിലുടവാൾകൊണ്ടു കുറിട്ടു വേറി—
ട്ടൊട്ടൊട്ടേടം നരവര! പരന്നും വിരുന്നുണ്മതുണ്ടോ?

അർത്ഥം:—അടയർ=ശത്രുക്കൾ. ചോരിവെള്ളം=രക്തം. മുട്ടക്കോരി=ധാരാളം എടുത്തു്. എഴപാറും=ഉയരേ പറക്കും കുറിട്ടു്=പ്രത്യേകം പ്രത്യേകമായി. പരന്നു്=നിരന്നു്.

സാരം:—ഹേ നരവര! വളഞ്ഞു് നാലുപുറത്തുനിന്നും എതിർക്കുന്ന വൈരികളുടെ ഉടലിൽ ചേരുന്ന ചോര ഉയരെ പറക്കും കഴുകും ധാരാളം കോരിക്കുടിക്കുംപ്രകാരം പടയിലുടവാൾകൊണ്ടു് ഒട്ടൊട്ടേടം പരന്നിരുന്ന അവ വീരുന്നുണ്ണാറുണ്ടോ?

അഭിപ്രായം:—എഴപാർ എന്നു് ഒരു പക്ഷിയായി പൂർവ്വവ്യാഖ്യാനങ്ങളിൽ കാണുന്നതു് തൃപ്തിയായി എനിക്കു തോന്നിയില്ല; ഉയരെ പറക്കുന്ന കഴുകു് എന്നേ അർത്ഥമുള്ളൂ. മററു വിധത്തിൽ വ്യാഖ്യാനിക്കുന്നതു് തെററിദ്ധാരണയാണോ എന്നു സംശയം തോന്നുകയാണു്. മുട്ടൻ കഴുകു് എന്നും കാൽ നീണ്ട പക്ഷി എന്നും ഒക്കെ എന്തിനാണു് അർത്ഥം കല്പിക്കുന്നതു്? ഒരു തമാശ തോന്നുകയാണു്. ആരോടും അനാദരവല്ല. രാമായണത്തിൽ പുത്രകാമേഷ്ടിയുടെ അവസാനം പത്നിമാർക്കു ദശരഥൻ പായസം കൊടുത്തപ്പോൾ കൌസല്യക്കു് 'പ്രഥമ'നാണു് കൊടുത്തതെന്നു് ഒരാൾ ധരിച്ചുവത്രേ! "കൌസല്യായയെ 'പ്രഥമ'മദിശൽ ഭൂപതി! പായസാദ്ധ്," എന്ന വരിയാണു് ആ വാദത്തിനിടയാക്കിയതു്! അതുപോലെ ആവരുതെന്നേയുള്ളൂ. എഴപാറും എന്നതു് കഴുകന്റെ വിശേഷണ

മായാൽ കുഴപ്പമൊന്നുമില്ല. അടപ്പാറ്റം കഴകം എന്നതിലെ 'ഉം' എന്നതിന്നു് ഉപപത്തിയില്ലെന്നു തോന്നാം! അത്ര കാര്യമല്ല. 'ഉം' എന്നു് ചേർക്കുന്നതു് പിന്നേയും പലേടത്തുമുണ്ടു്. 'നല്ലാരെന്ന' എന്നു വേണ്ട ദിക്കിൽ 'നല്ലാരെന്നും' എന്നു് ഉത്തരസന്ദേശത്തിൽ 49-ാം പദ്യം നോക്കുക! പിന്നെയും കാണാം. അതുപോലെത്തന്നെ പരന്നു് എന്ന പദത്തെ പരുന്തു് എന്നു വ്യാഖ്യാനിക്കുന്നതും ശരിയാണെന്നു് തോന്നുന്നില്ല. ഒന്നാമതു് അതിന്റെ ആവശ്യമില്ല. പിന്നെ പരുന്തിനെ ഒരു ശവാതീനിയായി പറഞ്ഞുവരാറുമില്ല. ഇനി കഴുകം, പരുന്തും എന്നു് സ്വീകരിച്ചാലും എഴുപാറും എന്നതു് പക്ഷിയാവണമെന്നില്ല. "വട്ടത്തിൽ" ചേർന്ന എന്ന പദം ശത്രുക്കളുടെ നിലയെ അല്ലാതെ പറവകളുടെ തിന്നാനുള്ള ഇരിപ്പിനെ കാണിക്കുന്നതായി പറയുന്നതും ശരിയല്ലായ്കയില്ല.

21

വ്യായാമം കൊണ്ടഴകിലുദിതാഽമോദമുച്ചൈശ്രവാവി–
ന്നായാസം ചെയ്ത മലതുരഗം നീ കരേറും ദശായാം
പ്രാണാപായം കരുതിന തുലിക്കൻ പടക്കോപ്പിനെന്നും
ചൊൽവുണ്ടല്ലോ സുരപരിഷദാമപ്പൊടിച്ചാർത്തുചെന്നു.

അർത്ഥം:—ഉദിതാമോദം=സന്തോഷത്തോടുകൂടുംവണ്ണം (ഉദിതം=ഉണ്ടായതു്. ആമോദം=സന്തോഷം) ഉച്ചൈശ്രവാവു്=ഉച്ചൈശ്രവസ്സെന്ന ഇന്ദ്രന്റെ കുതിര. അമലതുരഗം=വെള്ളക്കുതിര. സുരപരിഷദാം=ദേവസമൂഹത്തിന്റെ.

സാരം:—വ്യായാമം കൊണ്ടു് ഭംഗിയിൽ ഇന്ദ്രതുരഗത്തിനും ശ്രമം ചേർക്കുന്ന, വെള്ളക്കുതിരയിൽ ഭവാൻ സന്തോഷത്തോടുകൂടി ആരോഹണം ചെയ്യുമ്പോൾ, പിൻതിരിഞ്ഞോടുന്ന തുലുക്കപ്പടയുടെ പൊടിപടലം ത

ന്നെ അവരുടെ പ്രാണാപായത്തിന്റെ സംഖ്യ ദേവലോകത്തുചെന്നു് അറിയിയ്ക്കുന്നുണ്ടല്ലോ.

അഭിപ്രായം:—പടക്കോപ്പ് എന്നതിന്നു സേനാസമൂഹത്തിന്റെ എന്നാണൎത്ഥം. പൊടിപടലം പോലെ എണ്ണമററതാണു് ശത്രുസേനയുടെ നാശത്തിന്റെ കണക്കു് എന്നു സാരം.

22

മററത്തല്ലോ നനു സുരപതേന്നിൽപ്പുത കല്പവൃക്ഷം
മററികേൾക്കും വരസുരഭിയും വാരുണീഹോമധേനു
വെററിക്കുററീല്ലറികിലളകേശനു മീശേ നിരാശേ
മററം നീയേ വരുമിരവലക്കിന്നു കല്യാണമേഘം.

അൎത്ഥം:—നനു=ആണല്ലോ എന്നു് പ്രസിദ്ധാർത്ഥം. സുരപതേഃ=ഇന്ദ്രന്റെ. മററികേൾക്കുക=പ്രസിദ്ധമായി കേൾക്കുക. വരസുരഭി=ശ്രേഷ്ഠപശു. വാരുണി=വാരുണസംബന്ധി. ഹോമധേനു=യാഗപശു. വെററിക്കുറവ്=വിജയേച്ഛ. അളകേശൻ=വൈശ്രവണൻ. ഈശൻ=ശിവൻ. നീയേവരു=നീമാത്രമാണു്. ഇരവർ=ഇരക്കുന്നവർ. കല്യാണമേഘഃ=മംഗളം വർഷിക്കുന്ന മേഘം.

സാരം:—കല്പവൃക്ഷം ഇന്ദ്രോദ്യാനത്തിലാണല്ലോ. കേൾവികേട്ട കാമധേനു വരുണന്റെ യാഗപശുവാണു്. ശിവൻ ആശാഹീനനാകയാൽ കുബേരനും ഉതകില്ലാതേയായി. ഇനി അൎത്ഥികൾക്കു് അഭീഷ്ടപ്രദനായി അങ്ങു മാത്രമാണു്.

അഭിപ്രായം:—ഭൂമിയിൽ അൎത്ഥികൾക്കു അഭീഷ്ടം നല്കുന്നതായി പ്രസിദ്ധിയുള്ള ചില വസ്തുക്കളുണ്ടു്. അവ കല്പവൃക്ഷം, കാമധേനു, വൈശ്രവണൻ മുതലായവയാണു്. എന്നാൽ ഇന്നു് അവയൊക്കെ നിഷ്പ്രയോജനമായിരിക്കുകയാണെന്നു് സമൎത്ഥിക്കുകയാണു് ആദ്യം. അതിനാൽ ഇനി അങ്ങുമാത്രമാണു് ദുഃഖസന്തപ്തന്മാൎക്കു് താപം കെടുക്കുന്ന — മംഗളം വർഷിക്കുന്ന — മേഘം എന്നു പറയുന്നു.

അതു വിവരിക്കുകയാണ്. കല്പവൃക്ഷം ഇന്ദ്രോദ്യാനത്തിലാകുന്നു. അതു ഭൂലോകവാസികൾക്കു ഉപകരിക്കുകയില്ല. പിന്നെ കാമധേനു വരുണന്റെ യാഗശാലയിലാണ്. ആ കഥ ഇതാണ്. ദിലീപമഹാരാജാവ് സ്വർഗ്ഗത്തിൽനിന്ന് മടങ്ങുമ്പോൾ കാമധേനുവിനെ വന്ദിക്കുവാൻ വിസ്മരിച്ചു. ആ ശാപം തീൎക്കാൻ തല്ക്കാലം പററിയില്ല. കാരണം കാമധേനു വരുണയാഗത്തിനു പോയി. അതിനാൽ തൽപുത്രിയായ നന്ദിനിയെ ശുശ്രൂഷിച്ചു പ്രസാദിപ്പിക്കുകയാണു് ചെയ്തതു്. രഘുവംശകഥയാണിവിടെ സൂചിതം. "ഹവിഷേ ദീർഘസത്രസ്യ" എന്ന കാളിദാസപദ്യം ഓൎക്കുക!

ഈശൻ നിരാശനായിരിക്കും സമയം വൈശ്രവണനും ദാനത്തിനു കഴിവില്ല. ശിവൻ ആശാഹീനനായി. 'ആശ' എന്നാൽ 'ദിക്ക്' എന്നാണല്ലൊ അർത്ഥം. പിച്ചതെണ്ടുന്ന ആൾക്കു് സ്വന്തം ഇരിപ്പടം ഇല്ലാതായാൽ, ആശ്രിതരുടെ കഥ പറയാനില്ലല്ലൊ. അപ്പോൾ ശിവനെ ആശ്രയിച്ചു, കുബേരനു് ദാനത്തിനു കഴിവില്ലെന്നു സ്പഷ്ടം. അതിനാൽ ഇന്നു് ആശ്രിതൎക്കു് ഇനി നീ മാത്രമാണു് അഭീഷ്ടദാതാവു് എന്നു ചുരുക്കം. ഇനി വാരുണീ വസിഷ്ഠനും, വരസുരഭി നന്ദിനിയുമാവാം. എന്നാലും സന്ദർഭത്തിനു യോജിക്കും.

ഈ പദ്യം കുറെ ക്ലിഷ്ടമാണു്. മൂന്നാംപാദത്തിന്റെ ഭാവം വ്യക്തമല്ല.

23

ഇത്ഥം നാനാകുശല മവനോടാപ്തിപൂർവ്വം വിചാരി-
'ച്ചാസ്ഥാലോകേ വിപുലമനസാ' മെന്നു മുൽപ്പെട്ടു കേട്ടി
പ്രാർത്ഥിച്ചാൻ തൻ കരുമ മവനേ പ്രാർത്ഥനീയാനുഭാവം
സ്വാർത്ഥ പ്രത്യർത്ഥികളി ലെവിടെ ക്കാമുകനാം വിവേകം?

അർത്ഥം:—ഇത്ഥം=ഇപ്രകാരം. ആപ്തിപൂർവ്വം=വിശ്വാസപൂർവ്വം. ആസ്ഥാലോകേ വിപുലമനസാ=ശുകസന്ദേശത്തിലെ ഒരു പദ്യമാണ്. കാര്യസാദ്ധ്യത്തിനു് ആതുരന്മാർ അഭ്യർത്ഥിക്കുകയും മഹത്തുക്കൾ അതിനെ്റരുങ്ങുകയും സാധാരണമാണല്ലോ എന്നാണതിനർത്ഥം. സ്വാർത്ഥപ്രത്യർത്ഥി=സ്വാർത്ഥത്തെക്കുറിച്ചു് അർത്ഥിക്കുന്നവർ. (സ്വാർത്ഥം പ്രതി) കരുമം=കർമ്മം. പ്രാർത്ഥനീയാനുഭാവം=പ്രാർത്ഥിക്കത്തക്ക യോഗ്യനായവനോട്. വിവേകം=തിരിച്ചറിവ്.

സാരം:—ഇങ്ങിനെ നാനാവിധം കുശലങ്ങൾ വിശ്വാസപൂർവ്വം പറഞ്ഞതിനുശേഷം 'ആസ്ഥാലോകേ' എന്നു തുടങ്ങുന്ന ശ്ലോകസാരം മുമ്പേ ധരിപ്പിച്ച ശേഷം, ആവശ്യപ്പെടാൻ യോഗ്യനായ അദ്ദേഹത്തോടു തന്റെ കാര്യാലാവശ്യം അറിയിച്ചു. സ്വന്തം ആവശ്യം പറയുന്ന കൂട്ടത്തിൽ കാമുകന്മാർക്കു വല്ല വകതിരിവുണ്ടോ?

അഭിപ്രായം:—ഉണ്ണുനീലിസന്ദേശം ഒരു ഹാസ്യാനുകരണമാണെന്നുപോലും തോന്നും സഹൃദയന്മാർക്കു്. ശുകസന്ദേശത്തേയാണനുകരിച്ചിരിയ്ക്കുന്നതു്, എന്നു് പലേടിക്കാലും തോന്നത്തക്കതാണതിലെ കഥനരീതി. 'ആസ്ഥാലോകേ' എന്നു് പ്രസിദ്ധമാണല്ലോ എന്ന ഭാവത്തിൽ 'അതാദ്യമേ പറഞ്ഞു' എന്നു് ഒരു വിനോദരസത്തിൽ കവി പറയുന്നു. അതൊരു ചടങ്ങാണെന്നാണു് ഭാവം. "അതു പിന്നെ പറയാനില്ലാല്ലോ" എന്ന അർത്ഥത്തിൽ പലരും പറയാറുണ്ടല്ലോ. ഒരാളുടെ കയ്യിൽ ഒരു കാമുകൻ പ്രേമലേഖനം അയച്ചുവെന്നിരിയ്ക്കട്ടെ. അതു പരിഹാസ

വിഷയമായാൽ ആ സംഭവത്തെ കളിയാക്കുമ്പോഠം 'ഇന്ന ആളായിരുന്നു അതിലെ ഹംസം' എന്നു പറഞ്ഞാൽ, നള ചരിതത്തിലെ സംഭവം പരിഹാസരൂപേണ പകൎത്തുകയാ ണല്ലൊ. അതുപോലെ നാലാംപാദംകൊണ്ടു് പ്രസിദ്ധമായ ഒരു ദൃഷ്ടാന്തവും (മേഘസന്ദേശത്തിലെ "വാച്യാവാച്യവി ചാരമാൎഗ്ഗവിമുഖോചോകേ ഹി കാമീജനാഃ" എന്ന വരി) കാട്ടുന്നു. 'അതൊക്കെ പതിവിൻപടിതന്നെ' എന്നൎത്ഥം.

24

ആൎത്തത്രാണപ്രവണ കരുണാവാരിധേ! കാമുകാനാം
നേത്രശ്രേണീമധുപ നളിനീം വേറിരുന്നുണ്ണുനീലീം
വാൎത്തപ്പെട്ടേനിഹ വിരഹിണാം ഞാൻ തുലോമിന്നു പാർമേൽ
കീൎത്തിപ്പാന്നൊന്നരുതതു ശരച്ചന്ദ്രികാചാരുകീൎത്തേ!

അൎത്ഥം:—ത്രാണം=രക്ഷ. പ്രവണൻ=സമൎത്ഥൻ. നേത്രശ്രേണീ= കടാക്ഷസമൂഹം. മധുപം=വണ്ടു് (തേൻ പാനംചെയ്യുന്നവൻ). നളിനീ= താമരപ്പൊയ്ക. വാൎത്തപ്പെടുക=വാൎത്താവിഷയമാകുക. തുലോം=ഏററവും.

സാരം:—ആൎത്തന്മാരെ രക്ഷിക്കുന്നതിൽ സമൎത്ഥനായ ഹേ ദയാ സിന്ധോ! കാമുകന്മാരുടെ കടാക്ഷഭൃംഗങ്ങഠംക്കു് താമരപ്പൊയ്കയായ ഉണ്ണു നീലിയെ വേർപിരിഞ്ഞതിനാൽ ലോകത്തിൽ ഞാൻ വിരഹികളിൽവെ ച്ചു് കേഠംവികേട്ടവനായി. ശരച്ചന്ദ്രികപോലെ മനോഹരമായ കീൎത്തി യോടുകൂടിയ രാജൻ! അതു വൎണ്ണിയ്ക്കുവാൻ വയ്യ.

25

സിന്ധുദ്വീപെന്നൊരു പുരവരം ബിംബലീപാലകാനാം
കേഠംപ്പുണ്ടല്ലൊ ജഗതി വിദിതം മേദിനീസ്വൎഗ്ഗഖണ്ഡം
തസ്മിൻ മാരന്നിറിയ പടവീടുണ്ടു് മുണ്ടക്കലെന്നോ-
രില്ലം മല്ലക്ഷവലയദൃശാം പാരിലാരൂഢകീൎത്തേ!

അൎത്ഥം:—സിന്ധുദ്വീപു്=കടുത്തിരുത്തി. ബിംബലീപാലകനാം =വടക്കുംകൂർ രാജാക്കന്മാൎക്കു്. ജഗതീ=ലോകത്തിൽ. വിദിതം=അറിയ

പ്പെട്ടതു്. തസ്മിൻ=അതിൽ. മല്ല=അഴകുള്ള. കുവലയം=കരിങ്കുവളം. ദൃക്ക് =കണ്ണു്. ആരൂഢം=ഉറച്ചതു്.

സാരം:—വടക്കംകൂർ രാജാക്കന്മാൎക്കു് കട്ടത്തിരുത്തി എന്നൊരു നാട്ടുള്ളതായി കേട്ടിട്ടില്ലെ? അതു ഭൂലോകസ്വൎഗ്ഗമാണെന്നു ലോകത്തിൽ എല്ലാവൎക്കുമറിയാം. അവിടെ കാമൻെറ കളരിയായ നല്ലൊരു ഗൃഹമുണ്ടു്. മുണ്ടയ്ക്കൽ എന്നാണതിൻെറ പേർ. സുന്ദരിമാൎക്കു് പ്രസിദ്ധിപെററതാണു് ആ ഗൃഹം.

അഭിപ്രായം:—'ആരൂഢകീൎത്തേ' എന്നതിനു പകരം 'ആരൂഢകീൎത്തി' എന്നായാൽ വീടിൻെറ വിശേഷണമാക്കാം. ഇവിടെ കട്ടത്തിരുത്തി എന്നതിനെ കുറിച്ചു് വലിയ കോലാഹലം നടന്നിട്ടുണ്ടു്. കടലും, തുരുത്തും ഒക്കെ വലിച്ചിഴച്ചുകൊണ്ടാണതിൻെറ പോക്കു്. ഇന്നാപ്രദേശത്തിനു് അതിലൊരു ചേർച്ചയും കാണാത്തതിനാൽ പഴയ ഭൂമിശാസ്ത്രം ചിലർ തിരയുന്നു! എന്തിനാണിതൊക്കെ? ഒരു സ്ഥലപ്പേർ ശുദ്ധിയായി കണക്കാക്കരുതെ? പാലക്കാടു് എന്നതിനു് 'ക്ഷീരവനം' എന്നു് ഒരു വിദ്വാൻ പ്രയോഗിച്ചാൽ, ആ സ്ഥലം എന്തു പിഴച്ചു? സിദ്ധരൂപിച് ഒരു നേർ തൎജ്ജമയായി (പദത്തിൻെറ മാത്രം) വിചാരിച്ചാൽ പോരെ?

26

കാമോന്മാദാൽ ക്കനിവെട്ട ചമഞ്ഞത്ത്വശീ നിസ്സീശങ്കം
ഭൂമൗ ഭൂമീശ്വരനിൽ മരുവീടിന്നനാറാം വിക്രമാഖ്യേ
ഉണ്ടായീപോ ലഴകിലവറാംപാകത്തു നിന്നത്യുദാരം
തണ്ടാർമാതിൻ കുലനിലയമാം വംശമേതൽ പൃഥിവ്യാം

അൎത്ഥം:—അവറാംപാകത്തുനിന്നു്=അവളിൽനിന്നു്. ഉദാരം=ഉൽകൃഷ്ടം. കുലനിലയം=കേളീരംഗം. ഏതൽ=ഇതു. പൃഥിവ്യാം=ഭൂമിയിൽ.

സാരം:—കാമാധികൃത്തോടുകൂടി ഉർവ്വശി അണിഞ്ഞൊരുങ്ങി .ശങ്കയെന്യേ ഭൂമിയിൽ വിക്രമൻ എന്ന പേരായ രാജാവിനോടുകൂടി അധിവസിച്ച കാലത്തു് അവളിൽനിന്നു് ഈ ഉൽകൃഷ്ടവും ശ്രീനികേതവുമായ വംശം ഉണ്ടായിപോലും.

അഭിപ്രായം:—ഉർവ്വശിയിൽനിന്നാണ് ഉൽപ്പത്തിയെന്നു് കവി പറയുമ്പോഠം ഇതൊരു കല്പിതകഥയാണെന്നു് ജനങ്ങഠം ശങ്കിക്കുമോ എന്നു ഭയപ്പെട്ടു് ഗവേഷകന്മാർ അങ്ങിനെയല്ലെന്നു് ഉറപ്പിച്ചുപറയുന്നു. (വെലുപ്പിള്ള ഈ കഥ സങ്കല്പമെന്നു സമ്മതിക്കുന്നുണ്ടു്!) ശ്രീ. ടി. എം. ചുമ്മാരുടെ 'പദ്യസാഹിത്യചരിത്ര'ത്തിൽ ഒരദ്ധ്യായം, കേരളീയ കവയിത്രികഠംക്കായി നീക്കിവെച്ചിട്ടുണ്ടു്. അതിൽ "വന്നേരി കെ. സാവിത്രി അന്തർജ്ജന' ത്തിന്നു് ഒരു ഖണ്ഡിക, ചിലവഴിച്ചിരിയ്ക്കുന്നു! പ്രസ്തുത ശ്രീമതി, ഒരു സങ്കല്പസൃഷ്ടിയാണെന്ന പരമാർത്ഥം പില്ക്കാലത്തുള്ളവർ അറിയാനിടയാവാത്തതു് ആശ്ചര്യമല്ല. ദുർഗ്ഗാസപ്തശതിയിൽ മഹിഷാസുരനെ വധിയ്ക്കാൻ പലേ ദേവന്മാരുടേയും തേജസ്സിൽനിന്നും ഉത്ഭൂതയായ ഭഗവതിയെപ്പോലെ, വന്നേരിക്കാരായ പലേ കവികളുടേയും തൂലികയാണാ കവയിത്രിയുടെ സൃഷ്ടി നിർവ്വഹിച്ചിട്ടുള്ളതു്! അപ്പോഠം, അറനൂറു് കൊല്ലംമുമ്പ് കവി സൃഷ്ടിച്ച ഉണ്ണുനീലി സങ്കല്പപാത്രമാണെന്നു പറയുന്നതിലിത്ര പരിഭ്രമിയ്ക്കാനെന്തുണ്ടു്?

27

തസ്മിൻവംശേ തരുണനയനങ്ങഠംക്കു പീയൂഷധാരാ
താരുണ്യാനാം ജഗതി ജനനീ, താർചരന്നസ്സ്രശാലാ
താരാർമാതിന്നഭിമതസഖീ, താമ്രബിംബാധരോഷ്ഠീ
താരാനാഥപ്രതിഭടമുഖീ തിണ്ണമെന്നുണ്ണുനീലീ.

സാരം:—(തസ്മിൻവംശേ) ആ വംശത്തിങ്കൽ, യുവാക്കന്മാരുടെ കണ്ണുകൾക്കു് അമൃതധാരയും, താരുണ്യാദി വിലാസങ്ങൾക്കു് ജഗത്തിൽ ജനനിയായും, പൂവമ്പനു് (താർചരൻ) ആയുധപ്പുരയായും, ലക്ഷ്മീദേവിയ്ക്കു് ഇഷ്ടസഖിയായും, ചുകന്ന തൊണ്ടിപ്പഴംപോലെയുള്ള ചുണ്ടുകളോടുകൂടിയവളും, ചന്ദ്രനു തുല്യമായ മുഖത്തോടുകൂടിയവളുമായ എന്റെ ഉണ്ണുനീലി ഉണ്ടായി.

അഭിപ്രായം:—'തത്രസവാത്ഥാ തരുണസഹിത' എന്ന ശുകസന്ദേശപദ്യം ഇതിലെ പ്രാസം വായിയ്ക്കുമ്പോൾ ഓൎമ്മ വരുന്നില്ലേ?

28

"ഞാനും തനപീതിലകമവളും കൂടി വാടാതകാന്ത്യാ
കാമക്രീഡാചപലവപുഷൗ ചേൎന്നറങ്ങിന്നനേരം
കല്യാണാംഗീം കഥമപി പിരിച്ചെങ്ങനേ ഞാനറിഞ്ഞീ—
ലെന്നെ കൈക്കൊണ്ടപഗതവതീ കാപി യക്ഷീ നിശായാം."

സാരം:—സുന്ദരികൾക്കു് തൊടുകുറിയായ അവളും ഞാനും മങ്ങാത്ത കാന്തിയോടുകൂടി മാറപ്പോരാൽ ഇളകിമറിഞ്ഞ ദേഹത്തോടുകൂടിയവരായി ചേൎന്നറങ്ങുന്ന സമയത്തു്, ആ മംഗളാംഗിയെ വേർപെടുത്തി ഏതുവിധമോ ഞാനറിഞ്ഞില്ല, രാത്രിയിൽ (നിശായാം) ഒരു യക്ഷി എന്നെ എടുത്തുംകൊണ്ടു് (അപഗതവതീ) കടന്നുകളഞ്ഞു. (അപഗമിച്ചു) "കല്യാണാംഗീ" എന്ന എളങ്കുളം സ്വീകരിച്ച പാഠം ശരിയല്ല.

29

കാതത്തിന്മേലുപരിഗഗനേ ചെന്ന നേരത്തുണൎന്ന—
ന്നാതപ്പോഞാനിഹ ബഹുമതാം വേറിരുന്നുണ്ണുനീലീം
പേടിച്ചേറാം വിരവിൽ നരസിംഹാഖ്യമന്ത്രം ജപിച്ചു—
ന്നോടിപ്പോയാളവൾ മുറയുമിട്ടങ്ങു കൈവിട്ടനന്മേ.

അർത്ഥം:—കാതം=നാലുനാഴിക. ഗഗനം=ആകാശം. ആതപ്തൻ=ദുഃഖിച്ചവൻ. ബഹുമതാ=പലൎക്കും സമ്മതമായവൾ. മുറയിടുക=അലറുക.

സാരം:—ഏതാണ്ടു് നാലു നാഴികയിലും കവിഞ്ഞ ഉയരത്തിലുണൎന്നപ്പോൾ ബഹുമതയായ ഉണ്ണുനീലിയെ വേർപെട്ട ഞാൻ പേടിച്ചു് ഉടനെ

നരസിംഹമന്ത്രം ജപിച്ചു. അപ്പോഠം അവഠം പേടിച്ച് അലറിക്കൊണ്ട് എന്നേ വിട്ടോടിപ്പോയി.

അഭിപ്രായം:—ബഹുമതാ എന്ന പദം കവി മനഃപൂൎവ്വം ഉപയോഗിച്ചതാവണം. ഏതായാലും കീഴ്പോട്ടു പതിച്ചതിനാൽ ബഹിരാകാശത്തോളം പോയിട്ടുണ്ടാവില്ല. വിരഹിത എന്ന എല്ലാങ്കളം മതം തെററ്. (പുനരുക്തിദോഷം)

30

താങ്ങിത്താങ്ങി ത്തരു മുഴനാ മാരുതേനാനയാതോ
മന്ദംമന്ദം പുനരഹമിഹൈകത്ര ദൈവാനുഗ്രഹാൽ
സമ്മൂഢം മാമിവിട മറിയിപ്പിച്ചി തംഭോജനാഭം
പാടിപ്പാടി പ്പുലരിപുകഴ്ം ഗായകാനാം വചാംസി.

അൎത്ഥം:—തരു=പിന്നീട്. മാരുതൻ=കാററ്. മുഴ=ചെറുത്. അനുയാതൻ=അകമ്പടിക്കാരൻ. ഏകത്ര=ഒരിടത്തു്. സമ്മൂഢൻ=അറിവില്ലാത്തവൻ. അംഭോജനാഭൻ=വിഷ്ണു. വചാംസി=വാക്കുകഠം.

സാരം:—എന്നെ മന്ദമാരുതൻ താങ്ങിതാങ്ങി ദൈവാധീനംകൊണ്ട് ഇവിടെ ഒരിടത്തു് കൊണ്ടിറക്കി. ബോധം നശിച്ച എന്നെ, ശ്രീപത്മനാഭന്റെ ഗായകന്മാരുടെ പ്രഭാതഗീതം, സ്ഥലം ഇന്നതെന്നു് അറിയിപ്പിച്ചു.

31

ദേവം നത്വാ ഭുജഗശയനം വാതിൽമാടത്തിൽ മേവി-
ത്തായ്വും പെണ്മാൻമിഴിയൊട്ട പിരിഞ്ഞതൊ നീറീട്ടമെന്നെ
ഏവം പൂവില്ലവനു മടനിക്കാലവും വെണ്ണിലാവും
കൂവും കോലക്കയിലു മഴകിൻ തെന്നലും കൊന്നതല്ലോ.

അൎത്ഥം:—നത്വാ=നമസ്കരിച്ചിട്ട്. തായ്വുക=ഉണ്ടായിരിക്കുക ('തായ്വുക' എന്നതിനു വേലുപ്പിള്ള 'ശോഭിക്കുക' എന്നു് പറയുന്നു) തെന്നൽ=കാററ്.

സാരം:—ശ്രീപത്മനാഭസ്വാമിയെ വന്ദിച്ച് വാതിൽമാടത്തിലിരിക്കുന്നവനും പെണ്മാൻമിഴിയോട്ട് പിരിഞ്ഞ് നീറുന്നവനുമായ എന്നെ ഇപ്രകാരം കാമനും, കാലവും, പൂനിലാവും, കുവും, കുയിലും, തെന്നലും കൊന്നപോലെയാക്കി.

അഭിപ്രായം:—'ഏവം' എന്നതിന്നു 'മേവും' എന്നു എളംകുളം സ്വീകരിച്ചതു് തെറ്റാണു്. മേവിത്താവും എന്നു കഴിഞ്ഞു് മേവും എന്നതു് പുനരുക്തിയാവും. വാതിൽമാടത്തിന്നു് ഗോപുരം എന്നു് ശൂരനാടനും, വേലുപ്പിള്ളയും അൎത്ഥം പറഞ്ഞിരിയ്ക്കുന്നു. അതു ശരിയല്ല. സാധാരണ അമ്പലത്തിലെ ശ്രീകോവിലിന്നു ചുററുമായി കാണുന്ന കെട്ടിടത്തിന്നു ചുററമ്പലം എന്നും നാലമ്പലമെന്നും പറയും. അതിൻെറ പൃഷ്ഠപാൎശ്വങ്ങളിലെ ഭാഗമൊഴിച്ച്, അഗ്രഭാഗത്തു് വീതികൂടിയ സ്ഥലത്തിന്നാണു് വലിയമ്പലമെന്നു പറയുന്നതു്. വാതിൽമാടം എന്നു പറയുന്നതു്, ദേവാലയനിൎമ്മാണശാസ്ത്രപ്രകാരം 'സഭ' എന്നു് പറയുന്നതിന്നേയാണു്.

32

മുണ്ടെക്കൽക്കണ്ടൊരു തിലകമാ മുണ്ണുനീലീവിയോഗം
കൊണ്ടിട്ടുരുമ്മനസിജശരൈ ജ്ജീവിതാപന്നമെന്നെ
കണ്ടപ്പോഴേ കനിവിനൊടു ണത്തിപ്പുണത്തിന്ന നിന്നെ
ക്കണ്ടിട്ടിപ്പോഴും മമ ബത! മഹാനന്ദ മഭ്യേതിചേതഃ

അർത്ഥം:—ഉരുക=അഴലുക. മനസിജൻ=കാമൻ. ജീവിതാപന്നൻ=ആപത്തിൽപ്പെട്ട ജീവിതത്തോടുകൂടിയവൻ. പുണത്തിന്ന=ചേക്കുന്ന. അഭ്യേതി=പ്രാപിക്കുന്നു. ചേതഃ=മനസ്സ്.

സാരം:—മുണ്ടെക്കൽവീടിന്നു് തൊടുകുറിയായ ഉണ്ണുനീലിയുടെ വേർപാടുകൊണ്ടു് ഉഴലുന്നവനും, കാമശരങ്ങളാൽ ജീവിതാപന്നനുമായ എന്നേ

ക്കണ്ടപ്പോൾതന്നെ സദയം ആശകൾ പുനരുജ്ജീവിപ്പിച്ച അങ്ങയെ കണ്ടിട്ടു് എന്റെ മനസ്സ് അത്യാനന്ദത്തെ പ്രാപിക്കുന്നു.

33

കാമാൎത്താനാം ഝടിതി മൃതസഞ്ജീവനം പോന്നിനക്കെന്നാ
മൽപ്പെണ്മാൻമിഴികൾമദനാ! തേറിനോം ഞങ്ങളെന്നാൽ
നീയേവേണ്ടും നരവര! വിരഞ്ഞെങ്ങൾ വാൎത്താമുണൎത്തി-
ക്കാമാപന്നാം കളഭഗമനാം പോററി! പോററീടുവാനും.

അൎത്ഥം:—കാമാൎത്തൻ=കാമപീഡിതൻ. പോംനിനക്കു്=നിനക്കു കഴിയും. തേറിനോം=നാം മനസ്സിലാക്കുന്നു. വിരിഞ്ഞു്=വേഗത്തിൽ. എങ്ങൾവാൎത്താ=എന്റെ വാൎത്ത. കാമാപന്നാ=കാമാതുര. കളഭഗമന=ആനയെപ്പോലെ നടക്കുന്നവൾ.

സാരം:—കാമാൎത്തന്മാൎക്ക പെട്ടെന്നു് മൃതസഞ്ജീവനിയാവാൻ അങ്ങക്കു് കഴിയുമെന്നു (ഞങ്ങൾ) ഞാൻ അറിയുന്നു. പെണ്മാൻമിഴികൾക്കു് കാമനായ ഹേ രാജൻ! എന്റെ വാൎത്ത വേഗം കാമാൎത്തയും കളഭഗാമിനിയുമായ അവളെക്കണ്ടു പറയാനും രക്ഷിക്കുവാനും അങ്ങുതന്നെ വേണം.

അഭിപ്രായം:—നായകനെപ്പററി പല വാദങ്ങളുമുണ്ടെങ്കിലും സന്ദേശവാഹകൻ രാജാവാണെന്നാണു് പരക്കെ മതം. എന്നാൽ ഞാൻ ആലോചിക്കുകയാണു് 'പോററി' എന്ന സംബോധന പ്രത്യക്ഷത്തിൽ ഉള്ളപ്പോൾ രാജാവല്ലെന്നും പോററി ആണെന്നും അനുമാനിക്കരുതേ? ശ്രീ എളങ്കുളം ഇതൊന്നു ഗവേഷണം നടത്തിയാൽ കൊള്ളാം!

34

എന്നാൽ നീ പോയ് വടമതുരയിൽ ചെന്നുകണ്ടുണ്ണുനീലീ-
മൊന്നൊന്നേ മച്ചരിതമറിയിപ്പിച്ചുതേററീടുവാനായ്.
നന്നും നന്നായ്‌വരുക തിരുവുള്ളം നിനക്കെന്നിലിന്നും
മന്നിൽ കീൎത്തീം മതുമത വിതച്ചീടു മാതിച്ചവമ്മാ.

സാരം:—എന്നാൽ അങ്ങു് വടമതുരയിൽ(കടുത്തിരുത്തി)പോയി ഉണ്ണുനീലിയെക്കണ്ടു് ഓരോന്നായി എന്റെ ചരിതം അറിയിച്ചു് (തേററീടുക)

ആശ്വസിപ്പിക്കുക. അങ്ങക്കെന്നിൽ എന്നും തിരുവുള്ളം (നന്നു്) ഏററവും നന്നായിവരുമാറാകട്ടെ. ഭൂമിയിൽ കീൎത്തിയെ (മുമ്പത) ഭംഗിയായി (പൂൎണ്ണമായി എന്നൎത്ഥം) വിതച്ചീടുന്ന ഹേ അതിതൃവൎമ്മൻ! (പോയിവരിക)

35

അഞ്ചാംപക്കം, വരമിതുതുലോം, വാരവും വീരമൌലേ!
നാളുംനന്നേ, നളിനവനിതയ്ക്കുമ്പനേ! മുമ്പിലേതു
മേടം വേണാടരിൽമകുടമേ! രാശിയും, വാഗധീശൻ
നാലാമേടത്തയ മുപഗതോ ഭൃതികാമാഖ്യയോഗഃ

അൎത്ഥം:—വരം=ശ്രേഷ്ഠം. അഞ്ചാംപക്കം=പഞ്ചമി. തുലോം=ഏററവും. വാഗധീശൻ=വ്യാഴം. ഭൃതികാമാഖ്യ=ഒരു യോഗം.

സാരം:—ഹേ വീരമൌലേ! ഇന്നു അഞ്ചാംപക്കമാണ്. നാളും അത്തിനെതന്നെ; അഞ്ചാമത്തേതു്. ഇതു വളരെ നല്ലതാണ്. ശ്രീഭഗവതിയ്ക്കു് പ്രിയനായവനേ, രാശി മേടമാണ്. വ്യാഴം നാലിൽ ഉണ്ടു്. ഇതു് ഭൃതികാമാഖ്യ എന്ന യോഗമാണ്. വേണാട്ടരചരിൽമകുടമേ! പോയിവരിക എന്നു സാരം.

അഭിപ്രായം:—ഇവിടെ എഴുതുമ്പോഠം കൈ വിറയ്ക്കും. കാരണം, ഈ പദ്യമാണ് പണ്ഡിതലോകത്തിനെ പണ്ടെങ്ങുമില്ലാത്ത മട്ടിൽ പോരടിപ്പിയ്ക്കുന്നതു്! നാളിനേകുറിച്ച് 27 അഭിപ്രായമുണ്ട്. തിഥി പതിനഞ്ചുമാകും. ലഗ്നവും രാശിയും ഗണിയ്ക്കാൻ ശ്രീ. സ്വാമിക്കണ്ണുപിള്ള തുടങ്ങിയ, പാണ്ടിക്കാരായ പണ്ഡിതപ്രമുഖന്മാരെ, സൈ്വരംകെടുത്തി, 600 കൊല്ലം മുഴവൻ ഗണിപ്പിച്ചുനോക്കിയെന്നു് എളങ്കുളം പറയുന്നു! ഒന്നും തീരുമാനമായിട്ടുമില്ല. പതിവിൻപടി, യുക്തികഠംക്ക നിരക്കാത്ത അഭിപ്രായമാണ് അദ്ദേഹം ഒടുവിൽ കല്പിച്ച് സ്വീകരിയ്ക്കുന്നതും! പക്ഷെ, നായകനെ ബാധിച്ച യക്ഷി, ഏതുവൎഗ്ഗത്തിൽ

പെട്ടതാണെന്നും, മന്ത്രവാദികാം പറയുമ്പോലെ, നീരി
ന്നോ നിഴലിന്നോ, ബാധിച്ചതു് എന്നൊന്നും പ്രശ്നംവെ
പ്പിയ്ക്കാൻ എളങ്കുളം പാഴ്വർവരെ പോവ്വാഞ്ഞതെന്താണെ
ന്നു് ഞാനത്ഭുതപ്പെട്ടുകയാണ്! ശ്രീ. ശൂരനാട്ട് കുഞ്ഞൻ
പിള്ള പറഞ്ഞപോലെ 'ഒരു കൃതി സുമാർ ഏതുകാല
ത്താണ് നിർമ്മിച്ചതെന്നറിഞ്ഞാൽ ഞാൻ തൃപ്തനായി."
ഞാനും തഥൈവ. കൃത്യദിവസം അറിയുന്നതു് പലിശ
കണക്കാക്കാൻ ഹുണ്ടികക്കാൎക്ക് ആവശ്യമായിരിയ്ക്കാം.
രാശി കൃത്യമറിയുന്നതു് മുഹൂൎത്തത്തിന്നും ആവശ്യമാണ്.
കവിതാസ്വാദനത്തിന്നു് അതാവശ്യമില്ല. ജ്യോതിഷപ്ര
കാരം പിഴയുണ്ടായാലും അസ്തു. നളചരിതം തുള്ളലിൽ ദമ
യന്തിയുടെ വിവാഹലക്ഷണം കാണുന്നോ? ഇതാ—"ധനു
മാസം പതിനാറാംതിയ്യതി ശനിവാരത്തേ മകരംരാശി
നമ്മുടെ മകൾ ദമയന്തിയതാകിയ കന്യക തന്റെ വിവാ
ഹമുഹൂൎത്തം..നിഷധപത
പതിനഞ്ചാംതിയ്യതി ഉഷസി കുളിപ്പാനിവിടെ വരേണം."
കണ്ടുവോ? കുഞ്ചൻനമ്പ്യാർ പറയുന്നതു്! ധനുമാസത്തിൽ
വിവാഹം പതിവില്ലെന്നു അറിയാൻ മുഹൂൎത്തപദവി പഠി
ച്ചിട്ടൊന്നും വേണ്ട. 'സ്ത്രീ. മീനാന്ത്യാൎദ്ധാ, കൎക്കീഘടധനു
രവിഃ, ജന്മാസ്തഘേടം വരൎക്ഷം" (മുഹൂൎത്തപദവി പരിഭാ
ഷ, സ്വന്തം) എന്നാണു് വിധി. (കന്നി, മീനം ഒട്ടുവിച്ചെപ്പാ
തി, കൎക്കടകം-കുംഭ-ധനു ഈ മാസങ്ങൾ, ഏഴിൽ ഗ്രഹങ്ങൾ,
വരന്റെ പിറന്നാൾ ഇവ അരുതു്) "മേടം ഉദയരാശിയാ
യതുകൊണ്ടു് മേടമാസമാണെന്നു് എങ്ങനെ അറിയാം? എ

നിയ്ക്കു ജ്യോതിഷം അറിഞ്ഞുകൂടാത്തതുകൊണ്ടു ചോദിച്ചതാണു്" എന്നു ഉള്ളൂർ പറഞ്ഞുവെന്നു പറഞ്ഞു് എളങ്കുളം അദ്ദേഹത്തെ എത്ര പരിഹസിച്ചു! (ഇരുളടഞ്ഞ ഏടുകറ്റ, അരുമുഖം) ഈ വരി കണ്ടിട്ടില്ലായിരിയ്ക്കും. അല്ലെങ്കിൽ ആ വശ്യവചസ്സായ കുഞ്ചനെ എത്ര അധിക്ഷേപിയ്ക്കണം! പാലാഴിത്തിരപോലെ തള്ളിവരുന്ന പദസമൂഹം പൊറുതിമുട്ടിയ്ക്കുന്ന ആ കവിമല്ലൻ, ഇത്തരം അരസികശിരോമണികളെ കരുതിയിട്ടില്ലെന്നേ സമാധാനം പറയാനുള്ളു. ഏതായാലും, ജ്യോതിഷപ്രകാരം ഇതു ഒത്തുവരുന്നതു ഏതു കൊല്ലമാണെന്നു് എളങ്കുളം ഒന്നു ഗണിച്ചുവെച്ചാൽ നന്നു്; നളന്റെ കാലം അറിയാമല്ലൊ.

ഉഷയുടെ തലമുടി "നല്ലാശ്ശുരനന്ദഭസി കാർമുകിൽ മാലപോലെ" എന്നു വർണ്ണിച്ച വള്ളത്തോറ്റ, ശരൽക്കാലമേഘം തൂവെള്ളയാണെന്നറിഞ്ഞിട്ടില്ലാ എന്നു്, എളങ്കുളം വാദിയ്ക്കുമോ എന്തൊ! കവികറ്റ നിരങ്കുശരാണെന്നേ ഇതിനൊക്കെ അർത്ഥമുള്ളു. ജ്യോതിഷപഠനത്തിന്നല്ല ഉണ്ണുനീലീസന്ദേശം ഉദ്ദേശിച്ചിട്ടുള്ളതു്. ചില ചരിത്രാംശം അടങ്ങിയിരിയ്ക്കാം എന്നുമാത്രം.

36

എന്നാൽ കേറ്റപ്പു വഴിയിവിടെ നിന്നു കടത്തേത്തലാന്തം
ചെന്നാൽ മാലക്കഴലികറ്റമണി കന്നുണത്തിന്നതും നീ
എല്ലാമററം നവര മറിയുന്നോക്ക മിന്നുള്ളവണ്ണം
കേട്ടാൽ വാട്ടം മനസി കറയുംചെയ്യു മർത്ഥാന്തരാണി.

അൎത്ഥം:—കടത്തേതത്തലാന്തം=കടത്തേതത്തലവരെ. മാലക്കുഴലി=പൂമാല ചൂടിയ തലമുടിയുള്ളവാം. നവരം=തീൎച്ച. അൎത്ഥാന്തരാണി=മററൎത്ഥങ്ങാം.

സാരം:—എന്നാൽ, ഇവിടെനിന്നു് കടത്തേതത്തലവരെയുള്ള വഴികളം കേറംക്കുക. എല്ലാം നല്ലവണ്ണം അറിയാവുന്നവക്കം ഇന്നുള്ളവണ്ണം കേട്ടാൽ മനസ്സിന്നു് സന്ദേഹം കുറയുമല്ലൊ. മററൎത്ഥങ്ങളും അതായത്തു പ്രയോജനവും ഉണ്ടാവും.

അഭിപ്രായം:—കടത്തേത്തല എന്നതിന്നു് പകരം 'അക്കടെത്തു് എത്തൽ' എന്നു് എല്ലാരും വ്യാഖ്യാനിക്കുന്നു. 'അക്കടെ' എന്നാൽ അവിടെ എന്നു് തെലുങ്കിലാണൎത്ഥം. എത്തൽവരെ എന്നാണു്. എത്തലാന്തം എന്നു് പറയുന്നതും സാധുവല്ല. എത്തലന്തം എന്നാണു് വേണ്ടതു്.

രാജാവിന്നു അറിയാവുന്ന വഴി വീണ്ടും പറയുന്നതു നിഷ്പ്രയോജനമെന്നു് ഭാവിയിൽ വാദം കൂടാതെ കഴിക്കാനാവും കവി സമാധാനം നേരത്തേ പറഞ്ഞുവെച്ചതു്! വഴി വൎണ്ണിക്കുക മാത്രമാണദ്ദേഹം എന്നു് ധരിക്കാതെ ഗവേഷകർ വാദകോലാഹലം കൂട്ടുന്നുണ്ടെന്നു കരുതിയിരിക്കാം.

37

നാഭീപത്മം നിഖിലഭുവനം ഞാറു് ചെയ്താത്മയോനിം
നാഗേന്ദ്രന്മേൽ ബത! മുതുമതപ്പള്ളികൊള്ളും പിരാനെ
നാഗാരാതിധ്വജനെ,നവരം മുമ്പിൽ നീ കമ്പിടേണ്ടും
നാൽവേദത്തിൻ പരമപൊരുളാം നമ്മുടെ തമ്പിരാനെ

അൎത്ഥം:—ഞാറു് ചെയ്ക=സൃഷ്ടിക്കുക ആത്മയോനി=സ്വയംഭൂ. മുതുമത=പൂൎണ്ണമായി. നാഗം=പാമ്പു്. അരാതി=ശത്രു. ധ്വജൻ=കൊടിയടയാളമുള്ളവൻ.

സാരം:—നാഭിയിൽ പത്മമുള്ളവനും, നിഖിലലോകവും സൃഷ്ടിച്ചവനും ആത്മയോനിയും സൎപ്പേന്ദ്രനിൽ ഭംഗിയായി ശയിക്കുന്നവനും (പി

രാൻ) ഈശ്വരനും ഗരുഡധ്വജനും നാല് വേദത്തിന്നും പരമപ്പൊരുളും ആയ നമ്മുടെ തമ്പുരാനെ തീർച്ചയായും അങ്ങ് ആദ്യം കുമ്പിടണം.

അഭിപ്രായം:—യാത്ര തുടങ്ങുമ്പോൾ ആദ്യമായി ശ്രീപത്മനാഭസ്വാമിയെ തൊഴുതു പുറപ്പെടാൻ പറയുന്നു.

38

വേലപ്പെണ്ണിൻമുലയി ലലിയും ചന്ദനാമോദരമ്യേ
ചാലച്ചീററം പെരുകിയുരുകീടിന്ന വിശ്വംഭരായാഃ
കോലക്കണ്ണിൻമുന കനമകം പുക്കനിററു മാർവ്വിൽ മന്ദം
നീലക്കല്ലായ് വിലസിന മണീകൌസ്തുഭം വെൽവൃതാക.

അർത്ഥം:—വേലപ്പെണ്ണ്=സമുദ്രകന്യക. അലിയുന്ന=വഴിയുന്ന. ആമോദം=സൌരഭ്യം. ചാല=കവിഞ്ഞ. ചീററം=കോപം. വിശ്വംഭരാ=ഭൂമിദേവി. (ലോകം ഭരിയ്ക്കുന്നവൾ) കനം=നല്ലവണ്ണം. വെൽവൃതാക=ജയിക്കട്ടെ.

സാരം:—ലക്ഷ്മിയുടെ മുലയിലിഴകിയ ചന്ദനസൌരഭ്യംകൊണ്ടു രമ്യമായ നിന്റെ മാറത്തു് കടുംകോപംകൊണ്ടു് ഉരുകുന്ന ഭൂമീദേവിയുടെ മനോഹരമായ (കോല) കൺമുന തുളച്ചുകയറി കൌസ്തുഭമണി നീലക്കല്ലായി ശോഭിക്കുന്നതു ജയിക്കട്ടെ കൌസ്തുഭം പുകന്ന രത്നമാണ്. കറുത്ത കൺമിഴി നിഴൽ തട്ടി അതു നീലയായിത്തീൎന്നുവെന്നു സാരം.

അഭിപ്രായം:—സപത്നീസംഗചിഹ്നംകൊണ്ടു ഭൂമീദേവിയുടെ ഈർഷ്യ സൂചിപ്പിക്കുന്ന 'മുലയിൽ മരുവും' എന്ന എളങ്കുളം വ്യാഖ്യാനത്തേക്കാൾ നല്ലതു് ഇതാണു്. നീലക്കല്ലാൽ എന്നാണു് ശരി എന്നു് എളങ്കുളം വാശി പിടിക്കുന്നു. അഃഭ്രഹത്തിന്നതു ചേൎന്നതുതന്നെ. പക്ഷെ 'കല്ലായ്' എന്നായാലേ രസം തികയുകയുള്ളു. തല്ക്കാലം നീലിമ ഉണ്ടായതാണു്. അല്ലാതെ കൌസ്തുഭം നീലക്കല്ല് അല്ല. 'ധവളരത്നം' എന്നു വേലപ്പിള്ള പറയുന്നതും

ശരിയല്ല. "ഉത്സർപ്പൽ കൌസ്തുഭശ്രീ തതഭി രതു ദൈത്യവീ— ചൂടി
എന്ന നാരായണീയം ഒടുവിലെ ദശകത്തിൽ പ്രയോഗ... ന്മങ്ങ
ട്ടുള്ളതു് കാണുക ... ന,

39

ക്ഷീരാംഭോധൌ ഭുജഗവരനാം മെത്തമേലത്യുദാരം
താരാർമാതിൻ കുളുർമുലയുഗം പൂണ്ടു പൂർണ്ണാനുരാഗം
പാരേഴിനും തുയിർ കുറവറപ്പോക്കുവാൻ പള്ളികൊള്ളും
കാരുണ്യാബ്ധേ! തവ പദയുഗം പദ്മനാഭാ! തൊഴുന്നേൻ.

അർത്ഥം:— ക്ഷീരം=പാലു്. അംഭോധി=സമുദ്രം. ഭുജഗം=പാമ്പു്. വരൻ=ശ്രേഷ്ഠൻ. താരാർമാതു=ലക്ഷ്മി. യുഗം=ഇണ. പൂണുക=ആലിംഗനംചെയ്യുക. തുയിർ=ദുഃഖം. കുറവറത്തക്കവണ്ണം=പോകുംവണ്ണം. കാരുണ്യാബ്ധി=കൃപാസാഗരം. തവ=നിന്റെ.

സാരം:— പാലാഴിയിൽ അനന്തനായ മെത്തയിൽ ഉദരമാംവണ്ണം ലക്ഷ്മീകുളിർമുലയിണ പൂർണ്ണാനുരാഗത്തോടെ പുൽകി പാരേഴിനും അഴൽ അകറ്റി പള്ളികൊള്ളുന്ന പത്മനാഭാ! അങ്ങയുടെ പദയുഗം പണിയുന്നു.

40

മീനായ് വേദാൻ, കമഠവപുഷാ മന്ദരം, പന്നിയായ്പ്പാർ,
നാകാധീശം നരഹരിരുചാ പോറ്റിനാ മാണിയായും
ഭൂഭൃദ്രക്ഷസ്സുരരിപുകുലം രാമനായ് കൃഷ്ണനായും
വെന്നാ, വെൽവാ, കില ജഗദിദം കൽകിയായും നമസ്തേ!

അർത്ഥം:— കമഠം=ആമ. വപുഷാ=ശരീരംകൊണ്ടു്. മന്ദരം=മന്ദരപർവ്വതം. പാർ=ഭൂമി. നാകം=സ്വർഗ്ഗം. അധീശൻ=ഇന്ദ്രൻ. നരഹരി=നരസിംഹം. രുചി=ശോഭ. പോറ്റിനാ=രക്ഷിച്ചു. മാണി=ഉണ്ണി. (വാമനൻ) ഭൂഭൃത്തു്=ഭൂമി ഭരിക്കുന്നവൻ (രാജാവു്) രക്ഷസ്സ്=രാക്ഷസൻ. സുരരിപു=ദേവശത്രു (അസുരൻ) കുലം=സമൂഹം. വെന്നാ=ജയിച്ചു. വെൽവാ=ജയിക്കും. കില=ഉവ്വല്ലോ (പ്രസിദ്ധാർത്ഥം) നമസ്തേ=നമസ്കാരം.

സാരം:— മത്സ്യമായി വേദങ്ങളെയും ആമയായി മന്ദരപർവ്വതത്തെയും അങ്ങു രക്ഷിച്ചു; പന്നിയായി ഭൂമിദേവിയെയും രക്ഷിച്ചു. ഇന്ദ്രനെ വാമനനായും നരസിംഹമായും രക്ഷിച്ചിട്ടുണ്ടു്. രാജാക്കന്മാരെയും രക്ഷസ്സുകളെ

കുലത്തേയും ക്രമത്തിൽ പരശുരാമൻ ശ്രീരാമൻ കൃഷ്ണൻ ഈ
രാൻ) ഇര ങ്ങൾകൊണ്ടു് ജയിച്ചു. ഇനി കല്കിയായി ഈ ജഗത്തു് ജയിയ്ക്കു
ആയ ചെയ്യുമല്ലോ. അങ്ങയ്ക്കു നമസ്കാരം!

41

നീലസ്നിഗ്ദ്ധം ഗഗനതലമാം മിക്കമേൽക്കട്ടിതൻ കീഴ്
പാലാർവെള്ളത്തിരനിര തരംചേർന്ന ഭോഗീന്ദ്രഭോഗേ
മാർവ്വിൽത്തങ്ങും മണിവരമഹാദീപികേ പൂവിൽമാതി-
ന്നോമൽപൂൺപായ് തെളിവിൽമരുവും ഭാഗ്യസീമൻ! നമസ്തേ.

അർത്ഥം:—സ്നിഗ്ദ്ധം=മിനുസമായതു്. ഗഗനം=ആകാശം. തലം=സ്ഥലം. മിക്ക=മികച്ച. പാലാർവെള്ളം=പാലാഴിനീരു്. ഭോഗീ=പാമ്പ്. ഭോഗം=പാമ്പിന്റെ ദേഹം. (ഭോഗം ചേർന്നതു ഭോഗി.) പൂൺപായ്=ആഭരണമായി. തെളിവിൽ=സന്തോഷത്തോടെ. സീമ=അതിരു്.

സാരം:—ആകാശമാകുന്ന നീലസ്നിഗ്ദ്ധമായിരിയ്ക്കുന്ന മികച്ച മേല്ക്കട്ടിയും കീഴെ പാലാഴിത്തിരപോലെ ശോഭയാർന്ന അനന്തശയനത്തിൽ മാറത്തണിഞ്ഞ കൌസ്തുഭരത്നപ്രഭയിൽ ലക്ഷ്മീദേവിയുടെ അലങ്കാരമായി വിളങ്ങുന്ന ഹേ മഹാഭാഗ്യശാലിൻ നമസ്കാരം.

അഭിപ്രായം:—ശയ്യാഗൃഹം ഹൃദയാവർജ്ജകമായി വർണ്ണിച്ചിരിയ്ക്കുന്നു. മേൽക്കട്ടി, മെത്ത, മണിവിളക്കു് ഇവയുടെ ചിത്രീകരണം മനോഹരമായിരിയ്ക്കുന്നു! ഒരു കാമുകന്, വിരഹിയ്ക്കു വിശേഷിച്ചും, പ്രചോദനപ്രദമായിട്ടാണ് രംഗം ചിത്രീകരിച്ചിരിയ്ക്കുന്നതു്!

42

വജ്രക്രൂരൈർന്നഖരനികരൈർദ്ദാരിതേ ദൈത്യവീരൻ-
മാർവ്വിൽത്തങ്ങുംനെടിയ കുടരാൽച്ചാർത്തു മമ്മൂർത്തിതന്നെ
ഭക്തത്രാണപ്രവണ ചരണാംഭോരുഹം നാരസിംഹം
പിന്നെക്കമ്പിട്ടരുളുക സഖേ! തെക്കിനേൽത്തമ്പിരാനെ.

അർത്ഥം:—നഖരനികരം=നഖസമൂഹം. ദാരിതൻ=പിളർക്കപ്പെട്ടവൻ. കുടരാൽ=കുടൽമാല. ത്രാണം=രക്ഷ. പ്രവണം=ചായ്വുള്ള. തെക്കിനേൽത്തമ്പുരാൻ=നരസിംഹം എന്നു് അർത്ഥം.

സാരം:—വജ്രംപോലെ ക്രൂരങ്ങളായ നഖങ്ങളെക്കൊണ്ടു് ദൈത്യവീരനായ ഹിരണ്യകശിപുവിനെ മാറു് പിളൎന്നു് നെടിയകടൽമാല ചൂടിയവനും, ഭക്തന്മാരെ രക്ഷിയ്ക്കുന്നതിൽ ഉത്സുകമായിരിയ്ക്കുന്ന പാദപത്മങ്ങളോടുകൂടിയ നരസിംഹരൂപിയായിരിയ്ക്കുന്ന തേക്കിനേൽത്തമ്പുരാനെ, ഹേ! സഖേ! പിന്നെ കുമ്പിടുക.

അഭിപ്രായം:—തേക്കിനേൽത്തമ്പുരാനെ, അതായതു് നരസിംഹമൂൎത്തിയെ അടുത്തതായി വന്ദിപ്പാൻ പറയുന്നു വജ്രംപോലുള്ള നഖങ്ങളാൽ ഹിരണ്യകശിപുവിന്റെ മാറിടം പിളൎന്നു് കടൽമാലയണിഞ്ഞവനും ആൎത്തത്രാണപ്രവണനുമായ ദേവൻ എന്നു് സാരം. ('പ്രഹ്ലാദസ്യ വ്യസനമമിതം' എന്ന ചമ്പുശ്ലോകം ഓൎക്കുക)

43

ഭേദാഭേദപ്രഗുണിത പുരാണേതിഹാസാഗമാനാം
കേദാരത്തെ ച്ചിരമടിതൊഴിന്നോൎക്കു് ചിന്താമണിം തം
വേദാന്നാലാക്കിന മുനിവരം വേദവേദാന്തബീജം
പാദാംഭോജേ തൊഴുക തരസാ വീണ്ണു സൎവ്വാംഗനാഥം.

അൎത്ഥം:—ഭേദാഭേദം=ദ്വൈതാദ്വൈതങ്ങൾ. പ്രഗുണിത=വിപുലമായ. ആഗമം=വേദം. കേദാരം=വിളനിലം. ചിന്താമണി=അഭീഷ്ടം സാധിപ്പിക്കുന്ന വിശിഷ്ട രത്നം. തരസാ=വേഗം.

സാരം:—ഭേദാഭേദമില്ലാത്തവനും, വിസ്തൃതങ്ങളായ വേദപുരാണേതിഹാസങ്ങളുടെ വിളനിലവും, അടിപണിയുന്നോൎക്കു് ചിന്താമണിയും, വേദം പകുത്തവനും, വേദാന്തകാരണവുമായ ആ സൎവ്വാംഗനാഥനെ, അതായതു് വ്യാസമഹൎഷിയെ, വേഗം സാഷ്ടാംഗനമസ്കാരം ചെയ്യുക. സൎവ്വാംഗനാഥ എന്നു് സംബോധനയുമാകാം. സൎവ്വജ്ഞൻ എന്നൎത്ഥം.

44

വിഷ്വക്സേനം പ്രഥമമഥ നീ ദീപശാലാന്തരാളേ
രാമം രാമാനുജമപി ഹനൂമന്തമന്തോ വണങ്ങി.

രത്നോദഞ്ചൽ കനകവളഭീ മണ്ഡിതേ മണ്ഡപേ ചെ-
ന്നത്യാമോദാൽ തൊഴുക നയനാനന്ദനം നന്ദസൂനും.

അർത്ഥം:—പ്രഥമമഥ=ആദ്യമായിപിന്നെ. ദീപശാലാന്തരാളം=വിളക്കുമാടത്തിന്നിട. ഹനൂമന്തം=ഹനുമാനെ. ഉദഞ്ചത്തു്=തിളങ്ങുന്നതു്. വളഭി=മേൽപ്പുര. മണ്ഡിതം=അലംകൃതം. നയനാനന്ദനൻ=കണ്ണിന്നു ആനന്ദമേകുന്നവൻ. നന്ദസൂനു=കൃഷ്ണൻ.

സാരം:—പിന്നീടാദ്യമായി വിളക്കുമാടത്തിന്നുള്ളിൽ രാമലക്ഷ്മണന്മാരേയും വിഷ്വക്സേനനേയും വന്ദിക്കുക. കടവിൽ ഹനൂമാനേയും കനകരത്നശോഭിതമായ മേൽപ്പുരയാൽ ശോഭിക്കുന്ന മണ്ഡപത്തിൽ ചെന്നു കണ്ണിന്നു കർപ്പൂരമായ കണ്ണനേയും തൊഴുക.

അഭിപ്രായം:—ഇവിടെ തിരുവനന്തപുരത്തു് തൊഴേണ്ട ക്രമം വിസ്തരിച്ചു് പടം വരച്ചു് എളങ്കുളം കാണിച്ചിട്ടുണ്ടു്. അതൊന്നും പ്രകൃതത്തിലാവശ്യമില്ലായ്കയാൽ ഇതിൽ വിവരിക്കുന്നില്ല. അവിടെ പോകാത്തവർക്ക് വിവരിച്ചാൽ അറിയില്ല. പോയവർക്ക് വിവരിക്കേണ്ട ആവശ്യവുമില്ല.

45

ഊയൽപ്പൂമെത്തയിൽ മരുവുമക്കണ്ണനാമുണ്ണിതന്നെ-
ത്താലോലിച്ചും തഴുകിയുമുടൻ നിന്നു വൈകാതവണ്ണം
ചൂഡാഗ്രംകൊണ്ടണിമതിതൊടും വാതിൽമാടം പുറപ്പെ-
ട്ടാര്യം വീര്യം സ്വയമിവ വലത്തിട്ടു നീ കുമ്പിടമ്പിൽ.

അർത്ഥം:—ഊയൽ=ഊഞ്ഞാൽ. തഴുകുക=പുണരുക. ചൂഡാഗ്രം=നിറുക. അണിമതി=ചന്ദ്രൻ. ആര്യൻ=ശ്രേഷ്ഠൻ. അമ്പിൽ=സന്തോഷത്തോടെ.

സാരം:—പിന്നെ ഊഞ്ഞാലിൽ കിടക്കുന്ന ഉണ്ണികൃഷ്ണനെ തൊഴുതു് തൊട്ടിലാട്ടി (അതൊരു ക്രിയയാണു്. കട്ടിൽ പിടിച്ചൊന്നാട്ടണം.) നേരം കളയാതെ ചന്ദ്രബിംബത്തോളമുയന്ന വാതിൽമാടം കടന്നു് വീരനും ഉത്തമനുമായ അയ്യപ്പനെ തൊഴുക. ഇവിടേയും വാതിൽമാടം ഗോപുരമെന്നു ശൂരനാടൻ പറയുന്നു. വേലുപ്പിള്ളയും തഥൈവ.

അഭിപ്രായം:—ഇവിടെ എളങ്കുളം അതിദീർഘമായി അമ്പലം വർണ്ണിച്ചിട്ടുണ്ട്. അത്യാവശ്യം അറിയേണ്ട പദത്തിനർത്ഥമില്ലതാനും.

46

മന്നിൽച്ചെൽവം പെരിയ തിരുവമ്പാടിയിൽ കൂടിയാടി
ക്കന്നിൽക്കൂടി ത്തെളിവൊടു കളിച്ചീടുമ മൂർത്തിതന്നെ
കുന്നേക്കൊണ്ടത്തടമഴ തടുത്താച്ചിമാർ വീടുതോറും
ചെന്നുപ്പാൽനെയ് പരുകി മരുവും കണ്ണനെ കൈതൊഴേണ്ടും.

അർത്ഥം:—ചെൽവം=ഭാഗ്യം. പെരിയ=പെരുകിയ. കൂടിയാടി=നൃത്തംവച്ച്. കുന്നേകൊണ്ട=കുന്നുകൊണ്ട്. അടമഴ=വലിയ മഴ. ആച്ചിമാർ=പെണ്ണുങ്ങൾ. പരുകി=കുടിച്ച്.

സാരം:—മന്നിൽ ഐശ്വര്യം പെരുകിയ തിരുവമ്പാടിയിൽ കൂടിയാടി കന്നിൻകൂട്ടത്തിൽകൂടി, തെളിവോടു കളിക്കുന്ന മൂർത്തിയായവനും, കുന്നുകൊണ്ട് വലിയമഴ തടുത്തവനും, പെണ്ണുങ്ങളുടെ വീടുതോറും ചെന്നു് പാൽ, നെയ് എന്നിവ കുടിച്ചു മരുവുന്നവനുമായ കണ്ണനെ കൈതൊഴേണ്ടും. കൈതൊഴണം എന്നു സാരം.

47

കാലിക്കാലിൽ ത്തടവിന പൊടിച്ചാർത്തു കൊണ്ടാത്തശോഭം
പീലിക്കണ്ണാൽ കലിതചികുരം പീതകൌശേയവീതം
കോലും കോലക്കുഴലുമിയലും ബാലഗോപാലലീലം
കോലന്നീലന്നവനിയതവും കോയിൽ കൊൾകെങ്ങളുള്ളിൽ.

അർത്ഥം:—കാലിക്കാലിൽ=കുളമ്പടിയിൽ. തടവിന=ചേർന്ന. ആത്തം=പ്രാപിച്ചതു്. കലിതം=അലങ്കരിക്കപ്പെട്ടതു്. ചികുരം=തലമുടി. പീതം=മഞ്ഞ കൌശേയം=പട്ടു് (കോശത്തിൽനിന്നുണ്ടായതു്. പട്ടു്, പുഴുവിന്റെ കോശംകൊണ്ടാണല്ലോ നിർമ്മിക്കുന്നതു്.) വീതം=ചുററപ്പെട്ടവൻ. കോല്=കന്നുമേയ്ക്കുന്നവടി. കോലക്കുഴൽ=മനോഹരമായ മുരളി. ഇയലും=ഉള്ളതും. ലീലം=കളിചേർന്നതു്. നിയതം=നിത്യവും കോയിൽ കൊൾക=കുടികൊള്ളട്ടെ. കോയിൽ=കൊട്ടാരം.

സാരം:—കുളമ്പടി പടത്തുന്ന പൊടിപടലം മാത്തി, കാന്തിയേന്തു ന്നവനും, മയിൽപ്പീലികൊണ്ട്, കൊണ്ട (മുടി) കെട്ടിയും മഞ്ഞപട്ടടയാ ടയണിഞ്ഞവനും, കാലിക്കോലും കുഴലും കയ്യിലേന്തിയവനും, ലീലയാന്ന വനുമായ ബാലഗോപാലൻെറ നീലമായ കോലം, ഹേ കൃഷ്ണ! എൻെറ മ നസ്സിൽ എന്നെന്നും കുടികൊള്ളട്ടെ.

അഭിപ്രായം:—എന്തൊരു സൌകുമാൎയ്യം! ശബ്ദാൎത്ഥ രസസമ്മേളനത്തിൻെറ കേളീരംഗം. കൈരളിയുടെ കണ്ഠാ ഭരണം! 'പാലിക്കാനായ് ഭുവനമഖിലം'' എന്ന മയൂര സന്ദേശപദ്യം ഓൎക്കുക. എന്നാൽ ഇതിൻെറ അടുത്തെ ങ്ങും നിൽക്കില്ല!

ഇനി ഒരഭിപ്രായം പറയുന്നു; ക്ഷമിയ്ക്കുക. 'കാലി ക്കാലിൽ' എന്നാവുമോ ശരിയായ പാഠം? 'കാലിൽക്കാ ലിൽ' എന്നായിരിയ്ക്കില്ലെ? അതായത്, പാദേപാദേ (അടി തോറും അടിതോറും) എന്നല്ലെ യുക്തിയുക്തം? എന്തുകൊ ണ്ടെന്നാൽ, കുട്ടികൾ നടക്കുമ്പോൾ മനഃപൂൎവ്വം ഉറക്കെ ചവുട്ടി പൊടി തെറിപ്പിയ്ക്കുന്നതു കണ്ടിട്ടില്ലെ? ഒരു കളി യാണവൎക്ക് അതു! അങ്ങിനെ കുസൃതിക്കുട്ടിയായ ബാല ഗോപാലൻ, ലീലയായി, സ്വയം തെറിപ്പിച്ച പൊടിപട ലംകൊണ്ട് ആറാടിയതല്ലെ? അല്ലാതെ സാധാരണയായി കാലികൾ നടന്നുപോവുമ്പോൾ, ലോറിപോയ പഞ്ചായ ത്ത്പാതപോലെ, അമ്പാടിയിലെ വഴി, പൂഴികൊണ്ടാറാ ടുമൊ? ശ്രീകൃഷ്ണവിലാസം നാലാം സൎഗ്ഗത്തിലെ ''പരിഭ്രമ ദ്ഗോകുലമുഗ്രകോപം സമുച്ചലദ്ധൂളിരടച്ചിഷാണം'' എന്ന പദ്യം നോക്കുക വിറളിയെടുത്തോടുമ്പോഴേ സാധാരണ പൊടിപൊങ്ങുകയുള്ളു. അതുപോലെ, ചവുട്ടിത്തെറിപ്പി

ച്ചെങ്കിലെ അങ്ങിനെ പൊടികൊണ്ടു് ദേഹം ശോഭിയ്ക്കു കയുള്ളു. പിന്നെ എങ്ങിനേയുള്ള ഗോപാലനാണ് വര്ണ്ണ്യം? ബാലലീലയാട്ടകൂടിയവൻ! ഇങ്ങിനെ നടക്കുമ്പോഴും പദേ പദേ, മണ്ണു ചവിട്ടിത്തെറിപ്പിച്ചുകൊണ്ടു്, ആ പൊടിയിലാറാടിയ അമ്പാടിക്കുട്ടനെ മനസ്സിലൊന്നു സങ്കല്പിച്ചുകൊണ്ടു് 'കാചിൽക്കാലിൽ' എന്ന ശ്ലോകം ഒന്നു ചൊല്ലി നോക്കുക. ഗ്രന്ഥം പകർത്തുമ്പോഴും ഒരു 'ൽ' വിട്ടുപോയതാവാമെന്നു തോന്നുന്നില്ലേ? യുക്തംപോലെ സ്വീകരിയ്ക്കാം. ശ്രീ എളങ്കുളത്തിന്റെ പാഠത്തിൽ 'കാലിക്കാലി' എന്നാണ് കാണുന്നതും. 'ൽ' എന്ന ചില്ല്, വലയത്തിലാണ് (ൽ) ഛേദിരിയ്ക്കുന്നതു്. ഒരു 'ൽ' കൂടിയരുതേ? 'തടവിന' എന്ന പദം ശ്രദ്ധേയമാണ്. കുളമ്പടി പടർന്ന പൊടി ദേഹത്തിലാവാം. കുളമ്പടിയിൽചേർന്ന പൊടി മേൽ പററന്നമെങ്കിൽ, കന്നുകാലി ചവിട്ടണ്ടേ?

48

എന്നീവണ്ണം തൊഴുതു വിടയുംകൊണ്ടെനിക്കും നിനക്കും
നന്നും നന്മക്കഴകൊട്ട ഭവാനുണ്ണുനീലിക്കുമെല്ലാം
ഒന്നിന്നും നീ നരവരി വലത്തിട്ടുകൊണ്ടങ്ങു നേരെ
ചെന്നാൽ കുമ്പിട്ടരുളുക കരുണാപാത്രമാം ക്ഷേത്രപാലം.

സാരം:—എന്നു് ഈ വണ്ണം തൊഴുതു വിടവാങ്ങി എനിക്കും നിനക്കും ഉണ്ണുനീലിക്കുമെല്ലാം (നന്നും) നല്ല നന്മയായിത്തീരാൻ (ഒന്നിന്നും) ഒന്നു കൂടി നീ ഹേ രാജൻ! വലംവെച്ചും നേരെ പോയാൽ കരുണാപാത്രമായ ക്ഷേത്രപാലനേയും കുമ്പിട്ടരുളുക (കുമ്പിടുക.)

49

വൈകുണ്ഠംനീ വലിയ ബലിപീഠോപകണ്ഠത്തിൽ നിന്നു
കുമ്പിട്ടനിൽ പ്പുനരപി സഖേ! പ്രാർത്ഥയൻ വാഞ്ഛിതാർത്ഥൻ

സമ്പൽപ്രാപ്ത്യൈ വിരവൊടു പുറപ്പെട്ടെഴുന്നെള്ളിടാനീം
ചെമ്പൊൽക്കുന്നിൻ പെരുമ കവരും ഗോപുരേണാപരേണ.

അർത്ഥം:—വൈകുണ്ഠൻ=വിഷ്ണു. ബലിപീഠം=ബലിക്കല്ല്. ഉപകണ്ഠം=സമീപം. അമ്പിൽകുമ്പിട്ട്=ഭക്തിയോടെ തൊഴുത്. പുനരപി=വീണ്ടും. പ്രാർത്ഥയൻ=പ്രാർത്ഥിക്കുന്നവൻ വാഞ്ഛിതം=ആഗ്രഹിച്ചതു്. അർത്ഥം=അഭിലാഷം. സമ്പൽപ്രാപ്ത്യൈ=ഉദ്ദേശസാദ്ധ്യത്തിന്നു . വിരവൊടു=വേഗം. ചെമ്പൽക്കുൻ=സുവർണ്ണപർവ്വതം (മേരു.) പെരുമ=വലുപ്പം. അപരം=പടിഞ്ഞാറ്.

സാരം:—അങ്ങ് വലിയ വെലിക്കല്ലിൻെറ സമീപത്തുചെന്നു് വിഷ്ണുവിനെ തൊഴുതു ഉദ്ദേശിച്ച കാര്യം സാധിയ്ക്കാൻ പ്രാർത്ഥിച്ച് വേഗം പുറപ്പെട്ട് മഹാമേരുവിനെപ്പോലെ വലുതായ പടിഞ്ഞാറെ ഗോപുരംവഴി എഴുന്നള്ളുക. ഏളങ്കുളം പറയുന്ന ഇതിലെ ചരിത്രാംശമൊന്നും പ്രസക്തമല്ലായ്കയാൽ ആ ഭാഗം വിട്ടുകളയുന്നു.

50

അപ്പോഠം മുൽപ്പാടണയവഴിയിൽ കാണലാം തേ വലത്ത—
ങ്ങപ്പൂപ്പെന്നും നിജസഹചരീ മുപ്പനഭ്യേതി വാമാൽ
തുപ്പാപ്പൂർവാണഴക പൊഴിയും വീര!മംഗല്യശംസീ
മുൽപ്പാടപ്പാൽ കിമപിച വലംപാടു പാടുംവയാന്നും.

അർത്ഥം:—മുല്പാടണയ=മുമ്പിൽ അടുത്തുള്ള. നിജ=തൻെറ. സഹചരി=ഇണ. ഉപ്പൻ=ചെമ്പോത്ത്. അഭ്യേതി=അടുത്തുചെല്ലുന്നതു്. വാമാൽ=ഇടത്ത നിന്നു്. മംഗല്യശംസ്=മംഗളം ആശംസിയ്ക്കുന്നവൻ. അപ്പാൽമുല്പാട്=ആ സ്ഥലത്തിന്നു മുമ്പിൽ. കിമപിച=എന്തെങ്കിലും. വലമ്പാട്=വലത്തുഭാഗത്ത്. വയാൻ=കയിൽ.

സാരം:—അപ്പോഠം മുമ്പിൽ വഴിയുടെ സമീപം അങ്ങയ്ക്കു ശകുനം കാണാം. വലത്തുഭാഗത്ത് ചെമ്പോത്ത് തൻെറ ഇണയെ 'ഉപ്പൂപ്പൂ' എന്നു് ശബ്ദിച്ചുകൊണ്ട് ഇടത്തുഭാഗത്ത്നിന്നു് സമീപിയ്ക്കും. തുപ്പാപ്പൂരിൽ വാണ് അഴകുപൊഴിയുന്ന ഹേ വീരാ! മംഗളം ആശംസിച്ചുകൊണ്ട് അവിടുന്നല്പം മുൻഭാഗത്തായി ഏതാനും ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് കയിലും വലത്തുവശത്തുനിന്നു പാടും.

അഭിപ്രായം:—യാത്രക്ക് ശുഭസൂചകങ്ങൾ കാണുമെന്നു സാരം. 'വാമാം' എന്ന പാഠം സ്വീകരിച്ചു്, എളങ്കുളം, ഇണയെ എന്നു് വ്യാഖ്യാനിക്കുന്നു. പിണങ്ങിയിരിക്കുന്ന ഇണ എന്നാണു് പറയുന്നതു. അതു ശരിയല്ല കാരണം അതമംഗളമാണു്.

51

വീണാവാണീം വിടവിനൊടിടത്തങ്ങെടുത്തുണ്ണിയച്ചീ-
മേണാങ്കന്നും പെരുതു കുറവാക്കിന്ന വക്ത്രാരവിന്ദാം.
കാണംപോലേ വിരവിലെഴുന്നള്ളിന്ന നിൻമേൽ ത്തദാനീം
കാണാം തൂവെൺമുരവൽമലരാൽ തൂകി മേവിന്നവാറു്.

അർത്ഥം:—വീണാവാണീ=വീണപോലെ മധുരമായ ശബ്ദത്തോടു കൂടിയവൾ. വടിവൊടു്=ഭംഗിയിൽ. കുറവാക്കുക=നാണം വരുത്തുക. കാണംപോലെ=അത്യുത്സാഹത്തോടെ തൂവെൺ=തൂവെള്ളം. മുരവൽ=പുഞ്ചിരി. ഏണം=മാൻ. അങ്കം=അടയാളം. (ശശലാഞ്ഛനൻ മൃഗലാഞ്ഛനൻ എന്നൊക്കെ ചന്ദ്രനു പര്യായമുണ്ടു്)

സാരം:—അപ്പോൾ അങ്ങു് ഇടത്തു് ഭാഗത്തു്, ചന്തത്തിൽ ചന്ദ്രനും നാണം നൽകുന്ന മുഖാരവിന്ദത്തോടു് കൂടിയവളും വീണാവാണിയുമായ ഉണ്ണിയച്ചീ, അങ്ങയുടെ എഴുന്നള്ളത്തു് കണ്ടു് അത്യുത്സാഹത്തോടെ പുഞ്ചിരിയാകുന്ന പൂക്കൾ പൊഴിച്ചു് നോക്കിനില്ക്കുന്നതു കാണാം.

അഭിപ്രായം:—മാൻ അടയാളമുള്ളതാണു് ചന്ദ്രന്റെ കളങ്കം. കളങ്കമില്ലായ്കയാൽ ഇവളുടെ മുഖം കൂടുതൽ നിർമ്മലമാണെന്നു സാരം. മരുവൽ എന്ന പാഠം ശരിയല്ല; മരുവൽ എന്നാൽ കസ്തൂരിമൃഗം എന്നാണർത്ഥം. മുരുവൽ=പുഞ്ചിരി. 'മേളം താവുന്ന തൂവെൺമുരുവൽ' എന്നു് രാമായണചമ്പുവിൽ കാണുക.

52

പിന്നെപ്പൊന്നിൻമെതിയടി യഴിച്ചങ്ങു തണ്ടിൽക്കരേറി
കന്നെക്കണ്ണാർമനസിജ! മതിപ്പെട്ട സേനാജനേന.
പുന്നപ്പൂവിൻ പരിമളഭൃതാ മാരുതേനാനുയാതോ
മുന്നിൽക്കാണാ മിതവിയ നടെക്കാവു നീ പിന്നിടേഥാഃ

അർത്ഥം:—തണ്ടു്=പല്ലക്കു്. കന്നം=കാതു്. കണ്ണാർ=കണ്ണുള്ളവർ. മനസിജൻ=കാമൻ (മനസ്സിൽ ജനിച്ചവൻ) മതിപ്പെട്ട=മതിയായ. പരിമളം=സൌരഭ്യം. ഭൃത്തു്=വഹിക്കുന്നതു്. മാരുതൻ=കാററു്. അനുയാതൻ=കൂടെ നടക്കപ്പെട്ടവൻ. ഇതവിയ=ഹിതമായ. പിന്നിടേഥാഃ=പിന്നിട്ടാലും. (സംസ്കൃതരൂപം)

സാരം:—പിന്നെ പൊന്നിൻമെതിയടി അഴിച്ചു് പല്ലക്കിൽ കയറി, കണ്ണാന്തലോചനകൾക്കു് കാമനായവനേ! അങ്ങു് വേണ്ടപ്പെട്ട സേനകളോടുകൂടി, പുന്നപ്പൂവിൻപരിമളമേലുന്ന മന്ദമാരുതൻ പിന്നിലകമ്പടി സേവിച്ചു. മുന്നിൽക്കാണുന്ന മനോഹരമായ ഈ നടക്കാവു് പിന്നിട്ടു പോവുക.

അഭിപ്രായം:—വേശ്യക്കു സന്ദേശം കൊണ്ടുപോവുന്ന കോലാഹലമാണിതു്! ഈ പോക്കു കവിസങ്കല്പമാണെന്നു് സമ്മതിക്കാൻ ഒരുക്കമില്ലാത്തവർ നായകന്റെ ഇങ്ങോട്ടുണ്ടായ വരവു്, യക്ഷിമൂലമാണെന്നു് സമ്മതിക്കുന്നതിന്റെ യുക്തി ദുർഗ്രഹമായിരിക്കുന്നു! ഇങ്ങോട്ടു് എത്താൻ എത്രദിവസം വേണ്ടിവന്നു, ആദ്യത്തെ മണിക്കൂറിൽ എവിടെ എത്തി എന്നൊന്നും ചിന്തിക്കാത്തതെന്താണാവോ!

53

പാലും നെയ്യും പരഭൃതഗിരാം വീടുതോറും കവന്നോ-
രോമൽപ്പൈതൽ ക്കിളയളയി ഞാനെന്നു ചൊല്ലിനപോലെ
പാരേഴിന്നും പ്രഥമജനനീം പാൽക്കുളത്തിൽകുളിച്ചും
ദേവീം ദുർഗ്ഗാം തൊഴുക ദിവിഷദ്വേഷിവിദ്വേഷിണീം താം.

അർത്ഥം:—പരഭൃതം=കുയിൽ (അന്യർ ഭരിക്കുന്നതു്.) ഗീരു=വാക്കു്. ഇളയവൾ=ഇളയവൾ. അയി=ഹേ! പ്രഥമജനനീ=ആദ്യമാതാവു്. ദിവിഷദ്ദ്വേഷി=ദേവശത്രുക്കൾ. വിദ്വേഷിണീ=ദ്വേഷിക്കുന്നവൾ. താം=അവളെ.

സാരം:—സുന്ദരിമാരുടെ വീട്ടുതോറും പാലും നെയ്യും കവർന്ന കാമൽപൈതലിന്റെ പെങ്ങളാണു് ഞാൻ എന്നു് പറയുംവണ്ണം ഇളയവളായി ജനിച്ചവളും പാൽക്കുളത്തിൽ കുളിക്കുന്നവളും അസുരദ്വേഷിണിയുമായ ആ ദുർഗ്ഗാദേവിയെ തൊഴുക. ('നന്ദഗോപഗൃഹേ ജാതാ യശോദാ ഗർഭസംഭവാ' എന്നു് ദുർഗ്ഗാസപ്തശതി.)

അഭിപ്രായം:—പാൽക്കുളങ്ങര എന്ന ക്ഷേത്രമായിരിക്കാം. ഏതായാലും പാലും നെയ്യും കക്കുന്നവന്റെ സഹോദരിയാവാൻ പററിയവളാണല്ലോ പാലിൽ കുളിക്കുന്നവൾ. "ഇളയളി" എന്നാണു് എല്ലാവരും സ്വീകരിച്ച പാഠം. അതു് ഇളയ അളി എന്നു പദച്ഛേദം ചെയ്യുന്ന പക്ഷത്തിലായാൽ 'ളാ' എന്നു് ദീർഘം വേണം. നാലാം പാദത്തിൽ 'ദ്വാദശാക്ഷരി' മന്ത്രത്തിന്റെ സാരം നിഴലിക്കുന്നു

54

മേതിൽചൊല്ലുള്ള സുരനിവഹം പാരിൽ നിന്നെററിമാററി
പാതിപ്പെട്ടോ, ചില ദിവിഷദാം മൈ വളർത്തും മരുന്നേ!
കാതിൽപ്പാമ്പും കനകരചിതം തോടയും ചേർത്തു ചാർത്തും
മാതശ്ശീതദ്യുതികലയണിഞ്ഞംബികേ കൈതൊഴുന്നേൻ!

അർത്ഥം—മേതിൽ=മേദിനീ (ഭൂമി)യിൽ. ചൊല്ലുള്ള=പേർകേട്ട. നിവഹം=കൂട്ടം. എററിമാററി=തള്ളിക്കളഞ്ഞു്. പാതിപ്പെട്ടോ=പകുതിയായോ. ദിവിഷദാം=ദേവന്മാരുടെ. കനകരചിതം=സ്വർണ്ണംകൊണ്ടുണ്ടാക്കിയ. മാതഃ=അമ്മേ! ശീതദ്യുതി=ചന്ദ്രൻ. ചില=ഏതോ. മൈ=ദേഹം.

സാരം:—പാരിൽ കേറിംവികേട്ട അസുരസമൂഹത്തെ ഉന്മൂലനം ചെയ്തതുകൊണ്ടാണോ? ഹേ! അമ്മദേഹം പാതിപ്പെട്ടതു്? ദേവന്മാരുടെ ശരീരം പുഷ്ടിനൽകുന്ന ഏതോ ദിവ്യ ഔഷധമാണ് ഭവതി. ഒരു കാതിൽ പാമ്പും മറുകാതിൽ കനകതോടയും ചേർത്തു് അണിയുന്നവളും ചന്ദ്രക്കല ചാർത്തുന്നവളും ആയ ഹേ അംബികേ! കൈതൊഴുന്നേൻ.

അഭിപ്രായം:—അർദ്ധനാരീശ്വരവിഗ്രഹമാണെന്നു തോന്നും വർണ്ണനകൊണ്ടു്. "ദിവിഷദാംമെയ്‌വളർത്തുംമരുന്നേ" എന്നു പറഞ്ഞതുകൊണ്ടു ദേവിയെ അമൃതസ്വരൂപിണിയായി കല്പിച്ചിരിക്കുന്നു. 'സ്വാത്മാരാമാസുധാസൃതി' എന്ന ലളിതാസഹസ്രനാമത്തിലെ മന്ത്രാർത്ഥം സൂചിതമായിരിക്കുന്നു.

55

നേരേചെന്നാൽ പ്രിയസഖ! വിരഞ്ഞംബുരാശേരുദാരം
തീരം കാണാം പുകഴ്പൊലിവെഴും വീരർകോനേ! തദാനീം
കാരോന്നേ നിന്നതുമിതു മുടൻചൊല്ലി വൈകിപ്പതെല്ലാം.
ചേരാതോ?കാൺ, നിഖിലമറിയും നിന്നൊടിന്നാട്ടിൽനിന്നു്.

അർത്ഥം:—വിരഞ്ഞ്=വേഗത്തിൽ. അംബുരാശി=സമുദ്രം. തീരം=കര. പുകൾപൊലിവെഴ=കീർത്തികേട്ട.

സാരം:—ഹേ വീര! വേഗം നേരേപോയാൽ സമുദ്രതീരം കാണാം. (കാൺ) നോക്കുക. എല്ലാമറിയുന്ന അങ്ങയോടു അതുമിതും പറഞ്ഞ് നേരം കളയുന്നതു് മതിയാക്കരുതേ! പാൽക്കുളങ്ങരക്ഷേത്രത്തിൽനിന്നു് ഒരു മൈൽ പടിഞ്ഞാട്ടുപോയാൽ കടപ്പുറമായല്ലോ.

56

സത്വം,ഗംഭീരത,വടിവിടമ്പാട്ട,രത്നാകരത്വം,
മററും പാർത്താൽ തവഗുണഗണം ചേർന്നെഴും വാരിരാശി
തന്നിൽതങ്ങും ഉരഗശിഖിനോ ഹന്ത!വെന്തററിടിന്നോൻ
മന്യു തന്നാൽപ്പെരികൊരുപജീവിത മില്ലാർക്കമെന്നു്.

അൎത്ഥം:—സത്വം=മനോവീൎയ്യം, ജന്തുജാലം എന്നും. ഗംഭീരത=ഗാംഭീൎയ്യം, ആഴമെന്നും. വടിവു്=രീതി, പ്രകൃതി എന്നും. ഇടമ്പാടു്=മഹത്വം, വിസ്താരമെന്നും. രത്നാകരത്വം=രത്നങ്ങൾക്ക ഇരിപ്പിടം. മുററം=നല്ലവണ്ണം. പാൎത്താൽ=ആലോചിച്ചാൽ. തുരഗശിഖി=ചെൺകതിര, ബഡവാഗ്നി എന്നും. (സമുദ്രത്തിന്റെ അടിയിൽ ഉണ്ടെന്നു സങ്കല്പിക്കുന്ന തീയ്യിനാണു് ബഡവാഗ്നി എന്നു പ്രസിദ്ധി) വെന്തെററിടുന്നോൻ=വെന്തുനീറുന്നവൻ. മന്യേ=ചിന്തിക്കുന്നു. ഉപജീവിത്വം=ഉപകാരം.

സാരം:—സത്വം, ഗംഭീരത, വടിവു്, ഇടമ്പാടു് ഇതൊക്കെ അങ്ങയുടെ ഗുണങ്ങളാണു്; രത്നാകരത്വവുമുണ്ടു്. അവ വേണ്ടപോലെ ആലോചിച്ചാൽ സമുദ്രത്തിനും ചേരും. പക്ഷെ അന്യോപകാരം എന്ന ഗുണം തനിക്കില്ലല്ലോ എന്നോൎത്തു് സമുദ്രം നീറിപ്പുകയുകയാണു് എന്നെനിക്കു് തോന്നുന്നു. കാരണം, തന്റെ തുരഗശിഖി (അതായതു് ബഡവാഗ്നി) കണ്ടാൽ ഉള്ള ചുട്ടുനീറുന്ന പുകയാണെന്നു തോന്നുമല്ലോ.

57

മണ്ടും മാൻനേർമിഴികൾമദനാ! മന്മഥാരാതിതന്നെ
ത്തെക്കെകൊല്ലത്തിനൊരുതിലകമേ! തിങ്കൾചൂടും പിരാനേ,
കാണ്മൂപിന്നെ ക്കമലവനിതമ്പനേ! നിൻവിയമ്പേ-
രാളും കാളീപിതരം എതിരില്ലാതമംഗല്യകീൎത്തേ!

സാരം:—മണ്ടുന്ന മാനിന്നു് തുല്യമായ നയനങ്ങൾ(സുന്ദരിമാർ) ഉള്ളവൎക്കു് കാമനായവനും, തെക്കൻകൊല്ലത്തിനു് തൊടുകുറിയായവനും കമലവനിതക്കു് അമ്പനും (പ്രിയൻ)യുമുള്ള മംഗല്യകീൎത്തി! മന്മഥാ (ശിവൻ) രാതിയും, തിങ്കൾചൂടും പിരാനുമായ, കാളീപിതരം (ഭദ്രകാളിയുടെ പിതാവു്) പിന്നെ കാണ്മൂ; കണ്ടാലും. നിൻവിയമ്പേരാന്ന(വിയമ്പു്=മഹത്വം) വനാണദ്ദേഹം (രാജാവു് തൃപ്പാപ്പൂർ മൂപ്പൻ എന്ന സ്ഥാനപ്പേരുള്ളവനാണു്. അതിനാൽ തൃപ്പാപ്പൂർ ശിവനെ എന്നു് പ്രകൃതത്തിൽ അൎത്ഥം)

58

ആനത്തോലോ, കൊടിയവിഷമോ, വെള്ളമോ, വെള്ളെലിമ്പോ
മാരനോ, മീനധ്വജചുടലയാം കണ്ണിലാകിന്നതീയോ,
നീറോ, വേറേ പറകിൽ മലമാതിന്നു നിന്നെ കനക്ക-
കുറാവാനൊന്നിതവിയതു പൊല്ലതു ശീതാംശുമെന്നലേ?

അൎത്ഥം:—മീനധ്വജൻ=കാമൻ. നീറ്=ഭസ്മം. കനക്കൂറ്=ഗാഢപ്രണയം. ഇതവിയതു്=ഹിതമായതു്. ഇലമ്പു്=എല്ലു്. ശീതം=കുളിരു്. അംശു=രശ്മി (ചന്ദ്രൻ) മൌലി=ശിരസ്സ്.

സാരം:—ശിവന്റെ ദേഹത്തിൽ പറയപ്പെട്ട സാധനങ്ങളെല്ലാം വിരസങ്ങളാണ്. എന്നിട്ടും പാൎവ്വതിക്കു ഇതിലേതാണു് ഇത്ര മനോഹരമായി തോന്നിയതു്? ഇത്ര പ്രേമം തോന്നാൻ കാരണമെന്തു്? അതൊന്നു പറയൂ. ആശ്ചൎയ്യമെന്നൎത്ഥം.

59

'ശംഭോ! ഗംഗാധര! ഗിരിസുതാനാഥ! ശീതാംശുമൌലേ!
കാമാരാതേ! ഹരഹര! ജയേ' ത്യുച്ചകൈ രുച്ചനേരം
പൂജാകാലം കഴിയുമളവമ്മൂൎദ്ധ്നി ബദ്ധാഞ്ജലിസ്ത്വം
വാഴ്ത്തിക്കമ്പിട്ടരുളതിമുദാ തുമ്പചൂടം പിരാനെ.

അൎത്ഥം:—ജയ ഇതി ഉച്ചകൈഃ=ജയിക്കുക എന്നു് ഉച്ചത്തിൽ. മൂൎദ്ധ്നി=മൂൎദ്ധാവിൽ. ബദ്ധാഞ്ജലി=കൂപ്പുകൈ. ത്വം=അങ്ങു്. അതിമുദാ=ഏററവും മോദത്തോടെ. തുമ്പചൂടംപിരാൻ=ശിവൻ.

സാരം:—ഉച്ചപ്പൂജ കഴിയുംവരേ തലയിൽ കൈകൂപ്പി നിന്നുകൊണ്ടു് അങ്ങു് ശിവനെ സ്തുതിക്കണം. 'ശംഭോ' തുടങ്ങിയവ ശിവസ്തുതി.

അഭിപ്രായം:—ഇവിടെ എളങ്കുളം തിരുവനന്തപുരത്തുനിന്നു് തൃപ്പാപ്പൂക്കുള്ള ദൂരം, ഉച്ചപ്പൂജയുടെ സമയം, അതിനാൽ യാത്രയിൽ പല്ലക്കിന്റെ വേഗം ഇവയൊക്കെ വിദഗ്ദ്ധമായി ഗണിച്ചു ചേൎത്തിരിക്കുന്നു. അതിന്നുവേണ്ടി രണ്ടുതവണ തൃപ്പാപ്പൂക്കു് യാത്രവേണ്ടിവന്നു എന്നും അദ്ദേഹം പറയുന്നുണ്ടു്. (ഉണ്ണുനീലിസന്ദേശം ചരിത്രദൃഷ്ടിയിൽ കൃതി പേജ് 130) പല്ലക്കിലാണോ പോയതു് എന്നു് വ്യക്തമാക്കുന്നില്ല! പല്ലക്കിന്റെ സ്പീഡ് വെറും ഊഹമാവാം. (യക്ഷിയുടെ സ്പീഡറിയാൻ വല്ല വൈമാനികരുടേയും സഹായമില്ലാതെ പററില്ലല്ലോ! അതായിരിക്കും

നായകൻെറ തെക്കോട്ടുള്ള ട്രിപ്പ് ഗവേഷണവിഷയമാകാഞ്ഞതു്!)

60

മാതംഗാനാം കരപരിഗളൽസ്വേദസംസിക്തശീതേ
മാകന്ദാനാം തണലിൽ മണലിൽ കുഞ്ചിഭിശ്ചഞ്ചലാഗ്രൈഃ
പിൻകാലേകം കുടിലശിഥിലം പശ്ചവേ വച്ചിദാനീം
നിദ്രായന്തേ തവ വടിവെഴും വാജിനോ രാജസിംഹ!

അൎത്ഥം:—മാതംഗാനാം=ആനകളുടെ. കരപരിഗളത്തു്=കയ്യിൽനിന്നു് പരിഗളിച്ചതു് (പുറപ്പെട്ടതു്) സ്വേദം=വിയപ്പ്. സംസിക്തം=നല്ലവണ്ണം നനഞ്ഞതു്. ശീതേ=തണുത്തതു്. മാകന്ദം=തേന്മാവു്. കുഞ്ചിഭിഃ=കുഞ്ചിരോമങ്ങളാൽ (കുഞ്ചി എന്നതു് മലയാളപദമാണു്. സംസ്കൃതവിഭക്തിചേൎത്തതാണു്) ചഞ്ചലാഗ്രൈഃ=ഇളകുന്ന അഗ്രത്തോടുകൂടിയതു്. കുടിലശിഥിലം=കുടിലമായും ശിഥിലമായും (വളഞ്ഞും അയഞ്ഞും എന്നു് സാരം) പശ്ചവേ=പതുക്കെ. നിദ്രായന്തേ=ഉറങ്ങുന്നു. വടിവെഴും=ഭംഗിയായി. വാജിനഃ=കുതികൾ.

സാരം:—തുമ്പിയിൽനിന്നു് ഊറിയ വെള്ളത്താൽ കുതിൎന്ന തണുത്തതും തേന്മാവിൻതണലിൽ മണലിൽ കുഞ്ചിരോമം ഇളക്കിക്കൊണ്ടു് പിൻകാലൊന്നു് വളച്ചു് അയച്ചു് വെച്ചും, ഹേ രാജസിംഹ! അങ്ങയുടെ കുതിരകൾ ഉറങ്ങുന്നു (വിശ്രമിക്കുന്നു) കുഞ്ചിരോമം കഴുത്തിലെ രോമമാണു്; വാലല്ല. പടിഞ്ഞാറെ കൊട്ടാരത്തിൽ ആനപ്പടയും കുതിരപ്പടയും ഉണ്ടെന്നു സാരം.

61

ഇത്ഥം വൈതാളികനുതിഗിരാ മന്തരാ യാമികന്മാ-
രപ്പോൾ വന്നിട്ടമൃതു പൊലിവാൻ കാല മാവേദയേയുഃ
തൃപ്പാപ്പൂക്കിന്നൊരുതിലകമേ! നീ കഴിച്ചങ്ങതെല്ലാ-
മപ്പോഴേ പോയ് പൊഴിമുതലയാലങ്കിതം പിന്നിടേഥാഃ

അൎത്ഥം:—ഇത്ഥം=ഇങ്ങിനെ. വൈതാളിക=വന്ദികളുടെ. നുതി=സ്തുതി. ഗിര്=വാക്കു്. അന്തരാ=ഇടക്കു്. യാമികന്മാർ=പാറാവുകാർ. അമൃതു്=അമൃതേത്തു് (ഭക്ഷണം) ആവേദയേയുഃ=അറിയിക്കും. അങ്കിതം=അട

യാളപ്പെട്ടതു്. പിന്നിടേഥ!=പിന്നിട്ടാലും. മുതലയാലങ്കിതമായ പൊഴി=മുതലശബ്ദംകൊണ്ടു് അടയാളപ്പെട്ടപ്പൊഴിയെ മുതലപ്പൊഴി എന്നും പറയുന്നു.

സാരം:—ഇങ്ങിനെ വന്ദികളുടെ സ്തുതിക്കിടക്കു് കാവൽക്കാർ ഉഷഃകാലമായെന്നറിയിക്കും. ഹേ! തൃപ്പാപ്പൂർക്കു് തൊടുകുറിയായിട്ടുള്ളവനേ! അവിടന്നുണർകഴിച്ചു് അപ്പോൾതന്നെ മുതലപ്പൊഴി കടന്നുപോകണം. (ഇതു ചിറയിൻകീഴിന്നടുത്താകയാൽ പുറപ്പെടുന്നതു 12 മണി കഴിഞ്ഞായിരിക്കുമെന്നു് എളങ്കുളം പറയുന്നു. യാമികർ എന്ന പദത്തിന്നു് സമയം നോക്കുന്നവർ എന്നല്ലാ അർത്ഥമെന്നും സൂക്ഷിപ്പുകാർ എന്നാണെന്നും അദ്ദേഹം എഴുതിക്കാണുന്നു. രാത്രികാലത്തിൽ യാമത്തെ അറിയിക്കുന്നവർ എന്നായിരിക്കും ഭംഗി. 'ഇത്ഥം വൈതാളികനുതി' എന്നു യതിഭംഗം ശ്രവണസുഖം കളയുന്നു.

62

കോലം കോലും ചവരിനികരം വീയവീയത്തദാനീം
നീലപ്പീലിത്തഴകൾ നിഴലാ മന്നടക്കാവിലൂടെ
പാലും തേനും തൊഴുതമൊഴിമാർ മൗലിയാമുണ്ണുനീലിം
ചാലക്കാണ്മാനുഴറുക സഖേ! പുത്തറം മുന്നിലേതു്'.

അർത്ഥം:—കോലംകോലും=അഴകാണ്ട. ചവരിനികരം=വെൺചാമരസമൂഹം. വീയവീയ=വീശിവീശി. തദാനീം=അപ്പോൾ നീലപ്പീലിത്തഴകൾ=പീലികെട്ടിയ ആലവട്ടം (പച്ചില നിറഞ്ഞ നിഴലാണ്ട വഴി എന്ന പാഠവും നന്നു്) ചാല=നല്ലപോലെ. ഉഴറുക=ബദ്ധപ്പെടുക. പുത്തറം=ഒരു സ്ഥലപ്പേർ.

സാരം:—വെൺചാമര വീശിക്കൊണ്ടിരിക്കെ ആലവട്ടത്തിന്നു കീഴിൽ സഞ്ചരിച്ചുകൊണ്ടു് ഹേ! സഖേ! പാലും തേനും തൊഴുത വാണിമാർക്കു മൗലിയായ ഉണ്ണുനീലിയെ കാണ്മാൻ ബദ്ധപ്പെട്ടു് നടകൊള്ളുക. മുന്നിൽ കാണുന്നതു് പുത്തറമാണു്.

അഭിപ്രായം:—എഴുന്നള്ളത്തിന്റെ രാജകീയ പ്രൗഢിയും പ്രയോജനവും ഒന്നോർത്തു നോക്കുക!

63

ചോണാട്ടല്ലോ മിളകുപിരിയം, ചോഴിയക്കാട്ട ചത്താൻ,
വേണാട്ടിക്കിത്തിരമ മഴിയും, വെച്ചിയ്യൂർ ച്ചെന്നിതൊണ്ടോ
ചാണാക്യം നീപറവതു തികച്ചാത്തനൂരൽക്കമൊണ്ടോ?
മാണാക്കിന്നാം ചെറുമനെ മണൽക്കാട്ട പോകായ്കിൽ നന്നു്.

അടുത്ത മൂന്നു പദ്യങ്ങൾ അങ്ങാടിയിലെ സംഭാഷണത്തെ വർണ്ണിക്കുകയാണു്. കുഞ്ചന്റെ തുള്ളലിൽ ഗോസായികളും മററും സംസാരിക്കുന്നതിനെ അനുകരിച്ചു് ചില വരികളുണ്ടല്ലോ. ശരിയായ അർത്ഥം മലയാളികൾക്കു് മനസ്സിലാവില്ല. അതാവശ്യവുമില്ല. ശബ്ദാനുകരണം മാത്രമാണതിലെ സാരസ്യം. 'ചടപടധിം' എന്നു് വീണ എന്നു പറയുന്ന രസം മാത്രം! ചോണാട്ടാണല്ലോ മുളകുപ്രിയം ചോഴിയക്കാട്ടു് ചത്തുപോയി. ഈ തിരിമം (ഒരു നാണയം) വേണാട്ടു് അഴിയും (ചിലവാകും) വെച്ചിയ്യൂർ ചെന്നിട്ടുണ്ടോ? നീ പറവതു തികച്ചും ചാണക്യ (തന്ത്രം=ചാണക്യതന്ത്രം) കൌശലമാണു്. ചാത്തനൂരിൽ അൽക്കം (ശുൽക്കം=ചുങ്കം) ഉണ്ടോ? മാണാക്കിന്നാണു് മണനാക്കു് (ചുങ്കമോ മററോ ആയിരിക്കാം) ചെറുമനേ, എടാ മണൽക്കാട്ടു് പോകാതിരിക്കയാണു് നല്ലതു്.

64

അച്ചൻചേലക്കുഴിയഴകി തൊട്ടച്ചിയാരച്ചുതിന്നാൾ
ഇച്ചീലം നീ പറവതു തനിക്കൊട്ടിനൊണ്ടോ പ്രമേയം
എച്ചിൽച്ചോറും വിറകുമടിയന്നൊട്ടു പോരും കിടങ്ങൂർ
തച്ചൻകാടേ വരിക തടിയൻ പോകിലൊല്ലാഞ്ഞതില്ല.

സാരം:—അച്ചൻചേലക്കുഴയാണു് അഴകു്. അച്ചിയാൾ അച്ചു് (ഒരു നാണയമുണ്ടു്) തിന്നു. ഇച്ചീല (ശ്ലീല) മാണു് നീ പറയുന്നതു്. തനിക്കാകട്ടെ പ്രമേയം (പറയുന്നതിനു പ്രമാണം എന്നായിരിക്കാം) വല്ലതുമുണ്ടോ? അടിയനു എച്ചിൽച്ചോറും വിറകും ഒട്ടേ പോരും. കഷ്ടിച്ചു മതി. കിടങ്ങൂർ തച്ചൻ കാട്ട വഴിയേ വരിക. തടിയൻ (പൊണ്ണച്ചാർ) പോകുന്നുമില്ല.

65

ഇന്തപ്പൊന്നുക്കിനിയ കഴശല്ലപ്പരേ നായിനാരേ!
ശന്തപ്പൻ പാടവഹളഴകപ്പിള്ള ചൊണ്ടാങ്കി കൊണ്ടാർ

മായസ്സൊട്ടീഹപ്പീമലഹസകണക്കണ്ടു കോജ്ജീട്ടകൈനോ
തുഹ്മസ്സംഘേ മൊദീരമഹട്ടം കണ്ടിരേ സാക്കകാല.

അത്ഥം:—ഇറത്തപ്പൊന്നുക്ക്=ഈ സുവണ്ണത്തിനു്. (ഇനിയ)=നല്ല. കഴരല്ല=മാററില്ല എന്നുമാവാം വിവക്ഷ. അപ്പരം=കൂട്ടം. നായിനാരേ=നായരേ. ശറത്തപ്പൻപടവഹൾ=പുടവകൾ ആയിരിക്കാം. ചൊണ്ടാങ്കി=കലം. കൊണ്ടാർ=വാങ്ങിച്ചു. (ശേഷം ചിന്ത്യം)

66

എന്നീവണ്ണം പഥികർ പറയും പാഴബന്ധങ്ങളെല്ലാം
കൊന്നൊന്നേ കേട്ടുദിതഹസിതം തോഴ! നേരേ നടന്നാൽ
കുന്നും കുന്നും പിരിയുമിളമാൻകണ്ണിമാർകുമാരനേ! നീ
മന്നിൽ ചാലപ്പുകൾ പൊലിവെഴും വല്ലൂലെ ച്ചെൽക പിന്നെ.

അത്ഥം:—പഥികർ=യാത്രക്കാർ. ഉദിതഹസിതം=ഉദിതമായ ഹസിതം. (ചിരി വന്നുകൊണ്ടു്) കുന്നും കുന്നും പിരിയു=കുട്ടിയേയും വാസഭൂമിയേയും പിരിയുന്നു. (മാനിന്റെ പരിഭ്രമം കാണിക്കുന്നതാണു് ഈ രണ്ടവസ്ഥയും) ചാലപ്പുകൾ=നല്ല വൃക്ഷങ്ങൾ.

സാരം:—ഇങ്ങിനെ പല വിസ്ഥിത്തങ്ങളും കേട്ടു ചിരി വന്നുകൊണ്ടു ഹേ സുന്ദരിമാർ കുമാരനേ! തോഴരേ! ഭൂമിയിൽ ഏററവും കീത്തികേട്ട വല്ലൂലക്കു പിന്നെ എത്തുക.

അഭിപ്രായം:— കച്ചവടക്കാരുടെ സംഭാഷണം പകത്തുന്ന മൂൻശ്ലോകങ്ങളുടെ വ്യാഖ്യാനത്തിൽ, സാക്ഷാൽ എളംകുളംതന്നെ തോററു തുന്നം പാടി, വെറും ശ്ലോകത്തിൽ കഴിച്ചിരിക്കുകയാണു്! അപ്പോൾ പിന്നെ അത്രതന്നെ ഗൌരവം ഈ കാവ്യത്തിന്നു കരുതാത്ത ഞാൻ, എന്തിനു മിനക്കെടണം? വേണമെങ്കിൽ ഇഷ്ടംപോലെ വ്യാഖ്യാനിക്കുവാനുള്ള സുവണ്ണാവസരമാണു് ഇതു്. ആരും എതിക്കുമെന്നു പേടിക്കാനില്ല! ഏതായാലും കവി വലിയ ഗൌരവക്കാരനല്ലെന്നു ഇവിടം തെളിയിക്കുന്നുണ്ടു്.

ഈ വികൃതഭാഷ നമ്പൂതിരിമാരുടേതെന്നു പറഞ്ഞുകാണുന്നില്ല. വേണമെങ്കിൽ ഭോജദേവൻ പറഞ്ഞപോലെ വ്യാഖ്യാനത്തിൻെറ പേരിൽ കുറച്ചു അസംബന്ധം പറയാം.

67

കുന്ദസ്മേരാനന മതിമുദാ രുഗ്മിണ്യാഃ കൊങ്കയിന്മേൽ
നന്ദിച്ചീടും നരകമഥനം നന്ദഗോപസ്യ സൂനും
മന്ദംമന്ദം മധുരമധുരം വേണു മാകൂജയന്തം
വന്ദിക്കേണ്ടും വരഗുണനിധേ! വല്ലലെതമ്പിരാനെ.

സാരം:—(കുന്ദസ്മേരാനനം) മുല്ലപ്പൂപോലെ പുഞ്ചിരിക്കുന്ന മുഖത്തോടുകൂടിയവനും, രുഗ്മിണീകുചങ്ങളിൽ അതിമോദത്തോടെ (മുദാ) നന്ദിച്ചീടുന്ന (സന്തോഷിക്കുന്ന) നരകമഥനനും (വിഷ്ണു) നന്ദഗോപൻെറ (സൂനു) പുത്രനും മന്ദം മന്ദം മധുരമധുരമായി വേണു (ഓടക്കുഴൽ) ഊതുന്നവനും ആയ വല്ലലത്തമ്പുരാനെ. ഹേ ശ്രേഷ്ഠമായ ഗുണത്തോടുകൂടിയവനേ! അങ്ങു വന്ദിക്കണം. (ഗുണനിധി=ഗുണങ്ങൾക്കു ഇരിപ്പിടം. ആകൂജയന്തം=ഊതുന്നവനും)

68

വേഗേന ത്വം വടിവിൽ വിടകൊണ്ടങ്ങു മുല്ലാട്ടമേവും
ദേവീം ദുർഗ്ഗാം തൊഴുതു പുഴയും പിന്നെ നീ പിന്നിലാക്കി
കോളംബാഖ്യാം നിജകുലപുരീം ക്ഷ്മാപകാധീശമൌലേ!
നാളൊന്നുക്കേ സമുദയവതീം കാണുക സർവ്വാംഗനാഥാ!

അർത്ഥം:—വേഗേന=വേഗത്തിൽ ത്വം=അങ്ങു്. വടിവൊടു്=വേണ്ട പോലെ. കോളംബാഖ്യാം=കൊല്ലം എന്ന പേരിലുള്ളതു്. നിജകുലപുരീം=സ്വന്തം കുലപട്ടണം. ക്ഷ്മാപകാധീശൻ=വേണാട്ടരചൻ. നാളൊന്നുക്കേ സമുദയവതീം=നാൾതോറും വളർന്നുവരുന്ന.

സാരം:—ഹേ സർവ്വാംഗനാഥ! അങ്ങു വേഗത്തിൽ സഞ്ചരിച്ചു് മുൻഭാഗത്തുള്ള കാളീദേവിയെ തൊഴുതു പുഴ പിന്നിട്ടു് നാൾക്കുനാൾ വളർന്നുവരുന്ന നിങ്ങളുടെ തലസ്ഥാനനഗരിയായ കൊല്ലം കാണുക.

അഭിപ്രായം:—ഇവിടെ ദൂരം യാത്രാവേഗം കാലം ഒക്കെ ഗണിച്ചു് വാദകോലാഹലത്തിന്നു് വകയുണ്ടു്. ഇവിടെ പ്രസക്തമല്ലായ്കയാൽ അതൊക്കെ വിട്ടിരിക്കുന്നു! 15 നാഴികയാണു് ചെട്ടെന്നു കടന്നതു്!

69

ഏഷാ ഭൂഷാമണിരിവ ഭുവോ ഹന്ത! വേണാടർകോനും
നീയും പാലിച്ചപഗതഭയം വർദ്ധിതാ നാളിൽനാളിൽ
ഇന്ദ്രോപേന്ദ്ര ക്ഷപിത ദിതിജോപദ്രവാ മദ്യമന്യേ
നാണിക്കിന്നോ ളമരനഗരീം നാമമാത്രാവശേഷാം.

അർത്ഥം:—ഏഷാ=ഇവൾ. ഭൂഷാമണി=അലങ്കാരരത്നം. ഇവ=പോലെ ഭുവ=ഭൂമിയുടെ. ഹന്ത=ആശ്ചര്യം. വേണാടർകോൻ=തിരുവിതാംകൂർ രാജാവു്. അപഗതം=പോയതു്. വർദ്ധിതാ=വളൎന്നവൾ. ഇന്ദ്രോപേന്ദ്രന്മാർ=ഇന്ദ്രനും വാമനനും. ക്ഷപിതം=ക്ഷയിച്ചതു്. ദിതിജൻ=അസുരൻ. അദ്യ=ഇപ്പോൾ. മന്യേ=വിചാരിക്കുന്നു. നാണിക്കിന്നോൾ=ലജ്ജിപ്പിക്കുന്നവൾ. അമരനഗരീം=ഇന്ദ്രപുരീം നാമമാത്രാവശേഷാം=പേർ മാത്രം ബാക്കിയായതു്.

സാരം:—ആശ്ചര്യംതന്നെ! ഈ കൊല്ലപട്ടണം അങ്ങയുടെ ജ്യേഷ്ഠനും അങ്ങും പാലിച്ചുകൊണ്ടിരിക്കെ നാൾക്കുനാൾ വളൎന്നുകൊണ്ടിരിക്കുന്നു! ഇതു ഭൂമിയ്ക്കാഭരണംപോലെയാണു. ഇവിടെ ചോരഭയം തുടങ്ങിയതൊന്നുമില്ല ഇന്ദ്രോപേന്ദ്രന്മാരുടെ പരാക്രമത്താൽ അസുരഭയം വിട്ടൊഴിഞ്ഞ ഇന്ദ്രപുരി നാണിക്കുമാറായി. ഇതിന്റെ ഇന്നത്തെ നിലയിൽ അതുമല്ല. സ്വൎഗ്ഗത്തിന്നു് നാമമാത്രമായി. ഗുണം ഒക്കെ ഇവിടെയായി എന്നു സാരം. ഇതാണു് എന്റെ അഭിപ്രായം. (വേണാട്ടരചനായ ഇരവിവൎമ്മനും യുവരാജാവായ ആദിത്യവൎമ്മയുമാണു് പ്രസ്തുത ജ്യേഷ്ഠാനുജന്മാർ)

70

ചൊങ്കം ചെമ്പ്രാണിയു മുടനുടൻ വന്ന പൊന്നാടനുംകൊ—
ണ്ടാക്രാമന്തീ ജലധിമഖിലം നിന്നുടേ കീൎത്തിപോലെ,
പൊന്മാടാനാം മണിമകുടമാം നാവുകൊണ്ടെച്ചിലാക്കി
ക്കൂടക്കൂടെ ക്കടലിൽ മുഴുകിച്ചുംബുദാൻ വേദയന്തീ.

അർത്ഥം:—ആക്രാമന്തീ=ആക്രമിക്കുന്നവൾ. ജലധി=സമുദ്രം. അഖിലം=മുഴുവൻ. പൊന്മാടാനാം=പൊന്മേടകളുടെ. മണിമകുടം=രത്നം പതിച്ച താഴികക്കുടം. അംബുദം=മേഘം (അംബുവിനെ, ദാനംചെയ്യുന്നതു്) അംബു=വെള്ളം. മുഴുകിച്ചു്=താഴ്ത്തി.

സാരം:—ചൊങ്കു്, ചമ്പ്രാണി, ചോണാടൻ ഇവയൊക്കെ ഒരുതരം കപ്പലുകളാണു്. എപ്പോഴും വന്നുകൊണ്ടിരിക്കുന്ന ഇവകളാൽ എല്ലാ സമുദ്രങ്ങളെയും അങ്ങയുടെ കീർത്തിപോലെ ആക്രമിക്കുന്നവളും കനകമേടകളുടെ രത്നകിരീടംപോലുള്ള നാവുകൊണ്ടു നക്കിനക്കി കൂടെക്കൂടെ അംബുദങ്ങളെ കടലിൽ മുഴുകിച്ചു ഖേദിപ്പിക്കുന്നു; ബുദ്ധിമുട്ടിപ്പിക്കുന്നു. അങ്ങിനെയാണീ നഗരിയുടെ സ്ഥിതി. താഴികക്കുടം മുട്ടി മേഘങ്ങളെ കടലിലാഴ്ത്തുന്നു എന്നർത്ഥം. കൊല്ലം പട്ടണത്തിന്റെ അക്കാലത്തെ ഉന്നതനില സൂചിപ്പിക്കുന്നു!

71

രമ്യശ്രീമന്നയനസുഭഗന്നോരോരോ പദാർത്ഥാൻ
നാട്ടാർ വർണ്ണിപ്പതു, പുനരിദം കേവലം കൊല്ലമെന്നു്,
എന്നാലീരേഴുലകിലു മിതിന്നൊപ്പമൊന്നില്ല ചൊൽവാൻ
കൊല്ലം കൊല്ലം ഭവതു നിതരാം, പിന്നെയും കൊല്ലമെന്നു്.

അർത്ഥം:—രമ്യം=രമിപ്പിക്കുന്നതു്. ശ്രീമത്തു്=ശ്രീ ചേർന്നതു്. നയനസുഭഗം=കണ്ണിനു മനോഹരം. ഇങ്ങിനെയുള്ള ഓരോ പദാർത്ഥങ്ങളെ നാട്ടുകാർ വർണ്ണിക്കുന്നു. ഇതിനെയാണെങ്കിൽ വെറും കൊല്ലമെന്നു മാത്രം. എന്നാൽ ഈരേഴു ലോകത്തും ഇതോടൊപ്പം പറവാൻ മറ്റൊന്നില്ല. കൊല്ലം കൊല്ലംതന്നേ (ഭവതു നിതരാം) ആയി എന്നും ഇരിക്കട്ടെ. പിന്നെയും കൊല്ലംതന്നെയാകട്ടെ.

അഭിപ്രായം:—അതു മറ്റൊന്നും ആവേണ്ട കാര്യമില്ല. അതിന്റെ മഹിമ അതായിത്തന്നേയിരിക്കുന്നുവെന്നു സാരം. 'തൊല്ലം കൊല്ലം' എന്ന എളങ്കുളമതം സാധുവല്ല. 'തൊൽ' എന്നാൽ 'പഴയ' എന്നർത്ഥമുണ്ടെങ്കിലും തൊല്ലം എന്ന രൂപം ശരിയല്ല കൊല്ലം പട്ടണത്തിനെ, മറവു ചി

ശേഷണങ്ങളെക്കൊണ്ടു കൂടുതൽ മഹത്വം വരുത്താൻ സാദ്ധ്യമല്ലെന്നു ചുരുക്കം.

72

വീണാവാണീം, വിപുലജഘനാം, ബിംബതാമ്രാധരോഷ്ഠീം
ക്ഷീണാംമദ്ധ്യേ, കിസലയമൃദുസ്നിഗ്ദ്ധമുഗ്ദ്ധാംഗരേഖാം
പൂണാർകൊങ്കക്കലശനമിതാം, മിക്ക വെള്ളൂർ വിളങ്ങും
നാണീം കാണാം വഴിയിലുടനേ വന്നു നില്ക്കിന്നവാറു്.

അർത്ഥം:—വിപുലം=വിസ്തൃതം. ജഘനം=അരക്കെട്ടിന്റെ മുൻഭാഗം. (നിതംബം എന്നു ഏളങ്കുളം അർത്ഥം പറയുന്നു. നിതംബം അരക്കെട്ടിന്റെ പിൻപുറമാണ്) ക്ഷീണാ=മെലിഞ്ഞതു്. മദ്ധ്യം=അരക്കെട്ടു്. ബിംബം=തൊണ്ടിപ്പഴം. താമ്രം=ചുകന്നതു്. കിസലയം=തളിര്. സ്നിഗ്ദ്ധ=മിനുത്തതു്. (മെഴുപ്പുള്ളതു്) മുഗ്ദ്ധം=മനോഹരം. അംഗരേഖാ=രേഖ പോലെ നേർത്ത ദേഹം. പൂണാർ=ആഭരണം. കലശം=കുടം. നമിതാ=കുമ്പിട്ടതു്. മിക്ക=മികച്ച. വെള്ളൂർ=വീട്ടുപേർ.

സാരം:—വീണാവാണിയും വിപുലജഘനയും ചെന്തൊണ്ടിച്ചുണ്ടാണ്ടവളും മദ്ധ്യം ചടച്ചും ആഭരണമണിഞ്ഞ കൊങ്കക്കുടംകൊണ്ടു കുനിഞ്ഞവളും തളിരുപോലെ സ്നിഗ്ദ്ധമായി മനോഹരമായ അംഗരേഖയോടു കൂടിയവളും ആയ വെള്ളൂർ നാണി എന്ന സുന്ദരി വഴിയിൽ ഉടനെ വന്നു നില്ക്കുന്നതായി കാണാം.

അഭിപ്രായം:—നല്ല ശബ്ദാർത്ഥരസപുഷ്ടമായ ഒരു ശ്ലോകമാണു് ഇതു്. മധുരമധുരമാണു്. പൂണാർ എന്നതിനു പുല്ലുത്തക്കളു് എന്നും പറയാം.

73

വാരിപ്പൊക്കി,പ്പഴവുമടയും ചക്കയും നല്ലരിമ്പും
മേരുക്കുന്നിൻചരിചു മരുവും ബാലകം ചന്ദ്രമൌലേഃ
മൂരിത്തിട്ടയ്ക്കുഴകം പൊഴിയിക്കിന്ന മാതംഗവക്ത്രം
ചാരെച്ചെന്നക്കടിമലരിൽ വീണങ്ങസൌ കൈതൊഴുഴണ്ടും.

അൎത്ഥം:—ചന്ദ്രമൌലി=ശിവൻ. മുരിത്തിട്ട=ഒരു സ്ഥലപ്പേർ. മാതംഗം=ആന. അഞ്ജസാ=വേഗം.

സാരം:—മേരുക്കുന്നുപോലെ അപ്പം തുടങ്ങിയ നിവേദ്യദ്രവ്യങ്ങൾ മുമ്പിൽ വാരിക്കോരിക്കൂട്ടിയവനും ശിവന്റെ പുത്രനും ആയ മുരിത്തിട്ട ഗജാനനനെ (പാരെ) അടുത്തു ചെന്നു പാദപത്മത്തിൽ നമസ്കരിച്ചു വന്ദിക്കണം.

74

നേരേ പിന്നെ പ്രിയസഖ! പനങ്ങാവനത്തിന്നകം പു-
ക്കാരാവംകൊണ്ടഖിലജഗതാം ഭൈരവീം ഭൈരവീം താം
നീരാന്നീടും കരിമുകിൽനിറംകൊണ്ട നിൻ മൂലതായേ-
ക്കോരിച്ചോരിക്കടൽ പെരുകുമക്കാളിയെ കൈതൊഴേണ്ടും.

അൎത്ഥം:—ആരവം=ശബ്ദം. അഖിലം=മുഴുവൻ. ജഗത്തു്=ലോകം. ഭൈരവി=ഭയം ഉണ്ടാക്കുന്നവൾ. താം=അവളെ. നീരാന്നീടും—വെള്ളമുള്ളതു്. മൂലതായ=കുടുംബപരദേവത. ചോരിക്കടൽ=രക്തസമുദ്രം. പെരുകും=വൎദ്ധിക്കും.

സാരം:—ഹേ! പ്രിയസഖേ! പിന്നെ നേരെ നീ പനങ്ങാവനത്തിന്നകത്തു ചെന്നു് അലച്ചുകൊണ്ടു അഖിലജഗത്തുക്കൾക്കും ഭൈരവിയായും ഭൈരവി എന്നു പേരുള്ളവളും നീർകൊണ്ട കാർകൊണ്ടൽപോലെയുള്ളവളും നിന്റെ മൂലതായയായവളും കോരിച്ചോരിക്കടലിൽ വൎദ്ധിക്കുന്നവളുമായ കാളിയെ കൈതൊഴണം.

അഭിപ്രായം:—"പെരുകും=കുടിക്കും' എന്ന പാഠമാണു് എല്ലാവരും സ്വീകരിക്കുന്നതു്. എന്നാൽ 'കടലിൽ പെരുകുക', അതായതു് 'ജൃംഭിക്കുക' എന്ന പാഠം അധികം നന്നു്.

75

അപ്പോഴാതിച്ചപുരമമരിന്നപ്പനെ കൈവണങ്ങി
ത്തൃപ്പാപ്പൂക്കിന്നൊരു തിലകമേ! നീ നടപ്പോരുനേരം
താനത്തിന്നായ് തദനു ചുഴലെപ്പൂക്കു സേവിച്ചു നിന്നെ
പ്പോമേ ഭട്ടാരണർ കില വിചക്ഷാസികാഃ പൂജ്യപാദാഃ

അർത്ഥം:—അമരുക=വസിക്കുക. തദനു=അനന്തരം. ചുഴലെപ്പുക്കു=ചുറ്റുംനിന്നു്. ഭട്ടാരണർ=ഭട്ടതിരിബ്രാഹ്മണർ.

സാരം:—തൃപ്പാപ്പൂക്കു് തൊട്ടുകുറിയായവനേ! അപ്പുറം ആതിച്ചപുരം അമരുന്ന അപ്പനെ കൈവണങ്ങി നീ നടക്കുമ്പോൾ താനത്തിന്നു് (പട്ടത്താനം എന്നൊരു ദാനം അടുത്ത കാലംവരെ രാജാക്കന്മാർ വിദ്വാന്മാർക്കു കൊടുത്തിരുന്നു) വരുന്ന ഭട്ടതിരി ബ്രാഹ്മണർ ചുഴലെപ്പുക്കു നിന്നു സേവിച്ചുപോകും. അവരുടെ അവസ്ഥ എങ്ങിനെയെന്നാൽ വിപക്ഷാസികന്മാരാണു്; അതായതു്, പ്രതിപക്ഷത്തിന്നു് വാദത്തിൽ കരവാളുപോലെ ഭീകരന്മാരാണു്; പൂജ്യപാദന്മാരുമാണു്. കില=പ്രസിദ്ധാർത്ഥം. "അങ്ങിനെയാണല്ലോ" എന്നർത്ഥം. ആതി—ച്ചപുരം എന്നു് യതിഭംഗം.

അഭിപ്രായം:—കവി പലപ്പോഴും തൃപ്പാപ്പൂർ വിശേഷണം ചേർത്തു സംബോധന ചെയ്യുന്നതു അധികമാവുന്നുണ്ടു്. വല്ല കവികളുടേയും അനൌചിത്യം ചൂണ്ടി പരിഹസിയ്ക്കുകയാണോ എന്നു തോന്നും. ഭട്ടദാനം എന്നാണു പട്ടത്താനത്തിന്നർത്ഥം. 'ഭട്ട'ശബ്ദത്തിന്നു 'വിദ്വാനായ ബ്രാഹ്മണൻ' എന്നാണർത്ഥം. അവർക്കുള്ള ദാനമാണു് താനം. ഒരാൾ മരിച്ചാൽ മറെറാരാൾക്കു് അതു കൊടുക്കും. തൃപ്പൂണിത്തുറെ കോവിലകത്തു പട്ടത്താനത്തിന്നു വീഴില്ലും പറയുകയില്ല; ഒരാൾ മരിച്ചാൽ തമ്പുരാന്റെ യുക്തംപോലെ ആ താനം മറെറാതെങ്കിലും ഒരു പട്ടേരിയുടെ പേരിൽ ചാർത്തുകയേ പതിവുള്ളു തിരുവനന്തപുരത്താണെങ്കിൽ അങ്ങിനെയല്ല; പട്ടത്താനം വീഴില്ലും പറയുന്ന ആൾക്കുതന്നെ കിട്ടും. (ഈ താനത്തെക്കുറിച്ചുള്ള വിശദവിവരമറിയാൻ ശ്രീ. കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാടിന്റെ 'എന്റെ സ്മരണകൾ' 3-ാംഭാഗം നോക്കുക)

76

അർത്ഥിശ്രേണിക്കഭിമതഫലം നല്കുവാൻ പാരിജാതം
വിദ്വൽപത്മാകര ദിനകരം, വിശ്വലോകൈകദീപം,
മുററിക്കൂടും പെരിയ പരചക്രേഷു ചക്രായമാണം,
കററക്കാർമൽപ്പുരികുഴലിമാർമാരനെ ക്കാൺക പിന്നെ.

അർത്ഥം:—അർത്ഥിശ്രേണി=യാചകസമൂഹം. അഭിമതഫലം=ഇച്ഛിച്ചതു കിട്ടൽ. പാരിജാതം=കല്പവൃക്ഷം. വിദ്വൽപത്മാകരം=വിദ്വാന്മാരാകുന്ന താമര. ദിനകരൻ=ദിനത്തെ കരിക്കുന്നവൻ (ദിവസത്തെ ഉണ്ടാക്കുന്നവൻ=സൂൎയ്യൻ) മുററിക്കൂടുന്ന=വർദ്ധിച്ചുവരുന്ന. പെരിയ=വലിയ. പരചക്രേഷു=ശത്രുസമൂഹങ്ങളിൽ. ചക്രായമാണം=ചുററിത്തിരിയുന്നവൻ. കററക്കാർ=ഇടതിങ്ങിയ മേഘം. മൽപ്പുരികുഴൽ=മല്ലിടുന്നതും പുരിഞ്ഞതും (ചുരുണ്ടതും) ആയ തലമുടിയോടു കൂടിയവർ.

സാരം:—ആവശ്യക്കാൎക്കു ദാനത്തിൽ കല്പകവും, വിദ്വാന്മാരായവൎക്കു സൂൎയ്യൻ താമരക്കെന്നപോലെ ആമോദകാരിയും വിശ്വത്തിനു ഒരേ ഒരു കെടാവിളക്കും വളഞ്ഞു എതിൎക്കുന്ന ശത്രുക്കൂട്ടത്തിൽ ചക്രം ചുററി പടവെട്ടുന്നവനും സുന്ദരിമാൎക്കു കാമനുമായ അദ്ദേഹത്തെ പിന്നീടു കാണണം.

അഭിപ്രായം:— രവിവൎമ്മരാജാവിനെക്കാണുവാൻ പറയുന്നു. രവിശബ്ദംകൊണ്ടു് സൂൎയ്യന്റെ ധൎമ്മം സാധിക്കുന്നു. സംസ്കൃതസമ്പ്രദായപ്രകാരം വിശേഷണങ്ങൾക്കൊക്കെ ഒരേ വിഭക്തി പ്രയോഗിക്കുന്നതു പ്രാചീനസാഹിത്യത്തിൽ പതിവാണല്ലൊ.

77

വേലപ്പെണ്ണിന്നഴകുപൊഴിയും കണ്ണനെ, പ്പോരിൽ മാററാർ—
മൂലത്തിന്നു മുടിവിനൊരു മുക്കണ്ണനെ, പ്പുണ്യകീൎത്തി!
വേരിച്ചൊല്ലാർമനസിജ! നിനക്കണ്ണനെ ച്ചെന്നു നേരേ
കോരിക്കൈക്കൂപ്പുട നിരവിവൎമ്മാഖ്യവേണാടർകോനെ.

അർത്ഥം;—വേലപ്പെണ്ണ്=ലക്ഷ്മീദേവി. മാററാർ=ശത്രുക്കൾ. മൂലം=ആസ്ഥാനം. വേരിച്ചൊല്ലാർ=മധുരഭാഷിണികൾ. അണ്ണൻ=ജ്യേഷ്ഠൻ.

സാരം:—ഹേ പുണ്യകീൎത്തേ! സുന്ദരിമാൎക്കു കാമനും ലക്ഷ്മീദേവിക്കു കൃഷ്ണനും ശത്രുമൂലം മുടിക്കുന്നതിൽ മുക്കണ്ണനും (സംഹാരരുദ്രൻ) നിനക്കുണ്ണനും ആയ രവിവൎമ്മാഖ്യനായ വേണാടർകോനെ നേരെ ചെന്നു കോരിക്കൈ കൂപ്പുക.

അഭിപ്രായം:—കോരി കൂപ്പുക എന്നാൽ ഭക്തിപൂൎവ്വം എന്നേ ഉള്ളു. 'കയൽക്കണ്ണൻ' എന്നാണു് എളങ്കുളു പാഠം; അതായതു എളങ്കുളം സ്വീകരിച്ച പാഠം എന്നൎത്ഥം. ഈ പുസ്തകത്തിൽ എളങ്കുളപാഠം എന്നു പലേടത്തും പ്രയോഗിച്ചതിനു ആ അൎത്ഥമേയുള്ളു. മൂലം എന്ന പദത്തിനു പ്രധാനപട്ടണം എന്നൎത്ഥം പറയണമെന്നും അല്ലാത്തപക്ഷം മുൻപദ്യത്തിന്റെ ഒരാശയാവൎത്തനമാകും ആ വിശേഷണമെന്നും എളങ്കുളം പറയുന്നു. അതിനൎത്ഥമില്ല. കാരണം, ഈ കാവ്യത്തിൽ ഉടനീളം രാജാവിനെ വിശേഷിപ്പിക്കുന്നതിൽ ഒരേ ആശയംതന്നെ തിരിച്ചും മറിച്ചും പ്രയോഗിക്കുന്നതു നോക്കുക. സുന്ദരിമാൎക്കു കാമനെന്നും ശത്രുക്കൾക്കു കാലനെന്നും എത്ര തവണ ആവൎത്തിച്ചുകഴിഞ്ഞു? കയൽക്കണ്ണൻ എന്ന പാഠത്തെക്കാൾ "നിനക്കണ്ണൻ" എന്നതാണു കൂടുതൽ അൎത്ഥത്തിനു യോജ്യം.

78

അസ്മദ്വാൎത്താം മുഴുവനറിയിപ്പിച്ചു മാമ്പള്ളിയെക്കൊ-
ണ്ടല്പസ്മേരാനമിതവദനം വീര! നില്പാരുനേരം
മുന്നോനമ്മിൽ കനിവുകനമുണ്ടാകയാൽ പോകപോകെ-
ന്നെന്നോ നിന്നോടവനവനിപാലൈകവീരോ വിരഞ്ഞും.

അൎത്ഥം:—അസ്മദ്വാൎത്താം=എന്റെ വൎത്തമാനങ്ങളെ. മാമ്പള്ളി=തേവാരിയായ മാമ്പള്ളിപണ്ടാരത്തിനു. അല്പസ്മേരം=ചെറുപുഞ്ചിരി. നമിതവദനം=കുനിക്കപ്പെട്ട മുഖം. കനം=വലുപ്പ്. വിരഞ്ഞു്=വേഗം.

സാരം:—ഹേ വീര, എൻെറ വർത്തമാനം മാമ്പള്ളി മുഖാന്തിരം മഹാരാജാവിനെ അറിയിച്ച് തലതാഴ്ത്തിച്ചിരിച്ചുകൊണ്ടു് നില്ക്കുമ്പോൾ മുമ്പേ എന്നോടു വലിയ സ്നേഹമുള്ള അവനീപാലൻ വേഗത്തിൽ പോരുമ്പോളുക എന്നുടനെ പറയും. എൻെറ കാര്യത്തിൽ താമസമരുതെന്നു പറയുമെന്നു സാരം.

അഭിപ്രായം:—സന്ദേശവാഹകൻെറ ഈ തലതാഴ്ത്തിനില്പ് കാമദൌത്യത്തിലെ ലജ്ജയെ സൂചിപ്പിക്കുന്നുവെന്നു് എളങ്കുളം പറയുന്നു. എന്നാൽ അത്ര പോരെന്നാണെൻെറ പക്ഷം. ' താനിങ്ങനെ ഒരു വേശ്യക്കു് വിടസന്ദേശം കൊണ്ടുപോയെന്ന പേക്കഥ വിശ്വസിച്ച്, 600 കൊല്ലങ്ങൾക്കുശേഷം, ചില പണ്ഡിതന്മാർ കാലദേശങ്ങളെ ചൊല്ലി കശപിശ പറയാനിടവരുമല്ലോ'' എന്നുകൂടി ഉദ്ദേശിക്കുന്നതായി കവി നമ്മെ ധരിപ്പിക്കുന്നുണ്ടാവാം. ഞാനീ കാവ്യത്തിൻെറ ഗൌരവം കുറക്കുന്നുവെന്ന അഭിപ്രായം ആക്കെങ്കിലുമുണ്ടെങ്കിൽ എനിക്കവരോടു പറയാനുള്ളതിതാണു്. ആവശ്യത്തിൽ കവിഞ്ഞ ഗൌരവം ഒന്നിനും കല്പിക്കണ്ട. ഉണ്ണുനീലിസന്ദേശത്തിൻെറ ഉൽകൃഷ്ടതയേയോ ചരിത്രമൂല്യത്തേയോ ഞാനൊരിക്കലും അപലപിക്കുന്നില്ലെന്നും വ്യക്തമാക്കിക്കൊള്ളട്ടെ.

79

രത്നശ്രേണീ കനകനിചയം കാഴ്ചയും വച്ചു കാണ്മാൻ
തിക്കിത്തിക്കും പുനരറികിലോ നാവികാനാം നികായം
അപ്പോഴേ നീ നരവര! പുറപ്പെട്ടു മൂവന്തിനേരം
മുച്ചന്തിക്കൽ ച്ചുഴലമരുവും വാണിയം കാൺക പിന്നെ.

അർത്ഥം:—ശ്രേണി; നിചയം; നികായം = (ഇവ മൂന്നും) സമൂഹം മൂവന്തി=സന്ധ്യ. മുച്ചന്തിക്കൽ=ഒരു സ്ഥലം. ചുഴല്=ചുററം.

സാരം:—ഹേ നരവരാ! നാവികസമൂഹം വിവരം ധരിച്ചാൽ രത്നകനകസമൂഹവുംകൊണ്ടു് കാഴ്ചവെച്ചു് അങ്ങയെ കാണാൻ തിക്കിക്കൂടി വരും. അങ്ങു് അഃപ്പാഠംതന്നെ സന്ധ്യക്കു് വാണിയം (കച്ചവടം) കാണുവാൻ മച്ചാതിക്കൽ എന്ന അങ്ങാടിയിൽ ചുററിനടന്നുകൊള്ളുക.

അഭിപ്രായം:—"പാരം പാഥോനിധികുലപുരി" എന്ന ഭ്രമരസന്ദേശപദ്യത്തിലും കൊല്ലത്തെ ധനസമൃദ്ധി സൂചിപ്പിക്കുന്നുണ്ടല്ലോ.

80

തട്ടും കട്ടിൽ ക്കയറ പലകക്കട്ടിൽ മഞ്ചട്ടി കൊട്ടും
മൊട്ടും മൂട്ടിൽക്കരയുമരിയും ചെട്ടിയും പട്ടനൂലും
പട്ടും ചൊട്ടക്കയറ മുറിയും കട്ടിലും കട്ടിയാവും
തട്ടും ചട്ടിക്കലവു മിലയും കൊട്ടയും കെട്ടുനാരും.

81

മിന്നും പൊന്നും തുവലു മവിലും പാരയും പാരവാളും
പാലും തോലും വളയു മുളിയും പൂണിയും പൂണനൂലും
ആടും ചാടും കുടയു മുടയും പഞ്ഞിയും മുഞ്ഞവേരും
നൂറും ചോറും ചുറയു മുറയും കാരയും കാരിരുമ്പും.

82

കോലം മൂങ്ങൻ ചുറകു കൊഴമീൻകൊഞ്ചു പാമ്പാടപൂമീൻ
ചേർമീൻ ആരാൻചുറകു കരിമീൻ കൊണ്ടമീനണ്ടികള്ളി
കൂമീൻ പേർമീൻ അയില ഞെരിമീൻ പൂളകൻ വാളനറ്റൻ
മററും മീനിൻനികരമവിടെക്കാണലാം വില്ലുമാറു്.

83

ഏലം കോലം കടുകു തകരം കുന്തിരിക്കം തുരിക്കം
ചോനപ്പല്ലും ചുകിലുമകിലം നാകുണം തൂണിയാകം
തീമ്പു കഞ്ചാ പുലവു വിടയം മാഞ്ചി മഞ്ചട്ടി കൊട്ടം
ചാതിക്കായും പലറുമവിടെക്കാണമേ തേ മരുന്നും.

84

കൂരൻ ചോഴൻ പഴവരി കരക്കൊങ്ങണൻ വെണ്ണൽകണ്ണൻ
മോടൻ കാടൻ കുറവ കൊടിയൻ പങ്കി പെറുങ്കാളി ചെന്നൽ
ആനക്കോടൻ കിളിയിറ കനങ്ങാരിയൻ വീരവിത്തൻ
കാണാം മറവം പലവിധമുടൻ നെല്ല കല്യാണികീർത്തേ!*

അഭിപ്രായം:—ഈ ചന്തവർണ്ണന വിരസവും അനുചിതവുമാണെന്നു എളംകുളം തുടങ്ങിയവർ പറയുന്നു എന്നാൽ അതുതന്നെയാണിതിൻെറ ഔചിത്യവും സാരസ്യവും എന്നാണെൻെറ അഭിപ്രായം. കാരണം അങ്ങാടിയിൽ വില്ക്കാൻ വെച്ചിരിക്കുന്ന ചരക്കുകൾക്കു പരസ്പരബന്ധം വേണമെന്നു ശഠിക്കുന്നതു സാഹസമാണു്.

സരസകവിയായ ശ്രീ. ശിവോള്ളിയുടെ ദാത്ത്യൂഹസന്ദേശത്തിലെ ഈ ശ്ലോകം ഒന്നു വായിച്ചുനോക്കുക.

ചൂച്ചം, ചുണ്ണാമ്പു,രച്ച,മി,കലം, ചട്ടി,പാവട്ടി, കട്ടിൽ–
ക്കാല്യം,കിണ്ണം,കയിൽ, ചിരവ,തീ,യമ്മി,ചെമ്മീൻ, കിടാരം
ന്തുചിൽകെട്ടും,മുറ,മുറികുടം, ക്രുട,കോടാലി,തൊട്ടാ–
ക്കോലായൊട്ടുക്കവിടെ വളരെസ്സാധനം സാധു കാണാം!

ഇതു അനുചിതമാണെന്നു ആരും പറയാത്തതെന്താണാവോ! ഇതുപോലെത്തന്നെ,

കിണ്ണം, കിണ്ടി, കരണ്ടി, യുള്ളി, ചെറുചി–
ഞ്ഞാണം,മഹാരക്ഷയാം–
വണ്ണം കാച്ചിയമോരു,കുത്തിലാ മെഴ–
ക്കാളും കളിപ്പാക്കഹോ!

---

* ഈ പദ്യങ്ങൾ പകർത്തുമ്പോൾ ഒരു ശ്ലോകം ക്രമം തെററിപ്പോയിട്ടുണ്ടു്.

എണ്ണക്കപ്പികറ്റം,തേക്കിലപ്പൊതികളി,
ന്നൊട്ടല്ല നന്നീവക-
ക്കണ്ണിൽകണ്ടൊരു ശപ്പശിപ്പശവ-
റീക്കുട്ടിന്റെ ചോട്ടിൽസുഖം!

എന്ന വെണ്മണിശ്ലോകം നോക്കുക. ആ ശപ്പശിപ്പശവറുകളെ യഥാതഥം വിവരിയ്ക്കുന്നതിലാണു് സ്വഭാവോക്തി. ഒരുപക്ഷേ ഏതെങ്കിലും ക്ഷുദ്രകവിതയുടെ അനുകരണമാണിതെങ്കിൽ സാരസ്യം കൂട്ടുകയല്ലേ ചെയ്യുന്നതും.

85

കസ്തൂരിക്കൊണ്ടിരുപതുപണം, കത്തികൊണ്ടുള്ളിതാനീ,
പുത്തൂരിക്കോപ്പുടവ പുറമെന്തുണ്ടു നിൻ കയ്യിൽമിച്ചം?
പത്തോകൊണ്ടുപരിചു? പനിനീർ മററുമുന്നേതുനല്ല,
കത്തോകാം ചൊന്നന്നതിനുതിരമം ചൊല്ലു നീ കാരിതേവാ.

86

ചുക്കിന്നുണ്ടോ പെരിയതുവ?നൂച്ചക്കടിക്കെട്ടുകാച്ചു-
ണ്ടക്കോൽ കൊടുണ്ടോ മിളകു തരകി ന്നക്കടാനമ്പിയാതി
ശിക്കാണിസ്സോ ഉഖനു ശിതിയേപരിതായാരെദയഭയം
കക്കോകുജ്ജീകളിരികനിയസ്സുഷമിതുദമെട്ടണാഹ.

അഭിപ്രായം:—ഇവ രണ്ടും ചന്തസ്ഥലത്തെ സംഭാഷണങ്ങളുടെ ഒരനുകരണം മാത്രമാണു്. ഭാഷ തന്നെ ഏതാണെന്നു വ്യക്തമല്ല. വ്യാഖ്യാനംകൊണ്ടു് വലിയ പ്രയോജനമില്ല. ഈ പദ്യങ്ങറം വിട്ടു വായിച്ചാലും വലിയ വിരോധമില്ല. ഏതായാലും "തട്ടും കട്ടിൽ" തുടങ്ങിയ ശ്ലോകങ്ങളുടെ രചനാഭംഗി അഭിനന്ദനീയം തന്നെ.

87

ഇത്ഥം വില്ക്കും വിവിധ വിപണിദ്രവ്യഭാഷാവിശേഷം
കണ്ടുംകേട്ടും പഴകി മുഴുവൻ കൌതുകംകെട്ട നീഃപോയ്
ചിന്തിച്ചേററം മമ സഹചരീം വേഗവാനാകിലും ചെ-
ന്നന്തിക്കാലംനരവര! കരിപ്പൂക്കളം പൂക പിന്നെ.

സാരം:—ഇപ്രകാരം വില്ക്കുന്ന വിവിധവിപണിദ്രവ്യങ്ങളും കണ്ടും ഭാഷാവിശേഷം കേട്ടും കൌതുകം മുഴുവൻ കെട്ട അങ്ങ്, എന്റെ സഹചാരി (പ്രേയസി)യെ നല്ലവണ്ണം ചിന്തിച്ച് ധൃതിയുള്ളവനാണെങ്കിലും സന്ധ്യക്ക്, ഹേ രാജാവേ! കരിപ്പൂക്കളം എന്ന സ്ഥലത്തേക്ക് എത്തുക.

അഭിപ്രായം:—യാത്രക്ക് ധൃതിയുണ്ടെങ്കിലും അന്ന് കരിപ്പൂക്കളം വരെ എത്തിയാൽ മതിയെന്നു പറയുന്നു.

88

അപ്പോഴുദ്യൽക്കജർമതിമുഖീ മേഘരാഗാധരോഷ്ഠീ,
ചൂഴെത്താഴുംതിമിരചികുരാ ചാരുതാരാശ്രമാംബുഃ,
കിഞ്ചിൽകാണാം കുമുദഹസിതാ നൂനമെന്നുണ്ണുനീലീം
കാമക്രീഡാരസവിലുളിതാം തന്നെ നന്വേതി സന്ധ്യാ.

അർത്ഥം:—ഉദ്യത്ത്=ഉയരുന്നത്. രാഗം=ചുവപ്പ്. അധരം=കീഴ്ച്ചുണ്ട്. ഓഷ്ഠം=മേൽച്ചുണ്ട്. ചൂഴെത്താഴുക=ചുററുംതാഴുക. തിമിര =ഇരുട്ട്. ചികുരം=തലമുടി. ചാരു=മനോഹരം. താരാ=നക്ഷത്രം. ശ്രമാംബു=ശ്രമംകൊണ്ടുള്ള വിയപ്പ്. കിഞ്ചിൽ=അല്പം കുമുദം=ആമ്പൽ. ഹസിതാ=പുഞ്ചിരിക്കുന്നവൾ. നൂനം=തീർച്ച വിലുളിത=തളർന്നവൾ. അന്വേതി=അനുസരിക്കുന്നവൾ.

സാരം:—സന്ധ്യാവർണ്ണനമാണ് പ്രകൃതം. വിശേഷണങ്ങളെക്കൊണ്ടു സന്ധ്യക്കും നായികക്കും സാധർമ്മ്യം സാധിക്കുന്നു. ഉദിച്ചുയരുന്ന ചന്ദ്രബിംബമാകുന്ന മുഖവും, മേഘങ്ങളുടെ ചുവപ്പാകുന്ന ചെഞ്ചുണ്ടുകളും, പിന്നിൽ ഒഴിഞ്ഞുപോകുന്ന ഇരുളാകുന്ന തലമുടിയും, മനോഹരനക്ഷത്രങ്ങളാകുന്ന ശ്രമാംബുവും, അല്പം വിടന്ന ആമ്പലാകുന്ന പുഞ്ചിരിയും ചേർന്ന സന്ധ്യ, മാരപ്പോരിൽ മയങ്ങി രസിക്കുന്ന എന്റെ ഉണ്ണുനീലിയെ തീർച്ചയായും അനുസരിക്കുന്നു.

അഭിപ്രായം:— ഇവിടെ ജ്യോതിഷക്കാരായ ഗവേഷകരെ മനഃപൂർവ്വം കവി കുഴപ്പത്തിലാക്കുകയാണെന്നുപോലും തോന്നുന്നു. പുറപ്പെട്ടപ്പോഴ് പഞ്ചമിയാണെന്നു ഉറപ്പിച്ചു പറഞ്ഞശേഷം പിററന്നാളൊ മറെറാ വെളുത്തവാവെന്നു പറയുന്ന കുസൃതി കണ്ടുവോ? "അഞ്ചാംപക്കം" വഞ്ചിക്കപ്പെട്ടതിൽ സാധുക്കളായ ഗവേഷകന്മാരോടു സഹതപിക്കുകയല്ലേ നമുക്കു സാധിക്കുകയുള്ളൂ!

89

അന്തിത്തേവാരവുമയി സഖേ! ശാർവ്വരഞ്ചാപി കൃത്വാ
ബന്ധുസ്നേഹാദിദമപനയൻ നിദ്രയാ യാനഖേദം
സിന്ധുദ്വീപംപ്രതി യദുപതേ! പോവതിന്നൊട്ടിരാവേ
വന്ദിശ്രേണീമധുരവചനം കേട്ടെഴുന്നേല്ക്ക പിന്നെ.

അർത്ഥം:— ശാർവ്വരം=ശർവ്വരി (രാത്രി) യെ സംബന്ധിക്കുന്നതു് (അത്താഴം എന്നർത്ഥം) അപി=ഉം. കൃത്വാ=ചെയ്തിട്ടു്. ബന്ധുസ്നേഹാൽ=ബന്ധുസ്നേഹംകൊണ്ടു്. ഇദം=ഇപ്രകാരം. അപനയൻ=മാററുന്നവൻ. നിദ്രയാ=നിദ്രകൊണ്ടു്. യാനഖേദം=യാത്രാക്ലേശം. സിന്ധുദ്വീപംപ്രതി=കടുത്തുരുത്തിയെക്കുറിച്ചു്. ഒട്ടു ഇരാവേ=ഏതാനും രാവിൽ. വന്ദിശ്രേണീ=സ്തുതിപാഠകസമൂഹം.

സാരം:— ഹേ യദുപതേ! (വേണാട്ടരചന്മാരെ യാദവരെന്നു പറയും) അവിടുന്നു അന്തിത്തേവാരവും, അത്താഴവും കഴിച്ചു നിദ്രകൊണ്ടു് യാത്രാക്ലേശം ശമിപ്പിച്ചു് ബന്ധുസ്നേഹംകൊണ്ടു കടുത്തുരുത്തിയിലേക്കു പോവാനായി വെളുപ്പിനു മുമ്പെ വൈതാളികന്മാരുടെ പ്രഭാതഗീതം കേട്ടുണരുക!

അഭിപ്രായം:— "അന്തിത്തേവാരവുമശനവും" എന്ന എളങ്കുളപാഠമാണു് കൂടുതൽ നല്ലതെന്നു തോന്നുന്നു. ഇവിടെ യാത്രാദൂരവും സമയവും കണക്കാക്കി എളങ്കുളം എഴുതിയിരിക്കുന്നതു പ്രസക്തമല്ലാത്തതിനാൽ വിട്ടിരിക്കുന്നു.

90

കൂടെപ്പിന്നെ കുളി വയറയിട്ടങ്ങു തേവാരവും പു-
ക്കീടിക്കൂട്ടം ദ്വിജപരിഷദേ നിത്യദാനം വിധായ
കേടററീട്ടം ഗുണഗണനിധേ! ചാരുമാവാരതം കേ-
ട്ടോടിക്കൊണ്ടങ്ങഴകിലെഴുന്നള്ളീട സംഗ്രാമധീര!

അർത്ഥം:— വയറ ഇടുക=വയറ ഉഴിയുക. ഈടിക്കൂടുക=ധാരാളമായി കൂടുക. ദ്വിജപരിഷദേ=ബ്രാഹ്മണക്കൂട്ടത്തിന്നു്. വിധായ=ചെയ്തിട്ടു്. കേടററീട്ടം=കളങ്കമില്ലാത്ത. മാവാരതം=മഹാഭാരതം.

സാരം:— ഹേ! സംഗ്രാമധീര! നിഷ്കളങ്കമായ ഗുണനിധേ! അങ്ങു കുളി വയറുഴിയൽ തേവാരം ഒക്കെ കഴിച്ചു അനേകം ബ്രാഹ്മണർക്കു ദാനം ചെയ്തിട്ടു് മഹാഭാരതം വായന കേട്ടു് വേഗം എഴുന്നെള്ളിയാലും.

അഭിപ്രായം:— വയറ എന്ന വള്ളികൊണ്ടു ദേഹം ഉഴിയുന്നപോലെ കൈകൊണ്ടു് ദേഹം തൊടാതെ ഉഴിയാൻ കാണിക്കുന്നതിനാണു 'വയറ ഉഴിയുക' എന്നു പറയുന്നതു്. നമ്പൂതിരിമാരുടെ ഇടയിൽ പിറന്നാൾ തുടങ്ങിയ ശുഭദിനങ്ങളിൽ ഇന്നും അനുഷ്ഠിച്ചുവരാറുണ്ടു്. ഇതുതന്നെയാണു് രാജാക്കന്മാരുടെയും വയറാട്ടം എന്നാണു തോന്നുന്നതു്. ഒരു സമയം കൂടുതൽ ചടങ്ങുകൾ ഉണ്ടായിരിക്കാം. നിത്യദാനം എന്നതു രാജാക്കന്മാർ ദിവസേന ഒരു ഇത്ര സംഖ്യ ബ്രാഹ്മണർക്കു ദാനം കൊടുക്കുന്നതാണു്. മഹാഭാരതംവായന കേൾക്കുകയും ഒക്കെ ഒരു നിത്യച്ചടങ്ങാണു്. അങ്ങിനെ ഒരു ഘട്ടത്തിൽ ആളറിയാതെ അമ്പലപ്പുഴ രാജാവിൻെറ മുമ്പിൽ മേല്പത്തൂർ ഭട്ടതിരി "കൂട്ടിവായിച്ച' കഥ സുപ്രസിദ്ധമാണല്ലൊ.

91

പിന്നെച്ചെമ്മേ പുതിയപൊഴിയും തോഴ! പൂക്കൈതയും നീ
പിന്നിട്ടമ്പിൽ തൊഴുക വഴിമേൽ പന്മനത്തമ്പിരാനെ
ചിന്നച്ചാത്തിൻ കുരലിൽ മുരളും കാളവും കൊമ്പുമെല്ലാം
മന്നിൽപ്പൊങ്ങും പടയൊടു കടന്നീടു കന്നേററിതന്നെ.

അർത്ഥം:—ചെമ്മേ=ഭംഗിയായി. പുതിയപൊഴിയും പൂക്കൈതയും= സ്ഥലങ്ങൾ. പന്മനത്തമ്പിരാൻ=പന്മനസുബ്രഹ്മണ്യൻ. ചിന്നച്ചാത്തു=ഒരു തരം കുഴൽ. കുരലിൽമുരളുക=മന്ദമാകുംവണ്ണം ഊതുക. കന്നേററി=ഒരു സ്ഥലം.

സാരം:—ഹേ തോഴരേ! പുതിയ പൊഴിയും പൂക്കൈതയും പിന്നിട്ട് വഴിയിൽ പന്മനസുബ്രഹ്മണ്യനെ തൊഴുക. കൊമ്പ്, കാഹളം, കുഴൽ തുടങ്ങിയ വാദ്യവിശേഷവും മന്നിൽ പൊങ്ങുന്ന പടയോടും കൂടി കന്നേററി എന്ന സ്ഥലം കടക്കുക.

അഭിപ്രായം:—കുറേ തർക്കമുള്ളതാണീ പദ്യം. പൂക്കൈതസ്ഥലമല്ലെന്നും പടയോററ എന്ന ഒരു സ്ഥലമുണ്ടെന്നും കുരള് എന്നാക്കേണ്ടതെന്നും ഒക്കെയാണ് വാദവിഷയം. ഈ കോലാഹലമൊക്കെ കൂട്ടി യാത്ര എങ്ങോട്ടെന്നും എന്തിനെന്നും ഭാഗ്യത്താൽ ആർക്കും ചിന്തനീയമല്ല. ഭൂമിശാസ്ത്രവും ചരിത്രവും ഒക്കെ ഇവിടെ സവിസ്തരം വിവരിക്കേണ്ടുന്നതു് എളുതല്ലോ.

92

തേടിക്കൊണ്ടോണഴകിചലരിത്തയ്യിൽ മയ്യാറ്റു കണ്ണി-
ട്ടോടച്ചാത്തിൽ ച്ചുഴലവിതരം മുത്തു കൊണ്ടത്യുദാരം
വേടക്കാട്ടിൻ പരിചഴകൊഴെപ്പൊങ്ങുമത്തെങ്ങുകൊണ്ട-
ങ്ങീടിക്കൂടും നിഖിലവിഭവം മുന്നിലേതാട നാട്ടു്.

അർത്ഥം:—ഓടച്ചാത്തു്=ഓടങ്ങളുടെ (വഞ്ചികളുടെ) കൂട്ടം. ചുഴലവിതരം=ചുററും വിതറുന്ന. അത്യുദാരം=ഉൽകൃഷ്ടം. വേടക്കാടു =കരിമ്പിൻ കാടു്. പരിചു്=സമം. അഴകർ=അഴകുള്ള മുന്നിലേതു്=മുൻഭാഗത്തു്.

സാരം:—ഓടനാട്ട് മുന്നിൽ കാണുന്നു എന്നർത്ഥം. ലക്ഷ്മീദേവി മഷ്ടിയാന്ന കൺകളാൽ തിരഞ്ഞുപിടിച്ച് ഓടങ്ങളിൽ മുത്തു നിറച്ച് കരയിൽ എന്നാട്ടം വിതറുന്നു. ആ മുത്തുകൾകൊണ്ട് അതിസമൃദ്ധവും, കരിമ്പിൻകാടുകൾപോലെ തിങ്ങി നിറഞ്ഞ അഴകാർന്ന് തെങ്ങുകൾകൊണ്ട് അഖിലസമ്പത്തും ഈട്ടംകൂടിക്കിടക്കുന്ന (തിങ്ങിക്കൂടിക്കിടക്കുന്ന) ഓടനാട്ട് മുന്നിലിതാ കാണുന്നു!

അഭിപ്രായം:—ഈ ശ്ലോകം വലിയ വാദത്തിനിട നല്കുന്നതാണ്. അതിദീർഘമായ വ്യാഖ്യാനവും വിവരണങ്ങളും പ്രമാണോദ്ധാരണങ്ങളുംകൊണ്ട് അധികം സ്ഥലം അപഹരിച്ച ഒരു പ്രമാണിയാണ് ഈ പദ്യശ്രേഷ്ഠൻ. ഇതിന്റെ വ്യാഖ്യാനം (പ്രത്യേകിച്ചും എളങ്കുളത്തിന്റെ) വായിച്ചാൽ പല കാര്യങ്ങളും ഗ്രഹിക്കാം. എന്നാൽ അല്പം കാര്യം ഉള്ളത് 'ഓട'ശബ്ദത്തെക്കുറിച്ചുള്ള അഭിപ്രായഭേദം മാത്രമാണ്. ഓട മുള എന്നും ഓടം വഞ്ചി എന്നും രണ്ടഭിപ്രായമാണ്. എളങ്കുളം ആദ്യത്തെ പക്ഷമാണ്. മുളയിൽ മുത്തു വിളയും എന്ന കവിസങ്കേതം പ്രമാണസഹിതം എടുത്തുകാട്ടി അദ്ദേഹം സമർത്ഥിക്കുന്നു. എന്നാൽ വഞ്ചി എന്നു ശൂരനാട്ട് പറയുന്നതിനാണ് കൂടുതൽ യുക്തി തോന്നുന്നത്. ഓടങ്ങളിൽ മുത്തു വാരിക്കൊണ്ടുവരുന്ന ഒരേർപ്പാടിനെയാണിതു സൂചിപ്പിക്കുന്നതെന്നദ്ദേഹം ന്യായീകരിക്കുന്നു. ലക്ഷ്മിയുടെ കറുത്ത കണ്ണിനോട് ഓടത്തിനു സാദൃശ്യമുണ്ടല്ലോ. അതിനാൽ സമ്പത്ത് അണയ്ക്കുന്ന ആ ഓടങ്ങൾ ശ്രീയുടെ കടക്കണ്ണായി ഉപമിക്കുന്നതിനു സാരസ്യതയുണ്ട്. ഇതിനും പുറമെ 'ശുകസന്ദേശ'ത്തിൽ മുക്കുവർ ശംഖ് വാരി കരയ്ക്കണയ്ക്കുന്ന ഒരാശയ

മുണ്ട്. "കംബുനംബൂദരകുഥരതഃ' എന്ന ശുകസന്ദേശം പൂർവ്വഭാഗം 66-ാംശ്ലോകം നോക്കുക. അതുപോലെ ഉത്തര ഭാഗം 18-ാംശ്ലോകമായ "ഉന്മധുരായം കളമനിവഹൈഃ" എന്ന പദ്യവും നോക്കുക. നെല്ല് കരിമ്പോളവും, കരിമ്പ് തെങ്ങോളവും വളരുന്ന തോട്ടങ്ങളെപ്പററി ആണീ രണ്ടാമത്തെ പദ്യത്തിൽ. ഈ രണ്ടാശയങ്ങളും ഇവിടെ പൂർവ്വാത്തരാർദ്ധങ്ങളിൽ അനുകരിച്ചിരിക്കുന്നു. ഈ കാവ്യം ശുകസന്ദേശത്തെ പലേടത്തും അനുസരിക്കുന്നതിനുള്ള ഹേതു മറെറാരിടത്തു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ അതിവിസ്തരമായ എളംകുളം വ്യാഖ്യാനം വായിക്കുമ്പോൾ ഭോജദേവകൃതമായ പദ്യം ആണ് സ്മൃതിപഥത്തിലുദിക്കുക.

93

അത്ഥപ്രാപ്പൈവു കനമടികളാൽ സോമവൽ പീഡിതാനാം
വേവച്ചന്നിൽ ച്ചളവു പിബതാം കേവലം വാവൽപോലെ
ബിഭ്രാണാനാം വിഴമുതിരവൽ ക്കത്തിമേകാം ചേിജാനാം
കാണാം മുല്ലാടിടയിലിടയിൽ തത്ര ദേശാന്തരാണി.

"ദേവോ ന ജാനാതി കുതോ മനുഷ്യഃ?" എന്നു പറഞ്ഞ പോലെയാണ് ഈ ശ്ലോകത്തിൻെറ അത്ഥം! അനത്ഥം എന്നാണു പറയേണ്ടതു്. കവിയുടെ ആശയം ഈശ്വരനേ അറിയാവൂ! വ്യാഖ്യാതാക്കൾ ഇഷ്ടംപോലെ കൈകാര്യം ചെയ്തിട്ടുണ്ട്. എളംകുളം ബ്രാഹ്മണശകാരത്തിനു് ഈ സന്ദർഭം ഉപയോഗപ്പെടുത്തിയിരിക്കുന്നു. ശൂരനാട്ട് കുഞ്ഞൻപിള്ളയുടെ അഭിപ്രായമാണെനിക്കു ശരിയായി തോന്നുന്നതു്. ആ നിലയിൽ ഏതാണ്ട് ഇവിടെ ഉദ്ധരി

ക്കാമെന്നു മാത്രം. നിഘണ്ഡുവിൽപോലും ഇതിൻെറ അ ൎത്ഥങ്ങൾ കാണുന്നില്ല.

അൎത്ഥ:—അൎത്ഥപ്രാപ്ത്യൈ=ധനം നേടുവാൻ. കനമടി=കനത്ത മടി. സോമൻ=സോമലത. പീഡിതൻ=ദുഃഖിതൻ. വേവച്ചന്നിൽച്ചളവ്=വേവിച്ച അന്നത്തിൽ വീണ്ടും വെള്ളമൊഴിച്ച്. പിബതാം=കുടിക്കുന്നവരുടെ. വിഴം=വിഷം (വിഷമായിരിക്കാം) ഉതിരൻ=വെന്തിരൻ എന്ന സൎപ്പം. കത്തിമേകാം=ഒരു കത്തി. തത്ര=അവിടെ. ദേശാന്തരാണി=ദേശാന്തരങ്ങൾ (ഗ്രാമങ്ങൾ)

സാരം:—കച്ചവടത്തിനു വന്നു പാൎക്കുന്ന പരദേശബ്രാഹ്മണരുടെ ഗ്രാമങ്ങൾ കണ്ടാമെന്നാണു വിവക്ഷ (ഉദ്ദേശം) അവരുടെ സ്വഭാവവിശേഷങ്ങളാണു വൎണ്ണ്യം. പണം നേടാൻ കനത്ത മടിശ്ശീലയുള്ളവരാണ്. അതിനു സോമലതയോടു സാദൃശ്യം കല്പിക്കുന്നു. അൎത്ഥപ്രാപ്തി എന്നാൽ സോമരസം ഉണ്ടാകാൻ കനത്ത അടികൾകൊണ്ടു പീഡിതമാണാലത എന്നാശയം. വാവൽ പഴങ്ങൾ വീണ്ടും വീണ്ടും കടിച്ചീമ്പുന്നവയാണ്. അതുപോലെ ഇവർ തലേന്നാളത്തെ ചോറിൽ വെള്ളമൊഴിച്ചു അതു വീണ്ടും കഴിക്കുന്നുവെന്നു സാരം. വെന്തിരൻ എന്ന പാമ്പിനു ഒരു ഭാഗത്തേ പത്തിയുള്ളൂ (എന്നു വെച്ചാൽ പത്തി പകുതിയേയുള്ളൂ) എന്നു വിഷശാസ്ത്രം പറയുന്നു. പാമ്പ് ഒരു ഭാഗത്തു പത്തി വിടൎത്തിയാൽ, ഒരു കത്തി നിവൎത്തിയ മാതിരി വരുമല്ലൊ. അതുപോലെ ചരക്കു മുറിക്കാനുള്ള കത്തി കയ്യിൽ ധരിച്ചവരും ഉഗ്രവിഷമുള്ളവരും (ഇവരുടെ ദുഷ്ടമനസ്സിനെ കാണിക്കുന്നു) ആയവരാണു ആ പാണ്ടിക്കച്ചവടക്കാരെന്നൎത്ഥം. ഇതെല്ലാം ക്ലേശപൂൎണ്ണമായ അൎത്ഥങ്ങളാണ്. സോമശബ്ദത്തിനു ചന്ദ്രൻ എന്നാണ് അൎത്ഥമായി എല്ലാരും സ്വീകരിച്ചിരിക്കുന്നതു. ഭാഗ്യവശാൽ ചോമാതിരി (യാഗം കഴിച്ചവൻ) എന്ന അൎത്ഥം അദ്ദേഹത്തിൻെറ ബുദ്ധിക്കു ലക്ഷീഭവിച്ചിട്ടില്ലല്ലൊ! അടുത്ത പതിപ്പിൽ അതു പരിഹരിക്കുമായിരിക്കാം.

94

തസ്മിൻ കായംകുളവരളവേ മുക്കരിക്കുന്നതാകിൽ
പാണ്ടിക്കെട്ടാലുപഗതമിതെന്നാൎത്ത കാപാകുലാക്ഷഃ
വീരശ്രീമനുകുരുടവാൾ നീയെടുപ്പാനടുക്ക-
പ്പേട്ടിക്കിന്നൻ വഴിയിലതുകൊണ്ടൊട്ടു വൈകീടുമെന്ന്.

അർത്ഥം:—തസ്മിൻ= ആ (ദേശത്തിൽ എന്നർത്ഥം) കായംകുളവർ= കായംകുളത്തുകാർ. അളവേ=മുഴുവനും. മുക്കരിക്കുക=മുഷ്ക്ക കാട്ടുക. പാണ്ടി ക്കെട്ടാലുപഗതം=പാണ്ടിക്കെട്ടാൽ സംഭവിച്ചതു്. ആത്തം=പ്രാപ്തം. കോ പാകുലം=കോപംകൊണ്ടു പതറന്ന. വൻമുകരം=നല്ല കണ്ണാടി.

സാരം:—ആ ദേശത്തെത്തുമ്പോൾ കായംകുളത്തുകാർ മുഷ്ക്ക കാട്ടാൻ മുതിന്നാൽ പാണ്ടിച്ചരക്കു മൂലമാണല്ലൊ എന്നോത്തു കോപംകൊണ്ടു പത റന്ന നോട്ടത്തോടുകൂടിയ അങ്ങു വീരശ്രീമുകുരമായ അരവാൾ എടുക്കുകയും തന്മൂലം വഴിയിൽ താമസം വരുമല്ലൊ എന്നോത്തു ഞാൻ ഭയപ്പെടുന്നു.

അഭിപ്രായം:–പാണ്ടിച്ചരക്കു കൊണ്ടുപോകുമ്പോൾ കായംകുളത്തു കൊള്ളക്കാർ ആക്രമിക്കുകയും പതിവായിരി ക്കാം. അങ്ങിനെയുള്ള ഘട്ടത്തിൽ അതിലേ പോകാൻ ഇ ടവരുന്ന രാജാവിനു സമയം നഷ്ടപ്പെടുകയും ചെയ്യാനിട യുണ്ടെന്നു ഭയപ്പെടുന്നു.

95

ഏണാക്ഷീണാം കുലതിലകമാമുണ്ണുനീലിക്കു വാണാൾ
നീണാളാവാൻ നിരുപമഗുണഗ്രാമ! വേഗേന പോമ്പോൾ
ബാണാരേസ്ഥൽ ഭവനയുഗളം പിന്നിലിട്ടങ്ങു ചെന്നാൽ
കാണാം കായംകുളമിതി കളത്തീടുമങ്ങാടി തന്നെ.

അത്ഥം:—ഏണം=മാൻ. അക്ഷി=കണ്ണു്. വാണാൾ=വാഴുന്ന നാൾ. (ജീവിതകാലം) നീണാൾ ആവാൻ=ദീർഘകാലമാവാൻ. നിരുപമം=ഉപ മയില്ലാത്തതു്. ഗുണഗ്രാമം=ഗുണസമൂഹം. ബാണാരേ=വിഷ്ണുവിന്റെ. തൽ =ആ ഭവനയുഗളം=രണ്ടു ക്ഷേത്രങ്ങൾ. കുളിക്കുക=ശബ്ദിക്കുക. (മനോഹര മായ)

സാരം:—മാൻകണ്ണിമാരുടെ കുലതിലകമായ ഉണ്ണുനീലിയുടെ ജീവി തം അവസാനിക്കാതിരിക്കാൻ, ഹേ നിസ്തുലഗുണ! വേഗം പോവുമ്പോൾ രണ്ടു വിഷ്ണുക്ഷേത്രങ്ങളുണ്ടു്. അവ പിന്നിട്ടു ചെന്നാൽ കായംകുളം എന്ന പേരോടുകൂടിയ ശബ്ദകോലാഹലമായ അങ്ങാടി കാണാം.

അഭിപ്രായം:—കുളുക്കുക എന്നതിനു് ശബ്ദമെന്നൎത്ഥം. ശ്രീ. ശൂരനാട്ടു് പറയുന്നു. മനോഹരം എന്നാണു് ഭംഗി.

93

പൂന്തൊത്തെന്നുംകുളുർമുല ചുമന്നോമൽവക്ത്രം വണങ്ങി
കിഞ്ചിൽ ചഞ്ചന്മധുപവചനം കൊണ്ടു കൊണ്ടാടി മന്ദം
മാൎഗ്ഗോപാന്തേ മലർനിര ചൊരിഞ്ഞ ന്നടക്കാവിലെങ്ങും
വല്ലീവാലത്തരുണിക ളുടൻ കാണലാം നില്ക്കുമാറു്.

അൎത്ഥം:—പൂന്തൊത്തെന്നും=പൂങ്കുല എന്ന. വക്ത്രം=മുഖം. കിഞ്ചിൽ=കുറച്ചു്. ചഞ്ചൽ=ഇളകുന്ന. മധുപം=വണ്ടു്. (തേൻകുടിക്കുന്നതു്) വചനം=വാക്കു്. കൊണ്ടാടി=വാഴ്ത്തി. മാൎഗ്ഗോപാന്തേ=വഴിയരികിൽ. മലർനിര=പുഷ്പക്കൂട്ടം. വല്ലീ=വള്ളി. വാലത്തരുണികൾ=മുക്കുവസ്ത്രീകൾ.

സാരം:—അങ്ങയുടെ എഴുന്നള്ളത്തു കാണ്മാൻ പൂങ്കുലയാകുന്ന കുളുർമുല ചുമന്നും ഓമൽമുഖം വണങ്ങി (കുമ്പിട്ടു്) അല്പം ചുററിത്തിരിയുന്ന വണ്ടിൻരവംകൊണ്ടു് വാഴ്ത്തിക്കൊണ്ടും വഴിയരികിൽ പൂവിതറിക്കൊണ്ടു് നടക്കാവിൽ എല്ലായിടവും വല്ലികളാകുന്ന മുക്കുവയുവതികൾ നില്ക്കുന്നതു കാണാം.

അഭിപ്രായം:—എഴുന്നള്ളത്തു കാണാൻ മുക്കുവപ്പെണ്ണുങ്ങൾ വഴിയരികിൽ പൂ വിതറി നില്ക്കുമെന്നു അൎത്ഥം. വഴിയരികിലെ വള്ളികൾക്കും മുക്കുവസ്ത്രീകൾക്കും സാധൎമ്മ്യം കല്പിച്ചിരിക്കുന്നു. ശുകസന്ദേശത്തിലെ "തത്രോദസ്യസ്തബകമുഖര" എന്ന 33-ാം പദ്യത്തിന്റെ ആശയം ഇവിടെ അനുകരിച്ചിരിക്കുന്നു.

97

വിങ്ങിപ്പൊങ്ങി ച്ചിതറിന മലർത്തേത്തന്നർ പീതം മയങ്ങി
തെങ്ങിൽത്തങ്ങി ത്തരുണികൾമുഖത്തൊത്തിലുച്ചൈ[illegible]

തിങ്ങിത്തിങ്ങിച്ചുഴല വരിവണ്ടിണ്ടയാം കണ്ടിയൂരിൽ
പങ്ങിപ്പങ്ങി പരിമളമെഴും വായുവീയും തദാനീം.

അർത്ഥം:—തെന്നൽ=തേൻ. പീതം=പാനംചെയ്തു്. മുലത്തൊത്തു്= സ്തനമഞ്ജരി (സ്തനപ്പൂങ്കുല) ഉച്ചൈഃ=ഉയർന്ന. ചുഴല=ചുററുന്ന. വരിവണ്ടിണ്ട=വരിവണ്ടു നിറഞ്ഞ. വീയുക=വീശുക. തദാനീം=അപ്പോൾ.

സാരം:—അപ്പോൾ വിങ്ങിപ്പൊങ്ങിച്ചിതറിയ പൂന്തേൻ കുടിച്ചു് മയങ്ങി തെങ്ങിൻ മുകളിൽത്തങ്ങി തരുണിമാരുടെ ഉയർന്ന സ്തനമഞ്ജരികളിൽ ഉറങ്ങി ചുററും തിങ്ങിത്തിങ്ങി ചുററുന്ന വരിവണ്ടിണ്ടയാർന്ന കണ്ടിയൂരിൽ, പരിമളമാർന്ന വായു പതുങ്ങിപ്പതുങ്ങി വീശുന്നുണ്ടാകും.

അഭിപ്രായം:—വായുവിനെ ഇവിടെ ഒരു വിടനായി കല്പിക്കുന്നു. 'ഏണക്കണ്ണികൾതൻ കനത്തപുടവകളെത്തൊട്ടഴിച്ചും' എന്ന വള്ളത്തോൾ ശ്ലോകം നോക്കുക. കണ്ടിയൂരിൽ നിന്നു സുരഭിലമായ മന്ദാനിലൻ വീശുമെന്നു സാരം.

98

കററക്കാർമൽക്കുഴലികളൊരോ രാഗഭേദം പുണർത്തി-
ട്ടിററിററാലും മധുരസമയം ചിന്തുപാട്ടും ദശായാം
മുററംതോറും കിളികളതിനെ ക്കേട്ടിരുന്നക്കണക്കെ
മുററം പാടിന്നിട മയി സഖേ! മററമങ്ങേതു പിന്നെ.

അർത്ഥം:—കററക്കാർ=ഇട തിങ്ങിയ മേഘം. മൽ=മനോഹരം. രാഗം =ഗാനം. പുണർത്തുക=യോജിപ്പിക്കുക. ഇററിററാലുന്ന=ഇററിററു വീഴുന്ന ദശ=സമയം. മുററം=നന്നായി. അങ്ങേതു്=അടുത്തതു്.

സാരം:—അല്ലയോ സഖേ! സുന്ദരിമാർ ഓരോ രാഗഭേദങ്ങൾ സമ്മേളിപ്പിച്ചു് ഇററിററാലുന്ന മധുരസമയമായ ചിന്തുകൾ പാടുന്ന സമയത്തു് മുററംതോറും കിളികൾ അതു കേട്ടിരുന്നുകൊണ്ടു് അതേപോലെ നന്നായി പാടുന്നിടം ആണു്, ആ സ്ഥലം (അടുത്തതാണു്) മററം എന്ന സ്ഥലം ആണതു്.

അഭിപ്രായം:—മററം എന്ന സ്ഥലത്തെ വർണ്ണിക്കുന്നു. സുന്ദരിമാർ മധുരമാകുംവണ്ണം ഓരോ രാഗങ്ങൾ ചേർത്തു

പാട്ടന്നതു്, കിളികൾ ഏററുപാടുന്ന സ്ഥലമാണതു്. സംഗീതത്തിന്നു് ആ നാട്ടിൽ പ്രസിദ്ധിയുണ്ടായിരിക്കാം. "സ്വതഃപ്രമാണം പരതഃപ്രമാണം ശുകാംഗനായത്ര പരിഷ്വജന്തേ" എന്നു് മണ്ഡനമിശ്രന്റെ ഗൃഹത്തെ വൎണ്ണിക്കുന്നതു ഇവിടെ സ്മൎത്തവ്യമാണു്.

99

തട്ടാൻപൂവ്വം വഴിയിലഴകാന്നമ്പലം മുമ്പിലുണ്ട-
ങ്ങൊട്ടേ വൈകീടിലു മവിടെനിന്നമ്പിലങ്ങാടിയൂടെ
തീൎത്ത്വാപാലം നൃപവര! വലത്തേ നടന്നിണ്ടൽ തീര-
ക്കണ്ടേ തണ്ടാർമകൾ മരുവുമക്കണ്ടിയൂരംപ്രദേശം.

അൎത്ഥം:—തട്ടാൻപൂവ്വം=തട്ടാൻ എന്നു മുമ്പിലുള്ളതു്. ഒട്ടേ=കുറച്ചു്. അമ്പിൽ=സന്തോഷത്തോടെ. തീൎത്ത്വാ=തരണംചെയ്തിട്ടു്. ഇണ്ടൽതീരെ=ദുഃഖംവെടിഞ്ഞു്.

സാരം:—തട്ടാരമ്പലമാണു് മുമ്പിലുള്ളതു്. കുറച്ചു വൈകിയാലും അവിടെനിന്നു് സന്തോഷത്തോടെ അങ്ങാടിയിൽകൂടി പാലംകടന്നു് ഹേ രാജൻ! വലതുഭാഗത്തുകൂടി നടന്നു് ഇണ്ടൽതീൎന്നു് തണ്ടാർമകൾ മരുവുന്ന കണ്ടിയൂരാകുന്ന പ്രദേശം കണ്ടാലും.

അഭിപ്രായം:—കുറച്ചു വളച്ചുവെച്ചാലും കണ്ടിയൂർ കാണാം. സമയനഷ്ടം നോക്കണ്ട എന്നൎത്ഥം. കുറുക്കുവഴി വല്ലതും അന്നുണ്ടായിരിയ്ക്കാം.

100

കണ്ടം വണ്ടിൻനിറമുടയനെ, ക്കൊങ്കനീരാട്ടു് തിങ്കൾ-
ത്തുണ്ടം ചാത്തുംപരനെ, മലമാതിന്നു് മെയ്പാതിയോനെ,
മണ്ടുംമാനേൽക്കരനെ, യരനെ, ക്കമ്പിപാമ്പാക്കവോനെ,
കണ്ടേപോവാൻ തരമവിടെ നീ കണ്ടിയൂർ തമ്പിരാനെ.

അൎത്ഥം:—കണ്ടം=കണ്ഠം. ഉടയൻ=ഉള്ളവൻ. കങ്ക=ഗംഗ. തുണ്ടം=മുറി. പരൻ=ശിവൻ. പാതിയോൻ=പാതികൊടുത്തവൻ. മാനേൽക്കരൻ=മാനേലുന്ന കയ്യുള്ളവൻ. അരൻ=ഹരൻ. കമ്പി=കടുക്കൻ.

സാരം:—വണ്ടിൻനിറമാന്നവനും, ഗംഗാജലവും മുറിത്തിങ്കളും ചാൎത്തുന്നവനും, മലമകൾക്കു മെയ്പകുത്തവനും, മണ്ടും മാനിനെ ധരിച്ചവനും, കാതിലും കഴുത്തിലും പാമ്പണിഞ്ഞവനും ആയ കണ്ടിയൂർ തമ്പിരാനെ അവിടെ കണ്ടേ പോവൂ. (പോകാൻ പാറൂ എന്നു സാരം.)

അഭിപ്രായം:—ഇവിടെ ഒരു സംശയം തോന്നുന്നു. കണ്ടം, കങ്ക മുതലായ പദങ്ങൾ തദ്ഭവങ്ങളായിരിയ്ക്കാം അക്കാലത്തു്. സുഖമുള്ളതല്ല. പിന്നെ ഉടയവനെ, പാതിയേകിയവനെ, എന്നൊക്കെ വേണ്ടിടത്തു് ഉടയനെ, പാതിയോനെ എന്നൊക്കെ പ്രയോഗിയ്ക്കുന്നതു് അന്നത്തെ വല്ല അംഗീകൃതനിയമവുമനുസരിച്ചുതന്നെയാണൊ? അതൊ അക്കാലത്തെ നിരങ്കുശരായ ചില, നാലാന്തരം കവികളുടെ, നാടൻ പദപ്രയോഗരീതിയുടെ വൈകൃതം കാണിയ്ക്കാൻ, കവി മനഃപൂൎവ്വം പ്രയോഗിച്ച പൊടിക്കയ്യാണോ? സംശയിയ്ക്കേണ്ട ഒന്നാണതു് എന്നു് തോന്നുന്നു. അന്നു് ഇത്തരം പ്രയോഗം നടപ്പുണ്ടെന്നുതന്നെ വെയ്ക്കുക. എന്നാലും അതിനോടെതിൎപ്പുള്ള കവി, അതിന്റെ വൈരസ്യം വിശദമാക്കാൻവേണ്ടി ഇങ്ങിനെ പ്രയോഗിച്ചതാണെന്നു് വന്നുകൂടായ്കയില്ല. 'മോറങ്ങേറെ വിയക്കിണോ വിശറിണോ വീശാളുണോ വീശണോ' എന്നിങ്ങിനെ വടക്കൻഭാഷയെ വികൃതമായി ഒരു രസികൻ അനുകരിച്ചപോലെയല്ലെ ഇതും?

കൊട്ടത്തേങ്ങാഭിരപ്പൈഃ അവിൽവിതറിയതൈഃ
നന്മലർഭിപഴാംസ്ത്യൈഃ
എട്ടൊമ്പതൈഃ പകപകക്കാമുറിഭി രഥപ്പെതും
പ്രീതനായ് പ്രാതലുണ്ടു്

കുട്ടികമ്പോംതുളുമ്പുന്‍ തെളിമയൊടു യഥാ
വിഘ്നമുണ്ടാവ്യതേക–
ണ്ണീട്ടപ്പോം കാക്കയിത്തചാതരത്തുമമ മഹാ
മാനമൊന്നാനന്ദമാന്തഃ

എന്ന ശിവോള്ളിയുടെ ശ്ലോകം എന്തിനെ ഉന്നംവെച്ചാണ് രചിച്ചിട്ടുള്ളതെന്നു് പഴമക്കാൎക്കു് പലൎക്കും അറിയാവുന്നതാണ്. "വാമാക്ഷി പദ്യത്തിന്റെ സംഗ്രഹീതുകാമാ പദാന്ന്യൂനമിതൈകചില്ലീ രോമാഞ്ചമാൎന്നാൽ കവിം ത്തടത്തിൽ പ്രേമാണമെന്നിൽ പ്രകടീകരോതി" മുതലായ കേരളവൎമ്മ വലിയ കോയിപ്പുങ്ങാലയുടെ മണിപ്രവാള രീതി മനസ്സിലാക്കുക.

101

മാററേറും നൽക്കനകകലശംവെന്ന പോൎകൊങ്കതാങ്ങി–
ക്കാററോടാട്ടം നടവുകലയപ്പോന്നു നിന്മുമ്പിൽവന്നു്
കോററേറൻവെല്ലും മൊഴി ചെറുകരച്ചെന്ന കുട്ടത്തി നിന്നെ
പ്പോററീ! വൈകിച്ചരുളുകിലെന്നുകൊണ്ടു വല്ലായ്മ ചാലെ.

അൎത്ഥം:– മാററേറുന്ന=നല്ല. കലശം=കുടം. വെന്ന=ജയിച്ച. കലയ =വഴുതിപ്പോകുംവണ്ണം. (വീഴ്ത്തുക എന്നൎത്ഥം) കോററേറൻ=കോൽത്തേൻ. ചാലേ=വളരെ.

സാരം:– പൊൻകുംഭമൊന്ന മുലകളും തേനോലും വാണിയും കാററത്തോടുന്ന (ലോലമായ) മദ്ധ്യവല്ലി വഴുതിപ്പോകുംവണ്ണമുള്ളവളുമായ ചെറുകരകുട്ടത്തി എന്ന സുന്ദരി ഹേ നാഥ! അങ്ങയെ വഴിയിൽ താമസിപ്പിച്ചാൽ അതെനിക്കു് വലിയ വല്ലായ്മ ഉണ്ടാകും.

അഭിപ്രായം:— ഈ കൃതിയിലെ പ്രാചീന പാഠങ്ങളിൽ ചില ലേഖകപ്രമാദം പററിയതിനാൽ, അൎത്ഥഗ്രഹ

ണത്തിൽ തെററ് പററുകയും പണ്ഡിതന്മാക്കിടയിൽ അതിനെച്ചൊല്ലി പല വാദങ്ങാം നടക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് ശരിയായ പാഠം കണ്ടുകിട്ടുകയും യഥാത്ഥം മനസ്സിലാവുകയും ചെയ്തതോടെ അതൊക്കെ സ്വാഭാവികമായി അടങ്ങേണ്ടതാണ്. ശ്രീ ശൂരനാട് കുഞ്ഞൻ പിള്ള ഇതുവ്യക്തമായി പറഞ്ഞിട്ടുണ്ട്. പക്ഷെ, എളങ്കുളം അങ്ങിനെ വിടുമൊ? സജ്ജനഭർത്സനപ്രിയയും സത്യാന്വേഷണത്തിൽ വിപരീതദശിനിയുമായ ആ മഹാൻെറ വക്രബുദ്ധി പിന്നെ എന്തുചെയ്യും? അദ്ദേഹം ഉള്ളൂരിനെ പുലഭ്യംപറയാൻ ഈ സന്ദർഭം തികച്ചും ഉപയോഗിച്ചിട്ടുണ്ട്. പിഴച്ചപാഠം വിട്ടാൽ അതു പററില്ല. അതിനാൽ പൂർവ്വാബദ്ധപാഠം സാധൂകരിയ്ക്കാനായി പല അസംബന്ധങ്ങളും നിർല്ലജ്ജം എഴുന്നള്ളിയ്ക്കുന്നുമുണ്ട്! ഉള്ളൂരിനെ വഴി പിഴപ്പിയ്ക്കാൻവേണ്ടി ചില വാസ്തവങ്ങാം താൻ പൂഴ്ത്തിവെച്ചുവെന്നും ആ സത്യാന്വേഷി വീമ്പടിക്കുന്നു! ("ഇരവികേരളവമ്മൻ എന്നാണ് കേരളവമ്മയുടെ പൂണ്ണമായ പേരെന്ന വസ്തുത പിന്നീടാണ് ഞാൻ വ്യക്തമാക്കിയതു" എന്ന് ഉണ്ണുനീലീസന്ദേശം വ്യാഖ്യാനം നാലാംപതിപ്പ് 110-ാംപേജിൽ ഈ പദ്യത്തിൻെറ വ്യാഖ്യാനത്തിൽ എളങ്കുളംപറയുന്നതു് നോക്കുക.)

102

ആട്ടം വല്ലം പരിചി്മീഴിയും തോററ മാളാമണിക്കീഴ്-
പ്പാട്ടും കോലാഹലമഴകെഴും കോലവും കിംപ്രലാപൈഃ
നാട്ടിൽചൊല്ലേറിന ചെറുകരെ തങ്ങിനോ തുണ്ണിയാടീം
വീട്ടിൽച്ചെല്ലായ്ക്കിലുമയി സഖേ! കണ്ടുകിട്ടീനാതൊണ്ടാം.

അൎത്ഥം:—ആട്ടംവല്ലം=നൃത്തത്തിൽ നിപുണയായ. പരിചിമീഴിയും= =ഭംഗിയേറിയ നോട്ടവും. തോററം=ചൊടിചൊടിപ്പം. ആളാമണി=ഒരു തരം വീണ. കീഴ്പ്പാട്ട്=പിൻപാട്ട്. കിംപ്രലാപൈഃ=വെറും‌വാക്കുകളെന്തിനാണ്? തങ്ങുക=താമസിക്കുക. കണ്ടുകിട്ടിന്നതൊണ്ടാം=കണ്ടുകിട്ടാം.

സാരം:—നൃത്തനിപുണയും, അഴകാൎന്ന മിഴിയും, ചൊടചൊടുക്കും, ആളാമണി വായിയ്ക്കുന്നവളും, ചാരുഗാത്രിയും എന്തിനതുമിതും പറയുന്നു? നാട്ടിൽ പേർകേട്ട ചെറുകരയിൽ വസിയ്ക്കുന്ന ഉണ്ണിയാടി എന്ന സുന്ദരിയെ, ഹേ സഖേ! വീട്ടിൽ ചെന്നില്ലെങ്കിലുംവേണ്ടില്ല കാണാൻ വഴിയുണ്ട്.

അഭിപ്രായം:—ഇതിലെ പൂൎവ്വാൎദ്ധം വ്യക്തമല്ലെന്നു് ശ്രീ. ശൂരനാടൻ ഉറന്നുപറയുന്നു. എന്നാൽ, എളങ്കുളത്തിന്നു് ആ ആൎജ്ജവമില്ല. ഉള്ളൂരിനേയും, ആററൂരിനേയും ശകാരിയ്ക്കാൻവേണ്ടി കുറെ അസംബന്ധം പുലമ്പുന്നുമുണ്ട്.

103

വീണാവാണീം വടിവിനൊടു ടൂത്തൊരു കാവിത്തട്ടപ്പിൻ
കോണാൽ പൂണാർ മുലയിണ മറച്ചങ്ങനേ താൻ ചമഞ്ഞു്
വേണീഭാരേ കവരിയുമണിഞ്ഞങ്ങു മാർഗ്ഗോപകണ്ഠേ
കാണാം മുത്തുററമരു മിളയച്ചി കയൽക്കണ്ണിതന്നെ

അൎത്ഥം:—കാവിത്തട്ടപ്പ്=കാവിച്ചേല (ആണെന്നു തോന്നുന്നു) പൂണാർ=ആഭരണം. കവരി=കൃഷ്ണമൃഗത്തിന്റെ രോമംകൊണ്ടുണ്ടാക്കിയ കൃത്രിമമുടി. മാർഗ്ഗോപകണ്ഠേ=വഴിയരികിൽ. മുത്തുററ്=വീട്ടുപേർ. കയൽക്കണ്ണി=മത്സ്യനേത്ര.

സാരം:—പിന്നീട് വഴിയരികിൽ വീണാവാണിയും ഭംഗിയിലുടുത്ത കാവിച്ചേലയുടെ (കോണാൽ) തുമ്പുകൊണ്ടു് മാലയണിഞ്ഞ മുലകൾ മറച്ചവളും, കെട്ടിച്ചമഞ്ഞും വേണീ (തലമുടി) ഭാരത്തിൽ കവരിയണിഞ്ഞും ഉള്ള മുത്തുററ് ഇളയച്ചി എന്ന സുന്ദരി നില്ക്കുന്നതു കാണാം.

അഭിപ്രായം:— ഈ പദ്യത്തിൽ ആദ്യപാദങ്ങളിൽ കുറെ തെററ് കടന്നുകൂടീട്ടുണ്ടു്. എളങ്കുളം അവയൊക്കെ

സാധൂകരിക്കാനാണു് ശ്രമിച്ചുകാണുന്നതു്. അതിനായി താൻ ബഹുഭാഷാപണ്ഡിതനാണെന്ന നാട്യത്തിൽ കന്നഡ തുടങ്ങിയ ഇതരഭാഷാപദങ്ങളെ വലിച്ചിഴയ്ക്കുന്നുമുണ്ടു്. 'കാവിത്തട്ടപ്പു്' എന്നതിന്റെ ശരിയായ അർത്ഥം വ്യക്തമല്ലെന്നു ശ്രീ ശൂരനാടൻ പറയുന്നു. എന്നാൽ എളങ്കുളം അത്തരക്കാരനല്ലല്ലൊ!

104

കാണ്മൂ പിന്നെ ക്കമലവനിതാ മന്നനേ, വാചി വാണീം,
വാണ്മേൽ വീരശ്രിയമപി, വഹിക്കിന്ന വിഖ്യാതകീർത്തിം
തൂണ്മേലുണ്ടാം നരഹരിനിഭം ചെന്നെതിർപ്പോർക്കു നിത്യം
കാണ്മോർ കണ്ണിനമൃതകരനാമോടനാടാന്നകോനെ

അർത്ഥം:—ആനനേ=മുഖത്തു്. കമലവനിത=ലക്ഷ്മി (ഐശ്വര്യം എന്നർത്ഥം) വാചി=വാക്കിൽ. വാണ്മേൽ=വാളിൽ. നരഹരി=നരസിംഹം. നിഭം=തുല്യം. അമൃതകരൻ=ചന്ദ്രൻ.

സാരം:—പിന്നെ മുഖത്തു് ലക്ഷ്മിയേയും, വാക്കിൽ വാണിയേയും, വാളിൽ വീരശ്രീയേയും, വഹിയ്ക്കുന്ന വ്യാഖ്യാനകൃത്തും ചെന്നെതിക്കന്നോക്കു് തൂണിൽനിന്നുണ്ടായ നരസിംഹതുല്യനും നിത്യം കാണുന്നവക്ക (ആശ്രിതക്കു്) കണ്ണിനു് അമൃതകരനുമായ ഓടനാട്ടു് രാജാവിനെ കാണാം. ഹിരണ്യകശിപു അങ്ങോട്ടു് ചെന്നു് എതിരിത്ത കഥ സൂചിപ്പിക്കുന്നതിനാൽ വൈരത്തെയുള്ളവക്കു് ആപൽകാരിയല്ലെന്നു് വ്യക്തം.

105

എല്ലാനാളും നിജ സമുദയം ചൊല്ലി നിദ്രാവിഹീനം
ദൃഷ്ട്വാ ദേവം മുരവിജയിനം പാണ്ഡവന്നെന്ന പോലെ
നിന്നെ കാണുമ്പൊഴുതിരവിവങ്മനു മന്യേതദാനീ—
മെന്നേ! വന്നോരനുഭവരസം, തന്നെയും മേൽവഴിഞ്ഞു്.

അർത്ഥം:—നിജസമുദയം=സ്വന്തം ഉയച്ച്. നിദ്രാവിഹീനഃ=ഉറക്കമില്ലാത്തവൻ. ദൃഷ്ട്വാ=കണ്ടിട്ടു്. മുരവിജയി=മുരാരി. മന്യേ=വിചാരിയ്ക്കുന്നു. എന്നേ!=ആശ്ചര്യം! തന്നെയും മേൽവഴിയുക=ഉള്ളിൽ ഒതുങ്ങാതിരിയ്ക്കുക.

സാരം:—തൻെറ അഭ്യുദയം ചിന്തിച്ച് ഉറക്കംവരാത്തവണ്ണം ശുഷ്ക്കാന്തിപ്പെടുന്ന ശ്രീകൃഷ്ണനെക്കാണുമ്പോഠം പാണ്ഡവനായ അജ്ജുനന് എന്നവണ്ണം അങ്ങയെ കാണുമ്പോഠം ഇരവിവമ്മന്, ഉള്ളിൽ ഒതുങ്ങാത്ത അനുഭവരസം (അവാച്യാനുഭവം) ആശ്ചയ്യമാകുമെന്ന് ഞാൻ വിചാരിയ്ക്കുന്നു.

അഭിപ്രായം:—കൃഷ്ണാർജ്ജുനബന്ധമാണ് ഓടനാട് രാജാവും ആദിത്യവമ്മയുമെന്ന് സൂചിപ്പിയ്ക്കുന്നു. എന്നേ! എന്നതു് ആശ്ചയ്യസൂചകമായി ഇന്നും പറയും. എന്നേ രസിക, 'എന്നേ വൈചിത്ര്യമായ്യാധരണിയിലൊരു സൗദാമിനീനീലമേഘം" എന്ന രാമായണചമ്പൂശ്ലോകം— ഇവ ഉദാഹരണം.

106

ആനന്ദാബ്ധൗ മുഴകിയൊഴുകിപ്പൊങ്ങി നീന്തിത്തുടങ്ങി-
ന്നേനം സംഭാവയ യദുകുലാധീശ! സംഭോജനാദ്യൈഃ
പല്ലില്ലാഞ്ഞല്ലഴകു പൊഴിയും പ്രേമവേഗം മുഴപ്പാൻ
കൊള്ളുന്തു പോൽ, തരുണർമണിവായ്ത്തമ്പലം വല്ലഭായാഃ

അത്ഥം:—അബ്ധൗ=കടലിൽ. ഏനം=ഇദ്ദേഹത്തെ. സംഭോജനം=ഒരുമിച്ചുണ്ണുക. സംഭാവയ=ബഹുമാനിച്ചാലും. മണിവായ്=ഭംഗിയുള്ള വായ്. തമ്പലം=താമ്പൂലം.

സാരം:—ആനന്ദാബ്ധിയിൽ മുഴകിയൊഴുകി പൊങ്ങി നീന്തിത്തുടിയ്ക്കുന്ന ഇദ്ദേഹത്തെ സംഭോജനം തുടങ്ങിയവയാൽ സംഭാവനംചെയ്താലും. പല്ലില്ലാഞ്ഞിട്ടല്ല പ്രേമവേഗം മുഴപ്പാൻവേണ്ടിയാണ്, തരുണർ, വല്ലഭമാരുടെ മണിവായത്തമ്പലം കൊള്ളുന്നതു്.

അഭിപ്രായം:—യുവാക്കന്മാർ കാമിനിമാരുടെ വായിൽനിന്നു് ചവച്ച താമ്പൂലം വായ്കൊണ്ടു് എടുക്കുന്നതു് പ്രേമവായ്പുകൊണ്ടാണല്ലോ; സ്വയം ചവയ്ക്കാൻ പല്ലി

ല്ലാഞ്ഞിട്ടല്ല. അതുപോലെ, രവിവർമ്മയെ മാനിയ്ക്കാനാണ്, സഹഭോജനംചെയ്യേണമെന്നു പറഞ്ഞതു്. യദുകുലാധീശ എന്നു് സംബോധന, ആദിത്യവർമ്മയൊരുമിച്ചിരുന്നുണ്ണുന്നതു് ഇരവിവർമ്മക്കു് ബഹുമതിയാണെന്നു് എടുത്തു പറയേണ്ട ആവശ്യം എന്താണു്? അദ്ദേഹം സ്വതവെ അതർഹിയ്ക്കുന്നില്ലെ?

107

മന്ദം മന്ദസ്മിതനികരമാം ചാരു കർപ്പൂരരാശിം
നോക്കാം നീലക്കുവളമലരും കാഴ്ചവെച്ചെന്നപോലെ
കാണും നിന്നെത്തദനു കമനീയാംഗി വന്നേററമന്പു-
റേറണാക്ഷീണാം മുടിമണി കുറുങ്ങാട്ടു വാഴ്‌ന്നുണ്ണിനീലീ.

അർത്ഥം:—നികരം=സമൂഹം. ചാരു=ഭംഗിയേറിയ. കർപ്പൂരരാശി=കർപ്പൂരക്കൂട്ടം. നോക്ക്=കടാക്ഷം. കുവളമലര്=കരിംകൂവളപ്പൂവ്. അന്പുററ=ദയാപുരസ്സരം. ഏണാക്ഷി=മാൻകണ്ണി. മുടിമണി=ശിരോരത്നം.

സാരം:—ആ സമയം പെരുപുഞ്ചിരിയാകുന്ന കർപ്പൂരവും കടാക്ഷമാകുന്ന കരിംകൂവളപ്പൂവും കാഴ്ചവെയ്ക്കുന്നപോലെ കുറുങ്ങാട്ട് ഉണ്ണുനീലിയെന്ന, സുന്ദരിമാരുടെ ശിരോരത്നമായ കമനീയാംഗി, ദയാപുരസ്സരം അങ്ങയെ വന്നു കാണും.

അഭിപ്രായം:—കർപ്പൂരവും പൂവും കാഴ്ചവെയ്ക്കുന്നതു പതിവാകയാലാണു് 'എന്നപോലെ' എന്നു പറഞ്ഞതു്. കാരണം കടാക്ഷവും പുഞ്ചിരിയുമാണു് ഇവിടെ കർപ്പൂരപുഷ്പാദികൾ.

108

മിന്നും മിന്നൽക്കൊടിയിലിവ ചിരസ്ഥായിനീ കാർമുകിൽക്കീഴ്
ചെന്നപ്പൂവാർകുഴൽ നിഴലെഴച്ചേർന്ന ചാമ്പേയഗൌരീ
നിന്നെപ്പുൽകും നയനനിഴൽ കൊണ്ടെ കുറുങ്ങാട്ടെ രണ്ടാം
കന്നക്കണ്ണാറം തദനു കനിവോടുണ്ണുനീലീ സലീലം.

29553

അൎത്ഥം:—ഇവ=പോലെ. ചിരസ്ഥായിനീ=നിലനില്ക്കുന്നതു്. പൂവാർകുഴൽ=ഭംഗിയേറിയ തലമുടി. ചാമ്പേയഗൌരം=ചമ്പകപ്പൂപോലെ മഞ്ഞ. സലീലം=ലീലയോടുകൂടുംവണ്ണം.

സാരം:—കാർമേഘത്തിന്റെ കീഴിൽ സ്ഥിരമായ മിന്നൽക്കൊടിയാണൊ എന്നു തോന്നുംവണ്ണം കറുത്തിരുണ്ട തലമുടിക്കീഴിൽ കനകാംഗം ചേൎന്ന കുറങ്ങാട്ടെ രണ്ടാംസുന്ദരിയായ ഉണ്ണുനീലിയെ കടാക്ഷച്ഛായയാൽ തഴുകിക്കൊണ്ടു് സലീലം അങ്ങയെ കാണും.

അഭിപ്രായം:—ഇതൊരധികപ്പററായി തോന്നുന്നു. ഉണ്ണുനീലി എന്ന പേരിൽ രണ്ടു പെണ്ണുങ്ങൾ ഒരേ വീട്ടിൽ ത്തന്നെ അനുരൂപമായ്ക്കയില്ല. താളിയോലമാതൃകയിൽ ഇല്ലാത്തതെന്നു പറയപ്പെടുന്നു. 'കൊടിലിവ' എന്നതിനേക്കാൾ നല്ലതു് 'കൊടിയിവ' എന്നാണെന്നു് ശ്രീ. ശൂരനാടൻ പറയുന്നു. 'പൂവാർ' എന്നാൽ 'പൂവ് ആർ' എന്നത്ഥം. 'പൂ-വാർ എന്നായാൽ 'വാർ'ശബ്ദം 'നീണ്ടതു്' എന്നും

109

നമ്മിൽ ച്ചാലേ കനിവു കനമുണ്ടെങ്കിലും വീരമൌലേ!
നിമ്മിൽ ക്കാണും പൊഴുതി രവിവൎമ്മനു മറെറാന്നു ചേതഃ
എന്നാലസ്സൽ പ്രിയമ തവനെ ക്കൊണ്ടു ചൊല്ലിച്ചു കൊൾവാൻ
നന്റെടം ഞാൻ കഥമപി വഴങ്ങിന്നി താദൃ ഢകീൎത്തേ!

അൎത്ഥം:—ചാലേ=നല്ലവണ്ണം. കനം=വൎദ്ധിച്ച. നിമ്മിൽ=നിങ്ങൾതമ്മിൽ. ചേതഃ=മനസ്സ്. അസ്സൽ=എന്റേതു്. കഥമപി=എങ്ങനേയെങ്കിലും. വഴങ്ങുന്നു=അപേക്ഷിക്കുന്നു. ആരൂഢം=വൎദ്ധിച്ചതു്.

സാരം:—ഹേ ആരൂഢകീൎത്തേ! വീരമൌലേ! (വീരന്മാൎക്കു ശിരോലങ്കാരമേ!) നമ്മൾ തമ്മിൽ വൎദ്ധിച്ച സ്നേഹം ഉറച്ചതാണെങ്കിലും നിങ്ങൾ കാണുമ്പോൾ ഇരവിവൎമ്മനു മനസ്സ് മറെറാന്നായാലൊ; മാറിയാലൊ. അപ്പോൾ യാത്രയ്ക്കു താമസം വരും. അതിനാൽ എന്റെ ഹിതം അദ്ദേഹത്തെ

പറഞ്ഞുകേൾപ്പിക്കുവാൻ അങ്ങു് തന്റേടം കാണിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. മടി അരുതെന്നർത്ഥം.

110

എണ്ണറ്റീടും ഗുണസമുദയം ചേർന്നിണങ്ങും കുറങ്ങാ-
ട്ടുണ്ണിച്ചക്കി കടൽവനിതയാം മൽപ്രിയാ പ്രേമസിന്ധോഃ
കണ്ണുത്തോളം നെടിയ കുടിലക്കൺവിലാസങ്ങൾ നിന്മേൽ
പുണ്യത്താൽ വന്നിടപെടുകിലും തോഴ! വൈകാതെ വേണ്ടും.

അർത്ഥം:—കടൽവനിത=സാഗരകന്യക. സിന്ധു=സമുദ്രം. കണ്ണു·=കാതു്. നെടിയ=നീണ്ട. കുടിലം=വക്രം. വേണ്ടും=വേണം.

സാരം:—എണ്ണമററ ഗുണഗണങ്ങൾ ചേർന്നിണങ്ങുന്ന കുറങ്ങാട്ടെ ഉണ്ണിച്ചക്കി എന്ന കടൽവനിത (സാഗരകന്യക—ലക്ഷ്മി) യുണ്ടു്. അവൾ എന്റെ പ്രിയയുടെ പ്രേമസിന്ധുവാണു്. കാതോളം നെടിയ കുടിലക്കൺവിലാസങ്ങൾ അങ്ങയിൽ പുണ്യാതിരേകം കൊണ്ടു് ഇടപെട്ടാലും (പതിച്ചാലും) ഹേ തോഴരേ! വൈകാതെ വേണം. (താമസിക്കരുതെ)

അഭിപ്രായം:—രണ്ടാംപാദം ഒന്നിച്ചു സമാസിച്ചിരിയ്ക്കുകയാണു്. 'സിന്ധോഃ' എന്ന ഷഷ്ഠിവിഭക്തികൊണ്ടു് പ്രേമസിന്ധു എന്ന പദം വിശേഷ്യമായിരിക്കുന്നു. പ്രേമസിന്ധുവായ ഉണ്ണിച്ചക്കിയുടെ എന്നാണർത്ഥം ഈ ശ്ലോകത്തിന്റെ വ്യാഖ്യാനവേളയിൽ എളങ്കുളം നമ്പൂതിരിക്കവികളെ അപ്രകൃതമായി കുറച്ചു ശകാരിച്ചിട്ടുണ്ടു്. അനുഗ്രഹത്തിന്നു് കാരണമൊന്നും വേണ്ടല്ലോ "അകാരണാവിഷ്കൃതവൈരഭീഷണ"നാണല്ലോ അങ്ങോർ.

111

ചാറന്താനേന്നും കുചഭരനതാം ചാമ്പേരി മാഴ്കിന്ന നേത്രാം
പൂന്തേനോലും മധുരവചനാം പൂണ്ണുലീലാഭിരാമാം
ചോമ്പോഴാമ്പൽ പ്രിയതമമുഖീമാഷകുറങ്ങാട്ടു മേവും
ചാരമ്പയാംഗീം മഹിത ചിരുതചീമുടൻ കാണലാം തേ.

അൎത്ഥം:—ചാറത്താൻറ്=ചാറതണിഞ്ഞ. ഏന്തുന്ന=ഉയൎന്ന. കുചഭരനതാം=സ്തനഭാരംകൊണ്ടു കുനിഞ്ഞതു്. ചാമ്പി=അടഞ്ഞതു്. മാഴ്കിന്ന=ദുഃഖിയ്ക്കുന്ന. ഓലുക=ഒലിയ്ക്കുക. വചന=വാക്കോടുകൂടിയവൾ. അഭിരാമ=മനോഹര. പോമ്പോൾ=പോകുമ്പോൾ. ആമ്പൽപ്രിയതമൻ=ചന്ദ്രൻ. മഹിത=യോഗ്യതയുള്ള.

സാരം:—ചാറതണിഞ്ഞുയൎന്ന സ്തനങ്ങളുടെ ഭാരംകൊണ്ടു് കുനിഞ്ഞവളും, അല്പം അടഞ്ഞു് മയങ്ങിയ നേത്രമുള്ളവളും ('കാതരാക്ഷി' എന്നൎത്ഥം) തേനൊലും മൊഴിയും ലീലാഭിരാമയും മതിമുഖിയും ആയ കുറങ്ങാട്ടു താമസിക്കുന്ന (ചാമ്പേയ) കനകാംഗിയും മഹിതയുമായ ചിരുതേവിയെ അങ്ങയ്ക്കു പോകുമ്പോൾ ഉടൻ കാണാം.

അഭിപ്രായം:—കുറുങ്ങാട് എന്ന വീട് മാത്രമെ കവി ആവൎത്തിച്ചാവൎത്തിച്ചു് പറയുന്നുള്ളു. യഥാൎത്ഥകഥനമല്ലെങ്കിൽ എന്തിനു പേർ മാറിപ്പറയണം എന്നാവാം കാരണം. നായികയൊഴിച്ചു് മററു സുന്ദരിമാരെല്ലാം കനകാംഗിമാരാണെന്നതു് പ്രത്യേകം ശ്രദ്ധിയ്ക്കുക!

112

പിറേറന്നാളൊട്ടെത്തിരെ മറിമാൻകണ്ണിമാർ മാരനേ! നീ
മററം പിന്നിട്ടിനിയ പുഴയും കണ്ടിയൂരു വരേണ്ടും;
കററക്കാർ മൽക്കുഴലികൾ ചുഴന്നുല്ലസിക്കും പ്രദേശം
മുററച്ചെന്നിത്തല മറുകരത്തമ്പിലാലോകയേഥാഃ

അൎത്ഥം:—ഒട്ടെത്തിരെ=ഏതാണ്ടു് വെളുപ്പിനു്. മറിമാൻ=മാൻകുട്ടി. ഇനിയപുഴ=നല്ലതോടു്. (ഇനിയ എന്നതു് പുഴയോടു ചേൎക്കുമ്പോൾ തോടാണു് വിവക്ഷ.) കററ=ഇടതൂൎന്ന. മൽ=മല്ലടിയ്ക്കുന്ന. പുരികുഴൽ=ചുരുണ്ട മുടി. ചുഴന്നു=ചുററും. മുററും=നന്നായി. മറുകരത്തു്=മറേറകരയിൽ. അമ്പിൽ=സുഖമായി. ആലോകയേഥാഃ=ആലോകനംചെയ്താലും. (കണ്ടാലും എന്നൎത്ഥം.)

സാരം:—മാനൊലും കണ്ണികൾക്കു് മാരനായുള്ളവനേ! പിറേറന്നാൾ വെളുപ്പിനു് മററു തോടും കടന്നു് കണ്ടിയൂൎക്കുതന്നെ വരണം. സുന്ദരി

മാർ എമ്പാടും ഉല്ലസിയ്ക്കുന്ന ചെന്നിത്തലപ്രദേശം മറുകരയിലാണു്. അതു് കൺകളുക്കു് കാണാം.

അഭിപ്രായം:— അച്ചൻകോവിലാറല്ല ഇവിടെ വിവക്ഷ. മററത്തിന്നരികിൽക്കൂടെ ഒഴുകുന്ന തോടാണു്. അതൊന്നും പ്രസക്തമല്ല.

113

ചോമന്തുണ്ടം ചടയി ലണിയും തമ്പിരാനോടു വേറേ
കാമൻതന്നോടിനിമതി വഴക്കെന്നിരന്നും വലിഞ്ഞും
ക്രമമ്പാച്ചൻ മധുര വചസാ പോർ പൊരുത്തീടുമേടം
നാമം ചൊൽവാ നരുതവിടവും കണ്ടു കമ്പിട്ടുപോക.

അത്ഥം:—ചോമൻ=സോമൻ(ചന്ദ്രൻ) തുണ്ടം=കഷ്ണം. ചട=ജട വേറേ=പ്രത്യേകിച്ചു്. വലിഞ്ഞും=ബലമായി. ക്രമമ്പാച്ചൻ=കുയിൽ (പ്രസിദ്ധമല്ല) വചസാ=വാക്കുകൊണ്ടു്. പോർപൊരുത്തുക=പോരിനു് സന്ധിയുണ്ടാക്കുക.

സാര :—ജടയിൽ തിങ്കൾക്കീറണിയുന്ന തമ്പുരാനോടു്, കാമനായിട്ടുള്ള ശണ്ഠ മതി എന്നിങ്ങനെ, സന്ധി പറയുന്നപോലെ കുയിൽ മധുരമാം ഗാനം കൂകിക്കൊണ്ടിരിയ്ക്കുന്ന സ്ഥലവും, പേർ പറയരുതാത്ത ഇടവും ആയ ആ സ്ഥലവും കണ്ടു് കമ്പിട്ടുപോവുക.

അഭിപ്രായം:— വേറെ എന്ന പദത്തിന്നു് പ്രത്യേകിച്ചു് ഒരത്ഥവുമില്ലെന്നു തോന്നും. വേറെ വേറെ എന്നൊക്കെയുണ്ടല്ലൊ. അതിനാൽ ഇവിടെ ഇങ്ങിനെ വിചാരിക്കാം എന്നു മാത്രം. ക്രമമ്പാച്ചൻ എന്നതു് പ്രകൃതംകൊണ്ടു് കുയിലാണെന്നൂഹിക്കാം. പേർ പറയരുതാത്ത ആ സ്ഥലം ഇരമത്തൂർ ശിവക്ഷേത്രമാണെന്നാണു് മതം.

114

തുവും പൂന്തേൻ പരിമളഭരം നമ്പുതോലും നടപ്പാൻ
മേവും കാവും കഴിയുഴറി നീ തൃക്കരട്ടിക്ക ചെന്നു്
ദേവം തസ്മിൻ തൊഴുതു വഴിമേൽനിന്നു് നേരേ നടന്നാൽ
കൂവീടപ്പാൽ പഥി പനയനാക്കാവു് മംഗല്യകീർത്തേ!

അർത്ഥം:— തുവും=വിതറം. ഭരം=ആധിക്യം. നമ്പു്=തോലു്. (ഞാവൽമരത്തോലു്, പച്ചില എന്നർത്ഥം) മേവും=ഉള്ള. കഴിയുഴറി=കഴിഞ്ഞു് വേഗത്തിൽ. തസ്മിൻ=അവിടെ. കൂവ്ട്ടു്=അരക്കാതം. പഥി=വഴിയിൽ.

സാരം:—പൂച്ചകളുടെ പരിമളധാരണീയും പച്ചിലക്കൂട്ടം നിറഞ്ഞതുമായ നടക്കാവു് (നടപ്പാൻമേവുംകാവു്) കഴിഞ്ഞു് വേഗം തൃക്കരട്ടി എന്ന സ്ഥലത്തു് ചെന്നാൽ അവിടെയുള്ള ദേവനെ വഴിയിൽനിന്നു് തൊഴുതു നേരെ പോയാൽ അരക്കാതം ദൂരെ വഴിയിൽ ഹേ മംഗല്യകീർത്തേ! പനയനാക്കാവു് കാണാം.

അഭിപ്രായം:—'ക്രുവിൽപ്പൂവിൻ പരിമളഭരം' എന്ന ഗ്രന്ഥപാഠം സ്വീകാര്യമായി തോന്നുന്നില്ല

115

കച്ചയ്യൊക്കെ ക്കതിനനെ മുറിച്ചുച്ചകൈർ ദ്ദിഗ്ഗജേന്ദ്രാ-
നച്ചിച്ഛേത്ഥാ! ശിവ! ശിവ! മഹാഘോര മോരോ യുഗാന്തേ
പച്ചച്ചോരിക്കളി വെതുവെതെ ക്കോരി യാരക്കുടിച്ചോ-
രെച്ചിൽക്കിണ്ണം തവ വിയദിദം ദേവി തുഭ്യം നമസ്തേ!

അർത്ഥ:—കച്ചക്കൊക്കെ=കഴുത്തിൽ കച്ചക്കയറിടുന്ന ഭാഗം ഒപ്പിച്ചു്. ക്കതിനനെ=ഉഗ്രതയോടെ ഒരേ മുറിയായി. ഉച്ചകൈഃ=ഉച്ചങ്ങളായ. ദിഗ്ഗജേന്ദ്രാൻ=ദിഗ്ഗജങ്ങളെ. യുഗാന്തേ=യുഗാവസാനത്തിൽ. ചോരിക്കളി=ചോരക്കുഴമ്പു്. വെതുവെതെ=ചൂടോടെ. ആരം=നിറയെ. വിയൽ=ആകാശം. തുഭ്യം=അങ്ങയ്ക്കായികൊണ്ടു്. നമസ്തേ=നമസ്കാരം.

സാരം:—യുഗാന്തകാലങ്ങളിൽ ദിഗ്ഗജങ്ങളെ നടുക്കഴുത്തിന്നു് ഒറ്റവെട്ടിന്നറുത്തു് പച്ചച്ചോരക്കുഴമ്പു് അയ്യയ്യയ്യോ! ചൂടാറാതെ നിറയെ കോരിക്കുടിച്ച ദേവി! അവിടുത്തേയ്ക്കു നമസ്കാരം! പ്രഭാതത്തിലുള്ള ഈ രക്താംബരം അവിടുത്തെ എച്ചിൽകിണ്ണമാണു് തീർച്ച!

അഭിപ്രായം:—ശബ്ദംകൊണ്ട് അൎത്ഥം സ്ഫുരിയ്ക്കുന്ന ചെപ്പടിവിദ്യയാണ് കവി അനായാസേന കാണിച്ചിരിയ്ക്കുന്നതു്! എത്ര ഹൃദയാവൎജ്ജകമായിരിയ്ക്കുന്നു! കാളിയുടെ കരാളത നോക്കുക! ചോരക്കുഴമ്പ് കോരിക്കുടിച്ച എച്ചിൽകിണ്ണമാണ് ചുകന്ന ആകാശമെന്നതു് എന്തു ഭയാനകമായിരിയ്ക്കുന്നു! മേഘം കട്ടപിടിച്ച ആ ആകാശം ഒന്നു സങ്കല്പിയ്ക്കുക. "തപ്ത സ്വൎണ്ണ സവൎണ്ണഘൂൎണ്ണം" എന്ന നാരായണീയത്തിലെ നരസിംഹാവതാരശ്ലോകമായി ഒന്നു ഒത്തുനോക്കുക! ('കച്ചൂയ്യോക്കെ' എന്നതിനു് കച്ച—ശീല—പോലെ എന്നും, 'കതിനനെ' എന്നതിനു 'നിഷ്പ്രയാസം' എന്നും വേലുപ്പിള്ള പറയുന്നതു് യുക്തമായി തോന്നുന്നു. അതുപോലെ 'ആര' എന്നതിനു് 'ആൎക്കുന്ന' എന്നു് പറയുന്നതും കൂടുതൽ നന്നായിരിയ്ക്കുന്നുണ്ട്. അച്ചച്ചച്ചോ! എന്നു് കുറച്ചധികംതന്നെയാണ്!)

116

ഇത്ഥം വാഴ്ത്തി ത്തൊഴുതെരികനൽക്കണ്ണർ കണ്ണിൽത്തനൂജാം
മത്തേഭേന്ദ്രാൻ തല പൊരുതുടൻ കാതിലിട്ടമ്മതന്നെ
ഉഴുന്നുന്നെങ്ങും മകരനിവഹം തോഴ! നിൽക്കിന്നതും ക-
ണ്ടെത്ത്യ മോദാൽ പ്പുനരയി സഖേ! പാലവും പിന്നിടേഥാഃ

അൎത്ഥം:—എരികനൽ=തീയു്. കണ്ണിൽത്തനൂജാ=കണ്ണിൽപ്പിറന്ന മകൾ. (തനു=ശരീരം, തനുവിൽനിന്നു ജനിച്ചവൾ=തനൂജാ). മത്തേഭേന്ദ്രാൻ=മത്തഗജങ്ങളെ. (മത്തം=മദിച്ചതു്, ഇഭം=ആന) പൊരുതു്=വെട്ടി. ഉഴുന്നുന്നു=ഇടതൂന്നു. മകരം=മുതല. നിവഹം=കൂട്ടം. പിന്നിടേഥാഃ=പിന്നിട്ടാലും.

സാരം:—ഹേ തോഴ! മുക്കണ്ണന്റെ കണ്ണിൽനിന്നു് ജാതയും ആനത്തലയണിഞ്ഞവളുമായ, കാളീമാതാവിനെ ഇങ്ങിനെ വാഴ്ത്തിയ ശേഷം ഭൂന

ലക്കൂട്ടം തത്തിക്കളിയ്ക്കുന്നതും കണ്ട് സന്തോഷപൂർവ്വം പാലം കടന്നു പോവുക. പമ്പയിൽ അന്നു മുതലകൾ വളരെ ഉണ്ടായിരിയ്ക്കാം. അല്ലെങ്കിൽ വലിയ മത്സ്യങ്ങളാണെന്നും വരാം. മകരശബ്ദം രണ്ടിനും ചേരുമല്ലോ.

117

മുല്ലാടസ്മിൻ മരുവു മചലപ്പെണ്ണിനെ കൈവണങ്ങി
ത്തൃപ്പാപ്പൂർ മൂപ്പുടയ മടവാർ മാരനേ! നീ വിരഞ്ഞ്
എപ്പോളും നിന്നൊടമ പെരുകും രായതക്ഷോണിപാലം
കല്ലൊന്നീടും മിഹിതചിറവാവീരനെ കണ്ടു പോക.

അർത്ഥം:—മുല്ലാട്=മുമ്പ്. അസ്മിൻ=അവിടെ. അചലം=പർവ്വതം. (ചലിയ്ക്കാത്തതു്) മടവാർ=സ്ത്രീ. വിരഞ്ഞ്=വേഗം. നിന്നൊടമപെരുകും=നിന്നോട് വലിയ ബന്ധുതയുമുള്ള. ക്ഷോണിപാലൻ=രാജാവ്. (ക്ഷോണി=ഭൂമി. പാലിയ്ക്കുന്നവൻ=കാക്കുന്നവൻ) കെല്ലാന്നീടും=ശക്തിചേന്ന. മഹിതചിറവാവീരൻ=മഹാനായ ചിറവാരാജാവ്.

സാരം:—ഹേ തൃപ്പാപ്പൂർ മൂപ്പുടയ, മടവാക്ക് മാരനായവനേ! അവിടെ മുന്നിൽ വസിയ്ക്കുന്ന പാർവ്വതിയെ തൊഴുതു് വേഗത്തിൽ, അങ്ങയുടെ ബന്ധുത എപ്പോഴും കരുതുന്ന, രായരൻ എന്ന ശക്തനായ ചിറവരാജാവിനെ കണ്ടു പോവുക. രാജശേഖരൻ എന്ന പദം രായരൻ എന്നായതാവും.

118

കൈതക്കാട്ടേ കുവലയദൃശാം പാട്ടു കേട്ടങ്ങിരുന്നാൽ
കാലം വൈകും പെരികെ നിരണത്തിന്നു പോകാൻ വഴങ്ങേൻ;
എന്നാൽ പ്പാർക്കിൽ പ്രഥിതചിറവായ്ക്കില്ല മാലന്തുരുത്തി-
ക്കൂടെക്കൂടെ ക്കഴിക പഴവാറെന്നു ചൊല്ലും ചടങ്ങും.

അർത്ഥം:—കൈതക്കാട്=സ്ഥലപ്പേർ. കുവലയദൃശാം=കരിങ്കുവളപ്പൂപോലെയുള്ള (ദൃക്ക്) കണ്ണുകളോടുകൂടിയവരുടെ പെരികെ=അധികം. വഴങ്ങേൻ=അപേക്ഷിയ്ക്കുന്നില്ല. (വഴങ്ങേൻ എന്നതു് നിഷേധാർത്ഥത്തിലാണ് പ്രയോഗം. പ്രഥിതം=പ്രസിദ്ധം. ഇല്ലം=ഇരിപ്പിടം. മാലന്തുരുത്തി=സ്ഥലം.) കൂടെക്കൂടെ=കൂടുക. കഴിക=കഴിയ്ക്കുക. പഴവാർ=ഒരു ചടങ്ങ്.

സാരം:—കൈതക്കാട്ട് സുന്ദരിമാരുടെ പാട്ടു കേട്ടിരുന്നാൽ കാലം വൈകിപ്പോകും. അതിനാൽ നിരണത്തു പോകാൻ ഞാൻ പറയുന്നില്ല.

എന്നാൽ ചിറവാസ്വരൂപത്തിന്റെ ആസ്ഥാനമായ മാലന്തുരുത്തിൽക്കൂടെ പോവണം. അവിടെ ചെന്ന് പഴവാറ് എന്ന ചടങ്ങും നടത്തുക.

അഭിപ്രായം:—പഴവാറ് എന്തു ചടങ്ങാണെന്നറിയില്ലെന്ന് ശ്രീ. ശൂരനാടൻ പറയുന്നു. പഴയ ആറ് ചടങ്ങ് എന്നാകാമെന്നാണദ്ദേഹത്തിന്റെ മതം. അവയെക്കുറിച്ച് സപ്രമാണം അദ്ദേഹം വിപുലമായി വിവരിക്കുന്നുണ്ട്. വലിയ പ്രസക്തിയില്ലെന്നുവെച്ച് ഞാനവ വിട്ടിരിക്കയാണ്. വിലയേറിയ വിവരങ്ങൾ വളരെ ഗ്രഹിക്കാനുണ്ട് ശ്രീ. ശൂരനാടന്റെ വ്യാഖ്യാനത്തിൽ. എന്നാൽ വാരിവലിച്ച് വണ്ണിക്കുന്ന എളങ്കുളം, ഈ ഭാഗം വിട്ടിരിയ്ക്കുന്നതാണ് രസം! ഭോജരാജാവിന്റെ അഭിപ്രായം സാധൂകരിക്കുന്ന ഒരു വ്യാഖ്യാതാവിന്ന് എളങ്കുളംപോലെ ഒരുത്തമമാതൃക കണ്ടെത്താൻ വിഷമമാണ്. പഴവാറ് എന്നതിന്ന് പഴയ കുടുംബം സന്ദർശിയ്ക്കുക എന്നാണ് അദ്ദേഹം അർത്ഥം പറയുന്നത്. അപ്പോൾ ചടങ്ങ് എന്താണാവോ?

119

വീട്ടുണ്ടല്ലോ തദനു ഭവതോ മുമ്പിലായാണി പാർമ്മൽ
മാടമ്പീനാമവിടെ വസതാം ധന്യമാകും നിവാസം
മാടം ചെന്നങ്ങുഡുപതികലാം ചൂടി മാതേവരാവാൻ
തേടീടുന്നിടം പുനരവിടെയും ചെൽക പോരും ദശായാം.

അർത്ഥം:—തദനു=പിന്നീട്. ഭവതഃ=ഭവാന്റെ. ആണി=ആണിക്കല്ല്. (മുഖ്യം എന്ന് പ്രകൃതാർത്ഥം) പാർ=ലോകം. മാടമ്പീനാം=നാട്ടുവാഴികളുടെ. വസതാം=വസിക്കുന്നവരുടെ. ധന്യം=യോഗ്യമായത് (ശ്രീകരമായത്) മാടഃ=മാളിക. ഉഡു=നക്ഷത്രം. പതി=നാഥൻ. കല=കീറ്. മാതേവർ=ശിവൻ (മഹാദേവൻ) തേടുന്ന=അന്വേഷിയ്ക്കുന്ന. പുനഃ=പിന്നീട്. ദശാ=സമയം.

സാരം:—അവിടെ അങ്ങയുടെ മുന്നിൽ വസിയ്ക്കുന്ന നാടുവാഴികളുടെ ശ്രീ ചേർന്ന വീടുകളുണ്ടു്. ലോകത്തിന്നു് നാരായവേരാണവ. മേടകളും പൊങ്ങിപ്പോയി ചന്ദ്രമണ്ഡലം മുട്ടി ശിവനെപ്പോലെ (ചന്ദ്രചൂഡൻ) ആകുവാൻ ശ്രമിയ്ക്കുന്ന സ്ഥലമാണതു്. അവിടേയും പോരുന്ന സമയം പോയിപ്പോരുക.

അഭിപ്രായം:—'ആണി' എന്നതു പ്രധാനമായ എന്നർത്ഥത്തിൽ ഇന്നും ധാരാളം പ്രയോഗമുണ്ടല്ലൊ. ആണിവേര് തുടങ്ങിയവതന്നെ ഉദാഹരണം.

120

മെത്തും മത്തഭ്രമരമുഖരാം മത്തമാർ പോർമുലത്തൊ-
ത്തൊത്തിന്നോമൽകളഭകളിയിൽ പ്പൊങ്ങു മംഭോരുഹാഢ്യാം.
തത്തിത്തത്തി ച്ചെറുതിരകളിൽ ച്ചേർന്ന മുക്താകലാപാം
കൊത്തിക്കൊത്തി ക്കുരുകപെരികെച്ചേർന്ന തീരാഭിരാമാം.

അർത്ഥം:—മെത്തും=വളരും. മത്തഭ്രമരം=മദിച്ച വണ്ടു്. മുഖരം=ശബ്ദപൂർണ്ണം. മത്തമാർ=മദിച്ച സ്ത്രീകൾ. പോർമുലത്തൊത്തു്=പോർ എന്നതിന്നു് മാറിൽ നിറഞ്ഞ എന്നർത്ഥം. മുലത്തൊത്തു്=മുലയാകുന്ന പൂങ്കുല. ഒത്തിന്നു്=ഒക്കുന്നതു്. കളഭം=ചന്ദനക്കൂട്ടു്. കളി=കുഴമ്പു്. അംഭോരുഹം=താമര (അംഭസ്സ=ജലം. രുഹ=മുളയ്ക്കുന്ന) ആഢ്യം=ശ്രേഷ്ഠം. മുക്തം=മുത്തു്. കലാപം=മാല. കുരുക്=അരയന്നം (താറാവു് എന്നു് പ്രകൃതാർത്ഥം) തീരം=വക്ക്. അഭിരാമം=മനോഹരം.

സാരം:—വണ്ടിണ്ട മൂളുന്നതും മദിരാക്ഷികളുടെ മുലമഞ്ജരികളിലിഴകിയ കളഭക്കളിയിൽ (ചേറിൽ) മുളച്ച് ചെന്താമരയോടു ചേർന്നതും, തത്തിത്തത്തിക്കളിയ്ക്കുന്ന ചെറുതിരയാകുന്ന മുത്തുമാലയണിഞ്ഞ വളം—മുത്തുമാല പോലെ നരകൾ ചേർന്ന ഓളങ്ങൾ ചേർന്നതു്—അരയന്നങ്ങൾ കൊത്തിക്കൊത്തി ധാരാളം ക്രീഡിക്കുന്ന തീരംകൊണ്ടു് അഭിരാമമായും (ഉള്ള പുഴ എന്നു് അടുത്ത ശ്ലോകത്തിൽ അന്വയിക്കണം.)

121

പിന്നെ പ്പിന്നിട്ടമലസലിലാം താം നദീം പാടമേ പോയ്.
കന്നക്കണ്ണാർ കുസുമശര! നീ വല്ലവാഴ്ക്കുങ്ങു ചെന്നു്

ഉന്നിദ്രാണപ്രസവവിസരൽകേസരോദ്യാനവാതൈ–:
രുന്നിക്കാമം മതിലകമകം പൂക ഭൂപാലമൌലേ!

അൎത്ഥം:—അമലം=നിൎമ്മലം. സലിലം=ജലം. താം=അവളെ. കന്നക്കണ്ണാർ=സുന്ദരിമാർ. (കന്നം=കണ്ണും) സുമം=പൂവ്വ്. വല്ലവായ്ക്കു്=തിരുവല്ലായ്ക്കു്. ഉന്നിദ്രാണം=വിടൎന്ന. പ്രസവം=പൂവ്. വിസരത്തു്=പാറിക്കളിക്കുന്നതു്. കേസരം=അല്ലി. ഉദ്യാനവാതം=പൂങ്കാവിലെ കാററു്. ഉന്നി=ഊന്നുക (ലക്ഷ്യം ഉറപ്പിക്കുക) എന്നൎത്ഥം. കാമം=യഥേഷ്ടം.

സാരം:—ഹേ കന്നക്കണ്ണാർ കാമദേവ! മുൻപറഞ്ഞ വിധം നിൎമ്മലാംഭസ്സായ ആ നദിയെ—മണിമലയാററിനെ—പിന്നിട്ടു്, പാടത്തുകൂടെ പോയി അങ്ങു് തിരുവല്ലായ്ക്കു് പോകണം. ഹേ ഭൂപാലമൌലേ! വിടൎന്ന പുഷ്പങ്ങളുടെ അല്ലികളിൽത്തട്ടി സുരഭിലമായ പൂങ്കാവനത്തിലെ ഇളങ്കാററുകൊണ്ടു് ലക്ഷ്യം ഊഹിച്ചറിഞ്ഞു് മതിലകത്തിന്നകത്തേക്കു് യഥേഷ്ടം കടക്കുക. മതിലകം സ്ഥലപ്പേരാ, ക്ഷേത്രമതിലോ ആകാം.

അഭിപ്രായം:—120-121 പദ്യങ്ങളുടെ ഇടയിൽ ഒരു ശ്ലോകമുണ്ടെന്നും അതിന്നു് പ്രകൃതത്തിൽ ബന്ധമില്ലെന്നും ശ്രീ ശൂരനാട്ട് പറയുന്നു. അദ്ദേഹത്തിന്റെ പുസ്തകത്തിൽ അതു അടിക്കുറിപ്പായി ചേൎത്തിട്ടുണ്ടു്. എളങ്കുളം അതു വിട്ടിരിയ്ക്കുന്നു. പ്രസ്തുതപ്രക്ഷിപ്തപദ്യം ഇതാണു്.

പ്രാതർഭുക്ത്വാ പഴയതുവയും കൂട്ടി യപ്പൽക്കറപ്പി–
ച്ചേററം തസ്മിൻ തലമുടിയിലപ്പൂണനൂലും കളഞ്ഞു്.
കെട്ടിച്ചുററി ത്തദനു മറയോരൂൿവാളും വിറപ്പി–
ച്ചേണ്ഡന്മാരെ ത്തരുണിചിറമേൽ കാണലാം പോരുമാറു്.

അൎത്ഥം:—പ്രാതർഭുക്ത്വാ=കാലത്തു് ഊണു് കഴിച്ചിട്ടു്. തുവ=പുളിങ്കറി. തസ്മിൻ=അവിടെ. തദനു=പിന്നീട്. മറയോർ=ബ്രാഹ്മണർ. ഊൿ=ഊക്കുമ്പോൾ. ഏണ്ഡന്മാരെ=മൂഢന്മാരെ. തരുണിചിറ=സ്ഥലപ്പേർ. പോരുമാറു്=പോരുമ്പോൾ.

സാരം:—അവിടെ അക്കാലത്തു പഴയ പുളിങ്കറി കൂട്ടിയുണ്ട ശേഷം പല്ലു് കറപ്പിച്ചു്, പൂണനൂലു് കളഞ്ഞു് ഊക്കുമ്പോൾ വാളൂരി വിറപ്പിച്ചു് മൂൎഖന്മാരെ, തരുണിചിറമേൽ കാണാം.

അഭിപ്രായം:—എന്താണാശയം? ആവോ! പ്രാന്തു പറയുന്ന മട്ടുണ്ടു്. കവി ഉണ്ടാക്കിയതോ, ലേഖകപ്രമാദമോ എന്തോ! ഏതായാലും ബ്രാഹ്മണനിന്ദക്കവസരം നല്കുന്ന പ്രസ്തുത പദ്യം എളങ്കുളം എന്തുകൊണ്ടാണു് വിട്ടുകളഞ്ഞതു്? അതാണു്, ശ്ലോകത്തേക്കാൾ, കൂടുതൽ ദുരൂഹമായിരിയ്ക്കുന്നതു്! അടുത്ത പതിപ്പിൽ വിപുലമായ ഒരു വ്യാഖ്യാനത്തോടുകൂടി, ഈ പദ്യതല്ലജം, പ്രതീക്ഷിക്കാം!!

122

പൊൽപ്പൂമാതിൻ കുളിരിളമുലത്തടത്തിൽ മെത്തിന്ന കോലം
കർപ്പൂരാപൂരിതമലയജം ചാർത്തുമാനന്ദമൂർത്തിം
തൃപ്പാപ്പൂർവാണമൃതകരനേ! വല്ലവായ്ക്കോയിൽ കൊള്ളി-
ന്നപ്പൻതന്നെ തൊഴുക മഴകോലിന്ന നീലാംബുദാഭം.

അർത്ഥം:—പൊൽപ്പൂമാതു്=ലക്ഷ്മി. കുളിരിള=മനോഹരമായ. മെത്തുക=വർദ്ധിക്കുക. ആപൂരിതം=നിറഞ്ഞ. മലയജം=ചന്ദനം. (മലയപർവ്വതത്തിലുണ്ടായതു്) കോയിൽകൊള്ളുക=വാഴുക. കോലുക=ഉണ്ടാവുക. അംബുദം=മേഘം. ആഭ=ശോഭ.

സാരം:—ലക്ഷ്മിയുടെ കുളിരിളംകൊങ്കയായ പൂങ്കുലയിൽ വളരുന്ന കോല (അലംകാരം) വും കർപ്പൂരം ചേർന്ന കളഭചാർത്തണിയുന്ന ആനന്ദമൂർത്തിയും മഴപൊഴിയുമാറുള്ള കരിങ്കാർനിറത്തോടുകൂടിയവനും തിരുവല്ലായിൽ വാഴുന്നവനുമായ അപ്പനെ (ദേവനെ) ഹേ തൃപ്പാപ്പൂർ വാഴുന്ന അമൃതകരനേ! (ചന്ദ്രനെ) അങ്ങു തൊഴുക.

123

അപ്പുറം നിന്നെ തെളിവിലിളമൺ മിക്ക മേച്ചേരി മററും
തസ്മിൻ മേവും പെരിയമറയോർ വന്നു് താന്താൻ മുതിൎന്നു്
ഉദ്യൽക്കോലാഹലമുപചരിക്കുന്ന സത്രംപൊററപ്പാ-
നച്ചേച്ചാ! പൊല്ലരുതു വഴതിക്കൊൾക നീ കൌശലേന.

അർത്ഥം:—തെളിവിൽ=സന്തോഷപൂർവ്വം. ഇളമൺ, മേച്ചേരി=ഇവ പോററിമാരുടെ ഭവനപ്പേരാണു്. മിക്ക=മികച്ച. തസ്മിൻ മേവും=അവിടെ

വസിയ്ക്കുന്ന. പെരിയമറയേർ=വലിയ ബ്രാഹ്മണർ. (മറ=വേദം) താൻ താൻ മുതിന്നു്=ഞാൻ ഞാൻ എന്നു് മുന്നിഞ്ഞു്. ഉദ്യൽക്കോലാഹലം=ശബ്ദ ബഹളത്തോടുകൂടി. ഉപചരിക്കിന്നു=സല്ക്കരിയ്ക്കുന്നു. സത്രം=ഘോഷം. വഴുതുക=മാറിപ്പോവുക.

സാരം:—അങ്ങു തിരുവല്ലായിൽനിന്നു് തൊഴുതിറങ്ങുമ്പോഠം പത്തില്ലത്തു പോററിമാരായ കേഠംവീകേട്ട മേച്ചേരി ഇളമൺ തുടങ്ങിയ മഠത്തിലുള്ളവർ സന്തോഷത്തോടുകൂടി അഹമഹമികയാ ശബ്ദകോലാഹലത്തോടുകൂടി സൽക്കരിക്കാൻ തുടങ്ങുന്ന ഘോഷം! അയ്യയ്യോ! പറവാൻ വയ്യ. അങ്ങു സൂത്രത്തിൽ ഒഴിഞ്ഞു് മാറിക്കൊള്ളുക. പെട്ടാൽ ചോരാൻ പററില്ല എന്നൎത്ഥം.

അഭിപ്രായം:—മറയോർ എന്നതിന്നു് മടവാർ എന്ന പാഠം സ്വീകരിച്ചു് സുന്ദരിമാർ എന്നു് എളങ്കുളം പറയുന്നു. അതു തെററാണു്. ഈ ശ്ലോകത്തിലെ സത്രശബ്ദം പൂർവ്വവ്യഖ്യാതാക്കഠം തെററായാണു് ധരിച്ചിട്ടുള്ളതു്. ശ്രീ. ശൂരനാടനും വേലുപ്പിള്ളശാസ്ത്രിയും യാഗം എന്നു് അൎത്ഥം കൊടുത്തിരിക്കുന്നു. യാഗത്തിന്നു് സത്രശബ്ദം പ്രയോഗിക്കാറുണ്ടു്; പക്ഷെ എല്ലാ യാഗങ്ങഠംക്കുമില്ല. അതിനേക്കുറിച്ചു് കുറച്ചു് വിവരിക്കുന്നതു വായനക്കാൎക്കു് ഉപകാരപ്രദമാവും.

സത്രത്തിന്നു് 'പൊതുവേയുള്ളതു്' എന്നാണൎത്ഥം പറയേണ്ടതു്. മേല്പത്തൂരിന്റെ സമകാലീനനായ 'മുരിമംഗലം' എഴുതിയ കൌഷീതകബ്രാഹ്മണത്തിന്റെ വ്യാഖ്യാനത്തിൽ സത്രയാഗത്തെക്കുറിച്ചു് വിവരിയ്ക്കുന്നുണ്ടു്. ആ യാഗത്തിന്നു് സത്രം എന്നാണു് പേർ. അതിന്റെ സമ്പ്രദായം ഇങ്ങിനെയാണു്. സാധാരണ യാഗത്തിൽ 16 ഋത്വിക്കുകളും യജമാനനുമാണല്ലോ. എന്നാൽ ഈ യാഗ

ത്തിൽ അങ്ങിനെയല്ല; 10 സോമയാജിമാരുടെ ത്രേതാഗ്നി കഠം ഒന്നിച്ചു് കൂട്ടിയിട്ടാണു് ഈ യാഗം. അതിനാൽ എല്ലാവരും യജമാനന്മാരാണു് ഇതിൽ. എന്നാൽ യജമാനസ്ഥാനത്തുള്ള ആളെ ഗൃഹപതി എന്നും പറയുന്നു. ഈ യാഗത്തിൻെറ ഫലവും തുല്യമാണു്. ദേവാഃ സ്വംഭാഗമർഹന്തി. യേതുല്യായാസഹേതവഃ. സത്രയാഗ ഇവൈത സ്മിൻ, ഏഷധർമ്മസ്സനാതനഃ (ഭാഗവതം അഷ്ടമം-എട്ടാമദ്ധ്യായം) എന്ന ഭാഗവതശ്ലോകം ഇവിടെ തെളിവാണു്. അപ്പോഠം പൊതുവായ ഒരു യാഗമാകയാൽ ഇതിന്നു് സത്രയാഗം എന്നു് പേർ വന്നതാവാം. അല്ലെങ്കിൽ ആ യാഗം കാരണം സത്രശബ്ദത്തിന്നു് 'പൊതുവെ' എന്നൎത്ഥം വന്നതാവാം. രണ്ടായാലും സത്രശബ്ദം പില്ക്കാലത്തു് ആ അൎത്ഥത്തിലാണു് വ്യവഹരിച്ചു വന്നതു്. ഈ യാഗത്തിന്നു കാലം അധികവും ക്രിയ കുറവുമാകയാൽ വിശ്രമവേള ധാരാളമുണ്ടാകും. അങ്ങിനേയുള്ള സമയത്തു് ലൌകികചിന്ത കൂടാതെ കഴിക്കാനായി പുരാണശ്രവണം ഒരു പതിവായിത്തീൎന്നു ഇതാണു് പുരാണങ്ങളിൽ സൂതൻ കഥ പറയുന്നതു് സത്രത്തിൻെറ ഇടയിലായതിൻെറ കാരണം.

ഇതുപോലെതന്നേയാണു് പഴയകാലത്തു് പ്രഭുക്കന്മാരുടെ ആറടിയന്തിരത്തിന്നും സത്രശബ്ദം വന്നതു്. (വിവാഹം, ചോറൂണു്, ഉപനയനം, സമാവൎത്തനം, പിണ്ഡം, മാസം ഇവയാണു് ആറടിയന്തിരങ്ങഠം. ഇതിൽ പിണ്ഡമൊഴിച്ചു് മററുള്ളവയ്ക്കു സത്രം പതിവുണ്ടു്. അതിന്നു വേളിഃശ്ലേഷമായി ബന്ധമൊന്നുമില്ല.) കേരളത്തിൽ 18

29 *

സംഘങ്ങളായിരുന്നു. ശാസ്ത്രസംഘങ്ങൾ എന്നു പറയുന്നതു് അവയെയാകുന്നു. സംഘാതിർത്തിയിൽ പെട്ട വലിയ അടിയന്തിരങ്ങൾ ഉണ്ടായാൽ സംഘത്തെ ക്ഷണിച്ചു് നടത്തിത്തരാൻ ആവശ്യപ്പെട്ടും. അക്കാലത്തു ശത്രുബാധ കൂടുതലുണ്ടായിരുന്നതിനാൽ സംഘരക്ഷാഭടന്മാരോടുകൂടി സ്ഥലത്തെത്തി അടിയന്തിരത്തിന്റെ മുഴുവനും ചുമതല ഏല്ലും. സദ്യയൊരുക്കൽകൂടി അവരുടെ ചുമതലയാണു്. പിന്നീടു് തലേദിവസം 'കൊട്ടി അകത്തുപോവുക' എന്ന ഒരു ചടങ്ങോടുകൂടി സംഘം കാര്യത്തിൽ പ്രവേശിക്കുന്നു. അതിന്റെശേഷം കളി കഴിയുന്നതുവരെ അവരുടെ ചുമതലയാണു്. ഇതിന്നിടയിലെ പൊലി (സംഭാവന) വെളിയുഴിച്ചിൽ ഇവ പൊതുസ്വഭാവത്തിന്നു് ദൃഷ്ടാന്തമാണല്ലൊ. വെച്ചുനമസ്കരിയ്ക്കുന്ന പണവും സംഘത്തിലെ എല്ലാ ബ്രാഹ്മണർക്കും തുല്യമായി വീതിയ്ക്കുന്നതാണു്. മററു കലാപ്രകടനങ്ങളിലൊന്നും പ്രതിഫലം, പ്രയത്നിച്ചവർക്കല്ലാതെ പരക്കെ വീതിക്കാറില്ലല്ലൊ. അതിനാൽ ഇതിന്റെ പൊതുസ്വഭാവം ഈ അടിയന്തിരത്തിനാകെ സത്രം എന്നു് പേർ നൽകാനിടയാക്കി. വഴിയമ്പലത്തിന്നും സത്രം എന്നു് പറയുന്നതു മറെറാന്നല്ല.

എന്നാൽ ഇത്ര വലിയ അടിയന്തിരത്തിന്റെ വമ്പിച്ച ബഹളമാണല്ലൊ സാധാരണ മനസ്സിൽ ആദ്യം പതിയുന്നതു്. അതിനാൽ കാലക്രമേണ ബഹളത്തെക്കുറിയ്ക്കുന്നതായിത്തീൎന്നു സത്രശബ്ദം. ഇതിന്നൊരുദാഹരണം ഒവരേയും കാണിക്കാം. ഘോഷയാത്ര ഇന്നു് പരക്കെ അ

റിവുള്ളതാണല്ലൊ. കാട്ടിലെ പററച്ചേരികഠംക്കാണ് ഘോഷം എന്നു പറയുന്നതു്. (ഇന്നത്തെ ആദിവാസികോളണി) പാണ്ഡവരുടെ വനവാസവേളയിൽ ദുര്യോധനൻ, പ്രതാപം പ്രകടിപ്പിയ്ക്കുവാൻ, അങ്ങോട്ടൊന്നു പോകണമെന്നു് വിചാരിച്ചു. എന്നാൽ ഭീഷ്മാദികളുടെ തടസ്ഥം പേടിച്ചു്, താൻ കാട്ടിലുള്ളവരുടെ ക്ഷേമാന്വേഷണത്തിന്നുള്ള യാത്രയാണെന്നവകാശപ്പെട്ടു. അങ്ങിനെ ഘോഷത്തിലേക്കുള്ള യാത്രയാണു് ഘോഷയാത്ര. എന്നാൽ ആ യാത്രയിലെ ബഹളവും കോലാഹലവും കാരണം ഘോഷയാത്ര എന്ന പദം ബഹളമായ യാത്രകഠംക്കു കാലാന്തരത്തിൽ വന്നുചേൎന്നു. അതുപോലെയാണു് സത്രശബ്ദത്തിന്നു് പിൽക്കാലത്തു് ബഹളം എന്നൎത്ഥം വന്നുചേൎന്നതു്. ഒന്നാം ലോകയുദ്ധത്തിൽ 'എംഡൻ' എന്ന മുങ്ങിക്കപ്പലിൻെറ വീരപരാക്രമങ്ങഠം കാരണം, 'ശക്തൻ' എന്ന അൎത്ഥത്തിൽ ഇന്നും ചില ദിക്കിൽ 'എമണ്ടൻ' എന്നു പറഞ്ഞുവരുന്നുണ്ടല്ലൊ. ഇതാണു് സത്രശബ്ദത്തിൻെറ ഭാവാൎത്ഥം.

'ശിവ ശിവ! എന്തൊരു സത്രമാണു്!' എന്നു് പറഞ്ഞാൽ, എന്തൊരു ബഹളമാണെന്നേ അൎത്ഥമുള്ളു. രാമായണചമ്പുവിൽ സീതാസ്വയംവരഘട്ടത്തിൽ സത്രം കഴിഞ്ഞു് കാണാമെന്ന സംഭാഷണം നോക്കുക. പരശുരാമൻെറ വരവിൻെറ ഘോഷം വൎണ്ണിയ്ക്കുമ്പോഴും "ചിത്രമന്നേരമുണ്ടായ സത്രം പുകഴ്ത്താവതേല്ലതുമേ" എന്ന ഭാഗം എളുപ്പം ഉദ്ധരിയ്ക്കുന്നുണ്ടു്. എന്നാലും, വളഞ്ഞ അൎത്ഥമേ അദ്ദേഹം സ്വീകരിയ്ക്കുന്നുള്ളു! മറയോർ എന്നു് വിട്ടു്

മടവാർ എന്നു് ധരിച്ച എളങ്കുളം പെണ്ണുങ്ങളുടെ ദർശനം വേളിശ്ശേഷം ആണെന്നൂഹിയ്ക്കുന്നു. പോരെ പൂരം! "അഞ്ജനമെന്നതു ഞാനറിയും മഞ്ഞളുപോലെ വെളുത്തിരിക്കും!" വേളിശ്ശേഷം എന്താണെന്നാണാവോ ആ ബഹുഭാഷാപണ്ഡിതൻ ധരിച്ചുവശായിരിയ്ക്കുന്നതു്! 'വേളിശ്ശേഷം' എന്നാൽ സേകം എന്നാണർത്ഥം എന്നദ്ദേഹം ധരിയ്ക്കട്ടെ. സേകം ഷോഡശക്രിയകളിൽപെട്ടതാണ്; മുഹൂർത്തം വേണം, നിത്യദോഷം വർജ്ജിയ്ക്കണം. ജ്യോതിഷത്തിൽ ഉള്ളൂരിനെ പരിഹസിച്ച ആ ശ്രീമാൻ, മുഹൂർത്തപദവി കണ്ടിട്ടില്ലെന്നു തോന്നുന്നു! ഉള്ളൂരിനെക്കുറിച്ച അദ്ദേഹം പറഞ്ഞ വാക്കു് ഞാനും ഉദ്ധരിയ്ക്കട്ടെ. "അവരവക്കറിയാവുന്നതുമാത്രം പറയുക. അറിയാത്തതു തുറന്നു പറയുകയും ചെയ്താൽ എത്ര നന്നായിരുന്നു." (കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ. മുഖവുര. പേജ് 24.) സത്രശബ്ദത്തിനെ തെററിദ്ധരിയ്ക്കുവാൻ എളങ്കുളം പൂന്താനത്തിന്റെ കൃതിയും കാണിയ്ക്കുന്നു. 'ഒരിടത്തു സത്രം, മറൊരിടത്തു ചത്തുകരയുന്നതു്,' എന്നാണാ വരികൾ. ആക്കെങ്കിലും അതു കണ്ടാൽ സംശയമാവുമൊ? "സത്രപോല്ലാസം വേളിശ്ശേഷവും കഴിഞ്ഞെന്നെ സത്രവും കളിയുമായ്കൂടിവെച്ചതിൽപിന്നെ" എന്ന വരിയും എളങ്കുളത്തിനെ പിഴച്ചാണ് ധരിപ്പിച്ചതു്! സേകവും സത്രവും രണ്ടും രണ്ടാണെന്നു എളങ്കുളം അറിയണം. ഇന്നു നടപ്പുള്ള പദങ്ങളുടെ അർത്ഥം അറിയാത്ത മഹാനാണ് ആയിരം കൊല്ലങ്ങൾക്കു മുമ്പു് നടപ്പുള്ള ചില പദങ്ങളുടെ അർത്ഥം,

തന്നിയ്ക്കു ഇഷ്ടംപോലെ, വ്യാഖ്യാനിക്കുന്നതു്! മേലിലെങ്കിലും ഒന്നു സ്വയം ബ്രേക്കിട്ടാൽ നന്നു്.

ഇത്രയും പറയാൻ കാരണം, ശ്രീ. എളങ്കുളം, ഉണ്ണുനീലീസന്ദേശം വ്യാഖ്യാനത്തിൽ, നാലാംപതിപ്പിന്റെ മുഖവുരയിൽ പല പരിഷ്കാരവും വരുത്തിയിട്ടുണ്ടെന്നു് അവകാശപ്പെട്ടുന്നുണ്ടെന്നുള്ളതിനാലാണ്. അവിടെ സത്രശബ്ദത്തിന്നു കൂടുതൽ വിശദമായി അൎത്ഥം കൊടുത്തിട്ടുണ്ടെന്നും പറയുന്നു! എന്നിട്ടാണിതു്! അപ്പോൾ മുൻപതിപ്പുകളിലെ കഥ ഊഹിയ്ക്കാമല്ലൊ!

124

കമ്പിട്ടമ്പിൽ തന്നേ വിനതാനന്ദനം തണ്ടിലേറി-
ച്ചെമ്പൊൽക്കാളം തെളുതെളെ മതിന്നംബരമ്മേൽ മുഴക്കേ
വമ്പുററീടും കുട തഴ ചുഴന്നങ്ങു നേരെ നടന്നാൽ
മുൻപിൽക്കാണാം പഥി കരിയനാടെന്നു് പേരായ കാവ്.

അൎത്ഥം:—വിനതാനന്ദനൻ=വിനതയുടെ മകൻ(ഗരുഡൻ) ചെമ്പൊൽക്കാളം=കനകകാഹളം. അംബരം=ആകാശം. വമ്പുററീടും=അനതസ്സാളുന്ന. ചുഴന്നു്=ചുററി. കരിയനാട്ട്=ഒരു സ്ഥലം.

സാരം:—പിന്നീട് ഗരുഡനെത്തൊഴുതു തണ്ടിൽക്കേറി, കുട തഴ ചാമരങ്ങളോടു കൂടി, കനകം കെട്ടിച്ച കൊമ്പു് വിളിച്ച് ദിക്കു മുഴക്കി, നേരേ പോയാൽ വഴിയിൽ കരിയനാട്ട് എന്ന കാവു കാണാം.

അഭിപ്രായം:—നോക്കുക! പെണ്ണിന്നു പ്രേമസന്ദേശം വഹിയ്ക്കുന്ന രാജാധിരാജന്റെ പ്രതാപവായ്പു്!

125

ചൂഴം വില്ലും വിവിധവിഭവം നോക്കിനാലുച്ചയോളം
കോഴിക്കോടും പുനരതിനെടോ! കൊല്ലവും തുല്യമല്ല
ആഴിപ്പെണ്ണും നിഖിലജനവും വൈകിനാൽ വാങ്ങുമസ്സിൻ
കോഴിക്കൂടം ചെറിയ കുറമാർ പോലുമില്ലങ്ങു പിന്നെ.

അൎത്ഥം:—ചൂഴം=ചുററം. ആഴിപ്പെണ്ണ്=ശ്രീഭഗവതി. നിഖിലം=മുഴ വൻ. വാങ്ങും=പിന്മാറും. അസ്മിൻ=ഇവിടെ. കുരുമാർ=കുററിച്ചുല്ല്.

സാരം:—നാലുപാട്ടും നിൽക്കുന്ന നാനാവിഭവങ്ങളും നോക്കിനി ന്നാൽ ഉച്ചവരെ അവിടം, കോഴിക്കോട്ടും കൊല്ലവും കിടപിടിക്കാൻ പ ററാത്തതാണു്. പക്ഷെ ഉച്ചകഴിഞ്ഞാൽ ശ്രീഭഗവതിയും എല്ലാ ജനങ്ങളും പിൻവാങ്ങും. പിന്നെ അവിടെ കോഴിക്കൂട്ടം കുററിച്ചുല്ലുപോലും കിട്ടില്ല.

അഭിപ്രായം:—കോഴിയ്ക്കോട്ടും എന്നാണു് എളങ്കുള പാഠം. കുരുമാർ എന്നതിലാണു് വിഷമം. കുട്ടികൾ എന്നൎത്ഥം. കുരു-മാർ=ചെറിയ ചൂല് എന്നാണു് ശൂര നാടൻ സ്വീകരിച്ച പാഠം. ഇവിടേയും അതാണു് എടു ത്തിരിയ്ക്കുന്നതു്. കൂടുതൽ നല്ലതും അതാകുന്നു.

126

മുത്തുററം ചേന്നണിമുലപിരിഞ്ഞുള്ള മാരാതിരേകം
മുത്തുററിന്നു മമ പുനരത ങ്ങുണ്ണുനീലിക്കു് ചൊൽവാൻ
മുത്തുററിൽ ച്ചെന്നിനിയ ചിറയും പിന്നിലിട്ടേച്ചു ഗംഗാ-
മുത്തീൎയ്യ തം, വിരവൊടു സഖേ! നാലുകോടിക്കു ചെല്ലു.

അൎത്ഥം:—മുത്തു്=മുത്തുകൾ. ഉററം=ധാരാളമായി. അണി=അലങ്ക രിച്ചതു്. മാരൻ=കാമൻ. ആൎത്തി=ദുഃഖം. അതിരേകം=ആധിക്യം. മമ=എ നിയ്ക്കു്. മുത്തു്=സന്തോഷം. ഉററുക=നശിപ്പിയ്ക്കുക. പുനഃ=പിന്നീടു്. മുത്തുററു്=ഒരു സ്ഥലം. ഇനീയ=ഭംഗിയുള്ള. ഉത്തീൎയ്യ=കടന്നിട്ടു്. തം=അ ങ്ങു്. വിരവൊടു്=വേഗത്തിൽ. നാലുകോടി=ഒരു സ്ഥലം.

സാരം:—മുത്തുററംചേന്ന അണിമുല പിരിഞ്ഞതിനാലുള്ള മാരഖേദം എന്റെ മുത്തുററുന്നു. ഇതു് പിന്നെ ഉണ്ണുനീലിയോടു് പറയുവാൻ മുത്തു ററു് എന്ന സ്ഥലത്തുചെന്നു്, നല്ല ചിറയും പിന്നിട്ടു്, ഗംഗ (ഒരു പുഴ) യെ കടന്നു് അങ്ങു് ഹേ സഖ! വേഗം നാലുകോടി എന്ന ദിക്കിലേക്കു് ചെല്ലുക.

127

മുക്കാലും ചെന്നിമയവർതൊഴം തൃക്കൊടിത്താന മമ്പി-
ന്നക്കാർവ്വർണ്ണൻ ചരണയുഗളം കൂപ്പി നേരേ നടന്നാൽ
തെക്കിൻകൂറ, തതുകഴിവൊളം കാടിടത്തും വലത്തും
മിക്കേടെത്തും പുനരവിടമോ ഞാനുണത്തിന്നിതില്ല.

അത്ഥം:—മുക്കാലും=മൂന്നു കാലവും. ഇമയവർ=ദേവന്മാർ. അൻപിന്ന=അമ്പുന്ന (ശോഭിയ്ക്കുന്ന.)

സാരം:—ത്രികാലപൂജകറംക്കും ദേവന്മാർ തൊഴുതുപോകുന്ന തൃക്കൊടിത്താനം ക്ഷേത്രത്തിലെ കാർവണ്ണന്റെ ചരണയുഗളം (കാലിണ) തൊഴുതു നേരേ പോയാൽ, തെക്കിൻകൂറായി. ആ രാജ്യം കഴിയുവോളവും ഇടം വലം മിക്ക ദിക്കിലും കാടുതന്നേയാണ്. പിന്നെ അവിടെയൊന്നും ഞാനുണത്തുന്നില്ല.

അഭിപ്രായം:—തൃക്കൊടിത്താനം അമ്പലത്തിൽ, ദേവന്മാർ വന്നു തൊഴുമെന്ന വിശ്വാസം പണ്ടുണ്ടായിരിയ്ക്കാം. തൃപ്പുകസേവിക്കാൻ തൃശ്ശൂർ വടക്കുന്നാഥ ക്ഷേത്രത്തിലും അങ്ങിനെ വിശ്വാസമുണ്ടല്ലൊ. തെക്കിൻകൂർനാട് കാന്താരനിബിഡമായിരുന്നു എന്നു ഇതിൽനിന്നും വ്യക്തമാകുന്നു. തെക്കിൻകൂറിനെക്കുറിച്ച് ഇതേ രൂപത്തിൽ മററുള്ളവരും വണ്ണിച്ചിട്ടുണ്ടല്ലൊ. “ഘോരാകാരം വിപിനമതിലംഘ്യ” എന്നു്, ഭ്രമരസന്ദേശത്തിലും, “കാന്താരെഘാല പ്രതിഭയമതിക്രമ്യ” എന്നു ശുകസന്ദേശത്തിലും ഉള്ള പദ്യങ്ങറം ഇവിടെ സ്മരിയ്ക്കാവുന്നതാണ്.

128

അഗ്രേ കാണാം തവനു മണികണ്ഠാഖ്യപൂവ്വം പുരം തേ
തെക്കിൻകൂററിന്നൊരു മണിവരം തത്ര മേവും മുരാരിം
ഭക്ത്യാ നീ ചെന്നഴകൊടു തൊഴുന്നേര മീശാനകോണേ
നിൽക്കിൽ കേറംക്കാം പഥിക നിവഹം നിന്നുഴക്കിന്നവാറ്.

അർത്ഥം:—മണികണ്ഠാഖ്യം=മണികണ്ഠപ്പേർ. (ആഖ്യാ=പേർ.) പൂർവ്വം =മുന്നിൽ. മണികണ്ഠപ്പേർ മുമ്പിലുള്ള പുരം. മണീവരം=രത്നശ്രേഷ്ഠം. ഈശാനകോൺ=വടക്കുകിഴക്കേ മൂല. പഥികർ=യാത്രക്കാർ. നിവഹം= കൂട്ടം. അഴിക്കിന്നവാറ്=ബഹളമുണ്ടാക്കുന്ന വിധം. തദനു=പിന്നീട്. തേ= അങ്ങേക്കു്.

സാരം:—പിന്നീട് തെക്കിൻകൂറിന്നു് ഉത്തമരത്നമായ, മണികണ്ഠപുരം മുന്നിൽ കാണാം അങ്ങയ്ക്കു്. അവിടെ മേവുന്ന മുരാരിയെ (വിഷ്ണുവിനെ) ഭക്തിയോടുകൂടിച്ചെന്നു നല്ലവണ്ണം (അഴകൊട്) തൊഴുന്ന നേരത്തു്, ഈശാനകോണിലായി, യാത്രക്കാരുടെ ബഹളംകൂട്ടൽ കേൾക്കാം. ഉണ്ണാൻ വരുന്നവരുടെയായിരിയ്ക്കും.

129

ചച്ചിച്ചാലും ചരണ മതെന്നിക്കുണ്ട,തില്ലെന്നു മസ്മി—
ന്നിട്ടേടം ചൊല്ലവിട മരുതെൻെറമ്മയെ ക്കേട്ടുകൊൾക
ഇട്ടുണ്മൻ ഞാൻ തുളുവനൊരുവൻ പേർ പകന്നേടമെങ്ങു
സാദ്ധ്യക്കാരൻ പറയനവിധാ കാലെടുക്കട്ടെ പാഴം.

സാരം:—സദ്യക്കുവരുന്ന ബ്രാഹ്മണരുടെ സംഭാഷണം അനുകരിച്ചിരിയ്ക്കുകയാണ്. മുഴുവൻ വ്യക്തമല്ല. കാവ്യത്തിൽ വലിയ പ്രയോജനമില്ല ഏതാനുംഭാഗത്തിന്റെ അർത്ഥം പറയാം. ചച്ചിച്ചാലു്=ചച്ചചെയ്താലും. ചരണം (വേദവിഭാഗം) എനിയ്ക്കുണ്ട്. അതില്ല. എന്നാൽ അതിൽ കുറച്ച് കേൾക്കട്ടെ. ഇവിടെ അതു പാടില്ല. അമ്മയോട് ചോദിക്കുക. (ശേഷം

130

എന്നെല്ലാം കേട്ടവിടെയുള്ളനാമാകിൽ നീ ബിംബലീശം
വെന്നിയ്ക്കുന്നിന്നൊരു തിലകമാം വീഥ്യവമ്മാഭിധാനം
കണ്ടിട്ടേററം വിരവിൽ മരുവാർ കാലനേ, വൈകിയാതെ,
ചെഞ്ചെമ്മേ പോയ് മഹിത തിരുവാഞ്ചപ്പുഴക്കെത്തു ചെല്ലു.

അർത്ഥം:—ഉള്ളനാമാകിൽ=ഉള്ളപക്ഷം (ഉണ്ടെങ്കിൽ.) ബിംബലീശൻ =തെക്കുംകൂർ രാജാവ്. വെന്നിയ്ക്കുന്നു്=വെന്നിമല. അഭിധാനം=പേരോടുകൂടിയവനെ. മരുവാർ=ശത്രുക്കൾ. ചെഞ്ചമ്മേ=ഭംഗിയായിട്ട്. മഹിത= ഉൽകൃഷ്ടമായതു്.

സാരം:—ഈ മട്ടിൽ ബ്രാഹ്മണരുടെ സംസാരം കേട്ട് നീ (അദ്ദേഹം) അവിടെ ഉണ്ടെങ്കിൽ വെന്നിമലക്ക് തൊട്ടകുറിയായ വീര്യവർമ്മനെന്ന പേരോടുകൂടിയ തെക്കുംകൂർരാജാവിനെ പോയി കാണണം. ഹേ വൈരികുലാന്തക! പിന്നെ വൈകാതെ ഭംഗിയിൽ പോയി ഉൽകൃഷ്ടമായ തിരുവഞ്ചപ്പുഴ എന്ന സ്ഥലത്തേയ്ക്ക് ചെല്ലുക.

അഭിപ്രായം:—വെന്നിമല, കോട്ടയത്തിന്ന് കിഴക്ക്, അക്കാലത്ത് തെക്കുംകൂറിന്റെ തലസ്ഥാനമായിരുന്നിരിയ്ക്കാം. ബിംബലീശൻ എന്നു തെക്കുംകൂറിനേയും വടക്കുംകൂറിനേയും പറയും. പണ്ടവർ ഒന്നായിരുന്നു.

131

വിപ്രേന്ദ്രാണാമഭിജനവതാം വാസസങ്കേതസീമാം
ഏനാം ജാനുദഘ്നയസ മധുര സ്വച്ഛ നീരാഭിരാമാം
ഛത്രശ്രേണീവിരചിത നടപ്പന്തലൂടെ കടന്നേ
തത്രത്യാനാം വിവിധ മവിധാനാദവും കേട്ടുകേട്ട്.

അർത്ഥം:—വിപ്രേന്ദ്രന്മാർ=ബ്രാഹ്മണശ്രേഷ്ഠന്മാർ. (പ്രകൃതത്തിൽ നമ്പൂതിരിമാർ എന്നർത്ഥം) അഭിജനവതാം=കുലീനന്മാരുടെ (തറവാടികൾ) വാസസങ്കേതം=വാസസ്ഥലം. സീമാ=അതിര്. ഏനാം=ഇവളെ (പുഴയായതിനാൽ ഇതിനെ എന്ന് നപുംസകലിംഗം മതി, മലയാളഭാഷയിൽ) ജാനുദഘ്നയസം=മുട്ടോളം. മധുരം=മധുരമുള്ള. സ്വച്ഛം=നിർമ്മലമായ. നീര്=വെള്ളം. അഭിരാമം=മനോഹരം. ഛത്രം=കുട. ശ്രേണീ=കൂട്ടം. വിരചിതം=ഉണ്ടാക്കപ്പെട്ടതു്. കടന്നേ=കടന്നാലും. തത്രത്യാനാം=അവിടേയുള്ളവരുടെ. വിവിധ=പലേ മട്ടിൽ. അവിധ=ഭയപ്പെട്ട ശബ്ദം.

സാരം:—കുലീനരായ നമ്പൂതിരിമാരുടെ ഇല്ലങ്ങൾകൊണ്ടു് ഇരുകരകളും അടയാളപ്പെട്ടതിയും (വരിവരിയായി ഇല്ലങ്ങളുള്ളതെന്ന് അർത്ഥം) മധുരമായും നിർമ്മലമായും അരയോളം ആഴത്തിൽ ഉള്ള വെള്ളംകൊണ്ട് മനോഹാരിണീയുമായ ഈ പുഴ, പന്തൽപോലെ നിരത്തിയ കുടകളുടെ കീഴേക്കൂടി നടന്ന്, അക്കരെ കടക്കുക. അവിടെ താമസിയ്ക്കുന്ന നാട്ടാരുടെ സങ്കടം ഉണർത്തിക്കൽ കേട്ട് കേട്ട് പോകാം.

അഭിപ്രായം—'അവിധാ'ശബ്ദത്തിന്നു രക്ഷിക്കണേ എന്നാണർത്ഥം. പ്രകൃതത്തിൽ അതു യോജിയ്ക്കുന്നില്ല. ശൂരനാടൻ അതു വ്യക്തമല്ലെന്നു പറയുന്നുണ്ടു്. അകമ്പടിയുടെ ബഹളം കണ്ടു് പേടിച്ചിട്ടായിരിക്കാമെന്നു് ഊഹിയ്ക്കുന്നുമുണ്ടു്. എളങ്കുളം അവിടം സ്പഷ്ടമെന്ന ഭാവത്തിൽ വിട്ടുകളഞ്ഞിരിക്കുന്നു. 'അവിധാ' എന്നതിന്നു് സങ്കടം, ആവലാതി എന്നൊക്കെ അർത്ഥം ശബ്ദതാരാവലിയിൽ ഉണ്ടു്; എന്തോ ബദ്ധപ്പാടുകൊണ്ടുള്ള ശബ്ദം എന്നു് വേലുപ്പിള്ള പറയുന്നു. അതു കൂടുതൽ നന്നു്.

ഇനി ഈ പദ്യത്തിലെ "ജാനുദഘ്നയസമധുരസപക്ഷ്മ" എന്ന പ്രയോഗത്തെക്കുറിച്ചു് അല്പം പറയാനുണ്ടു്. പൂർവ്വവ്യാഖ്യാതാക്കൾ ഇവിടെ 'ജാനുദഘ്നയസം" എന്നു് പദം മുറിച്ചിരിയ്ക്കുന്നു. അതിന്നു് മുട്ടോളം എന്നു അർത്ഥവും പറയുന്നുണ്ടു് 'ദഘ്നയസം' എന്നു് ഒരു രൂപമുണ്ടോ എന്നു് എനിക്കറിവില്ല അതു സാധുവാണോ എന്നും നിശ്ചയമില്ല. പിന്നെ 'ദഘ്നയസം' എന്നു് മുറിഞ്ഞാൽ 'അധുരാ' എന്നു് സന്ധിവരുമോ എന്തോ! അതു വേണ്ടെന്നുതന്നെ വെയ്ക്കുക. എന്നാലും സുഖം പോര. എൻെറ അഭിപ്രായത്തിൽ ഇതു്, ഗ്രന്ഥം പകർത്തുന്നതിൽ വന്ന, അക്ഷരപ്പിഴയാവാമെന്നാണു്. 'ജാനൂദയസമധുരാ" എന്നായിരിക്കണം ശരിയായ പാഠം. ഉദയശബ്ദത്തിന്നു ഉയരം, വർദ്ധന എന്നൊക്കെ അർത്ഥമുണ്ടു്. അപ്പോൾ മുട്ടോളം ഉയരത്തിൽ എന്നു് ക്ലേശം കൂടാതെ കിട്ടും. എതിർപ്പില്ലാത്തവർ ഇതു് സ്വീകരിക്കട്ടെ. ഇതു് എൻെറ ഒരഭിപ്രായം

മാത്രമായി ഗണിച്ചാൽ മതി. ദ്വയസം എന്ന രൂപം സാധുവാണെങ്കിൽ അതു സ്വീകരിക്കാൻ ഒരു വിരോധവുമില്ല. അതുപോലെ ഛത്രം കുടയാവണമെന്നില്ല. പൂതണപ്പുല്ലിന്നും ഛത്രം എന്നു പറയും. ആററിൻവക്കത്തു് പുല്ലുണ്ടാവാമല്ലോ. കൂണിന്നും ഛത്രശബ്ദം പറയും; കുടയുമാവാം.

വിഗ്രഹിക്കുന്നതിൽ പാകപ്പിഴ വന്നാൽ അർത്ഥത്തിന്നു് അത്യധികം അന്തരം വരുന്നതു് സ്വാഭാവികം മാത്രമാണു്. ഒരു കഥ ഓർമ്മവരുന്നു "കുംജര-സമാനഗമനേ" എന്ന പദം 'കുംജരസം-ആനഗമനേ' എന്നു് മുറിച്ചു് അർത്ഥം ധരിച്ച വേഷക്കാരന്റെ കഥയാണതു്. 'ആനഗമനേ' എന്നതിന്നേ മുദ്ര കാണിക്കാറുള്ളു എന്നും 'കുംജരസം' ആശാൻപോലും കാണിക്കാറില്ലെന്നും ആണത്രെ, വ്യുൽപ്പത്തി തീരെ ഇല്ലാതിരുന്ന, ആ കഥകളിവേഷക്കാരൻ പറഞ്ഞതു്!! ഇവിടെ അങ്ങിനെയാണെന്നു പറയുകയല്ല. അങ്ങിനെ വരാമെന്നു് ചൂണ്ടി എന്നു മാത്രം.

132

ചോരിച്ചെവ്വാമലരിൽ മധുരാം ചോലയിൽ ചേർന്ന പൂന്തേൻ-
കോരിത്തൂവും വചസി ലളിതാം കോമളാം മംഗലാംഗീം
പാരിൽ ക്കാണ്ടാങ്കുള മിതമമരുന്നോമലെ കണ്ടുപോവാൻ
ചാരത്തല്ലാഞ്ഞതു ചരതമായ് ഞാനുണർത്താഞ്ഞതത്രു്.

അർത്ഥം:—ചോരി=രക്തം. ചെവ്വാം=ഭംഗിയുള്ള. മലർ=പൂവ്വ്. മധുരാം=മാധുര്യമുള്ള. ചോലയിൽ=മരക്കൂട്ടത്തിൽ. വചസി=വാക്കിൽ. കാണ്ടാങ്കുളം=ഒരു സ്ഥലം. ഇതം=ഹിതം. അമരുക=വസിക്കുക. ഓമൽ=സുന്ദരി. ചരതം=സരസം.

സാരം:—ചോരത്തുടുപ്പാർന്ന ചെഞ്ചുണ്ടുകൊണ്ടു് മധുരയും പച്ചിലക്കാട്ടിലെ (ശീതളമായ) പൂന്തേൻ കോരിത്തൂവുന്നപോലുള്ള ലളിതവചസ്സും

കോമളാകാരമാൎന്ന മംഗലാംഗി, കാണ്ടാകുളത്തു് ഹിതമാകുംവണ്ണം വസിയ്ക്കുന്നവളുമായ ഓമലിനെ കണ്ടുപോകാൻ, വഴിയരികിലല്ലാഴ്കയാൽ, ഞാൻ പറയുന്നില്ല. അതത്ര സരസമല്ല.

അഭിപ്രായം:—'പാരിൽ കാണ്ടാങ്കുളം' എന്ന പാഠത്തിൽ, പാരിൽ എന്നതിനു്, ഭൂമിയിൽ എന്നൎത്ഥമായാൽ വലിയ ഔചിത്യമൊന്നുമില്ല. പാരികാണ്ടാങ്കുളം എന്നാവാം പേരു്.

133

കല്യാണാബ്ധേ! തദനു ച, തിരിഞ്ഞെയ്യുടി ക്കേററുമാന്നൂർ
ചെല്ലാം, ചെന്നാലവിടെ മരുവും മാരവൈരിം വണങ്ങി
ഊണും തേവാരവു മവിടെനിന്നൊട്ടു വേഗേന കൃത്വാ
വാണംപോലെ, വടിവിൽ നടകൊൾകെങ്ങു വേണാടർകോനേ!

അൎത്ഥം:—കല്യാണാബ്ധി=മംഗളക്കടൽ. തദനു=പിന്നെ മാരവൈരി=ശിവൻ. വേഗേന=വേഗം. കൃത്വാ=ചെയ്തിട്ടു്. വടിവിൽ=ഭംഗിയിൽ.

സാരം:—ഹേ കല്യാണാബ്ധേ, വേണാടർകോനെ! പിന്നെ ഉച്ചയ്ക്കു തിരിഞ്ഞെഴുടിയായാൽ, ഏററുമാന്നൂർ എത്താം. അവിടെ ചെന്നു ശിവനെ തൊഴുതു, ഊണും തേവാരവുമൊക്കെ ഒട്ടു വേഗത്തിൽകഴിച്ചു്, വാണംപോലെ (അതിവേഗം) വടിവിൽ യാത്ര തുടരുക.

134

കാതംപോരും വഴി കുറകയില്ലേതുമേ, കോതനല്ലൂർ
ചൂതംതോറും തണലിൽ വിളനെൽ കാക്കുമാ കന്യകാനാം
കാർതാളംനീണ്ട സിതനയനം കണ്ടു, മാനെന്നു മത്വാ,
പേതപ്പെൺമാൺനികര മരികേ ചെന്നു മേവീടുമേടം.

അൎത്ഥം:—ചൂതം=തേൻമാവു്. അസിതം=കറുത്തതു്. (സിതം=വെളുത്തതു്) മത്വാ=വിചാരിച്ചിട്ടു്. പേത=ബുദ്ധിയില്ലാത്ത. നികരം=കൂട്ടം. മേവുക=വസിക്കുക.

സാരം:—അവിടെനിന്നു് കോതനല്ലൂക്കു് ഒരു കാതമേ വഴിയുള്ളു. (4 നാഴിക) ഒട്ടും കുറയുകയുമില്ല. (ഏതു =ഒട്ടും) അവിടെ, തേൻമാവുതോ

ദം തണലിൽ, വിളഞ്ഞനെല്ല് കാത്തു് നാടൻകന്യകമാർ കാവലിരിയ്ക്കുന്നുണ്ടാകും. അവരുടെ കാതോളം നീണ്ട കറുത്ത കൺമിഴികൾ കണ്ടു്, മാനാണെന്നു് ധരിച്ചു്, ബുദ്ധികെട്ട പെൺമാൻകൂട്ടം അടുത്തുചെന്നു കൂടും. അവരുടെ കണ്ണിൻെറ ഭംഗി അത്രയധികം ഉണ്ടെന്നർത്ഥം.

അഭിപ്രായം:—"പോതപ്പെൺമാൻ" എന്നായാൽ മാൻകുട്ടികൾ എന്നർത്ഥമാണു്. അതാണു് കൂടുതൽ ഭംഗി.

135

കൂവീടിൻമേമലെളളു വഴിയിന്നങ്ങു പണ്ടേതിടന്നക്കാൾ
പൂവിടിന്നോ ചില തരുകുലോല്ലാസി പാൾപാഭിരാമം
തേർപോഃവാഃളം വടിവിലിടമുണ്ട ഞെടുത്തത്തൃദാരം
വാപീതീരം പ്രതിവിരചിതം ബിംബലീപാലകേന.

അർത്ഥം:—കൂവീടു്=അരക്കാതം. (114–ാം പദ്യം നോക്കുക.) എളളു്=കുറവു്. പൂവ്വീടിടന്നാ=പൂക്കൾ കൂടുതലായിരിക്കുന്ന. തരുകുലം=വൃക്ഷക്കൂട്ടം. ഉല്ലാസി=ശോഭിക്കുന്ന. പാൾപം=വാക്കു്. വാപി=കുളം. തീരം=വക്കു്. വിരചിതം=ഉണ്ടാക്കിയതു്.

സാരം:— ഒരു കുറുക്കുവഴിയുണ്ടു്. മുമ്പു് ഉള്ളതിലും അരക്കാതം കുറവാണു്. പൂക്കൾ തിങ്ങി നിറഞ്ഞ വൃക്ഷസമൂഹം അരികിൽ നിറഞ്ഞു നില്ക്കുന്നതാണാ വഴി. മനോഹരമാണു്. കുളക്കരയിലേയ്ക്കു (തീരംപ്രതി) തേർകൊണ്ടുപോകത്തക്ക വീതിയിൽ വടക്കുംകൂർരാജാവു് ഉണ്ടാക്കിച്ചതാണതു്; വടിവിലും ഉദാരമാകുംവണ്ണം (ശ്രേഷ്ഠം) അതടുത്തു കാണാവുന്നതുമാണു്.

136

ചിന്തിപ്പോമ്മാറരികുലബലം ബിംബലീപാലകനാം
അന്തിക്കുളം മിരുത വിരുതൈർ നിന്നൊടാവേദയേയുഃ
സിന്ധുദ്വീപജനിത കതിരക്കഞ്ചിയിൽ ക്കിഞ്ചലാലാഃ
സിന്ധുദ്വീപം ദ്വിപമദപരിസ്യന്ദിനോ മന്ദവാതാഃ

അർത്ഥം:—ചിന്തിപ്പോമാറ്=ചിതറിപ്പോകും വിധം. അരികുലം=ശത്രുസമൂഹം. ബലം=ഉരക്കു്. അന്തിക്കുളം=സന്ധ്യക്കു് ഊതുന്ന. മിരുതം=യുദ്ധം. വിരുതം=ശബ്ദം. (വിരുതൈഃ=ശബ്ദംകൊണ്ടു്.) ആവേദയേയുഃ=ആവേദനംചെയ്യും. (അറിയിക്കും.) സിന്ധുദ്വീപ=സിന്ധുരാജ്യത്തു്. കു

ഞ്ചി=കുഞ്ചിരോമം. കിഞ്ചി=അത്രയുമല്ല. ലോലാഃ=ഇളകിയിരിക്കുന്ന. സിന്ധുദ്വീപം=കടുത്തുരുത്തി. ദ്വിപം=ആന (തുമ്പികൊണ്ടും വായകൊണ്ടും രണ്ടു തവണ പാനംചെയ്യുന്നതു് എന്നർത്ഥം.) മദം=മദജലം. പരിസ്യന്ദിനഃ=പ്രസരിപ്പിയ്ക്കുന്നവ. (പരത്തുന്നവ.) മന്ദവാതാഃ=ചെറുകാററ്.

സാരം:—അങ്ങ് കടുത്തുരുത്തിയിലെത്തുമ്പോൾ സ്ഥലം അറിയാൻ പ്രയാസമില്ലെന്നു പറയുന്നു. വടക്കുംകൂർരാജാക്കന്മാരുടെ ശത്രുക്കളുടെ ഉരക്കു് ചിതറിപ്പോംവണ്ണം സന്ധ്യക്കു് സമരകാഹളം വിളിയ്ക്കുന്നതു് കേൾക്കാം. ആ ശബ്ദംതന്നെ അങ്ങയുടെ സ്ഥലം ഇന്നതാണെന്നു് സ്പഷ്ടമായിപ്പറയും. പോരെങ്കിൽ സിന്ധുരാജ്യത്തിൽനിന്നു് വാങ്ങിയ വിലയേറിയ, കുതിരകളുടെ കുഞ്ചിരോമത്തിൽ തത്തിക്കളിച്ചിളകിയതും അതുപോലെ മത്തഗജങ്ങളുടെ മദജലം ഗന്ധംപരത്തുന്നതുമായ മന്ദാനിലൻ സംശയം തീർക്കും.

അഭിപ്രായം:—സിന്ധുരാജ്യത്തെ കുതിരകളാണു് ഉത്തമങ്ങൾ. അതിനാൽ കുതിരകൾക്കു് മൊത്തത്തിൽ 'സൈന്ധവം' എന്ന പേർപോലും പറയുന്നുണ്ടു്.

137

വിസ്താരാഢ്യേ ഭുവനവിദിതേ മത്തമാതംഗഭീമേ
താരാർമാതിൻ കുലനിലയനേ ദിവ്യരത്നാഭിരാമേ
അംഭോരാശൗ തരണി പകലോനെന്നപോലേ സഖേ! നീ
മംഗല്യാബ്ധേ! വടമതുരയിൽ ച്ചെന്നകംപൂക പിന്നെ.

സാരം:—മംഗല്യാബ്ധിയായിരിയ്ക്കുന്ന ഹേ സഖേ! അംഭോരാശിയിൽ (സമുദ്രത്തിൽ) പകലോൻ (സൂര്യൻ) എന്നപോലെ അങ്ങ് സന്ധ്യക്കു് വടമതുരയിൽ ചെന്നുചേരുക (അകംപൂകുക). അങ്ങ് മംഗളങ്ങൾക്കു് ഇരിപ്പിടമാണ്. എങ്ങിനെയുള്ളതാണ് വടമതുര എന്നാണെങ്കിൽ സമുദ്രതുല്യമാണ് രണ്ടും. വിസ്താരംകൊണ്ടു് (ആഢ്യം=ശ്രേഷ്ഠം. അല്ലെങ്കിൽ, ചേർന്നതു്.) ആഢ്യമാണ്; ഭുവനവിദിതമാണ്. ഭുവനം (വെള്ളം എന്നും ലോകമെന്നും) ഒന്നു് വെള്ളംകൊണ്ടു് പ്രസിദ്ധം മററതു് പാരിൽ പേർകേട്ടതു് (വിദിതം=അറിയപ്പെട്ടതു്) മത്തമാതംഗങ്ങൾ (മദിച്ച ആനകൾ കൊണ്ടു്) ഭീമം (ഭയങ്കരം) ആണ്. (കടലാനകൾ ഉണ്ടല്ലോ കടലിൽ) താരാർമാതിന്റെ (ശ്രീയുടെ) കുലനിലയമാണു് രണ്ടും. ലക്ഷ്മി കുടികൊള്ളുന്ന

താണെന്നൎത്ഥം. ദീവ്യമായിരിയ്ക്കുന്ന രത്നങ്ങൾകൊണ്ടു് അഭിരാമമാണു് (അഴകാൎന്നതു്) രണ്ടും.

അഭിപ്രായം:—ഹേ തോഴരെ! സന്ധ്യക്കു് ആദിത്യൻ (ആദിത്യവൎമ്മയും) ആഴിയിലാഴംപോലെ അങ്ങു് വടമതുരയിൽ അകം പൂകുക. മററു വിശേഷണങ്ങൾ സമുദ്രത്തിന്നും സ്ഥലത്തിന്നും യോജിയ്ക്കുന്നവയാണു്. നല്ല ശ്ലേഷാലങ്കാരമാണു്. ഇങ്ങിനെ പൂൎവ്വഭാഗം കഴിഞ്ഞു.

ഉത്തരഭാഗം

1

ആററിൻനേരായ് കരിവരമദം നീടൊഴുക്കും വടക്കിൻ—
കൂററിന്നിന്ന ഞഴകുപൊഴിയിക്കിന്ന പുണ്യാംബുരാശേഃ
മാററാർ കൂപ്പും മഹിതമണികണ്ഠന്നയോദ്ധ്യേവ രാമ—
ന്നോററം വശ്യാ ജയതി നഗരീ, സാ കടന്തേരി നാമ്നാ.

അർത്ഥം:—ആററിൻനേരായ്=പുഴപോലെ. കരിവരമദം=ഗജശ്രേഷ്ഠന്മാരുടെമദജലം. നീടൊഴുക്കും=നീളത്തിൽ ഒഴുക്കുന്ന. അഴകുപൊഴിക്കുന്ന=ഭംഗിചേക്കുന്ന. പുണ്യാംബുരാശി=സുകൃതസമുദ്രം. (രാശേഃ=രാശിയുടെ) മാററാർ=ശത്രുക്കാം. വശ്യാ=സ്വാധീനമായതു്. ജയതി=വിജയിക്കുന്നു. നഗരി=പട്ടണം. നാമ്നാ=നാമത്തോടുകൂടി.

സാരം:—മത്തഗജങ്ങളുടെ മദജലം പുഴപോലെ ഒഴുക്കുന്ന (ആനകളുടെ സമൃദ്ധി കാണിയ്ക്കുന്നു) വനും, വടക്കുംകൂറിന്നു് അഴകുചേക്കുന്ന ഭാഗ്യവാനും ശത്രുക്കാം കൈകൂപ്പുന്നവനും ആയ മണികണ്ഠനെന്ന മഹാരാജാവിനു്, കടന്തേരി എന്ന പേരോടുകൂടിയ ഒരു പുരി അധീനമായിരിക്കുന്നുണ്ടു്. ശ്രീരാമനു് അയോദ്ധ്യപോലെയാണതു്.

അഭിപ്രായം:—'കടന്തേതി' എന്ന പാഠമാണു് നല്ലതു്. ശത്രുക്കാം ഭയപ്പെട്ടുകയല്ലാതെ കൈക്രൂപ്പുന്നതു്, മഹത്വത്തിനെ കാണിയ്ക്കുന്നു. ശത്രുക്കളുടെ ആദരവ് നേടാൻ യഥാത്ഥഗുണഗണങ്ങാം വേണം. പൌരുഷം മാത്രം പോരാ. "വരാസനസ്ഥഃ സമരാജവന്ദിതഃ" എന്ന ഭാഗവതശ്ലോകം നോക്കുക. (മുചുകുന്ദസ്തുതി)

2

കാരോ പെണ്മാൻമിഴികാം ഭവനംതോറ മൻപോടു ചെന്ന—
ങ്ങാരാഞ്ഞെല്ലാപ്പൊഴുതു മിടമാടമ്പു വാരാതവാറു്
വീരന്മാർമേൽ പ്പുലര മലരമ്പെയ്തു താൻ വീരനാവാൻ
മാരന്നുണ്ടും കളിയു മവിടെ ച്ചാല വൈകിന്നതല്ലോ.

അൎത്ഥം:—ആരാഞ്ഞ്=അന്വേഷിച്ച്. ഇടമാടമ്പ്=ഇടയുന്ന മാടമ്പ്=(അതായതു് അധികാരമത്സരം) വരാതവാറ്=വരാത്തവണ്ണം. വീരന്മാർമേൽ=വീരന്മാരിൽ കവിഞ്ഞ്. പുലര=പുലരത്തക്കവണ്ണം. മലരമ്പ്=പുഷ്പബാണം. ചാല=വളരെ.

സാരം:—ഓരോ പെൺമാൻമിഴികളുടെ വീട്ടുതോറും വേണ്ടവിധം അന്വേഷിച്ചുചെന്ന് തനിക്കധികാരമത്സരം വരാതിരിക്കാൻ, വീരന്മാരിൽക്കവിഞ്ഞ് താൻ വീരനാവാൻ, പുലരുംവരെ അമ്പെയ്തുകഴികയാൽ അവിടെ കാമന്റെ കളിയും ഉഴൺമൊക്കെ വളരെ വൈകുന്നുവല്ലോ വിശ്രമമില്ലെന്നൎത്ഥം.

അഭിപ്രായം:—ഇവിടെ 'ഇടമാടമ്പ്' എന്നതിന്ന് 'ഇടപ്രഭുത്വം' എന്നാണ് ഭംഗിയായി തോന്നുന്നതു്. അതുപോലെ 'വീരന്മാർ മേൽ' എന്നതിന്ന് 'വീരന്മാരുടെ മേൽ' എന്നാണ് അൎത്ഥം. അപ്പോൾ കാമൻ സുന്ദരിമാരുടെ വീടുകൾതോറും വിശ്രമമില്ലാതെ നടക്കുന്നുവെന്ന് സാരം. അമ്പെയ്യുന്നതു് വീരന്മാരുടെ മേൽ ആയാലേ സാരസ്യമുള്ളൂ. എന്തിനാണ് അതു്? താൻ വീരനാവാൻ. തനിക്ക് ഉൽപ്രഭുത്വം നിലനിൽത്തണം. ഇടപ്രഭുവായി തരംതാഴരുതു്. ഇതാണ് അക്ലിഷ്ടമായ അൎത്ഥം. ശൂരനാടനും, എളങ്കുളവുമൊക്കെ മറ്റുവിധത്തിൽ വ്യാഖ്യാനിച്ചു കാണുന്നതിനാൽ ഞാനും ആ പാഠം സ്വീകരിച്ചതാണ്. വീരന്മാർ മേൽ വീരനാവാൻ എന്നു് ദൂരാന്വയംകൂടാതെ കഴിയും. ദേവലപ്പിള്ള ഈ അഭിപ്രായക്കാരനാണ്.

3

ചേടീവക്ത്രം പുനരൊരു കരംകൊണ്ടുടൻ പൊത്തയിത്വാ
മാടോപാന്തേ വളർമതിയുടെ മാർവിൽ മാൻപേടകണ്ട്

ഉരടേ കാട്ടി ച്ചില മരതകക്കല്ലു പൈംപുല്ലുപോലേ.
വാടാമാലക്കഴലികഠം ചതിച്ച ങ്ങണച്ചീടുമേടം.

അത്ഥം:—ചേടീ=ദാസി. വക്ത്രം=മുഖം. പൊത്തയിത്വാ=പൊത്തിയിട്ട് (സംസ്കൃതരീതി) മാടം=മാളിക. ഉപാന്തേ=സമീപത്തിൽ. വളർമതി=ഭംഗിയേറിയ ചന്ദ്രൻ. ഉരടേ=നേരെ. വാടാമാലക്കഴലികഠം=വാടാത്ത മാലയണിഞ്ഞ തലമുടിക്കെട്ടോടു കൂടിയവർ.

സാരം:—അവിടത്തെ മാളികകളുടെ ഔന്നിത്യം കാട്ടുകയാണ് ഈ പദ്യത്തിലെ പ്രധാന പ്രയോജനം. മാളിക, ചന്ദ്രമണ്ഡലത്തോളം ഉയരമുള്ളതിനാൽ, സമീപത്തായി പൂർണ്ണചന്ദ്രൻ വരുമ്പോഠം, അമ്പിളിയുടെ അങ്കത്തിൽ (മാറത്ത്) മാൻപേടയെക്കണ്ടു്, അതിനെ അരികിലേക്കാനയിക്കാൻ ശ്രമിയ്ക്കുകയാണു്. ആദ്യം അതു് ആളുകളെ കണ്ടു് ഓടിപ്പോകുമോ എന്നു ഭയന്നു്, ശബ്ദിക്കാതിരിക്കാൻ, തോഴിയുടെ വായ ഒരു കൈകൊണ്ടു് പൊത്തുന്നു. പിന്നെ മരതകക്കല്ലു് എടുത്തു് നിലാവത്തു കാട്ടുമ്പോഠം പച്ചരശ്മികഠം ഇളംപുല്ലു്പോലെ പ്രകാശിയ്ക്കുന്നതു് കാണിച്ചു് അതിനേ ചതിച്ചു് അടുത്തു് വിളിച്ചുവരുത്തുന്നു. ഇങ്ങിനെ സുന്ദരിമാർ ക്രീഡിയ്ക്കുന്ന സ്ഥലമാണതു്.

അഭിപ്രായം:—ഈ പദ്യത്തിനു് അത്യബദ്ധമായ ഒരു പാഠമാണു് എളങ്കുളം സ്വീകരിച്ചിരിയ്ക്കുന്നതു്. മൂന്നാംപാദത്തിലെ 'പോലെ' എന്ന പദം 'പാടേ' എന്നു തുടങ്ങി, 'വാടാമാലക്കഴലികഠം' എന്നതിന്നു പകരം 'വാടായെന്നായ്മുലയിണ' എന്നു ചേർത്തിരിയ്ക്കുന്നു. എന്നിട്ടു്, ജാരസംസർഗ്ഗം സാധിയ്ക്കുന്നു എന്നാണു് സിദ്ധാന്തിയ്ക്കുന്നതു്! ദാസിയുടെ വക്ത്രം പൊത്തുന്നതും പച്ചക്കൽ കാട്ടുന്നതും മാനിനെ 'വാടാ' എന്നു വിളിയ്ക്കുന്നതുമൊക്കെ ജാരന്നു് സങ്കേതമാണുപോലും! തൻെറ മനസ്സിലുള്ളതാണു് എല്ലാവരും കാണുക എന്ന ന്യായത്തിൽ സദാചാരത്തിനോടിത്ര വെറുപ്പു് എളങ്കുളത്തിനുണ്ടെങ്കിൽ, അതു് സ്വാഭാവികം മാത്രമായിയ്ക്കാം. പക്ഷെ, സുന്ദരമായ ഒരു ക

ലാസ്രഷ്ടിയെ 'മനഃപൂൎവ്വം' വളച്ചൊടിയ്ക്കുണ്ടതുണ്ടോ? 'മനഃപൂൎവ്വം' എന്നു പറയാൻ പ്രത്യേകം കാരണമുണ്ട്. അദ്ദേഹത്തിന്റെ വ്യാഖ്യാനത്തിൽ രണ്ടാംശ്ലോകം അവസാനിയ്ക്കുന്നിടത്തു് ഇങ്ങിനെ ഒരു വാചകം ആൎദ്ദം കാണാം. "ഈ പദ്യത്തിൽ വേശ്യകളുടെ കാൎയ്യമാണെങ്കിൽ, ഭൎത്തൃമതികളുടെ സ്ഥിതി അടുത്ത പദ്യത്തിൽ വരുന്നുണ്ട്." ഇങ്ങിനെ ഒരു മുന്നറിയിപ്പ് അദ്ദേഹം ആദ്യമേ തരുന്നു. എന്നിട്ടാണ് പിന്നത്തെ നിഷ്കളങ്കപദ്യത്തെ യഥേഷ്ടം വളച്ചൊടിച്ച് ഭൎത്തൃമതികളും കുടലകളാണെന്നു് കുലസ്ത്രീകളെ അടച്ചാക്ഷേപിയ്ക്കുന്നതു! വേശ്യകളെ നിന്ദിച്ചതിൽ തന്നിയ്ക്കു് അല്പം പരിഭവമുള്ള നാട്യമല്ലേ ആ പ്രസ്താവന കണ്ടാൽ തോന്നുക? അവർ സ്വന്തപ്പെട്ട ആളുകളാണെന്ന സ്വരമല്ലേ അതിൽ? അതിനു ഒരു പകരംവീട്ടലാണ് പിന്നത്തെ പദ്യത്തിൽ അദ്ദേഹം കാണുന്നതു്. അതിലദ്ദേഹത്തിന് ഒരു പൈശാചികാഹ്ലാദവുമുണ്ട്! വേശ്യകളെ പറയുന്നതിൽ എളങ്കുളത്തിന്റെ മനോവേദന മനസ്സിലാക്കാൻ വിഷമമുണ്ട്. "സത്യാനൃതതേച വിപരീതദൎശിനീ" എന്നു മാത്രമല്ല ഇവിടെ എളങ്കുളത്തിന്റെ നില. തികച്ചും "സജ്ജനഭൎത്സനപ്രിയാ" എന്നതാണ്. വേലപ്പിള്ള, കാമുകരെ ചതിയ്ക്കുന്നതായിട്ടാണ് വ്യാഖ്യാനിക്കുന്നതു്!

4

മദ്ധ്യത്തഭാഗം വളർചെവികളാ മാലവട്ടങ്ങൾ കൊണ്ടും
നെഞ്ചേന്തീടും മുഴുകതിരവാലായ വെഞ്ചാമരെച്ച
കെല്പാന്നീടും പടയിൽ നടുവേ സാദരം വീജ്യമാനാ
നിത്യം വീരത്തിരുവനിതയും തത്ര മേവീടുമേടം.

സാരം:—(മത്തേഭാനാം) മദയാനകളുടെ (വളർ=വളന്ന) വലിയ ചെവികളാകുന്ന ആലവട്ടവും (നെച്ച്=ഭംഗിയുള്ളതു് അല്ലെങ്കിൽ ഇളക്കം) ഇളകുന്നതും മാർദ്ദവമേറിയതുമായ കുതിരവാലാകുന്ന വെഞ്ചാമരം, ഇവകളെക്കൊണ്ടു് വൻപടയുടെ നടുവിൽ സാദരം (ആദരവോടെ) വീശപ്പെടുന്ന (വീജ്യമാനാ) വീരവനിത (വീരശ്രീ) നിത്യവും അവിടെ വസിക്കുന്നു. അങ്ങിനെയാണവിടം.

5

“വില്പാൻ ചെല്ലിൽ ത്രിഭുവനമിദം കൊള്ളുമാറാർജ്ജിതാർത്ഥ-
രാര്യപ്രായൈരിനിയവചസാ മാര്യവംശപ്രധാനൈഃ
നാനാരത്നദ്രവിണമണിയിന്നാപണശ്രേണിതോറും
നാണിപ്പോമാറളകനളിനപ്പെൺ കളിച്ചീടുമേടം

അർത്ഥം:—ത്രിഭുവനമിദം=ഈ മൂന്നു് ലോകവും. കൊള്ളുമാറ്=വാങ്ങാൻതക്കവണ്ണം. ആർജ്ജിതാർത്ഥന്മാർ=അർത്ഥം (ധനം) ആർജ്ജിച്ചവർ (സമ്പാദിച്ചവർ) വചസാ=വാക്കുകൊണ്ടു്. ഇനിയ=നല്ല. ആര്യപ്രായൈ=ശ്രേഷ്ഠതുല്യരും. ദ്രവിണം=പണ്ടം. അണിയുന്ന=അലങ്കരിക്കുന്ന. ആപണശ്രേണീ=അങ്ങാടിക്കൂട്ടം. നളിനം=താമര. നാണിപ്പോന്മാറ്; ലജ്ജിക്കുമാറ്.

സാരം:—മൂന്നുലോകവും വിലയ്ക്കു വാങ്ങുവാൻ കഴിവുള്ള മട്ടിൽ പണക്കാരായും, വാക്കിൽ ബൃഹസ്പതിപോലെ പടുക്കളും ആയ കച്ചവടക്കാർ പലേ രത്നങ്ങളും പണ്ടങ്ങളും നിരത്തിയ അങ്ങാടിതോറും, അളകാപുരി നാണിക്കുമാറ്, ലക്ഷ്മീദേവി നൃത്തംവെക്കുന്നതാണാപ്രദേശം.

അഭിപ്രായം:—അങ്ങാടിയുടെ വർണ്ണന ഹൃദ്യമായിരിക്കുന്നു ഐശ്വര്യസമൃദ്ധി വ്യക്തമായിരിക്കുന്നു.

6

ബാലസ്ത്രീണാം മുലയിൽ മലിയും കുങ്കുമച്ചാറുചേറായ്-
ച്ചാലപ്പണ്ണും കമലകലിതാ ശ്രീമതീ ശൈലകന്യാ
മാലക്കാലത്തളികൾ തെളിവുറവുമ്പീനോരാമ്പൽ വമ്പു-
റ്റേറാലും കോലപ്പവനനൊടുടൻ ചെന്നു മേവീടുമേടം.

അർത്ഥം:—ബാലസ്ത്രീണാം=കുട്ടിപ്പെണ്ണുങ്ങളുടെ. മലിയും=നിറഞ്ഞുവഴിയുന്ന. ചാല=ഭംഗിയായ. പണ്ണും=ഉണ്ടാകുന്ന. കമലകലിതാ=താമര

കൊണ്ടു് മനോഹരാ. ശ്രീമതി=ശോഭയാണ്ടവൾ. ശ്രീ=ശോഭ. ശൈലകന്യാ=കുന്നിൻ കന്യാ. (കുന്നിലുണ്ടായ പുഴയാണു് പ്രകൃതാർത്ഥം) ശൈലം=ശിലയോടുകൂടിയതു്. ശില=കല്ലു്. മാലക്കാലത്തു്=സന്ധ്യാകാലത്തു്. അളികൾ=വണ്ടുകൾ. തെളിവുററു്=സന്തോഷത്തോടെ. ഉഴമ്പിനാം=നുകരുന്ന. വമ്പുറോലും=മുഴുകെ തഴുകുന്ന കോലപ്പവനൻ=നല്ല കാററു്.

സാരം:—ബാലപ്പെണ്ണുങ്ങൾ കുളിയ്ക്കുമ്പോൾ മുലയിലലിയുന്ന കുങ്കുമച്ചാറു് ചേററായി, അതിൽ ഭംഗിയോടെ മുളച്ച താമരകളെക്കൊണ്ടു് ശോഭിയ്ക്കുന്ന പുഴ, സന്ധ്യാകാലം വിടരുമ്പോൾ, വണ്ടുകൾ തേനുണ്ണുന്ന ആമ്പൽപൂക്കളെ തഴുകുന്ന മന്ദമാരുതൻ വീശുന്ന സ്ഥലമാണതു് എന്നു് താല്പര്യം.

അഭിപ്രായം:— ഇതു തളിയിലെ (കടുത്തുരുത്തി) ക്ഷേത്രത്തിന്റെ പടിഞ്ഞാറു് ഒഴുകുന്ന തോടാണു്. ശൈലകന്യാ എന്ന പ്രയോഗംകൊണ്ടു്, ക്ഷേത്രത്തിലെ ശ്രീപാർവ്വതിയേയും ഉദ്ദേശിയ്ക്കുന്നുണ്ടായിരിയ്ക്കും.

7

ദ്വീപാൽ, ദ്വീപാൽ കടലരികെ ൟളം ചോങ്കിൽ വന്നർത്ഥജാലം
കൂടക്കൂട ക്രമുക മരിചം കൊണ്ടുചെന്നങ്ങു നൽകി
തോണിക്കൂട്ടം മുഴുകെ മുഴുകക്കൊണ്ടുചെന്നൊന്നിനോടൊ–
ന്നെത്തിത്തിങ്ങത്തന്നലിലണയത്താഴമേവീടമേടം.

അർത്ഥം:—ചോങ്കു്=ചീനക്കപ്പൽ. അർത്ഥജാലം=ധനസമൂഹം. ക്രമുകം=അടക്ക മരിചം=മുളകു് (കുരുമുളകു്)

സാരം:—ഓരോരോ ദ്വീപാന്തരങ്ങളിൽനിന്നും ചീനക്കപ്പലുകളിൽ കൊണ്ടുവന്ന ദ്രവ്യങ്ങളെ, അടക്കയും മുളകും കയററി, തോണികളിൽ കടലിന്നരികെവരെ കൊണ്ടുകൊടുത്തു്, പകരം വാങ്ങി തോണിക്കൂട്ടം മുഴുകെ (നിറയെ) നിറച്ചു് തിരിച്ചു് കൊണ്ടുവരുന്ന സമയം ഒന്നിനോടൊന്നിച്ചു് തിങ്ങി തണലുള്ളിടത്തു് (അണയ) താഴെ അടുത്തു് മേവുന്ന സ്ഥലമാണവിടം.

അഭിപ്രായം:— അക്കാലത്തു കടുത്തുരുത്തിയുടെ വാണിജ്യവ്യവസായാഭിവൃദ്ധി വ്യക്തമാവുന്നു.

8

ഈടുകൂടി ക്കനമളികുലം ചേൎന്നു പൂങ്കാവുതോറും
കൂടക്കൂട ത്തുടുതുടമലർ തേന്നൽ പെയ്യോരു നേരം
ആടിക്കൊണ്ടൽ പ്പെരുമഴയിതെന്നിങ്ങനേ കല്പയിത്വാ
വേടക്കാലത്തഴകൊടു മയിൽക്കൂട്ട മാടീടുമേടം.

അൎത്ഥം:—ഈടുകൂടി=ഈട്ടംകൂടി. കനം=വൎദ്ധിച്ച. അളികുലം=വണ്ടിൻകൂട്ടം. മലർ=പൂവ്. തെന്നൽ=തേൻ. പെയ്യോരുനേരം=പെയ്യുമ്പോൾ. ആടി=കൎക്കടകം. കൊണ്ടൽ=മേഘം. കല്പയിത്വാ=തീരുമാനിച്ചിട്ട്. വേടക്കാലം=വേനൽ.

സാരം:—അനേകായിരം വണ്ടുകൾ മുരണ്ടുകൊണ്ട് പൂങ്കാവുതോറും പറന്ന് ഇടക്കിടക്ക് തുടുതുടുത്ത, പൂക്കളിൽനിന്ന് പൂന്തേൻകണങ്ങൾ പൊഴിയുമ്പോൾ, വേനല്ക്കാലത്തും ഇരുട്ടും ശബ്ദവും ജലകണങ്ങളും കണ്ട്, കൎക്കടകക്കാറിൽനിന്നു് കനത്ത മഴ വീഴുകയാണെന്ന് ഭ്രമിച്ച്, മയിലുകൾ ഉത്സാഹത്തോടെ ആടാൻ തുടങ്ങുന്ന സ്ഥലമാണത്. വേനലിൽ വൎഷഭ്രാന്തി വരുത്തുന്നു.

9

പൊന്മാടത്തിൻ നിഴലെ വെയിലെന്നോൎത്തു പെയ്യുന്ന വെള്ളം
തേന്മാവിന്റെ മധുരസമിതെ, ന്നമ്പിനോടുമ്പി നിന്നു്
മേന്മേലോരോ പരിചിൽ മടവാർ പാടുമ പ്പഞ്ചമത്തിൽ
ത്താന്മേലാവാൻ തെളിവൊടു കുയിൽപ്പേട പാടീടുമേടം

സാരം:—പൊൻമാടങ്ങളുടെ നിഴലിനെ (മഞ്ഞനിറമാകയാൽ) വെയിലെന്നോൎത്ത്, പെയ്യുന്ന വെള്ളം തേൻകണമാവുമെന്ന് തെറ്റിദ്ധരിച്ച് (തേന്മാവിന്റെ മധുരരസം എന്ന്; അമ്പിനോട്=സന്തോഷത്തോടെ) നകൎന്നുനിന്നു് (ഉമ്പി) പരിചിൽ (ഭംഗിയിൽ) മേന്മേലേ (മേൽമേൽ) മടവാർ (സ്ത്രീകൾ) പഞ്ചമം പാടുമ്പോൾ (താൻ മേലാവാൻ) താൻ അവരിൽ മേലെയാവണമെന്നു് വെച്ച് കുയിൽപ്പേട തെളിവൊടു പാടുന്ന സ്ഥലമാണത്.

അഭിപ്രായം:—വേനൽക്കാലത്ത് മയിൽ ആടുന്നു. കാരണം വൎഷലക്ഷണം വ്യക്തമാകയാൽ എന്നൎത്ഥം. ഇ

വിടെ വർഷക്കാലം വേനലെന്നു് കുയിൽ തെററിദ്ധരിയ്ക്കുന്നുവെന്നാണു് പറയുന്നതു്. കാരണം പൊൻമേടകളുടെ രശ്മികഠം വെയിലായി ധരിയ്ക്കുന്നു. അപ്പോഠം ശരിയ്ക്കു് ചൊരുന്ന മഴയെ, പൂന്തേൻ പൊഴിയുന്നതായും ധരിച്ചു. കുയിൽ സുന്ദരിമാരോടു് മത്സരിച്ചു് പാടാൻ തുടങ്ങി. 'ഭ്രാന്തിമാൻ' എന്ന അലങ്കാരം എത്ര ഭംഗിയായി ഇണക്കിയിരിയ്ക്കുന്നു!

10

പാഴംവണ്ണം കുമുദഹസിതം വെള്ളിമാടങ്ങഠംതോറം
ചൂഴംകാണാം നിഴൽ മുഴനിലാവെന്നമാവാസിനാളും
വീഴപ്പാത്തി ട്ടമൃതസലിലം വക്ത്രരന്ധ്രം പിളത്തി—
ത്താഴത്തെങ്ങും പരിചൊടു ചകോരങ്ങഠം മേവീടുമേടം.

അത്ഥം:—കുമുദം=ആമ്പൽ. ഹസിതം=പുഞ്ചിരി. വെള്ളിമാടങ്ങഠം=വെൺമാടങ്ങഠം. ചൂഴം=ചുററം. അമാവാസി=കറുത്ത വാവു്. വീഴപ്പാത്തിട്ടു്=വീഴുന്നതു് കണ്ടിട്ടു്. അമൃതസലിലം=അമൃതാകുന്ന ജലം. വക്ത്രം=വായ. രന്ധ്രം=തുള. പരിചൊടു്=ഭംഗിയിൽ. ചകോരം=ചെമ്പോത്തു്.

സാരം:—അത്യുന്നതമായ വെൺമാടങ്ങളുടെ നിഴൽ (ധവളമാകയാൽ) ആമ്പൽപ്പൂക്കഠം വിടന്നു് പുഞ്ചിരിച്ചു് നില്ക്കുകയാണെന്നു തോന്നുംവണ്ണം ചുററും ശോഭ പരത്തുകയാൽ, ചന്ദ്രികയാണെന്നു ഭ്രമിച്ചു്, കറുത്ത വാവുന്നാളും അമൃതജലം വീഴുന്നതും കാത്തു്, അതു് പാനംചെയ്യാനായി, വായും പിളന്നു്, ചെമ്പോത്തുകഠം താഴത്തു ചുററും കൂടുന്ന സ്ഥലമാണതു്.

അഭിപ്രായം:—വീണ്ടും ഭ്രാന്തിമാനലങ്കാരം പ്രയോഗിയ്ക്കുന്നു. വേനലും വർഷവും മാറുന്നപോലെ കറുത്ത വാവുകണ്ടു്, വെളുത്തവാവെന്നു തെററിദ്ധരിയ്ക്കുന്നുവെന്നാണു് കല്പന! ചന്ദ്രിക ചകോരങ്ങഠം പാനം ചെയ്യുമെന്നു് കവിസങ്കേതം.

11

മാടിൽ ച്ചാടിത്തളരു മിളമാൻകണ്ണിമാർ കൈതൊഴുമ്പോഠം
പേടിച്ചുച്ചൈ രചലതനയാം നോക്കി നോക്കാതപോലെ
ഓടിപ്പാമാറഖില ദുരിതം ബിംബലീപാലകനാം
കേടററിടും തളിയിലുടനെ തമ്പുരാ നമ്പുമേടം

അത്ഥം:—മാടിൽ=മലയിൽ. ഉച്ചൈഃ=നല്ലപോലെ. അചലതനയാ=പവ്വതപുത്രി (ചലിക്കാത്തതു്=അചലം) കേടററീടും=ദോഷം തീരും വിധം. അമ്പുമേടം=വസിയ്ക്കുന്ന സ്ഥലം.

സാരം:—മലയിൽ ചാടിത്തളന്ന ഇളമാൻപോലെ (കാതരമായ, പേടിച്ച) കടാക്ഷമോലുന്ന സുന്ദരിമാർ, കൈക്കൂപ്പുമ്പോഠം, ശിവൻ ശ്രീപാവ്വതിയെ വല്ലാതെ ശങ്കിച്ചുകൊണ്ടു് അവരെ നോക്കില്ലെന്നു് നടിച്ചു് ഒളിഞ്ഞുനോക്കുകയും, അവരുടെ അഖിലദുരിതങ്ങളും നീങ്ങുമാറു് കടാക്ഷിക്കുകയും ചെയ്യുന്നതാണു് ആ സ്ഥലം. അതു കേടററവരായ വടക്കുംകൂർ രാജാക്കന്മാരുടെ തളിയിൽക്ഷേത്രമാണു്.

അഭിപ്രായം:—ശിവൻെറ, പെണ്ണുങ്ങളെ ഒളിഞ്ഞുനോക്കലും, പാവ്വതിയെ ശങ്കിക്കലും, വായിച്ചു് പുഞ്ചിരിക്കാത്തവരുണ്ടെങ്കിൽ, അവർ, കവി വളരെ ഗൌരവം നടിച്ചാണു് ഇതെഴുതിയതെന്നു് വാസ്തവമായും കരുതുന്നതിൽ തെററില്ല.

12

ഷഠംകമ്മത്തിന്നെളുതു മൃതസഞ്ജീവനം വല്ലവോക്കും
ഒിക്കില്ലല്ലാ, മനേഗ്ഗളികായന്ത്ര മെന്നോളമിന്നു്!
മൈക്കണ്ണാരെ! തരുണരണവാൻ മൈതരാം തന്നതെന്ത—
ന്നക്കംപേചും ക്ഷപണകജനം വീടരായ് മേവുമേടം

അത്ഥം:—ഷഠംകമ്മം=ഉച്ചാടനം, സ്തംഭനം, വിദ്വേഷണം, വശീകരണം, മാരണം, ശാന്തികമ്മം എന്നീ ആഭിചാരക്രിയകഠം. മൃതസഞ്ജീവനം=മരിച്ചവരെ ജീവിപ്പിയ്ക്കുന്നതു്. വല്ലവോർ=സ്വാധീനമായവർ. ഒിക്കില്ലല്ലൊ=അറിയില്ലല്ലൊ. മനേഗ്ഗളികായന്ത്രം=കമേഗ്ഗളികയും യന്ത്രവും. മൈ

കണ്ണെഴുതാർ=മഷിയെഴുതിയ കണ്ണുള്ളവർ (സുന്ദരിമാർ). തരുണരണവാൻ=യുവാക്കൾ വന്നുചേരാൻ. മൈ=മഷി. തന്നതെന്തു്?=എന്തുതരും? അക്കംപേച്ചും=വിലപേശുക. ക്ഷപണകജനം=ജൈനന്മാരായ മന്ത്രവാദികൾ. വീടരായ്=വീടുകെട്ടി.

സാരം:—ഷൾക്കണ്മം എളുപ്പമാണു്. മൃതസഞ്ജീവനി സ്വാധീനമായവരുടെ കഥ പോട്ടെ. കാമഗുളികയും യന്ത്രവും എന്നോളം ഇന്നു അറിയുന്നവരില്ലല്ലൊ. സുന്ദരിമാരേ! യുവാക്കളെ സ്വാധീനിയ്ക്കുവാൻ ഉള്ള മഷി തരാം. പ്രതിഫലം എന്തു തരും? ഇങ്ങിനെ പെണ്ണുങ്ങളോടു വില പേശുന്ന മന്ത്രവാദികൾ വീടു കെട്ടി താമസിക്കുന്ന സ്ഥലമാണതു്.

അഭിപ്രായം:—ഇന്നത്തെ ഹസ്തരേഖക്കാരെ ഓൎത്തുപോകും. വീടർ എന്നതിനു് ജാരൻ എന്നാണു് എല്ലാക്കും വ്യാഖ്യാനിയ്ക്കുന്നതു്. മന്ത്രവാദികൾതന്നെ ജാരന്മാരായാൽ പിന്നെ ആരെ വശീകരിയ്ക്കാനാണാവോ അവർ തങ്ങളുടെ കാമിനിമാൎക്കു് മഷി നല്കുന്നതു്? ഉള്ളൂരിനെ കുറച്ചു ശകാരിയ്ക്കാനും ഈ സന്ദർഭം എല്ലാക്കും ഉപയോഗിയ്ക്കുന്നുണ്ടു്. "ഇറുമാന്നിരിയായ്ക്ക വീടർ വന്നാൽ" എന്ന വൈശികതന്ത്രപദ്യമാണു് ഉദാഹരിയ്ക്കുന്നതു്. അവിടെ വീടർ എന്നതിനു ഗൃഹസ്ഥർ അല്ലെങ്കിൽ തറവാടികൾ എന്നൊക്കെ ഗ്രഹിച്ചാൽ പോരായ്കയില്ല. വാസുദേവസ്തവത്തിൽ വീടൻ എന്നും ജാരൻ എന്നും ഗോപികളെ ഊന്നി ഭഗവാനെ സ്തുതിച്ചതാണു് എല്ലാക്കും ഉദ്ധരിച്ചിരിയ്ക്കുന്നതു്. അവിടെ വീടൻ എന്നതു കാന്തൻ എന്നൎത്ഥമായാൽ ഒരു തരക്കേടുമില്ല. "ജളൻ വീടനാകുമ്പോൾ" എന്ന ഉക്തിയിലും ഇതേ അൎത്ഥം യോജിയ്ക്കും.

13

ആർങ്ങാവേക്കാൾ നവരമയിത്രർ നന്നു്, നമ്മോടു കേട്ടി—
ട്ടാലത്തുക്കും ചില മുറിമരുന്നുണ്ടു കയ്യുണ്യമില്ല;

മാരച്ഛത്രം മനസിജമലയ്ക്കോട്ട മൂന്നിട്ടൊഴിച്ചെ-
ന്നിത്ഥം തസ്യാം ചെറുതുടനഴിക്കിന്നു് ഉർവൈദ്യവൃന്ദം.

അർത്ഥം:—നവരം=നിശ്ചയമായും. മാരച്ഛത്രം=ഒരവയവം. മൂരുക=മുറിയ്ക്കുക. ഇത്ഥം=ഇപ്രകാരം. തസ്യാം=അതിൽ. അഴകിന്ന=ജല്പിയ്ക്കുന്ന. വൃന്ദം=കൂട്ടം.

സാരം:—ഉർവൈദ്യന്മാരുടെ മേനി പറയൽ ചിത്രീകരിച്ചിരിയ്ക്കുകയാണ്. ആർങ്ങാവേക്കാഠം അയിത്രൂരാണ് തീച്ച്യയായും നല്ലതു്. (ഇതു രണ്ടും വൈദ്യന്മാരുടെ പേരാണ്. അക്കാലത്തു പേരുകേട്ടവരായിരിക്കണം.) ആലത്തൂക്കം (നമ്പി) എന്നോട്ട (കേട്ട്) ചോദിച്ചറിഞ്ഞു ചില ചില്ലറ മറിമരുന്നൊക്കെ അറിയാം! പക്ഷെ കൈപ്പുണ്യം പോരാ! "മനസിജമല" എന്ന സുന്ദരിയുടെ മാരച്ഛത്രം കുറച്ചു മുറിച്ചുകളയേണ്ടി വന്നു. എന്നിട്ട് ഞാനാണതു ചെയ്തതു്. ഇതാണവരുടെ ബഡായിയുടെ രീതി.

അഭിപ്രായം:— ഉർവ്വശിതന്നെ വശത്താക്കുവതിന്നിന്ദ്രനിയോഗാൽ തേരുംകൊണ്ടോമ്മാതലി വന്നു, പോയീലാ ഞാനെങ്ങിനെ പോവൂ? കാലം പോരാഞ്ഞിങ്ങുഴലുന്നു" എന്നു വീമ്പിളക്കുന്ന, പുനത്തിൻെറ മന്ത്രവാദികഠം സലാം പറയണം!! ഇവിടെ ശൃംഗാരമോ, ഹാസ്യമോ സ്ഥായിരസം എന്നു സഹൃദയന്മാർതന്നെ തീച്ച്പ്പെടുത്തട്ടെ! ആദ്യത്തെ ആളേക്കാഠം രണ്ടാമതു പറഞ്ഞാളാണ് നല്ലതു്, എന്നതിന്ന്, തമ്മിൽ ഭേദം എന്നേ അർത്ഥമുള്ളു. വാസ്തവത്തിൽ താനിരിക്കുമ്പോഠം ഇത്തരം ചിന്തക്കുതന്നെ പ്രസക്തിയില്ലെന്നു അർത്ഥം. ചില കൌളസിദ്ധാന്തങ്ങളെ അവഹേളിക്കുന്നതായി തോന്നുന്നുണ്ടു്. 'മനസിജമല" ഒരു പേരാണെന്നു തോന്നുന്നില്ല. മാരച്ഛത്രം പോലെ, മനസിജമലയും, എല്ലാം വ്യംഗ്യങ്ങളാണ് എന്നു തോന്നുന്നുണ്ടു്. ബിന്ദു, മേരു എന്നൊക്കെ പറയുന്നതു, ചില സാങ്കേതാർത്ഥങ്ങളാണല്ലോ.

14

കേട്ടീലല്ല്യ്? കിരണമലമേൽ പഞ്ചകം ഞാൻ ചമിച്ചോ–
ന്നാട്ടം ചൊന്നാൽ പുടവതരുവുണ്ടമ്മന്നൂർ തേവിയമ്മൻ
ഭാട്ടം പയ്യൂർകവിത ചുവയില്ലെന്നൊരോരോ മാതർവീട്ടിൽ
പാട്ടുംചൊല്ലി ക്കഹചന കവിക്കാരർ മേവീടമേടം.

അർത്ഥം:—കിരണമല=കിരണമാല എന്ന ഒരു പേരാവാം. പഞ്ചകം= അഞ്ചു ശ്ലോകം. ആട്ടം=ആവട്ടേ. (ആകട്ടും എന്ന തമിഴ്‌രൂപമായിരിയ്ക്കാം) അമ്മന്നൂർതേവിയമ്മൻ=ഒരു പേർ. ഭാട്ടം=ഭട്ടതിരിയുടെ. ചുവ=രസം. മാതർ=സ്ത്രീകൾ. കഹചന=ചിലേടത്തു്.

സാരം:—ഉഷ്ണവികളുടെ വീമ്പിളക്കലാണ് പ്രകൃതം. കിരണമാലയെക്കുറിച്ചു, ഞാനൊരു പഞ്ചകം ഉണ്ടാക്കിയതു കേട്ടിട്ടില്ല ഉവ്വോ? പോട്ടെ, സാരമില്ല. എന്നാൽ അതു ചൊല്ലിക്കേൾപ്പിച്ചാൽ അമ്മന്നൂർ തേവിയമ്മൻ ഇന്നും ഓണപ്പുടവ തരാറുണ്ടു്. (തരുവുണ്ടു്) അത്ര വിശേഷമാണെന്നർത്ഥം. പയ്യൂർ പട്ടേരിയുടെ കവിത തരക്കേടില്ല. പക്ഷെ രസം പോര. ('കാവ്യം രസാത്മകം വാക്യം' എന്നല്ലേ വിദ്വന്മതം) ഇങ്ങിനെ ഓരോ അമ്മാരുടെ വീട്ടിലും കവിതയും ചൊല്ലി, കയറിയിറങ്ങുന്ന ഉഷ്ണവികൾ അവിടെ അങ്ങിങ്ങും ധാരാളം കാണാം.

അഭിപ്രായം:—പയ്യൂർക്കവിത അന്നു പ്രസിദ്ധമായിരിയ്ക്കണം. അതാണല്ലൊ അതിനോടിത്ര തിരക്കു്! ഇവിടെ 'ആട്ടം' എന്ന പദം പൂർവ്വവ്യാഖ്യാതാക്കളെ കുഴക്കുന്നതായി കാണുന്നു. ആടിപ്പാവും, മുഖത്താട്ടം എന്നും മറ്റുമാണു ശങ്ക. ശൂരനാടൻ അർത്ഥം സ്പഷ്ടമല്ലെന്നു തുറന്നു പറയുന്നു. എന്നാൽ എളങ്കുളത്തിന്നാവക പരിഭ്രമമൊന്നുമില്ല. സംശയം വരാവുന്നിടത്തു 'സ്പഷ്ടം' എന്ന മട്ടിൽ വിട്ടുകളയുന്നു സ്പഷ്ടമാണെങ്കിലോ, പ്രമാണസഹിതം അങ്ങോർ, സന്ധിസമാസാദികൾ വാരിവിളമ്പും! എല്ലാ ഭാഷകളിലേയും സമാനപദങ്ങൾ ഉദ്ധരിയ്ക്കും!!

15

ചിററപ്പൻെറ പകതി യകതിക്കാക്കുവാൻ നോക്കിദാനീം
മററെൻകൂറോ മുഴുവ നവൾംചേരാക്കി നീർവീഴ്ത്തിനേൻ ഞാൻ
കററം ചൊൽവോ മമ നിയതവും പെററ മുത്തച്ചിയാരെ—
ന്നീത്ഥം തസ്യാം ചില ജളരൊരോ പാടഴച്ചീടുമേടം.

അത്ഥം:—അകതി=അഗതി. നോക്കു്=നോട്ടം (ശ്രമം) എൻകൂറ്=എൻെറ പങ്കു്. നീർ വീഴ്ത്തുക=ദാനം കൊടുക്കുക. നിയതം=നിത്യം. ചൊൽവോ=ചൊല്ലുന്നുണ്ടു്. പാടു്=സ്ഥലം. അഴച്ചീടുക=വിളിച്ചീടുക.

സാരം:—ഓരോ ജളന്മാരുടെ സംസാരരീതി പകത്തിയിരിയ്ക്കുകയാണു്. ഭാഗസപത്തിൽ ചിററപ്പൻെറ പകതി അഗതിയ്ക്കു (അനാഥയായ ഭാര്യയായിരിയ്ക്കാം) ആക്കുവാനാണു ശ്രമം. എൻെറ ഭാഗം ഞാനവളുടെ (തൻെറ ഭാര്യയാകാം) പേക്ക തീറെഴുതിക്കഴിഞ്ഞു. (നീർ വീഴ്ത്തുക, ശൈലിയാണു്. ദാനം കൊടുക്കുമ്പോൾ വെള്ളവും പൂവും ചേത്തു കൊടുക്കുന്ന രീതിയെയാണു് സൂചിപ്പിയ്ക്കുന്നതു്) നമ്മെ പെററ മുത്തി തന്നെ എപ്പോഴും ശകാരിക്കുകയാണു്. ഭാര്യക്കു കൊടുത്തതുകൊണ്ടാവാം. ഇങ്ങിനെ ഓരോ ജളന്മാർ (തസ്യാം) അഭിപ്രായം പറഞ്ഞുനടക്കുന്നുണ്ടു്. അങ്ങിനെയാണു് ആ സ്ഥലം.

അഭിപ്രായം:—നമ്മേ പെററ മുത്തശ്ശി എന്നു പറയുന്നതു ശരിയാണെന്നു തോന്നുന്നില്ല. 'മുത്തശ്ശി' എന്നാൽ മാതാമഹി അഥവാ പിതാമഹി എന്നാണത്ഥം. ചിററപ്പൻെറ അമ്മ എന്നായിരിക്കണം അന്വയം. ഇവിടെ 'സജ്ജനഭർത്സനപ്രിയനായ' എളങ്കുളം നമ്പൂതിരിമാരെ ശകാരിയ്ക്കാൻ തഞ്ചം കാണുന്നുണ്ടു്. ഈ സംഭാഷണം നമ്പൂതിരിമാരുടേതാണെന്നാണു് അദ്ദേഹം എഴുതിയിരിക്കുന്നതു്. 'ചിററപ്പൻ' എന്ന പദം നമ്പൂതിരിമാരുടെ ഇടയിൽ നടപ്പില്ല. ഭാഗിച്ചാൽ ഭാര്യയ്ക്കു കൊടുക്കേണ്ട കര്യാവുമില്ല. കാരണം ഭാര്യ സ്വജാതിയിലാണെങ്കിൽ

സ്വത്തവകാശം സ്വതസ്സിദ്ധമാണു്. നമ്പൂതിരിമാർ അന്നു് അളോഹരിഭാഗിച്ചിരുന്നുവെന്നും ആ ഗവേഷണപടു പറയുന്നുണ്ടു്. ആറാംശതകത്തിനുശേഷമാണത്രെ കനിഷ്ഠവിവാഹം വേണ്ടെന്നുവെച്ചതു്. ഈ സംഭാഷണം നടന്ന കാലത്തു അളോഹരിഭാഗം പതിവുള്ളതിനാൽ സ്വജാതീയഭാൎയ്യയാണെന്നു വ്യക്തമാണല്ലോ. ഉണ്ണുനീലിസന്ദേശം 525-ാമാണ്ടിലാണെന്നു അദ്ദേഹം എഴുതിയിട്ടുണ്ടു്. അപ്പോൾ അതു കഴിഞ്ഞ ഉടനെതന്നെ എളങ്കുളത്തിനുവേണ്ടി, നമ്പൂതിരിമാർ പഴയ പതിവു നിൎത്തിയിരിക്കണം! 'ജളൻ' എന്ന പദമായിരിക്കാം ഇതു നമ്പൂതിരിമാരാണെന്നു തീൎച്ചപ്പെടുത്താൻ ആ മഹാനെ പ്രേരിപ്പിച്ചതു്! "അകാരണാവിഷ്കൃതവൈരഭീഷണാ" എന്നല്ല ആപ്തവാക്യം?

16

മുണ്ടക്കൽച്ചേൎന്നഖില നയനാനന്ദമാമുണ്ണുനീലീ
പീയൂഷത്തോടിനിയ മണികണ്ഠാഖ്യാന കല്പദ്രുമേണ
ധന്യൈരന്യൈരപി സമമിദം ദേവലോകൈകദേശം
മന്യേ നിൎമ്മിച്ചതു മദനനാം ഗാധിസൂനുൎമ്മുനീന്ദ്രഃ

അൎത്ഥം:—പീയൂഷം=അമൃതു്. കല്പദ്രുമഃ=കല്പകവൃക്ഷം. ധന്യൈഃ=ധന്യന്മാരെക്കൊണ്ടു്. അപി=ഉം. സമം=ചേൎന്നു. ഇദം=ഈ. ഏകദേശം=ഒരു ഭാഗം. മന്യേ=വിചാരിക്കുന്നു. മദനൻ=കാമദേവൻ ഗാധിസൂനു=ഗാധിപുത്രൻ (വിശ്വാമിത്രൻ) മുനീന്ദ്രൻ=മഹാമുനി.

സാരം:—മുണ്ടക്കൽ ചേൎന്നതും അഖിലനയനങ്ങൾക്കും (എല്ലാവരുടെയും കണ്ണിന്നു കൎപ്പൂരമായതു്) ആനന്ദമേകുന്ന ഉണ്ണുനീലിയാകുന്ന അമൃതും, മണികണ്ഠൻ എന്നു പേരോടുകൂടിയ കല്പകവൃക്ഷവും ധന്യന്മാരായ അന്യന്മാരും കൂടി ദേവലോകത്തിന്റെ ഒരു ഭാഗമായ ഈ ദേശം നിൎമ്മിച്ചതു് കാമനാകുന്ന വിശ്വാമിത്രനല്ലേ എന്നു ഞാൻ സംശയിക്കുന്നു.

അഭിപ്രായം:—അമൃതു്, കല്പകം, മററു ധന്യവസ്തുക്കൾ ഇതോട്ടുകൂടിയ ഈ പ്രദേശം സ്വർഗ്ഗത്തിന്റെ ഒരു ഭാഗമാണു്. ഇതു കാമനാകുന്ന വിശ്വാമിത്രൻ നിർമ്മിച്ചതാണെന്നാണെന്റെ വിശ്വാസം.' കണ്ടില്ലേ? വിശ്വാമിത്രസൃഷ്ടിയാണെന്നു പറയുന്നതു്! കഥ കൃത്രിമമാണെന്നു മനസ്സിലാക്കാൻ വലിയ വിഷമമുണ്ടോ?

17

മുന്നിൽക്കാണാം തദനു യമുനാഖണ്ഡമെന്നും കണക്കേ
സീരാകൃഷ്ടം വടമഥുരയിൽ പ്പണ്ടു സീരാധ്വജേന.
നീലസ്വച്ഛം മലിചിറ നിറഞ്ഞുല്ലസദ്വാരിപൂരം
പാരാവാരം പരിഹസദിവ പ്രൌഢകല്ലോലജാലൈഃ

അർത്ഥം:—തദനു=പിന്നെ. സീരം=കലപ്പ. ധ്വജം=കൊടി. കർഷിക്കുക=പിടിച്ചുവലിക്കുക. വടമഥുര=വടക്കൻമഥുര. (ബലരാമന്റെ കൊടിയടയാളം കലപ്പയാണു്) നീലസ്വച്ഛം=നീലനിറവും നിർമ്മലവും. ഉല്ലസിക്കുക=വിളങ്ങുക. വാരിപൂരം=ജലസമൃദ്ധി. പാരാവാരം=സമുദ്രം. പരിഹസൽ=പരിഹസിക്കുന്നതു്. ഇവ=പോലെ. പ്രൌഢം=ഉയന്നതു്. കല്ലോലം=തിരമാല. ജാലം=സമൂഹം.

സാരം:—പണ്ടു് മഥുരാപുരിയിൽ ബലരാമൻ കലപ്പകൊണ്ടു് അരികിലേയ്ക്കു വലിച്ചുചേർത്ത യമുനയുടെ ഒരു അംശമെന്നപോലെ നീലസ്വച്ഛമായും നിറഞ്ഞുവഴിഞ്ഞ ജലസമൃദ്ധിയോടുകൂടിയും ഉയർന്നുയരുന്ന ഓളങ്ങളെക്കൊണ്ടു് സമുദ്രത്തിനെ പരിഹസിക്കുന്നതുമായ മലിചിറ എന്ന പൊയ്ക അപ്പോൾ മുൻപിൽ കാണാം.

അഭിപ്രായം:— യമുനയെ അരികിൽ വിളിച്ചിട്ടും വരായ്കയാൽ ബലരാമൻ കലപ്പകൊണ്ടു് അരികിലേക്കടുപ്പിച്ച പുരാണകഥ സൂചിപ്പിയ്ക്കുന്നു.

18

നീരാടിന്നോ ചില ചലദൃശാം പൂർണ്ണചന്ദ്രാഭിരാമം
വക്ത്രം മുക്കംപൊഴുതു മുഴുവൻ കൂമ്പുമാമ്പൽപ്രസൂനം

കൂടെപ്പിന്നെ ത്തെളിവിനൊടെഴക്കണ്ടു വീങ്ങിച്ചിരിച്ചി-
ട്ടംഭോജാനാം പകലപി നിറക്കേടുണത്തീടവെന്നു

അത്ഥം:—ചലദൃശാം=ചലിയ്ക്കുന്ന ദൃഷ്ടിയുള്ളവരുടെ (ഇളകുന്ന നോട്ടം). പ്രസൂനം=പുഷ്പം. എഴക്കണ്ടു്=എഴുന്നേല്ക്കുന്നതുകണ്ടു്. അംഭോജാനാം=താമരകളുടെ. (അംഭസ്സിൽ ജനിച്ചവ. അംഭസ്സ്=വെള്ളം) അപി=കൂടെ. നിറക്കേടു്=വിളൎപ്പ്.

സാരം:—കുളിയ്ക്കുന്നവരായ സുന്ദരിമാരുടെ മുഖം കണ്ടു്, പൂൎണ്ണചന്ദ്രനാണെന്നു് ധരിച്ചു്, മുഖം വെള്ളത്തിൽ മുക്കുമ്പോൾ ചന്ദ്രൻ അസ്തമിച്ചുവെന്നു് വിചാരിച്ചു് ആമ്പൽപൂക്കൾ കൂമ്പുകയും പിന്നെ പൊങ്ങുന്ന സമയം അവ വീണ്ടും വിടൎന്നു വീങ്ങിച്ചിരിയ്ക്കുന്നപോലെ വിളങ്ങുമ്പോൾ താമരകൾക്കു് പകലായിട്ടു കൂടി വിളൎപ്പു് കൊടുക്കുന്നു. അങ്ങിനേയുള്ളതാണു് ആ സ്ഥലം.

അഭിപ്രായം:—മതിമുഖിമാർ മുങ്ങിപ്പൊങ്ങുന്നതനുസരിച്ചു് ആമ്പൽപൂക്കൾക്കു ഹ്രാസവികാസം സംഭവിയ്ക്കുകയും താമരകൾക്കു വൈവൎണ്ണ്യം വരികയും ചെയ്യുന്നു. സൂൎയ്യൻ ഉള്ളപ്പോൾ താമര കൂമ്പുകയില്ല. എന്നാൽ ആമ്പൽ വിടരുന്നതു രാത്രിയാകയാൽ ഇവിടെ താമര തെററിദ്ധരിച്ചു് കൂമ്പുന്നു എന്നു സാരം പകലും രാത്രിയുടെ ധൎമ്മം വഹിക്കുന്നു.

"പൎയ്യായതഃ പാണിധൃതം സരോജം
വിന്യസ്യ വിന്യസ്യ ദൃശോഃ പദവ്യാം.
നിദ്രാം പ്രബോധം ച മുഹുൎന്നയന്തീം
പദ്മാസനാം സസ്മിതമീക്ഷമാണം"

എന്ന കൃഷ്ണവിലാസം ശ്ലോകം ആശയത്തിൽ എത്ര യോജിച്ചിരിയ്ക്കുന്നു!

19

കണ്ടീക്കാർമൽഴക്കൽ നിഴലിടക്കണ്ടു മൈക്കണ്ണിരണ്ടും
കണ്ടിപ്പായി ക്കിടയിൽ വിലസും കെണ്ടമീനെന്നരണ്ടു്
തണ്ടിൽച്ചൊല്ലാർ കുളിര വളരും പോർമുലക്കന്നിരണ്ടും
മണ്ടട്ടാ യ്ക്കൊണ്ടഴിനില മറന്നമ്പരെ പ്പുൽകുവൊന്നു്.

കണ്ടിക്കാർ=ഇടതിങ്ങിയ മേഘം. മത് =മത്സരിയ്ക്കുന്ന. കുഴൽ=തലമുടി. മൈ=മഷി. ഇരണ്ടു്=രണ്ടു്. കണ്ടിപ്പായൽ=കരിഞ്ചണ്ടി. കെണ്ടൽമീൻ=കരിമത്സ്യം. തണ്ടി=ഒരുതരം വീണ. കുളിര=കുളിർത്ത. മണ്ടട്ടു്=മൺതട്ടു്. അഴിനില=വസ്ത്രം അഴിഞ്ഞ നില. അമ്പരെ=കാമുകരെ. പുൽകുക=കെട്ടിപ്പിടിയ്ക്കുക.

സാരം:—കണ്ടിക്കാരോടു മത്സരിയ്ക്കുന്ന തലമുടിയുടെ നിഴലിന്നിടയിൽ കരിനീലമിഴിച്ചായകണ്ടു് കരിഞ്ചണ്ടിക്കിടയിൽ കരിമീൻ കളിയ്ക്കുന്നതായി കരുതി വീണാപാണികളായ തരുണിമാർ അരണ്ടു് (ഭയപ്പെട്ടു്) കുളിർത്തുവരുന്ന പോർമുലക്കുന്നു രണ്ടും മൺതട്ടായി കരുതി നഗ്നത വിസ്മരിച്ചു കാമുകരെ പുൽകുന്നു.

അഭിപ്രായം:—വെള്ളത്തിൽ തലമുടിയും കണ്ണും പ്രതിഫലിയ്ക്കുമ്പോൾ കരിഞ്ചണ്ടിയിൽ മത്സ്യം കളിയ്ക്കുന്നതായി തോന്നി എന്നു സാരം 'മൺതട്ടായി' ഭ്രമിച്ചു് എന്നതിന്നു് പ്രകൃതത്തിൽ പ്രയോജനം എന്തെന്നു് സ്പഷ്ടമല്ല. മണ്ടൊട്ടായ് എന്നതിനു 'തമ്മിൽ ഉരസുന്ന' എന്നാണു് വേലുപ്പിള്ള പറയുന്നതു്. അതു വളരെ ഭംഗിയായ അർത്ഥമാണുതാനും. 'മുണ്ടൊട്ടായ്' എന്നും ചേരും.

20

നേരേ കാണാം വഴിയിലരികേ കോതപൂവ്വംപുരം തേ
പാരേ തസ്മിൻ ഭുവനജയിനാം വീര! ഭൂപാലമൌലേ!
ദേവാധീശ ന്നിളയ പരനെ തത്ര കൌന്തേയ മിത്രം
ദേവം ഗോപീജനകുചതടീലമ്പടം കുമ്പിടമ്പിൽ.

അത്ഥം:—കോതപൂവ്വം=കോതശബ്ദം മുൻപിലുള്ളതു്. തേ=അങ്ങയ്ക്കു്. പാരേ=കരയിൽ. പാരം=കര. തസ്മിൻ=അതിൽ. ഭുവനം=ലോകം. വിജയിനാം=ജയിച്ചവരുടെ. ദേവാധീശൻ=ഇന്ദ്രൻ. ഇളയ=താഴേയുള്ളവൻ. പരൻ=വിഷ്ണു. തത്ര=അവിടെ. കൌന്തേയൻ=കുന്തീപുത്രൻ. മിത്രം=സ്നേഹിതൻ (ബന്ധു). ലമ്പടൻ=അത്യാസക്തൻ. അമ്പിൽ=സന്തോഷത്തോടെ.

സാരം:—ഹേ വിശ്വവിജയികളിൽവെച്ചു് വീരനായുള്ളവനേ! ഭൂപാലക്ക് കിരീടമായുള്ളവനേ, ആ ചിറയുടെ വക്കത്തായിട്ടു് വഴിയരികിൽ കോതപുരം എന്ന ക്ഷേത്രം അങ്ങയ്ക്കു നേരിട്ടു കാണാം. അവിടെ പാണ്ഡവമിത്രവും ഇന്ദ്രാനുജനും ദേവനും ഗോപീജനകുചതടങ്ങളിൽ ലമ്പടനും ആയ കൃഷ്ണനെ സന്തോഷപൂവ്വം പോയി കുമ്പിടണം. (മാലിച്ചിറയുടെ കിഴക്കേ കരയിൽ ഉള്ള ഗോവിന്ദപുരംകൃഷ്ണക്ഷേത്രമായിരിക്കണം വിവക്ഷ)

21

മാവ്വിൽപ്പിന്നെ പ്പരിചിനൊടണിഞ്ഞുമ്മിണ്ണീനേത്രമെന്നും
നീലക്കോല ക്കുവളമലർകൊണ്ടുള്ള മാലാഞ്ചലേന
നീപോന്നേരം നിരുപമഗുണോ വന്നു കാണും തദാനീം
പോരായ് വീരാൻ പൊരുതചിരികണ്ഠാഖ്യ വിഖ്യാതകീത്തിഃ

അത്ഥം:—പരിചിനൊടു്=ഭംഗിയിൽ. ഉമ്മിണ്ണി=രുഗ്മിണി. കോല=അഴകാണ്ട. കുവളമലർ=കരിങ്കുവളപ്പൂ. അഞ്ചലേന=അററംകൊണ്ടു്. നിരുപമം=ഉപമയില്ലാത്തതു്. തദാനീം=അപ്പോൾ. പോരായ്=പൊരുതുന്ന. വീരാൻ=വീരന്മാരേ. വിഖ്യാതം=പേർകേട്ട. (വിശേഷേണ ഖ്യാതം)

സാരം:—ശ്രീകൃഷ്ണനെ തൊഴുതു വരുന്ന അങ്ങു്, രുഗ്മിണീദേവിയുടെ (ശ്രീഭഗവതി) കടാക്ഷമാകുന്ന കരിങ്കുവളപ്പൂമാല ഭംഗിയിൽ ചാർത്തി, പുറത്തുവരുമ്പോൾ, ഹേ നിരുപമഗുണനായുള്ളവനും പൊരുതുന്നതിനായി തന്നേ വീരന്മാരായി പടവെട്ടാറുള്ളവനും വിഖ്യാതകീർത്തിയുമായ ചിരികണ്ഠൻ വന്നു കാണും.

അഭിപ്രായം:—ചിരികണ്ഠൻ മന്ത്രിയായിരിക്കാം. ഉമ്മിണ്ണി എന്നതു് ഒരു സുന്ദരിയാണെന്നും അവളുടെ കടാക്ഷമെന്നുമൊക്കെയാണു് പൂവ്വവ്യാഖ്യാതാക്കൾ സ്വീകരിക്കുന്നതു്. എന്നാൽ വിഷ്ണുവിനെ തൊഴുതതിന്റെ ഫ

ലമായ "ശ്രീകടാക്ഷം" എന്ന ആശയം ശ്രീ ശൂരനാടൻ സ്വീകരിച്ചിട്ടുള്ളതു് വളരെ യുക്തിയും മനോഹരവുമായി രിയ്ക്കുന്നു. ഇത്രയും ചാരുവായ അർത്ഥം വിട്ട് ശുഷ്കമായ അർത്ഥം കൈക്കൊള്ളാൻ മനസ്സുവരുന്നില്ല.

22

തീരേ തസ്യ ത്രിഭുവനഗതി ശ്രാന്ത കീർത്തേഃ പ്രതീപ
പ്രാകാരം കൊണ്ടഴകെഴുമിടം ബിംബലീപാലമൌലേഃ
ശൃംഗാഗ്രം കൊണ്ടണിമതിതൊട്ടം ഗോപുരത്തിന്നുപാന്തേ
ഭൂപാലാനാം മഹിത കനകത്തണ്ടു തണ്ടീടുമേടം.

അർത്ഥം:—തീരം=കര. തസ്സ്യ=അതിൻെറ. ത്രിഭുവനം=മൂന്നുലോകം. ഗതി=സഞ്ചാരം. ശ്രാന്തം=തളൎന്നു്. കീർത്തി=യശസ്സ്. പ്രതീപം=വിപരീതം. (വിലങ്ങനെ എന്നു പ്രകൃതാർത്ഥം) പ്രാകാരം=കോട്ട (മതിൽകെട്ട് എന്നു സാരം) ശൃംഗം=കൊമ്പു് (മുകളിലെ മകുടം) അഗ്രം=അററം. അണിമതി=അഴകാന്ന അമ്പിളി. ഉപാന്തേ=സമീപത്തിൽ. ഭൂപാലാനാം=രാജാക്കന്മാരുടെ (ഭൂമിയെ പാലിയ്ക്കുന്നവർ) മഹിത=ശ്രേഷ്ഠം. കനകത്തണ്ടു്=സ്വർണ്ണപ്പല്ലക്ക്. തണ്ടീടുമേടം=സൂക്ഷിയ്ക്കുന്ന സ്ഥലം.

സാരം:—ആ ചിറയുടെ വിലങ്ങനെ കെട്ടിയ സ്ഥലം, മൂന്നുലകിലും സഞ്ചരിച്ച് ശ്രാന്തമായ കീർത്തിയോടുകൂടിയ, വടക്കുംകൂർരാജാക്കന്മാരുടെയാണു്. താഴികക്കുടത്തിൻെറ അററംകൊണ്ടു് ചന്ദ്രബിംബം മുട്ടുന്ന ഗോപുരത്തിന്നു സമീപമായി മഹാരാജാക്കന്മാരുടെ ഉൽകൃഷ്ടമായ കനകപ്പല്ലക്ക് സൂക്ഷിയ്ക്കുന്ന സ്ഥലവുമുണ്ടു്.

23

മാറാടിക്കീഴ് മരുവലർപിണംകൊണ്ടു നായ്ക്കും നരിക്കും
ചോറാടിക്കും മനുജവരനെ ക്കാണ്ക നീ ചെന്നു പിന്നെ
കൂറാളിന്നോ ക്കടലുമുയിരും നീടൊടുക്കും വടക്കിൻ—
കൂറാളിന്നോ രിനിയ മണികണ്ഠാഖ്യ സാമന്തമൌലിം.

അർത്ഥം:—മാറാടി=പോരാടി. കീഴ്=കീഴ്പ്പെടുത്തിയ. മരുവലർ=ശത്രുക്കൾ. പിണം=ശവം. ചോറാടിയ്ക്കും=അന്നംകൊടുക്കും. മനുജവരൻ=മനുഷ്യശ്രേഷ്ഠൻ. കൂറാളിന്നോൎക്ക്=സ്നേഹം പൊഴിയ്ക്കുന്നവൎക്ക്, ഉയിരും ഉട

ല്വം=ജീവനും ശരീരവും. നീടൊട്ടുക്കും=നീളെ ഒട്ടുക്കുന്നു. (എന്നെക്കും കൊടുക്കുന്ന) സാമാന്തൻ=നാട്ടുവാഴി. മൌലി=ശിരസ്സ്. ആഖ്യ=പേര് (നാമം)

സാരം:—യുദ്ധത്തിൽ കീഴടക്കിയ ശത്രുക്കളുടെ ശവങ്ങൾകൊണ്ടു് നായയ്ക്കും, നരിയ്ക്കും വിരുന്നൂട്ടുന്നവനും കൂറുള്ളവൎക്കു് എപ്പോഴും ഉയിരും, ഉടലും നൽകുന്നവനും മനുജവരനുമായ മണികണ്ഠൻ എന്ന മാടമ്പിമുഖ്യനെ നീ പിന്നെച്ചെന്നു കാണണം.

അഭിപ്രായം:—മണികണ്ഠൻ എന്നതു് ബിരുദമാണെന്ന ഏളങ്കുളാഭിപ്രായം തെററു്. മുൻപദ്യത്തിലെ ചിരികണ്ടപ്പേരുപോലെ ഇതും കരുതാം.

24

നിന്നെക്കാണുംപൊഴുതു നിഴലില്ലാത്ത ലോകപ്രദീപം
കന്നക്കണ്ണാർ കുസുമശരനാം വെൺപലക്ഷോണിപാലഃ
എന്നച്ചാ! പോയ് മുകൾമുടിയുമ പ്പക്ഷപാതാതിരേകാൽ
തന്നേപ്പോലും കുറവറ മറന്നെന്തുചെയ്യാത്തതൊന്നു?

അൎത്ഥം:—പ്രദീപം=വിളക്കു്. നിഴലില്ലാത്തതു് എന്നാൽ 'അസാധാരണ' എന്നേ അൎത്ഥമുള്ളു. നിഴലും വെളിച്ചവും നന്മതിന്മപോലെ അഭേദ്യമാണല്ലൊ. അതിനാൽ ഗുണമാത്രം എന്നതു് ഒരസാധാരണമെന്നു വ്യക്തം. കന്നക്കണ്ണാർ=കണ്ണാന്തലോചന. മുകൾ മുടിയുന്ന=ഉച്ചത്തിലെത്തുന്ന. അതിരേകം=ആധിക്യം. കുറവറ=കുറവില്ലാതെ. ചെയ്യാത്തതൊന്നു =എന്താണു് ചെയ്യാത്തതു്?

സാരം:—നിഴലില്ലാത്ത ലോകദീപമായ നിന്നെ കാണുമ്പോൾ, സുന്ദരികൾക്കു സുമശരനായ വടക്കുംകൂർ അരചൻ, അതിയായ പക്ഷപാതാധിക്യത്താൽ സ്വയം മറന്നു്, എന്റെ ഈശ്വരാ! എന്തെന്തുതന്നെ ചെയ്യില്ല!

അഭിപ്രായം:—ആഹ്ലാദാതിരേകം സൂചിപ്പിക്കുന്നു. 'ലോകപ്രദീപം' എന്ന വിശേഷണം വടക്കുംകൂറരചനല്ലേ കൂടുതൽ ചേരുക എന്നു് സംശയിക്കാം. നിഴലില്ലാത്ത പ്രകാശം സുന്ദരവസ്തുവിന്റെ ദോഷം തീൎന്നാലത്തെ മഹത്വം കാണിക്കുകയാണു്.

25

മുണ്ടെക്കൽ ചെന്നിനീയ വിരഹവ്യാകുലാ മുണ്ണുനീലീം
കണ്ടിട്ടിന്നേ ദയിത ഗദിതം ഞാനുണർത്തേണ്ടുവൊന്നു
മണ്ടിക്കൂട്ടം കുസുമശരനാടൊട്ടിണങ്ങിത്തട്ടപ്പോ–
ന്നുണ്ടെൻകയ്യിൽ ക്കിമപി മൃതസഞ്ജീവനം മന്ത്രബീജം

അത്ഥം:—വിരഹം=വേർവാട്ട്. വ്യാകുലം=ദുഃഖം. ദയിതൻ=ഭത്താവ്. ഗദിതം=പറയപ്പെട്ടതു്. കിമപി=ഒരു മൃതസഞ്ജീവനം=മരിച്ചവരെ ജീവിപ്പിക്കുന്നതു്. മന്ത്രബീജം=മന്ത്രത്തിലെ മൂലാക്ഷരം. (മൂലാക്ഷരത്തിനാണു് ശക്തി) ഇന്നിയ=അഴകാന്ന.

സാരം:—മുണ്ടക്കൽചെന്നു് വിരഹവ്യാകുലയായ, അഴകാന്ന ഉണ്ണുനീലിയെ ഇപ്പോഠംതന്നെ ഭത്താവിന്റെ സന്ദേശം ഉണത്തേണ്ടതുണ്ടു്. പാഞ്ഞടുക്കുന്ന പുഷ്പബാണനോടു്, കുന്നിണങ്ങി അടുക്കുന്ന മട്ടിൽ ഒരു മൃതസഞ്ജീവനിയായ മന്ത്രബീജം എന്റെ കൈവശമുണ്ടു്.

അഭിപ്രായം:—വിരഹംകൊണ്ടു് മരണോന്മുഖയായിരിയ്ക്കുന്ന നായികക്കു്, ഭർത്തൃസന്ദേശം മൃതസഞ്ജീവനമാണെന്നു ചുരുക്കം. അതു മദനാത്തിയെ ഒട്ടൊന്നു തടുക്കുമല്ലൊ

26

എന്നീവണ്ണം മമ നിനവു നീ ചൊല്ലിനാൽ മിക്കവാറും
കന്നും കുന്നും കലയു മകലും പേതമാൻകണ്ണിതന്നെ
"ചെന്നുംകാൺ"കെന്നവനയി സഖേ! ചൊല്ലുമപ്പോഠം ത്തദാന്നീ–
മെന്നുള്ളേടം നവരമറിവാൻ ജ്യോതിഷം വല്ലുവൻ ഞാൻ.

അത്ഥം:—മമ=എന്റെ. നിനവു്=വിചാരം. കന്നു=കുട്ടി. കുന്നു്=വാസസ്ഥലം. (മേയുന്ന കുന്നു് എന്നർത്ഥം) കല=ആൺമാൻ. പേത=അറിവില്ലാത്ത. നവരം=തീച്ച്. വല്ലുവൻ=അറിയുന്നുണ്ടു്.

സാരം:—എന്നിങ്ങിനെ എന്റെ വിചാരങ്ങഠം പറഞ്ഞാൽ കന്നും കുന്നും കലയും വേർപിരിഞ്ഞു് പരിഭ്രമിയ്ക്കുന്ന മാനിന്റെ നോട്ടംപോലെയുള്ളവളെ, (കാതരാക്ഷി) 'വേഗം ചെന്നു കാണുക,' എന്നിങ്ങിനെ, അ

പ്പോഴുംതന്നെ; അദ്ദേഹം പറയും തീൎച്ച. അതിനു ഞാൻ ജ്യോതിഷം പറയാം.

അഭിപ്രായം — എന്റെ കാൎയ്യം പറഞ്ഞാൽ, അങ്ങേയെ താമസിപ്പിക്കാതെ, അവളുടെ സമീപത്തേയ്ക്കു അയയ്ക്കുമെന്ന് എനിക്കുറപ്പുണ്ട്. ഭാവി പ്രവചിക്കാം! 'വാളുവെക്കാ'മെന്നു പറയുന്ന പോലെ ഒരു ശൈലി. ദുഃഖിച്ച മാനിന്റെ നോട്ടം ഭംഗിയേറിയതാണു്.

“പൊന്നിൻ കേഴക്കിടാവിൻ കഴലതൊരു പെരു-
മ്പാമ്പു മന്ദം വിഴുങ്ങി
അതിന്നുമ്പോഴം കേണു നോക്കും മിഴിയതിലുഴക്കു-
ന്ന ലോലായതാക്ഷി!”

എന്ന വെൺമണി പ്രയോഗം നോക്കുക.

27

ഉദ്യാനം ചെന്നലരിവനിതയ്ക്കമ്പിലെന്നും കളിപ്പാൻ
ഖദ്യോതാനാം ദിനമണിരിവ പ്രേക്ഷണീയോ രിപൂണാം
സദ്യോ നിന്നെ ക്കനിവൊടു സഖേ! കാണുമാ കോതവൎമ്മൻ
വിദ്യാനദ്യാം നിയതി മുഴുകും ബിംബലീ പാലചന്ദ്രഃ

അൎത്ഥം:— അമ്പിൽ=സന്തോഷത്തോടെ. അലരിവനിത=പൂമാതു്. ഖദ്യോതാനാം=മിന്നാമിനുങ്ങുകളുടെ. (ഖം=ആകാശം. ദ്യോതം=പ്രകാശിപ്പിയ്ക്കുന്നതു്) ദിനമണി=സൂൎയ്യൻ. പ്രേക്ഷണീയഃ=കാണത്തക്കതു്. രിപൂണാം=ശത്രുക്കളുടെ. സദ്യഃ=പെട്ടെന്നു്. നദ്യാം=നദിയിങ്കൽ. നിയതി=നിത്യവും.

സാരം:— പൂമാതിന്റെ ക്രീഡോദ്യാനവും, മിന്നാമിനുങ്ങുകൾക്കു സൂൎയ്യൻ എന്നപോലെ, ശത്രുക്കൾക്കു കാണത്തക്കവനും, വിദ്യാനദിയിൽ നിത്യവും മുഴുകുന്ന ചന്ദ്രനുമായ, വടക്കുംകൂർ രാജാവു് കോതവൎമ്മൻ, വേഗം അങ്ങയെ വന്നു കാണും. കോതവൎമ്മയോടു ശത്രുക്കളെ താരതമ്യപ്പെടുത്തിയാൽ മിന്നാമിനുങ്ങു സൂൎയ്യനോടുപോലെ തന്നെയെന്നു സാരം.

അഭിപ്രായം:—'ഉദ്യാനം ചെന്നലരിവനിതയ്ക്കമ്പിലെന്നും കളിപ്പാൻ'' എന്നു് വായിക്കുമ്പോൾ,

''തൽക്കാരുണ്യകടാക്ഷഭൃംഗപടലി-
ക്കുദ്യാനമാകേയഷ ഞാൻ
ഇക്കാലത്തു ഭവിക്കിലെന്റെ ഭവന-
പ്പേരെത്രയും ശ്ലാഘ്യമായ്''

എന്ന പൂന്താനത്തിന്റെ വരികളാണോർമ്മ വരിക.

28

കന്നക്കണ്ണാർക്കൊരു മനസിജൻ, പോർക്കടുപ്പോർക്കു കാലൻ,
തന്നെത്താനേ പറകിലലർമാതിന്നൊരാവാസഭൂമി,
നിന്നെക്കാണ്മാൻ പെരിയകൊതി കോളംകൊണ്ടുടൻ വന്നിതപ്പോൾ
മുന്നിൽക്കാണാ ''മിരവിമണികണ്ഠാ''ഖ്യഭൂപാരിജാതം.

അർത്ഥം:—കന്നക്കണ്ണാർ=സുന്ദരിമാർ. മനസിജൻ=മനസ്സിൽ ജനിച്ചവൻ (കാമൻ.) അലർമാതു്=ലക്ഷ്മി. ആവാസഭൂമി=ഇരിപ്പടം. പെരിയ=വലിയ. കോളം=അധികമായി. ഭൂപാരിജാതം=ഭൂമിയിലെ കല്പകവൃക്ഷം.

സാരം:—കന്നക്കണ്ണാർക്കു കാമനും, വൈരികൾക്കു കാലനും, (പോർ അടുപ്പോർക്കു) ശരിയ്ക്കു പറഞ്ഞാൽ, സ്വയംശ്രീയ്ക്കു കേളീരംഗവും, ആയ ഭൂകല്പകവൃക്ഷമായ ഇരവിമണികണ്ഠൻ നിന്നെ കാണുവാൻ വലിയ കൊതിയോടെ, അപ്പോൾ മുന്നിൽ വന്നുചേരും.

അഭിപ്രായം:—കാമിനികൾക്കു കാമൻ, വൈരികൾക്കു കാലൻ, ലക്ഷ്മിക്കു ഇരിപ്പിടം എന്നൊക്കെ കേൾക്കുമ്പോൾ 'മല്ലാനാമശനിഃ നൃണാം നരവരഃ സ്ത്രീണാം സ്മരോ മൂർത്തിമാൻ' എന്ന മനോഹരമായ ഭാഗവതപദ്യമാണോർമ്മ വരുന്നതു്.

29

പൊൽപ്പൂമാതിന്നൊരു നിലയനം, കേവലം വീരമൈരലേ!
കെല്പാന്നീടും മരുവലർകുലത്തിന്നു കല്പാന്തവഹ്നിഃ
അപ്പോൾ കാണ്മാൻ വരുമയി! സഖേ! രാമവർമ്മൻ, വിശേഷി–
ച്ചിപ്പാരിൽ ച്ചേർന്നരുളു മളകാധീശനാം ബിംബലീശഃ

അർത്ഥം:—നിലയനം=ഭവനം. കെൽപ്പാന്നീടും=ശക്തിയേറിയ. മരുവലർ=ശത്രു. വഹ്നി=തീയ്യ്. അരുളും=വസിക്കുന്ന. അളകാധീശൻ=വൈശ്രവണൻ.

സാരം:—ലക്ഷ്മീനിലയനവും, വൈരികൾക്ക കല്പാന്തത്തീയും, ഈ ലോകത്തിലരുളുന്ന കുബേരനും, വടക്കുംകൂറരചനുമായ രാമവർമ്മൻ, ഹേ സഖേ! അപ്പോൾ കാണാൻ വരും.

അഭിപ്രായം:—മുൻ പദ്യത്തിലെ ആശയംതന്നെ ആവർത്തിച്ചിരിക്കുന്നു വിശേഷണങ്ങൾക്കു വൈവിധ്യം പോരാ.

30

നേരേ കാണാം നൃപവര! കിഴക്കിൻചിറക്കങ്ങു പശ്ചാൽ
താരാർമാതോട്ടടമപിശകം മന്ദിരം മൽപ്രിയായാഃ
മാരന്നുണ്ടാം ജനനഭവനം വീരമാണിക്യമെന്നാ–
ലാരേ പാർത്താലവിടമറിയായിന്നതിപ്പാരിലിന്നു്?

അർത്ഥം:—നൃപൻ=രാജാവ് (നരന്മാരുടെ പതി.) വരൻ=ശ്രേഷ്ഠൻ. പശ്ചാൽ=പിമ്പ്. മന്ദിരം=വീട്. മൽപ്രിയായാഃ=എന്റെ പ്രിയയുടെ. മാരൻ=കാമൻ. ജനനഭവനം=ഈറ്റില്ലം. പാർത്താൽ=ഓർത്താൽ. അറിയായിന്നു്=അറിയാതെ. ആരേ?=ആരുള്ളു?

സാരം:—ഹേ രാജൻ! കിഴക്കെ ചിറയുടെ പിൻഭാഗത്ത്, ലക്ഷ്മീദേവിയോട് ഉടമസ്ഥതയ്ക്കു തർക്കം പിടിക്കുന്നപോലുള്ള, എന്റെ പ്രേയസിയുടെ ഭവനം നേരെ കാണാം. അതു കാമന്റെ ഈറ്റില്ലംപോലെയാണ്. "വീരമാണിക്യം" എന്നു കേട്ടിട്ടില്ലാത്തവർ ആരാണിപ്പാരിൽ ഓർത്താലുള്ളു്? ആരുമില്ലെന്നു് ചുരുക്കം.

31

ഇമ്പത്തിന്നായ്ത്തദനു തളിയിൽ ച്ചേരുമെൻ തമ്പിരാനെ
കുമ്പിട്ടസ്മിന്നുഴറി വഴിക്കൽനിന്നു് വേണാടർകോനേ!
സമ്പൽപ്രാപ്ത്യൈ നൃപവര! പദം നീ വലത്തേതു നേരേ—
മുമ്പിട്ടേവം പ്രവിശ, ദയിതാമന്ദിരം മംഗളായ.

അർത്ഥം:—തദനു=പിന്നീട്. ഇമ്പത്തിന്നായ്=കാര്യസാദ്ധ്യത്തിന്നായി. അസ്മിൻ=ഇവിടെ (ഇതിൽ.) ഉഴറി=വേഗത്തിൽ. വേണാടർകോൻ=വഞ്ചിരാജാവ്. സമ്പൽപ്രാപ്ത്യൈ=നന്മവരാനായിക്കൊണ്ട്. പദം=കാലടി. പ്രവിശ്യ=പ്രവേശിച്ചാലും.

സാരം:—ഹേ വേണാടർകോനേ! അതിനുശേഷം കാര്യസാദ്ധ്യത്തിന്നായി, തളിയിലമരുന്ന എന്റെ തമ്പുരാനെ, വഴിയിൽനിന്നുകൊണ്ടുതന്നെ കുമ്പിട്ട്, അവിടെനിന്നും വേഗം എന്റെ ഭാര്യാഗൃഹത്തിലേക്കു വലത്തേ കാൽ മുമ്പ് വെച്ച് കടക്കണം. അതു മംഗളം വരുവാനാണ്.

32

ഗണ്ഡാദർശം മുറുവലരിയും, കൊങ്കയാം ചെപ്പുമൊപ്പം,
കൈക്കൊണ്ടു, കുങ്കുമതിലകമാം നൽവിളക്കും ദധാനാ.
അപ്പോൾ മുൽപ്പാടഥ പടിയോളം വന്നു മുണ്ടെക്കൽമേവും
പൊൽപ്പൂമാതാം ചെറിയ, തെതിരേറ്റീടുമമ്പോടു നിന്നെ.

അർത്ഥം:—ഗണ്ഡം=കവിള്. ആദർശം=കണ്ണാടി (-ദർശിക്കുന്നതു്.) മുറുവൽ=പുഞ്ചിരി. ദധാനാ=ധരിക്കുന്നവൾ. മുൽപ്പാട്=മുമ്പിൽ. അഥ=പിന്നീട്. മേവുന്ന=വസിക്കുന്ന

സാരം:—കവിൾത്തടമാകുന്ന കണ്ണാടിയും, പുഞ്ചിരിയാകുന്ന ഉണക്കലരിയും, കൊങ്ക (മുല) യാകുന്ന സിന്ദൂരച്ചെപ്പും, ഒന്നിച്ചെടുത്തു് കുങ്കുമപ്പൊട്ടാകുന്ന (തിലകം) വിളക്കുമേന്തി, ആ സമയം മുണ്ടക്കൽ താമസിക്കുന്ന ശ്രീഭഗവതി (പൊൽപ്പൂമാതു്, ആയ, ചെറിയതു് എന്ന സുന്ദരി, പടിക്കൽ വന്നു് അങ്ങയെ സന്തോഷത്തോടെ എതിരേൽക്കും.

അഭിപ്രായം:—'ചെറിയതു' തോഴിയാണു്. ചെപ്പു്, അരി, കണ്ണാടി, വിളക്കു്,. ഇവ കയ്യിലെടുത്താണല്ലോ മംഗല്യസ്ത്രീകൾ അതിഥിയെ സ്വീകരിക്കേണ്ടതു്!

33

ഇണ്ടൽപ്പാടാണ്ടലസഗമനാം ചെന്നു തേററീടുവാനായ്
മണ്ടി ച്ചാലത്തളരു മിളമാൻകണ്ണി പോവോരുനേരം
മുണ്ടെക്കൽ ച്ചേൎന്നിതമെഴ മിരണ്ടാമതാം തന്വി നിന്നെ
കണ്ടിട്ടപ്പോൾ നയനയുഗളം ഹന്ത! പററിക്കുമല്ലോ.

അൎത്ഥം:—ഇണ്ടൽപാടു്=അഴൽപാടു്. ആണ്ട=മുങ്ങിയ. അലസഗമന=അലസമായി (പതുക്കെ) ഗമിക്കുന്നവൾ. തേററീടുക=ആശ്വസിപ്പിക്കുക. ചാലെ=നല്ലപോലെ. ഇതം=ഹിതം. ഇരണ്ടാമതു്=രണ്ടാമതു്. നയനം=കണ്ണു്. തന്വി=തനുവായ ദേഹത്തോടു കൂടിയവൾ. തനു=മെലിഞ്ഞ. യുഗളം=ഇരട്ട. പററിക്കുക=ബന്ധിക്കുക.

സാരം:—കഷ്ടപ്പാടിൽപെട്ടു് നടക്കുന്നവളായ ഉണ്ണുനീലിയെ, ചെന്നാശ്വസിപ്പിക്കുവാനായി, ഓടി, വല്ലാതെ തളൎന്നു, ഇളമാൻപോലെ മനോഹരമായ കണ്ണോടുകൂടിയ (മൃഗേക്ഷണ എന്നൎത്ഥം) 'ചെറിയതു്' പോകുന്ന നേരം, മുണ്ടക്കലെ രണ്ടാമത്തെ തന്വിയായ, അവളെ കണ്ടിട്ടു് കണ്ണു രണ്ടും അവളിൽ ഉറച്ചുപോവുമല്ലോ. കണ്ടാൽ കണ്ണെടുക്കാൻ പ്രയാസമാവും എന്നു സാരം.

34

മൽപ്രേയസ്യാ ലളിതഗതയേ, കൈവിരൽക്കൈവിരച്ചെ-
ത്തുത്സേധംകൊണ്ടുപവിരചിതം, നീലരത്നങ്ങൾകൊണ്ടു്
ചാണാൽമുച്ചാണിടപടിയകം, പൂമടത്തഗ്രഭാഗേ
കാണാം ചെല്ലുമ്പൊഴുതു, ടനിടത്തുണ്ടു സോപാനമാൎഗ്ഗം.

അൎത്ഥം:—മൽപ്രേയസ്യാ=എന്റെ പ്രേയസിക്കു് (പ്രിയക്കു്) ലളിതഗതയേ=ലളിതമായ (സുഖമായ) ഗതിക്കായിക്കൊണ്ടു്. കൈവിരൽക്കൈവിരൽചെത്തു്=കൈക്കു് അഞ്ചുവിരൽ വീതം. ഉത്സേധംകൊണ്ടു്=ഉയരംവച്ചു്. പൂമടത്തു്=പൂകുന്നിടത്തു്. അഗ്രഭാഗേ=മുന്നിൽ. സോപാനം=പടവു് (കല്പട.) ഉപവിരചിതം=നല്ലവണ്ണം ഉണ്ടാക്കിയതു്.

സാരം:—ഉണ്ണുനീലിക്കു്, അദ്ധ്വാനംകൂടാതെ കയറിപ്പോവാൻ പാകത്തിൽ, അഞ്ചംഗുലംവീതം പൊക്കത്തിൽ, നീലരത്നങ്ങൾകൊണ്ടു് പാകിയതും (ചാണാൽമുച്ചാണിട) മൂന്നു ചാൺ വീതം വീതിയുള്ള പടികൾ ചേൎന്നതും ആയ സോപാനം ഉണ്ടു്. ഇടത്തുഭാഗത്തു ചെന്നാൽ അടുത്തു മുന്നിലായി അവ കാണാം.

35

മുക്കോൽച്ചെയ്തുണ്ടിരുപുറ, മൊരികോൽ പ്പതിന്നാൽവിരൽക്കീ
വിസ്താരാഢ്യം, നട, നടുവിലുണ്ടുല്ലസിക്കും കവാടം,
മത്താവാരേ, മകരവദനാലംകൃതം ദ്വാരഗേഹം,
തത്രാലക്ഷ്യം, തദനുമകരേ മന്ദിരം മൽപ്രിയായാഃ.

അൎത്ഥം:—ചെയ്ത്=ഉണ്ടാക്കി. ആഢ്യം=ചേൎന്നതു്. ഉല്ലസിയ്ക്കുക=വിള ങ്ങുക. മത്താവാരം=മതിൽക്കെട്ട്. മകരം=മത്സ്യം. വദനം=മുഖം. അലംകൃതമായ=അലങ്കരിച്ച. ദ്വാരഗേഹം=പടിപ്പുര. തദനു=പിന്നെ. തത്ര=അവിടെ. മകരേ=മകരം രാശിയിൽ. മൽപ്രിയായാഃ=എന്റെ പ്രിയയുടെ. മന്ദിരം=വീട്. ആലക്ഷ്യം=കാണാവുന്നതു്.

സാരം:—മുക്കാൽവീതം വെച്ച് ഇരുപുറവും ഒരുകോൽ പതിനാലു വിരൽ താഴെ വിസ്താരം ചേൎന്ന്, നടുവിലെ നടയിൽ വാതിൽ വിളങ്ങുന്നുണ്ടു്. മതിൽകെട്ട് മത്സ്യമുഖംകൊണ്ടു് അലങ്കരിച്ചതാണു്. പിന്നെ അവിടെ, മകരം രാശിയിൽ എന്റെ പ്രിയയുടെ വീടു കാണാം.

അഭിപ്രായം:—മകരം രാശി എന്നു പറഞ്ഞാൽ രാശിചക്രത്തിൽ ആ സ്ഥാനം എന്നൎത്ഥമാണു്. പറമ്പിനെ രാശിചക്രമാക്കി കല്പിച്ച് മുൻപറഞ്ഞ സ്ഥാനം എന്നൎത്ഥം. ചതുരമായ പറമ്പിൽ, ചുവട്, ഇടത്തെ മൂല ധനുവായി വരും. അതിന്നു നേരെ അല്പം മുകളിലായി വരും മകരം എന്ന സ്ഥാനം. 'മത്താവാരം' എന്നതിന്നു് അൎത്ഥഭേദം കാണുന്നുണ്ടു്. അതൊന്നും പ്രസക്തമല്ല. ശൃംഗാരപ്രധാനമായ ഒരു കാവ്യത്തിന്നു രസപുഷ്ടി നല്കുന്ന വണ്ണനയാണിതെന്നു ഏതെങ്കിലും സഹൃദയൻ പറയുമോ? അവിടെയൊന്നും നമ്മുടെ ഗവേഷകന്മാരുടെ ബുദ്ധി പോവുന്നില്ല. മത്താവാരം മതിൽകെട്ടോ, മേൽവളരൊ എന്നൊക്കെയാണു് വാദവിഷയം! ഒരു പ്രണയാധാരത്തിലേക്കു് വേണ്ട വിധത്തിലാണു് വീടിന്റെ ചുററളവും കണക്കും

വിവരിക്കുന്നതു്! ഏതോ ദുഷ്ടവിയേ ഉള്ളിൽ കണ്ടിരിക്കണം, നമ്മുടെ രസികശിരോമണിയായ കവി!

36

ശില്പാകല്പം പുര പരിമിതം, തെക്കിനേതുണ്ടു രമ്യം,
മുപ്പത്തെൺകോൽക്കുപരി, പുറമ, ണ്ണെൺവിരൽ ചുററുകൊണ്ടു്
അൎദ്ധം തസ്മിൻ തളമപി പടിഞ്ഞായറൎദ്ധം, കിഴക്കേ-
തസ്മല്കാന്ത, സ്ഥൂറമുറി കിടപ്പാൻ, ചമച്ചീടിനൊന്നു്.

അൎത്ഥം:—ശില്പം=കൊത്തുപണി ആകല്പം=അലങ്കരിക്കപ്പെട്ടതു്. പരിമിതം=ഒതുക്കിയതു്. രമ്യം=രമിപ്പിക്കുന്നതു് (മനസ്സിനു സുഖം നല്കുന്നതു്). അൎദ്ധം=പകുതി. തസ്മിൻ=അതിൽ. അപി=ഉം. (കൂടി എന്നൎത്ഥം) അസ്മൽ=എന്റേതു്. കാന്ത=ഭാൎയ്യ. (മനോഹര എന്നൎത്ഥം) ചമച്ചീടിനൊന്നു്=ഉണ്ടാക്കിയതു്.

സാരം:—കൊത്തുപണികൊണ്ടു് മോടിപിടിപ്പിച്ച പുര ഒതുങ്ങിയ വീടാണു്. തെക്കിനേതു് (തെക്കിനി) രമ്യമാണു്. മുപ്പത്തെട്ടു് എട്ടു് ആണു്, (കോൽവിരൽ കണക്കു്) പുറഭാഗം. അതിൽ പടിഞ്ഞാറെ പകുതി തളവും, കിഴക്കെ പകുതി എന്റെ ഭാൎയ്യയ്ക്കു, കിടക്കാൻ പ്രത്യേകം ഉണ്ടാക്കിയ, കിടപ്പറയുമാണു്.

അഭിപ്രായം:—ഇവിടെയും തച്ചുശാസ്ത്രസംബന്ധമായ വാദകോലാഹലത്തിനു വകയുണ്ടു്. പ്രമാണങ്ങളും ധാരാളം ഉദ്ധരിക്കാം. തച്ചുശാസ്ത്രത്തിൽ വലിയ പിടിയില്ലാത്തിട്ടോ എന്തൊ, എളുപ്പം ഇവിടെ 'ശ്ലോകത്തിൽ' കഴിച്ചിരിക്കുന്നു.

37

മറേറ മൂന്നും പതിനാറു വിരൽച്ചെത്തു ചുററൊന്നിൽനിന്നൊ-
ന്നേററിക്കൊണ്ടിട്ടുപവിരചിതം പശ്ചിമാദിക്രമേണ
പ്രാപ്യം ചെൽവോ ക്ശെനശയനാ ദൃൎത്ഥ മൂണിന്നുദീച്യം
കാചും പൊന്നും പണവുമിടുവാൻ പാശ്ചിമം മൽപ്രിയായാഃ.

സാരം:—മററെ മൂന്നും (തെക്കിനിയൊഴിച്ച്) പതിന്നാറവിരൽ ചുററ് ഒന്നിനൊന്നു വദ്ധിപ്പിച്ച് (ഏററി) ഉണ്ടാക്കിയതാണ്. (ഉപവിരചിതം) പടിഞ്ഞാററ് ക്രമമായി എന്നർത്ഥം. (പ്രാച്യാം) കിഴക്കിനിയിൽ (ചെൽവോക്ക്) അതിഥികൾക്ക് അശനശയനാദി (ഉണ്ണാനും ഉറങ്ങാനും) (അർത്ഥം) വേണ്ടിയാണ്. ഉഴണിന്റ് (ഉദീച്യാം) വടക്കിനിയാണ്. (കുടുംബാംഗങ്ങൾക്കായിരിക്കാം വിവക്ഷ) മൽപ്രിയായാഃ (എൻെറ പ്രിയക്ക്) കാചുംപൊന്നും (കാശും പണ്ടവും) ഇടുവാൻ (സൂക്ഷിപ്പാൻ) പശ്ചിമം (പടിഞ്ഞാററിയിലാണ്).

38

മീനശ്രേണീ മുഖര മരികെ, ച്ചന്ദ്രകാന്താഭിബദ്ധം
മീനത്തിന്മേൽ ക്കിണറു, വിമലസ്വച്ഛപാനീയപൂർണ്ണം
വേനൽക്കാലം പുനരറിവതി, ന്നുണ്ടു തസ്യോപകണ്ഠേ
തേനിറേറാലും കുസുമനികരം തേവിനട്ടോരു മുല്ല.

അത്ഥം:—മീനശ്രേണീ=മത്സ്യക്കൂട്ടം. മുഖരം=ശബ്ദായമാനം. ചന്ദ്രകാന്തം=നിലാവത്ത് അലിയുന്ന ഒരുതരം വെണ്ണക്കല്ല്. അഭിബദ്ധം=കെട്ടപ്പെട്ടതു്. മീനത്തിന്മേൽ=മീനംരാശിയിൽ; വടക്കുകിഴക്കു മൂല എന്നത്ഥം. വിമലം=തെളിഞ്ഞതു്; സ്വച്ഛവും അതുതന്നെ. പാനീയം=ജലം. പൂർണ്ണം=നിറഞ്ഞതു്. തസ്യ=അതിൻെറ ഉപകണ്ഠേ=അടുത്തു്. തേനിറേറാലും=തേൻ ഇററിററായി ഒലിയ്ക്കുന്ന. കുസുമം=പൂവ്. നികരം=കൂട്ടം.

സാരം:—വീടിൻെറ മീനക്കോണിൽ, മത്സ്യം നിറഞ്ഞ ബഹളം ആയതും, (മത്സ്യം ചാടുന്ന നിരന്തരശബ്ദംകൊണ്ടാവണം മുഖരിതമായതു്) വെണ്ണക്കൽ കെട്ടിപ്പടുത്തതും, തെളിവെള്ളം നിറഞ്ഞതും ആയ ഒരു കിണറുണ്ടു്. അതിൽ വെള്ളം വററാത്തതിനാൽ, വേനൽക്കാലം അറിയാൻ, കിണർ കണ്ടിട്ടു കാര്യമില്ല എന്നാൽ അടുത്തു മുല്ല പൂത്തു, തേൻകണം പൊഴിയ്ക്കുന്ന, പൂങ്കുലയാൻ നില്ക്കുന്നുണ്ടു്. അതുകണ്ടുവേണം വേനലറിയാൻ. മുല്ല, വസന്തത്തിലേ പൂക്കുള്ളവല്ലൊ.

അഭിപ്രായം:—ഇവിടെ 'തേവിനട്ടോരു മുല്ല' എന്ന ഭാഗത്തു് 'തേവി' എന്ന പദം, 'ദേവി' എന്നു ധരിച്ചു്, ഉണ്ണുനീലിയുടെ പ്രഭുത്വം സൂചിപ്പിക്കുകയാണതു് എന്നു് ശ്രീ. ശൂരനാടൻ അഭിപ്രായപ്പെട്ടിരിയ്ക്കുന്നു. ഇതൊരു

പ്രമാദമല്ലേ എന്നു സംശയിക്കുന്നു. 'തേവുക' എന്ന പദമാണതു് എന്നു സ്പഷ്ടമാണു്. 'നട്ടുനനച്ചു മല്ലേ' എന്നേ വായിച്ചാൽ ഉടനെ തോന്നൂ.

39

മുക്കിക്കോരി ച്ചെറിയ കനകക്കിണ്ടി കൊണ്ടെന്തു ചൊൽവൂ!
മിക്കപ്പോഴും പുനരതു നനയ്ക്കുന്നി മററില്ല വേല.
തെക്കിൻപാക, ത്തിനീയ കുരമൂഴിക്കൽ മൈക്കണ്ണിയുണ്ണി-
ച്ചക്കിപ്പെണ്ണിൻകളിയതു, കുളത്തോരു ചേമന്തിയുണ്ടു്.

അർത്ഥം:—നനയ്ക്കുന്നി=നനയ്ക്കുകയല്ലാതെ. ഇനിയ=ഭംഗിയേറിയ. കുരമൂഴിയ്ക്കൽ=വീട്ടുപേർ. മൈക്കണ്ണി=കറുത്ത കണ്ണുള്ളവൾ. ചേമന്തി=ജമന്തി.

സാരം:—ചെറിയ സ്വർണ്ണക്കിണ്ടികൊണ്ടു്, മുക്കിക്കോരി, മിക്ക സമയത്തും അതു നനക്കുകയല്ലാതെ മററു ജോലിയൊന്നുമില്ല. എന്തു പറയട്ടെ! തെക്കുഭാഗത്തു് കുരമൂഴിയ്ക്കൽ, നല്ല മൈക്കണ്ണിയായ ഉണ്ണിച്ചക്കിപ്പെണ്ണിന്റെ കളിയാണതു്! അടുത്തുതന്നെ, കുളത്തിനില്ക്കുന്ന ഒരു ജമന്തിയുമുണ്ടു്.

40

പുഷ്ടാഭോഗം ദലസമുദയൈർ, ധന്യമെന്നോമൽതാനേ,
നട്ടോരീഴക്കമുകതിനടുത്തുണ്ടു, ചാൺമാത്ര ദീർഘം.
വട്ടം കോലും തുടയൊടു തരംപോരുവാൻ താൻ വളർന്നാ-
ലൊട്ടേതേനും ചെറുതു നിനവുണ്ടതു പാർത്താലതിന്നു്.

അർത്ഥം:—പുഷ്ടാഭോഗം=പുഷ്ടമായ ആഭോഗം (വർദ്ധിച്ച ശോഭ) ദലസമുദയം=ഇലക്കൂട്ടം. (സമുദായം=കൂട്ടം) ധന്യം=സുകൃതം. ഈഴക്കമുക്=ഒരുതരം കഴുങ്ങ്. ദീർഘം=ഉയരം. തരംപോരുവാൻ=തുല്യത സമ്പാദിക്കാൻ. ഏതേനം=ഏറക്കുറെ.

സാരം:—എന്റെ ഓമൽ, താനേ നട്ടതും പച്ചിലക്കൂട്ടംകൊണ്ടു ശോഭിയ്ക്കുന്നതും ആയ ഒരു ഈഴക്കമുക്, ആ ജമന്തിയുടെ അടുത്തുണ്ടു്. ഒരു ചാൺ ഉയരമാണിതിന്നു്. താൻ വളർന്നുവന്നാൽ ഉണ്ണുനീലിയുടെ വട്ടം കോലുന്ന (ഉള്ള) തുടയോടു് സാമ്യം വഹിക്കാൻ പോരുമെന്ന, ഒരു ചെറിയ വിചാരം അതിന്റെ ഉള്ളിൽ ഉണ്ടു്.

അഭിപ്രായം:—കഴങ്ക്പോലുള്ള തുട എങ്ങിനേ? കദളി, കേട്ടിട്ടുണ്ടു്. എന്നാൽ കഴങ്കോ? ചിരിച്ചാൽ അപരാധിയാകുമോ? നമ്മുടെ പണ്ഡിതലോകത്തിൻെറ ഗൌരവത്തിന്നു്, താങ്ങാൻ വയ്യെന്നുവെച്ചായിരിക്കുമോ, കവി, കരിമ്പന, കൈവിട്ടതു്!

41

ഇന്നാളല്ലൊന്നഴകിലതു ഞാൻ നട്ടതോരാണ്ടു് പോരും
കന്യാരാശൌ, കുളിരവളരും ചെമ്പകപ്പൈതലുണ്ടു്.
തന്വീരത്നം, പകലുമിരവും, ചെന്നു നോക്കും, നനയ്ക്കും
മൂന്നാളിപ്പാൽ മുകുളമുളവാവാൻ കണക്കുണ്ടതിന്മേൽ.

അർത്ഥം:—കന്യാരാശൌ=തെക്കുപടിഞ്ഞാറെ മൂല. കുളിര=മനോഹരമായി. പൈതൽ=തയ്യ്. തന്വി=മൃദുവായ പഠം. ഇരവ=രാത്രി. മൂന്നാളിപ്പാൽ=മൂന്നു നാളിലപ്പുറം. മുകുളം=മൊട്ടു്.

സാരം:—ഒരു കൊല്ലമായി, ഇയ്യിടെ ഞാൻ നട്ടതായി, തെക്കുപടിഞ്ഞാറെ മൂലയിൽ, ഒരു ചെമ്പകത്തയ്യുണ്ടു്. അതു ഭംഗിയിൽ, തളൎത്തുവരുന്നുണ്ടു്. ഉണ്ണുനീലി, അതു രാപ്പകൽ, ചെന്നു നോക്കുകയും നനയ്ക്കുകയും ചെയ്യും. അതിന്മേൽ മൂന്നുദിവസത്തിന്നകം മൊട്ടിടാൻ ന്യായമുണ്ടു്.

42

തേൻമാവോളം പനസനികരം, തെങ്ങൊരോന്നിന്നു് നന്നാ-
ലന്നാലിന്നും, കമുകിടയിടെപ്പാകി മുമ്മൂന്നു നീളെ,
ഒന്നിന്നൊന്നും വളർകദളിയും, ചിങ്ങനും, നൽക്കരിമ്പും,
കാകൊണ്ടീടും വഴുതിനകളും, മന്ദിരേ മൽപ്രിയായാഃ

അർത്ഥം:—പനസം=പക്ക. നികരം=കൂട്ടം. വളർ=നല്ല. മൽപ്രിയായാഃ=എൻെറ പ്രിയയുടെ.

സാരം:—എൻെറ പ്രിയയുടെ മന്ദിരത്തിൽ തേൻമാവിന്നോളം എണ്ണം പ്ലാവുണ്ടു്. ഓരോ പ്ലാവിന്നും നന്നാലുവീതം തെങ്ങുണ്ടു്. തെങ്ങിന്നിടയിൽ കഴുങ്ങു് പാകിയിട്ടുണ്ടു്. കവുങ്ങൊന്നിന്നു് ഒന്നുവീതം, കദളിവാഴയും, ചിങ്ങൻവാഴയും, നല്ല കരിമ്പും, കൊണ്ടാടിടും (കായ്ക്കുന്ന) വഴുതിനകളും ഉണ്ടു്.

അഭിപ്രായം:—ആദ്യം വായിച്ചാൽ, ചെറിയ കുട്ടികൾക്കു് കണക്കു്, ഇട്ടുകൊടുക്കുകയാണെന്നു തോന്നുന്നില്ലേ? കവിയുടെ ഉദ്ദേശം മനസ്സിലാക്കാതെ, വിപ്രലംഭ സംഭോഗശൃംഗാരങ്ങൾ കളഞ്ഞുകുളിച്ചുവെന്നു പറയുന്നതിൽ തെറ്റുണ്ടോ? കോടതിയിൽനിന്നു് കമ്മീഷൻ ഇറങ്ങിക്കണ്ടു്, എഴുതിയ കുടിക്കൂർചമയപ്പട്ടികയുടെ, റിപ്പോർട്ടാണെന്നു ധരിക്കില്ലേ? ഇതൊരു ഹാസ്യാനുകരണമല്ലെങ്കിൽ മറ്റെന്താണു്? ചെടികളോടുള്ള വാത്സല്യമാണെന്നു കരുതുവാൻ വിഷമമാണു്. പ്രത്യുത, ഏതോ ദുഷ്കവിയുടെ അനൌചിത്യം തുറന്നു കാട്ടുകയല്ലേ എന്നു് സംശയം തോന്നും. ശുകസന്ദേശത്തിലെ 'ഈഢച്ഛായം കളമനിവഹൈഃ' എന്ന പദ്യം ഒന്നോർത്തുനോക്കുക.

43

ആലംകോലം മഴലമിഴിയാൾ താൻ വളർത്തന്തിയോളം
നീലംതോയും കുഴലൊടണയും നൈമണം കേട്ടുചെന്നു്
വാല്യം താനും ബത, മിനുമിനുത്തങ്ങനേ, കാണലാം തേ
പാലും ചാലപ്പരുകി മെരുകുണ്ടങ്ങു വായവ്യകോണേ

അർത്ഥം:—ആലംകോലം=വിസ്താരമുള്ള. മഴലമിഴി=ഭംഗിയുള്ള മിഴി. വളർത്ത=ലാളിച്ച. നീലംതോയും=നീലിമ കലരുന്ന. കുഴൽ=മുടി. നൈമണം=നെയ്യിന്റെ വാസനയാണു്. പരുകി=കുടിച്ചു്. മെരുകു്=മെരു. വായവ്യകോണേ=വടക്കുപടിഞ്ഞാറുള്ള കോണു്.

സാരം:—നീലിമ കലന്ന തലമുടിയിൽ ഉള്ള നെയ്യിന്റെ മണം കേട്ടു്, അടുത്തു ചെല്ലുന്ന ഒരു മെരുവുണ്ടു്. വിസ്തൃതവും മനോഹരവുമായ കണ്ണോടു കൂടിയ അവൾ അതിനെ സന്ധ്യയോളം ലാളിക്കാറുണ്ടു്. വാല്യവരെ നല്ലപോലെ മിനുമിനുത്തു്, അങ്ങിനെ പാലും നല്ലപോലെ കുടിച്ചു്, അതു് വടക്കുപടിഞ്ഞാറെ മൂലയിൽ കിടക്കുന്നതു കാണാം.

അഭിപ്രായം:—മഴല എന്നാൽ 'കൊഞ്ചുക' എന്നു് അൎത്ഥം ഉള്ളതുകൊണ്ടു് സംഭാഷണത്തിന്റെ ഭംഗിയെ അതു കുറിക്കുന്നുവല്ലോ. അങ്ങിനെ ഭംഗി എന്നൎത്ഥം, ആ വാക്കിനു് വന്നു എന്നും, മിഴി എന്നതിനോടു് അതു് ചേൎത്തു് പ്രയോഗിച്ചിരിക്കയാണെന്നും, ശ്രീ ശൂരനാടൻ പറയുന്നു. എന്നാൽ നൈമണം എന്ന പാഠം ശരിയാണെന്നു് തോന്നുന്നില്ല. തലമുടിയിൽ നെയ്യു് പുരട്ടുക സ്വാഭാവികം അല്ലല്ലോ. തൈമണം എന്നതാണു് സ്വീകാൎയ്യം; ലഘുവായ മണം എന്നൎത്ഥം. തൈതെന്നൽ: ചാച്ചെ.

44

ആടിക്കാർമൽക്കുഴലി, വടിവിൽത്താൻ ചമയ്ക്കും, നിറത്തിൽ–
പാട്ടും കൂടപ്പലപരിചിലും, നൽച്ചിലോകങ്ങളും ചൊല്ലും
ഈടിക്കൂട്ടം മരതകരുചിം, തൊണ്ടിനേർച്ചുണ്ടുമേറ്റി
കൂടക്കാണാം, മുടന്നൊരു കിളിപ്പെൺ കളിക്കുന്ന കൂടു്.

അൎത്ഥം:—ആടി=കൎക്കടകം. മൽ=മല്ലടിക്കുന്ന. കുഴലി=തലമുടിയോടുകൂടിയ. നിറത്തിൽ=തരത്തിൽ. പരിചിലും=ഭംഗിയിലും. ചിലോകം=ശ്ലോകം. ഈടിക്കൂട്ടം=ഈട്ടം കൂട്ടം. രുചി=ശോഭ.

സാരം:—കൎക്കിടകക്കാറുപോലെ കാന്തിയോലുന്ന കുന്തലോടുകൂടിയ അവൾ, ഭംഗിയിൽ താൻ കണ്ടുപിടിച്ച രീതിയിൽ, പാടുകയും കൂടെ പല വടിവിലും, ശ്ലോകങ്ങൾ ചൊല്ലുകയും ചെയ്യാറുണ്ടു്. വൎദ്ധിക്കുന്ന മരതക കാന്തിയോലുന്നതും (പച്ച നിറം) തൊണ്ടിപോലുള്ള ചുണ്ടുകളുള്ളതുമായ, ഒരു കിളി, കളിച്ചു നടക്കുന്ന ഒരു കൂട്ടു് കാണാം.

അഭിപ്രായം:—'താൻ ചമയ്ക്കും നിറത്തിൽ' എന്നതിനു്, പുതുതായി സ്വീകരിക്കുന്ന രീതി, എന്നാവണം അൎത്ഥം.

45

മാഴക്കണ്ണാൾക്കൊരു മയിലുമുണ്ടങ്ങു്, പിൻകാലോളംപോയ്
താഴെച്ചെല്ലും പുരികുഴലഴിച്ചോമൽ നില്പോരുനേരം.
ഊഴത്തംകൊണ്ടിരിക്കുമുകിലിതെന്നഞ്ചിതം പീലിജാലം
ചൂഴച്ചിന്തി, ച്ചുവയൊടുടനേ പാടിയാടീടുവൊന്നു്.

അർത്ഥം:—മാഴ=കണ്ണിമാങ്ങ. പുരികുഴൽ=ചുരുണ്ട മുടി. ഊഴത്തം=തെററിദ്ധാരണ. അഞ്ചിതം=മനോഹരം. ചൂഴച്ചിന്തുക=ചുററും വിതറുക. ചുവ=സ്വാദ്. (മാധുര്യം)

ആ സുന്ദരിക്കു ഒരു മയിലുണ്ടു്. അവൾ തന്റെ കണങ്കാൽ കവിയുന്ന കൂന്തൽ കെട്ടഴിച്ചിട്ടാൽ, അതു കാർമേഘമാണെന്നു് കരുതി, മനോഹരമായ പീലി ചുററും വിടർത്തി, ആടിപ്പാടാൻ തുടങ്ങും.

അഭിപ്രായം:—മയിൽ പാടുന്നു എന്ന കവിസങ്കല്പം പ്രസിദ്ധമല്ല. മഴ എന്നതിന്നു് അഴകു്, അറിവില്ലായ്മ, മാവു് എന്നെല്ലാം തമിഴ് നിഘണ്ടുവിൽ അർത്ഥമുണ്ടെന്നു ശൂരനാട്ടു് പറയുന്നു.

46

ചോപ്പുകൊള്ളാവള? ചെറിയതിന്നാരിയപ്പട്ടർപോയി,
കോപ്പാട്ടിക്കോ തിരുവടി, കറിപ്പൊന്നു താരാൻചുരാട്ടി,
മാപ്പാട്ടിക്കുത്തുള്ളവ, നിളയിച്ചിക്കു മേനോക്കിയാർചോ,
ലാപ്പിൽ പ്പോയാൾ മലയി, ചിരുതേവിക്കു ചീക്കേട്ടു ചീലം.

സാരം:—ദാസിമാരുടെ സംഭാഷണം അനുകരിക്കുന്നു. ആ വള ചോപ്പുകളുള്ളതാണോ? ചെറിയ (ഒരുത്തി) തിന്നു് ആര്യപ്പട്ടർ മതിയാക്കി പോയി. കോപ്പാട്ടിക്കാണോ തിരുവടി? തമ്പുരാട്ടി കറിപ്പൊന്നു് തരുന്നില്ല. (ഭർത്താവിനെ കുറിച്ചു് ആവലാതിയാവാം) കറിപ്പൊന്നു എന്നുമാകാം. (ഒരു കറിപ്പു്) മാപ്പാട്ടിക്കു്, തുള്ളലവനാണു്. ഇളയിച്ചിക്കു മേനോക്കിയാണു്. മലയി, ആപ്പീൽ എന്ന സ്ഥലത്തു്പോയി. അതിന്നുശേഷം ചിരുതേവിക്കു സുഖക്കേടു് ഒരു ശീലമായിരിയ്ക്കുകയാണു്.

47

ആടി! കൊഞ്ചം, ചവടി, കളഭംകൊണ്ടുചെന്നാ, കളത്തീ,
കോടീ, കോടിപ്പുടവയെട്ട നീ, കോതയോ ചൂതുതാരാഠം
പക്കത്തെങ്ങും നഖപദമണി, ഞങ്ങനേ കാണകത്തും,
പക്കത്തും ചേന്ദഴകിനൊ, ടിളഞ്ചേടിമാർ, പോരുമാറ്.

സാരം:—ആടീ, ചവടി എന്ന ആഭരണം ഒന്നു വേഗം കൊണ്ടുവാ; എടീ കളത്തീ, കളഭം കൊണ്ടു് ചെല്ല്. കോടീ! കോടിപ്പുടവയെടുക്കുക. കോതയാണോ? ചൂതു തരൂ. പക്കത്ത് (വാരിപ്പുറത്തു്) എങ്ങും നഖത്തിന്റെ പാടണിഞ്ഞുകൊണ്ടു്, അകത്തും (പക്കത്ത്) സമീപത്തും, ചേർന്ന ഭംഗിയോടെ ഇളംചേടിമാർ (ചെറുപ്പക്കാരികളായ ദാസിമാർ) പോരുമാറ് (സഞ്ചരിക്കുന്നതു്) കാണുക (കാൺ)

അഭിപ്രായം:—അനുചിതമല്ല. ഹാസ്യമാണു് ഇവിടെ കവിയുടെ ഉദ്ദേശം.

48

അപ്പുമാതിന്നൊരു സഹചരീ, മംഗനാ മൌലിമാലാ—
മിപ്പാർമേലുള്ളമൃതസരസീ, മിക്ഷുചാപസ്യ കീർത്തിഃ
കർപ്പൂരാളീ മിനിയ നയനങ്ങൾക്കു കാണും നരാണാം,
മൽപ്രേമത്തിൻ വിളകഴനിയാം, മന്നിന്ദീം കാണ്കപിന്നെ.

അർത്ഥം:—സഹചരി=കൂട്ടുകാരി. അംഗനാ=സ്ത്രീ. മൌലി=ശിരസ്സ്. ഇപ്പാർ=ഈലോകം. സരസി=തടാകം. ഇക്ഷു=കരിമ്പു്. ചാപം=വില്ല്. ആളി=കൂട്ടം. കഴനി=നിലം.

സാരം:—ശ്രീഭഗവതിയ്ക്കു കളിത്തോഴിയും, സുന്ദരിമാർക്കു ശിരസ്സിലണിയേണ്ട മാലയും, ഈ ലോകത്തിലുള്ള അമൃതതടാകവും, കരിമ്പുവില്ലന്റെ (കാമന്റെ) കീർത്തിയും, കാണുന്നവരുടെ കണ്ണിന്നു കർപ്പൂരസമൂഹവും, എന്റെ പ്രേമത്തിന്നു് വിളനിലവുമായ, ആ മാതിനിയെ, പിന്നെ കാണുക.

അഭിപ്രായം:—അത്യൈശ്വര്യവതിയും, അതിസുന്ദരിയും, പാരിന്നമൃതും, കാമകീർത്തിയും, എന്റെ പ്രേമാസ്പദവും ആണവൾ, എന്നു് താല്പര്യം

49

ചൊല്ലും താനേ പുരികുഴലി താനാരെന്ന, ബാലേന്ദ്രനീലം
വെല്ലും കാന്ത്യാ വെരളമിളമാൻ തോൽക്കുമന്നോക്കുകൊണ്ടും.
കല്യാണാനാം നിജനിലയനം, മിക്ക മുണ്ടെക്കൽമേവും
നല്ലാരെന്നും, നവകമലിനീ വെണ്ണിലാ വുണ്ണുനീലി.

അത്ഥം:—ബാലേന്ദ്രനീലം=ഇളംനീലക്കല്ല്. വെല്ലും=ജയിക്കും. കാന്ത്യാ=ശോഭകൊണ്ട്. വെരളം=വിരണ്ട. കല്യാണാനാം=മംഗളങ്ങളുടെ. നിജം=സ്വന്തം. നിലയനം=ഇരിപ്പിടം. മിക്ക=മികച്ച. നല്ലാർ=സ്ത്രീ. എന്നും=എന്ന്. കമലിനീ=താമരപ്പൊയ്ക. വെണ്ണിലാവ്=ധവളചന്ദ്രിക. പുരികുഴൽ=ചുരുണ്ട മുടി.

സാരം:—ചുരുണ്ട മുടികൊണ്ടും കറുത്ത നിറംകൊണ്ടും, വിരണ്ട മാൻ കുട്ടിയുടേതുപോലുള്ള നോട്ടംകൊണ്ടും, ഉണ്ണുനീലി താനാരാണെന്നു സ്വയം വെളിവാക്കും. എല്ലാവിധം മംഗളങ്ങൾക്കും സ്വന്തം ഇരിപ്പടമാണവൾ. മികച്ച മുണ്ടെക്കലെ മററു സുന്ദരിമാരായ, താമരപ്പൊയ്കകൾക്ക്, വെണ്ണിലാവാണ്. ചന്ദ്രോദയത്തിൽ താമര കൂമ്പുംപോലെ, അവളുടെ മുഖചന്ദ്രൻ മററു സുന്ദരിമാരുടെ മുഖകമലം കൂമ്പിക്കുമെന്നു സാരം. ഇതൊക്കെക്കൊണ്ട് ആളറിയാൻ വിഷമമില്ലെന്നു ചുരുക്കം.

അഭിപ്രായം:—കുറച്ചു ആലോചിക്കാൻ വകയുണ്ട്. ലോകൈകസുന്ദരിയായ, നായിക കറുത്തവളെന്ന് കവി, ആലങ്കാരികഭാഷയിൽ പറയുന്നു! അതുകൊണ്ടെന്താ? കറുത്തവൾ സുന്ദരിയാവില്ലേ? പാഞ്ചാലിയുടെ നിറം എന്തായിരുന്നു? സുന്ദരി എന്നു പറയാൻ തൊലി വെളുക്കണമെന്ന നിബ്ബന്ധമുണ്ടോ? ഇല്ല. പറഞ്ഞതൊക്കെ പരമാത്ഥംതന്നെ. എതിർവാദത്തിന്നു പഴുതില്ല. സമ്മതിച്ചു! എന്നാലും, എന്തോ ഒരു പന്തികേടില്ലായ്മ ശേഷിയ്ക്കുന്നു. കേരളീയസൌന്ദര്യം കനകാഭയേയാണ് കൂടുതൽ

ആദരിച്ചുകണ്ടിട്ടുള്ളതു്. ജനകീയമെന്നു പറയേണ്ട വടക്കൻപാട്ടുകാരുപോലും

"വയനാടൻമഞ്ഞൾ മുറിച്ചപോലെ
കുന്നിൽ കണിക്കൊന്ന പൂത്തപോലെ"

എന്നൊക്കെയാണ് വർണ്ണിയ്ക്കുവാൻ ഇഷ്ടപ്പെട്ടുകാണുന്നതു്. നേരെമറിച്ചു്, ഹാസ്യത്തിനെ പുഷ്ടിപ്പെടുത്താനാണ് വികൃതമെന്നു തോന്നുന്ന വർണ്ണനകൾ പ്രയോജനപ്പെടാറുള്ളതു്. 'ഉണ്ണുനീലി കറുത്തവളാണെങ്കിൽ എന്തു ചെയ്യും? അവൾ സങ്കല്പസൃഷ്ടിയല്ലല്ലൊ' എന്നു് പറയാവുന്നതാണ്. ശരി. എന്നാലും 'കറുമ്പി' എന്നു് അലങ്കാരഭാഷയിൽ പറയുമ്പോൾ, വലിയ ഗൌരവക്കാർക്കു് ഒഴിച്ചു്, മററുള്ളവർക്കു് ചിരിവരും. നായികയുടെ കോലത്തിലും ശീലത്തിലും, കൂട്ടക്കൂട്ടാമെങ്കിൽ, നിറത്തിലും അരുതേ? അഥവാ ഇന്ദ്രനീലാഭം എന്നല്ലേതന്നെ അതല്ലേ? കൽക്കരി ആഭം എന്നു പറഞ്ഞില്ലല്ലൊ. അതിനാൽ, കനകാഭയെന്നു പറയാനെന്താ തരക്കേടു്? വിരസത സൃഷ്ടിയ്ക്കുന്നതു, ഹാസ്യത്തിലേ ഉചിതമാവുള്ളൂ. 'ഗണപതിവാഹന രിപുനയനേ' എന്ന തോലന്റെ പ്രയോഗം ഓർക്കുക. പൂച്ചക്കണ്ണു് സൌന്ദര്യമല്ലേ? മലയാളമങ്കമാർക്കു് അഴകില്ലേ എന്നു് വാദിയ്ക്കാം; ശരിയാണതാനും! മററു സ്ത്രീകളേയൊന്നും കറുത്തതായി ഇതിൽ വർണ്ണിക്കുന്നില്ലെന്നും ഓർക്കുക.

50

അന്നപ്പെടയ്ക്കുതിമൂഴപദന്യാസവൈദഗ്ധ്യലീലാം
തന്നെത്തന്നേ നവരമറിയിപ്പാനു യാത്രാവിലാസം
ഉന്നിദ്രാണം തരുണകമലം വെല്ലമച്ചേവടിത്താ-
രന്യസ്ത്രീണാം മരിയ കബരീഭൂഷണം മൽപ്രിയായാഃ

അൎത്ഥം:—അന്നപേട=പെൺ അരയന്നം. പദം=കാലടി. ന്യാസം=വെയ്പ്. വൈദഗ്ദ്ധ്യം=വിദഗ്ദ്ധത. ലീല=കളി. യാത്രാവിലാസം=നടക്കുന്ന ഭംഗി. ഉന്നിദ്രാണം=വിടരുന്നതു്. തരുണകമലം=ഇളംതാമര. ചേവടി=കാലടി. താർ=പൂവ്. അന്ന്യസ്ത്രീണാം=മററു പെണ്ണുങ്ങൾക്ക്. അരിയ=വിലയേറിയ. കബരീ=തലമുടിക്കെട്ട്. ഭൂഷണം=ആഭരണം. നവരം=തീച്ച്.

സാരം:—അരയന്നപ്പിടക്ക് മുഴുപദവിന്യാസലീല, വൈദഗ്ദ്ധ്യത്തോടെ സ്വയം മുഴുവൻ പഠിപ്പിയ്ക്കുന്നതാണവളുടെ നടക്കുന്നതിൻെറ ഭംഗി. തീച്ച്യായും വിടൎന്നുവരുന്ന ഇളം താമരയേ ജയിയ്ക്കുന്ന എൻെറ പ്രിയയുടെ ആ, കാൽതാര്, അന്യസ്ത്രീകൾക്ക് മുടിയിലണിയാൻ പററിയ പൂവ്വമാണ്. (ഭൂഷണം എന്നതു് ഇവ അൎത്ഥത്തിൽ എടുക്കണം.)

51

മിത്രം പാൎത്താൽ തിരുവിരൽ പരം പങ്കജാന്തൎദ്ദളാനാം
മുക്താജാലദ്യുതി മുഴുവനേ, കൾക്കവല്ലും നഖാളി,
ഗുൽഫഫ ഗൂഢം പുറവടി, വെടിഞ്ഞീടുമാ കൂൎമ്മശോഭാം
മൽപ്രേയസ്യാഃ പ്രണമതി കണക്കാൽക്ക മായൂരകണ്ഠം.

അൎത്ഥം:—മിത്രം=തോഴൻ. പാൎത്താൽ=ഓൎത്താൽ. തിരു=ശ്രീ. പരം=ഏററവും. പങ്കജം=താമര. (പങ്കം=ചളി. ജം=ജനിച്ചതു്.) അന്തൎദ്ദളം=ഉള്ളിലെ ഇതള്. മുക്താജാലം=മുത്തുകളുടെ സമൂഹം. ദ്യുതി=ശോഭ. കൾക്ക=കക്കുക. വല്ലും=സാമൎത്ഥ്യമുള്ള. നഖാളി=നഖസമൂഹം. ഗുൽഫം=ഞെരിയാണി. ഗൂഢം=ഗഹനം (മറച്ചതു്.) വെടിയുക=തിരസ്കരിയ്ക്കുക. കൂൎമ്മം=ആമ. പ്രണതി=നമസ്കരിയ്ക്കുന്നു. മായൂരം=മയിലിൻേറതു്. കണ്ഠം=കഴുത്ത്.

സാരം:—എൻെറ പ്രേയസിയുടെ മംഗളമായ വിരൽ ഓൎത്താൽ, താമരയുടെ ഉള്ളിലെ ഇതളിന്നു് ചങ്ങാതിയാണ്. (താമരയും ശ്രീക്ക ഇരിപ്പടമാണല്ലൊ.) ശോഭയും മാൎദ്ദവവും മാത്രമല്ല, ശ്രീത്വവും രണ്ടിനും തുല്യമാണ്. നഖങ്ങൾ മുത്തിൻെറ ഒളി കവരുന്നവയാണ്. ഞെരിയാണി മറഞ്ഞതാണ്. (താന്നത്.) പുറവടി ആമപ്പുറത്തിൻെറ ഭംഗിയെ പുറംതള്ളുന്നു. കണങ്കാലിന്നാണെങ്കിൽ മയിൽക്കഴുത്തു് കുമ്പിടും.

അഭിപ്രായം:—ഗൂഢശബ്ദം അന്വയിയ്ക്കാൻ ക്ലിഷ്ടമാണെന്നു ശൂരനാട് പറയുന്നു. താഴ്ന്നതു് എന്നായാൽ

അഭംഗിയില്ല. കണങ്കാലിന്നു് മയിലിന്റെ കഴുത്തായി ആകൃതി കല്പിയ്ക്കുന്നതു്, കറച്ചു് വികൃതമാവുമെന്നാണു് തോന്നുന്നതു്. നിറമാണെങ്കിൽ, ഈ നായികയുടെ പാറവും; കറുത്തു് വളഞ്ഞ കണങ്കാലുകൾ എന്നാവാം കവി പറയുന്നതു്! തിരുശബ്ദം നായികയുടെ പ്രഭുത്വം സൂചിപ്പിയ്ക്കുന്നുവെന്നാണു് അദ്ദേഹത്തിന്റെ മതം. തിരുശബ്ദം ശ്രീശബ്ദത്തിന്റെ അർത്ഥത്തിൽ ആയാൽ ശ്രീ, ശോഭ, മംഗളം എന്നൊക്കെ വിരലിനെ വിശേഷിപ്പിയ്ക്കാം; അതാണു് യുക്തി. അല്ലെങ്കിൽ പരിഹാസോക്തിയാവും ഉണ്ണുനീലിയുടെ കാര്യത്തിൽ.

52

കെല്പം നില്ലാ മനസിജമണിച്ചെപ്പു്, ജാനുദ്വന്ദ്വതോ-
ടപ്പാലാക്കും കരികരരുചിം കുരുമൂരുപ്രകാണ്ഡം,
അപ്പൂബാണന്ന, നുപമ മഹാരാജ്യമാ, മോമലംഗം
മൽപ്പുണ്യാനാം പരിണതിപദം, ചൊല്ലവല്ലേൻ പ്രിയായാഃ

അർത്ഥം:—നില്ലാ=നില്ക്കില്ല. മനസിജൻ=കാമൻ. മണിച്ചെപ്പു്=രത്നചെപ്പു്. ജാനു=കാൽമുട്ടു്. ദ്വയം=ഇണ. അപ്പാലാക്കുക=അപ്പുറത്തേയ്ക്കാക്കുക. കരി=ആന. കരം=തുമ്പി. രുചി=ശോഭ. കമ്രം=മനോഹരം. ഊരു=തുട. പ്രകാണ്ഡം=വിശിഷ്ടം. ('പ്രകാണ്ഡം', അന്ത്യത്തിൽ സമാസിയ്ക്കുമ്പോൾ വിശിഷ്ടാർത്ഥമാന്നു്.) പൂബാണന്നു്=കാമന്നു്. അനുപമം=ഉപമയില്ലാത്തതു്. കോമൾ=ഭംഗിയേറിയ. മൽ=എന്റെ. പുണ്യാനാം=സുകൃതത്തിന്റെ. പരിണതി=പകത (മൂപ്പു്.) പദം=സ്ഥാനം. ചൊല്ലവല്ലേൻ=പറയാൻ വയ്യ.

സാരം:—കാൽമുട്ടുകളോടു കാമന്റെ മണിച്ചെപ്പും കിടപിടിക്കില്ല. തുടകൾ തുമ്പിക്കരത്തിനുടെ കാന്തി പുറന്തള്ളും. പ്രിയയുടെ കോമലായ അംഗം കാമന്നു് കിടയററ സാമ്രാജ്യംതന്നേയാണു്. എന്റെ സുകൃതവിപാകം പറഞ്ഞറിയിയ്ക്കാൻ വയ്യ!

അഭിപ്രായം:—ഓമലംഗം എന്നതിന്ന് കമനീയാംഗം എന്നും, അതിന്ന് നിതംബം എന്നും, എളങ്കുളം അൎത്ഥം കൊടുത്തിരിക്കുന്നു. അതിന്നു് പ്രമാണം എന്താണെന്നറിയുന്നില്ല. ഒരുപക്ഷെ, നിതംബമായിരിക്കാം ആ, രസികശിരോമണിയുടെ അഭിപ്രായത്തിൽ, കാമന്റെ കേളീരംഗം!! ഓരോ രുചിഭേദം!!

53

ക്ലാന്തം മദ്ധ്യം, ബകുളകുസുമശ്രീഭരം നാഭിദേശം,
കാന്തം വേണീമരുന്നിഴലിവ, പ്രേക്ഷ്യതേ രോമരാജീ;
കല്യാണാംഗ്യാ നിജമധുരിമാപൂൎണ്ണലാവണ്യഗംഗാ—
കല്ലോലാളീ വലികളുദരം, കയ്ത്തലം ചിത്തയോനേഃ

അൎത്ഥം:—ക്ലാന്തം=തളൎന്നതു്. ബകുളം=ഇലഞ്ഞി. കുസുമം=പൂവ്. ശ്രീ=ശോഭ. ഭരം=ഭരിക്കുന്നതു് (വഹിക്കുന്നതു്.) നാഭി=പൊക്കിൾ. കാന്തം=മനോഹരം. വേണി=തലമുടി. ഇവ=പോലെ. പ്രേക്ഷ്യതെ=കാണപ്പെടുന്നു. രോമരാജി=രോമരേഖ. കല്യാണാംഗ്യാ=മംഗളാംഗിയുടെ. നിജം=തന്റേതു്. മധുരിമാ=മാധുൎയ്യം ആപൂൎണ്ണം=നിറഞ്ഞതു്. ലാവണ്യം=സൌന്ദൎയ്യം. കല്ലോലം=തിരമാല. ആളീ=സമൂഹം. വലികൾ=വയററത്തെ ചുളിവുകൾ. ഉദരം=വയർ. ചിത്തയോനേഃ=കാമന്റെ ചിത്തമാകുന്ന യോനി. (മനസ്സാകുന്ന ഉല്പത്തിസ്ഥാനം; കാമൻ മനസ്സിൽനിന്നു ജനിച്ചവനാണു് എന്നു സാരം.)

സാരം:—അവളുടെ മദ്ധ്യഭാഗം ക്ഷീണിച്ചതാണു്. (അതിനെയാണു് സുന്ദരിമാരുടെ ലക്ഷണം) പൊക്കിൾത്തടം ഇലഞ്ഞിപ്പൂപോലെ കാന്തിയേന്തുന്നതാണു്. തലമുടി എതിർഭാഗത്തു് നിഴലിച്ചതുപോലെ മനോഹരമാണു് അവളുടെ രോമരാജി. ആ മംഗളാംഗിയുടെ വലികൾ കണ്ടാൽ, തന്റെ മാധുൎയ്യപൂൎണ്ണമായ സൌന്ദൎയ്യസാഗരത്തിന്റെ കല്ലോലജാലംപോലെയാണു്. ഉദരമാകട്ടെ കാമന്റെ കൈത്തലവുമാണു്.

54

നമ്രം തുമല്ലിടയൊടിയുമാറുന്നതം കൊങ്കയുഗ്മം,
കമ്രാകാരഃ കരകിസലയേ കന്ദളീകന്ദളാഭേ,

കംബുശ്രീമൽ ഗളമിരുൾ കുഴൽക്കററ ചീർത്താർത്തുമേററം
ബിംബാകാരം തരളമണിവാ, ചന്ദ്രബിംബാനനായാഃ

അൎത്ഥം:—നമ്രം=കുനിഞ്ഞതു്. ത്തുമല്ലീട=മനോഹരമായ മദ്ധ്യഭാഗം. ഉന്നതം=ഉയൎന്നതു്. കമ്രം=മനോഹരം. ആകാരം=രൂപം. കരകിസലയം=കൈത്തളിർ. കന്ദളീ=കദളിവാഴ. കന്ദളം=കുരുന്നു് (കൂമ്പു്.) ആഭ=ശോഭ. കംബു=ശംഖു്. ശ്രീമത്തു്=ശോഭയുള്ളതു്. ഗളം=കഴുത്തു്. കുഴൽക്കററ=കററപോലുള്ള തലമുടി. ചീർത്താർത്തു്=വളരെ വളൎന്നു്. (ആരുക എന്നാൽ നിറഞ്ഞു് തിങ്ങുക എന്നൎത്ഥം.) ബിംബം=തൊണ്ടിപ്പഴം. തരളം=ഭംഗിയേറിയതു്. മണിവാ=പവിഴച്ചുണ്ടു്. ചന്ദ്രബിംബാനനാ=മതിമുഖി. (ആനനം=മുഖം.)

സാരം:—അവളുടെ ഉയൎന്ന കൊങ്കത്തടങ്ങൾ (മുലയിണ) കണ്ടാൽ, കുനിഞ്ഞ മദ്ധ്യഭാഗം ഒടിഞ്ഞുവീഴുമാറു് തോന്നും. മനോഹരമായ കൈത്തളിരുകൾ കദളിക്കൂമ്പുപോലെ കാന്തികലൎന്നതാണു്. കഴുത്തു് ശംഖിൻശോഭയാൎന്നതാണു്. (വടിവു് എന്നൎത്ഥം) ഇരുൾപോലുള്ള കററക്കാർകുന്തളം, തിങ്ങിവളൎന്നതാണു്. തൊണ്ടിമണ്ടുന്ന ചുണ്ടുകളുമുണ്ടവൾക്കു്. ഇങ്ങിനെയാണു്, ആ മതിമുഖിയുടെ വടിവു് എന്നു് സാരം.

55

പൂന്തേൻവെല്ലും മധുരവചനം, ചന്ദ്രികാമന്ദഹാസം,
കാന്താദന്താവലി, മരതകാദൎശലീലൌ കപോലൌ,
കണ്ണാന്തം നീണ്ടിളയ മറിമാൻ നോക്കു് വെൽവൊന്നു നേത്രം,
കണ്ണും പൂമാതഴകൊടു കളിപ്പോരു പൊന്നൂയലല്ലൊ.

അൎത്ഥം:—വചനം=വാക്കു്. ചന്ദ്രിക=നിലാവു്. മന്ദഹാസം=പുഞ്ചിരി. മരതകാദൎശം=മരതകക്കണ്ണാടി. ലീലൌ=കളിയ്ക്കുന്നവ (പ്രകൃതി, സ്വഭാവം എന്നൊക്കെയാണു് പ്രകൃതാൎത്ഥം.) കപോലം=കവിൾ. കാന്താ=മനോഹരം. ദന്താവലി=പല്ലുകളുടെ കൂട്ടം. (ആവലി=സമൂഹം.) കണ്ണാന്തം=കാതുവരെ. മറിമാൻ=മാൻകുട്ടി. പൊന്നൂയൽ=പൊന്നുഴിഞ്ഞാൽ.

സാരം:—പൂന്തേൻവെല്ലുന്ന വാക്കു്, ചന്ദ്രികാസുന്ദരമായ മന്ദഹാസം, മുത്തണിപ്പല്ലുകൾ മനോഹരം. മരതകക്കണ്ണാടിപോലെ (കറുത്ത) കവിളിണയുടെ കാന്തി, കാതോളം നീണ്ട നയനങ്ങൾ, മാൻകുട്ടിയെ വെല്ലുന്ന കടാക്ഷം ചേൎന്ന കൺമിഴികൾ. കാതു തൂങ്ങിക്കിടക്കുന്നതു കണ്ടാൽ, കാമന്നു പൊന്നുഴിഞ്ഞാലിട്ടപോലെ തോന്നും!

അഭിപ്രായം:—ഇളയ എന്നും, മറി എന്നും, മാനിൻെറ വിശേഷണം ഒന്നാണ്. രണ്ടും ചെറിയ എന്നർത്ഥം. പക്ഷെ, വർണ്ണനയ്ക്കുള്ളു നോക്കാനില്ല, ഇതിലെ ആശയം തന്നെ, പൌനരുക്ത്യമാണെന്നു പറയാം. കറുത്ത കവിളും വെളുത്ത കാതും ചേരില്ല. "പൊന്നുതമ്പുരാൻ" എന്നപോലെ, പൊന്നു് എന്നതിനു് വിലയേറിയ എന്നർത്ഥം ധരിച്ചാൽ മതി.

51

എൾപ്പൂ കവർപ്പാൻ കരുതുമഴകാർന്നഞ്ചിതം നാസികാഗ്രം,
വിൽപോലെ നീണ്ടുദിത നെറിയൽപ്രൌഢി ചില്ലീതരംഗം
മുററാത്തോമൽക്കുളുർമതിപൊരും നെററി, മുററിന്ന തിങ്കൾ-
ക്കുററാൽക്കുററം വദതി വദനാംഭോരുഹം മൽപ്രിയായാഃ

അർത്ഥം:—എൾപ്പൂ=എള്ളിൻപൂവ്. കവർപ്പാൻ=കക്കുവാൻ. ആർന്ന=ചേർന്ന. അഞ്ചിതം=മനോഹരം. നാസിക=മൂക്ക്. വിൽ=വില്ല്. ഉദിതം=പ്രകടം. നെറിയൽപ്രൌഢി=വിലാസപ്രൌഢി. ചില്ലി=പുരികം. തരംഗം=ഓളം. മുററാത്ത=വളരാത്ത. കുളുർമതി=ബാലചന്ദ്രൻ. പൊരും=പൊരുതുന്നതു്. മുററിന്ന=മുററിയ (പൂർണ്ണമായ.) തിങ്കൾ=ചന്ദ്രൻ. ഉററാൽ=ഉററുനോക്കിയാൽ. വദതി=പറയുന്നു. വദനം=മുഖം. അംഭോരുഹം=താമര. (അംഭസ്സിൽ=വെള്ളത്തിൽ, രുഹം=മുളച്ചതു്.)

സാരം:— മൂക്കിന്നററം എള്ളിൻപൂവിൻകാന്തി കവരുന്നതാണ്. ഗംഭീരമായ ഓളംപോലുള്ള പുരികങ്ങൾ നീണ്ടതും വില്ലിൻെറ മോടിയെ വെല്ലുന്നതുമാണ്. (മൽപ്രിയായാഃ) എൻെറ പ്രിയയുടെ നെററി വളരാത്ത അമ്പിളിത്തെല്ലിനോടു പൊരുതുന്നതാണ്. മുഖപത്മമാകട്ടെ, പൂർണ്ണചന്ദ്രനെ കുററപ്പെടുത്തുന്നതുമാണ്.

അഭിപ്രായം:—കുററപ്പെടുത്തുക തരംതാഴ്ത്തുക എന്നർത്ഥം. നെറിയിൽപ്രൌഢി 'വിലാസപ്രൌഢി' എന്നു് ശ്രീ. ശൂരനാടൻ വ്യാഖ്യാനത്തിൽ കൊടുത്തിരിക്കുന്നു.

നെറിയിൽ എന്നാൽ വിലാസം എന്നാണർത്ഥം. പക്ഷെ, നെറി എന്നാൽ വളഞ്ഞതു് എന്നാണ് ശരിഎന്നു തോന്നുന്നതു്; സമ്പ്രദായം എന്നുമാകാം. വില്ലിന്റെ (പ്രൌഢി എന്നതിനു) മോടി എന്നർത്ഥമാണ് നല്ലതു്.

57

മുണ്ടെക്കൽ ചേന്നഴകുപൊഴിവോരുണ്ണുനീലീതി പേരാം
മണ്ടി ച്ചാലത്തളരു മിളമാൻ വെന്ന മുഗ്ദ്ധേക്ഷണായാ;
കൊണ്ടൽ ക്കോല ക്കരിമുകിലുടേ കാന്തി നീർകൊണ്ടിരുണ്ട
ക്കണ്ടിക്കാർമൽക്കഴൽ കഴൽതൊട്ടും കാന്തി സൌജന്യസിന്ധോഃ

അർത്ഥം:—ഇതി=ഇപ്രകാരം (എന്നു്.) ചാലെ=ഭംഗിയിൽ. വെന്ന=ജയിച്ച. മുഗ്ദ്ധം=മനോഹരം. ഈക്ഷണം=നോട്ടം. കൊണ്ടൽ=(തുലാവർഷത്തിലെ) കാററു്. കോല=അഴകാന്ന. കരിമുകിൽ=കറുത്ത മേഘം. നീർകൊണ്ടിരുണ്ട=നീരു് (വെള്ളം) കൊണ്ടു് ഇരുണ്ട (പെയ്യാനടുത്ത). കണ്ടിക്കാർ=ഇടതൂന്ന കാർ. മൽ=മല്ലടിയ്ക്കുന്ന. കഴൽ=കണങ്കാൽ. കാന്തി=ശോഭ. സൌജന്യം=സുജനത്തിന്റെ ഭാവം (നല്ലവരുടെ പ്രകൃതിഎന്നർത്ഥം.) സിന്ധു=സമുദ്രം.

സാരം:—മുണ്ടെക്കൽ ചേന്ന, അഴകുപൊഴിയുന്നവളും, ഉണ്ണുനീലി എന്നു പേരുള്ളവളും, ഓടിത്തളന്ന മാൻകുട്ടിയേപ്പോലെ മുഗ്ദ്ധേക്ഷണയായവളും, ആയ അവളുടെ, വർഷക്കാററിന്റെ കാന്തി നീർകൊണ്ടിരുണ്ടു്, മനോഹരമായ കരിഞ്ചണ്ടി (കണ്ടി എന്നതിനു് കരിഞ്ചണ്ടി എന്ന അർത്ഥം ഇവിടെ സ്വീകരിയ്ക്കുന്നു. അല്ലെങ്കിൽ പൌനരുക്ത്യം വരുമല്ലൊ) പോലെ കാന്തിപൂണ്ട കബരീഭാരം കാലിണ തൊട്ടും.

അഭിപ്രായം:—സൌജന്യസിന്ധു എന്നതു സംബോധനയായും നായികാവിശേഷണമായും ചേക്കാം; രണ്ടാമത്തേതാണ് ഭംഗി.

58

ചാണിന്മേൽ നീണ്ട സിതനയനം, ചാപലം ചേന്ന മാററം
കാണാംതോറും നയനസുഭഗം, കാമിനാം പുണ്യപൂരം

ഓണം മാരനുദയഭവനം പൂവിൽമാതി, ന്നെനെക്കോ
കാണം പോരാ, കുടിലമിഴിതൻ കോലമിവ്വണ്ണമെന്മാൻ.

അർത്ഥം:—അസിതം=കറുത്തതു്. (സിതം=വെളുപ്പു്.) ചാപലം=അസ്ഥിരത. മാററം=സംഭാഷണം. സുഭഗം=സുന്ദരം. കാമിനാം=കാമികളുടെ. പുണ്യപൂരം=സുകൃതവിപാകം. (പൂരിച്ചതു്, നിറഞ്ഞതു്, ഒഴുക്കു് എന്നൊക്കെ അർത്ഥമുണ്ടു്.) മാരനു്=കാമനു്. ഉദയം=ഉല്പത്തി. പൂവിൽമാതു്=ലക്ഷ്മി. കാണം=കഴിവു്. എന്നെക്കു്=എനിക്കു്. കുടിലമിഴി=വക്രമിഴി. (നോട്ടത്തിന്നു് അസ്ഥിരത.) കോലം=രൂപം. ഇവ്വണ്ണമെന്മാൻ=ഇന്നപ്രകാരമെന്നു പറയുവാൻ.

സാരം:—കറുത്ത കണ്ണു്, ഒരു ചാണിൽ കൂടുതൽ നീണ്ടതാണു്. ചപലഭാഷണം (കൊഞ്ചൽ) കാണുംതോറും കണ്ണിന്നു് കർപ്പൂരമാണു്. ("ക്ഷണേക്ഷണേയം നവതാമുപൈതി, തദേവ രൂപം രമണീയതായാഃ" എന്നാണല്ലൊ രമണീയതയുടെ ലക്ഷണം) കാമികൾക്കു പുണ്യപൂരമാണു്. മാരനു പൊന്നോണമാണു്. (സമൃദ്ധി തികഞ്ഞതു് എന്നു സാരം) ലക്ഷ്മിക്കിരിപ്പിടമാണു്. എനിക്കാണെങ്കിൽ, ആ കുടിലമിഴിയുടെ കോലം ഇന്നപ്രകാരമെന്നു വർണ്ണിപ്പാൻ വയ്യ.

അഭിപ്രായം:—കോണം എന്നും കാണം എന്നും രണ്ടു പാഠം കാണുന്നു. കാണം എന്ന പാഠമാണു് എല്ലാരും സ്വീകരിച്ചിരിക്കുന്നതു്. അതിനു കഴിവു് എന്ന അർത്ഥവും കൊടുത്തിട്ടുണ്ടു്. ആ പാഠമാണു നല്ലതു്. കോണം എന്നതിന്റെ അർത്ഥം സ്പഷ്ടമല്ല.

59

എന്നോടുണ്ടാം പ്രഥമവിരഹവ്യാകുലാ നൂനമിന്നോ
തന്വീ മാലാ, ശിശിരമഥിതാ, താമരപ്പൊയ്കപോലെ.
അന്യാകാരം വഹതി തിരുമെയ് മിക്കവാറും മൃഗാക്ഷീ
മുന്നേ ലക്ഷ്മീം കിമു കുമുദിനീയാതി ശീതാംശുഹീനാ?

അർത്ഥം:—പ്രഥമവിരഹം=ആദ്യത്തെ വേർവാടു്. വ്യാകുലാ=ദുഃഖിതാ. നൂനം=തീർച്ച. തന്വീ=തനുവായ (മൃദു) ദേഹമുള്ളവൾ. മാലം=ഭൂഷണം.

ശിശിരം=മഞ്ഞുകാലം. മഥിതാ=കശക്കപ്പെട്ടതു്. അന്ന്യാകാരം=മറെറാരു രൂപം. വഹതി=വഹിക്കുന്നു. മൃഗാക്ഷീ=മാൻകണ്ണി. മുന്നേലക്ഷ്മീം=മുൻശോഭയെ. കിമു=ഉണ്ടോ? കുമുദിനി=ആമ്പൽപൊയ്ക. യാതി=പ്രാപിയ്ക്കുന്നു. ശീതാംശു=തണുത്ത രശ്മിയോടുകൂടിയവൻ (ചന്ദ്രൻ). ഹീനാ=കൂടാത്തതു്.

സാരം:—എന്നോടുള്ള ആദ്യത്തെ വേർവാടിനാൽ ദുഃഖിതയായ ആ തന്വീമാല, ഇന്നു തീർച്ചയായും, മഞ്ഞുകാലത്തു മിഴിവററ താമരപ്പൊയ്ക പോലെയായീട്ടുണ്ടാവും. അവൾ, കണ്ടാൽ ആളറിയാത്ത മട്ടിലായീട്ടുണ്ടാവും. ആ മൃഗാക്ഷി മിക്കവാറും മറെറാരുവിധം ആകൃതിയായീട്ടുണ്ടാവും. ചന്ദ്രൻ പോയ ആമ്പൽപ്പൊയ്കയ്ക്കു്, ആദ്യത്തെ മിഴിവു് പിന്നെ കിട്ടാറുണ്ടോ? ഞാൻ വേർപെട്ടിരിയ്ക്കുന്ന കാലം പഴയ ഉത്സാഹം കിട്ടില്ലെന്നു സാരം.

അഭിപ്രായം:—ഇവിടെയും തിരുമെയ് എന്നതിനു് ശ്രീവത്സ്യസ് എന്നാണർത്ഥം അതായതു മംഗളാംഗി എന്നു സാരം; അല്ലെങ്കിൽ പാവനാംഗി. ഇതു, എവിടേയും യോജിയ്ക്കുള്ള ശ്രീ. ശൂരനാട്ട് പറയുംപോലെ പ്രഭുതാമല്ല സൂചിപ്പിയ്ക്കുന്നതു്.

60

കണ്ടിക്കാർമൽക്കുഴ, ലിടകലന്നങ്ങു ചിക്കീത്തു വത്താ—
ഞ്ഞുണ്ടേപ്പാനാ മുടനുടനെഴും ദീർഘനിശ്വാസഖിന്നാ
തൊണ്ടിച്ചെവ്വാ, നയന ശഫരീനീലതാം, നീലനേത്രം
തൊണ്ടിച്ചെവ്വാ വടിവുമിയലാ മശ്രുപാതാതിരേകാൽ.

അർത്ഥം:—ഉണ്ടേപ്പാനാം=ഉണ്ടായിരിയ്ക്കും. മുടനുടനെഴും = എല്ലായിപ്പോഴും ഉയരും. (എഴും=ഉയരും). ദീർഘനിശ്വാസം=നെടുവീപ്പു്. ഖിന്നാ=ദുഃഖിതാ. ചെവ്വാ=ചുകന്ന. ശഫരി=കരുമത്സ്യം. നീലിതാ=നീലിമാ. അശ്രുപാതം=കണ്ണീർവീഴൽ. അതിരേകം=വദ്ധന.

സാരം:—കണ്ടിക്കാറിനോടിടഞ്ഞ കബരി, ഇടകലൻ്റ് ചിക്കിത്തു വത്താതെ (തു വത്തി വേറിടുക്കാതെ) കിടക്കുന്നുണ്ടായിരിക്കാം. എപ്പോഴും ഉയരുന്ന നെടുവീപ്പുകൊണ്ടു് വിഷമിക്കുകയാവും. (എഴുനല്ലും എന്നു് ശൂരനാടൻ എഴുതിയിരിയ്ക്കുന്നു. നായിക സ്ഥിരം കിടപ്പാകയാൽ "എഴും"

എന്നതിന്ന് ഉയരും എന്നാണ് യോജിക്കുക.) ചുകന്ന ചുണ്ട്, അശ്രുപാതത്താൽ കൺമഷി കലൎന്ന് കറുത്തിരിക്കും. അതുപോലെ കണ്ണിൽ ചുണ്ട് പ്രതിഫലിച്ച് ചുവന്നും ഇരിക്കും. ഇങ്ങിനെയുള്ള വടിവ് (കാന്തി) ഇയലാം (പ്രാപിക്കാം.)

അഭിപ്രായം:—ഇതാ വലിയ ഗൗരവക്കാർ ഒഴിച്ച്, മററുള്ളവരെ കവി ചിരിപ്പിക്കുന്നു! ഒന്ന് സൂക്ഷിച്ചുനോക്കുക! ചുണ്ടിൽ കരിപുരണ്ട് കറുത്തും, കണ്ണ് ചുകന്നും ഉള്ള ആ കോമാളിവേഷം എഴുതിയപ്പോൾ, കവിയും ക്രുദ്ധരും ചിരിച്ചിരിക്കുമെന്ന്, ഏതു സഹൃദയനും സമ്മതിക്കും. ഇത് ഹാസ്യമോ ശൃംഗാരമോ എന്ന ചിന്ത നില്ക്കട്ടെ! പിന്നെ ഒരു കാൎയ്യം. ചുണ്ട് കറുത്തതായാൽ, അതു പ്രതിഫലിക്കുമ്പോൾ കണ്ണ് എങ്ങിനെ ചുവന്നതായി തോന്നും? അതു ചിന്തിച്ച് തല പുണ്ണാക്കാൻ, ഞാൻ ഏതായാലും മിനക്കെടുന്നില്ല. സഹൃദയന്മാരുടെ ശാപമേൽക്കണ്ടല്ലൊ! ഇതിലെ 'ഉണ്ടേപ്പാനാം' എന്ന പ്രയോഗം എന്താണെന്നൊരു പിടിയും ഇല്ല വ്യാഖ്യാതാക്കൾ ഭിന്നാഭിപ്രായക്കാരാണ്. തലമുടി ഉണ്ടപിടിക്കാറായി എന്നുമൊക്കെയാണ് അൎത്ഥം കല്പിക്കുന്നതു്. എന്തോ!

61

ചില്ലീവല്ലീനെറിയലെ മറന്നംബുജേ തേൻമുടിഞ്ഞാൽ
മെല്ലെ പ്പൈകൊണ്ടളികുലം, മുറങ്ങിന്നതായ് ത്തോന്നമാകാം
കല്യാണാംഗ്യാ ദിവസശേമി ചന്ദ്രശോഭാ, മിണങ്ങാ–
മെല്ലാമെയ്യാഴം കരതലപരിഷ്വംഗഖിന്നൗ കപോലൗ.

അൎത്ഥം:—ചില്ലീ=പുരികം. വല്ലീ=കൊടി. നെറിയൽ=വിലാസം. അംബുജം=താമര. മുടിയുക=കഴിയുക. പൈ=പശി (വിശപ്പ്.) അളി=വണ്ട്. കുലം=കൂട്ടം. തോന്നമാകാം=തോന്നാം. കല്യാണാംഗ്യാ=മംഗളാംഗിയുടെ. (സന്ധിയാൽ വിസൎഗ്ഗം ലോപിച്ചിരിക്കുന്നു.) കരതലം=കൈ

പ്പടം. പരിഷ്വംഗഃ=ചേൎന്നിരിയ്ക്കൽ. ഖിന്നെ=ഖേദിയ്ക്കുന്നവ. കപോലെ=കവിളുകൾ. (ദ്വിവചനം.)

സാരം:—പൂരികക്കൊടി, വിലാസങ്ങൾ വിസ്മരിച്ച് ഇളകാതായിട്ടുണ്ടു് എന്നു് വരാം. തേൻ കഴിഞ്ഞാൽ വണ്ടുകൾ വിശന്നു തളൎന്നു താമരയിൽ ഉറങ്ങുന്നപോലെ തോന്നും അതു കണ്ടാൽ. മുഖകമലത്തിൽ പൂരികം വണ്ടുപോലെ വിലസിക്കുന്നു എന്നൎത്ഥം. ആ മംഗളാംഗിയുടെ കവിൾത്തടങ്ങൾ രണ്ടും, എപ്പോഴും കൈത്തലംകൊണ്ടു് താങ്ങിത്തളൎന്നതിനാൽ ദിവസ (പകൽ) ദശമീചന്ദ്രനേപ്പോലെ, ഒളി മങ്ങിയിരിക്കണം.

അഭിപ്രായം:—ഇവിടേയും "നെറിയൽ" എന്നതിന്നു് വളവ് എന്നാണു് സൂക്ഷ്മമായ അൎത്ഥം. പൂരികം വളഞ്ഞതാണെങ്കിലും വിലാസവേളയിലേ ശരിക്കും വക്രത വ്യക്തമാവുള്ളു.

62

നീലക്കല്ലാൽ വിരചിത മണിച്ചെപ്പുപോലേ വിളങ്ങും
കോലപ്പോർമന്മുല, കുവലയം വെന്ന മുഗ്ദ്ധേക്ഷണായാഃ!
ബാലസ്നിഗ്ദ്ധം നഖപദമണിഞ്ഞശ്രുപാതാതിരേകാൽ
ചാലത്തോന്നും ചുനയൊഴുകുമച്ചൂതപക്വങ്ങളെന്നു്.

അൎത്ഥം:—വിരചിതം=നല്ലവണ്ണം പണിതുണ്ടാക്കിയതു്. കോലപ്പോർമന്മുല=ഭംഗിയായും പോരടിക്കുന്നതു് (മുലകൾ തിക്കിത്തിരക്കുന്നവ എന്നൎത്ഥം) കുവലയം=കരിങ്കുവളം. വെന്ന=ജയിച്ച. മുഗ്ദ്ധേക്ഷണായാഃ=ബാലസഹജമായ നോട്ടമുള്ളവളുടെ (മുഗ്ദ്ധത—മൂഢത—സന്തോഷം ഒക്കെ) ബാലസ്നിഗ്ദ്ധം=ബാലസഹജമായ സ്നിഗ്ദ്ധതയാൎന്നതു്. (സ്നിഗ്ദ്ധത=മാൎദ്ദവം; എണ്ണമയംപോലുള്ളതു്) നഖപദം=നഖത്തിന്റെ പാടു് (കാന്തൻ നഖംകൊണ്ടു് പാടുവീഴത്തക്കവണ്ണം മുറിവേല്പിക്കുന്നതു്. ശൃംഗാരചേഷ്ടയിൽ പെട്ടതാണു്) അശ്രു=കണ്ണുനീർ. പാതം=വീഴ്ച. അതിരേകം=വൎദ്ധന. ചാലത്തോന്നും=ശരിക്കു തോന്നും. ചൂതപക്വം=തേൻമാമ്പഴം.

സാരം:—നീലക്കല്ലുകൊണ്ടു് കടഞ്ഞുണ്ടാക്കിയ മണിച്ചെപ്പുപോലെ വിളങ്ങുന്നതാണു്, തമ്മിൽ തട്ടി തകൎക്കുന്ന ആ പോർമുലകൾ. മുഗ്ദ്ധേക്ഷണയുടെ കണ്ണുകൾ, കുവലയ കാന്തിവെന്നതാണു്. ഇളംമാൎദ്ദവമായും നഖ

ക്ഷതമണിഞ്ഞതുമാണതു്. അശ്രുപാതാതിരേകത്താൽ, ചുണയൊലിക്കുന്ന തേൻമാമ്പഴംപോലെ ഇരിക്കും ഇപ്പോഠം അവ കണ്ടാൽ.

അഭിപ്രായം:—നഖക്ഷതം അണിയുന്നതു്, ക്രീഡാസ്മരണ ഉദ്ദീപിപ്പിക്കുന്നു. അതു് അലങ്കാരമാണെന്നാണു വെച്ചിരിക്കുന്നതു്. കുമാരസംഭവത്തിൽ "ബാലേന്ദുവക്രാണ്യവികാസഭാവാൽ" എന്നു, വനവർണ്ണനാശ്ലോകം നോക്കുക. അതിന്റെ പരിഭാഷയാണു് താഴെ കൊടുക്കുന്നതു്.

"ചുവന്നു ചന്ദ്രകലപോൽ വളഞ്ഞും
വിളങ്ങി പൂമൊട്ടുടനെ പിലാശിൽ
വനാന്തലക്ഷ്മിക്കു നഖക്ഷതങ്ങഠം
വസന്തയോഗത്തിലുദിച്ചപോലെ'

ചുന എന്നതാണു് ശരി എന്നു് ശ്രീ ശൂരനാടൻ പറയുന്നു. ചുണ എന്നും വിരോധമില്ല. വടക്കു് 'ചുന്ന' എന്നാണു് നടപ്പുള്ള ഭാഷ. പക്ഷേ, കണ്ണീരിനു ചുന്നയായി സാദൃശ്യം കഷ്ടിയാണു്. അതുപോലെ നീലച്ചെപ്പുപോലുള്ള (കറുത്ത) മുലകഠം തേൻമാമ്പഴംപോലിരിക്കുമെന്നതും വിരുദ്ധമാണു്. രണ്ടുനിറവും കലർന്നതാണെങ്കിൽ അതു തമാശയാണു്.

63

ബിന്ദുസ്യന്നം, മൃദുനഖപദോല്ലാസി, കാന്തായിതാന്തേ
മന്ദം മന്ദം, മമ കരതലംകൊണ്ടു സംവാഹനീയം
സന്തപ്തായാ മദനശിഖിനാ സാരമാമൂരുയുഗ്മം
രേതത്തുണ്ണിൻ പരിചു വിളറിപ്പോയിതാകാം പ്രിയായാഃ

അർത്ഥം:—ബിന്ദു=തുള്ളി. സ്യന്നം=സ്രവിച്ചതു് (വിയർത്തതു്) പദോല്ലാസി=പാടുകൊണ്ടു ശോഭിയ്ക്കുന്നതു്. കാന്തായിതം=വിപരീത രതി.

അന്തേ=അവസാനം. സംവാഹനീയം=തലോടപ്പെടുന്നതു്. സന്തപ്തായാഃ= വെന്തുനീറുന്നവളുടെ. മദനശിഖിനാ=കാമാഗ്നികൊണ്ടു്. (മദനൻ=കാമൻ. ശിഖി=തീയ്യ്.) സാരം=ശ്രേഷ്ഠം. ഊരു=തുട. യുഗ്മം=ഇണ. ദന്തഃ=ആനക്കൊമ്പു്. പരിച്=മാതിരി.

സാരം:—പ്രിയയുടെ ശ്രേഷ്ഠമായ ഊരുയുഗ്മം, ദന്തത്തൂൺപോലെ, വിളറിയിരിക്കാം. സ്വതവെ കറുത്തതാണല്ലൊ. അതു വെളുത്തു എന്നു സാരം. കാന്തായിതാന്തത്തിൽ, വിയർപ്പുതുള്ളി പൊടിഞ്ഞതും, മൃദുനഖോല്ലാസിയും, എന്റെ കരതലംകൊണ്ടു് തലോടുന്നതുമാണവ. ഇപ്പോൾ കാമാഗ്നിയിൽ, വെന്തുനീറുന്ന അവ വിളർത്തിരിക്കും.

അഭിപ്രായം:—നായകനും സന്ദേശവാഹകനും രണ്ടാണെന്നും, ഇപ്പറഞ്ഞതൊക്കെ പരമാർത്ഥമാണെന്നും വാശിപിടിയ്ക്കുന്നവരാണു്, ഇതു് അനുചിതമാണു് എന്നു വാദിയ്ക്കുന്നതു്. എത്ര ഇഷ്ടതോഴനായാലും, രാജാവിനോടു്, ഒരു വിടൻ പറയുന്നതു് ഏറുന്നു എന്നു തോന്നാം. ശുകസന്ദേശത്തിലെ "ഊരൂ ചാസ്യാശ്ചിരമിഹമയാ" എന്ന പദ്യത്തെ, പ്രത്യക്ഷത്തിൽ അനുകരിച്ചിരിക്കുകയാണെന്നു തോന്നും. എന്നാൽ സന്ദേശഹരൻ, ഒരു മനുഷ്യനാവുന്നതിന്റെ അനൌചിത്യമാണു കവി സ്പഷ്ടമാക്കുന്നതു്.

64

വേണോ ശ്രീമന്മധുരവചനാം വീരമൌലേ! സഖീം തേ
കാണെക്കൂട്ടമ്പൊഴുതറിയലാ, മെങ്കിലും പങ്കജാക്ഷീം
ക്ഷീണക്ഷീണാം വിഗതഹരിണാമിന്ദ്രദിക്ചന്ദ്രരേഖാം
കാണുന്നേരത്തു കരുതിനോരന്യഥാ മന്നിലാർപോൽ?

അർത്ഥം:—വേണു=മുള. ശ്രീമത്തു്=അഴകാർന്നതു്. വചനാ=വാക്കുകളുള്ളവൾ. വീരമൌലി=വീരർക്കു കിരീടം. സഖി=തോഴി. തേ=അങ്ങയുടെ. പങ്കജം=താമര. (ചേറിൽ മുളച്ചതു്) അക്ഷി=നേത്രം. ക്ഷീണക്ഷീണാഃ=വളരെ ക്ഷീണിച്ചതു്. വിഗതഃ=പോയതു്. ഹരിണം=മുയൽ. ഇന്ദ്രദിക്=കിഴക്കു്. ചന്ദ്രരേഖാ=അമ്പിളിക്കീറു്. അന്യഥാ=മറുവിധത്തിൽ. മന്നിലാർ=ലോകത്തിലാരാണു്.

സാരം:—എങ്കിലും, ഹേ! വീരമേഘമേ (ആളു മാറിപ്പോയിട്ടുണ്ടാവാമെന്നു് ഞാൻ പറഞ്ഞുവെങ്കിലും) ഓടക്കുഴൽപോലെ, മധുരമായ ശബ്ദമുള്ള, അങ്ങയുടെ തോഴിയെ, കാണുമ്പോൾതന്നെ അറിയാം. താമരലോചനയായ അവൾ, തിരിച്ചറിയാൻ വിഷമമില്ല. വളരെ ചുരുങ്ങിയും, കാലത്തു് കിഴക്കുദിച്ചതും മുയൽ പോയതുമായ, അമ്പിളിക്കീറുപോലെയിരിക്കുന്ന ആ ഗാത്രവല്ലി, കണ്ടുമ്പോൾ മറിച്ചു വിചാരിക്കുന്ന ഒരാൾ, ആരാണീയുലകിലുള്ളതു്? മുയലുള്ളതാണെങ്കിൽ ചന്ദ്രരേഖയാണെന്നു് വിചാരിക്കാൻ വയ്യെന്നർത്ഥം. എന്തെന്നാൽ, നായികാവദനം കളങ്കമററതാണെന്നു സൂചിപ്പിക്കുന്നു. കളങ്കമാണല്ലോ ചന്ദ്രൻെറ മുയൽ. അതാണു് "വിഗതഹരിണാ" എന്ന പദത്തിൻെറ സാരസ്യം.

65

മററം ചൊല്ലാം കുശൽ, മനസിജക്ലേശിനീം കൂററവപ്പാൻ,
ചുററം മേവും നിജസഹചരീവർഗ്ഗമെൻ വാർത്തകൊണ്ടും
മുററം മാധ്വീം ചെവിനിറയുമാറങ്ങു തൂവും ദശായാ—
മിററിറേറാലും നയനസലിലം വീക്ഷതേ പ്രാണനാഥാ.

അർത്ഥം:—മററും=വേറെയും. കുശൽ=ഉപായം. മനസിജൻ=കാമൻ. (മനസ്സിൽ ജനിച്ചവൻ) ക്ലേശിനീ=ദുഃഖിക്കുന്നവളെ. കൂററവപ്പാൻ=മരണത്തിൽനിന്നു് രക്ഷിക്കുവാൻ. നിജ=തൻെറ. സഹചരീ=തോഴി. (ഒപ്പം ചരിക്കുന്നവൾ എന്നർത്ഥം) മാധ്വീ=തേൻ. തൂവുക=ഒഴിക്കുക. ദശായാം=സമയത്തു്. ഓലും=ഒലിക്കുന്ന. നയനം=കണ്ണു്. സലിലം=നീരു്. വീക്ഷതേ=നോക്കുന്നു.

സാരം:—അവളെ വേർതിരിച്ചറിയാൻ, വേറെയും ഒരുപായം പറയാം. ആ കാമാർത്തയെ, മരണത്തിൽനിന്നു് രക്ഷിക്കാൻ ചുററം കൂടിയ തോഴിവർഗ്ഗം, എൻെറ വാർത്തകൾകൊണ്ടു് (മുററം) ധാരാളമായി കണ്ണും നിറയുമാറു്, തേൻ തൂകുമ്പോൾ, ഇററിററുവീഴുന്ന കണ്ണീരോടെ എൻെറ പ്രാണനാഥാ നോക്കുന്നുണ്ടാവും.

അഭിപ്രായം:—വീക്ഷ്യതേ എന്ന പാഠപ്രകാരം അവൾ കാണപ്പെടും എന്നാണു. രണ്ടും ആവാം. കൂററവപ്പാൻ എന്നതിന്നു് വേർതിരിച്ചറിവാൻ എന്നാണു് എളുങ്കളും വ്യാഖ്യാനിച്ചിരിക്കുന്നതു്. പ്രമാണം (സംശയി

45 *

ക്കാവുന്നതുകൊണ്ടാകാം) കാണിയ്ക്കുന്നുമില്ല. മററുവല്ല ദിക്കിലുമാണെങ്കിൽ, ദ്രാവിഡഭാഷകളെയെല്ലാം സാക്ഷിക്കൂട്ടിൽ കയററിയേനേ. ക്രൂററ് എന്നതിന്ന് യമൻ, മരണം എന്നൊക്കെ അൎത്ഥമുണ്ടെന്നു് ശ്ശൂരനാടൻ എഴുതുന്നു. നിലവിളി എന്നു് 'ശബ്ദതാരാവലി'യിൽ കാണുന്നുണ്ടു്.

66

നീലക്ഷൌമം പുറവുറയുമി,ട്ടുത്തമേ മെത്തമേലെ-
പ്പാലന്നത്തിൽ പതമെഴുമിളംതൂവലാം തൂലഭാജി,
ചാലത്താപാലുടനുട രുരുണ്ടസ്ഥിരസ്ഥാനശയ്യാ,
തോലിത്താഴത്തവശപതിതാ, രോദിതി പ്രാണനാഥാ.

അൎത്ഥം:—ക്ഷൌമം=പട്ടു്. പുറവുറ=പുറമേ ഇട്ട ഉറ. പാലന്നം=പാല്പായസം. തൂലം=പഞ്ഞി. ഭാജി=ഭജിയ്ക്കുന്നതു് (ആശ്രയിച്ചതു്). ചാല=ഭംഗിയിൽ. താപാൽ=ദുഃഖംകൊണ്ടു്. അസ്ഥിരം=ഉറയ്ക്കാത്ത. ശയ്യ=കിടയ്ക്ക. തോലി=ആട്ടുകട്ടിൽ. അവശ=പരവശ (സ്വാധീനമില്ലാത്ത). പതിതാ=വീണവൾ. രോദിതി=കരയുന്നു.

സാരം:— നീല പട്ടുറയിട്ടതും, പാൽപായസത്തിന്റെ നിറത്തിൽ പതുപതുത്ത ഇളതൂവൽ, പഞ്ഞിയുടെ സ്ഥാനത്തു നിറച്ചതുമായ കിടയ്ക്കയിൽ കാമാൎത്തിയാൽ ഉരുണ്ടുരുണ്ടു് ഉറച്ചു കിടക്കാതെ, ആട്ടുകട്ടിലിൽനിന്നു താഴത്തു വീണു അവശയായി, കേണു കിടക്കുകയാവാം എന്റെ പ്രാണനാഥ.

അഭിപ്രായം:—ഒന്നു് ചിരിയ്ക്കാതെ വായിയ്ക്കുക. പറവുമോ? ചുകന്ന കണ്ണും, കറുത്ത ചുണ്ടും, കട്ടിലിലെ ഉരുണ്ടുകളിയും, പിരണ്ടുവീഴലും ഒക്കെക്കൂടി ഓൎത്തിട്ടു് ഇതിന്റെ ഭൂമിശാസ്ത്രവും ചരിത്രവും അലങ്കാരവുമൊക്കെയാണൊ ഉള്ളിൽത്തട്ടുന്നതു? അതോ കവിയുടെ അനന്യസാധാരണമായ ഹാസ്യപാടവമോ? ശയ്യതൊണ്ടു് നായി

കയുടെ പ്രഭുത്വമാണു് ശൂരനാടനു സൂചിപ്പിയ്ക്കപ്പെട്ടന്നതു്. എനിയ്ക്കാണെങ്കിൽ കവിയുടെ കുസൃതിയാണു്.

"ചക്കിക്കുന്നില്ലറക്കം, കുളി കുറിയിവ,യി-
ല്ലി,ല്ലപോൽ പല്ലുതേപ്പും,
തെക്കേക്കൊളിയോടൊത്തൊ,രുകുറികളിയെ-
ന്നുള്ളതോ പിന്നെയല്ലോ."

എന്നെഴുതിയ (ചക്രീചങ്കരം) രാമക്കുറുപ്പിനേക്കാൾ കൂടുതൽ ഗൌരവമൊന്നും നമ്മുടെ കവിയും ഇവിടെ പ്രകടിപ്പിച്ചിട്ടില്ല, നിശ്ചയം. എളങ്കുളത്തിന്നു ദൈവാധീനത്താൽ അങ്ങോട്ടൊന്നും ബുദ്ധി പോവുന്നില്ല. പദത്തിന്റെ പഴക്കത്തിലും മററും ആ പണ്ഡിതൻ വിഹരിയ്ക്കുന്നു.

67

പണ്ടേപ്പോലേ തെളിവിനൊടുണ്ണനെന്നൊന്നെഴുന്നേററിരിന്നേ
വണ്ടാർകോലക്കുഴലഴി! കുളിത്തൊന്നു നോക്കീട്ട മന്ദം,
കേഴാതേ നീ കുളി, കുറിയിടെ,ന്നിങ്ങനേ ചൂഴനിന്നും
തോഴീവർഗ്ഗേ വദതി, ശയിതാവാഥ, കേളാതപോലെ.

അത്ഥം:—വണ്ടാർകോലക്കുഴലി=വണ്ടാന്ന മനോഹരതലമുടി. കുളിത്തു്=തൃപ്തിയോടെ. കേഴാതെ=കരയാതെ. തോഴീവർഗ്ഗേ വദതി=തോഴീവർഗ്ഗം വദിയ്ക്കും സമയത്തിങ്കൽ. (സതിസപ്തമി എന്ന സംസ്കൃതനിയമമനുസരിച്ചു്, സമയത്തിങ്കൽ എന്നാണത്ഥം. 'രാമേ ഗതേ' എന്നാൽ രാമൻ പോയപ്പോൾ എന്നാണു്.) വദിയ്ക്കുക=പറയുക. ശയിതാ=കിടക്കുന്നവൾ. വാ=അല്ലെങ്കിൽ. (വികല്പംഅഥവാ) അഥ=അനന്തരം. കേളാതപോലെ=കേൾക്കാത്ത മട്ടിൽ.

സാരം:—അല്ലേ കാർവേണീ! ഒന്നു തെളിഞ്ഞു് ഉണന്നെണീററിരുന്നേ! പണ്ടത്തെപ്പോലെ ഒന്നു കുളിക്കിനെ നോക്കൂ! പതുക്കെ, കേഴാതെ. നിയ്യു് കുളി, കുറിയിടൽ, ഒക്കെ ഒന്നു കഴിക്കുക. ഇങ്ങിനെ ചുററും നിന്നു

തോഴിമാർ പറയുമ്പോഴം, അതു കേഠംക്കാത്തപോലെ, കിടക്കുകയാണെന്നു വരാം.

അഭിപ്രായം!—സംബോധനയുടെ ഗൌരവവും "എൺീറേറ" എന്ന പ്രയോഗവും കണ്ടാൽ, തോഴിമാർ തമ്മിൽത്തമ്മിൽ നോക്കി ചിരിയ്ക്കുന്നുണ്ടാവണമെന്നാണെന്റെ പക്ഷം. നായികയും അതറിഞ്ഞിട്ടാവാം കേട്ട എന്നു നടിക്കാത്തതു്. ശൂരനാടൻ ഇവിടേയും നായികയുടെ പ്രഭുത്വം കാണുന്നു. "പട്ടണ്ടപ്പോഴേ" എന്നതിനാൽ നായിക ഇപ്പോഴം, കൂടുതൽ ഉറങ്ങുന്നുവെന്നു്, തോഴിമാർ പരാതിപ്പെടുന്നതായി എളുങ്ങും പരിഭ്രമിയ്ക്കുന്നു!!

68

ദേവീം, നിദ്രാ, മഭിമതഫലപ്രാപണേ കല്പവല്ലീ-
മാവാഹിപ്പാൻ വദനകമലേ, പീഠപൂജാം, വിധായ
സേവാഖിന്നം നിജപരിജനം പോയ്ക്കിടക്കെന്നുണർത്തി-
പ്പൂവാർകോലക്കഴലി വെറുതേ, മീലയന്തീദൃശൌ വാ.

അർത്ഥം:—അഭിമതം=ഇഷ്ടം. ഫലപ്രാപണം=പ്രാപിക്കൽ (കിട്ടൽ) കല്പവല്ലീ=കല്പവൃക്ഷവള്ളി. (ഇഷ്ടം തരുന്നതു്) വദനകമലം=മുഖപത്മം. വിധായ=ചെയ്തിട്ടു്. ഖിന്നം=തളൎന്ന. നിജപരിജനം=നിജം ജനം ഭൃത്യകഠം. പൂവാർകോലക്കഴലി=പൂവാൎന്ന മനോഹര കബരി. മീലയന്തി=അടക്കുന്നവഠം. ദൃശൌ=കണ്ണുകഠം.

സാരം:—അഥവാ, അഭീഷ്ടദാനത്തിൽ കല്പവല്ലിയായ, നിദ്രാദേവിയെ, ആവാഹിപ്പാനായി പീഠപൂജ കഴിച്ചു്, തന്നെ ശുശ്രൂഷിച്ചു് തളൎന്ന ഭൃത്യകളോടു്, പോയി കിടന്നുറങ്ങിക്കൊള്ളുവാൻ പറഞ്ഞു്, ആ കാർവേണി, കണ്ണടച്ചു വെറുതെ കിടക്കുകയാണെന്നും വരാം.

അഭിപ്രായം:—'പീഠപൂജ' എന്നാൽ പ്രധാനപൂജക്കു് പീഠം ഒരുക്കലാണു് പത്മമാണു് പീഠം. (പീഠത്തിന്റെ മൂലം പത്മമാണു്) അതിനാൽ മുഖപത്മം പീഠ

മായി കല്പിച്ചതു് ഏററവും ഉചിതമായിരിയ്ക്കുന്നു. മിഴിയാകുന്ന വിളക്കു്, കണ്ണാകുന്ന കരിംകുവളപ്പൂവ്, പുഞ്ചിരിയാകുന്ന അക്ഷതം (വെള്ളരി) അധരമാകുന്ന പുഷ്പം, കണ്ഠമാകുന്ന ശംഖ്; പൂജയുടെ വട്ടം മിക്കതും. ആലോചനാമൃതമാകുംവണ്ണം ഇണങ്ങുന്ന, പദ്മശബ്ദത്തിന്റെ സാരസ്യം ഹൃദയാവർജ്ജകമായിരിക്കുന്നു. കണ്ണടച്ചാവാഹിക്കലും ചമൽക്കാരപൂർണ്ണമായിട്ടുണ്ടു്. തലമുടി ധൂപധൂമമായും ചേരും.

'പീഠപൂജ' എന്നതിന്റെ ശരിയായ താല്പര്യം നമ്പൂതിരിമാർക്കല്ലാതെ അബ്രാഹ്മണർക്കു മനസ്സിലായിട്ടുണ്ടാവില്ല, മനസ്സിലാക്കുവാൻ കഴിയുമോ എന്നു സംശയവുമാണു്. ഏതാണ്ടു് അതിനെ താഴെ പറയുംപ്രകാരം വിവരിയ്ക്കാമെന്നു തോന്നുന്നു. ഏതു ദേവനെ പൂജിയ്ക്കുമ്പോഴും പീഠപൂജ, മൂർത്തിപൂജ, പ്രസന്നപൂജ എന്നിങ്ങിനെ മൂന്നു പൂജകളുണ്ടെന്നു പറയാം. ആദ്യം അതാതു ദേവന്റെ പീഠപൂജാമന്ത്രങ്ങളെക്കൊണ്ടു താന്ത്രികവിധിപ്രകാരം പീഠം പൂജിയ്ക്കുന്നു. ഇതിന്റെ താല്പര്യം "ആ ദേവനെ ആവാഹിച്ചു് ഇരുത്തുന്നതിന്നു മന്ത്രമയമായ ഒരു പീഠം സൃഷ്ടിയ്ക്കുക" എന്നാണു്. "മൂർത്തിപൂജ" എന്നു പറയുന്നതു ദേവനെ ആ പീഠത്തിന്മേലയ്ക്കാവാഹിച്ചു പൂജിയ്ക്കുന്നതിനേയുമാകുന്നു.

നിദ്രാദേവിയെ ആവാഹിച്ചിരുത്തേണ്ടതു വദനകമലത്തിലാണല്ലൊ. എന്തുവെച്ചാൽ ഉറക്കം വന്നാൽ കണ്ണടച്ചു് മയങ്ങിക്കിടക്കുകയാണു ചെയ്യാറെന്നർത്ഥം. അ

തിനാൽ "വദനകമലേ പീഠപൂജാം വിധായ" എന്നതി ന്റെ താല്പര്യം "ഉറക്കംവരുവാൻ വേണ്ടി കണ്ണുമടച്ചു കിടപ്പായി" എന്നാകുന്നു.

69

ദൈവാ,ന്നിദ്രാമുപഗതവതീ, ചാലനാഠം വേറിരുന്നോ-
രെന്നെക്കണ്ടിട്ടു,പനതമഹാനന്ദ സംഭ്രാന്തിവേഗാൽ
അശ്ലേഷേ, സരഭസമുണന്നാകുലാ, ശോകസിന്ധൌ
പണ്ടേതിൽക്കാഠം മുഴുകി മുറയിട്ടങ്ങനെ സംസ്ഥിതാ വാ.

അർത്ഥം:—ദൈവാൽ=ദൈവയോഗാൽ. ഉപഗതവതീ=അടുത്തുവന്ന വൾ (ഉപശബ്ദം സമീപം) ചാല=ഏറെ. സംഭ്രാന്തി=സംഭ്രമം. വേഗം=ശക്തി. അശ്ലേഷം=പകുതി ആലിംഗനം. സരഭസം=പെട്ടെന്നു്. ആകുലാ=ദുഃഖിത. ശോകസിന്ധു=ദുഃഖസമുദ്രം. മുറയിടുക=വിലപിക്കുക. സംസ്ഥിതാ=നല്ലപോലെ സ്ഥിതിചെയ്യുന്നവൾ (സം=സമ്യമാകുംവണ്ണം; നല്ലപോലെ എന്നർത്ഥം)

സാരം:—ചിലപ്പോൾ, ദൈവാധീനംകൊണ്ടു്, ഒന്നുറങ്ങിയാൽ, ഏറെനാൾ പിരിഞ്ഞ എന്നെ സ്വപ്നത്തിൽ കണ്ടു്, അത്യാനന്ദഭ്രാന്തിന്റെ ശക്തിയാൽ, ആലിംഗനം ചെയ്യാൻ തുടങ്ങി, പകുതിയായപ്പോൾ ഞെട്ടി ഉണന്നു് ദുഃഖിച്ചു്, ശോകസമുദ്രത്തിൽ മുമ്പിലേക്കാളും മുങ്ങിപ്പൊങ്ങി മുറയിട്ടങ്ങിനെ, ഇരിക്കുകയുമാവാം.

അഭിപ്രായം:—കണ്ണടച്ചാൽ കിനാവു് കണ്ടു്, കെട്ടിപ്പിടിക്കുമ്പോൾ ഉണന്നു കരയുന്നുണ്ടാവാം

നിട്ടിങ്കൽ ഞങ്ങളൊരുമിച്ചു് ശയിച്ചിടുമ്പോൾ
ഇഷ്ടപ്രിയന്റെ നിനവാണകിനാവു് കണ്ടു്,
കെട്ടിപ്പിടിച്ചവളെനിയ്ക്കധരത്തെ നല്കി,
പെട്ടെന്നുണന്നുടനെ നാവുകടിച്ചിടുന്നു!
എന്നീ ലീലാതിലകശ്ലോകം അനുസ്മരിയ്ക്കുക.

70

നീള ന്നീലക്കരുഠാംനിരകളിൽ ത്താണ്ണുതാണ്ണാകുലാഭ്യാം
പശ്യന്തീ സാ, രഘുപതികഥാം വീത്തുവീത്ത, ന്തരാളെ
ബാഷ്പാർദ്രാഭ്യാം, മണിമിഴികളാലാശ്വസന്തീ ക്ഷണം വാ,
ദുഃഖേ ദുഃഖപ്രചുര ചരിതാന്യേവ സിദ്ധൌഷധാനി.

അത്ഥം:—കുരുഠാംനിര=കുറുനിര. താണുതാണ്=വളരെ താണ്. ആകുലാ=ദുഃഖം. (സ്ത്രീലിംഗം തൃതീയാദ്വിവചനം) പശ്യന്തീ=നോക്കുന്നവളായി. സാ=അവഠ. രഘുപതി=ശ്രീരാമൻ. വീത്തുവീത്ത്=നെടുവീപ്പിട്ടുകൊണ്ടു്. അന്തരാളേ=ഇടക്കിടക്കു്. ബാഷ്പം=കണ്ണീർ. ആർദ്രം=നനഞ്ഞതു്. (ഇവിടേയും വിഭക്തി, മുൻപറഞ്ഞതുതന്നെ) മണിമിഴികഠ=മനോഹരമായ കടാക്ഷം. ആശ്വസന്തീ=ആശ്വസിക്കുന്നവഠ. ക്ഷണം=അല്പസമയം. വാ=ആകട്ടെ. പ്രചുരം=ധാരാളം. ചരിതാനി=കഥകഠ. ഏവ=തന്നെ. സിദ്ധൌഷധാനി=ഫലമേറിയ മരുന്നുകഠ.

സാരം:—നീളുന്ന നീലക്കറുനിരകളാൽ അവഠ, ഇടക്കിടെ നെടുവീപ്പു് ഇട്ടുകൊണ്ടു്, രാമായണം കഥ വായിയ്ക്കുകയാവാം. അഥവാ നിറഞ്ഞ കണ്ണോടെ, സീതയുടെ കഥ ഓത്തു, ആശ്വസിയ്ക്കുകയാവാം. ദുഃഖത്തിന്നു്, ദുഃഖപ്രചുരിതകഥകഠ തന്നേയാണെല്ലൊ സിദ്ധൌഷധങ്ങഠ.

അഭിപ്രായം:– ഇവിടെ, ഗ്രന്ഥപാഠം തെററാണെന്നു പ്രത്യക്ഷത്തിൽതന്നെ അറിയാവുന്നതിനാൽ, മുദ്രിതപാഠം സ്വീകരിച്ചിരിയ്ക്കുന്നു.

71

യൽസത്യം തൽഭവതു, പുണർതംനാഠ പിറന്നെങ്ങഠ കാന്തൻ
വന്നീട്ടെന്റെ, മമ മനസിജച്ചൂടു തീക്കുന്നതാകിൽ
തോഴീ! പൂച്ചൊല്ലെഴുവതിതു്ന, ന്നഷ്ടമേ ശുക്രപന്റെയ,
ഭാഗ്യേ ജീവഃ, സ്വയമെരുഞ്ഞു നറങ്ങാശ്വസന്തീ സ്ഥിതാ വാ.

അത്ഥം:—യൽ=യാതൊന്നു്. തൽ=അതു്. ഭവതു=ഭവിയ്ക്കട്ടെ. എങ്ങഠ=എന്റെ. മനസിജച്ചൂടു്=കാമത്തീയ്യു്. പൂച്ചൊല്ല്=പുഷ്പപ്രശ്നം. എഴവതു്=എഴുന്നതു്. (ഉള്ളതു്) അഷ്ടമേ=എട്ടാംഭാവത്തിൽ. ഭാഗ്യേ=ഒമ്പതാംഭാവത്തിൽ. ജീവൻ=വ്യാഴം. നറങ്ങു്=അല്ലം. ആശ്വസന്തീ=ആശ്വസിയ്ക്കുന്നവഠ. സ്ഥിതാ=സ്ഥിതിചെയ്യുന്നവഠ. വാ=അഥവാ.

സാരം:—നായിക, പൂക്കൾകൊണ്ടു് ചില പ്രശ്നങ്ങൾ നടത്തുന്നതായി പറയുന്നു. സത്യം ഏതാണൊ അതുവരട്ടെ, തോഴീ! പുണർതം നാൾ പിറന്ന, എന്റെ കാന്തൻ വന്നു്, എന്റെ കാമസങ്കടനം തീർത്താൽ, ഇതിൽ കാണുന്ന ഫലം ശരിയാവും. (ഇതു് ശരിയായാൽ, അതുവരും, എന്നാണു് പറയേണ്ടതു്) എട്ടിൽ ശുക്രചന്ദ്രന്മാരും, ഒമ്പതിൽ വ്യാഴവും കാണുന്നു. ഇതിന്റെ ഫലം ചിന്തിച്ചു്, കുറഞ്ഞൊന്നു ആശംസിയ്ക്കുകയാണെന്നും വരാം.

അഭിപ്രായം:— പുണർതംനാൾ, നായകന്റെ പിറന്നാളാണെന്നു പറയുന്നതിന്നു, പ്രത്യേക പ്രയോജനമൊന്നുമില്ല. ആരുടേയെങ്കിലും അനൌചിത്യപ്രയോഗം ചൂണ്ടുകയാവാനാണു് ഈ പ്രയോഗം എന്നു് വരാം. മകയിരം നാൾ പുറപ്പെട്ട നായകൻ, പുണർതം നാൾ എത്തുന്നുവെന്നാണു് ശൂരനാടന്റെ മതം. അതിന്നും വിരോധമില്ല. ഏ. ളങ്കുളം, ഇവിടെ വിപുലമായി, തന്റെ ജ്യോതിഷപരിജ്ഞാനം വിളമ്പുന്നുണ്ടു്. 'മനസ്ജച്ചൂടൊഴിച്ചീടുമാകിൽ' എന്ന പാഠമാണ് ശ്രവണസുഖം. നായികക്കു്, ജ്യോതിഷം വശമാണെന്ന അഭിപ്രായം വലിയ കാര്യമല്ല, കവിക്ക അറിയാമെന്നേ, വ്യക്തമാവുന്നുള്ളു; അഷ്ടമച്ചന്ദ്രൻ, ചീത്തയാണെന്നും, ചാന്ദ്രീ (ബുധൻ) എന്നു് വേണമെന്നും ഒക്കെ, അഭിപ്രായം കാണുന്നുണ്ടു്. ഇതൊക്കെ, കവി ആലോചിച്ചിട്ടുണ്ടാവുമോ എന്തോ! ഏതായാലും കളത്രകാരകനായ ശുക്രൻ മംഗല്യമായ അഷ്ടമത്തിൽ നല്ലതാണല്ലൊ എന്നാവാം ഭാവം. ഒമ്പതിൽ വ്യാഴമുണ്ടല്ലൊ.

നവമം ശുഭയുക്തമെന്നു വന്നാ–
ലശുഭന്മാരെഴ, മേഴമെട്ടുമാട്ടെ,

പതി, പുത്രരു, മൊത്തു നാരിവാഴ്,-
ന്നതിലാ, സംശയമില്ല മോദമോടും
(ജാതകാദേശം ഭാഷ. സ്വന്തം) എന്നുള്ളതിനാൽ, ഒമ്പതിലെ വ്യാഴം പ്രധാനമാണു്.

ആശ്വസന്തീ എന്ന പ്രയോഗം തെററാണെന്നും, ആശ്വസതീ എന്നു മതിയെന്നും, ശൂരനാടൻ പറയുന്നു. ലീലാതിലകകാരൻെറ അഭിപ്രായമാണതെന്നും, അദ്ദേഹം കാണിയ്ക്കുന്നുണ്ടു്. എന്നാൽ എളങ്കുളം, ആ പ്രാചീനപണ്ഡിതനെ ധിക്കരിച്ചു്, പിഴച്ച പാഠം സാധൂകരിക്കാനാണു് ശ്രമിയ്ക്കുന്നതു്! അത്രയുമല്ല ഈ പദ്യത്തിൻെറ വ്യാഖ്യാനത്തില്, പ്രകൃതം വിട്ടു്, ഉണ്ണിയാടിചരിതത്തിൽ ഒരു കിഴവൻ നമ്പൂതിരിയെ കളിയാക്കുന്ന കഥ ഉദ്ധരിച്ചു്, നമ്പൂരിശ്ശകാരത്തിന്നു് ഒരവസരവും സൃഷ്ടിച്ചിട്ടുണ്ടു്. 'അകാരണാവിഷ്കൃതവൈരഭീഷണ'നാണല്ലോ ആ മഹാൻ!

72

നൽച്ചൊൽകേൾക്കും തദനു കൊടിവെപ്പിക്ക, മോക്കും നിമിത്തം-
ന്യത്യാവേശാൽ പ്പണവുമരിയും നേർത്തു നിത്യം തൊടീക്കം,
തൂമൈപ്പൂവാൽ വിരഹദിവസാനെണ്ണു, മീവണ്ണമെല്ലാ-
മല്ലോ മല്ലക്കുഴലികളുടെ വേല, കാന്തൻ പിരിഞ്ഞാൽ.

അത്ഥം:—നൽച്ചൊൽ=വായ്ശ്രുതി. (താൻ ഒന്നിനെക്കുറിച്ചു വിചാരിച്ചിരിയ്ക്കുമ്പോൾ, അതിൻെറ ഉത്തരമെന്നു തോന്നുംവണ്ണം, മററുള്ളവർ, മററു വിഷയങ്ങളെക്കുറിച്ചു പറയുന്നതു കേൾക്കുക. ഇതു അനുകൂലമായും പ്രതികൂലമായുമാകാം. ഇതിനു വായ്ശ്രുതി എന്നു പറയും. അശരീരി പോലെ ഇതിനെ ചിലർ വിശ്വസിയ്ക്കുന്നുണ്ടു്. അതു് കേൾക്കുക എന്നത്ഥം.) കൊടിവെപ്പിയ്ക്കുക=ഒരുതരം പരീക്ഷ നിമിത്തങ്ങൾ=ശകുനം. വിരഹദിവസാൻ=വേർപെട്ട ദിവസങ്ങളെ. മല്ലക്കുഴലി=സുന്ദരമായ തലമുടിയുള്ളവൾ

സാരം:—അവരം പലേ പ്രശ്നങ്ങളും പരീക്ഷകളും നടത്തുന്നുണ്ടാവു മെന്നു പറയുന്നു. വായ്ശ്രുതി കേട്ടു സന്തോഷിയ്ക്കും, കൊടിടനാക്കും, നിമിത്തങ്ങളും, അത്യാവേശത്തോടെ ഉണക്കലരിയും പണവും വെച്ചു കുട്ടികളെക്കൊണ്ടു എടുപ്പിച്ചുനോക്കും, തുമ്പപ്പൂവുകൊണ്ടു വേർപാടു നാളുകളും എണ്ണിവെക്കും. കാന്തൻ പിരിഞ്ഞാൽ പിന്നെ, സുന്ദരിമാരുടെ പതിവ് ഇങ്ങിനെയൊക്കെയാണല്ലൊ.

അഭിപ്രായം:—ഇവിടെ പറയുന്ന പരീക്ഷകളൊക്കെ എന്താണെന്നു ശരിയായറിയില്ല. ഇഷ്ടംപോലെ വ്യാഖ്യാനിയ്ക്കാമെന്നുമാത്രം. അക്കാലത്തു സമുദായത്തിൽ നടപ്പുള്ള ചില നടവടിയാവാമെന്നതിൽക്കവിഞ്ഞു്, അതിനെക്കുറിച്ചറിയാൻ മാർഗ്ഗമില്ല; ആവശ്യവുമില്ല. പ്രകൃതത്തിലേക്കു അത്രയേ വേണ്ടു. എളങ്കുളം ഈ ഘട്ടത്തിൽ പലതും പറയുന്നുണ്ടു്. ആക്ഷേപം എതിർക്കാൻ പാറില്ല എന്നുറപ്പിയ്ക്കാം. ശൂരനാടൻ ഇതിൽ നായികയുടെ സതീത്വമാണു് കാണുന്നതു്. എന്തോ! 80_ാംശ്ലോകം ഓർത്തു പോകുന്നു. മേഘദൂതിലെ "ശേഷാൻ മാസാൻ" എന്ന ശ്ലോകം ഓർക്കുക.

73

മാരോന്മാദജ്വരപരവശാം, മദ്വിയോഗാഗ്നിദഗ്ദ്ധാം,
മുഗ്ദ്ധാം, മുററം കുളർമുലയുഗേ സ്വസ്തികാബദ്ധബാഹ്വം,
കല്യാപാംഗീം, പ്രിയസഖ! ഭവാൻ കാണ്മതിന്നൊട്ടു മുന്നെ,
തന്വീമൌലിക്കഴകിയ നിമിത്തങ്ങളുണ്ടാം തദാനീം.

അർത്ഥം:—മാരോന്മാദം=കാമഭ്രാന്തു്. ജ്വരം=പനി. പരവശാ=തളർന്നവൾ. മദ്വിയോഗം=എന്റെ വേർപാടു്. ദഗ്ദ്ധാ=ദഹിച്ചവൾ. മുഗ്ദ്ധാ=ധൈര്യം കുറഞ്ഞവൾ. (മോഹിയ്ക്കുന്നവൾ) മുററം=വളരെ. യുഗം=ഇണ. സ്വസ്തികാബദ്ധം=പിണച്ചുവെച്ചതു്. ബാഹു=കൈ. (കൈ പിണച്ചു മാററു വെക്കുമ്പോൾ സ്വസ്തികഛായയുണ്ടല്ലൊ. അതായിരിക്കാം ആ പ്രയോ

ഗത്തിന്റെ സാരം.) കമ്രം=മനോഹരം. അപാംഗം=കടക്കണ്. അഴകിയ= അഴകാർന്ന (നല്ല) നിമിത്തം=ശകുനം. (നിമിത്തത്തിന്നു 'ശകുനം' എന്നു സാധാരണ വ്യവഹാരഭാഷ, അടയാളം) തദാനീം=അപ്പോൾ.

സാരം:—കാമാർത്തികൊണ്ടു പനിയിളകിയപോലെ, എന്റെ വേർപാടിൽ വശംകെട്ടവളും, ഏററവും അധീരയും, കുളുർമുലയിണകളിൽ കൈ പിണച്ചുവെച്ചവളും, മനോഹരമായ കടക്കണ്‍ ഉള്ളവളും ആയ ആ തന്വീമൌലിക (സുന്ദരിമാർക്കു ശിരോലങ്കാരം) ഹേ പ്രിയസഖേ, അങ്ങു കാണുന്നതിന്നു മുമ്പുതന്നെ, ചില ശുഭസൂചകങ്ങളായ നിമിത്തങ്ങൾ, അപ്പോൾ ഉണ്ടാകും. ഭാവിശ്രേയഃ പിശുന ശകുനം എന്നർത്ഥം.

74

എന്നോടുണ്ടാം വിരഹപരുഷം, ദീനചില്ലീവിലാസം,
നിദ്രാഭാവാൽ, കലുഷ മവലീനാഞ്ജനം, ബാഷ്പപൂരൈഃ
മൽപ്രേയസ്സ്യാഃ വടിവിലിളകും വാമനേത്രം, തദാനീ-,
മപ്പോൾവിള്ളും കമലമലരിൽച്ചെന്നു കാറെറന്നപോലെ.

അർത്ഥം:—പരുഷം=മാർദ്ദവമററ. ദീനം=ദുഃഖിച്ചതു്. ചില്ലീ=പുരികക്കൊടി. വിലാസം=ശൃംഗാരഭാവം. നിദ്ര=ഉറക്കം. അഭാവം=ഇല്ലായ്മ. കലുഷം=കലങ്ങിയതു്. അവലീനം=മാഞ്ഞതു്. അഞ്ജനം=കണ്ണെഴുത്തു്. ബാഷ്പം=കണ്ണീർ. പൂരം=കൂട്ടം. മൽപ്രേയസ്സ്യാഃ=എന്റെ പ്രേയസിയുടെ. വടിവിൽ=ഭംഗിയിൽ. വാമനേത്രം=ഇടത്തെകണ്ണു്. തദാനീം=അപ്പോൾ. അപ്പോൾവിള്ളും=ഉടനെ വിടരുന്ന. കമലമലർ=താമരപ്പൂവു്.

സാരം:—എന്റെ വേർവാടുകൊണ്ടു പരുഷവും, ദീനവുമായ, ചില്ലിവില്ലാട്ടത്തോടുകൂടിയതും, ഉറക്കമൊഴിച്ചു കലങ്ങിയതും, കണ്ണീർകണങ്ങളാൽ കണ്ണെഴുത്തു മാഞ്ഞതും ആയ പ്രിയയുടെ ഇടത്തെക്കണ്ണു്, ഉടനെ വിടരുന്ന താമരപ്പൂവിൽ കാറേററപോലെ അപ്പോൾ ഭംഗിയിൽ ഇളകും.

അഭിപ്രായം:—അവൾക്കു ഇടത്തെക്കണ്ണു തുടിയ്ക്കും എന്നർത്ഥം. ഇടത്തുഭാഗം സ്ത്രീകൾക്കും വലത്തുഭാഗം പുരുഷന്മാർക്കും ഇളകുന്നതു ശുഭമാണു്; വിപരീതമായാൽ ദോഷവും. "തസ്യാഃ ശുഭം വാമമരാളപക്ഷ്മ-
രാജിവൃതം, കൃഷ്ണവിശാലശുക്ലം,

പ്രാസ്പന്ദതൈകം നയനം, സുകേശ്യാഃ
മീനാഹതം പത്മമിവാഭിതാമ്രം"

എന്നു്, വാത്മീകിരാമായണത്തിൽ, ഹനുമാനെ കാണും മുമ്പുതന്നെ, സീതയ്ക്കുണ്ടായ അനുഭവം പറയുന്നതു നോക്കുക. (ആ കാർവർണിയുടെ വക്രമായും, രോമാവൃതമായും, കറുത്തു ചുററും അററം ചുകന്ന, വെളുപ്പാർന്നുമായ ഇടത്തേ കൺ, കരിമീൻ ഇളക്കിയ താമരപോലെ ഇളകി.)

75

സംഭോഗാന്തേ സരസപുളകസ്വേദി, കോലിന്ന നീല-
സ്തംഭാഭോഗം, മമ കരതലംകൊണ്ടു സംവാഹനീയം,
അംഭോജാക്ഷ്യാ ലളിതമിളകും മന്ദമന്ദം തദാനീം,
രംഭാരമ്യം തുട, വടിവെഴും കാന്തി വാമം തദീയം.

അർത്ഥം:—സരസം=ആർദ്രം. പുളകം=രോമാഞ്ചം. സ്വേദം=വിയർപ്പ്. കോലിന്ന=ചേരുന്ന. നീലസ്തംഭം=കറുത്ത തൂൺ. ആഭോഗം=വടിവാർന്നതു് (ഭംഗി.) സംവാഹനീയം=തലോടപ്പെടേണ്ടതു്. അംഭോജാക്ഷ്യാഃ=താമരക്കണ്ണിയുടെ. ലളിതം=മന്ദമായി. മന്ദമന്ദം=പതുക്കെപ്പതുക്കെ. തദാനീം=അപ്പോൾ. രംഭ=കദളിവാഴ. രമ്യം=മനോഹരം. വടിവെഴുംകാന്തി=വടിവു് എഴുന്നതും കാന്തി കോലുന്നതും. വാമം=ഇടത്തേതു്. തദീയം=അവളുടേതു്.

സാരം:—കാമകേളിയുടെ അവസാനത്തിൽ രോമാഞ്ചവും വിയർപ്പണിഞ്ഞ ആർദ്രതയും ചേർന്നു്, നീലത്തൂൺവടിവിൽ ഉള്ളതും ഞാൻ കൈത്തലംകൊണ്ടു തലോടുന്നതുമായ, ആ അംഭോജലോചനയുടെ കദളിവാഴത്തണ്ടിനൊത്ത, ഇടത്തെ തുട, ലളിതമാകുംവണ്ണം (ചെറുതായി) പതുക്കെപ്പതുക്കെ തുടിയ്ക്കും.

അഭിപ്രായം:—നീലസ്തംഭാഭോഗം എന്നുപറഞ്ഞാൽ പട്ടുഭാഷയിൽ, നല്ല കരിവീട്ടികൊണ്ടു് കടഞ്ഞെടുത്തപോലെ, എന്നേ അർത്ഥമുള്ളൂ. 'ബിന്ദുസച്ഛിന്നം' എന്ന 63-ാം പദ്യത്തിന്റെ ഒരാവർത്തനം മാത്രമാണു് പൂർവ്വാർദ്ധം

രണ്ടാംവരി ഒരു പദം മാത്രം മാറിയിരിയ്ക്കുന്നു. പൌനരുക്ത്യം ഒരു ദോഷമായി കവി കണക്കാക്കുന്നില്ലെന്നുകൂടി തോന്നും. മിക്ക സൌന്ദര്യവിശേഷങ്ങളും തലമുടിയെ ഊന്നീട്ടാണ്. അതിൽ, മഴക്കാറിന്റെ ആശയങ്ങൾ മാത്രമല്ല, പദങ്ങൾകൂടി, പലതവണ ആവർത്തിച്ചിരിയ്ക്കുന്നു. അതുപോലെ രാജാവിന്റെ വിശേഷണം, സംബുദ്ധി, എന്നതിലൊക്കെ ഈ ആവർത്തനം കാണാം. കാമിനിമാർക്കു കാമനും, വൈരികൾക്കു കാലനും ഒക്കെത്തന്നെ. ഇടത്തെ തുട തുടിക്കുന്നതും ശുഭലക്ഷണമാണ്. വാത്മീകിരാമായണത്തിൽ, മുൻപദ്യം കഴിഞ്ഞു് ഇതേ ശ്ലോകം ആണു്.

“ഗജേന്ദ്രഹസ്തപ്രതിമശ്ച പീന-
സ്തയോർദ്വയോഃ സംഹതയോഃ സുജാതഃ
പ്രസ്പന്ദമാനഃ പുനരൂരുരസ്യാഃ
രാമം പുരസ്താൽ സ്ഥിതമാചചക്ഷേ.

(തുമ്പിക്കൊത്ത തുടയും, ഇടത്തേതു, തുടിച്ചു എന്നു സാരം)

76

അപ്പോൾ നീ ചെന്നനുപമഗുണാ, മല്ലസംബദ്ധമദ്ധ്യാം,
തൃപ്പാപ്പൂർ വാണ്ണവനിമദനാ! തീവ്രശോകാഭിഷംഗാം,
കോപ്പാർന്നീടും കുചഭരനതാം, ചേൽപ്പൊരുങ്കണ്ണിയെക്കൊ,—
ണ്ടപ്പൂമാതോടഴകിലരുളിച്ചെയ്വു തിവ്വുണ്ണമെല്ലാം.

അത്ഥം:—അനുപമഗുണാം=ഉപമിക്കാനാവാത്ത ഗുണത്തോടു കൂടിയവൾ. അല്പസംബദ്ധമദ്ധ്യാം=കുറഞ്ഞൊന്നു മുറുകിയ അരയോടു കൂടിയവൾ. അവനിമദനൻ=ഭൂകാമദേവൻ. തീവ്രം=കടുത്തതു്. ശോകം=ദുഃഖം. അഭിഷംഗാം=വിലപിയ്ക്കുന്നവൾ. കോപ്പാർന്നീടും=ആഭരണം അണിഞ്ഞ. കുച

ഭരം=ഘനസ്തനം. നതാ=കുനിഞ്ഞവൾ. ചെൽ=കയൽമീൻ. പൊരും=പൊരുതുന്ന. കണ്ണി=കണ്ണോടുകൂടിയവൾ. അപ്പൂമാതു്=ആ ലക്ഷ്മീദേവി.

സാരം:—ഹേ! തൃപ്പാർപ്പൂർ വാണ, ഭൂലോകസുന്ദരാ! അങ്ങ് അപ്പോൾ ചെന്നു്, ആ ശ്രീഭഗവതിക്കൊത്തവളോടു് ഇങ്ങിനെയെല്ലാം പറയുക. അവളുടെ രൂപം എങ്ങിനെയെന്നാൽ അനുപമഗുണയാണു്; അര അല്പം മുറുകിയതാണു്; കുടത്ത കുചഭാരംകൊണ്ടു് കേഴുന്നവളാണു്; കോപ്പണിഞ്ഞ കുചഭരംകൊണ്ടു് കുനിഞ്ഞവളുമാണു്; കയൽമീനോടു് പോരാടുന്ന കണ്ണുള്ളവളുമാണു്.

അഭിപ്രായം:—എളങ്കുളം ഒടുക്കമൊവുന്മ്പോഴെയ്ക്കും, വ്യാഖ്യാനം തീരെ ചുരുക്കിച്ചുരുക്കി, അടിയന്തിരം കഴിച്ചുകൂട്ടുംപോലെ കഴിക്കുന്നു. അർത്ഥഗ്രഹണത്തിന്നു് അതൊട്ടും ഉപകരിക്കുന്നില്ല. എന്നാൽ ആവശ്യമില്ലാത്തേടത്തു്, ആ വാചാലത, ഒന്നു വേറെത്തന്നെയാണു്. അതു വായിച്ചാൽ ചിലപ്പോൾ ഭ്രാന്തുപിടിയ്ക്കും. 'ശബ്ദജാലം മഹാരണ്യം ചിത്തഭ്രമണകാരണം' എന്നപോലെയാണു് ചിലസമയം, എളങ്കുളത്തിന്റെ വ്യാഖ്യാനരീതി.

77

കല്യാണാനാം നിജനിലയമാ,മുണ്ണുനീലീ! കണാ നി–
ന്മല്ലാർപോർമന്മുലയിന്നു പിരിഞ്ഞാതുരോ ജീവിതേശഃ
ചൊല്ലീതെന്നോട,രുവയർമണേ! കാണുനന്താപുരേ നി–
ന്നെല്ലാവും കൊണ്ടുദിതകരുണം വല്ലഭാം ജീവയേതി.

അർത്ഥം:—കല്യാണാനാം=മംഗളങ്ങൾക്കു്. നിജ=സ്വന്തം. നിലയം=ഇരിപ്പിടം. കണാ=കണ്ടാലും. മല്ലാന്=മല്ലു് ആന്ന. (മല്ലു്=ബലം; കാഠിന്യം എന്നർത്ഥം) അല്ലെങ്കിൽ മല്ലു് (പോരു്) എന്നുമാകാം. പരസ്പരം മല്ലടിക്കുന്നതു് എന്നർത്ഥം. മൽ=അഴകു്; ആന്=ചേൻറു് എന്നാണു യോജിക്കുന്നതു്. പോർമന്മുല എന്നിടത്തു "പോരടിക്കുന്നതു്" എന്നു വീണ്ടും പറഞ്ഞതിനാൽ പൌനരുക്ത്യം വരും. അതു കൂടാതെ കഴിക്കാം ഇങ്ങിനെയായാൽ. ആതുരഃ=ദുഃഖിതൻ. ജീവിതേശൻ=ഭർത്താവു്. അരുവയർ=ഇരുപത്ത

ഞ്ചു വയസ്സായ സുന്ദരി. ('അരുവ' എന്നതിനോടു ''ആർ'' എന്ന പ്രത്യയം ചേൎന്നതാണു വാക്കു്. വയറായി ബന്ധമൊന്നുമില്ല. ശബ്ദതാരാവലി) അനന്താപുരേ=തിരുവനന്തപുരത്തുനിന്നു്. എല്ലാവും കൊണ്ടു്=എല്ലാം കൊണ്ടു്. ഉദിതം=ഉണ്ടായതു്. കരുണം=കാരുണ്യം. വല്ലഭാം=ഭാൎയ്യയെ. ജീവയ=ജീവിപ്പിച്ചാലും. ഇതി=ഇപ്രകാരം.

സാരം:—അല്ലേ മംഗളങ്ങൾക്കു സ്വന്തം ഇരിപ്പടമായ ഉണ്ണുനീലീ! നീ കണ്ടാലും! നിന്റെ പേൎമൻമുലയിണ പിരിഞ്ഞു്, ആതുരനായ നിന്റെ ജീവിതേശൻ, ഹേ അരുവയർമണേ! എന്നോടു ഇങ്ങിനെ പറഞ്ഞയച്ചിരിയ്ക്കുന്നു. തിരുവനന്തപുരത്തുനിന്നു, ചെന്നു് എല്ലാ തരത്തിലും, കാരുണ്യപുരസ്സരം എന്റെ വല്ലഭയേ ജീവിപ്പിയ്ക്കണേ.

അഭിപ്രായം:—അനന്താപുരം എന്നു് അനന്തപുരത്തിനു പ്രയോഗം സാധാരണമല്ല. "അനന്തേപുരേ" എന്നായിരിക്കുമോ പാഠം, എന്നു സംശയിക്കണം. ഈ പദ്യത്തിന്റെ വ്യാഖ്യാനത്തിൽ "മല്ലിട" എന്ന പദത്തിനു A brass cover of breasts എന്നു, ഗുണ്ടെട്ട് എഴുതിയതു് തെററാണെന്നും, കേരളത്തിൽ അങ്ങിനെ ഒന്നു് ഉണ്ടായിരുന്നില്ലെന്നും എളംകുളം തീൎത്തുപറയുന്നു. മുപ്പതിൽ ചില്വാനം കൊല്ലക്കാലം മലയാളക്കരയിൽ പാൎത്തു, നാടിന്റെ മട്ടും മാതിരിയും നല്ലപോലെ അറിഞ്ഞു്, വിപുലമായ പരിജ്ഞാനം നേടി, വ്യാകരണവും നിഘണ്ടുവും നിൎമ്മിച്ച, ഒരു ജൎമ്മൻ പണ്ഡിതവരേണ്യനാണു് ആ പാതിരി. അങ്ങിനെയുള്ള ഒരാൾക്കു്, കേരളത്തിലെ നടപടിയെക്കുറിച്ചു പ്രമാദം പററാമെന്നു്, വ്യക്തമായി അറിഞ്ഞ ശ്രീ. എളംകുളം, ബ്രാഹ്മണസ്ത്രീകൾ വിധവകളാകുമ്പോൾ ദേവദാസികളായി വേശ്യാവൃത്തി സ്വീകരിയ്ക്കുന്നുണ്ടു് എന്നതിനു, ആയിരം കൊല്ലം മുമ്പോ മററാ വന്ന, വിദേ

ശീയസന്ദേശകരെ സാക്ഷിക്കൂട്ടിൽ കയററി സത്യം ചെയ്യിക്കുന്നതിൻെറ അപഹാസ്യത പോകട്ടെ. ബ്രാഹ്മണസ്ത്രീകൾ തലമുറ തലമുറയായി, വൈധവ്യാഗ്നിയിൽ വെന്തുനീറുന്ന കഥ, എമ്പാടും സമൃദ്ധിയായി ഇന്നേവരെ, ജലാശയത്തിൽ മത്സ്യം കാണാവുന്നപോലെ, സുഗമമായി കാണാമെന്നിരിക്കെ, അതു കാണാത്ത മട്ടിൽ, അന്യഥാ വിദേശസഞ്ചാരികളുടെ കുറിപ്പുകൾ ഹാജരാക്കുന്നതു, മനഃപൂർവ്വമല്ലെങ്കിൽ മറെറന്താണു്? അദ്ദേഹത്തിൻെറ നെഞ്ഞൂക്കു് പ്രശംസനീയംതന്നെ (ഉണ്ണുനീലിസന്ദേശം വ്യാഖ്യാനം അവതാരിക പേജ് 15 നോക്കുക)

78

നാരീമൌലേ! മമ മലർമകൾക്കുള്ളിരിപ്പാന്തിരിപ്പാ—
പ്പൂരെന്നില്ലം, വെരളുമിളമാൻകണ്ണി! വേണാട്ടിലുണ്ടു്.
താരാനാഥപ്രതിമ വദനേ! പേരു മാതിച്ചവർമ്മൻ,
പാരേറീടും പുകഴിരവിവർമ്മന്നു് രണ്ടാമവൻ ഞാൻ.

അർത്ഥം:—മൌലി=ശിരോലങ്കാരം. വിരളുന്ന=പരിഭ്രമിക്കുന്ന. മലർമകൾ=ലക്ഷ്മി. ഇരിപ്പാം=ആവാസമായ. വേണാട്ടു്=തിരുവിതാംകൂർ. (വേണാട്ടുകര) താര=നക്ഷത്രം. നാഥൻ=പതി (ചന്ദ്രൻ). പ്രതിമ=തുല്യം. വദനം=മുഖം. പാരേറുന്ന=ലോകത്തിൽ ഏററവും. പുകഴ്=കീർത്തി. രണ്ടാമവൻ=അനന്തിരവൻ.

സാരം:—ഹേ നാരീമൌലേ! വിരളുന്ന മാൻകണ്ണി! മലർമകളുടെ ഇരിപ്പിടമായ തിരുപ്പാപ്പൂരാണു് എൻെറ ഗൃഹം. അതു വേണാട്ടിലാണു്. ഹേ ചന്ദ്രമുഖി! പേരു ആതിച്ചവർമ്മൻ എന്നാണു്. പാരിൽ ചെരുത്തു് പേരുകേട്ട, രവിവർമ്മയുടെ അനന്തിരവനാണു ഞാൻ. നല്ല ശബ്ദഭംഗിയുണ്ടു്.

അഭിപ്രായം:—സന്ദേശവാഹകൻ രാജാവല്ല എന്നാണു ഇവിടെ വാദിയ്ക്കേണ്ടതു്. ശ്രീ ഏളങ്കുളം ശ്രദ്ധിയ്ക്കു

ന്നുണ്ടോ ആവോ! 'ഇല്ലം' എന്നു, കവിതന്നെ ആതിച്ചവർമ്മനെക്കൊണ്ടു പറയിയ്ക്കുന്നുണ്ടല്ലോ! പൂർവ്വഭാഗം 33-ാം പദ്യത്തിലെ 'പോററി' എന്ന സംബോധനയും ഓർക്കുക. ഇനി 'ആതിച്ചവർമ്മൻ' എന്ന പദമാണു്. അതു സാരമില്ല. എന്തെങ്കിലും ന്യായം കണ്ടെത്തണം. അത്ര പെട്ടെന്നു പററില്ല എന്നേയുള്ളു.

79

ഇത്ഥം ചൊൽവോരളവി,ലുദിതസ്മേര,മർദ്ധോക്തി മാത്രേ
മുഗ്ദ്ധാപാംഗീ, വിരവിലെഴുന്നീ,റ്റോമൽ കൈയ്യ മെയ്യ് മറന്നു്
സദ്യഃ സ്സംഭാവയതി, മധുരാലാപഗർഭൈഃ ഭവന്തം,
ലജ്ജാമോദപ്രണയബഹുമാനാകുലൈർ, ദൃഷ്ടിപാതൈഃ

അർത്ഥം:—ഇത്ഥം=ഇപ്രകാരം. അളവ്=സമയം. ഉദിതം=ഉണ്ടായ. സ്മേരം=പുഞ്ചിരി. അർദ്ധോക്തി=പകുതി വാക്ക്. മുഗ്ദ്ധാപാംഗീ=മനോഹരമായ കടക്കൺ ഉള്ളവൾ. വിരവിൽ=വേഗം. സദ്യഃ=പെട്ടെന്നു്. സംഭാവയതി=ബഹുമാനിയ്ക്കും. മധുരാലാപ=മധുരമായ ആലാപം (ഭാഷണം) ഗർഭം=ഉൾക്കൊണ്ടതു്. ഭവന്തം=ഭവാനെ. ആമോദം=സന്തോഷം. പ്രണയം=സ്നേഹം. ആകുലം=പാരവശ്യം. ദൃഷ്ടിപാതൈഃ=കടാക്ഷപാതങ്ങൾ കൊണ്ടു്. പാതം=പതിക്കൽ.

സാരം:—ഇങ്ങിനെ അങ്ങു പറയുമ്പോൾ, ആ മുഗ്ദ്ധാപാംഗി, പുഞ്ചിരിപൂണ്ടു, പകുതി കേൾക്കുമ്പോഴേക്കതന്നെ, വേഗം എഴുന്നേററു് കൈയ്യ മെയ്യ മറന്നു (എല്ലാം വിസ്മരിച്ചു) മധുരാലാപമുൾക്കൊണ്ട ലജ്ജാമോദപ്രണയബഹുമാനങ്ങളാൽ, പരവശമായ ദൃഷ്ടിപാതത്തോടെ, പെട്ടെന്നു ഭവാനെ നോക്കും.

അഭിപ്രായം:—'മദനപരവശാകാന്ത കൈമെയ്യ് മറന്നാൾ' എന്നു ലീലാതിലകത്തിൽ പ്രയോഗമുണ്ടു്. എന്നാൽ അതു മാത്രമല്ല ഇന്നും ആ ശൈലി നിലവിലുണ്ടു്. ശുകസന്ദേശത്തിലെ "ആപ്തം പത്ത്യുഃ കമപി" എന്ന ശ്ലോകം സ്മരിയ്ക്കത്തക്കതാണു്.

80

ശയ്യോപാന്തേ സലളിതമിരു ന്നുണ്ണുനീലീമിരുത്തി,–
ക്കമ്രാകാരേ നിജകരതലേ, കാന്തതൻ കയ്യുമേന്തി,
അത്യാമോദാൽ പ്പുളക, മിളമൽകൊങ്കമേൽ പ്പൊങ്ങുമാറ–
ങ്ങസ്മദ്വാർത്താ മവളൊടറിയിപ്പിക്ക നീ പിന്നെ മുന്നിൽ.

അർത്ഥം:—ശയ്യ=കിടക്ക. ഉപാന്തം=സമീപം. സലളിതം=ലളിതമാകുംവണ്ണം. (ലീലയോടെ) കമ്രാകാരേ=മനോഹരാകൃതിയിൽ. നിജകരതലേ=തൻെറ കൈത്തലത്തിൽ. അത്യാമോദാൽ=ഏററവും സന്തോഷത്തോടെ. പുളകം=രോമാഞ്ചം. ഇളമൽകൊങ്ക=മനോഹരമായ ഇളംകൊങ്ക. അസ്മദ്വാർത്താം=എൻെറ വർത്തമാനത്തെ.

സാരം:—പിന്നെ ആദ്യംതന്നെ അങ്ങു കിടക്കയിൽ കയററിയിരുന്നു്, ഉണ്ണുനീലിയെപ്പിടിച്ചരികത്തു ചേർത്തു് ലീലയോടെ ഇരുത്തി, മനോഹരമായ സ്വന്തം കയ്യിൽ പ്രിയയുടെ കൈവെച്ചു്, അത്യാമോദംകൊണ്ടു് ഇളംകൊങ്കകളിൽ പുളകം പൊങ്ങുമാറു്, എൻെറ വർത്തമാനം അവളെ അറിയിപ്പിക്കുക.

അഭിപ്രായം:—ഈ ഇരുപ്പുറപ്പിച്ചാൽ പിന്നെ, കാന്തൻെറ വാർത്ത അറിയിച്ചില്ലെങ്കിലും അസ്തു! മറെറാരു പതിവുകാരൻ അടുത്തുണ്ടായാൽ മതിയല്ലൊ. ഈ ഇരുപ്പു് വ്യഖ്യാതാക്കളെ കുഴക്കാറുള്ളതാണു്. നായികയുടെ സതീത്വം, തകൻറ തരിപ്പണമാകുന്ന, ദയനീയകാഴ്ച കണ്ടു് അവർ നെടുവീർപ്പിട്ടു ചില തൊടുന്യായങ്ങൾ പറയാറുണ്ടു്. എത്ര യുക്തി നിരത്തിയാലും, നാലാൾക്കു് നിരക്കാത്ത ഇതിനു് തൃപ്തികരമായ സാധൂകരണം വിഷമമാണു്! ഒരഭിപ്രായം പറയട്ടെ. നായിക, കേവലം, സങ്കല്പസൃഷ്ടിയാണു്. ചില ചരിത്രാംശങ്ങൾ ഏതു കൃതിയിലും നിഴലിക്കും. കാലദേശാംശങ്ങൾ ഉൾപ്പെട്ടുവെന്നു് വെച്ചു്, ഭ്രമിയ്ക്കേണ്ടതില്ല. ഈ ശ്ലോകം നിർമ്മിയ്ക്കുമ്പോൾ കവിക്ക

ചില ഉദ്ദേശങ്ങൾ ഉണ്ടായിരിക്കാം. മുൻപറഞ്ഞ പോലെ, ശുകസന്ദേശത്തിന്റെ ചുവട് പിടിച്ച് അക്കാലത്തു കുറെ അധികം സന്ദേശങ്ങൾ തുരുതുരെ പുറപ്പെട്ടിരിയ്ക്കാം. അവയിൽ ചിലതിൽ, സന്ദേശഹരനായി, ചങ്ങാതിമാരോ തോഴിമാരോ നിയുക്തരായിരിക്കാം. അപ്പോൾ അചേതനാവസ്ഥകൾ വിട്ട്, സാധാരണ മനുഷ്യരാവുമ്പോൾ, അടയാളവാക്യം മുതലായവ പറഞ്ഞയയ്ക്കുന്നതിന്റെ വൈരസ്യം വെളിവാവാതെ തരമില്ലല്ലൊ. അത്തരം ചിലതിനെ അപഹസിയ്ക്കുകയാവണം, ഇത്രയും കടത്തിപ്രയോഗിക്കുവാൻ ഹേതു. ചങ്കീപരണയത്തിൽ, നായികയുടെ തറവാട്ടിലുള്ളവരൊക്കെ ദിവാൻജിമാരായിരുന്നുവെന്നു പറഞ്ഞിരിയ്ക്കുന്നതു് നോക്കുക. അതൊരതിശയോക്തിയാണെന്നു തോന്നിയാൽ, ഇന്ദുലേഖ വായിയ്ക്കുക. പഞ്ചുമേനവന്റെ രണ്ടമ്മാമന്മാരും തിരുവിതാംകൂർ ദിവാന്മാരായിരുന്നു, എന്നു കാണുമ്പോഴാണു്, ആദ്യത്തേതിന്റെ സാരസ്യം മനസ്സിലാവുക! ഇതുപോലെ, ചില ദൂഷ്യവിതകളുടെ അനൌചിത്യാവിഷ്കരണമാണു്, ഇവിടെ, കവിയുടെ ഉദ്ദേശമെന്നു സ്പഷ്ടമാണു്. കാന്തായിതാന്തത്തിന്റെ കഥ വിവരിക്കുന്ന ഒരാളോടു, ഈ നിലയിൽ പെരുമാറാൻ പറയുന്നതിലെന്താണു പൊരുത്തക്കേട്? അതിനാൽ നായിക, ദേവദാസിയോ, കുലസ്ത്രീയോ എന്ന വാദകോലാഹലം വിട്ടുകളയുക.

നായകനു് തന്റെ മിത്രത്തിലുള്ള സ്നേഹവിശ്വാസമാണു് ഇവിടെ കാണിയ്ക്കുന്നതു്, എന്നു ശഠിക്കുന്നവരോട്

ഒരു ചോദ്യം. അവരിലാരെങ്കിലും, സ്വന്തം പ്രേയസി യോടു ഇത്തരത്തിൽ പെരുമാറാൻ, എത്ര ഉററ തോഴരായാലും, ഉപദേശിക്കുമോ? അത്രയും സ്നേഹവിശ്വാസമുള്ള ചങ്ങാതിമാർ, അവക്കു് ഇല്ലെന്നു വരുമോ? അതോ പ്രേയസികളെ വിശ്വാസം പോരെന്നു വരുമോ? അതു് ഇല്ലെങ്കിൽ, മാന്യരേ, മററു വാദങ്ങളൊക്കെ അവിടെ കെട്ടിവെയ്ക്കുക. നമുക്കു, യാഥാർത്ഥ്യത്തെ, അതായിട്ടു നേരിടുക; നായികയുടെ വക്കാലത്തു വേണ്ടെന്നുവെയ്ക്കുക!! (ഈ ഇരുപ്പു് കുറച്ചു് വിചിത്രമാണെന്നു് ശ്രീ. വേലുപ്പിള്ള സമ്മതിക്കുന്നുണ്ടു്. അദ്ദേഹത്തിന്നു് പലേടത്തും കവിയുടെ അനൌചിത്യം ഉള്ളിൽത്തട്ടുന്നുണ്ടു്. അവതാരികയിൽ അദ്ദേഹം പറയുന്നു. "ഇത്രയും അകമ്പടിയും ആഘോഷവുമുള്ള പല്ലക്കിൽ പോക്കിന്നു് പകരം, നായകനേക്കൂടി ആ പല്ലക്കിൽ ഒന്നു കയററിക്കൂടേ" എന്നു്! കവിക്കു, മുൻനിശ്ചയപ്രകാരം, കാവ്യം നിർമ്മിക്കണമെന്നല്ലാതെ, കഥാബന്ധത്തിലൊന്നും നോട്ടമില്ലായിരുന്നു, എന്നാണദ്ദേഹം പറയുന്നതു്. യക്ഷി കൊണ്ടോടിയ നായകന്റെ കഥ നാലു ദിവസം കഴിഞ്ഞിട്ടും നാട്ടാരറിയാത്ത മട്ടിലാണു് വിവരണം. സന്ദേശവും കൊണ്ടുവരുന്ന നായകൻ, കോതവർമ്മനേയും ഇരവിവർമ്മനേയുമൊക്കെ കാണുമ്പോഠം, അവരാരും ഇക്കഥ അറിഞ്ഞ മട്ടല്ല! ഇതു മാത്രമല്ല വേലുപ്പിള്ള പറയുന്നതു്, നഗരവർണ്ണന മുഴുക്കെ സങ്കല്പമാണെന്നാണു്!)

"ചൊല്ലാമെല്ലാരുമെല്ലാം പറകിലുമിളമാൻ-
കണ്ണിയാമുണ്ണിയോമൽ

ക്കെല്ലാരെക്കാളുമെന്നെപ്രതിയൊരു കനിവു-
ണ്ടെന്നതും ഞാനറിഞ്ഞേൻ
ചൊല്ലേറും ചോരിവായ്ക്കേനിവനു്, കൊതിപെടും
മുമ്പിനാൽ നൽകിനാലെ,-
ന്നെല്ലാം ചിന്തിച്ചു, മററങ്ങൊരുവനു, സരസം
നൽകിയേതന്നുകൊള്ളൂ.''

എന്ന മനോഹരപദ്യം വായിച്ചു് ''നായികയ്ക്കു നായകനോടുള്ള സ്നേഹവായ്പാണിതുകൊണ്ടു് തെളിയുന്നതു്'' എന്നഭിപ്രായപ്പെടുന്ന പണ്ഡിതന്മാരും കാണും!

൮൧

മുണ്ടെക്കൽ ചെന്ന ലഘുജഘനേ! മൂന്നുനാളുണ്ടു ചെമ്മേ,
കണ്ടു, കണ്ടിക്കുഴലികൾ മണേ! നിന്നുടെ വല്ലഭം ഞാൻ
സ്യാനന്ദൂരേ, മുരരിപുപുരേ പോലെ, മാനന്ദഹീനം
ദീനം, മീനധ്വജപരവശം, പുക്കിരിക്കിന്ന വാറു്.

അൎത്ഥം:—അലഘു=തടിച്ചതു്. (ലഘുവല്ലാത്തതു്) ജഘനം=മുൻഭാഗം (പിൻഭാഗം നിതംബമാണു്) ചെമ്മേ=നന്നായി. കണ്ടിക്കുഴലികൾ=കാർവേണിമാർ. മണേ!=രത്നമേ! വല്ലഭം=ഭൎത്താവിനെ. സ്യാനന്ദൂരം=തിരുവനന്തപുരം. മുരരിപു=വിഷ്ണു. (മുരാസുരന്റെ ശത്രു) ഹീനം=കൂടാത്തവൻ. ദീനൻ=പരവശൻ. മീനം=മത്സ്യം. ധ്വജൻ=കൊടിയോടുകൂടിയവൻ. (കാമന്റെ കൊടിയടയാളം മത്സ്യമാണു്) പരവശം=പീഡിതൻ. പുക്കിരിക്കിന്ന=ചെന്നിരിക്കുന്ന. വാറു്=സമയം.

സാരം:—മുണ്ടക്കൽ ചെന്ന വിപുലജഘനേ! മൂന്നു നാൾക്കു മുമ്പു്, നിന്റെ ഭൎത്താവിനെ ഞാൻ കണ്ടു. ഹേ കാർവേണീമണേ! വിഷ്ണുക്ഷേത്രമായ ആനന്ദപുരത്തുപോലും, അദ്ദേഹം, ആനന്ദഹീനനായിരിക്കുന്നു! ദീനനായും കാമപരവശനായും ആണു് ഞാൻ കണ്ടതു്.

അഭിപ്രായം: —തിരുവനന്തപുരത്തിന്നു് ആനന്ദപുരം എന്നു പറയും. അവിടെപോലും ആനന്ദഹീനനായിരിക്കുന്നു എന്നതു ആശ്ചൎയ്യമല്ലേ?

82

കല്ലോലിന്യാം പുലരി മലരും താമരപ്പൂവ്വിൽ മേവി—
ത്തല്ലിത്തെല്ലു, ങ്ങളിപടലികാപക്ഷ മന്ദാനിലേന
മെല്ലെക്കൈക്കൊ ണ്ടിളയ ബകുളാമോദ മാബദ്ധഖേദം.
മല്ലൽത്തെന്നൽ ച്ചെറിയതുവരെക്കണ്ടു മോഹം ഗതൌസൌ.

അർത്ഥം:—കല്ലോലിന്യാം=നദിയിൽ. (കല്ലോലം=ഓളം; പൊയ്കയിൽ എന്നാണിവിടെ അർത്ഥം) പുലരി=പ്രഭാതത്തിൽ. മലരുക=വിടരുക. മേവുക=വിശ്രമിക്കുക. തല്ലിത്തെല്ല്=ഒട്ടൊട്ട് സ്പശിച്ച്. അളിപടലികാ=വണ്ടിൻകൂട്ടം. പക്ഷം=ചിറക്. മന്ദാനിലൻ=ചെറുകാററ്. ബകുളം=ഇലഞ്ഞി. ആമോദം=പരിമളം. ആബദ്ധം=കെട്ടപ്പെട്ടതു്. ഖേദം=ദുഃഖം. മല്ലൽ=മനോഹരം. തെന്നൽ=കാററ്. ചെറിയതു്=മന്ദമായി. വരക്കണ്ടു്=വരുന്നതു കണ്ടിട്ട്. മോഹം=മോഹാലസ്യം. ഗതഃ=ഗതൻ (പ്രാപിച്ചവൻ) അസൌ=ഇവൻ.

സാരം:—കാലത്തു്, കല്ലോലിനിയിൽ വിടരുന്ന താമരപ്പൂവിൽ മേവുന്ന, വണ്ടിൻകൂട്ടങ്ങളുടെ ചിറകടിയേററ, ഇളംകാററാൽ, ഒട്ടൊട്ട് ഇടകലന്നു് ഇളം ഇലഞ്ഞിപ്പൂവിന്റെ പരിമളം പരത്തി വീശുന്ന, തൈത്തെന്നലേററ്, ഇയാൾ, വ്യസനപരവശനായി മൂർച്ഛിയ്ക്കുന്നു.

അഭിപ്രായം:—വിരഹികൾക്കു് വണ്ടിൻക്കൂട്ടവും പുഷ്പപരിമളവും, മന്ദാനിലനുമൊക്കെ, ശോകമൂർച്ഛയുണ്ടാക്കുമെന്നു് അർത്ഥം.

83

ഞാൻ ചെല്ലിന്നോരളവിലുടനേ, ദൈവയോഗാലുണർന്നാ,—
നെന്നെക്കണ്ടിട്ടുദിതകരുണം മെല്ലെഴുന്നേററിരിന്നാൻ,
നിന്നെക്കാണാഞ്ഞുടനുടനെഴും മാരതാപങ്ങൾ ചൊന്നാ,—
നസ്മൽക്കാന്തസ്ഥിതിനെയറിയിക്കെന്നു, മെന്നോടുരന്നാൻ.

അർത്ഥം:—ചെല്ലിന്നളവു്=ചെന്ന സമയം. ദൈവയോഗാൽ=ഭാഗ്യത്താൽ. ഉദിതം=ഉണ്ടായതു്. കരുണം=ദീനത. എഴുക=പൊങ്ങുക. മാരതാപം=കാമവേദന. അസ്മൽ=എന്റെ.

സാരം:—ഞാൻ ചെല്ലുന്ന സമയം, ഉടനെ ഭാഗ്യത്താൽ ഉണർന്നു. എന്നെക്കണ്ടിട്ടു് ഉണ്ടായ ദീനതയോടെ, മെല്ലെ എഴുന്നേററിരുന്നു. നിന്നെക്കാണാഞ്ഞു് ഉടനുടനെ പൊങ്ങുന്ന, മാരതാപങ്ങൾ പറഞ്ഞു.

84

ആർത്തത്രാണാൽ പ്പരമൊരു തുരം പണ്ടുമസ്മൽക്കുലത്തി–
ന്നോർത്താലില്ലെ, ന്നലഘുജഘനേ! തേറി വൈകാതെ വാറ്.
വാർത്താമാത്രം തവ സുവദനേ! ചൊല്ലുവാനാഗതോ ഞാൻ,
ചീർത്തോരാപൽപ്രണയസുഭഗം, ചാർത്തുമുണ്ടെന്റെ കയ്യിൽ.

അർത്ഥം:—ആർത്തൻ=ദുഃഖിതൻ. ത്രാണം=രക്ഷ. പരം=ശ്രേഷ്ഠം. തുരം=ചുമതല. അസ്മൽക്കുലം=എന്റെ വംശം. അലഘു=തടിച്ച. ജഘനം=മുൻഭാഗം. തേറി=ധരിച്ച്. വാറ്=രീതി. വാർത്താമാത്രം=വർത്തമാനത്തിന്നു മാത്രം. തവ=നിനക്ക്. സുവദനേ! നല്ല മുഖശ്രീയുള്ളവളേ. ആഗതഃ=വന്നവൻ. ചീർത്ത=കനമുള്ള. പ്രണയം=സ്നേഹം. സുഭഗം=മധുരമായത്. ചാർത്ത്=സന്ദേശം. (എഴുത്ത്)

സാരം:—അല്ലേ വിപുലജഘനേ! ആർത്തത്രാണത്തിൽനിന്നും വലിയ ഒരു കൃത്യം, പണ്ടുമുതലേ ഓർത്താൽ, ഞങ്ങളുടെ വംശത്തിന്നില്ല. ഇതു വഴിപോലെ ധരിച്ച്, വൈകാതെതന്നെ, നിനക്ക വർത്തമാനം എത്തിയ്ക്കുവാൻ മാത്രമായിട്ടാണ് ഞാൻ ഇവിടെ വന്നിട്ടുള്ളത്. ഹേ സുമുഖി! ആപത്തിൽപെട്ട നിന്റെ ഭർത്താവിനോട്' ഉള്ള അതിസ്നേഹം കൊണ്ട് മധുരമായ, ഒരു സന്ദേശവും, എന്റെ കയ്യിൽ ഉണ്ട്.

അഭിപ്രായം: — ധർമ്മോസ്മൽകുലദൈവതം' എന്ന വേണാട്ടുവംശത്തിന്റെ മുദ്രാവാക്യം പ്രസിദ്ധമാണല്ലോ. 'വിപുലജഘനേ' എന്ന് പറയാൻ, ഈ സന്ദേശവാഹകന്, തികച്ചും അർഹതയുണ്ട്!! ഇരിപ്പും സംബോധനയും പൊരുത്തപ്പെട്ടതാണ്!

85

അങ്കം വേറി, ട്ടമലഗഗനേ രോഹിണീ പൗർണ്ണമാസ്യാം
തിങ്കളോടൊക്കും വദനകമലം തന്നെയങ്ങുന്നമയ്യ
എങ്കിൽ കേട്ടാലമയു മിളമാൻകണ്ണി! നീയുണ്ണുനീലീ!
നിങ്കൽച്ചാലച്ചകിതമതിലേ വാചകം മേചകാംഗി!

അർത്ഥം:—അങ്കം=കളങ്കം. അമലം=തെളിഞ്ഞത്. ഗഗനേ=ആകാശത്തിൽ. പൗർണ്ണമാസ്യാം=വെളുത്തവാവിൻനാൾ. വദനം=മുഖം. കമലം=താ

മര. ഉന്നമയ്യ=ഉയൎത്തിയിട്ടു്. കേട്ടാലമയും=കേട്ടാലും. ചാല=നല്ലവണ്ണം. ചകിതം=വിറച്ച (പരവശമായ.) മേചകം=കറുത്ത.

സാരം:—അല്ലേ മേചകാംഗി! ഇളമാൻകണ്ണി ഉണ്ണുനീലി! തെളിഞ്ഞ ആകാശത്തിൽ, രോഹിണിചേൎന്ന വെളുത്ത വാവുനാളിൽ, കളങ്കംപോയ അമ്പിളിപോലെ മുഖകമലത്തിനെ, അതു് ഉയൎത്തീട്ടു് നിന്നെക്കുറിച്ചു് വളരെ പരവശമായ അതിലെ വാചകം, എന്നാൽ കേട്ടാലും.

അഭിപ്രായം:—രോഹിണീനാളിൽചേൎന്ന വാവു് ശരൽക്കാലത്താണു്. അതു് വൎഷം കഴിഞ്ഞു് തെളിഞ്ഞ പൂനിലാവായ കാലമാണു്. മേചകാംഗി എന്നാൽ കറുത്തിരുണ്ടവളേ എന്ന ഭംഗിയിൽ പറയുന്നു. കേട്ടാലമയും എന്നതു് ഒരു പ്രാചീനപ്രയോഗമാണു്.

86

കററക്കാർമൽക്കുഴലി! സുരതവ്യാകുലൌ കാററുമേററ-
മ്മുററത്താമാറുപചിതരസം നാമുറങ്ങുന്ന നേരം
മുററുന്നോമൽ കുളുർമുല പിരിഞ്ഞങ്ങൊരാകാശമാൎഗ്ഗ
മുററും ഞാനേ നിശി, പരവശ സ്സംഭ്രമത്തോടുണൎന്നേൻ.

അൎത്ഥം:—കററക്കാർ=വൎദ്ധിച്ച കാർ. മൽക്കുഴലി=മനോഹരമായ തലമുടി. സുരതം=കാമലീല. വ്യാകുലൌ=ക്ലേശിച്ചവർ. (ദ്വിവചനം.) അമ്മാറു്=അപ്രകാരം. ഉപചിതം=പുഷ്ടിയാൎന്നതു്. രസം=ആനന്ദം. മുററുന്ന=വളൎന്ന. ഞാനേ=ഞാൻ തനിച്ചു്. നിശി=രാത്രിയിൽ. മുററും=ഏറെ. പരവശഃ=ദുഃഖിതൻ. സംഭ്രമം=പരിഭ്രമം.

സാരം:—ഹേ കററക്കാർപോലെ ഭംഗിയേറിയ കാർവേണീ! കാമക്രീഡാവിവശരായി കാററേററു്, മുററത്തു് നമ്മൾ, അങ്ങിനെ ആനന്ദാതിരേകത്തോടെ കിടന്നുറങ്ങുന്ന നേരത്തു്, മുററിത്തഴച്ച നിന്റെ പോർമുല പിരിഞ്ഞു്, ഞാനങ്ങു് ദൂരെ ആകാശമാൎഗ്ഗത്തിൽ തനിയെ രാത്രിയിൽ പരവശനായി സംഭ്രമത്തോടുകൂടി ഉണൎന്നു.

87

കണ്ടേനെന്നെത്തദനു മദനവ്യാകുലാ, കാപി പാപാ,
മണ്ടിക്കൊണ്ടങ്ങിനിയ ഗഗനേ കൊണ്ടുപോകുന്നവാറു്;

പേടിച്ചപ്പോൾ, നരഹരിപദം ചിന്തയന്തം നിതാന്തം
ഭീതായാതാ, കമപി, തരസാ മാഞ്ച വിക്ഷിപ്യ ഭൂമൗ.

അർത്ഥം:—തദനു=പിന്നീട്. മദനവ്യാകുലാ=കാമപരവശ. കാപി=ഒരു. പാപാ=പാപശീലാ. ഇന്നിയ=അഴകേറിയ. ഗഗനേ=ആകാശത്തിൽ. വാറ്=പ്രകാരം. നരഹരിപദം=നരസിംഹമൂർത്തിയുടെ കാലിണ. ചിന്തയന്തം=ചിന്തിക്കുന്നവൻ. നിതാന്തം=ഏററവും. ഭീതാ=പേടിച്ചവൾ. യാതാ=പോയവൾ. കമപി=സന്തോഷവും. തരസാ=പെട്ടെന്നു്. മാഞ്ച=എന്നെയും. വിക്ഷിപ്യ=താഴത്തിട്ടിട്ടു്. ഭൂമൗ=ഭൂമിയിൽ.

സാരം:—അതിനുശേഷം പാപിയും കാമഭ്രാന്തിയുമായ ഒരു യക്ഷി, എന്നെയും എടുത്തു് ആകാശത്തുകൂടെ ഓടുന്നതായിട്ടാണു് കണ്ടതു്. ഞാൻ പേടിച്ചു് നരസിംഹപാദങ്ങൾ നല്ലവണ്ണം ധ്യാനിച്ചപ്പോൾ, അവൾ പേടിച്ചു്, പെട്ടെന്നു് ഭൂമിയിലേക്കു് എന്നെ, അവളുടെ ആമോദത്തിനോടൊപ്പംതന്നെ, വലിച്ചെറിഞ്ഞു് ഓടിപ്പോയി.

അഭിപ്രായം:—ഈ ശ്ലോകത്തിൽ 'കമപി' എന്ന പദത്തിനു് ശൂരനാടൻ, അർത്ഥം പറഞ്ഞിട്ടില്ല; അതു, ഒരു നിരർത്ഥകപ്രയോഗമാണെന്ന മട്ടിൽ. ഇളങ്കുളം 'എവിടേക്കോ' എന്നാണു് അർത്ഥം പറയുന്നതു്.

ഏതായാലും 'കം' എന്നതിനു് സന്തോഷം, ആമോദം എന്നൊക്കെ അർത്ഥമുണ്ടു്. അപ്പോൾ, എന്നേയും ആമോദവും, ഏകകാലത്തു്, ത്യജിച്ചുപോയി എന്നു് സാരം. അങ്ങിനെയാവുമ്പോഴേ 'മാം ച' എന്നതിലെ, 'ച'കാരത്തിനും സാധുകരണമാവുള്ളു. രണ്ടു് സംഭവങ്ങൾക്കും സ്വാഭാവികമായി, അഭേദ്യത, കല്പിക്കുന്നതിന്റെ സാരസ്യം ഹൃദയാവർജകമാണു്.

സ്മരനുടെ സമരത്തിൽ ചെയ്യോരാ സ്സാഹസത്താൽ.
പരവശതരയായ് ഞാൻ ചേർന്നുറങ്ങുന്നനേരം

പരിചൊട്ട കവിറം തന്നിൽ കാന്തനൊന്നമ്മവെച്ചാൻ
പരഭൃതമൊഴി! ഞാനുംകാമനും ക്രുട്ടണർന്നു!'

എന്ന (ഗ്രാമത്തിൽ കോയിത്തമ്പുരാന്റെ) പ്രയോഗം നോക്കുക.

88

മെല്ലെച്ചെന്നങ്ങഹ, മഹീവരേ പള്ളികൊള്ളും മുരാരേ–
രില്ലത്താമ്മാറഥ, നിപതിതോ ഹന്ത! ദൈവാനുഗ്ഗുണ്യാൽ
എല്ലിന്നേതും പെരികൊരൊടിവുണ്ടായതി, ല്ലെങ്കിലും മേ
മെല്ലപ്പോരാവിതു പുനരധീരാക്ഷി! പക്ഷം കഴിഞ്ഞേ.

അൎത്ഥം:—അഹം=ഞാൻ. അഹി=പാമ്പു്. വരൻ=ശ്രേഷ്ഠൻ. മുരാരി=വിഷ്ണു. ഇല്ലത്താമ്മാറു്=ക്ഷേത്രസമീപം. അഥ=പിന്നെ. നിപതിതൻ=വീണവൻ. ഹന്ത!=ആശ്ചൎയ്യം. ദൈവാനുഗുണ്യാൽ=ഭാഗ്യവശാൽ. പെരികെ=വലിയ. മേ=എനിക്കു്. അധീരാക്ഷി=കാതരാക്ഷി. പക്ഷം=15 ദിവസം.

സാരം:—പിന്നെ ഞാൻ അനന്തനിൽ പള്ളികൊള്ളുന്ന പത്മനാഭസ്വാമിക്ഷേത്രപരിസരത്തിൽ വീണു. ദൈവാധീനംകൊണ്ടു് മെല്ലെയാണു് വീഴ്ച. എല്ലിനു വലിയ പരിക്കൊന്നും പററിയില്ല. എന്നാലും ഹേ കാതരാക്ഷി! പതുക്കെ യാത്രചെയ്തു് എത്താനും, ഒരു പക്ഷം, കുറയാതെ വേണ്ടിവരും.

അഭിപ്രായം:—ഇവിടെ വീഴ്ചയുടെ ഉയരം ഊഹിക്കാനൊന്നും ആരും മിനക്കെട്ടു കാണുന്നില്ല. ഉള്ളുക്കു് പററിയെന്നു സ്പഷ്ടം. കാരണം കടുത്തുരുത്തിക്കു് 110 നാഴികയിലധികമില്ല. മുരുകി നടന്നാൽ 10 ദിവസത്തിലധികം വേണ്ട.

89

മാരച്ചൂടാലെരിവനുടനേ, കണ്ണുനീരാൽ കുളിപ്പൻ,
താപോദ്രേകാൽ പ്പുകവനഴൽവൻ, ചന്ദ്രികാചന്ദനേന,
ഭൃംഗശ്രേണീ പരഭൃതകുലം കൂവിനാൽ നോവനുള്ളിൽ–
ത്തെന്നൽക്കാറേറ, റവരുകവനഹം നിൻവിയോഗാ ദിദാനീം.

അൎത്ഥം:—താപം=ചൂട്. ഉദ്രേകം=ആധിക്യം. അഴലുന്നു=ദുഃഖിയ്ക്കുന്നു. ഭൃംഗം=വണ്ട്. ശ്രേണി=കൂട്ടം. പരഭൃതം=കുയിൽ. (പരനാൽ ഭരിയ്ക്കുന്നതെന്നു സാരം. കാക്കയാണല്ലൊ കുയിലിനെ വളൎത്തുന്നതു്.) കുലം=കൂട്ടം. തെന്നൽ=കാററു്. ഇദാനീം=ഇപ്പോഠം. ചന്ദ്രികാചന്ദനം=നിലാവാകുന്ന ചന്ദനം.

സാരം:—ഞാനിപ്പോഠം മാരച്ചൂടുകൊണ്ടു് എരിയുന്നു. കണ്ണുനീരിൽക്കളിക്കുന്നു. താപത്തിന്റെ ആധിക്യംകൊണ്ടു് പുകയുന്നു. ചന്ദ്രികാചന്ദനത്താൽ ദുഃഖിയ്ക്കുന്നു. വണ്ടിൻകൂട്ടവും പരഭൃതകുലവും കൂവിയാൽ, ഉള്ളിൽ നോവുന്നു. (തെന്നൽ) തെക്കൻകാറേററാൽ ഉരുകുന്നു. ഇതൊക്കെ ഇപ്പോഠം, നിന്റെ വിയോഗംകൊണ്ടു് ഉള്ള അവസ്ഥയാണു്.

൯൦

വാണീ വീണാമധുരനിനദേ, ചില്ലിവല്ലീവിലാസം
വീചീഭംഗേ, കുളിർമതിയിൽ നിന്നാനനാംഭോജശോഭാ,
നീലാപാംഗം ചലകുവലയേ, തന്വി നിൻമംഗലാംഗം
കൂടിക്കാണ്മാൻ കുഹചന ന മേ പുണ്യമെന്നുണ്ണുനീലി!

അൎത്ഥം:—വാണീ=വാക്കു്. നിനദം=ശബ്ദം. ചില്ലിവല്ലി=പുരികക്കൊടി. വിലാസം=ലീല. വീചി=തിരമാല. ഭംഗം=ഇളക്കം. മതി=ചന്ദ്രൻ. ആനനം=മുഖം. അംഭോജം=താമര. അപാംഗം=കടക്കൺ. ചലം=ഇളകുന്ന. കുവലയം=കരിംകൂവളം. തന്വി=മെലിവായ മെയ്യുണ്ടവഠം. മംഗലാംഗം=മംഗളമായ ദേഹം. കുഹചന=ഒരു ദിക്കിലും. ന=ഇല്ല. മേ=എനിക്കു്.

സാരം:—വീണാസ്വരത്തിൽ നിന്റെ ഒച്ച കേഠക്കാം. ഇളകുന്ന ഓളത്തിൽ പുരികക്കൊടിയുടെ കളി കാണാം. പൂൎണ്ണചന്ദ്രനിൽ മുഖപത്മം കാണാം. കരിംകൂവളപ്പൂവിൽ കറുത്ത കടക്കൺ കാണാം. എന്നാൽ ഓമനേ! നിന്റെ അഴകാണ്ട മെയ്യു്, ഒരുമിച്ചു്, ഒന്നു കാണ്മവാൻ ഉള്ള പുണ്യം ഒരിടത്തുമില്ല.

അഭിപ്രായം:— ഉപമാനവസ്തുക്കഠം ഒന്നിച്ചു ചേൎന്നല്ലേ നായികാംഗം കണ്ടപോലെയാവൂ? അതു് സാദ്ധ്യമല്ലല്ലൊ. 'സൎവ്വോപമാദ്രവ്യസമുച്ചയേന' എന്ന കുമാരസംഭവശ്ലോകം നോക്കുക.

പാരിൽ പരക്കമുഷമാന പദാത്ഥമെല്ലാം
കൂടിപ്പിടിച്ചതതു ദിക്കിലുടൻ നിരത്തി
ഒന്നിച്ചുചേൎന്ന രുചി കണ്ടു രസിപ്പതിന്നായ്
തീൎത്താ വിരിഞ്ചനൊരു നാരിയെയെന്നു തോന്നും!
(എ. ആർ. രാജരാജവൎമ്മ)

നിൻനേത്രത്തിനു തുല്യമാം കുവലയം
വെള്ളത്തിനുള്ളത്തിലായ്,
നിന്നാസ്യപ്രഭതേടുമമ്പിളി, യൊളി-
ക്കപ്പെട്ടു വാർകൊണ്ടലിൽ,
അന്നത്തന്വികൾ നിന്നൊടൊത്തനടയു-
ള്ളോ, രങ്ങു മണ്ടീടിനാർ
നിന്നൌപമ്യവുമിന്നു കാണ്മതു പൊറു-
ക്കന്നില്ലഹോ ദുർവിധി”

എന്ന ആശയവും നിഴലിയ്ക്കുന്നുണ്ടു്.

തലേന്നാൾ രാത്രി പിരിഞ്ഞ നായകന്നു്, പിററന്നാൾ പ്രഭാതത്തിൽ, ഇത്തരം അനുഭവം ഉണ്ടാവുക എന്നതു്, അസ്വാഭാവികമാണെന്നും മറേറതോ കവിതകളെ അനുകരിച്ചാണിതെന്നു തോന്നുമെന്നും, ശ്രീ. വേലുപ്പിള്ള പറയുന്നു. മററു വ്യാഖ്യാതാക്കൾക്കൊന്നും അത്തരം ചിന്തയേ പോവുന്നില്ല. അവർ ഭാഗ്യവാന്മാരാണു്! (സ്വൎഗ്ഗരാജ്യം അവൎക്കുള്ളതത്രെ!)

91

കൂടക്കൂടെ, ച്ചപലശിഥിലാ, ഗ്ഗുലികൾ, കൈവിയത്തി-
ട്ടോരോരേഖാംപ്രതി പരവശം കണ്ണുമാക്കണ്ണുനീരാൽ

നിന്മെയ്ചെമ്മേ മുഴുവനറിയും ചിത്തവും മാരതപ്തം
ചിത്രേകാണ്മാനപി ച, ഭവതീമല്പപുണ്യോ ജനോയം.

അൎത്ഥം:—ചപലം=ഇളകുന്നതു്. ശിഥിലം=പതറുന്നതു്. രേഖാംപ്രതി=രേഖയെക്കുറിച്ച്. ചെമ്മെ=ഭംഗിയിൽ. തപ്തം=തപിക്കുന്നതു്. അപി=ഉം. ച=ഉം. അല്പപുണ്യൻ=മന്ദപുണ്യൻ. ജനോയം=ഈ മനുഷ്യൻ.

സാരം:—നിൻെറ ചിത്രം ഒന്നു വരക്കാമെന്നുവെച്ചാൽ, കൈ വിയക്കുന്നു. തൂലിക വിറയ്ക്കുകയും പതറുകയും ചെയ്യുന്നു. ഓരോ വര, വരക്കുമ്പോഴും, കണ്ണുനീരാൽ പരവശമാവുന്നു. നിൻെറ അംഗം മുഴുവനറിയുന്ന എൻെറ മനസ്സ്, മാരതാപത്താൽ നിറയുന്നു. ഈ മന്ദഭാഗ്യനായ എനിക്കു, നിന്നെ ചിത്രത്തിൽപോലും ഒന്നു കാണുവാൻ കഴിയുന്നില്ല. എന്തു ചെയ്യാം. 'ത്വാമാലിഖ്യ പ്രണയകുപിതാം?' എന്ന മേഘസന്ദേശപദ്യം ഓൎക്കുവാൻ പററും. മേഘസന്ദേശത്തിലെ നായകന്നു് ഈ അവസ്ഥ ചേരും. പക്ഷെ ഇവിടെ തലേന്നാൾ പിരിഞ്ഞു് കാലത്തുണൎന്നപ്പോൾ, മുമ്പിൽ കണ്ട, ഒരാളോടു് സന്ദേശം പറയുമ്പോൾ, ചിത്രമെഴുതിനോക്കുവാനും മററും സമയം കിട്ടിയൊ എന്നാണു് വായനക്കാൎക്കു് സംശയം!

92

സങ്കല്പാലിംഗനമയ മഹാനന്ദമെയ്തീടുവാനോ
വല്ലാ ചിത്തം മധുരവചനേ! ഹന്ത സന്താപഖിന്നം
കോലച്ചെവ്വായ്മലർ കൊതികെട ക്കൊണ്ടുകൊൾവാൻ കിടപ്പാൻ
വാരാ നിദ്രാ വരഗുണനിധേ! പിന്നെയല്ലോ കിനാവോ?

അൎത്ഥം:—മയം=നിറഞ്ഞതു്. എയ്തീടുവാനോ=കിട്ടുന്നതിനോ. വല്ലാ=ശക്തമാവുന്നില്ല. ഖിന്നം=ദുഃഖിതം. കോല=മനോഹരം. ചെവ്വായ്=ചുകന്ന മലർ=പൂവ്വ്. കൊതികെട=കൊതികെടത്തക്കവണ്ണം. കൊണ്ടുകൊൾവാൻ=നുകരുവാൻ. വാരാ=വരില്ല. നിദ്ര=ഉറക്കം. വര=ശ്രേഷ്ഠ. നിധി=ഇരിപ്പിടം.

സാരം:—ഹേമധുരച്ചൊല്ലാളേ! സങ്കല്പാലിംഗനമയമായ മഹാനന്ദം അനുഭവിയ്ക്കാൻ എനിക്കു സാധിയ്ക്കുന്നില്ല. മനസ്സ് സന്താപംകൊണ്ടു് നിറഞ്ഞിരിയ്ക്കയാണു്. കഷ്ടം! ചുവന്ന പൂപോലുള്ള അധരം, ആവോളം ആസ്വദിയ്ക്കുവാൻവേണ്ടി, ഒന്നു കിടന്നുനോക്കും. എന്നാൽ ഉറക്കം വരുന്നില്ല. പിന്നെ സ്വപ്നത്തിൻെറ കഥ പറയാനുണ്ടോ? സ്വപ്നത്തിൽ അധരം ആസ്വദിയ്ക്കുവാൻപോലും സാധിയ്ക്കുന്നില്ല എന്നു സാരം. (ശ്രീ വേ

ലുപ്പിള്ള ഈ ഘട്ടത്തിൽ, അതിശയോക്തി, അനുകരണം, അയഥാൎത്ഥ്യം എന്നൊക്കെ ആവലാതിപ്പെടുന്നു. “പുലൎച്ചയോടെ തിരുവനന്തപുരം പററിയ നായകൻ, രാവിലെ സന്ദേശം അയയ്ക്കുന്നു. അയാറം എപ്പോഴാണു് നിദ്രാപരീക്ഷണം നടത്തിയതു്” എന്നൊക്കെയാണദ്ദേഹത്തിൻെറ ആവലാതി. അദ്ദേഹത്തെ ഞാനനുമോദിയ്ക്കുന്നു. ഇതൊരനുകരണഫലമാണെന്നദ്ദേഹം പറയുന്നതിൽ പ്രത്യേകിച്ചും സമ്മതിയ്ക്കണം.)

93

വാച്ചേറിടും വടമതുരയിൽ ച്ചേൎന്ന ചേമന്തികാനാം
തോപ്പൂടേ പോ, ന്നിതമൊടുവരും മാരുതപ്പൈതൽ തന്നെ
കോലംപ്പാടായ്ഞ്ഞാ ന്തവതടമുലത്തൊത്തിലെത്തീടിലാമെ-
ന്നേൽപ്പാൻകോലും പൊഴുതെതിരവേ പോന്നുപോരും പ്രമോഹഃ

അൎത്ഥം:—വാച്ചേറീടും = പുഷ്ടിപ്രാപിച്ച. വടമതുര = കടുത്തുരുത്തി. തോപ്പു് = തോട്ടം. ഇതം = ഹിതം. മാരുതപ്പൈതൽ = ഇളംകാററു്. കോലംപ്പാടായ് = അനുസരിയ്ക്കുന്നവനായി. തവ = നിൻെറ. തടമുല = വലിയ മുല. തൊത്തു് = പൂങ്കുല. ഏല്പാൻ = എൽക്കുവാൻ. കോലുംപൊഴുതു് = തുടങ്ങുമ്പോൾ. എതിരവേ = എതിരേ. പ്രമോഹഃ = മൂൎച്ഛ.

സാരം:—അഭിവൃദ്ധിപ്രാപിച്ച കടുത്തുരുത്തിയിലേ, ചേമന്തിപ്പൂന്തോപ്പുകളിലൂടേ തട്ടി, ഹിതമാംമാറു് വരുന്ന തൈത്തെന്നൽ അനുസരിച്ചു്, (ചുവടുപിടിച്ചു്) നിൻെറ പൂങ്കുലപോലുള്ള പീനസ്തനതടത്തിലെത്തിച്ചേരാമെന്നു് വ്യാമോഹിച്ചു്, അതേൽക്കാൻ തുടങ്ങുമ്പോഴയ്ക്കും മൂൎച്ഛിച്ചു പോകുന്നു.

അഭിപ്രായം:—‘വടമതുരയിലെ കാററു് തിരുവനന്തപുരത്തെത്തുന്നതു, മററു വല്ല യക്ഷികളും, (നായകനേയെന്നപോലെ) കൊണ്ടുവന്നിട്ടായിരിയ്ക്കാം” എന്നു് ശ്രീ: വേലുപ്പിള്ള പറയുന്നു. അദ്ദേഹം ഇതിലെ അനൌചിത്യം അറിയുന്നുണ്ടെന്നതു ആശ്വാസകരംതന്നെ.

94

കുന്നോടൊക്കും കുളൎമുലയിണത്തൊത്തു, വേറിട്ടനാറംതൊ-
ട്ടെന്നല്ലൊന്നിങ്കലു മിതമെനിക്കില്ല, കല്ല്യാണശീലേ!

എന്നാലും തേ, വിരവിലൊരുനാൾ, തൊണ്ടിവാ കൊണ്ടുകൊള്ളാ-
മെന്നുള്ളാശാരസനിഗളിതഃ പ്രാണശേഷം വഹാമി.

അൎത്ഥം:—ഇതം=സന്തോഷം. കൊള്ളുക=നുകരുക. വിരവിൽ=ഭംഗിയിൽ. നിഗളിതൻ=കെട്ടപ്പെട്ടവൻ. പ്രാണശേഷം=ജീവിതത്തിൻെറ ബാക്കി ഭാഗം. വഹാമി=വഹിയ്ക്കുന്നു.

സാരം:—ഹേ കല്യാണശീലേ! കുന്നോടൊക്കുന്ന കുളുർമുലയിണ ത്തൊത്ത് വേറിട്ടുനാൾ തൊട്ട്, (എന്നല്ലാ) ഒന്നിങ്കലും ഹിതം (സന്തോഷം) എനിക്കില്ല. എന്നാലും, ഒരു നാൾ നിൻെറ തൊണ്ടിപ്പഴംപോലുള്ള ചുണ്ട് കൊണ്ട് കൊള്ളാം ഭംഗിയിൽ, എന്നുള്ള ആശാരസംകൊണ്ട്, നിഗളിതനായി, പ്രാണശേഷം ഞാൻ വഹിയ്ക്കുന്നു.

അഭിപ്രായം:— ഭാവിയിലെ അധരാസ്വാദനരസം ഓൎത്ത് ജീവിയ്ക്കുന്നു എന്നു സാരം.

"ആസ്താം പീയൂഷഭാഭസ്സുമുഖി! ഗരജരാ-
മൃത്യുഹാരീ പ്രസിദ്ധ
സ്തല്ലാഭോപായചിന്താപി ച ഗരളജുഷോ
ഹേതുരുല്ലാഘതായാഃ
നോചേദാലോലദൃഷ്ടിപ്രതിഭയഭുജഗീ
ദഷ്ടമമ്മാ മുഹുസ്ത്വേ
യാമേവാലംബ്യ ജീവേ കഥമധരസുധാ
മാധുരീമപ്യജാനൻ."

(അമൃതു കിട്ടിയാൽ, മൃത്യുവിനെ അകററാമെന്നതു പ്രസിദ്ധമാണ്. എന്നാൽ അതു കിട്ടുമെന്ന ആശപോലും, അങ്ങിനേയാണെന്നല്ലേ വന്നിരിയ്ക്കുന്നതു്? അല്ലെങ്കിൽ, ഹേ സുമുഖി! നിൻെറ കടാക്ഷമാകുന്ന കാളസൎപ്പത്തിൻെറ കടിയേററിട്ടും, അധരാമൃതം കിട്ടുമെന്ന ആശ

എന്നെ ജീവിപ്പിയ്ക്കുന്നുണ്ടല്ലൊ?) എന്ന സുപ്രസിദ്ധ പദ്യം ആശയത്തിൽ എത്ര യോജിച്ചിരിയ്ക്കുന്നു!

95

കണ്ടോമല്ലോ തളിയിലിരുവോം കൂത്തു നാമെന്നൊരിക്കാൽ
തൈവംകൊട്ടാളൊരു തപതിയാർ നങ്ങിയാരെന്നെ നോക്കി
അന്യാസംഗാൽ കിമപി കലുഷാ പ്രാകൃതംകൊണ്ടവാദീൽ
പിന്നെക്കണ്ടീ,ലണയ വിവശം വീത്തു മണ്ടിന്ന നീന്നേ.

അർത്ഥം:—കണ്ടോമല്ലോ=കണ്ടുവല്ലോ. ഇരുവോം=ഇരുവരും. തൈവംകൊട്ടാൾ=താളം കൊട്ടുന്നവൾ. തപതിയാർ നങ്ങിയാർ=തപതി കെട്ടിയ നങ്ങിയാർ. അന്യാസംഗാൽ=പരസ്ത്രീസംഗംകൊണ്ടു്. കിമപി=കുറഞ്ഞൊന്നു്. കലുഷാ=കുപിത. പ്രാകൃതം=പ്രാകൃതഭാഷ. അവാദീൽ=പറഞ്ഞു. അണയ=അടുത്തു് (അണഞ്ഞ). വിവശം=പരവശത. വീത്തു്=വർദ്ധിച്ചു്. മണ്ടിന്ന=മണ്ടീയ.

സാരം:—നമ്മൾ അന്നൊരിക്കൽ ഇരുവരും തളിയിൽ കൂത്തു കണ്ടുവല്ലൊ. താളം കൊട്ടുന്നവളായ ഒരു നങ്ങിയാർ തപതിയായി അഭിനയിയ്ക്കുമ്പോൾ പ്രാകൃതത്തിൽ ഒരു വാക്യം ഉരച്ചു. അപ്പോൾ എനിയ്ക്കുവളായി വേഴ്ചയുണ്ടെന്നു, തെറ്റിദ്ധരിച്ച നീ, അവളുടെ കുറഞ്ഞ ഒരു കോപവാക്യം, എന്നെ ഉദ്ദേശിച്ചാണെന്നു വിചാരിച്ചു; ഉടനെ പാരവശ്യംപൂണ്ടു നെടുവീർപ്പിട്ടുകൊണ്ടു എഴുന്നേററോടി. പിന്നെ അതുങ്ങോട്ടൊന്നും നിന്നെക്കണ്ടെയില്ല.

അഭിപ്രായം:— അടയാളവാക്യം തുടങ്ങുന്നു. രണ്ടുപേരും ഒരിയ്ക്കൽ കൂത്തു കണ്ടിരിയ്ക്കുമ്പോൾ ഉണ്ടായ ഒരു സംഭവമാണു്. അന്യന്മാക്കറിയാത്ത കാര്യമായതിനാൽ അടയാളവാക്യമായി നായകൻ പറഞ്ഞയയ്ക്കുന്നു. അന്നത്തെ കഥ സംവരണം നാടകം മൂന്നാമങ്കം ആയിരിയ്ക്കണം. അതിൽ നായിക സംവരണനോടു പറയേണ്ടതായ ഒരു വാക്യം ഉണ്ടു്. അതിതാണു്. ''വമ്മഥ അഹോ ദെ അവിവെഒ.'' ഇതിന്റെ ഛായ ''മന്മഥ അഹോ തേ

അവിവേകഃ" എന്നാണു്. ഈ വാക്യം ഉച്ചരിയ്ക്കു മ്പോൾ നങ്ങിയാർ യദൃച്ഛയാ നായകന്റെ മുഖത്തു നോക്കിപ്പോയി. ഇതു കണ്ട നായിക നങ്ങിയാക്കു നായകനായി വേഴ്ചയുണ്ടെന്നും, ഇതു ചില ഗ്രഢസൂചനയാണെന്നും ധരിപ്പാനിടവന്നു. ഇത്രയുമാണ പ്രകൃതാൎത്ഥം.

ഈ ശ്ലോകം വ്യാഖ്യാതാക്കളെ കുറച്ചു വഴി പിഴപ്പിച്ചതാണു്; വലിയ വാദകോലാഹലങ്ങളിലേയ്ക്കു വലിച്ചിഴയ്ക്കുന്നുമുണ്ടു്. 'ദൈവം കൊട്ടുക' എന്നും 'ദൈവംകെട്ടവൾ' അതായതു 'ഭാഗ്യംകെട്ടവൾ' എന്നും രണ്ടഭിപ്രായം കാണുന്നു. എന്നാൽ 'തൈവം കൊട്ടാൾ' എന്നതിന്നു 'താളം കൊട്ടുന്നവൾ' എന്നേ അൎത്ഥമുള്ളു. അതു ഇരിഞ്ഞാലക്കുട മാധവച്ചാക്യാർ എനിയ്ക്കയച്ചുതന്ന കുറിപ്പിനെ ആസ്പദമാക്കി പറയുന്നതാണു്. (ഞാൻ ഈ ശ്ലോകത്തെ സംബന്ധിച്ച ചില സംശയങ്ങൾ പൈങ്കുളം രാമചാക്യാരുംകൂടിയുള്ളപ്പോൾ ചോദിച്ചതിനു അവർ രണ്ടുപേരും ആലോചിച്ചും ഗ്രന്ഥങ്ങൾ നോക്കിയും പിന്നീടു എനിയ്ക്കു അയച്ചുതന്നതാണു് മേൽപറഞ്ഞ കുറിപ്പു്) ഇതിൽനിന്നു നായികയെ തെററിദ്ധരിപ്പിയ്ക്കത്തക്ക വിധത്തിൽ നങ്ങിയാരുടെ മുഖത്തു സ്തോഭം പുറപ്പെട്ടിരുന്നുവെന്നും അതിനാൽ അഭിനയത്തിന്റെ തന്മയീഭാവം തികച്ചും അനുഭവപ്പെട്ടു എന്നും വരുന്നുണ്ടല്ലോ.

"നങ്ങയാരുടെ 'ഒരുവംക്രുത്തു്' അന്നുണ്ടായിരുന്നുവെന്നു കരുതാം." എന്നു എളങ്കുളം പറയുന്നു. "ഇരുവംക്രുത്തു്" എന്നു വേലുപ്പിള്ളയും ധരിച്ചിട്ടുണ്ടു്. എന്നാൽ ഇ

ങ്ങിനെയുള്ള പേരിൽ ഒരു കൃത്ത്യമില്ലെന്നാണെന്റെ അറിവ്. പൈങ്കുളം രാമനോടും, ഇരിങ്ങാലക്കുട മാധവനോടും നേരിട്ടു ചോദിച്ചറിഞ്ഞ വസ്തുതയാണു് ഇതു്. "ദൈവം കൊട്ടുക" എന്നതും അവർക്കറിവില്ലെന്നു പറയുന്നു. "അതുവരെ സംവരണനായഭിനയിച്ച നങ്ങിയാർ" എന്നു്, എളംകുളം പറയുന്നതു, പരമാബദ്ധമാണു്. നങ്ങിയാർ പുരുഷവേഷം കെട്ടാറില്ല. എളങ്കുളത്തിന്റെ ദീർഘിപ്പിച്ച വിവരണത്തിലെ മററു ഭാഗങ്ങളും, പ്രസക്തമല്ലായ്കയാൽ, വിട്ടുകളയുന്നു.

96

പന്തൽത്തേനന്തണലിലൊരുനാൾ കാററുമേററങ്ങുതോൺമേ–
ലന്തിപ്രായേ, നിശി, വിവശരായ് നാമുറങ്ങിന്നനേരം
പന്തൊത്തീടും തവ മുലയിലാ,മ്മാന്തളിർത്തൊത്തു വീണി–
ട്ടെന്തച്ഛോ! വന്നഴലളികുലാപാംഗി! പാമ്പെന്നുചൊല്ലി.

അർത്ഥം:—പന്തൽത്തേനൻ=പന്തലിച്ച തേന്മാവു്. തോൺമേൽ=തോളിൽ. അന്തിപ്രായെ=സന്ധ്യാസമയത്തു്. നിശി=രാത്രി. തൊത്തു്=കുല. അളികുലം=വണ്ടിൻനിര.

സാരം:—ഒരു ദിവസം സന്ധ്യാസമയത്തു് തഴച്ചുനില്ക്കുന്ന തേന്മാവിൻചുവട്ടിൽ, തൈത്തെന്നലേററു് തോളോടുതോളും ചേർന്നു രാവിൽ വിവശരായി നമ്മളും ഉറങ്ങിയില്ലേ? അപ്പോളും പന്തൊത്ത നിന്റെ മുലയിണമേൽ, മാന്തളിർകുല വീണ സമയം, പാമ്പാണെന്നു ധരിച്ചു്, ഹേ! വണ്ടിൻനിരപോലെ കടാക്ഷമാർന്നവളേ! പരിഭ്രമിച്ചതു് എന്തായിരുന്നു. ശിവ! ശിവ!

അഭിപ്രായം:—'തോൺമേൽ' എന്നതിനു് 'ഇലകളും നിറഞ്ഞ ചെറിയ ചുള്ളിക്കൊമ്പുകളും നിരത്തിയ ശയ്യ' എന്നാണു എളംകുളം അർത്ഥം കൊടുത്തു കാണുന്നതു്. അങ്ങിനെ അർത്ഥമുണ്ടായിരിക്കാം. പക്ഷേ പ്രകൃ

തിയിൽ അതിനു യോജിപ്പില്ല. മററത്തു ചുള്ളിക്കൊമ്പു നിരത്തി കിടക്കുന്നതു അനുചിതമാണു്. ആഫ്രിക്കൻവനാന്തരങ്ങളിൽ, ആറംകരങ്ങന്മാർ വലിയ വൃക്ഷശാഖകളിൽ, ആ വിധം ശയ്യ ഒരുക്കുമെന്നു കേട്ടിട്ടുണ്ടു്. വനത്തിൽ അതു ചേരും. ശ്രീരാമൻ പർണ്ണശാലയിൽ അതു പയോഗിച്ചിരിയ്ക്കാം. പക്ഷേ നാട്ടിൽ വേണമെന്നില്ല. തോളിന്മേൽ എന്നർത്ഥമാണു് യുക്തിയ്ക്കു ചേരുന്നതു്. കണ്ടില്ലേ കവിയുടെ തമാശ? സന്ധ്യയ്ക്കു, മാറത്തു് ഒന്നും ധരിയ്ക്കാതെ, നഗ്നയായി കാമക്രീഡാവിവശരായി, കെട്ടിപ്പിടിച്ചു കിടക്കുകയാണത്രെ! ഇല വീണപ്പോൾ, ചാടി എഴുന്നേല്ക്കുന്നതു വായിച്ചാൽ, എങ്ങിനെയുണ്ടു്? ഒരു തമിഴ് സിനിമയിലെ, കോമാളിയായ ജാരൻ, കിടക്കുമ്പോൾ ഭർത്താവ് വാതിൽ മുട്ടുന്ന സമയത്തു, ഞെട്ടിത്തെറിയ്ക്കുന്ന ചിത്രം തോന്നുന്നില്ലേ? ഇതാണപ്പോഴും സ്വഭാവോക്തിയെന്നു പണ്ഡിതന്മാർ ധരിയ്ക്കുന്നതു്! സന്ധ്യാസമയം എന്നതു ശ്രദ്ധിയ്ക്കുക. പ്രകൃതിയ്ക്കു വിരുദ്ധമായി വർണ്ണിയ്ക്കുന്നതു് ഹാസ്യത്തിനെ പുഷ്ടിപ്പെടുത്തുമല്ലോ. "മദ്ധ്യാഹ്നത്തിൽ തരുണിയൊരുന്നാൾ മാരനായാട്ടുചെയ്യും മദ്ധ്യത്തിങ്കൽ" എന്നാണു, കവിഷണ്ഡൻ, തന്റെ വിനോദസന്ദേശത്തിൽ പറയുന്നതു്. ശിവോള്ളിയുടെ 'മദ്ധ്യച്ചാറിൻ മദമൊടൊരുനാൾ' എന്നതും വലിയ ഗൌരവത്തിലെഴുതിയതല്ലെന്നു സ്പഷ്ടമാണല്ലോ. ഇവിടെ നായകന്റെ പ്രവൃത്തിയുടെ ഔചിത്യത്തെക്കുറിച്ചു ചിന്തിയ്ക്കുന്നതേ അസംബന്ധമാണു്. അതിന്റെ സാ

ധുത ചോദ്യംചെയ്യേണ്ട കാര്യമില്ല. എന്തെന്നാൽ സന്ധ്യയ്ക്കു കാമക്രീഡ ചെയ്തുവെന്നു പറയുന്നതു, പരിഹാസസ്വരത്തിലാണെന്നു പ്രത്യേകം പറയേണ്ടതുണ്ടോ? സാധാരണക്കാരാരും തെററിദ്ധരിയ്ക്കുമെന്നു തോന്നുന്നില്ല.

സല്ലാപത്തിന്നു, സാരസാക്ഷി, സവിധേ
    വന്നപ്പോ, ഴിന്നപ്പൊഴെ-
ന്നില്ലാപത്തിന്നു പാപമെന്നു കരുതി,
    സന്ധ്യയ്ക്കു സന്ധിച്ചു ഞാൻ.
അല്ലാതില്ലതിന്നുള്ള കാല,മവൾതൻ
    ചങ്ങാതി നീങ്ങാതെ ക-
ണ്ടെല്ലാനേരവുമു,ണ്ടിളിഭ്യനകലെ
    പ്പോകില്ല ചാകുംവരെ.

എന്ന വെൺമണിശ്ലോകം വായിച്ചാൽ, ഒന്നു പുഞ്ചിരികൊള്ളാനല്ലാതെ, പുരികം ചുളിക്കാൻ ഏതെങ്കിലും സഹൃദയന്മാർ മുതിരുമോ? (ഈ കിടപ്പുതന്നെ, നായിക സങ്കല്പസൃഷ്ടിയാണെന്നതിന്നു തെളിവായി വേലുപ്പിള്ള ചൂണ്ടിക്കാട്ടുന്നു. ഒരു സാധാരണ സ്ത്രീ, മുററത്തിങ്ങിനെ കിടക്കില്ലെന്നാണദ്ദേഹത്തിന്റെ യുക്തിയുക്തമായ നിഗമനം)

97

ആടിക്കാലേ നിശി, ചെറിയതാം തോഴിയെന്നെന്നെ മത്വാ
നൈതൽപ്പൂവിൻ ദളമൃദുതരൈരങ്കുരിക്കും നഖാഗ്രൈഃ,
പാർശ്വേ മന്ദം മമ വിലിഖിതേ, ലീലയാപീഡിതം തേ
മുന്നം മുന്നം മുകുളിതമിളംകൊങ്ക, നിശ്ശങ്കമെന്നാൽ.

അർത്ഥം:—ആടിക്കാലേ=കർക്കടകത്തിൽ. നിശി=രാത്രി. മത്വാ=വിചാരിച്ചിട്ട്. നൈതൽ=ആമ്പൽ. ദളം=ഇതൾ. മൃദുതരൈഃ=വളരെ മൃദുവായ. അങ്കുരിക്കും=മുളയ്ക്കും (വളരുന്ന). നഖാഗ്രൈഃ=നഖത്തിന്റെ അററം

കൊണ്ടു്. പാർശ്വേ=വാരിപ്പുറത്തു്. മന്ദം=പതുക്കെ. മമ=എന്റെ. വിലിഖിതേ=എഴുതുമ്പോൾ. ലീലയാ=കളിയായി. പീഡിതം=പീഡിതമായി (അമർത്തി). മുകുളിതം=മൊട്ടിടുന്നു. നിശ്ശങ്കം=സംശയമില്ലാതെ.

സാരം:—ഒരു കർക്കിടമാസം രാത്രിയിൽ, നീയ്യെന്നെ, ചെറിയതു് എന്ന തോഴിയാണെന്നു് തെററിദ്ധരിച്ചു്, ആമ്പൽപ്പൂവിതൾപോലെ അതിമൃദുവായ നഖാഗ്രംകൊണ്ടു്, എന്റെ വാരിപ്പുറത്തു് വരച്ചപ്പോൾ, ഞാൻ കളിയായി നിന്റെ, അക്കാലത്തു് പതുക്കെ പതുക്കെ മുളച്ചുവരുന്ന, മൊട്ടൊത്ത ഇളംകൊങ്ക കളിയായി കൂസൽകൂടാതെ കശക്കിയില്ലേ? (ഒരു സങ്കല്പനായികയല്ലെങ്കിൽ, ഇത്തരം ഗൂഢവർത്തമാനം, പരപുരുഷനേ, അറിയിക്കുന്നതു ഏതു സ്ത്രീയാണു് പൊറുക്കുക? എത്ര സുഹൃത്തായാലും!)

98

തേററത്തിന്നായ് നവരമടയാളങ്ങൾ ഞാൻ ചൊന്നതെല്ലാ-
മേററം കൈക്കൊണ്ടയി! കുശലിനം നീ കുറിക്കൊൾവുതെന്നേ
കോറേറൻവെല്ലും മൊഴി! വിരവിൽ ഞാനങ്ങു വന്നീടുവോളം
തോററം വെന്നും പുലര മലരമ്പനു വേണ്ടിന്ന വണ്ണം.

അർത്ഥം:—തേററം=വിശ്വാസം. നവരം=തീർച്ചയായും. അയി!=ഹേ! കുശലിനം=കുശലമായവനേ, (സുഖമാണെന്നു്). കുറിക്കൊൾവൂ=മനസ്സിലാക്കു. കോൽത്തേൻ=ഉത്തമമായ തേൻ. വെല്ലുക=ജയിക്കുക. വിരവിൽ=ഭംഗിയായി. വെന്നും=ജയിച്ചും. പുലര=പുലർന്നാലും.

സാരം:—ഹേ സുന്ദരി! തീർച്ചയായും വിശ്വസിക്കാവുന്ന അടയാളങ്ങൾ, ഞാൻ പറഞ്ഞയച്ചതെല്ലാം കേട്ടു്, എനിക്കിപ്പോൾ സുഖമാണെന്നു് നീ ധരിച്ചുകൊള്ളുക. അല്ലേ കോൽത്തേൻമൊഴി! ഞാൻ സുഖമായി അവിടെ എത്തുംവരേക്കും, നീ കാമനായി (മലരമ്പൻ) പടപൊരുതിക്കഴിയുക. തോററാലും ജയിച്ചാലും, മാറിമാറിപ്പൊരുതുക. അധീരയാകരുതെന്നു സാരം.

99

മിന്നിക്കാർകൊണ്ടിടിയലറിനി, ന്നംബരേ, തിങ്ങിയെങ്ങും
മന്നിൽച്ചെയ്യും ജലദപടലം കോലുമാടീ നിശാസു,
പിന്നെത്തന്വീ തിലകരചനേ! നമ്മിലേ കണ്ടുകൊണ്ടാ-
ലെന്നച്ചാ! ചോൽ ച്ചില പരിചിനെ ക്കണ്ടുകൊള്ളുന്നതുണ്ടു്.

അൎത്ഥം:—അംബരം=ആകാശം. ജലദം=മേഘം. (ജലത്തിനെ ദാനം ചെയ്യുന്നതു്.) പടലം=സമൂഹം. കോല്യക=ചേരുക. ആടീനിശ=കൎക്കിടക രാവു്. തിലകരചന=പൊട്ടു് ആയിട്ടുള്ളവ. പരിചീനെ=ഭംഗികളെ.

സാരം:—ഹേ! സുന്ദരിമാർ നെററിയിൽ തൊട്ടപൊട്ടെ! മിന്നലും ഇടിവെട്ടലും (അലറൽ) ആയി, കൎക്കിടകപ്പാതിരയിൽ, ആകാശത്തിൽ കാർമേഘങ്ങൾ തിങ്ങിക്കൂടി, മഴ കോരിച്ചൊരിയുന്ന രാത്രികളില്, ഞാൻ അവിടെ മടങ്ങിയെത്തിയശേഷം, എന്റെ ഈശ്വരാ, ചില കളികളൊക്കെ എന്റെ മനസ്സിലുണ്ടു്.

അഭിപ്രായം:—

തൂമച്ചിൽപൂക്ക ശയ്യാനടുവിലിവളോടും
ചേൻറ പേമാരികൊണ്ടേ
ഹേമക്കുന്നിന്നു മേലേ നിലയിൽ നിലവഴ-
ക്കുന്ന ജീമൂതകാലേ
ഓമൽപൂമെയ്പുണൎന്നും, പലവുരു പിശകി-
ച്ചോരിവാസ്യൻ നുകൎന്നും,
കാമക്രീഡാം വളൎത്താവതു പുലരെവിടെ!
ഞാനെന്നിക്കൊത്തവണ്ണം!!

എന്നു്, സീതാദൎശനത്താൽ, കാമവിവശരായ, രാജാക്കന്മാരുടെ ചാപല്യം വൎണ്ണിയ്ക്കുന്ന ഘട്ടത്തിൽ, ഭാഷാചമ്പുവിൽ പുനം വൎണ്ണിച്ചിരിയ്ക്കുന്നു. കാമുകരുടെ ഭാവനക്കു് കടിഞ്ഞാണില്ലല്ലൊ എന്നു മാത്രം. ഈ പദ്യത്തിന്റെ വ്യാഖ്യാനത്തിന്റെ ഒടുവിൽ, എളങ്കുളം ഇങ്ങിനെ എഴുതീട്ടുണ്ടു്. "കൃഷ്ണഗാഥാകൎത്താവിനെപ്പോലെ, എന്തു അഭാസവും എഴുതിപിടിപ്പിയ്ക്കുവാൻ, സന്ദേശകൎത്താവിന്നു മടിയില്ല." പുനത്തിനെ പറയാൻ വിട്ടുപോയിരിയ്ക്കും! ഇനിയത്തെ പതിപ്പിൽ തിരുത്താം. വള്ളത്തോളിന്റെ വിലാ

സലതികയും മററും എളങ്കുളം കണ്ടിരിക്കാനിടയില്ല. കുമാരസംഭവം എട്ടാംസർഗ്ഗം എഴുതിയതു്, നമ്പൂരിയല്ലല്ലൊ. ഏതായാലും കൃഷ്ണഗാഥാകർത്താവിനെക്കുറിച്ചും രണ്ടു് ചീത്തപറയാൻ, ഇതേവരെ, ആരും മുതിരാതിരുന്നതിൻെറ കോട്ടം തീൻറു!!

ഒന്നു പറയട്ടെ. എളങ്കുളം അറിഞ്ഞിട്ടില്ലാത്തതും, അറിയേണ്ട ആവശ്യമില്ലാത്തതുമായ ഒന്നാണു്. ആനന്ദവർദ്ധനൻ തൻെറ സുപ്രസിദ്ധമായ 'ധ്വന്യാലോക'ത്തിൽ, ഒരിടത്തു്, ഇങ്ങിനെ പറയുന്നു. "തത്ര സൂക്തിസഹസ്രദ്യോതിതാത്മനാം മഹാത്മനാം ദോഷോൽഘോഷണം ആത്മന ഏവ ദൂഷണം ഭവതി." "സൂക്തിസഹസ്രംകൊണ്ടു് ആത്മദ്യോതനം ചെയ്തിട്ടുള്ള മഹാത്മാക്കളുടെ ദൂഷണം, തൻെറതന്നെ ദൂഷണമായി ഭവിയ്ക്കുന്നു!" ഇതു വായനക്കാർ അറിഞ്ഞാൽ മതി. എളങ്കുളം ആ വകുപ്പിൽ പെട്ട മഹാനാണെന്ന ബോദ്ധ്യമില്ലായ്കകൊണ്ടാണു് ഞാനീവിധം പറയാൻ ധൈര്യപ്പെട്ടതു് എന്നുകൂടി പറയട്ടെ *

---

* ഈ പുസ്തകം മുക്കാലും അച്ചടി കഴിഞ്ഞശേഷമാണു്, ശ്രീ: എളങ്കുളത്തിൻെറ 'ഉണ്ണുനീലിസന്ദേശം' ആറാംപതിപ്പു് കാണുവാനിടയായതു്. അതിൽ ഈ ശകാരം വിട്ടുകളഞ്ഞിരിയ്ക്കുന്നു. നാലാംപതിപ്പിനെ ആശ്രയിച്ചാണു് എൻെറ മറുവടി. ആരുടെ സമ്മർദ്ദനമാണാവോ, ഇങ്ങിനേയൊരു വിവേകം, ആ മഹാനുഭാവനു് ഉണ്ടാക്കിയതു എന്നു ചിന്തിച്ചു കുഴങ്ങിയിരിയ്ക്കുകയായിരുന്നു. അപ്പോഴാണു് ശ്രീ: കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാടു് എൻ. ബി. എസ്സ്കാർക്ക് ഒരു കത്തയച്ച വിവരം അറിയാനിടവന്നതു്. അതിലദ്ദേഹം എളങ്കുളത്തിൻെറ ശകാരത്തിൻെറ അനൗചിത്യം തുറന്നുകാട്ടുകയും, അത്തരം അനാശാസ്യസംഗതികളിൽനിന്നദ്ദേഹത്തെ പിന്തിരിപ്പിയ്ക്കേണ്ടതിൻെറ ആവശ്യകതയെ തുറന്നുകാട്ടുകയും

ചെയ്തിരുന്നു. അപ്പോഠം അതിൻെറ ഒരു പ്രത്യക്ഷമായ പ്രതിഫലനമാണ് ഈ പതിപ്പിൽ ശകാരം അപ്രത്യക്ഷമായതു്. ഏതായാലും കൃഷ്ണഗാഥാകർത്താവിനേപ്പോലുള്ള ഒരു പൂതാത്മാവിനെ ഭത്സിയ്ക്കുക എന്ന മഹാപാതകത്തിൽനിന്നു് എളങ്കുളത്തിനെ അകററാനിടയായ കാരണം വിജയിയ്ക്കട്ടെ.

100

ആടിക്കാർമൽക്കഴലികഠം ശിഖാമൌലി മുണ്ടെക്കൽ മേവും
പേടക്കോല കയിൽമൊഴി! തെളിഞ്ഞൊന്നു കേളുണ്ണുനീലി!
പേടിക്കേണ്ടാ വിരഹചപലം പ്രേമമെന്നോമലേ! നീ
കൂടക്കൂടങ്ങഴകിലഴിവില്ലാഞ്ഞ കുന്നിക്കമല്ലോ.

അത്ഥം:—ശിഖാമൌലി=ശിരോലങ്കാരം. ക്കോല = മനോഹരമായ. വിരഹം=വേർപാട്. ചപലം=ഇളകുന്നതു്. അഴവില്ലാഞ്ഞ്=നാശമില്ലാഞ്ഞ്. അഴകിൽ=ഭംഗിയിൽ. കുന്നിയ്ക്കുക=വദ്ധിയ്ക്കുക.

സാരം:—ആടിക്കാർപോലെ മനോഹരമായ തലമുടിയുള്ളവക്ക് ശിരോലങ്കാരമായവളേ! മുണ്ടക്കലെ, പേടക്കോലക്കയിൽമൊഴി! ഉണ്ണുനീലി! നീ തെളിഞ്ഞ് ഇതൊന്നു് കേഠക്കു. പ്രേമം വിരഹചപലമാണെന്നു് നീ പേടിയ്ക്കേണ്ടാ. ഓമലേ! നാശമില്ലായ്കയാൽ അതു കൂടെക്കൂടെ അഴകിൽ വദ്ധിയ്ക്കുമല്ലോ.

അഭിപ്രായം:—മേഘസന്ദേശത്തിലും ഈ ആശയം കാണാം. "നഹി ഭവതി വിയോഗഃ സ്നേഹവിച്ഛേദഹേതു" എന്നും, "ക്ഷണേക്ഷണേയം നവതാമുപൈതി തദേവ രൂപം രമണീയതായാഃ" എന്നും ഇവിടെ സ്മരിയ്ക്കത്തക്കതാണു്.

101

എന്നീവണ്ണം മമ സഹചരീ മമ്പിലെൻ വാക്കുകൊണ്ടും,
നന്നും നല്ലാർമനസിജ! സഖേ മിക്ക നിൻവാക്കുകൊണ്ടും
എന്നല്ലാവോളവു, മളികുലാപാംഗി തന്നമ്പ് നമ്മിൽ—
ക്കന്നുംവണ്ണം, കുളർമയിലുണത്തീട്ട കല്യാണകീത്തേ!

അത്ഥം:—സഹചരി=കൂട്ടുകാരി. അൻപിൽ=സ്നേഹത്തോടേ. നന്നും=നന്നായി. നല്ലാർമനസിജ = കാമിനിമാക്ക് കാമനായവനേ. മി

ക്ക=മികച്ച. അളികമഠപാംഗീ=വണ്ടിൻനിരപോലുള്ള കടക്കണ്ണോട്ടക്കൂടിയവറം. അമ്പ്=സ്നേഹം. കന്നംവണ്ണം=വദ്ധിയ്ക്കുംവണ്ണം. കളുർമയിൽ=കളിക്കുംവണ്ണം. കല്യാണകീത്തേ!=മംഗളമായ യശസ്സുള്ളവനേ!

സാരം:—ഹേ! കാമിനിമാക്ക് കാമനായ മംഗല്യകീത്തേ! സഖേ! ഈവിധം ഞാൻ പറഞ്ഞ വാക്കുകറം കൊണ്ടും, മികച്ച അത്തയുടെ വാദമിതംകൊണ്ടും, എന്റെ കൂട്ടുകാരിയെ കാരുണ്യപൂവ്വം ആശ്വസിപ്പിക്കുക. എന്നല്ല ആ, അസിതാപാംഗിയുടെ ദയ, എന്നിൽ ആവോളവും വദ്ധിക്കുംമട്ട്, കുളുത്ത വാക്കുകറം ഉണത്തിക്കുക.

102

കാരുണ്യം കൊണ്ടഴകിൽ, മദനാപത്തു തീത്തെങ്ങറം വാഞ്ഛരാ-
മിത്ഥം പൂരി, ച്ചിരവർ കരുതും മിക്ക ഭൂകല്പകം നീ
പണ്ടേപ്പോലേ വിഹര, സുചിരം, നമ്മിലേ ചെമ്മുവന്നി-
ട്ടുണ്ടാകേണ്ടും വിരവൊടു പുനദ്ദശനാനന്ദലക്ഷ്മീഃ

അത്ഥം:—അഴകിൽ=ഭംഗിയായി. മദനാപത്തു്=കാമദേവനാലുള്ള ആപത്തു്. എങ്ങറം=ഞങ്ങളുടെ. വാഞ്ഛരാം=ആഗ്രഹത്തെ. ഇത്ഥം=ഇങ്ങിനേ. പൂരിച്ച്=സാധിപ്പിച്ച്. ഇരവർ=യാചകർ. മിക്ക=മികച്ച. ഭൂകല്പകം=ഭൂമിയിലെ കല്പവൃക്ഷം. വിഹര=വിഹരിച്ചാലും (സുഖിച്ചാലും) സുചിരം=വളരേ നാറം. നമ്മിലേ=നമ്മളോട്ട്. ചെമ്മു=സ്നേഹം. വിരവൊട്ട്=വേഗത്തിൽ. പുനദ്ദശനം=വീണ്ടുമുള്ള കാണൽ. ആനന്ദലക്ഷ്മീഃ=ആനന്ദമാകുന്ന മംഗളം.

സാരം:—കാരുണ്യംകൊണ്ട് നല്ലപോലെ കാമാത്തി തീത്തു്, ഞങ്ങളുടെ ആഗ്രഹങ്ങറം ഇങ്ങിനെ പൂത്തിയാക്കിത്തന്നു്, ഈ ലോകത്തിൽ അത്ഥികറംക്കു കല്പവൃക്ഷമായ അവിടുന്നു്, പണ്ടേപോലെ വളരെ കാലം സുഖമായി വാഴുക. നമ്മറം തമ്മിൽ ഉള്ള സ്നേഹംകൊണ്ടു്, വേഗംതന്നേ, "വീണ്ടും കാണുക" എന്നുള്ള ആനന്ദമയമായ മംഗളകായ്യവും ഉണ്ടാവണം.

അഭിപ്രായം:—എന്റെ ദുഃഖം തീത്തു സുഖമായി വാഴുക. താമസിക്കാതെ തമ്മിൽ കാണാം. 'തണ്ടാർമാതു്' എന്നുതുടങ്ങി, 'ലക്ഷ്മീ'ശബ്ദംകൊണ്ടു് കാവ്യം അവസാനിപ്പിച്ചിരിയ്ക്കുന്നു. ആദ്യന്താ ശ്രീ. മംഗളം എന്നത്ഥം. ശ്രു

കസന്ദേശത്തിലെ അവസാനം "ഭ്രാതസ്ത്വണ്ണം ഭവതു ച പുനർദർശ്ശനാനന്ദലക്ഷ്മീഃ" എന്നതിനെ പ്രത്യക്ഷത്തിൽ അനുകരിച്ചിരിയ്ക്കുന്നു! അതു് സോദ്ദേശമാവാം. എന്നാലും കൈരളിയുടെ കണ്ഠാഭരണമാണു് ഈ കവനതല്ലജം എന്നു് പറയാൻ മടിയ്ക്കേണ്ടതില്ല.

ശുഭം.

എൻെറ സ്മരണകൾ (മൂന്നുഭാഗങ്ങൾ)

കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാടവർകളുടെ സ്മരണകളാണിതിലുള്ളതു്. ഒന്നാംഭാഗത്തിൽ അടുത്തകാലത്തെ പരിവർത്തനത്തിനു മുമ്പുള്ള നമ്പൂതിരിമാരുടെ ജീവിതസമ്പ്രദായങ്ങളെയും, മററും വിവരിച്ചിരിക്കുന്നു. അക്കാലത്തെ നമ്പൂതിരിമാരുടേയും അന്തർജ്ജനങ്ങളുടേയും അവരുടെ ആഭരണങ്ങളുടേയുമായി 52 ചിത്രങ്ങളും ചേർത്തിട്ടുണ്ടു്. ത്രിസന്ധ്യ പഞ്ചസന്ധ്യ ആദിയായ ആചാരവിശ്വാസങ്ങളെ രണ്ടാംഭാഗത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. കൂടാതെ മഞ്ചൽ, ഡോലി മുതലായി 37 ചിത്രങ്ങളും കൊടുത്തിരിക്കുന്നു. താനം, സംഘക്കളി, സ്മാർത്തവിചാരം തുടങ്ങിയ ചരിത്രസംഗതികളിലേക്കു 3-ാംഭാഗം വെളിച്ചം നല്കുന്നു. പാഠകങ്കളി, അഞ്ചലോട്ടം ആദിയായവയുടെ 14 ചിത്രങ്ങൾ ഇതിലുണ്ടു്. ഓരോ ഭാഗത്തിനും വില 3 ക. വീതം.

നായന്മാരുടെ പൂർവ്വചരിത്രം

(ഒന്നും രണ്ടും ഭാഗങ്ങൾ)

നായന്മാരുടെ നൂററാണ്ടുകൾ പഴക്കമുള്ള ചരിത്രത്തെയാണിതിൽ യുക്തിയുക്തമായി എഴുതിയിട്ടുള്ളതു്. ഒന്നാംഭാഗത്തിൽ നായന്മാരുടെ പൂർവ്വന്മാർ ആരായിരുന്നു? അവർ എവിടെനിന്നു എങ്ങിനെ എന്തിനുവേണ്ടി ഇവിടെ വന്നു? സംഘഭർത്തൃത്വത്തിൽനിന്നു് ബഹുഭർത്തൃത്വത്തിലൂടെ എങ്ങിനെ മരുമക്കത്തായത്തിലേക്കുയർന്നു? നൂററാണ്ടുയുദ്ധം അവക്കെങ്ങിനെ ഗുണമായിത്തീർന്നു എന്നു തുടങ്ങിയ വിഷയങ്ങളാണു പ്രതിപാദിച്ചിട്ടുള്ളതു്. നൂററാണ്ടുയുദ്ധത്തിനുശേഷം—വെറും പട്ടാളക്കാരായിരുന്ന നായന്മാർ—അവർ ഇന്നത്തെ പരിഷ്കാരത്തിൻെറ ചവിട്ടുപടിയിൽ എത്തിയതിൻെറ ചരിത്രവും, വിവാഹം കെട്ടുകല്യാണം എന്നീ വിഷയങ്ങളും രണ്ടാംഭാഗത്തിൽ വിസ്തരിച്ചിരിക്കുന്നു. 300-ലധികം പേജുകളുള്ള ഓരോ ഭാഗത്തിനും വില 2 ക. മാത്രം.

(മറുഭാഗം നോക്കുക)

DC Library
00029553
T61 B47

ചന്ദ്രോത്സവം (

[അച്ചടിയ്

ആപാദമധുരമായ ചന്ദ്രോത്സാ
ത്തിന്നു നവീനമായ ഒരു ഭാഷാവ്യാ
കൾക്കുകൂടി പ്രയോജനപ്പെടത്തക്കവണ്ണം
ബ്രഹ്മശ്രീ ആദിരിയേഴിയത്തു് നീലകണ്ഠൻഭട്ടതിരിപ്പാടവർകൾ വ്യാഖ്യാനിച്ചിട്ടുള്ള ഈ കൃതി ഉടനെ പുറത്തുവരുന്നതാകുന്നു.

ആര്യന്മാരുടെ കുടിയേററം കേരളത്തിൽ

(നാലു ഭാഗങ്ങൾ)

ഇതു് കേരളത്തിൻെറ അജ്ഞാതഭാഗങ്ങളിലേക്കു വെളിച്ചം വീശുന്ന ഒരു അമൂല്യചരിത്രഗ്രന്ഥമാകുന്നു. കേരളഭൂമിയുടെ ഉല്പത്തിമുതൽ നാടുവാഴിഭരണംവരേയുള്ള ചരിത്രമാണു് നാലുഭാഗങ്ങളിലായി ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. ഭാർഗ്ഗവക്ഷേത്രത്തിൻെറ ഉല്പത്തി മുതൽ തൊഴിൽവിഭജനത്തിൽ ആര്യന്മാർ വരുത്തിയ പരിഷ്കാരങ്ങൾ വരെയുള്ള വിഷയങ്ങൾ ഒന്നാംഭാഗത്തിലും; നമ്പൂതിരി മുതൽ നായാടി പര്യന്തമുള്ള ജാതിക്കാരുടെ കുലധർമ്മങ്ങൾ, ദേശമര്യാദ, എന്നീ വിഷയങ്ങൾ രണ്ടാംഭാഗത്തിലും, കഴകം–തളി–സംഘങ്ങൾ എന്നിവയുടെ ഉത്ഭവം, പെരുമാളവരോധം, നാടുവാഴിഭരണം തുടങ്ങിയവ മൂന്നാംഭാഗത്തിലും ഉൾക്കൊള്ളിച്ചിരിക്കുന്നു. അയിത്തം, ജാതികൾ തമ്മിലുള്ള ഉച്ചനീചങ്ങൾ, സൃഷ്ടിക്കപ്പെട്ട ജാതികൾ, കേരള തൗളപ്രദേശങ്ങൾ തമ്മിലുള്ള സാദൃശ്യങ്ങൾ മുതലായ വിഷയങ്ങളാണു് ഒടുവിലത്തെ ഭാഗത്തിലെ പ്രതിപാദ്യം. ദേശ–ഗ്രാമ–ക്ഷേത്രങ്ങളുടെ അതിർത്തികളെ കുറിക്കുന്ന അതിർത്തിക്കല്ലുകളുടെയും, പാമ്പിൻകാവുകളുടേയും മറവമായി ഒട്ടേറെ ചിത്രങ്ങളും ഈ ചരിത്രപുസ്തകത്തിൽ ചേർത്തിട്ടുണ്ടു്. കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടവർകളുടെ അശ്രാന്തപരിശ്രമത്തിൽ നിർമ്മിക്കപ്പെട്ടതും 300–ലധികം പേജുകളുള്ളതും ആയ ഓരോ വാല്യത്തിന്നും വില 2ക. 25 പൈസ മാത്രം.

ആവശ്യപ്പെടുക,

മാനേജർ, പഞ്ചാംഗം പുസ്തകശാല, കുന്നംകുളം.

ഉണ്ണുനീലീസന്ദേശം

അർത്ഥപ്രകാശിക

(എന്ന വ്യാഖ്യാനസഹിതം)

വ്യാഖ്യാതാ:

ടി. എസ്സ്. ഭട്ടതിരിപ്പാട്.

Indic Digital Archive Foundation

gpura.org